4-

No. 6. June.



# ഭീമന്റെ പതനം.

# പ്രതിമാസഗ്രന്ഥക്ലബ്ബ്

Series IV No. 6

1956

(June)

F-899

# ഭീമന്റെ പതനം

(അത്യുജ്ജ്വലമായ ഒരു റഷ്യൻ നോവൽ)

ഇഗോർ ഗോസൻകൊ

4732

NATIONAL BOOK STALL
BR. TRIVANDRUM.

വിദ്വാൻ,

സി. എ. ഗോപാലപിള്ള.

## ഒരു അത്യുത്തമ നോവൽ

---

# രജതചഷികം

(Silver Chalice)

ഇന്നു ജീവിച്ചിരിക്കുന്ന വിശ്വവിഖ്യാതരായ സാഹിത്യകാരന്മാരിൽ സുസമ്മതമായൊരു സ്ഥാനം സർവ്വഥാ അർഹിക്കുന്നൊരു മഹാനാണ് തോമസ്സ് കോസ്റ്റൻ. . . . . . ഇദ്ദേഹം ഇതിനകം ഏഴു നോവലുകളും മൂന്നു ചരിത്രകൃതികളും രണ്ടു ജീവചരിത്രഗ്രന്ഥങ്ങളും നിർമ്മിച്ചിട്ടുണ്ട്. നോവലുകളിൽ എല്ലാംകൊണ്ടും, പ്രഥമഗണനീയമാകുന്നു 1952-ൽ പ്രസിദ്ധീകരിച്ച Silver Chalice അഥവാ രജതചഷകം. . . . .

ഇങ്ങനെ വിശേഷാത്തരമായൊരു കൃതിയുടെ മനോഹരമായൊരു പരിഭാഷയാണ് രജതചഷകം. ഭാഷാസാഹിത്യലോകത്തു പ്രശസ്തനായൊരു സാഹിത്യകാരനായി പേരും പെരുമയും നേടിക്കഴിഞ്ഞിട്ടുള്ള പുത്തൻകാവിൽ മാത്തൻ തരകന്റെ പുത്രനാണു വിവർത്തകനായ കെ. എം. തരകൻ. . . .

. . . . . വായനശാലകൾ വാങ്ങേണ്ടതും ഗവർമ്മേണ്ടും സർവ്വകലാശാലകളും പാഠ്യമായി അംഗീകരിക്കേണ്ടതും ഈദൃശമായ ഗ്രന്ഥങ്ങളാണ്.

—"മലബാർ മെയിൽ"

ശ്രീ ... വിദ്യാ...
ഗ്രന്ഥശാല,
മലയിൻകീഴ്

# ഒന്നാം ഭാഗം

K

## അദ്ധ്യായം ഒന്ന്

F899 4732

അങ്ങനെ ഒടുവിൽ അവർ തമ്മിൽ കണ്ടുമുട്ടി. അപ്പോൾ, ഒരു കുട്ടിയെ എടുത്തുംകൊണ്ടു് ഒരു സ്ത്രീ അവിടെ വന്നു കയറി; പ്രൊഫസർ ഫിയോഡോർ നോവിക്കോവിനെ പ്രതീക്ഷിച്ചുകൊണ്ടു ഡ്റോസ്സ് ഇരുന്നിരുന്ന ബെഞ്ചിന്മേൽ ഇരുപ്പായി. ഡ്റോസ്സ് ഉടനെ എഴുന്നേററ്, നോവിക്കോവ് തന്നെ അനുഗമിക്കണമെന്ന് ഒരു ഗൂഢസംജ്ഞ കാണിച്ച് പുറത്തേക്കിറങ്ങി. അപ്പോഴാണ്, റോസ്റ്റോവ് സർവകലാശാലയിലെ രണ്ടു യുവവിദ്യാർത്ഥികൾ പ്രൊഫസറെക്കണ്ടു് ഒരു ചെറുസംഭാഷണത്തിൽ ഏർപ്പെട്ടതു്. പ്രൊഫസർ വിദ്യാർത്ഥികളെ പറഞ്ഞയക്കുന്നതുവരെ ഡ്റോസ്സ് അല്പം അകലെ ഒരു പത്രം വായിക്കുന്ന ഭാവത്തിൽ കാത്തുനിന്നു.

അവസാനം വിദ്യാർത്ഥികൾ യാത്രപറഞ്ഞു് പിരിഞ്ഞു. ഡോൺ നദീതീരത്തെ ലക്ഷ്യമാക്കി നടക്കുന്ന ഡ്റോസ്സിനെ പ്രൊഫസർ അനുഗമിക്കുകയും യാനപാത്രങ്ങൾ അടുക്കുന്ന സ്ഥലവും കടന്ന് റോസ്റ്റോവിന്റെ പ്രാന്തങ്ങളിൽ സ്ഥിതിചെയ്യുന്ന നാഖിച്ചേവനിൽ എത്തുകയുംചെയ്തു. ആ വിജനപ്രദേശത്തു കടൽക്കോഴികൾ മാത്രമേ അവരെ കാണുവാനുണ്ടായിരുന്നുള്ളു. പച്ചിലപ്പടർപ്പുകളാൽ ആച്ഛാദിതമായിരുന്ന ഒരു നിമ്നപ്രദേശത്തെത്തിയപ്പോൾ ഡ്റോസ്സ് തിരിഞ്ഞു നോക്കി പ്രൊഫസറോടു വേഗം ചെന്നുചേരാൻ ആഗ്യം കാണിച്ചു.

"തിരഞ്ഞെടുത്ത സ്ഥലം തീരെ പററിയതല്ല," ഡ്റോസ്സ് അല്പം മുഷിഞ്ഞ സ്വരത്തിൽ സംഭാഷണം ആരംഭിച്ചു.

"അതെ, ശരിതന്നെ. അവിടെയുള്ള പലരും എന്നെ അറിയും" എന്നു നോവിക്കോവ് ഡ്റോസ്സിൻെറ മുഖത്തു ദൃഷ്ടിയുറപ്പിച്ചുകൊണ്ടു് സമ്മതം പ്രകടിപ്പിച്ചു. ആ മുഖം അദ്ദേഹം ഉദ്ദേശിച്ചിരുന്നതുപോലെ തന്നെ ശുഷ്കവും ഗൗരവയുക്തവും രസികത്വത്തിൻെറ കണികപോലും ഇല്ലാത്തതും ആയിരുന്നു. എന്നുവരികിലും ദൃഢവും നിശിതവും കൊത്തിയെടുത്തപോലെയുമുള്ള അധരോഷ്ഠങ്ങളിൽ ഒരു നേരിയ നിന്ദാഭാവം സ്ഫുരിച്ചിരുന്നു. അയാൾ ഒരു 'പാർട്ടി' പ്രവർത്തകനാണെന്നു അനുമാനിക്കാം. മുഖത്തു് ഒരുവക ഔദ്യോഗിക കാഠിന്യവും അധികാരപ്രസരവും പ്രൊഫസർക്കു് കാണ്മാൻ കഴിഞ്ഞു. ഈ മനുഷ്യൻ ആജ്ഞ നൽകാൻ ശീലിച്ചിട്ടുള്ളതല്ലാതെ അഭിപ്രായം കേൾക്കാൻ ഇഷ്ടപ്പെടാറില്ലെന്നൊരു തോന്നൽ പ്രൊഫസർക്കു ഉണ്ടാകാതെയുമിരുന്നില്ല.

താനും നോവിക്കോവും തമ്മിലുള്ള ഗൂഢസമാഗമത്തിൻെറ ഉദ്ദേശം ഡ്റോസ്സ് വിവരിക്കാൻ തുടങ്ങി: "ഞാൻ സ്റ്റേഷനിൽനിന്നു നേരെ ഇങ്ങോട്ടുവരികയാണു്. ഇവിടെ നിങ്ങളെ മാത്രമല്ല, ഇനിയൊരാളെക്കൂടി കാണ്മാൻ എനിക്കുദ്ദേശമുണ്ടു്. അതുംകഴിഞ്ഞു് നാളെ ഞാൻ മോസ്കോവിലേക്കു മടങ്ങും. ഇപ്പോൾ ഞാൻ സംസാരിക്കാൻപോകുന്ന കാര്യം നിങ്ങളും ഞാനും മാത്രമേ അറിയാവൂ. മനസ്സിലായോ?

ഒരു സിഗററ് കത്തിച്ചു വലിച്ചുകൊണ്ടു് ഡ്റോസ്സ് സംഭാഷണം തുടർന്നു: "നിങ്ങളെ ഭരമേല്പിക്കുന്ന ജോലി സാമാന്യത്തിലധികം കുഴപ്പംപിടിച്ചതും നിഷ്കർഷയോടുകൂടി നിർവഹിക്കേണ്ടതുമാണു്. നിങ്ങൾ അപരിചിതനായ ഒരു യുവാവല്ലെന്നും ഞങ്ങളോടൊപ്പം ഇതിനുമുമ്പ് പ്രവർത്തനം നടത്തിയിട്ടുള്ള ആളാണെന്നും എനിക്കറിയാം. എന്നാൽ ഇതുവരെ നിങ്ങൾ ചെയ്തിട്ടുള്ളതെല്ലാം, ഇനി ചെയ്യാനിരിക്കുന്ന കൃത്യവുമായി തട്ടിച്ചുനോക്കുമ്പോൾ വെറും കുട്ടിക്കളിയാണെന്നു പറയേണ്ടിയിരിക്കുന്നു. നിങ്ങൾക്കു് ഇടപെടേണ്ടിവരുക വെറും സാധാരണക്കാരനുമായിട്ടല്ല."

"ആരാണി മനുഷ്യൻ?" നോവിക്കോവ് ചോദിച്ചു.

"സാഹിത്യകാരനായ മൈഖേൽ ഗോറിൻ" ഇത്രയും പറഞ്ഞിട്ട് പ്രസ്തുത നാമധേയം നോവിക്കോവിൽ ഉളവാക്കുന്ന ഭാവഭേദം എന്താണെന്ന് ഡ്റാസ്ഡ് ഔൽസുക്യപൂർവ്വം വീക്ഷിച്ചുകൊണ്ടുനിന്നു.

"സാഹിത്യകാരനായ മൈഖേൽ ഗോറിനോ! അദ്ദേഹത്തിനെന്തു സംഭവിച്ചു?" എന്നു നോവിക്കോവ് ആശ്ചര്യത്തോടെ ചോദിച്ചു. താൻ ഇടപെടണമെങ്കിൽ ഗോറിന് വല്ലതും അബദ്ധം പിണഞ്ഞിരിക്കണമെന്ന് നോവിക്കോവ് അനുമാനിച്ചു. സോവിയററ് സാഹിത്യത്തിൻെറ ജനയിതാവെന്നുള്ള മഹാ പദവി നൽകി റഷ്യൻജനത സമാദരിച്ചിരുന്ന മഹാനായ റഷ്യൻ ഗ്രന്ഥകാരൻ! ലോകത്തുള്ള സകല ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളുടെ രചയിതാവ്! റഷ്യയിലും പുറമേയുമുള്ള സമകാലീനരായ വിപ്ലവകാരികൾക്കെല്ലാം അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾ ഉപജീവ്യങ്ങളായിട്ടുണ്ട്. അദ്ദേഹം ആദ്യം ലെനിൻേറയും അനന്തരം സ്റ്റാലിൻേറയും സുഹൃത്തമനായിരുന്ന വസ്തുത എല്ലാവർക്കും അറിവുള്ളതുമാണ്. പിന്നെ—ഇപ്പോൾ—ഇതെന്തൊരു നേരമ്പോക്കാണൊ?

എന്നാൽ ഇതിൽ യാതൊരു നേരമ്പോക്കുമില്ലെന്നു ഡ്റോസ്സിൻെറ മുഖഭാവം നിസ്സന്ദേഹം വെളിപ്പെടുത്തി. അയാൾ വീണ്ടും പറഞ്ഞുതുടങ്ങി: "ഗോറിൻ താനേ പൊട്ടിത്തെറിക്കുവാൻ തുടങ്ങുകയാണെന്ന് പോലിററ് ബ്യൂറോവിനു (Polit buro) ബോദ്ധ്യമായിരിക്കുന്നു. കൂട്ടുകൃഷിസമ്പ്രദായം നിർബന്ധപൂർവ്വം നടപ്പിൽവരുത്താൻ ഉഗ്രപരിപാടികൾ സ്വീകരിക്കണമെന്ന് പാർട്ടി തീരുമാനിച്ചതു മുതൽക്കേ ഗോറിൻ പല അവസരങ്ങളിലും തൻെറ പ്രതിഷേധം തുറന്നു പ്രസ്താവിക്കുകയും വിരോധം സുഹൃത്തുക്കളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം സംഭവങ്ങളെ അവഗണിപ്പാൻ പാർട്ടിക്കു നിർവാഹമില്ല. ഒരു നിസ്സാരജീവി ശബ്ദമുയർത്തുന്ന ത് കുട്ടാക്കാറില്ല, അതിനെ വേഗം നിലപ്പിക്കാം; പക്ഷേ, ഗോറിനെപ്പോലുള്ള ഒരു സിംഹം ഗർജ്ജിക്കുമ്പോൾ ഗവമ്മെണ്ട് ഗൗരവത്തോടെ അതു ശ്രവിക്കുകയും കാര്യമായി എന്തെങ്കിലും പ്രവർത്തിക്കുകയും ചെയ്യാതിരുന്നാൽ വൈഷമ്യമുണ്ടാകും.

ചുരുക്കിപ്പറഞ്ഞാൽ, ഗോറിൻ ഇതിനുമുമ്പ് വർത്തിച്ചിരുന്നതുപോലെ ഗവർമ്മെണ്ടുപക്ഷത്തിൽ വന്നുചേരണമെന്നാണ് പോലിററ് ബ്യൂറോ ആവശ്യപ്പെടുന്നത്. ഇന്നത്തെപ്പോലുള്ള അസമാധാനകാലങ്ങളിൽ പാർട്ടിയുടെ നയത്തെ പിൻതാങ്ങിക്കൊണ്ടുള്ള അദ്ദേഹത്തിൻെറ ശബ്ദം, രാജ്യത്തിനകത്തു മാത്രമല്ല, വെളിയിലും വളരെയധികം പ്രയോജനപ്പെടും. സർവലോകമൈത്രിയിൽ ഗോറിൻ പുലർത്തിക്കൊണ്ടിരിക്കുന്ന അചഞ്ചലവിശ്വാസം സുവിദിതമാണല്ലോ. ഒരു സർവജനമിത്രത്തിൻെറ ഉൽബോധനം നമുക്ക് പ്രാണവായുവെപ്പോലെ ആവശ്യമായിരിക്കുന്ന സന്ദർഭമാണിപ്പോൾ. ഈ ഉൽബോധനം അദ്ദേഹത്തെക്കൊണ്ടു ചെയ്യിക്കണം. ഇതാണ് നിങ്ങൾ നിർവഹിക്കേണ്ട കൃത്യം.'' പ്രത്യേകം ഊന്നിപ്പറഞ്ഞുകൊണ്ടാണ് ഡ്റോസ്സ് വാക്യം അവസാനിപ്പിച്ചത്. അതുകേട്ടാൽ പ്രസ്തുതാഭിപ്രായം അയാളുടെ സ്വന്തമല്ലെന്നും ഏതോ ഒരു ഉന്നതവ്യക്തിയുടേതാണെന്നും തോന്നും. ഈ വൃത്താന്തത്തിൻെറ അപ്രതീക്ഷിതസ്വഭാവം പ്രൊഫസറെ ആകമാനം വിറകൊള്ളിച്ചു. "ഇതുപോലൊരു ജോലി ചെയ്തു ഫലിപ്പിക്കാൻ എനിക്കു കഴിയുമെന്നു നിങ്ങൾ എങ്ങിനെ ഉറപ്പിച്ചു?'' എന്നു അദ്ദേഹം അത്യധികമായ ഉദ്വേഗത്തോടെ ചോദിച്ചു "ഇതിനെക്കുറിച്ചു ഗോറിനോടു പറയാൻ പോലും പ്രയാസമുണ്ട്. ആ സ്ഥിതിക്കു എങ്ങനെ ഉൽബോധനം ചെയ്യിക്കും? ഗോറിന്നു മാനസാന്തരം വരുത്തുകയോ?''

ഡ്റോസ്സ് ഒരു നിമിഷനേരം പ്രൊഫസറെ ശാന്തമായി നോക്കിനിന്നിട്ട് ഇപ്രകാരം പറഞ്ഞു "നിങ്ങൾക്കല്ലാതെ മററാർക്കും ഇതു നിർവ്വഹിപ്പാൻ സാദ്ധ്യമല്ലെന്നാണ് ഞങ്ങളുടെ ഉറച്ചവിശ്വാസം.'' അത്യധികം ശക്തിയിലും ഗൌരവത്തിലുമാണ് ഡ്റോസ്സ് ഇങ്ങനെ പ്രസ്താവിച്ചതു്.

"എനിക്കു ഗോറിനെ യാതൊരു പരിചയവും ഇല്ലല്ലോ'' എന്നു നോവിക്കോവു് തൻെറ വൈമനസ്യം വീണ്ടും സൂചിപ്പിച്ചു.

"അതാണ് നിങ്ങൾക്കുള്ള ഏററവും വലിയ മേന്മ. പുതിയ മനുഷ്യൻ - പുതിയ ആശയങ്ങൾ! പഴയ പരിചയക്കാർ

നമ്മുടെ ഈ ഉദ്ദേശത്തിനു പററുകയില്ല" എന്നായിയിന്നു ഡ്റോസ്സിൻെറ സമാധാനം.

നോവിക്കോവു് വീണ്ടും ചില തടസ്സങ്ങൾ ഉന്നയിക്കാൻ ഭാവിക്കുന്നതു കണ്ടു് അക്ഷമനായിത്തീർന്ന ഡ്റോസ്സ് ഇപ്ര കാരം തുടർന്നു "എനിക്കു മനസ്സിലായി നിങ്ങളുടെ മനോഗ തി. എങ്ങനെയാണു് ഗോറിനെ പരിചയപ്പെടേണ്ടതെ ന്നാണു് നിങ്ങൾ ആലോചിക്കുന്നതു്. അതിനുള്ള ഏർപ്പാ ടുകളെല്ലാം ചെയ്തുകഴിഞ്ഞിരിക്കുന്നു. ഗോറിൻെറ ഒരു സ്നേ ഹിതൻ ഞങ്ങളുടേയും ഉററമിത്രമാണു്. അയാൾ നിങ്ങളെ ഗോറിൻെറ ഭവനത്തിൽകൊണ്ടുചെന്നു പരിചയപ്പെടുത്തും. ആ നിമിഷം മുതൽ നിങ്ങളുടെ സ്വന്തം ബുദ്ധിയെത്തന്നെ നിങ്ങൾ അവലംബിക്കണം."

നോവിക്കോവു നദിയിലേക്കു നോക്കിക്കൊണ്ടു് നില്ക്കയാ യിരുന്നു. അതു കണ്ടാൽ അദ്ദേഹത്തിനു സ്വതന്ത്രമായി ചിന്തി പ്പാൻപോലും അവസരം നൽകാത്ത ഡ്റോസ്സിൻെറ കണ്ണു പറിക്കാത്ത നോട്ടത്തിൽനിന്നു രക്ഷപ്പെടാൻ തക്കംനോക്കുക യാണെന്നു തോന്നും. ഇങ്ങനെ അദ്ദേഹം സീമാതീതം പരന്നു കിടക്കുന്ന ഡോൺനദിയുടെ ഉപദേശം ആരായുന്നതുപോലെ നില്ക്കുമ്പോൾ ഡ്റോസ്സ് പ്രൊഫസറുടെ മനോഗതിയെ പ്പററി ഓരോന്നു ചിന്തിക്കുകയായിരുന്നു. മുപ്പതുവയസ്സുമാത്രം പ്രായമുള്ളവനും ഡ്റോസ്സിനേക്കാൾ ചെറുപ്പക്കാരനുമായ നോവിക്കോവു് പ്രിംശുകായനും നല്ല ശരീരപുഷ്ടിയുള്ളവനുമാ ണു്. മാംസളവദനനല്ലെങ്കിലും അദ്ദേഹത്തിൻെറ ഉയർന്ന താടിയെല്ലും മുഖഭാവവും അനാരോഗ്യത്തെ സൂചിപ്പിക്കുന്ന തിനുപകരം മനഃസ്ഥൈര്യത്തേയും ആത്മവിശ്വാസത്തേയും പ്രകാശിപ്പിച്ചിരുന്നു. പട്ടുപോലെ മൃദുവായ മുടി അദ്ദേഹ ത്തിൻെറ സ്ഥൂലമായ തലയോടിനെ ഭംഗിയായി ആവരണം ചെയ്തിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ ഉന്നതലലാടവും തീക്ഷ്ണ നേത്രങ്ങളുമായിരുന്നു ഡ്റോസ്സിനെ ഏററവുമ ധികം ആകർഷിച്ചതു്. ധീവിലാസം പ്രസരിപ്പിച്ചുകൊണ്ടി രുന്ന ആ നയനങ്ങൾ അചഞ്ചലതയുടേയും അവക്രതയുടേയും ആത്മാർത്ഥതയുടേയും മണിദർപ്പണങ്ങളായിരുന്നു.

ഡ്റോസ്സ് വിചാരിച്ചു, "നമ്മുടെ കാര്യത്തിനു പ

ററിയ ആളാണിദ്ദേഹം. സമർത്ഥനാണെങ്കിലും വിനയശീല നാണ്; ധീരനാണെങ്കിലും വിവേകിയാണ്. ഇദ്ദേഹംതന്നെ വേണം നമുക്ക് വിജയം കൈവരുത്താൻ".

ഈ വിചാരഗതികഠ മറുപടിയെന്നോണം നോവിക്കോവ് പറഞ്ഞു: "ശരി, എന്നെക്കൊണ്ടാവുന്നതുപോലെ ഞാൻ ശ്രമിക്കാം. പക്ഷേ, വിജയത്തെക്കുറിച്ചു എനിക്കു ഉറപ്പു തരാൻ നിവൃത്തിയില്ല." സാവധാനത്തിലെങ്കിലും ദൃഢസ്വരത്തിൽ ഡ്റോസ്സ് പ്രതിവചിച്ചു, "നിങ്ങഠ നിശ്ചയമായും ജയിക്കും. പോളിററ് ബ്യൂറോവും പ്രത്യേകിച്ച് സഖാവ് സ്റ്റാലിനും വിജയം പ്രതീക്ഷിക്കുന്നു എന്നു ധരിക്കണം. ഇതു വളരെ ഗുഢമായ ഒരു ഗവർമ്മേണ്ടു ജോലിയാണെന്നു് ഒന്നുകൂടി ഓർമ്മിപ്പിക്കുന്നു. നിങ്ങഠ ജയിക്കുന്ന പക്ഷം നിങ്ങളുടെ പദവി ആർക്കും അസൂയാവഹമായിരിക്കും."

"ഞാൻ തോററുപോയാൽ?" എന്നു ചോദിച്ചാൽ കൊള്ളാമെന്നു നോവിക്കോവിനു തോന്നി. പക്ഷേ അങ്ങനെ ചെയ്തില്ല. ഉത്തരം അദ്ദേഹത്തിനുതന്നെ അറിയാമായിരുന്നു.

---

## അദ്ധ്യായം രണ്ടു്

റഷ്യൻ ജനത ഒരു വിഷമഘട്ടത്തെ തരണംചെയ്യുന്ന കാലമായിരുന്നു ഇതു്. ജനാഭിപ്രായത്തിനു വിരുദ്ധമായി സ്റ്റാലിൻ "കൂട്ടകൃഷിസമ്പ്രദായം" രാജ്യമൊട്ടുക്കു് നടപ്പിലാക്കുവാൻ നിർബന്ധിക്കുന്നുണ്ടായിരുന്നു. രാജ്യക്ഷേമത്തിന്നുവേണ്ടിയുള്ള തൊഴിലുകളിലും വ്യവസായങ്ങളിലും ജനങ്ങഠ കൂടിച്ചേർന്നു പ്രവർത്തിക്കണമെന്നുള്ള നിർബന്ധ നയമാണ് ഈ "സമൂഹീകരണം." ഈ നയം നിമിത്തം ലക്ഷോപലക്ഷം കർഷകർക്കും തൊഴിലാളികഠക്കും സംഭവിച്ച ഭീതിയും പരിഭ്രമവും അഭിമാനക്ഷതവും ചരിത്രത്തിൽ കേട്ടുകേഠവിപോലും ഇല്ലാത്ത വണ്ണം അത്യുഗ്രമായിരുന്നു. മനുഷ്യൻെറ അന്തഃകരണത്തിൽ നിന്നു മാച്ചാലും മായാത്ത മഹാ കളങ്കമായി ഈ കാലഘട്ടം ഏതു കാലത്തും അനുസ്മരിക്കപ്പെടും. ഈ ദുർന്നയംനിമിത്തം,

നിരപരാധികളായ ബഹുലക്ഷം ജനങ്ങൾ പട്ടിണികിടന്നും വെടിയുണ്ടയേററും ദേഹപീഡനവും വിദൂരബഹിഷ്കരണവും സഹിച്ചും മൃതിവരിക്കേണ്ടിവന്നിട്ടുണ്ടു്.

സോവിയററ് ഗവമ്മെൻറിൻെറ നിർദ്ദേശപ്രകാരം സോവിയററ് നേതാക്കന്മാർ ജനതയുടെ ഈ ദുരിതങ്ങളെ സുന്ദരരൂപം കൊടുത്തു മറെറാരുമട്ടിൽ പ്രചാരവേല ചെയ്യാൻ അത്യുത്സാഹം പ്രദർശിപ്പിച്ചുകൊണ്ടാണിരുന്നതു്. ആ ക്രൂരകൃത്യങ്ങളെ നീതീകരിക്കാനുള്ള സർവ്വ യത്നങ്ങളും തിരുതകൃതിയായി നടന്നിരുന്നു കർഷകർക്കും തൊഴിലാളികൾക്കും പട്ടിണിയോ വിശപ്പോ കൂടാതെ ജീവസന്ധാരണം ചെയ്യാനുള്ള പരിതഃസ്ഥിതികൾ സൃഷ്ടിച്ചു് ജനക്ഷേമം പുലത്തിക്കൊണ്ടിരുന്നതായും അതിൽ ജനങ്ങൾക്കു നിസ്സീമമായ കൃതജ്ഞതയുള്ളതായും ഗവമ്മെൻറു് പക്ഷപാതികൾ വ്യാജപ്രചാരം ചെയ്തുകൊണ്ടുമിരുന്നു.

ശിക്ഷാപരിപാടികളെ ഭയപ്പെട്ടു് ഗവമ്മെൻറിനെ സ്തുതിക്കാനും തങ്ങളുടെ കപടാഹ്ലാദം പ്രകടിപ്പിക്കാനുമുള്ള നീച മനോഭാവത്തിലേക്കുള്ള ഈ മരണപ്പാച്ചിലിൽ ഒരു മഹാവ്യക്തിയുടെ ശബ്ദത്തിൻെറ അഭാവം പ്രകടമായിരുന്നു. അതു് മൈഖേൽ ഗോറിൻ എന്ന സാഹിത്യകാരൻെറ ശബ്ദം തന്നെ— മററുള്ള എഴുത്തുകാരുടെ സംഖ്യാതീതങ്ങളായ സ്തുതിഗീതങ്ങളെ നിസ്സാരങ്ങളാക്കാൻ ഗോറിൻെറ മൌനത്തിനു ശക്തിയുണ്ടായി.

സോവിയററ് സാഹിത്യകാരന്മാക്കിടയിൽ ഒന്നു പ്രത്യേകമായിരുന്നു ഗോറിൻെറ സ്ഥാനം. സ്വവിജയത്തിന്നു് മററുള്ളവരെപ്പോലെ അദ്ദേഹം ഗവമ്മെൻറിൻെറ സഹായഹസ്തത്തെ അവലംബിച്ചിരുന്നില്ല. പ്രത്യുത, ഗവമ്മെൻറിനു അദ്ദേഹത്തോടായിരുന്നു കടപ്പാടു്. റഷ്യൻവിപ്ലവത്തിനുമുമ്പേ തന്നെ ഗോറിൻ ഒരു മഹാ സാഹിത്യകാരൻ എന്ന പ്രശസ്തി സമാർജ്ജിച്ചുകഴിഞ്ഞിരുന്നു. അദ്ദേഹത്തിൻെറ സുഹൃത്തുക്കളിൽ ഒരുവനായി പരിഗണിക്കപ്പെടുന്നതു് ഒരു ബഹുമാനമായി കരുതിയിരുന്ന ആളാണു് ലെനിൻപോലും. ആ മാതൃകയെ അനുവത്തിച്ചു് സ്റ്റാലിനും താൻ ഗോറിൻെറ ഒരു സ്നേഹിതനാണെന്നുള്ള ബോധം ജനതാമദ്ധ്യത്തിൽ പ്രചരിപ്പി

ക്കാൻ കഴിവുള്ളതെല്ലാം ചെയ്തുകൊണ്ടിരുന്നു. ഗോറിനും സ്റ്റാലിനും നടത്തിയിട്ടുള്ള പരസ്പരസന്ദർശനങ്ങളുടെ പല ഫോട്ടോകളും അവർ തമ്മിലുള്ള ദൃഢമൈത്രിയുടെ ഉത്തമലക്ഷ്യങ്ങളായി സോവിയററ് പ്രചരണവകുപ്പുകാർ പരസ്യമായി വിതരണംചെയ്തുകൊണ്ടിരുന്നു. ഫോട്ടോകൾകൊണ്ടുമാത്രം തൃപ്തിപ്പെടാതെ സ്റ്റാലിൻേറയും ഗോറിൻേറയും സന്തതസാഹചര്യം കാണിക്കുന്ന ചിത്രങ്ങൾ വരപ്പിച്ചു പ്രസിദ്ധം ചെയ്കയുമുണ്ടായി. അവർ തമ്മിൽ ഹസ്തദാനം ചെയ്യുന്നതും സ്നേഹവിശ്വാസങ്ങളോടെ മുഖത്തോടുമുഖം നോക്കിനില്ക്കുന്നതും മററുമായിരുന്നു ചിത്രങ്ങൾ. കോളിൻ എന്ന ചിത്രകാരൻ വരച്ച "സഖാക്കളായ സ്റ്റാലിനും വാറോഷിലോവും ഗോറിൻെറ ഒരു കവിത വായിച്ചു കേൾക്കുന്നതു" എന്ന ചിത്രം ഇക്കൂട്ടത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്. സ്റ്റാലിൻെറ നിയോഗപ്രകാരം ഈ പടം പ്രധാന ചിത്രശാലയിലെ ഒരു മാന്യസ്ഥാനത്തു് വെക്കുകയും അതിൻെറ അനേകലക്ഷം പകർപ്പുകൾ രാജ്യമൊട്ടുക്കു വിതരണം ചെയ്യുകയും ഉണ്ടായി. ഈ പരിപാടികളുടെയെല്ലാം ഉദ്ദേശം സ്പഷ്ടമായിരുന്നു. ജനക്ഷേമദീക്ഷയുടെ പര്യായമായിരുന്നു ഗോറിൻെറ നാമധേയം. അധികാരദുർമ്മോഹിയായ സ്റ്റാലിന് ഗോറിൻെറ സൌഹാർദ്ദം വിരൂപിണിയായ സ്ത്രീക്കു് മുഖപ്പൌഡർ എന്നപോലെ അപരിത്യാജ്യവുമായിരുന്നു.

അടുത്തകാലംവരെ ഗോറിൻ സ്റ്റാലിൻെറ മൈത്രി വേണ്ടെന്നുവച്ചിരുന്നില്ല. സ്റ്റാലിൻെറ പ്രവൃത്തികളെല്ലാം ജനക്ഷേമം പുരസ്കരിച്ചുള്ളതായിരുന്നു എന്നാണ് അദ്ദേഹം ആത്മാർത്ഥമായി വിശ്വസിച്ചിരുന്നതു്. അനീതിയും ക്രൂരതയും നാട്ടിലെങ്ങും നടമാടുന്ന വാർത്ത ഭീതരായ ബുദ്ധിജീവികളുടെ അനാസ്പദമായ സംഭ്രാന്തിയിൽനിന്നുത്ഭവിക്കുന്ന ആക്രോശം മാത്രമാണെന്നു കരുതി അദ്ദേഹം യാതൊന്നും പരിഗണിച്ചതേയില്ല. ഈ വ്യക്തികൾ രാജ്യത്തെങ്ങും നടന്നുകൊണ്ടിരുന്ന ചരിത്രപ്രധാനമായ പരിവർത്തനത്തെക്കുറിച്ചു് ബോധമില്ലാത്തവരും ഓരോ സംഭവവികാസത്തേയും നിഷ്പക്ഷബുദ്ധിയോടുകൂടി നിരീക്ഷിക്കാൻ പ്രാപ്തിയില്ലാത്തവരും ആണെന്നു് അദ്ദേഹം വ്യാഖ്യാനിച്ചു. ഗോറിൻെറ ഈ അഭിപ്രായഗതി

യെ പ്രോത്സാഹിപ്പിക്കാൻ സ്റ്റാലിൻ തന്നിച്ഛാവുന്നവിധത്തിലെല്ലാം യത്നിക്കുകയും ചെയ്തു.

ഇങ്ങനെയിരിക്കെ, ദൂരസ്ഥലങ്ങളിൽ ജനങ്ങളെ കൂട്ടംകൂട്ടമായി കൊണ്ടുചെന്നു പാർപ്പിച്ചിരുന്ന തടങ്ങൽപാളയങ്ങൾ സന്ദർശിക്കണം എന്നൊരാഗ്രഹം ഗോറിൻ പ്രകടിപ്പിക്കയുണ്ടായി. ഈ കോൺസൻട്രേഷൻ ക്യാമ്പുകളിലെ മൃഗീയമായ പെരുമാററങ്ങളെക്കുറിച്ചുള്ള ജനശ്രുതി കേട്ടുകേട്ട് അദ്ദേഹം വ്യാകുലപ്പെട്ടുന്നുണ്ടായിരുന്നു. ഈ കേൾവിയിൽ വല്ല പരമാർത്ഥവും ഉണ്ടോയെന്ന് സ്വയം ഒരന്വേഷണം നടത്താനാണ് അദ്ദേഹം ആഗ്രഹിച്ചതു്. സ്റ്റാലിൻെറ നേരിട്ടുള്ള അനുവാദത്തോടുകൂടി, ഉത്തരദിക്കിലുള്ള ഒരു പാളയം സന്ദർശിക്കാനുള്ള ഏർപ്പാടുകളെല്ലാം പൂർത്തിയാക്കി. ആ സ്ഥലത്തു് ഒരു വലിയ തോടിൻെറ പണി നടക്കുന്നുണ്ടായിരുന്നു. അതിൽ സംബന്ധിപ്പിക്കാനാണ് ജനസമൂഹത്തെ നിർബന്ധിച്ചുകൊണ്ടുപോയി അവിടെ പാർപ്പിച്ചതു്.

പാളയത്തിലേക്കുള്ള പ്രവേശനദ്വാരം ഫർ വൃക്ഷത്തിൻെറ പുതിയ ശാഖകൾകൊണ്ടും ഗോറിൻെറ ആഗമനവൃത്താന്തം കുറിക്കുന്ന ബോർഡുകൾകൊണ്ടും അലംകൃതമായി. അതിനപ്പുറമെ, "ലോകത്തു മനുഷ്യനേക്കാൾ അനർഘമായ യാതൊരു വസ്തുവുമില്ല" എന്നുള്ള ഗോറിൻെറ പ്രസിദ്ധ മുദ്രാവാക്യം ഏററവും വലിയ ബോർഡിൽ എഴുതിയിരുന്നു. പാളയത്തിലേക്കുള്ള വൻവീഥികളിലും ചെറുവഴികളിലും വെള്ളമണൽവിരിച്ചു മോടിപിടിപ്പിച്ചു. എന്നുമാത്രമല്ല, ജനങ്ങൾക്കു പാർക്കാൻ നിരന്നിരയായി നിർമ്മിച്ചിരുന്ന ഭവനങ്ങൾക്കെല്ലാം വെൺകളി പൂശി ചായം തേച്ച് പുതുമയും വരുത്തി.

ഒന്നാമത്തെ ഭവനനിരയിലേക്കു ഗോറിനും വൊറോഷിലോവും അനുയായികളോടുകൂടി ചെന്നു കയറിയപ്പോൾ കണ്ട കാഴ്ച ആശ്ചര്യജനകമായിരുന്നു. സുഖഭക്ഷണം കഴിഞ്ഞു സംതൃപ്തരായ അനേകംപേർ ഓരോ മേശയുടെ ചുററും ചതുരംഗക്കളിയിലും ഗ്രന്ഥപാരായണത്തിലും ഏർപ്പെട്ടിരിക്കുന്നു. "ജയിൽപ്പുള്ളികളുടെ" വസ്ത്രങ്ങൾ ലേശംപോലും അഴുക്കു പുരളാത്തതും അവർ വായിച്ചുകൊണ്ടിരുന്ന പുസ്തകങ്ങൾ തലേദിവസം വാങ്ങിയതുപോലെ പുത്തനും ആയിരുന്നതിൻെറ

രഹസ്യം ശുദ്ധാത്മാവായ ഗോറിൻ ധരിക്കാത്തതുകൊണ്ടു് അദ്ദേഹത്തിൻെറ മനസ്സിൽ യാതൊരു ശങ്കയ്ക്കും സ്ഥാനമുണ്ടായിരുന്നില്ല. മാന്യാതിഥികളെ ആദരിച്ച ആ "ബഹിഷ്കൃതന്മാർ" ഗാനാലാപം ആരംഭിക്കുകയും ഒരു നൃത്തപ്രകടനം നടത്തുകയും ചെയ്തു. ഒരു ഗായകസംഘം "വോൾഗാ ബോട്ട് മെൻ" എന്നുള്ള ഗോറിൻെറ ഏററവും പ്രിയംകരമായ ഗാനം നിപുണതയോടെ ആലപിച്ചു. ഈ മിഥ്യാപ്രകടനം സംഘടിപ്പിച്ചവർ ഉത്സാഹഭാരത്താൽ ഗോറിനേയും ഒരു "ബഹുമാന്യ ബഹിഷ്കൃത"നായി പരിഗണിക്കാൻ ആഗ്രഹിച്ചു എങ്കിലും വാറോഷിലോവിൻെറ സമയോചിതമായ ഇടപെടൽകൊണ്ടു് അവരുടെ ഔൽസുക്യം നിരോധിക്കപ്പെട്ടു.

ഗോറിൻെറ ദുരഭിപ്രായം പാടേ നീങ്ങി. മടങ്ങിയെത്തിയതിനുശേഷം അദ്ദേഹം തൊഴിൽപ്പാളയങ്ങളിലെ ജനക്ഷേമപ്രദങ്ങളായ പരിപാടികളുടെ മേന്മയെ വാഴ്ത്തി ഒരു ലേഖനം പ്രസിദ്ധപ്പെടുത്തുകയും അങ്ങനെ സ്റ്റാലിൻെറ നിർഭരമായ കൃതജ്ഞതയ്ക്കും പാത്രീഭവിക്കുകയും ചെയ്തു. എന്നാൽ ക്രമേണ ഗോറിൻെറ കണ്ണുകൾ ഒന്നുകൂടി തുറക്കാനും സ്ഥിതിഗതികളെ കുറെക്കൂടി സൂക്ഷ്മമായി നിരീക്ഷിക്കാനും തുടങ്ങി. തൻെറ അഭിപ്രായം അത്ര സത്യമല്ലെന്നുള്ള ഒരു തോന്നൽ ഗോറിൻെറ ഹൃദയത്തിൽ പിന്നേയും സ്ഥലം പിടിച്ചു. വിപ്ലവത്തിനുമുമ്പ് താൻ എഴുതിയതെല്ലാം മറന്നുകളകയോ അഥവാ എല്ലാം ഒരു പുനഃപരിശോധനയ്ക്കു വിധേയമാക്കുകയോ ചെയ്യണം എന്നൊരാകാംക്ഷ അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നു.

വിസ്മരിക്കുകയോ? അതസാദ്ധ്യംതന്നെ. അതിൻെറ അത്ഥം അവനവനെത്തന്നെ മറക്കുകയെന്നാണ്. ഒന്നു നവീകരിച്ചാലോ? ഛേ! അതും മനസ്സാക്ഷി അനുവദിക്കുന്നില്ല. സ്വപ്രശസ്തിയിൽ വളരെ മതിപ്പുള്ളവനാണു ഗോറിൻ. ജനക്ഷേമകാംക്ഷി, നീചതാവിരോധി, ക്രൗര്യധ്വംസകൻ, ജീവിതത്തിലെ അന്ധകാരജടിലവും മലീമസവുമായ സർവവും വെറുക്കുന്നവൻ—ഇത്യാദി പദവികളെല്ലാം തകരുകയില്ലേ? തൻെറ കീത്തിയിൽ മഷിപുരട്ടുകയോ? പാടില്ല, പാടില്ല.

അദ്ദേഹം ദീർഘാലോചനയിൽപെട്ടു കുറേനാൾ മൗന

മായി കഴിച്ചുകൂട്ടി. തന്റെ നേത്രങ്ങൾ നിരീക്ഷിച്ച യാഥാർത്ഥ്യം അതീവ ഭയങ്കരമായിരുന്നതിനാൽ ഗോറിൻ മന്ദപ്രജ്ഞനും സ്തബ്ധചിത്തനും ആയിത്തീർന്നു. വിപ്ലവത്തിനുമുമ്പ്, സ്വാതന്ത്ര്യത്തേയും ആത്മാഭിമാനത്തേയുംപററി സമുജ്ജ്വലമായി ഉൽബോധിപ്പിച്ചിരുന്ന നിർഭയസ്വഭാവൻ— ഇതാ, ഇപ്പോൾ ജനദ്രോഹിയായ ഭരണാധികാരിയുടെ നേരെ പ്രതിഷേധം പുറപ്പെടുവിക്കുവാൻ കെല്പില്ലാത്ത അസ്വതന്ത്ര്യനായിപ്പരിണമിച്ചിരിക്കുന്നു. അദ്ദേഹം മൗനം ഭഞ്ജിക്കുകയല്ലാതെ എന്തുചെയ്യും?

പോലിററ് ബ്യൂറോവിന്റെ ദൃഷ്ടിയിൽ ഈ മൗനം ഒരപരാധമായിരുന്നു. ഗോറിന്റെ അഭിപ്രായം ബ്യൂറോവിനു് അധികാരപൂർവ്വം എടുത്തുകാണിക്കാനുള്ളതാണു്. ആ മഹാസാഹിത്യകാരൻ സ്റ്റാലിനേയും ബ്യൂറോവിനേയും പിൻതാങ്ങുകയാണെന്നു് ജനങ്ങളെ ബോദ്ധ്യപ്പെടുത്തിയേ മതിയാവൂ. ഗോറിന്റെ മൌനം മനഃപൂർവ്വമായ ധിക്കാരമോ പ്രബലമായ അഭിപ്രായവ്യത്യാസമോ തീവ്രമായ പ്രതിഷേധമോ ആയി വ്യാഖ്യാനിക്കപ്പെട്ടു. സ്റ്റാലിനോടാലോചിച്ച് പോലിററ് ബ്യൂറോ ഒരു തീരുമാനത്തിലെത്തി— ഇക്കാര്യത്തെപ്പററി കൂലംകഷമായി പര്യാലോചിച്ച വൈഷമ്യം പരിഹരിക്കുന്നതിനും സോവിയററ് ഭരണത്തിന്റെ സ്തുതിപാഠകന്മാരുടെ കൂട്ടത്തിൽ ഗോറിനെ ഉൾപ്പെടുത്തുന്നതിനും.

പക്ഷേ, അതെങ്ങനെ സാധിക്കാനാണു്? അദ്ദേഹത്തിന്റെ അന്തഃകരണത്തേയും അഭിപ്രായഗതിയേയും സർക്കാരിന്റെ വശത്താക്കുന്നതെങ്ങനെ? ഗോറിൻ ഒരടിമയല്ല, സ്വതന്ത്രചിന്തകനാണു് എന്ന വസ്തുത വലിയ കീറാമുട്ടിയായി കിടക്കുന്നു. സ്വതന്ത്രചിന്തകന്മാരെ അടിമകളായി പരിവർത്തനം ചെയ്യുന്ന വൈഷമ്യമേറിയ കൃത്യം പോലിററ് ബ്യൂറോ കൈയേൽക്കുന്നതു ഇതാദ്യമായിട്ടല്ല— അത്തരം പ്രശ്നങ്ങളെ സമീപിക്കാനുള്ള ബ്യൂറോവിന്റെ വിജ്ഞാനശാഖ വളരെ വിപുലമായ രീതിയിൽ വളന്നിരുന്നു. അതിന്റെ പ്രയോഗം ഒരു സുന്ദരകലയായി വികസിച്ചുകഴിഞ്ഞിരുന്നു. ഏററവും നിപുണന്മാരും ഏററവും തഴക്കമുള്ളവരുമാണു് അതിൽ ഏർപ്പെട്ടിരുന്നതു്.

അങ്ങനെ സ്ലാലിൻേറയും ബ്യൂറോവിൻേറയും ഇംഗിത പ്രകാരമാണ് ഡ്റോസ്സും നോവിക്കോവും രംഗത്തിൽ പ്രത്യക്ഷപ്പെടുന്നതു്. ദുഷ്കരമായ ഒരു ശസ്ത്രക്രിയ നടത്താൻ ഭാവിക്കുന്ന ഡാക്ടർമാരെപ്പോലെ സ്ലാലിൻ കക്ഷിക്കാർ ഉറച്ച മനസ്ഥിതിയോടുകൂടി തങ്ങളുടെ വിജയസാദ്ധ്യതയെപ്പററി ആലോചിക്കുകയും കൃത്യനിർവഹണത്തിനുള്ള മാർഗ്ഗങ്ങൾ നിശ്ചയിക്കുകയുമാണിപ്പോൾ. മുൻപരിചയങ്ങൾ അവർക്കു വേണ്ടുവോളം അവലംബിക്കാനുണ്ടു്, സ്വകൃത്യത്തെപ്പററി പൂർണ്ണജ്ഞാനമുണ്ടു്, അതിൻെറ ആഴമേറിയ രഹസ്യത്തെക്കുറിച്ചു നല്ല ബോധമുണ്ടു്, നിർവ്വഹണസാമത്ഥ്യത്തെപ്പററി അവർ അഭിമാനം കൊള്ളുന്നുമുണ്ടു്. അവരുടെ ഹൃദയത്തിൽ ശങ്കയ്ക്കും സംശയത്തിനും സ്ഥാനമില്ല, അവരുടെ കൈകൾ വിറയ്ക്കുന്നില്ല; ഏററിരിക്കുന്ന ജോലി ഭംഗിയായി നിർവഹിപ്പാനുള്ള യത്നത്തിൽ ആമഗ്നരായിട്ടിരിക്കയാണവർ. തങ്ങളുടെ സർവ്വശക്തനായ നായകൻ തങ്ങളിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസം അസ്ഥാനത്തല്ലെന്നു തെളിയിക്കാൻ വെമ്പൽകൊള്ളുകയാണു്. അവരുടെ "ലക്ഷ്യം" ഇതൊന്നുമറിയുന്നില്ല, യാതൊന്നും സംശയിക്കുന്നുമില്ല. അദ്ദേഹത്തിനു മനഃക്ലേശമുണ്ടു്, സംശയങ്ങൾ അദ്ദേഹത്തെ വിഷമിപ്പിക്കുന്നുണ്ടു്, അതാണൊന്നും മിണ്ടാത്തതു്. ഈ തരുണത്തിലാണു് ഡാക്ടർമാരുടെ ശീതളാംഗുലികൾ അദ്ദേഹത്തിൻെറ പീഡിതമായ ചിത്തത്തെ സ്പർശിക്കാൻ ഭാവിക്കുന്നതു് ......................

ഡ്റാസ്സും നോവിക്കോവും സംഭാഷണം ആരംഭിച്ചിട്ടു് ഒരുമണിക്കൂറിലധികം കഴിഞ്ഞിരിക്കുന്നു. പ്രധാന കാര്യങ്ങളെല്ലാം പറകയും അവർതമ്മിൽ ഏതാണ്ടൊരു യോജിപ്പിൽ എത്തുകയുംചെയ്തു. അപ്പോൾ ഡ്റോസ്സ് മുമ്പിലത്തേക്കാൾ സൌമനസ്യം കാട്ടിത്തുടങ്ങി. മാത്രമല്ല, ഔദ്യോഗികഗൌരവം അല്പാല്പം ശിഥിലവുമായി. അയാളുടെ നിർബന്ധസ്വഭാവം അയഞ്ഞപ്പോൾ അയാൾ പിന്നേയും ചിലതു പറയാൻതുടങ്ങി.

"ശരി, ഇത്രയുമൊക്കെയാണു് നമുക്കിപ്പോൾ സംസാരിക്കാനുള്ളതു്. നിങ്ങളെ ഗോറിനുമായി പരിചയപ്പെടുത്താനുള്ള ആളെ ഇന്നുതന്നെ അയാളുടെ വസതിയിൽവച്ചു് നി

ങ്ങൾക്കു കാണാം, ഗ്ലാഷാക്ക് എന്നാണ് അയാളുടെ പേർ. നിങ്ങളെ ഭരമേല്പിച്ചിരിക്കുന്ന കൃത്യത്തെപ്പററി അയാളുമായി യാതൊന്നും സംസാരിച്ചുപോകരുത്. അയാൾക്കു അതൊന്നും അറിഞ്ഞുകൂടാ. നിങ്ങളെ ഗോറിനുമായി പരിചയപ്പെടുത്തു ന്നതോടുകൂടി അയാളുടെ കൃത്യം അവസാനിക്കുന്നു ....... ഇനി വല്ലതും പറയാനുണ്ടോയെന്നു നോക്കട്ടെ— ഓ, ഉണ്ട്, മുരട്ടുസ്വഭാവക്കാരെ ഗോറിനു പിടിക്കയില്ല. അതു് ഓർമ്മിച്ചു വേണം പെരുമാറാൻ— ഇത്രയുമേയുള്ളു."

നോവിക്കോവു് ഒന്നും മിണ്ടിയില്ല "നിങ്ങൾക്കു വിജയം സിദ്ധിക്കട്ടെ" എന്ന ആശംസയോടുകൂടി ഡ്റോസ്സ് നോവിക്കോവിനു ഹസ്തദാനം ചെയ്തു പിരിഞ്ഞു. നോവിക്കോവിന്റെ ഹൃദയം തെരുതെരെ സ്പന്ദിച്ചുകൊണ്ടിരിക്കയാണ്. താൻ ഏർപ്പെടാൻപോകുന്ന കൃത്യത്തിന്റെ ഗൌരവവും വൈഷമ്യവും അദ്ദേഹത്തിനു പൂർണ്ണമായി ബോദ്ധ്യപ്പെട്ടു.

ഡ്റോസ്സ് ചെടികൾക്കപ്പുറം മറയുന്നതുവരെ അവിടെത്തന്നെ നിന്നതിനുശേഷം നോവിക്കോവും നഗരത്തിലേക്കു മടങ്ങി.

---

## അദ്ധ്യായം മൂന്ന്

നോവിക്കോവു് വേഗം നടന്നു് സർവകലാശാലാ ദ്വാരത്തിലെത്തി. "എൻഗൽസ് അവന്യൂ"വിൽ നിരനിരയായി നിന്നിരുന്ന കെട്ടിടങ്ങളിൽ ഒന്നിൽ അദ്ദേഹം പ്രവേശിച്ചപ്പോൾ, സഹോദരനായ നിക്കോളേവ് ഭക്ഷണത്തിനു് തന്റെ ആഗമനവും പ്രതീക്ഷിച്ചു നിൽക്കുന്നുണ്ടായിരുന്നു. നോവിക്കോവിനേക്കാൾ നിക്കോളേവ്ക്കു് അഞ്ചു വയസ്സു പ്രായം കുറയും. പ്രാംശുകായനായ നോവിക്കോവിന്റെ സമീപത്തു നിൽക്കുന്ന സഹോദരൻ ഒരു ചെറുമനുഷ്യനാണെന്നേ തോന്നുകയുള്ളു. എന്നാൽ അയാളുടെ ശരീരം അല്പം സ്ഥൂലിച്ചതും മുഖഭാവം കളങ്കരഹിതവുമായിരുന്നു. ഉത്സാഹിയും ഉന്മേഷവാനും സംഭാഷണപ്രിയനും ആണയാൾ. നോവിക്കോവി

നോളം ദേഹകാന്തിയില്ലെങ്കിലും കാണാൻ ഒരു ചന്തമുണ്ടു്. അയാളുടെ നേത്രങ്ങൾ ജ്യേഷ്ഠൻെറ നിശിതബുദ്ധിയെ സൂചിപ്പിക്കുന്നവയല്ലെങ്കിലും സൗജന്യത്തിൻേറയും സൽസ്വഭാവത്തിൻേറയും ദർപ്പണങ്ങളായിരുന്നു. ഉത്സാഹിയായ അയാൾ അനേകമനേകം സുഹൃത്തുക്കളെ സമ്പാദിക്കയും ചെയ്തിരുന്നു.

ഭക്ഷണശാലയുടെ ഒരററത്തു് ആ സഹോദരന്മാർ ഇരിപ്പുറപ്പിച്ചു. ചുവരിൽ കരിമ്പച്ചനിറത്തിലുള്ള ചായം പൂശിയിരുന്നു. എന്നുമാത്രമല്ല രണ്ടു് കൊടികളും ഘടിപ്പിച്ചിരുന്നു. “ഭൂവുടമകളെ ഒന്നോടെ തകർക്കണം — ജനഹൃദയത്തിൽനിന്നും മുതലാളിത്തത്തിൻെറ അവശിഷ്ടങ്ങളെപ്പോലും ഉന്മൂലനം ചെയ്യണം” എന്ന വാക്യങ്ങളാണു കൊടികളിൽ എഴുതിയിരുന്നതു്. ഭക്ഷണത്തിൽ സുഖവും സംതൃപ്തിയും തോന്നിക്കുന്ന അന്തരീക്ഷം അവിടെ ഇല്ലായിരുന്നെങ്കിലും ആരും അത്ര കാര്യമാക്കിയില്ല. ഓരോരുത്തരും ഇഷ്ടമുള്ള സാധനങ്ങൾ ഭക്ഷിച്ചുകൊണ്ടിരുന്നു.

ജ്യേഷ്ഠൻ ഇത്രയുംനേരം എവിടെയായിരുന്നെന്നു് അറിയാൻ നിക്കോളേയ്ക്കു താല്പര്യമുണ്ടായി. അന്നു് ക്ലാസ്സിൽ പ്രസംഗങ്ങളൊന്നും അദ്ദേഹത്തിനില്ലായിരുന്നിട്ടും കലാശാലാ പരിസരങ്ങളിലെങ്ങും അദ്ദേഹം ദൃശ്യനായില്ല. നോവിക്കോവു് ഒന്നും പറയാത്തതുകൊണ്ടു് അനുജൻ ജിജ്ഞാസയോടുകൂടി അക്കാര്യം ചോദിച്ചപ്പോൾ “ഞാൻ ഒന്നു നീന്താൻ ആഗ്രഹിച്ചു് നവിച്ചേവനിലേക്കു പോയിരുന്നു. എനിക്കു് അല്പം വ്യായാമം വേണമെന്നു തോന്നി” എന്ന മറുപടിയാണു നൽകിയതു്. “എന്തോ, ജ്യേഷ്ഠൻ ഇന്നു ചിന്താഗ്രസ്തനായിരിക്കുന്നു” എന്നുമാത്രമേ നിക്കോളെ പ്രതിവചിച്ചുള്ളു. അങ്ങിനെ ഭക്ഷണവും കഴിഞ്ഞു് ആ സഹോദരന്മാർ പിരിഞ്ഞു.

നോവിക്കോവു് രണ്ടു മുറികൾ വാടകയ്ക്കെടുത്തിരുന്നു. തൻെറ മുറികളുള്ള ആ ഭവനം ഇപ്പോൾ ജനങ്ങളുടെ വകയാണു്. ഉടമസ്ഥനിൽനിന്നും കൈവശപ്പെടുത്തിയതിനുശേഷം ആരും അതിൻെറ അററകുററപ്പണികൾ തീർക്കാതിരുന്നതുകൊണ്ടു് ആകപ്പാടെ അതു് റോസ്റ്റോവു് നഗരത്തിലെ മററു ഭവനങ്ങളെപ്പോലെതന്നെ പരിത്യക്തവും വൃത്തിഹീന

വുമായിരുന്നു. ഉടമസ്ഥൻ എന്തു ഭാഗ്യത്താലോ വധിക്കപ്പെ ടാത്തതുകൊണ്ട് ആ കെട്ടിടത്തിൻെറ ഒരൊഴിഞ്ഞ ചായ്പിൽ പാർക്കുന്നുണ്ടായിരുന്നു.

നോവിക്കോവ് എടുത്തിരുന്ന മുറികളാണ് ആ കെട്ടിട. ത്തിലുള്ളതിൽ ഏററവും നല്ലവ. പലരും ഒററമുറിയിൽ തി ങ്ങി കഴിച്ചുകൂട്ടിക്കൊണ്ടിരുന്നതിനാൽ നോവിക്കോവിൻെറ സുഖവൃത്തിയിൽ ചിലർക്കു അസൂയ തോന്നാതിരുന്നില്ല. അ ദ്ദേഹത്തിൻെറ പേരിൽ ചില കള്ളക്കഥകൾ പ്രചരിപ്പിക്കാ നുള്ള ഒരു യത്നവും നടന്നു. എന്നാൽ പോലീസ് ഉദ്യോഗ സ്ഥന്മാരുടെ അന്വേഷണത്തിൽ പരമാർത്ഥം വെളിപ്പെടുക യാൽ നോവിക്കോവിന്നു ദൂഷ്യമൊന്നും പററിയില്ല. എന്നുത തന്നെയല്ല, പോലീസുകാരുടെ വിശ്വാസപാത്രമായി അവ രുടെ സഹായത്തോടുകൂടിയാണ് നോവിക്കോവ് അവിടെ താമസിച്ചിരുന്നതെന്നുള്ള വസ്തുതയും എതിർകക്ഷിക്കറിവി ല്ലായിരുന്നു.

മുറികളിൽ കുഴൽവെള്ളം ഇല്ലാത്തതുകൊണ്ട് ഒരു കൽ ഭരണിയിൽ ശേഖരിച്ചിരുന്ന വെള്ളത്തിൽനിന്നും ആവശ്യം പോലെ മുക്കിയെടുത്താണ് നോവിക്കോവ് തൻെറ ആവശ്യ ങ്ങൾ നിർവഹിച്ചുപോന്നതു്. മുറികൾ വൃത്തിയായി വച്ചു കൊണ്ടിരിക്കണമെന്നു് അദ്ദേഹത്തിനുള്ള നിർബന്ധം നി മിത്തം ഉപയോഗശൂന്യമായ യാതൊരു വസ്തുവും അവിടെ കാണ്മാനില്ലായിരുന്നു. ആകപ്പാടെ നോവിക്കോവിനു് സ്വ വസതിയെപ്പററി ഒരഭിമാനമുണ്ടായിരുന്നതിനുപുറമേ ഏക നായിരുന്നു ചിന്തിപ്പാൻ ലഭിച്ച സൗകര്യത്തിൽ സംതൃപ്തിയും തോന്നിയിരുന്നു.

അദ്ദേഹം വാച്ചു നോക്കിയപ്പോൾ സമയം മൂന്നു മണി യായെന്നു മനസ്സിലായി. അഞ്ചു മണിക്കു് ഒരു സംഘം വി ദ്യാർത്ഥികൾ അവിടെ വരാൻ അദ്ദേഹം ചട്ടംകെട്ടിയിരുന്നു. മഹാനായ പീററർ ചക്രവർത്തിയുടെ ഭരണകാലത്തെക്കുറി ച്ചുള്ള ചില ലേഖനങ്ങൾ എഴുതിക്കൊണ്ടുവരാൻ അദ്ദേഹം അവരെ നിയോഗിച്ചിട്ടുണ്ടായിരുന്നു. അവർ വരാൻ പി ന്നെയും കുറെ താമസമുള്ളതുകൊണ്ട് അദ്ദേഹം ഷെൽഫിൽ നിന്നും ഗോറിൻെറ ഒരു ഗ്രന്ഥം എടുത്തു. അതു് "ഫാതർ"

എന്ന പുസ്തകമായിരുന്നു. അദ്ദേഹം നിരുദ്ദേശമായി അതു് തുറന്നു നോക്കി. 1905-ലാണു് ആ ഗ്രന്ഥം ഗോറിൻ രചിച്ചതു്. നോവിക്കോവു് അതു സശ്രദ്ധം വായിച്ചു പഠിച്ചിരുന്നു. അക്കാലംമുതൽക്കേ അദ്ദേഹം കാണുന്നതും കേൾക്കുന്നതുമെല്ലാം ഗോറിൻെറ രൂപവും ശബ്ദവുമാണെന്നു തോന്നിയിരുന്നു. ഇപ്പോൾ അദ്ദേഹം ഗോറിൻെറ രൂപം മനസാധ്യാനിച്ചുകൊണ്ടാണു വായന തുടങ്ങിയതു്. ഗ്രന്ഥത്തിൽ നിന്നു ധരിക്കാവുന്നിടത്തോളം, തൽകത്താവിൻെറ മുഖം ചിന്താക്രാന്തവും കണ്ണുകൾ ദുഃഖചരായയുള്ളവയെങ്കിലും തീക്ഷ്ണങ്ങളും ആയി കാണപ്പെട്ടു. ജനതയെപ്പററി അത്യധികമായ വെറുപ്പും അടക്കിവച്ച അവജ്ഞയും ഗോറിനുള്ളതായും നോവിക്കോവിനു തോന്നാതിരുന്നില്ല.

വിദ്യാത്ഥികളുടെ ആഗമനം നോവിക്കോവിൻെറ ഗ്രന്ഥപാരായണത്തിനു പ്രതിബന്ധമായി. മൂന്നു യുവാക്കന്മാരും നാലു ബാലികമാരും മുറിയിൽ പ്രവേശിച്ചു. അവർ അല്പനേരം ചിരിച്ചും രസിച്ചും മുറിക്കകത്തു ചുററിനടന്നതിനു ശേഷം ഓരോ സ്ഥലത്തു ഇരുപ്പായി. ചാമ്പൽനിറമുള്ള ബ്ളൗസും ചുവന്ന പാവാടയും ധരിച്ചിരുന്ന ഒരു ബാലിക നോവിക്കോവു് മേശപ്പുറത്തു വെച്ചിരുന്ന പുസ്തകം എടുത്തു നോക്കീട്ടു് "പ്രൊഫസർ, അങ്ങു് ഈ ഗ്രന്ഥം വായിച്ചുകൊണ്ടിരിക്കയാണോ" എന്നു ചോദിച്ചു.

"അതെ, നോക്കിയപ്പോൾ അതാണു കൈയിൽ കിട്ടിയതു്; ഒന്നുകൂടി വായിക്കാൻ നിശ്ചയിച്ചു എന്നേയുള്ളു."

ഗോറിനെപ്പററി സംഭാഷണം തിരിച്ചുവിടാൻ നോവിക്കോവിനു് ആഗ്രഹം തോന്നി. ആ ഗ്രന്ഥകാരനെപ്പററി വിദ്യാത്ഥികളുടെ അഭിപ്രായം അറിവാൻ അദ്ദേഹത്തിനു മോഹമുണ്ടായി. അദ്ദേഹം പറഞ്ഞു: "ഈ പുസ്തകത്തിൽ അറിയാനുള്ള പല കാൎയ്യങ്ങളും അടങ്ങിയിരിക്കുന്നു; സാഹിത്യപരമായി മാത്രമല്ല, ചരിത്രപരമായും. 1905-നുമുമ്പുള്ള വിപ്ലവഘട്ടം ഇതിൽ അസാമാന്യവൈഭവത്തോടും വൈദഗ്ദ്ധ്യത്തോടും ചിത്രീകരിച്ചിട്ടുണ്ടു്. നിശ്ചയമായും നിങ്ങൾ എല്ലാവരും ഈ ഗ്രന്ഥം വായിച്ചിരിക്കുമല്ലോ."

''ഓ, സംശയിക്കാനുണ്ടോ?'' എന്നു് എല്ലാവരും ഒരുമിച്ചു് പ്രതിവചിച്ചു.

''എന്നാൽ, ഞാനൊന്നു ചോദിക്കട്ടെ. നിങ്ങൾ വായിച്ചപ്പോൾ ഗോറിനെപ്പററി നിങ്ങൾക്കു് എന്തഭിപ്രായമാണുണ്ടായതു്?

ഈ ചോദ്യം യാദൃച്ഛികമായിരുന്നെങ്കിലും എല്ലാവർക്കും വളരെ രസിച്ചു. കണ്ണട ധരിച്ചിരുന്ന ഒരു വിദ്യാർത്ഥി ഉത്തരംപറയാൻ തുടങ്ങി: ''ഗോറിൻെറ ഗ്രന്ഥങ്ങൾ വായിക്കുമ്പോളെല്ലാം അദ്ദേഹം അതിസമർത്ഥനും ഉൽകൃഷ്ടചിത്തനും ആത്മാർത്ഥതയുള്ള ആളുമായിട്ടേ എനിക്കു തോന്നാറുള്ളു—സ്വാർത്ഥലാഭത്തേക്കാൾ ജനസേവനം അഭികാമ്യമായി കരുതുന്ന ഉത്തമവ്യക്തി.''

ഒരു ബാലിക പറഞ്ഞു: "അദ്ദേഹം അസാമാന്യമായ ജീവിതജ്ഞാനം പ്രകടിപ്പിക്കുന്നുണ്ടു്, ജീവിതത്തിൻെറ കർക്കശവും മൃദുലവും ലഘുവും സങ്കീർണ്ണവുമായ ഭാവങ്ങളെല്ലാം. റഷ്യയിൽ എങ്ങും അദ്ദേഹം സഞ്ചരിച്ചിട്ടുണ്ടു്. മറെറാരു റഷ്യൻ സാഹിത്യകാരനെക്കാളും അദ്ദേഹത്തിനു റഷ്യൻ ജനതയെ അറിയാമെന്നാണു് എനിക്കു തോന്നുന്നതു്. എന്നാൽ ഇതിലും പ്രധാനമായി ഒന്നു പറയാനുണ്ടു്. അദ്ദേഹം ജനങ്ങളെ സ്നേഹിക്കുന്നു."

മൂന്നാമതു് ഒരു വിദ്യാർത്ഥി അഭിപ്രായപ്പെട്ടു, "ഗോറിൻെറ ഗ്രന്ഥങ്ങൾ വായിക്കുമ്പോഴെല്ലാം അദ്ദേഹം ഒരു മഹാജ്ഞാനിയാണെന്നു് എനിക്കു തോന്നാറുണ്ടു്."

''പക്ഷേ, എനിക്കു നേരെമറിച്ചാണു തോന്നുക. തോന്നുകയല്ല, ബോദ്ധ്യംതന്നെയുണ്ടു്. ഗോറിൻ വലിയ സൂത്രശാലിയും പരിഹാസപ്രിയനും അധികാരേച്ഛുവും കപടതന്ത്രജ്ഞനും ആണു്'' എന്നു് ഒരു ബാലിക പറഞ്ഞു.

ഇതുകേട്ടു് മററുള്ളവരെല്ലാം ആശ്ചര്യത്തോടും ഒരുവക ഭീതിയോടുംകൂടി ആ ബാലികയെ നോക്കി. നോവിക്കോവും ഒന്നു ഞെട്ടിപ്പോയി എന്നു പറയാം. അല്പം അകലെ ഇരുന്നിരുന്ന ഒരു യുവാവു് പറഞ്ഞു: ''ലിഡാ, ഇതുപോലുള്ള ലക്കി

ല്ലാത്ത അഭിപ്രായങ്ങൾ ഭവതി കൂടെക്കൂടെ പുറപ്പെടുവിക്കാറുണ്ട്.'' അവളുടെ തുറന്ന സംഭാഷണരീതിക്ക് ആ വിദ്യാർത്ഥി ഒരുവക ക്ഷമാപണം ചെയ്കയാണെന്നു തോന്നി.

''അല്ല, ഞാൻ പറഞ്ഞതു വെറും പരമാർത്ഥമാണ്. ഗോറിൻ നിസ്വാർത്ഥനായ ഒരു ജനസ്നേഹിയാണെന്നു ഞാൻ ആദ്യം വിചാരിച്ചുപോയി. അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾ ആദ്യമാദ്യം വായിച്ചപ്പോൾ എനിക്കുണ്ടായ തോന്നലാണത്. എന്നാൽ ഇപ്പോൾ അതു നിശ്ശേഷം മാറിയിരിക്കുന്നു. അവ ചൈതന്യമില്ലാത്തവയും ആത്മാർത്ഥത തൊട്ടുതെറിച്ചിട്ടില്ലാത്തവയുമായിട്ടാണ് എനിക്ക് തോന്നുന്നത്. അത്രേ പറയാനുള്ളൂ'' എന്ന് ലീഡാ വാശിയോടുകൂടി മറുപടി പറഞ്ഞു.

കൂട്ടുകാരുടെ മുഖത്തു വ്യാപിച്ച പരിഭ്രമം കണ്ടു് അവൾ തുടർന്നു: ''അദ്ദേഹത്തിൻെറ പുസ്തകങ്ങൾ ഇന്നു വായിക്കുമ്പോൾ അദ്ദേഹത്തിൻെറ മുഖം പരിഹാസതല്പരവും രസശൂന്യവുമായിട്ടാണ് എനിക്കു തോന്നാറു്. ജനങ്ങളുടെ ദുരിതങ്ങളെ നിപുണമാംവണ്ണം വിവരിക്കുന്ന അദ്ദേഹത്തിന്ന് അവരിൽ ലേശംപോലും അനുകമ്പയില്ല. അതുമാത്രവുമല്ല, അദ്ദേഹം അവരെ പുച്ഛിക്കയുമാണു ചെയ്യുന്നതു്. ലോഗോവോ എന്ന നോവലിൽ ചെപ്രോക്കിനെ അദ്ദേഹം ചിത്രീകരിച്ചിട്ടുള്ളതു നിങ്ങൾ ഓർക്കുന്നുണ്ടോ? എത്ര ബുദ്ധിശൂന്യമായ ജീവിതാവസാനം! ആ പര്യവസാനം മതി ഗ്രന്ഥകർത്താവിൻെറ അവജ്ഞ മുഴുവൻ വെളിപ്പെടുത്താൻ. ഞാൻ ഈ പറഞ്ഞതു മനസ്സിൽ വച്ചുകൊണ്ടു് നിങ്ങൾ ഗോറിൻെറ ഗ്രന്ഥങ്ങൾ വായിച്ചുനോക്കുവിൻ. അപ്പോൾ സത്യം വെളിവാകും.''

ലീഡായ്ക്കു് ശ്വാസംമുട്ടിയതുപോലെ അവൾ നിറുത്തിയപ്പോൾ നോവിക്കോവു് ഒരു പ്രത്യേക താല്പര്യത്തോടുകൂടി അവളെ നോക്കി. അവളുടെ മുഖം മനോവിഭ്രമത്താൽ ശോണവർണ്ണവും ചൈതന്യപൂർണ്ണവും ആകർഷകവുമായിത്തീർന്നിരുന്നു. ഒരു കുട്ടിയുടെ മുഖംപോലെ നിർദ്ദോഷമായിരുന്ന ആ വദനത്തിൽ പ്രശോഭിച്ചിരുന്ന ചെറുതും ഈഷദ്വക്രവുമായിരുന്ന കണ്ണുകളിൽനിന്നു പുറപ്പെട്ട പ്രകാശം ആ മുഖം മുഴുവൻ വ്യാപിക്കുകയും അതിനെ മനോഹരമാക്കുകയുംചെയ്തു.

എത്താണ്ടു മഞ്ഞവർണ്ണത്തോടുകൂടിയ ശരീരത്തിൽ പ്രസരിച്ചിരുന്ന ലാളിത്യം നീങ്ങുകയും ഒരുവക ആഹ്ലാദകരമായ വികാരാവേശം മുഖത്തു നിഴലിക്കുകയുമുണ്ടായി. എല്ലാവരും പച്ചച്ചിരി ചിരിച്ചു. അവളുടെ നേരെ നോക്കിയ ഓരോരുത്തർക്കും അവളിൽനിന്നും പുറപ്പെട്ട നിന്ദാഗർഭമായ വാക്കുകൾ അത്ര ഭയങ്കരങ്ങളായി തോന്നിയതുമില്ല. നോവിക്കോവും മന്ദഹസിക്കുന്നുണ്ടായിരുന്നു. മററു ബാലികമാരേക്കാൾ കുറെക്കൂടി ഭേദപ്പെട്ട രീതിയിലുള്ള അവളുടെ വസ്ത്രധാരണവും ആ വസ്ത്രങ്ങളുടെ മേന്മയും അദ്ദേഹത്തിൻെറ ശ്രദ്ധയിൽപെട്ടു. ഗോറിനെകുറിച്ചുള്ള അവളുടെ അഭിപ്രായം താൻ വായിച്ചുകൊണ്ടിരുന്ന ഗോറിൻെറ ഗ്രന്ഥം തന്നിലുളവാക്കിയവയോടു പരിപൂർണ്ണൈക്യം വഹിക്കുന്നതോർത്തപ്പോൾ അദ്ദേഹം ആശ്ചര്യഭരിതനായി. ആ ഗ്രന്ഥത്തിലെ ഗുപ്തമായ അവഹേളനം അദ്ദേഹവും ധരിച്ചിരുന്നു. അദ്ദേഹത്തിൻെറ തോന്നലിനു ലീഡായുടേതിൽനിന്നും അല്പവ്യത്യാസമെയുണ്ടായിരുന്നുള്ളു. അതു് അത്ര നിശിതമല്ല, മൃദുലമായിരുന്നു എന്നുമാത്രം. അവരുടെ അനുമാനങ്ങൾ ഏറെക്കുറെ സമാനങ്ങളായിരുന്നു. എന്തായാലും ഈ തോന്നൽ ശരിയായ രൂപം പ്രാപിച്ചിട്ടില്ലായ്കയാൽ വിദ്യാർത്ഥികളോടു പ്രസ്താവിക്കാൻ അദ്ദേഹം ഒരുമ്പെട്ടില്ല.

ലീഡായെ വിളിച്ചു് അദ്ദേഹം സൗമ്യരീതിയിൽ പറഞ്ഞു: "ലോഗോവോ ഞാനും വായിച്ചിട്ടുണ്ടു്. എന്നാൽ നിങ്ങൾ പറഞ്ഞ അഭിപ്രായമല്ല എനിയ്ക്കുണ്ടായതു്. ചെപ്രോക്കിൻെറ അന്ത്യം വളരെ അസ്വാഭാവികമാണെന്നു ഞാൻ സമ്മതിക്കുന്നു. ഒരുവേള അതു തൻെറ ചിന്താഗതികളെ കുറെക്കൂടി ഉജ്ജ്വലമായി പ്രതിപാദിക്കാൻ ഗ്രന്ഥകാരൻ സ്വീകരിച്ച ഒരുപാധിയായിവരാം. ഗുപ്തമായ ഒരു അവഹേളനമായി മാത്രം അതെടുക്കണമെന്നില്ല. കഥ മുഴുവൻ നോക്കിയാൽ തൊഴിലാളികളോടുള്ള അനുകമ്പയും ചൂഷകന്മാരോടുള്ള വെറുപ്പും വർദ്ധിപ്പിക്കാൻ അതു തികച്ചും പര്യാപ്തമാണെന്നു പറയണം."

ലീഡാ വിവർണ്ണവദനയായി. "ഇവൾ ഒരു വെറും കുട്ടി" എന്നു നോവിക്കോവു് വിചാരിച്ചു. തൻെറ പ്രസംഗങ്ങൾ ശ്രവിക്കുന്ന ബാലികമാർ ഇങ്ങനെയെല്ലാം കുഴങ്ങുന്നതു അദ്ദേ

ഹത്തിനു പരിചയമുള്ള കാര്യമാണ്. അവരിൽ പലർക്കും അദ്ദേഹത്തോട് സ്നേഹാദരങ്ങളുള്ള വസ്തുതയും അദ്ദേഹത്തിനറിയാം.

"ഒരുവേള എനിക്കു തെററുപററിയിരിക്കാം. അങ്ങേക്കു അസംഗതമായി തോന്നുന്ന എൻെറ അഭിപ്രായം ഞാൻ ഗോറിനെ നേരിട്ടു കണ്ടിട്ടുള്ളതുകൊണ്ട് വന്നുചേൎന്നതായിരിക്കാം. ഞാൻ അദ്ദേഹത്തെ കൂടെക്കൂടെ കാണാതിരുന്നെങ്കിൽ അങ്ങയുടെ മനോഭാവംതന്നെ എനിക്കും ഉണ്ടാകുമായിരുന്നു." എന്നു ലീഡാ സവിനയം അറിയിച്ചു.

അവളുടെ വാക്കുകൾ കേട്ട നോവിക്കോവ് ആശ്ചര്യപ്പെട്ടു "നിങ്ങൾക്കു ഗോറിനെ നേരിട്ടു പരിചയമുണ്ടെന്നോ?" എന്നദ്ദേഹം ശാന്തനായും ജിജ്ഞാസാഭരിതനായും ചോദിച്ചു.

"ഉണ്ട്. അദ്ദേഹത്തിൻെറ പുത്രിയും ഞാനും ആത്മമിത്രങ്ങളാണ്. ഞാൻ അവരുടെ ഭവനത്തിൽ കൂടെക്കൂടെ പോകാറുണ്ട്."

"എന്നിട്ടിതാണോ ഗോറിനെപ്പററി നിങ്ങൾക്കുള്ള അഭിപ്രായം?"

"അതു് എൻെറ മനോഭാവത്തിനു വിപരീതമായിവന്നുകൂടിയതാണ്" ഇത്രയും തുറന്നു പറയേണ്ടിവന്നതിൽ ലീഡക്കു കുണ്ഠിതംതോന്നി.

അവളുടെ പരിഭ്രമം നോവിക്കോവ് മനസ്സിലാക്കുകയും ആ ദുസ്ഥിതിയിൽനിന്നും അവളെ മോചിപ്പിക്കാൻ ആഗ്രഹിച്ച് വാച്ചുനോക്കി ഇപ്രകാരം പറയുകയും ചെയ്തു. ഗോറിനെപ്പററി നിങ്ങളുമായി കൂടുതൽ സംസാരിക്കാൻ എനിക്കാഗ്രഹമുണ്ട്. എന്നാൽ സമയം വൈകിപ്പോയതിനാൽ നമ്മുടെ പാഠം ആരംഭിക്കേണ്ടിയിരിക്കുന്നു.

എന്തുവന്നാലും ലീഡയുമായി ഗോറിനെപ്പററി തനിച്ചു സംസാരിക്കണമെന്നു അദ്ദേഹം നിശ്ചയിച്ചു. തനിക്കു ആഹ്ളാദകരവും പ്രയോജനകരവുമായ വല്ലതും ആ സംഭാഷണത്തിൽനിന്നും ലഭിക്കുമെന്നു അദ്ദേഹത്തിനുതോന്നി. അദ്ദേഹം അല്പം ഉറക്കെ പറഞ്ഞു "ലീഡാ, മഹാനായ പീററരുടെ

ഭരണപരിഷ്കാരങ്ങളെപ്പററി നിങ്ങൾക്കുള്ള അഭിപ്രായമെന്തു്? ഗോറിനെപ്പററി അറിയാവുന്നത്രപോലെ നന്നായിട്ടു പീറററിനെപ്പററി അറിയാമോ എന്നു നോക്കട്ടെ."

എല്ലാവരും ചിരിക്കുകയും പാഠങ്ങൾ സമാരംഭിക്കയും ചെയ്തു.

# അദ്ധ്യായം നാലു്

രണ്ടു മണിക്കൂർ കഴിഞ്ഞു് വിദ്യാർത്ഥിസംഘം പിരിഞ്ഞു. നോവിക്കോവു് ഒരു വൃത്താന്തപത്രം വായിക്കാൻ തുടങ്ങിയെങ്കിലും അദ്ദേഹത്തിൻെറ വിചാരങ്ങൾ മറെറവിടെയൊ വ്യാപരിക്കുകയായിരുന്നു. വർത്തമാനസംഭവങ്ങൾവിട്ടു് ഭൂതകാലസംഭവങ്ങളിലേക്കു് അദ്ദേഹത്തിൻെറ ചിന്തകൾ ചംക്രമണം ചെയ്തു. പ്രശാന്തവും ഉന്മേഷവത്തും ആയിരുന്ന തൻെറ ബാല്യം നോവിക്കോവിൻെറ മനോദർപ്പണത്തിൽ പ്രതിബിംബിച്ചു. സ്വഭവനത്തെയും വാത്സല്യഭരിതയായ മാതാവിനെയും അദ്ദേഹം ദർശിച്ചു. പിതാവാണെങ്കിൽ അല്പം ഗൗരവമുള്ള ആൾ. കുട്ടികളുടെ മുഖത്തുനോക്കി ചിലപ്പോൾ ഒന്നു പതുക്കെ മന്ദഹസിക്കും അത്രമാത്രം. എങ്കിലും സ്നേഹസമ്പന്നനായിരുന്നു അദ്ദേഹം.

പിതാവായ പേവൽ നോവിക്കോവു് ഒരു റെയിൽവേ എൻജിനീയറായിരുന്നു. ആ കുടുംബം സുഭിക്ഷത്തിലാണു കഴിഞ്ഞുപോന്നതു്. ഒന്നാന്തരം ഒരു ഭവനം, വിശാലമായ ഒരു പുരയിടം, വണ്ടി, കുതിര—ഇതെല്ലാം അവർക്കുണ്ടായിരുന്നു. പേവൽ ജോലിസംബന്ധിച്ചു് ദൂരസ്ഥലങ്ങളിൽ പാർക്കുകയായിരുന്നു പതിവു്. വല്ലപ്പോഴും തിരിച്ചുവരുമ്പോൾ എന്തുത്സാഹമാണു കുടുംബാംഗങ്ങൾക്കു്! എല്ലാവർക്കും സമ്മാനങ്ങൾ, വിശേഷ വസ്തുങ്ങൾ! പരസ്പരമുള്ള ചുംബനാലിംഗനങ്ങളുടെ ആസ്വാദ്യത ഒന്നു വേറെതന്നെ.

1914-ലെ യുദ്ധം ആരംഭിച്ചപ്പോൾ ഫീയോഡോർ നോവിക്കോവ് ജിംനാഷിയത്തിൽ പഠിക്കുന്ന ഒരു ചെറുബാലനായിരുന്നു. രാജ്യം ഒട്ടുക്കുള്ള ഉണർവ്വും ഉത്സാഹവും അയാളെ ഉന്മേഷവാനാക്കി. റഷ്യൻ ഭടന്മാരും കാസ്സാക്ക ഭടന്മാരും നിരനിരയായി യുദ്ധരംഗത്തേക്കു പോകുന്ന കാഴ്ച കാണ്മാൻ അയാൾ ചിലപ്പോൾ തന്റെ ജിംനാഷിയത്തിൽനിന്നും റോസ്റ്റോവ് സ്റ്റേഷനിലേക്കു പോകാറുണ്ട്. ഒന്നാവശ്യമായി വന്നാൽ അയാളും പുറപ്പെടാൻ സന്നദ്ധനായിരുന്നു.

ഒരു ദിവസം വൈകുന്നേരം ഫിയൊഡോർ ജിംനാഷിയത്തിൽനിന്നും നേരെ വീട്ടിലെത്തിയപ്പോൾ അച്ഛന്റെ മുഖം ചിന്താകുലമായി കാണപ്പെട്ടു. മന്ദഹാസത്തിന്റെ ഒരു നേരിയ നിഴൽപോലും ആ മുഖത്തു വീശിയില്ല. യുദ്ധത്തിൽ റഷ്യക്കു അടിക്കടി പരാജയം സംഭവിച്ചുകൊണ്ടിരുന്ന വൃത്താന്തവും തലസ്ഥാനനഗരിയിലെ കുഴപ്പങ്ങളും ഭക്ഷണക്ഷാമം നിമിത്തം ജനതയുടെ ജീവസന്ധാരണത്തിനുള്ള വൈഷമ്യങ്ങളും അറിഞ്ഞു് അദ്ദേഹം ചിന്താക്രാന്തനായിരിക്കുകയായിരുന്നു. മോസ്കോവിൽനിന്നും പെററ്റോഗ്രായിൽനിന്നും ഭീകരവാൎത്തകൾ മുറയ്ക്കു പുറപ്പെട്ടുകൊണ്ടിരുന്നു. ഒരു മഹാ വിപ്ലവത്തിനുള്ള പശ്ചാത്തലം ഒരുങ്ങിക്കഴിഞ്ഞതു പോലെ ആയിരുന്നു അപ്പോഴത്തെ സ്ഥിതി.

ജീവിതത്തോതു നിയന്ത്രിക്കാൻ എല്ലാവരും നിർബന്ധിതരായി. നോവീക്കോവിനു് കുടുംബത്തിലെ ഭൃത്യന്മാരെ പിരിച്ചുവിടേണ്ടിവന്നു. ഒരു കുതിരയൊഴിച്ചു ബാക്കിയുള്ളവയെല്ലാം വിൽക്കപ്പെട്ടു. ജോലിക്കായി ദൂരെ എങ്ങും പോകാൻ പേവൽ ഉദ്യമിച്ചില്ല. തൊഴിലില്ലാതെ ഗൃഹത്തിൽ കുറേനാൾ ഇരിക്കേണ്ടിവന്നപ്പോൾ അദ്ദേഹം വിഷണ്ണനും ശുണ്ഠിക്കാരനുമായി രൂപാന്തരപ്പെട്ടു. കാണ്മാൻവരുന്ന സ്നേഹിതന്മാരുമായി അദ്ദേഹം ചിലപ്പോൾ സ്വകാൎയ്യം പറയും. ചിലപ്പോൾ കരവിക്ഷേപങ്ങളോടുകൂടി ഉറച്ചു സംസാരിക്കും, വീണ്ടും മൗനം അവലംബിക്കുകയും ചെയ്യും.

ഇങ്ങനെ കുറേനാൾ കഴിഞ്ഞപ്പോഴേക്കും റഷ്യൻ വിപ്ലവം പൊട്ടിപ്പുറപ്പെട്ടു. സൎവ്വവ്യവസ്ഥകളും പ്രശാന്തജീവി

തരീതികളും തകിടംമറിഞ്ഞു. വിപ്ലവകാരികൾ റോസ്റ്റോവ് നഗരത്തിലും എത്തി. ഭടന്മാർ റെയിൽവേസ്റ്റേഷൻ ആക്രമിച്ചു കൈവശപ്പെടുത്തി. കമ്പിയാപ്പീസുകളും വൈദ്യുതോല്പാദനകേന്ദ്രങ്ങളും നാവികസങ്കേതങ്ങളും വിപ്ലവകാരികളുടെ കൈവശത്തായി.

കുടുംബസഹിതം ഈ പ്രദേശംവിട്ടു ദൂരത്തെങ്ങാനും പോയി താമസിക്കുന്നതു നന്നായിരിക്കുമെന്നു പേവലിനു തോന്നി. പക്ഷേ പട്ടണം മുഴുവൻ ഭടന്മാർ വളഞ്ഞിരുന്നതുകൊണ്ടു് ഉദ്ദേശം വിഫലമായതേയുള്ളു. കാലസ്ഥിതി വല്ലാതെ മാറിമറിഞ്ഞു. ജീവിതം ക്ഷുബ്ധവും അനിശ്ചിതവുമായി. രാത്രിയിൽപോലും ജനങ്ങൾക്കു സമാധാനമായി ഉറങ്ങാൻ സാധിച്ചില്ല. രക്തവേഷന്മാരായ ഭടന്മാർ തെരുവുകളിലെല്ലാം റോന്തുചുററിക്കൊണ്ടിരുന്നു. നേരത്തെ പട്ടണംവിട്ടുപോയവരുടെ ഒഴിഞ്ഞുകിടന്ന ഗൃഹങ്ങളിലെല്ലാം ഭടന്മാർ പ്രവേശിച്ചു. അവിടെ മദ്യപിച്ചും മദോദ്ധതരായും അവർ കാട്ടിക്കൂട്ടിയ വിക്രിയകൾ വർണ്ണനാതീതമാണ്. സമീപസ്ഥന്മാർ ഭടന്മാരുടെ വഷളത്വവും വിക്രിയകളും ദൂരെനിന്നുകണ്ടു ഭയപ്പെട്ടു്; കതകുകളും ജന്നലുകളും ഭദ്രമായി വലിച്ചടച്ചു് ഗൃഹാന്തർഭാഗത്തു കഴിഞ്ഞുകൂടാൻ നിർബന്ധിതരായി.

ചെങ്കുപ്പായക്കാർ ലക്കില്ലാതെ ഇളകിയാട്ടം തുടങ്ങി. രാത്രിയിൽ നിരത്തുകളിൽക്കൂടി സഞ്ചരിക്കുന്ന പൗരന്മാരുടെ ഉടുപ്പുകളും വാച്ചുകളും തട്ടിപ്പറിക്കുക, തോക്കുചൂണ്ടി ചുട്ടുകളയുമെന്നു ഭയപ്പെടുത്തുക, മദ്യലഹരിയിൽ മതിമറന്നു കൂകി വിളിക്കുക, പിടികിട്ടുന്ന പുരുഷന്മാരെപ്പോലും ആവേശപൂർവ്വം ചുംബിക്കുക—ഇങ്ങനെ ബോധമോ വിവേകമോ ഇല്ലാതെ ഭടന്മാർ പെരുമാറിക്കൊണ്ടിരുന്നു. എന്നാൽ കുറെ ദിവസം കഴിഞ്ഞപ്പോൾ ഇതൊക്കെ വെറും സാധാരണസംഭവങ്ങളായിത്തീർന്നു. മനുഷ്യസ്വഭാവത്തിനു് അങ്ങനെയൊരു വിശേഷമുണ്ടല്ലോ. ഏതു പരിതസ്ഥിതിയോടും സാമ്യംപ്രാപിക്കാൻ മനുഷ്യനു കഴിയും. റഷ്യൻജനത ദൈനംദിന ജീവിതനിർവഹണത്തിൽ വീണ്ടും ഏർപ്പെട്ടു. റോസ്റ്റോവ് നിവാസികളും ഉപജീവനമാർഗ്ഗാന്വേഷണത്തിൽ വ്യാപൃതരായി.

പേവലും ഫിയൊഡോറും അങ്ങാടിയിൽചെന്നു് അത്യാവശ്യമുള്ള സാധനങ്ങൾ വാങ്ങിക്കൊണ്ടുവരികയും ഗൃഹനായികയും കുട്ടികളും പാചകക്രിയയിൽ ഏർപ്പെടുകയും പതിവായി. ഭൃത്യവേലക്കു നിറുത്തിയിരുന്ന ഏക സ്ത്രീ വീട്ടിൽനിന്നു ഒളിച്ചോടി എവിടേയൊ കടന്നുകളഞ്ഞു. പാവം, വല്ലാതെ ഭയപ്പെട്ടുപോയി അവൾ. ചെങ്കുപ്പായക്കാരുടെ ഭീകരപ്രവർത്തനങ്ങൾ സ്വയം നീങ്ങിക്കൊള്ളുമെന്നായിരുന്നു പേവലിന്റെ അഭിപ്രായം. മഞ്ഞുകാലത്തേയ്ക്കുള്ള ആഹാരവിഭവങ്ങൾ മുൻകൂട്ടി സംഭരിച്ചില്ലെങ്കിൽ കാര്യം അവതാളത്തിലായേക്കുമെന്നു് അദ്ദേഹം ഭയപ്പെടാതിരുന്നില്ല. അതിനാൽ താനും പുത്രനുംകൂടി ഉൾനാട്ടുകളിലേക്കുപോയി വിഭവങ്ങൾ ശേഖരിക്കണമെന്നു് അദ്ദേഹം നിശ്ചയിച്ചു. അവിടെ ഗോതമ്പു ഉരുളക്കിഴങ്ങും മററും ധാരാളം കിട്ടുമെന്നു് അദ്ദേഹത്തിനറിയാമായിരുന്നു.

എന്നാൽ അവർ പോകാൻ ഉദ്ദേശിച്ച ദിവസത്തിൽ അപ്രതിക്ഷിതമായ ഒരു സംഭവം ഉണ്ടായി. ഫിയോഡോർ മുററത്തിറങ്ങി വെളിയിലേക്കു നോക്കിക്കൊണ്ടു നിൽക്കുകയായിരുന്നു. അപ്പോൾ കുതിരപ്പുറത്തു് നാലുഭടന്മാർ ഗേററുകടന്നു് മുററത്തേക്കു വരുന്നതു കണ്ടു. ചെങ്കുപ്പായക്കാരായിരുന്നു അവർ. അവരിൽ പ്രമാണി ചോദിച്ചു: "ഇതാണോ എൻജിനീയർ പേവൽ നോവിക്കോവിന്റെ ഭവനം?"

"അതേ," എന്നു് ഫിയൊഡോർ പറഞ്ഞു.

"വീട്ടിലുള്ളവരെല്ലാം വെളിയിൽവരാൻ പറയുക. അല്പം സംസാരിക്കാനുണ്ടു്."

ഫിയോഡോർ ഗൃഹത്തിനുള്ളിൽ കടന്നു് അല്പസമയത്തിനുള്ളിൽ കുടുംബാംഗങ്ങളോടുകൂടി പുറത്തുവന്നു. അവരെല്ലാം പേടിച്ചാണു വന്നതു്. വീണ്ടും പ്രമാണി പറഞ്ഞു: "പേവൽ നോവിക്കോവ്! നിങ്ങളുടെ ഭവനവും വസ്തുവകകളും ഞങ്ങൾ കൈവശപ്പെടുത്തിയിരിക്കുന്നു. റോസ്റ്റോവ് നഗരത്തിലെ വിപ്ലവക്കമ്മിററിയുടെ തീരുമാനമാണിതു്." എല്ലാവരും ഇതുകേട്ടു് അമ്പരന്നുപോയി. ഇതിന്റെ അർത്ഥമേ അവർക്കു മനസ്സിലായില്ല. അപ്പോൾ പ്രമാണി കോട്ടിന്റെ

ഉള്ളറയിൽനിന്നും ഒരു മടക്കിയ കടലാസു വലിച്ചെടുത്തു നിവർത്തി ഇങ്ങനെ വായിച്ചു:-

"റോസ്റ്റോവ് നഗരവിപ്ലവകമ്മിററിയുടെ പ്രത്യേക തീരുമാനപ്രകാരം വിപ്ലവാവശ്യങ്ങൾക്കുവേണ്ടി എൻജിനിയർ പേവൽ നോവിക്കോവിൻെറ ഗൃഹം കണ്ടുകെട്ടിയിരിക്കുന്നു. ഗൃഹോപകരണങ്ങളും മററും ഇനിമേൽ വിപ്ലവകാരികളുടെ വകയായി പരിഗണിക്കപ്പെട്ടും. ഈ തീരുമാനം ലംഘിക്കാനുള്ള ഏതു യത്നവും തടയപ്പെടുന്നതും ലംഘനത്തിനു മുതിരുന്നയാൾ തൽക്ഷണം വധിക്കപ്പെടുന്നതും ആയിരിക്കും. നോവിക്കോവ് ഒരു ചൂഷകനല്ലെന്നു കമ്മിററിക്കറിയാം. അല്പം ബൂർഷ്വാമനോഭാവം ഉണ്ടെന്നേയുള്ളു. അതിനുവേണ്ടിമാത്രം ഇപ്പോൾ അറസ്റ്റു് ചെയ്യുന്നില്ല. എന്നാൽ അദ്ദേഹത്തെയും ആരോഗ്യമുള്ള കുടുംബാംഗങ്ങളെയും കമ്മിററിക്കുവേണ്ടിയുള്ള അദ്ധ്വാനങ്ങൾക്കു നിയോഗിക്കുന്നതാണ്. ഈ ഉത്തരവു് ഉടനടി നടപ്പിൽവരുന്നതും തടസ്സം പറയുന്ന ആൾ വധിക്കപ്പെടുന്നതുമാണ്" എന്നു്, നിക്കൊലൈ ഷൂബറേവ്, വിപ്ലവകമ്മററി ചെയർമാൻ.

പേവൽ നോവിക്കോവ് വിളറിത്തളർന്നുപോയി. ദേഹമെല്ലാം മരവിക്കുംപോലെ തോന്നി. മരണം മുമ്പിൽ നിൽക്കുന്നതു് അദ്ദേഹം കണ്ടു, ജീവിതം മുഴുവൻ പ്രയത്നിച്ചുണ്ടാക്കിയതെല്ലാം ഒരു നിമിഷംകൊണ്ടു് അന്യാധീനപ്പെട്ടുകയാണെന്നുള്ള വിചാരം നിമിത്തം അദ്ദേഹത്തിനു ഭയമല്ല തോന്നിയതു്, ഒരു തണുത്ത വിറങ്ങലിപ്പു മാത്രം. നാശം! പരിപൂർണ്ണനാശം.

"ഇനി നമ്മൾ എന്തുചെയ്യും?" എന്നു ഗൃഹനായിക താണ സ്വരത്തിൽ ചോദിച്ചു. കുട്ടികൾ പേടിച്ചു് മാതാപിതാക്കന്മാരെ തൊട്ടുംകൊണ്ടുനിന്നു. "നാം എവിടെയാണു പോകേണ്ടതു്?" എന്നു് ആ സ്ത്രീ വീണ്ടും ചോദിച്ചു.

"ഓ, ഞങ്ങൾക്കു് അതന്വേഷിക്കേണ്ട കാര്യമില്ല". എന്നായിരുന്നു നായകൻെറ മറുപടി.

"എന്നാൽ തല്ക്കാലം ഞങ്ങൾ കുതിരലായത്തിൽ കഴിച്ചുകൂട്ടിക്കൊള്ളട്ടയോ?" എന്നു പിതാവു് ചോദിച്ചു.

അല്പം ആലോചിച്ചിട്ട് നായകൻ പറഞ്ഞു, "ഉത്തരവിൽ അതു പറഞ്ഞിട്ടില്ല. എങ്കിലും തല്ക്കാലം കുതിരപ്പുരയിൽ പാത്തുകൊള്ളുവിൻ— ശേഷം ഞാൻ നോക്കികൊള്ളാം— നാളെ രാവിലേ നിങ്ങൾ കമ്മിററിയാപ്പീസിൽ ചെന്നു് റേഷൻ കാർഡുകളും പണിയായുധങ്ങളും ഏററുവാങ്ങിക്കൊള്ളണം. നാളെ മുതൽ ജോലിയിൽ ഏർപ്പെടേണ്ടിയിരിക്കുന്നു. കിടങ്ങുകൾ കുഴിക്കുകയാണു നിങ്ങൾക്കുള്ള ജോലി."

ഇതുകൂടി കേട്ട ഉടനെ ഗൃഹനായിക പിൻതിരിഞ്ഞു് വീടിനുള്ളിലേക്കു പാഞ്ഞു.

"നിങ്ങൾ എവിടെ പോകുന്നു? അസത്തേ, നില്ക്കൂവിടെ," എന്നുപറഞ്ഞുകൊണ്ടു് പ്രമാണി ചാട്ട പൊക്കി. എന്നിട്ടു് ഒരു ഭടനോടു് എന്തോ സംജ്ഞ കാണിച്ചപ്പോൾ അയാൾ കുതിരപ്പുറത്തുനിന്നിറങ്ങി ആ സ്ത്രീയെ പിന്തുടന്നു് ഓടി. പക്ഷേ, അവർ ഇതിനിടയ്ക്കു് മടങ്ങിവന്നുകഴിഞ്ഞു. അവരുടെ വിറയ്ക്കുന്ന കൈകളിൽ ഒരു ചെറുവിഗ്രഹം ഇരിപ്പുണ്ടായിരുന്നു.

"നിങ്ങൾ ദൈവവിശ്വാസികളല്ലാത്തതിനാൽ ഈ വിഗ്രഹം ആവശ്യമില്ലല്ലോ." എന്നു പറഞ്ഞുകൊണ്ടു് ആ സാധു സ്ത്രീ കുതിരപ്പുരയിലേക്കു യാത്രയായി. പ്രമാണി ഒരു പച്ചച്ചിരിയോടുകൂടിപ്പറഞ്ഞു, "അതുകൊണ്ടുപോകാം. വേണമെങ്കിൽ അതിനെ ചുംബിച്ചുകൊള്ളുക. ഞങ്ങൾക്കതുവേണ്ട." ഇതുകേട്ടു് ഭടന്മാരെല്ലാവരും പൊട്ടിച്ചിരിച്ചു.

കുതിരപ്പുറത്തുനിന്നിറങ്ങിയ ഭടനോടു് പ്രമാണി ആജ്ഞാപിച്ചു, "ആക്കിമോവ്! നമ്മുടെ ഇവിടത്തെ ജോലി കഴിഞ്ഞു. ഇനിയൊരുത്തരവു് ഉണ്ടാകുന്നതുവരെ നീ ഈ വീട്ടിൽ പാത്തുകൊള്ളണം. നോവിക്കോവിനും മററും ആവശ്യമുള്ള വിരിപ്പുകളും കമ്പിളിത്തുണികളും കൊടുത്തേക്കുക— മഞ്ഞുകാലം സമീപിച്ചുകഴിഞ്ഞു. കൊടുക്കുന്ന എല്ലാം സാധനങ്ങൾക്കും അവരോടു രശീതി വാങ്ങാൻ മറന്നുപോകരുതു്."

"അങ്ങനെ ചെയ്യാം സഖാവേ! എൻെറ ഭക്ഷണത്തിനെന്താണു് ഏർപ്പാടു്?" എന്നു് ആക്കിമോവ് ചോദിച്ചു.

"ഭക്ഷണം ഇവരുടെവക ഇവിടെ ഇരിപ്പുള്ളതുണ്ട്. എന്നാൽ ഇവർ സ്വാത്മമതികളല്ലെന്ന് എനിക്കറിയാം. അതുകൊണ്ട് ആഹാരത്തിൽ ഒരു പങ്ക് നിനക്കുതരും— എന്താ, കൊടുക്കാൻ വിഷമമുണ്ടോ? എന്നുചോദിച്ചുകൊണ്ട് നായകൻ നോവിക്കോവിൻെറനേർക്കു തിരിഞ്ഞു. അദ്ദേഹം ഒന്നും മിണ്ടിയില്ല. "മൌനം അനുഭാവമാണ് — ഇവർ നിനക്ക് ആഹാരംതരും. ഇനി ഞങ്ങൾ പോകുന്നു. ആരാണ് അടുത്തയാൾ? ആർബൂസ്നോവ്, അല്ലേ?"

ഇത്രയും പറഞ്ഞിട്ട് അശ്വാരൂഢന്മാർ മൂന്നുപേരും വെളിയിലേക്ക് കുതിരയോടിച്ചുപോയി. ആ ഭവനത്തിൻെറ രക്ഷാകർതൃത്വം ആക്കിമോവ് ഏറെറടുക്കുകയും ചെയ്തു.

---

# അദ്ധ്യായം അഞ്ച്

---

പിറേറദിവസം പ്രഭാതത്തിൽ കുടുംബാംഗങ്ങളെല്ലാം വിപ്ലവകമ്മററിയാപ്പീസിൽ എത്തി. റേഷൻ കാർഡുകളും പണി ആയുധങ്ങളും ഏററുവാങ്ങാൻവന്ന ജനങ്ങളാൽ അവിടം നിബിഡമായിരുന്നു. പുതിയ ജോലിയിൽ ഏർപ്പെടും മുമ്പ് എല്ലാവരും പേർ റജിസ്റ്റർ ചെയ്യണമെന്നായിരുന്നു വ്യവസ്ഥ. ആളുകളെ "ക്യൂ" മുറയ്ക്കുനിർത്തി ഒരു ഭടൻ പേര് വിളിക്കുന്നുണ്ടായിരുന്നു.

ഫിയോഡോർ നോവിക്കോവിനു് അല്പം മുമ്പിലാണ് ആർബൂസോവ് നിന്നിരുന്നത്. അമ്പതുവയസ്സോളം പ്രായമുള്ള ഒരു നിയമജ്ഞനാണദ്ദേഹം. പതിഞ്ഞ സ്വരത്തിൽ അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി; "നമുക്കിതുവേണം, എല്ലാവരും "സ്വാതന്ത്ര്യം, സ്വാതന്ത്ര്യം, സാർ ചക്രവത്തിയെ നശിപ്പിക്കുക" എന്നു മുറവിളി കൂട്ടിയതിൻെറ ഫലം ലഭിച്ചല്ലോ. ഞാനും പ്രക്ഷോഭണകാരികളുടെ കൂട്ടത്തിൽ ചുവന്ന നാടയുംകെട്ടി നടന്നവൻതന്നെ. ഇപ്പോൾ ഞാൻ

പൂർണ്ണസ്വാതന്ത്ര്യം അനുഭവിക്കുന്നു. ഒരു പക്ഷിയെപ്പോലെ വീടും കുടിയുമില്ലെന്നുമാത്രം.''

''എല്ലാം കൊട്ടംകൊലതന്നെ. ഇതാണു ''സ്വാതന്ത്ര്യം'' എന്നായി മറെറാരുത്തൻ. മദ്ധ്യവയസ്സനായ ഒരാൾ നെഞ്ചിലടിച്ചുകൊണ്ടു പറഞ്ഞു. ''ഞാൻ തുലയുന്നതിൽ എനിക്കു സങ്കടമില്ല. ജനങ്ങളുടെ കഥയോർക്കുക. എല്ലാവരെയും വധിച്ചുതുടങ്ങിയാൽ ഗതിയെന്താണു്? കാട്ടുമൃഗങ്ങളെപ്പോലെയല്ലയോ ജനങ്ങളെ കുരുതികൊടുക്കുന്നതു്! എത്ര രക്തം കുടിച്ചിട്ടും ദുഷ്ടജന്തുക്കളുടെ ദാഹം തീരുന്നില്ലല്ലോ.''

ഇങ്ങനെ ഓരോരുത്തൻ ഓരോന്നു പറഞ്ഞുകൊണ്ടിരിക്കുന്നതിനിടയിൽ പേവൽ നോവിക്കോവിന്റെ പേർവിളിക്കുന്നതുകേട്ടു. ആ കുടുംബാംഗങ്ങൾക്കെല്ലാംകൂടി ഒരു റേഷൻ കാർഡുകൊടുത്തതിനുശേഷം പണിയായുധങ്ങൾ ഏററുവാങ്ങാൻ അവരെ മറെറാരിടത്തേയ്ക്കു കൊണ്ടുപോയി. നിക്കോളെയും ഓൾഗയും കുട്ടികളായിരുന്നതുകൊണ്ടു അവർക്കു ജോലിചെയ്യേണ്ടിയിരുന്നില്ല. അവരെ വീട്ടിലേക്കു പറഞ്ഞയച്ചു.

''എല്ലാവരും നിരയായി നില്ക്കുവിൻ,'' എന്നൊരാജ്ഞ പുറപ്പെട്ടു. ജനങ്ങൾ സാവധാനത്തിൽ നീങ്ങിത്തുടങ്ങി. ചെങ്കുപ്പായക്കാരുടെ ചവിട്ടും തൊഴിയും കുറെയൊക്കെ ഏററപ്പോഴേയ്ക്കും ഒരു നിര രൂപമെടുത്തു. ഒന്നിനുപിറകെ ഒന്നായി നാലുവരിയായിട്ടാണു് ജനങ്ങളെ നിറുത്തിയതു്. പലതരത്തിലുള്ളവരും ആ കൂട്ടത്തിലുണ്ടായിരുന്നു—കച്ചവടക്കാർ, എൻജിനീയറന്മാർ, അദ്ധ്യാപകന്മാർ, വർത്തകപ്രമാണികൾ, നിയമജ്ഞന്മാർ, സിവിൽ ഉദ്യോഗസ്ഥന്മാർ, എന്നിങ്ങനെ, അവരുടെ നില ദയനീയമായിരുന്നു. ചെങ്കുപ്പായക്കാർ അവരെ തുറിച്ചുനോക്കുകയും പല്ലിളിച്ചു പരിഹസിക്കയും ചെയ്തുകൊണ്ടിരുന്നു.

''കൊള്ളാം; ഇനി നിങ്ങൾക്കു് ചില ജോലികൾ ചെയ്യാനുണ്ടു്;'' എന്നൊരുശബ്ദം കേൾക്കാറായി. ഉടനെ ചെങ്കുപ്പായക്കാർ കളിയും ചിരിയുംവിട്ടു് ഗൌരവത്തിൽ അണിനിരന്നു. അപ്പോഴേക്കും അശ്വാരൂഢരായ മൂന്നുപേർ അവി

ടെ എത്തി. അവരിൽ പ്രമാണി, താൻ നേരത്തെ വീട്ടിൽ വച്ചു കണ്ട ആൾതന്നെയാണെന്നു് ഫിയോഡോറിനു മനസ്സിലായി. പ്രമാണി അടുത്തുള്ളവനോടു് എന്തോ മന്ത്രിച്ചു. ഉടൻ അയാൾ മുന്നോട്ടുവന്നു്, "കൂലിപ്പട്ടാളക്കാരേ! അററൻ–ഷൻ; വിപ്ലവക്കമ്മററി ചെയർമാൻ ഷൂബറേവിന്റെ ആജ്ഞകേൾക്കുക!! എന്നു പറഞ്ഞതോടുകൂടി എല്ലാവരും അവധാനപൂർവ്വം നില്പായി. ഷൂവെറേവു് അല്പം മുന്നോട്ടുനീങ്ങി - അയാളുടെ മുഖത്തു് നിശ്ചയദാർഢ്യം ദൃശ്യമായിരുന്നു. അയാൾ പറഞ്ഞു തുടങ്ങി, "ബുദ്ധിജീവികളായ പൌരജനങ്ങളെ! രക്ഷാസങ്കേതനിർമ്മാണത്തിനുവേണ്ടിയാണു് വിപ്ലവസമിതി നിങ്ങളെ വിളിച്ചുകൂട്ടിയതു്. റോസ്റ്റോവ് നഗരത്തിനുചുററും നിങ്ങൾ കിടങ്ങുകൾ കുഴിക്കണം. ഒട്ടും മടിക്കാതെ ശ്രദ്ധാപൂർവ്വം ജോലി ചെയ്യണം. നിങ്ങളെല്ലാം ഇതേവരെ തികഞ്ഞ സുഖജീവിതം നയിച്ചിരുന്ന ലോലഹൃദയന്മാരാണെന്നു എനിക്കറിയാം. എന്നാൽ നിങ്ങളുടെ ആ മൂഢസ്വഭാവം തല്ലിപ്പുറത്തുകളയാനാണു് ഞങ്ങളുടെ ശ്രമം. ജോലിയിൽ അലസതകാണിക്കുന്നവർക്കു് ആഹാരം നഷ്ടപ്പെടും എന്നറിയണം. വലിയ ബുദ്ധിമാന്മാരാണെന്നു നടിക്കുന്നവരാണു നിങ്ങൾ; സദാ വ്യർത്ഥഭാഷണം ചെയ്യാൻ താല്പര്യപ്പെടുന്ന ബുദ്ധിജീവികളാണു നിങ്ങൾ — ബോൾഷേവിക്കുകാർക്കു ഇത്തരം തൊഴിലൊന്നുമില്ല. കഴിയുന്നതും വ്യർത്ഥസംഭാഷണം കുറക്കണമെന്നു് ഞാൻ നിങ്ങൾക്കു് താക്കീതു നൽകുന്നു. അനുസരിക്കാത്തവരുടെ നാക്കു മാത്രമല്ല, തലയും പോയേക്കാനിടയുണ്ടു്." ഇത്രയും പറഞ്ഞിട്ടു് ഷൂബറേവ് ഒരു നീണ്ട ചിരി ചിരിച്ചു. അയാൾ തുടർന്നു്: "ജോലി ചെയ്യാതെ തെററിമാറാൻ ശ്രമിക്കുന്നതു് ആപൽക്കരമായിരിക്കും. അങ്ങനെയൊരു വിചാരമേ ആർക്കും വേണ്ട. ഒഴിഞ്ഞുമാറാൻ ആഗ്രഹമുള്ള പലരും ഇക്കൂട്ടത്തിലുണ്ടായിരിക്കും. പക്ഷേ അതു സാദ്ധ്യമല്ല. നഗരത്തിനു പുറത്തുപോകാൻ ശ്രമിക്കുന്നവരെ തൽക്ഷണം വെടിവച്ചുകൊല്ലാൻ ഞാൻ ആജ്ഞ നൽകിയിട്ടുണ്ടു്. എന്നാൽ ഇനി പണിസ്സു പോകാം. സമയം കളഞ്ഞുകൂടാ. നിങ്ങളുടെ ജോലി ഞാൻതന്നെ നേരിട്ടു പരിശോധിക്കുന്നതായിരിക്കും."

ഈ പ്രസംഗം കഴിഞ്ഞപ്പോൾ സർവജനങ്ങളുടേയും ഹൃദയം സ്തംഭിച്ചതുപോലെയായി. ആർക്കും യാതൊരവകാശവാദത്തിനോ രക്ഷാനടപടികൾക്കോ നിവൃത്തിയില്ലെന്നു ബോദ്ധ്യപ്പെട്ടു. മരണം ഓരോരുത്തരെയും തുറിച്ചു നോക്കുന്നപോലെ തോന്നി. ചെങ്കുപ്പായക്കാരുടെ നിയോഗപ്രകാരം എല്ലാവരും നഗരത്തിൻെറ ദക്ഷിണപ്രാന്തങ്ങളിലേക്കു നീങ്ങിത്തുടങ്ങി. എല്ലാവരും നിലത്തുനോക്കിക്കൊണ്ടു് ഒരക്ഷരം ഉരിയാടാതെയാണു നടന്നതു്.

അവിടെ എത്തിയപ്പോൾ, ഒരു വരികിടങ്ങു കുഴിച്ചുകൊണ്ടിരുന്നതാണു അവർ കണ്ടതു്. പത്തായിരംപേർ ചെങ്കുപ്പായക്കാരുടെ മേൽനോട്ടത്തിൽ പണിയെടുക്കുന്നുണ്ടായിരുന്നു. നോവിക്കോവു് ഉൾപ്പെട്ടിരുന്ന കൂലിപ്പട്ടാളം ഒരു മൈൽ അകലത്തേക്കു പിന്നെയും നീങ്ങിയ ശേഷം, മുള്ളുകമ്പി വേലികൾ ഇട്ടിരുന്ന സ്ഥലത്തു് കിടങ്ങുകൾ കുഴിക്കാൻ നിയോഗിക്കപ്പെട്ടു.

പേവലും ഫിയൊഡോറും ശക്തിയുള്ളേടത്തോളം പണിയെടുത്തു. അമ്മ ഇടയ്ക്കിടെ വേല നിറുത്തി കിതച്ചുകൊണ്ടിരുന്നു. എല്ലാവർക്കും മദ്ധ്യാഹ്നഭക്ഷണം നൽകപ്പെട്ടു. വൈകുന്നേരത്തെ ഹാജർവിളി കഴിഞ്ഞാൽ എല്ലാവരെയും പൊയ്ക്കൊൾവാൻ അനുവദിക്കുമെന്നായിരുന്നു അവരുടെ വിചാരം. പക്ഷേ അങ്ങനെ സംഭവിച്ചില്ല. ജോലി തീർന്നതിനു ശേഷവും ജനങ്ങൾ അണിയായി വളരെ നേരം നിൽക്കേണ്ടിവന്നു. ഉഗ്രമായ ഒരു കാററു വീശിത്തുടങ്ങി. കാർമേഘങ്ങൾ പാറി പറക്കുന്നതും കാണാമായിരുന്നു.

ഒടുവിൽ ഷൂബരേവും രണ്ടു സഹചാരികളും കുതിരപ്പുറത്തു വന്നു നിന്നു. അയാൾ പറഞ്ഞു്, "ബുദ്ധിശാലികളേ! ജോലിയെല്ലാം സുഖമായിരുന്നില്ലേ? ശരി, ഞാൻ പേർ വിളിക്കുന്നവർ പത്തടിവീതം മുന്നോട്ടു നീങ്ങിനിൽക്കണം: കോമാറോവ്, ലബഡേവ്, റൂഡാക്കു്."

ഈ മൂന്നു പേർ മുന്നോട്ടു നീങ്ങിനില്പായി. എന്തിനാണിങ്ങനെ നിറുത്തിയതെന്നു് ആർക്കും അറിഞ്ഞുകൂടായിരുന്നു.

അപ്പോൾ പ്രമാണി പറഞ്ഞു: "കോമാറോവ്, നിങ്ങളുടെ യഥാർത്ഥ പേർ എന്തു്?"

അല്പനേരത്തേയ്ക്കു് ഒരു മൗനം വ്യാപിച്ചു. ഡോൺ നദിയിൽക്കൂടി പൊയ്ക്കൊണ്ടിരുന്ന ഒരു ആവിക്കപ്പലിൻെറ ചൂളം വിളി മാത്രം കാററിൽ ഒഴുകിവന്നു.

"എന്താണീ ചോദ്യത്തിൻെറ അർത്ഥം? ഞാൻ കോമാറോവ് തന്നെ" എന്നു് അയാൾ മറുപടി പറഞ്ഞു.

"നിങ്ങൾ കള്ളം പറയുന്നു. നിങ്ങളുടെ പേർ നിക്കോളെയ് വായിൽട്ട്സേവ് എന്നാണു്. ലഫ്ടനൻറ് കേണൽ നിക്കോളേയ് വായിൽട്ട്സേവാണു നിങ്ങൾ. എന്നു പറയുന്നു."

"അതു് സത്യമല്ല, അശേഷം സത്യമല്ല, എൻെറ പേർ കോമാറോവ് എന്നുതന്നെ."

"ഛീ! മിണ്ടിപ്പോകരുതു മൃഗമേ! മരണത്തിൻെറ വായിലും നീ കപടം പറയുന്നു അല്ലേ? അതുകൊണ്ടു് യാതൊരു ഫലവുമില്ല."

ഷൂബറേവിൻെറ വദനം അരുണമായി. കൂലിപ്പണിക്കാരെ നോക്കി അയാൾ വീണ്ടും പറഞ്ഞു: "നിങ്ങളുടെ കൂട്ടത്തിൽ ഗവർമ്മെൻറു് കക്ഷിക്കാരായ മൂന്നു് ആഫീസർമാരെ ഞങ്ങൾ കണ്ടുപിടിച്ചതാണിവർ മൂവരും. ഈ ജനദ്രോഹികൾ ഉടനടി വധിക്കപ്പെടും."

ഇതു കേട്ടപ്പോൾ ജനങ്ങളുടെ ശ്വാസം നിന്നതുപോലെ ആയി. ഒരു സ്ത്രീ പൊട്ടിക്കരയുന്ന ശബ്ദം കേൾക്കപ്പെട്ടു. സംതൃപ്തനായ മട്ടിൽ ഷൂബറേവ് പറഞ്ഞു: "ഇത്തരക്കാർ ഇനിയും നിങ്ങളുടെ കൂട്ടത്തിലുണ്ടായിരിക്കും. യഥാവസരം ഞങ്ങൾ അവരെ കണ്ടുപിടിച്ചു ശിക്ഷിക്കുന്നതായിരിക്കും."

ഷൂബറേവിൻെറ സഹചാരികളിലൊരുവൻ അയാളോടു് എന്തോ മന്ത്രിച്ചു. അപ്പോൾ അയാൾ ഉച്ചത്തിൽ പറഞ്ഞു: "അത്ര ദൂരെയെങ്ങും ഇവരെ കൊണ്ടുപോയിട്ടാവശ്യമില്ല. ഈ ജനങ്ങളുടെ മുമ്പിൽവച്ചുതന്നെ കഥ കഴിച്ചേക്കുക. മററുള്ളവർക്കു് ഒരു നല്ല പാഠമായിരിക്കട്ടെ. ശത്രുപക്ഷീയരോടു്

നമുക്ക് യാതൊരു കാരുണ്യവും ഇല്ലെന്നു് എല്ലാവരും അറിയണം."

പെട്ടെന്നു കോമാറോവ് മുന്നോട്ടു ചെന്നു് ഷൂബറേവിൻെറ മുമ്പിൽ മുട്ടുകുത്തിക്കൊണ്ടു് "അയ്യോ എന്നെ കൊല്ലരുതേ! കരുണയുണ്ടാകണേ! എൻെറ ഭാര്യയും കുട്ടികളും വോറോനേഴിൽ പാർക്കുന്നു. അവർക്കുവേണ്ടിയെങ്കിലും എന്നെ കൊല്ലാതിരിക്കണേ!" എന്നു് ദീനദീനം യാചിച്ചു. ഷൂബറേവിൻെറ മുഖത്തു് അറപ്പും പരിഹാസ്യവുമാണു് നിഴലിച്ചതു്. അയാൾ പറഞ്ഞു: "എണീക്കു്, പെരുങ്കള്ളാ!" കുററവാളികളിൽ മററൊരുവൻ കോമറേവിനെ സമീപിച്ചു്, "കോമറേവ്, ഇതു് മഹാ കുററത്തിൽ തന്നെ. എഴുന്നേല്ക്കുക" എന്നു പറഞ്ഞു പൊക്കിനിറുത്താൻ യത്നിച്ചു. കോമറേവ് അതിനു വഴിപ്പെട്ടില്ല. അയാൾ ഷൂബറേവിൻെറ കാലിൽ പിടിച്ചുകൊണ്ടു് വീണ്ടും കരുണകരുണം അപേക്ഷിച്ചു. ഷൂബറേവാകട്ടെ, കുതിരപ്പുറത്തിരുന്നുകൊണ്ടുതന്നെ ഒരു തൊഴി കൊടുക്കുകയും കോമറേവ് മറിഞ്ഞുവീഴുകയും ചെയ്തു. ഉത്തരക്ഷണത്തിൽ ഷൂബറോവ് റിവോൾവർ കൈയിലെടുത്തു് കോമറേവിൻെറ മണ്ടയ്ക്കു നീട്ടി. "അയ്യോ" എന്നു് അയാൾ നിലവിളിച്ചതും വെടി പൊട്ടിയതും ഒപ്പം കഴിഞ്ഞു. കോമറോവിൻെറ ശവം കുതിരയുടെ കാലിനു സമീപം കിടക്കുന്നതു കാണപ്പെട്ടു.

ഫിയൊഡോർ പിതാവിൻെറ അരികിലേക്കു ചേർന്നുനിന്നു. അയാൾക്കു് എന്തോ ഒരു വല്ലായ്മ! "എന്താണീക്കണ്ടതു്" എന്നു പേവൽ നിരുദ്ദേശമായി ചോദിച്ചു. ആരെന്തു പറയാനാണു്? ഷൂബറേവിൻെറ മററൊരാജ്ഞ പുറപ്പെട്ടു. "ശവം ഉടനെ മാററുവിൻ— ശേഷിച്ച രണ്ടുപേരെയും ദൂരെയുള്ള കല്ലുമടയിൽ കൊണ്ടുപോയി വധിച്ചേക്കുക— ഇന്നത്തേമേളം ഇങ്ങനെ നില്ക്കട്ടെ."

ഇതുകൂടി കേട്ടപ്പോൾ ഫിയോഡോർ പ്രജ്ഞയററു വീണുപോയി. സ്വബോധം വന്നപ്പോൾ അയാൾ കണ്ടതു കണ്ണീരൊലിപ്പിച്ചുകൊണ്ടു് ശുശ്രൂഷിക്കുന്ന മാതാവിനെയാണു്. "കുഞ്ഞേ! നിനക്കു ബോധംവീണോ? ഓ! ദൈവം രക്ഷിച്ചു"

എന്നവർ സമാധാനപ്പെട്ടു. ഫിയൊഡോർ തലപൊക്കിനോക്കിയപ്പോൾ കണ്ടതു് കൂട്ടംകൂട്ടമായി നഗരത്തിലേക്കു തിരിച്ചു പോകുന്ന കൂലിപ്പണിക്കാരെയായിരുന്നു. അയാളുടെ സമീപത്തായി അച്ഛനും നില്ക്കുന്നുണ്ടായിരുന്നു.

"എനിക്കു വളരെനേരത്തേക്കു ബോധക്കേടുണ്ടായോ?" എന്നയാൾ ചോദിച്ചു.

"ഇല്ല, രണ്ടുമിനിട്ടുമാത്രം." ഫിയൊഡോർ എഴുന്നേററു—അയാൾക്കു് എന്തെന്നില്ലാത്ത ഒരു ക്ഷീണം. "നിനക്കുമാത്രമല്ല ബോധക്ഷയം സംഭവിച്ചതു്" എന്നു പിതാവു അയാളെ ആശ്വസിപ്പിച്ചു. അനന്തരം അവർ സ്വഗൃഹത്തിലേക്കു യാത്രയായി.

അന്നത്തെ വേലക്കാരുടെ കൂട്ടത്തിൽ ഒരു കുതിരപ്പടയാളിയും ഉണ്ടായിരുന്നു. അയാൾ കള്ളപ്പേരു കൊടുത്തിരിക്കുന്ന വിവരം ഫിയൊഡോറിനു് അറിയാം. ഈ "ഹുസ്സാറി"നെ ഫിയൊഡോറിനു നേരത്തേ പരിചയമുണ്ടു്. അയാളെപ്പററി ഫിയൊഡോറിനു് അത്ര മതിപ്പില്ലായിരുന്നു. അതിനാൽ അയാൾ ഫിയൊഡോറിനെ ഭയപ്പെടാൻതുടങ്ങിയിരുന്നു. തൻെറ യാഥാത്ഥ്യം വെളിപ്പെടുത്തിയെങ്കിലോ എന്നായിരുന്നു ഹുസ്സാറിൻെറ ഭീതി. അയാളും നോവിക്കോവു് കുടുംബക്കാരെ അനുഗമിച്ചു. പരവശയായ അമ്മ, പിതാവിൻെറ സഹായത്തോടുകൂടി ചാഞ്ഞും ചരിഞ്ഞും നടക്കുന്നതു് ഫിയൊഡോറിനെ വേദനപ്പെടുത്തി.

നേരം ഇരുട്ടിക്കഴിഞ്ഞു. ആരോ ഒരാൾ തങ്ങളെ പിൻതുടരുമ്പോലെ ഫിയൊഡോറിനു തോന്നി. ചില അനക്കങ്ങൾ കേട്ടു തിരിഞ്ഞുനോക്കിയെങ്കിലും ആരെയും അയാൾ കണ്ടില്ല. എങ്കിലും അയാളുടെ സംശയം വർദ്ധിച്ചുവന്നതേയുള്ളു. കുററാക്കൂരിരുട്ടിലേക്കു് ഫിയൊഡോർ കൂടെക്കൂടെ തിരിഞ്ഞുനോക്കുന്നതു് പിതാവിൻെറ ശ്രദ്ധയിൽപെട്ടു. "നീ എന്താണു് ഇടയ്ക്കിടെ തിരിഞ്ഞുനോക്കുന്നതു്?" എന്നു പിതാവു ചോദിച്ചു.

"ആരോ നമ്മെ പിൻതുടരുമ്പോലെ തോന്നുന്നു. അച്ഛനു തോന്നുന്നില്ലേ?" എന്നായിരുന്നു മറുപടി. "ഇല്ല, ഞാൻ

ആരെയും കാണുന്നില്ല,'' എന്നു പിതാവു് പറഞ്ഞു. എങ്കിലും സംശയം ഫിയൊഡോറിനെ പിന്നെയും അലട്ടിക്കൊണ്ടിരുന്നു. അയൽക്കാരെ ആരെയും വഴിയിലെങ്ങും കാണ്മാനില്ല. മാൎഗ്ഗം ജനശ്രൂന്യമായിരിക്കുന്നു.

''നമുക്കു് അടുത്തുള്ള വല്ല വീട്ടിലും മുട്ടിവിളിച്ചാലോ?'' എന്നു ഫിയൊഡോർ ചോദിച്ചു. ''എന്തിനു്?'' എന്നായി പിതാവു്. ''നിശ്ചയമായും ആരോ നമ്മെ പിൻതുടരുന്നുണ്ടു്'' ''ഛീ! അബദ്ധം. എല്ലാം നിൻെറ വിചാരമാണു്. നമ്മെ പിൻതുടൎന്നിട്ടു് ആൎക്കെന്തുവേണം? നീ ആകപ്പാടെ ആളുമാറി പ്പോയിരിക്കുന്നു. അതു നിൻെറ കുററമല്ല. ഇന്നത്തേ സംഭ വങ്ങൾ അത്തരത്തിലായിരുന്നു.''

''അച്ഛാ, അങ്ങനെയല്ല, എൻെറ ഭീതികൊണ്ടുള്ള തോ ന്നലല്ല.'' ഇത്രയും പറഞ്ഞപ്പോൾ ഒരു അവ്യക്തസ്വരൂപം വഴിവിളക്കിൻെറ വെളിച്ചത്തിൽനിന്നും ഇരുട്ടിലേക്കു പതു ങ്ങുന്നതു ഫിയൊഡോറും മാതാപിതാക്കന്മാരും കണ്ടു. ''അതാ, കണ്ടോ, അതു് ഹുസ്സാറാണു്,'' എന്നു ഫിയൊഡോർ പറഞ്ഞു. ''നമുക്കു് ഓടി രക്ഷപ്പെടണം. നമ്മുടെ ജീവൻ അപകട ത്തിലാണു്. നമ്മുടെ ശത്രുവാണയാൾ. അയാളുടെ കൈവശം തോക്കുണ്ടായിരിക്കും.''

''ഹുസ്സാറോ? ഏതു ഹുസ്സാർ? നീ ആരെപ്പററിയാണു പറയുന്നതു്? എനിക്കൊരുപിടിയും കിട്ടുന്നില്ല.''

ഈ വാക്കുകൾ ഹുസ്സാറും കേട്ടിരിക്കണം. അയാൾ ഒളി ച്ചുനില്ക്കാതെ നേരെ അവരുടെ പിറകേ നടന്നുതുടങ്ങി. എല്ലാവരും ഓടി. ഇനി, വീട്ടിലേയ്ക്കധികം ദൂരമില്ല. അ വർ അടുത്ത വഴിവിളക്കിൻെറ പ്രകാശവലയത്തിനുള്ളിലായി.

''ഒരററംചേൎന്നു നടക്കാം. ഇരുട്ടിലേക്കു് അല്പംകൂടി നീങ്ങും,'' എന്നു് പറഞ്ഞു ഫിയൊഡോർ അച്ഛൻെറ കൈക്കു പിടിച്ചു. അദ്ദേഹം ഭാൎയ്യയുടെ കൈക്കും പിടിച്ചു. അതി നിടയിൽ ഒരു വെടി പൊട്ടി. ഫിയൊഡോർ കുനിഞ്ഞു നില ത്തു കിടന്നു. രണ്ടാമത്തേ വെടി പൊട്ടിയതോടുകൂടി അച്ഛൻ നിലംപതിക്കുകയും അമ്മയും അച്ഛൻെറ പിറകേ വീഴുകയും ചെയ്തു.

“അയ്യോ” എന്നു പിതാവു നിലവിളിച്ചു. ഫിയൊഡോർ അവരന്റെ സമീപത്തേക്കു് ഇഴഞ്ഞുനീങ്ങി. അടുത്തുള്ള വീട്ടുകളിലേ കതകുകൾ തുറന്നു് പലരും ഓടിയെത്തി. അപ്പോൾ ഒരു കറുത്ത രൂപം ഇരുട്ടിൽ മറയുന്നതു ഫിയൊഡോർ കണ്ടു. “പിടിക്കിൻ, പിടിക്കിൻ, ഹസ്സാറിനെ പിടിക്കിൻ, അയാൾ അതാ ഓടുന്നു,” എന്നു് ഫിയൊഡോർ മുറവിളി കൂട്ടിയപ്പോൾ രണ്ടുപേർ ഹസ്സാറിന്റെ പിറകെ പാഞ്ഞു.

“അയ്യോ, എന്താണൊന്നും മിണ്ടാത്തതു്?” എന്നു ചോദിച്ചുകൊണ്ടു് ഫിയൊഡോറിന്റെ മാതാവു് പേവലിന്റെ മുഖത്തു് അശ്രുക്കൾ പൊഴിച്ചു. ആ സ്ത്രീ അദ്ദേഹത്തിന്റെ കോട്ടിന്റെ ബട്ടൺ ഊരിയപ്പോൾ ഇടത്തേ നെഞ്ചിൽനിന്നു് രക്തം വാർന്നു് ഷർട്ട് നനഞ്ഞിരിക്കുന്നതുകണ്ടു. അദ്ദേഹത്തിന്റെ ശരീരം ഇടയ്ക്കിടെ ഞെട്ടി വിറയ്ക്കുന്നുണ്ടായിരുന്നു. ക്രമേണ ഞെട്ടൽ കുറഞ്ഞുവന്നു. “ഓടിച്ചെന്നു് ഒരു ഡാക്കുരെ വിളിച്ചുകൊണ്ടുവരിക.” എന്നൊരാൾ വിളിച്ചുപറഞ്ഞു.

“ഹാ, ഇതു നോവിക്കോവാണല്ലോ” എന്നു മറെറാരു ശബ്ദവും ഉയരുകയുണ്ടായി. ആക്കിമോവിന്റെ ശബ്ദമാണു് രണ്ടാമതു് കേട്ടതു്. വെടിയും ലഹളയും കേട്ടു് അയാൾ പാഞ്ഞുവന്നതാണു്. ആക്കിമോവു് പേവൽ നോവിക്കോവിന്റെ നാഡി പരിശോധിച്ചു— “മരിച്ചിട്ടില്ല, വേഗം മുറിവിൽ ഒരു കെട്ടുകെട്ടി രക്തപ്രവാഹം നിൽക്കണം— ഡാക്ടർ വരുന്നതുവരെ,” എന്നു് ആക്കിമോവു് ആവശ്യപ്പെട്ടു.

ഫിയൊഡോർ ഷർട്ടു വലിച്ചുകീറി ആക്കിമോവിന്റെ കൈയിൽ കൊടുക്കുകയും അയാൾ കെട്ടുകയും ചെയ്തു. “ഇനി നമുക്കു വീട്ടിലേക്കു പോകാം, വഴിയിൽ ഇങ്ങനെ കൂട്ടംകൂടണ്ട,” എന്നു പറഞ്ഞു് ജനങ്ങളുടെ സഹായത്തോടുകൂടി ആക്കിമോവും ഫിയൊഡോറും നോവിക്കോവിന്റെ ശരീരവും വഹിച്ചു് സാവധാനം നടന്നു വീട്ടിലെത്തി. ഡാക്ടർ എത്തിയപ്പോഴേയ്ക്കും പേവൽ മരിച്ചുകഴിഞ്ഞിരുന്നു.

# അദ്ധ്യായം ആറ്

പേവൽ നോവിക്കോവിൻെറ ശവസംസ്കാരം പിറേറദിവസം നടത്തപ്പെട്ടു. ആക്കിമോവ് വിപ്ലവക്കമ്മിററിയെ വിവരം അറിയിക്കുകയും ഒരു കല്പന കൊണ്ടുവരികയും ചെയ്തിരുന്നു. "പേവലിൻെറ സംസ്കാരത്തിൽ സംബന്ധിക്കാൻവേണ്ടി അദ്ദേഹത്തിൻെറ ഭാര്യ മെറിയായ്ക്കും മകൻ ഫിയൊഡോറിനും ഇരുപത്തിനാലുമണിക്കൂർനേരത്തേ ജോലിയിളവ് അനുവദിച്ചിരിക്കുന്നു" എന്നായിരുന്നു ഉത്തരവ്.

സംസ്കാരച്ചടങ്ങിൽ വളരെ കുറച്ചുപേരേ സംബന്ധിക്കയുണ്ടായുള്ളു; അദ്ദേഹത്തിൻെറ പത്നിയും മക്കളും ആക്കിമോവും കുറെ ചെറുപ്പക്കാരും മാത്രം, സ്നേഹിതന്മാരെല്ലാവരും റോസ്റ്റോവിൽനിന്നും ഓടി ഒളിക്കുകയോ കിടങ്ങു കുഴിയ്ക്കലിൽ ഏർപ്പെടുകയോ ചെയ്തിരുന്നു. ഒരു പുരോഹിതനെ ലഭിച്ചെങ്കിലെന്നു് മെറിയാ വളരെ ആഗ്രഹിച്ചു. എന്നാൽ പുരോഹിതവർഗ്ഗം ഒന്നോടെ ഭൂഗർഭത്തിൽ അന്തർദ്ധാനംചെയ്തുപോലെയാണു തോന്നിയതു്. ഒററയാളെയും പുറത്തെങ്ങും കാണാനുണ്ടായിരുന്നില്ല. ചില പലകക്കഷണങ്ങൾ അടിച്ചുകൂട്ടി ആക്കിമോവ് ഒരു ശവപ്പെട്ടിയുണ്ടാക്കി ശവം അതിൽ നിക്ഷേപിച്ചു. പെട്ടി കുഴിയിലിറക്കിവച്ചതിനുശേഷം ആക്കിമോവ് തൊപ്പിയൂരി കയ്യിൽവച്ചുകൊണ്ടു് ഇപ്രകാരം സംസാരിച്ചു. "അങ്ങനെ, പേവൽ നോവിക്കോവ് എന്ന പൌരൻ മൃതിയടഞ്ഞു. ദുഷ്ടനായ ഒരു ഉദ്യോഗസ്ഥഘാതകൻെറ വെടിയേററാണു് അദ്ദേഹം വീണതു്. ഒന്നുനോക്കിയാൽ, അതും ഒരു ഗുണത്തിനായിരിക്കാം. ആരറിഞ്ഞു കാര്യം! ഈ ദുർഘടംപിടിച്ചകാലത്തു് ജീവിക്കാനല്ലായിരിക്കാം അദ്ദേഹം ജന്മമെടുത്തതു്. എനിക്കു് അദ്ദേഹവുമായി ഏതാനും മണിക്കൂർ നേരത്തെ പരിചയമേയുള്ളു. എന്നാൽ അദ്ദേഹം ഒരു നല്ല മനുഷ്യനായിട്ടാണു് എനിക്കനുഭവപ്പെട്ടതു്. ഇത്ര പെട്ടെന്നു മരിച്ചതു കഷ്ടമായി. പൌരനായ നോവിക്കോവ്! അങ്ങു് ശാന്തനായി നിദ്രചെയ്യുക! അങ്ങേയ്ക്കുവേണ്ടി എല്ലാ ദുരിതങ്ങളും ഞങ്ങൾ അനുഭവിച്ചുകൊള്ളാം. ആമ്മേൻ."

അതിനുശേഷം ആക്കിമോവ് സ്വന്തം കയ്യിൽ തുപ്പീട്ട് ഒരു മൺവെട്ടിയെടുത്തു് ശവക്കുഴി മൂടുവാൻ തുടങ്ങി— ശവപ്പെട്ടിയിൽ മണ്ണുവിഴുന്ന ശബ്ദം കേട്ടപ്പോൾ ഫിയൊഡോർ കിടുങ്ങിപ്പോയി. എന്നാൽ അയാൾ കരയുകയും വിളിക്കുകയും ചെയ്തില്ല— അയാൾ മുഷ്ടി ചുരുട്ടിക്കൊണ്ടു് പിതൃവധത്തിനു പ്രതികാരം ചെയ്യുമെന്നു് മനസാ ശപഥം ചെയ്തു.

കുഴി മൂടിയതിനുശേഷം ആക്കിമോവ് ബർച്ചുവൃക്ഷത്തിന്റെ ഒരു ചെറിയ കൊമ്പു് മണ്ണിൽ കുത്തിനിറുത്തി. "ഈ മരച്ചില്ല വസന്തകാലമാകുമ്പോഴേയ്ക്കും തഴച്ചുവളരട്ടെ" എന്നയാൾ ആത്മാർത്ഥമായി പ്രാർത്ഥിച്ചു. പുതിയ പരിതസ്ഥിതികളിൽ ജീവിക്കാനല്ലായിരിക്കാം പേവൽ നോവിക്കോവ് ജന്മമെടുത്തതെന്നു് ആക്കിമോവ് പ്രസ്താവിച്ചതു് ശരിയായിരിക്കാം. അദ്ദേഹം ജീവിതം നയിച്ചിരുന്ന പഴയ വ്യവസ്ഥിതിയിൽപെട്ട ലോകം തകിടംമറിഞ്ഞു. ഇനി അതു വരികയില്ല. നൂതനലോകം അദ്ദേഹത്തെ ഒരു മിത്രമായിക്കരുതുകയുമില്ല.

ശ്മശാനത്തിൽനിന്നും തിരിച്ചുവന്നപ്പോൾ ആക്കിമോവ് ഫിയൊഡോറിനെ അടുത്തുവിളിച്ച് "നമുക്കു വിപ്ലവക്കമ്മിററിയാഫിസുവരെ ഒന്നു പോകണം. നിങ്ങളെ കാണ്മാൻ ഒരാൾ അവിടെ കാത്തിരിക്കുകയാണു്" എന്നുപറഞ്ഞു.

"അങ്ങനെതന്നെ," എന്നു് ഫിയൊഡോർ ഉദാസീനഭാവത്തിൽ സമ്മതം പ്രകടിപ്പിച്ചു. ആഫീസിൽ പോകുന്നതിന്റെ ഉദ്ദേശം അയാൾക്കു് എന്താണെന്നു് ഊഹിക്കുവാൻ കഴിഞ്ഞിരുന്നു. അവിടെ എത്തിയപ്പോൾ, തന്റെ ജീവിതത്തിലെ ഒരു പ്രധാന ചുവടു വയ്പാണു് താൻ ആരംഭിക്കുന്നതെന്നു് ഫിയൊഡോർ തെല്ലും ധരിച്ചിരിക്കാൻ ഇടയില്ല. അപ്പോൾ അയാൾ ഭൂതകാലബന്ധങ്ങളെല്ലാം ഒരു കത്തികൊണ്ടെന്നവണ്ണം വിച്ഛേദിക്കണം! കഴിഞ്ഞതെല്ലാം മറന്നു്, അമ്മയുടെ മുലപ്പാലോടുകൂടി അയാൾ ഉൾക്കൊണ്ടിരുന്ന ജീവിതാദർശമെല്ലാം സന്മാർജ്ജനം ചെയ്തുകളവാൻ അധികാരികൾ അയാളോടാവശ്യപ്പെടാൻ ഭാവിക്കയായിരുന്നു. മാനം, അന്തസ്സ്, മനസ്സാക്ഷി മുതലായവയെപ്പററി അയാൾക്കുള്ള ബോധവും അഭിപ്രായവും മാററിക്കളയേണ്ട ഘട്ടമായിരുന്നു അതു്.

കമ്മിററിയാഫീസിൻെറ ഇടനാഴിയിൽ കടന്നപ്പോൾ അയാൾക്കു് പ്രത്യേകിച്ചൊരു ഭയമോ വികാരമോ തോന്നിയില്ല. ആകപ്പാടെ മനസ്സ് ശൂന്യമായിരുന്നു, എന്നുമാത്രം. താൻ മററാരാളുടെ ദൃഷ്ടികളിൽക്കൂടി ലോകത്തെ വീക്ഷിക്കുന്നതായും ആ ലോകം താൻ കണ്ടിട്ടില്ലാത്തവണ്ണം നൂതനവും അപരിചിതവുമാണെന്നും അയാൾക്കു തോന്നിത്തുടങ്ങി. അയാൾക്കു് ഒരുവക ആത്മവിസ്മൃതി സംഭവിച്ചു എന്നുപറയാം.

നീണ്ട ഇടനാഴിയുടെ ഒരു കതകിൻെറ മുമ്പിലെത്തിയപ്പോൾ "ഇതാണു് നാം ചെല്ലേണ്ട സ്ഥലം" എന്നു പറഞ്ഞു് ആക്കിമോവ് കതകിൽ ഒന്നു തട്ടി. കതകു തുറന്നു. കൃശനും മദ്ധ്യവയസ്കനുമായ ഒരാൾ അകത്തിരിക്കുന്നു. മുറിയിൽ തണുപ്പധികമായതിനാൽ ആ മനുഷ്യൻ ഒരു ഓവർക്കോട്ട് ധരിച്ചിരുന്നു. പുകവലിയിൽനിന്നുയന്ന ഒരു നീലച്ചരായ വായുവിൽ വ്യാപിക്കുന്നതും കാണാമായിരുന്നു. സഖാവു പോതപ്പോവ്! ഞാൻ പറഞ്ഞ ചെറുപ്പക്കാരൻ ഫിയൊഡോർ നോവിക്കോവാണിതു്." എന്നു് ആക്കിമോവ് റിപ്പോർട്ടുചെയ്തു.

"നന്നായി, സഖാവു ആക്കിമോവ്! ഇനി നിങ്ങൾക്കു പോകാം."

പോതപ്പോവ് ഡസ്കിനരികിലിരുന്നു് തനിക്കഭിമുഖമായി ഒരു കസേരയിലിരിക്കാൻ ഫിയൊഡോറിനോടു് സംജ്ഞാരൂപത്തിൽ ആവശ്യപ്പെട്ടു. അനന്തരം അയാൾ സംഭാഷണം ആരംഭിച്ചു. "ഇന്നാണല്ലോ നിങ്ങളുടെ പിതൃസംസ്കാരകർമ്മം നടന്നതു്. ഞാൻ പൂർണ്ണമായി സഹതപിക്കുന്നു. ഇന്നത്തേ നിലയ്ക്കു ഞാൻ നിങ്ങളെ വളരെനേരം ഇരുത്തി ബുദ്ധിമുട്ടിക്കയില്ല. കുറെനാൾ മുമ്പു് നങ്ങളുടെ പിതാവിനെപ്പററിയുള്ള പല വിവരങ്ങളും എനിക്കു ലഭിക്കാനിടയായി അദ്ദേഹം ഒരു വലിയവൻ ആയിരുന്നു; എന്നുവച്ചാൽ ലോകഗതിയെ സഹായിക്കുന്ന കൂട്ടരിലൊരുവൻ— അങ്ങനെയുള്ള ഒരാളെ നീചനായ ഒരുദ്യോഗസ്ഥൻ കൊലചെയ്തതായി വിചാരിക്കാൻപോലും വയ്യ. നിങ്ങളുടെ വിധിയാണിതു്."

ഫിയൊഡോറിൻെറ മുഖത്തു് ദൃഷ്ടിയുറപ്പിച്ചുകൊണ്ടു് പൌരുഷസ്വരത്തിൽ പോതപ്പോവ് തുടന്നു, "ആ ഘാതകനെ നമുക്കു കണ്ടുപിടിക്കണം. അവനു് നമ്മെ കളിപ്പി

ക്കാൻ ഒക്കുകയില്ല.” വീണ്ടും ശാന്തഭാവം ഭജിച്ചുകൊണ്ടു്, “അയാളുടെ പേർ ബൂർജാക്ക് എന്നല്ലേ അയാൾ പറഞ്ഞതു്?” എന്നു ഫിയൊഡോറിനോടു ചോദിച്ചു.

“അതേ, ആ പേർ വിളിച്ചപ്പോൾ അയാൾ ഹാജർ പറയുന്നതു ഞാൻ കേട്ടു്, എന്നു ഫിയൊഡോർ സമ്മതിച്ചു.

“എന്നാൽ അയാളുടെ പേർ അതല്ല. മൃതിയടഞ്ഞ ഒരു സിവിൽ ഉദ്യോഗസ്ഥൻെറ രേഖകൾ അയാൾ കൈവശപ്പെടുത്തുകയുണ്ടായി. ഒരുവേള ആ ഉദ്യോഗസ്ഥനെ കൊന്നതും അയാൾതന്നെ ആയിരിക്കാം. അങ്ങനെ വരാൻ ധാരാളം ന്യായങ്ങളുണ്ടു്. ഉദ്യോഗസ്ഥന്മാക്കെല്ലാം നമ്മെ വലിയ പേടിയുണ്ടു്. അവർ കേവലം ഭ്രാന്തന്മാരായിത്തീൎന്നിരിക്കയാണിപ്പോൾ. ഈയാൾ എവിടെയോ ഒളിച്ചുപാർക്കുകയാണു്. പക്ഷേ ആ തന്ത്രം അധികം നീണ്ടുനില്ക്കാൻപോകുന്നില്ല. വിശക്കുമ്പോൾ അയാൾ തനിയേ വെളിയിൽവന്നുകൊള്ളും. അങ്ങാടിയിൽചെന്നു് വല്ല ആഹാരപദാൎത്ഥവും നേടാൻ അയാൾ നിർബന്ധിതനായിത്തീരും. വല്ലവരും അയാളെ ഗൂഢമായി പാർപ്പിച്ചിട്ടില്ലാത്തപക്ഷം ഇതാണു് അയാളെ പിടികൂടാനുള്ള തക്കം. അയാൾ ആരുടെ സംരക്ഷണത്തിലായിരിക്കും എന്നുള്ളതിനെപ്പററി നിങ്ങൾക്കു വല്ല വിവരവും ഉണ്ടോ?”

“ഇല്ല, യാതൊരറിവുമില്ല,” എന്നു ഫിയൊഡോർ മറുപടി പറഞ്ഞു.

4732

“അതു കഷ്ടമായി; നിങ്ങൾക്കല്ലാതെ മററാർക്കും അയാളെ തിരിച്ചറിവാൻ സാധിക്കയില്ല. അയാളുടെ ഫോട്ടോവും നമ്മുടെ കൈവശമില്ല. എങ്കിലും അവനെ പിടികൂടുകതന്നെവേണം. റോസ്റ്റോവിൽ ഒററ ഉദ്യോഗസ്ഥൻപോലും ജീവിച്ചിരുന്നുകൂടാ. ഗവമ്മെൻറു സൈന്യനേതാവായ കാലേഡിൻ ഒരാക്രമണത്തിനു വട്ടംകൂട്ടുകയാണു്. നാം വളരെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പോരെങ്കിൽ, നിങ്ങളുടെ പിതാവിൻെറ ആത്മാവു് ഘാതകനോടുള്ള പ്രതിക്രിയയ്ക്കു് ആഹ്വാനം ചെയ്തുകൊണ്ടിരിക്കുകയുമാണല്ലോ.” ഇത്രയും പറഞ്ഞിട്ടു് പോതപ്പോവ് അല്പസമയം മൌനിയായിരുന്നു. ഫിയൊഡോർ

വല്ലതും പറയുമെങ്കിൽ പറയട്ടെ എന്നായിരുന്നിരിക്കാം അയാളുടെ ഉദ്ദേശം. പക്ഷേ ഫിയോഡോർ യാതൊന്നും ഉരിയാടിയില്ല. പോതപ്ലോവ് സംഭാഷണം തുടന്നു: "നമുക്കു യോജിച്ചു പ്രവൎത്തിക്കണം. നിങ്ങളുടെ സഹായം വളരെ ആവശ്യമായിരിക്കുന്നു. നിങ്ങൾ ഞങ്ങളുടെ ഒരാളോടുകൂടി അങ്ങാടിയിലും തെരുവീഥികളിലും ചുററിനടക്കണം. ആ കുതിരപ്പടയാളി നിങ്ങളുടെ വായിൽ വന്നു ചാടുകയില്ലെന്നാരറിഞ്ഞു? ഞങ്ങളെ സഹായിപ്പാൻ നിങ്ങൾ സന്നദ്ധനല്ലേ?"

ഫിയോഡോർ മറുപടി പറയുന്നതിനുമുമ്പ് പോതപ്ലോവ് പറഞ്ഞുതുടങ്ങി— കിടങ്ങുപണിയിൽനിന്നും നിങ്ങളെ പിരിച്ചുവിടുകയും നിങ്ങളുടെ റേഷൻകാർഡ് നിലവിലിരിക്കുകയും ചെയ്യും. അധികം താമസിയാതെ നിങ്ങളുടെ വീടു പൂൎണ്ണമായി ഞങ്ങളുടെ അധീനത്തിലാകും. അപ്പോൾ നിങ്ങൾ താമസം ഒന്നു മാററാതെ നിവൃത്തിയില്ല. നഗരമദ്ധ്യത്തിൽ രണ്ടുമൂന്നു മുറികളോടുകൂടിയ ഒരു വാസസ്ഥലം നിങ്ങൾക്കു തരുന്നതായിരിക്കും. കുതിരലായത്തിലേ പൊറുതിയേക്കാൾ എത്രയോ നല്ലതാണല്ലോ അതു്. നിങ്ങളുടെ വീട്ടിൽനിന്നും ആവശ്യമുള്ള സാധനങ്ങൾ നിങ്ങൾക്കുകൊണ്ടുപോകാം. ഇതിനുവേണ്ട ഏർപ്പാടുകളെല്ലാം ഉന്നതാധികാരികളുമായി ആലോചിച്ചിട്ടു ഞാൻ ചെയ്തുകൊള്ളാം. "ഇത്രയും പറഞ്ഞു നിൎത്തിയിട്ടു് പോതപ്ലോവ് ഫിയോഡോറിന്റെ മുഖത്തു് പിന്നെയും നോക്കി. "ഞാൻ ദയാലുവും നീതിമാനും ആണെന്നു തോന്നുന്നില്ലയോ" എന്ന പ്രശ്നത്തിനു പകരമായിരുന്നു ആ നോട്ടം.

അയാൾ എഴുന്നേററു് ഫിയോഡോറിനു ഹസ്തദാനംചെയ്തിട്ടു് ഇപ്രകാരം പറഞ്ഞു: "നിങ്ങൾക്കു് എന്റെ വിജയാശംസകൾ! കുതിരപ്പടയാളിയെ കണ്ടുപിടിച്ചാൽ നിങ്ങളുടെ മാതാവിനെയും ജോലിയിൽനിന്നു മോചിപ്പിക്കുന്നതാണു്. കുന്താലിപ്പണിചെയ്യാൻ ആ വൃദ്ധ അപ്രാപ്തയാണു്."

അപ്രതീക്ഷിതമായ ഈ പുതിയ പരിപാടി തനിക്കിഷ്ടമാണോ അല്ലയോ എന്നു് ഫിയോഡോറിനു നിശ്ചയിക്കാൻ അവസരമുണ്ടായില്ല. എന്തായാലും വൈമുഖ്യം പ്രകടിപ്പിക്കാ

നുള്ള ധൈര്യം അയാൾക്കില്ലായിരുന്നു. കാര്യങ്ങളെല്ലാം നേരത്തേതന്നെ നിശ്ചയിച്ചിരുന്നതിനാൽ നന്മതിന്മകളെ വിവേചിപ്പാനും ആലോചിപ്പാനും ഫിയൊഡോറിനു സന്ദർഭം ലഭിക്കാതെ പോയി. പോതപ്പോവ് മൃദുലവും എന്നാൽ അർത്ഥഗർഭവും ആയ സ്വരത്തിലാണു് സംസാരിച്ചതു്. അയാൾ ആവശ്യപ്പെട്ടതു് ഒരു തുച്ഛമായ കാര്യം, ഒരു ചെറിയ സഹായം മാത്രം. പോരെങ്കിൽ അതിന്റെ പ്രയോജനം തന്നെക്കാളധികം ഫിയൊഡോറിനാണെന്നുള്ള മട്ടിലുമായിരുന്നു പോതപ്പോവിന്റെ സംസാരം.

---

# അദ്ധ്യായം ഏഴ്

കുതിരപ്പടയാളിയെ പിടികിട്ടി. മഞ്ഞുകാലം ആരംഭിച്ചതിനാൽ ഹിമപിണ്ഡങ്ങൾ പൊഴിഞ്ഞുകൊണ്ടിരുന്നു. ജനങ്ങൾക്കു വിഷമം വർദ്ധിച്ചു. ഫിയൊഡോറും ഒരു ചെങ്കുപ്പായക്കാരനും കൂലിപ്പണിക്കാരുടെ വേഷത്തിൽ ചന്തയിൽ ചുററിത്തിരിഞ്ഞു് ആൾക്കൂട്ടത്തെ പരിശോധിക്കുക പതിവായി. കിടുകിടെ വിറച്ചുകൊണ്ടു് സാധുക്കൾ ഗോതമ്പും ഉരുളക്കിഴങ്ങും വാങ്ങാൻ തിക്കിത്തിരക്കുന്നതു് അവർ കണ്ടു. ഒരു ദിവസം കുതിരപ്പടയാളിയുടെ മുഖം കൂട്ടത്തിൽ പ്രത്യക്ഷപ്പെട്ടു. അയാൾ ജീർണ്ണിച്ച വസ്ത്രങ്ങളോടും പാദരക്ഷകൾ കൂടാതെയുമാണു നിന്നിരുന്നതു്. രണ്ടു പഴയ ചെരിപ്പുകൾ ഉയർത്തിക്കാണിച്ചുകൊണ്ടു്, "ഇതാ, നോക്കുവിൻ, അഞ്ചു റാത്തൽ ഗോതമ്പു തന്നാൽ ഈ ചെരിപ്പുകൾ പകരം തരാം" എന്നു് ക്ഷീണസ്വരത്തിൽ കൂടക്കൂടെ പറയുന്നുണ്ടായിരുന്നു.

ചടച്ചു് വൃത്തിഹീനമായി, ആളറിയാത്തവണ്ണം കഷ്ടതയിൽ നിപതിച്ചുപോയ ആ പടയാളിയെ കണ്ടപ്പോൾ ഫിയൊഡോറിന്റെ വിശുദ്ധ ഹൃദയം ആർദ്രമായി. എന്നാൽ പിതൃഘാതകനോടു തോന്നിയ അനുകമ്പ പെട്ടെന്നുതന്നെ അസ്തമിച്ചു. കൂട്ടുകാരനെ കൈമുട്ടിനാൽ തട്ടിക്കൊണ്ടു് ഫിയൊഡോർ മന്ത്രിച്ചു, "അയാൾ അതാ നില്ക്കുന്നു."

പടയാളി അവരെ കണ്ടുകഴിഞ്ഞു. ഫിയൊഡോറിനെ അയാൾ തിരിച്ചറിയുകയുംചെയ്തു. അയാൾ പെട്ടെന്ന് ആൾക്കൂട്ടത്തിനുള്ളിലേയ്ക്ക് നുഴഞ്ഞുകയറി; പക്ഷേ രക്ഷപ്പെടാൻ സാധിച്ചില്ല. അവർ അയാളെ പിടികൂടുകതന്നെ ചെയ്തു. പിന്നീടുള്ള അയാളുടെ കാര്യത്തെപ്പററി ഫിയൊഡോർ ഒന്നും അറിഞ്ഞുമില്ല.

ഫിയൊഡോറിൻെറ മാതാവ് വേലയിൽനിന്നു മോചിക്കപ്പെട്ടു. ഹസ്സാറിനെ പിടികിട്ടിയ വൃത്താന്തത്തെപ്പററി ഔദ്യോഗികമായ ഒരു റിപ്പോർട്ട് എഴുതിക്കൊടുക്കണമെന്ന് പോതപ്പോവ് ഫിയൊഡോറിനോടാവശ്യപ്പെടുകയുണ്ടായി. കാര്യങ്ങൾ വഷളായിത്തീരാൻപോകുന്നത് അപ്പോഴാണ് ഫിയൊഡോർ മനസ്സിലാക്കിയത്. പക്ഷേ നിവൃത്തിയെന്ത്? അയാൾ വിപ്ലവകക്ഷിയിൽ ഉൾപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

ഒരു ദിവസം ആക്കിമോവ് ഫിയൊഡോറിനെ വഴിയിൽവച്ചു കണ്ടു. "അങ്ങനെ നിങ്ങളും ഞങ്ങളുടെ കക്ഷിയിലായി, ഇല്ലേ?" എന്നു ചോദിച്ചു.

"അതെ, അങ്ങനെയാണു തോന്നുന്നത്."

"എന്ത്? തോന്നുന്നു എന്നോ? ഇനിയും തീർച്ചപ്പെട്ടില്ലേ?"

"ഈവിധത്തിൽ നിങ്ങളുടെ കക്ഷിയിൽ ചേരാൻ ഞാൻ ഉദ്ദേശിച്ചിരുന്നില്ല."

"ഓഹോ, മനസ്സിലായി, അതു കാര്യംതന്നെ. ശത്രുക്കൾ സൂത്രശാലികളും കപടപ്രയോഗവിദഗ്ദ്ധരും ആണ്. അവരെ ഗൂഢതന്ത്രംകൊണ്ടേ അടിപെടുത്താൻ സാധിക്കൂ. അതിനുള്ള തലച്ചോറുള്ള ആളുകൾ — നിങ്ങളെപ്പോലുള്ളവർ — നമുക്കു വേണ്ടിയിരിക്കുന്നു. ബുദ്ധിയും പഠിപ്പുമുള്ളവരാണിപ്പോൾ ആവശ്യം. ഏതായാലും വിഷമിക്കേണ്ട. നിങ്ങൾക്കു സാമർത്ഥ്യം പ്രകടിപ്പിക്കാനുള്ള അവസരം വന്നിരിക്കുകയാണ്.

ഫിയൊഡോർ വിചാരിച്ചു, "ഞാൻ എന്തിനു വിഷമിക്കയും ദുഃഖിക്കയും ചെയ്യുന്നു? ഏതെങ്കിലും ഒരു കക്ഷിപിടിക്കാതെ ഇനി തരമില്ല. ഇപ്പോൾ എല്ലാം പുതിയ സമ്പ്രദായമാണിവിടെ. പഴയമട്ടെല്ലാം മാറിയിരിക്കുന്നു. ക്രൗര്യവും

മൃഗതചവുമാണ് സർവത്ര നടമാടുന്നത്. ആശയങ്ങൾ വല്ലാതെ വ്യത്യാസപ്പെട്ടുകഴിഞ്ഞിരിക്കുന്നു.''

അവർ പിരിഞ്ഞു. ഒരാഴ്ച കഴിഞ്ഞപ്പോൾ ഒരു ഭയങ്കര വാർത്ത കാട്ടുതീപോലെ പരന്നു. ''യഥാഃസ്ഥിതിക കക്ഷിനേതാവായ കലേഡിൻ ആക്രമണം ആരംഭിച്ചിരിക്കുന്നു.''

1917 ഡിസംബർ 8-ാംനു- പീരങ്കികളുടെ മുഴക്കം അകലെ കേൾക്കപ്പെട്ടു. കലേഡിൻെറ സൈന്യം റോസ്റ്റോവിൻെറ ബഹിർവലയങ്ങളെ ഭേദിച്ചു കയറുകയായിരുന്നു. വിപ്ലവകക്ഷി ഉദ്ദേശിച്ചിരുന്നതിനെക്കാൾ എത്രയോമടങ്ങു വലിപ്പമുള്ള ഒരു സൈന്യം സജ്ജീകരിക്കുവാൻ കലേഡിനു കഴിഞ്ഞിരുന്നു. ആ സൈന്യത്തിൻെറ സമരവീര്യം വിപ്ലവകക്ഷികളെ അമ്പരപ്പിച്ചുകളഞ്ഞു.

വളരെ ബുദ്ധിമുട്ടി നിർമ്മിക്കപ്പെട്ട രക്ഷാസങ്കേതങ്ങൾ ഓരോന്നായി തകർന്നു. കിടങ്ങുകൾ തകർന്നുപോകത്തക്കവണ്ണവും കമ്പിവേലികൾ തെറിച്ചുപോകത്തക്കവണ്ണവുമായിരുന്നു തോക്കുകളുടെ പ്രവർത്തനം. വിടവുകളിൽക്കൂടി കലേഡിൻെറ സേനകൾ തുരുതുരെ നഗരത്തിലേക്കു പ്രവഹിച്ചുകൊണ്ടിരുന്നു.

ചെങ്കുപ്പായക്കാർ കയ്യും മെയ്യും മറന്നു പോരാടി, പക്ഷേ ഫലം ഉണ്ടായില്ല. കിടങ്ങുകൾ ഓരോന്നായി ശത്രുക്കളുടെ അധീനത്തിൽപെട്ടു. നഗരത്തിന്നകത്തായി യുദ്ധം. ഓരോ കെട്ടിടവും ശത്രുക്കൾ പിടിച്ചെടുത്തു. റെയിൽവേസ്റ്റേഷൻ മാറിമാറി ഇരുകക്ഷികളും പല തവണ കൈവശപ്പെടുത്തി. എന്നാൽ കലേഡിൻെറ സൈന്യം സാവധാനത്തിലാണെങ്കിലും പുരോഗമിച്ചുകൊണ്ടാണിരുന്നത്. ഒടുവിൽ യുദ്ധം തുടങ്ങി ഏഴാം ദിവസമായപ്പോൾ ചെങ്കുപ്പായക്കാരുടെ പൊടിപോലും റോസ്റ്റോവിൽ കാണ്മാനുണ്ടായിരുന്നില്ലെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ചെങ്കുപ്പായക്കാർ വോറോനേഷ് നഗരത്തെ അഭിമുഖമാക്കി വടക്കോട്ടു് പലായനംചെയ്തു. അവരുടെ കൂട്ടത്തിൽ ഫിയൊഡോർ നോവിക്കോവ് ഉണ്ടായിരുന്നില്ല.

യുദ്ധം ആരംഭിച്ചു മൂന്നു ദിവസം കഴിഞ്ഞപ്പോൾ പോതപ്പോവ് ഫിയൊഡോറിനെ ആഫീസ് മുറിയിലേക്കു വിളിച്ചു

വരുത്തി. ചെങ്കുപ്പായക്കാർക്കു റോസ്റ്റോവ് നഗരം രക്ഷിക്കാൻ സാധിക്കയില്ലെന്നു് അയാൾക്കു് ബോദ്ധ്യംവന്നിരുന്നു. മുറിയിൽ കയറിയപ്പോൾ ഫിയൊഡോർ കണ്ടതു് അടുപ്പിനരികെ കുനിഞ്ഞുനിൽക്കുന്ന പോതപ്പോവിൻെറ കൃശഗാത്രമാണു്. പ്രധാനപ്പെട്ട പ്രമാണങ്ങളും റിക്കാർട്ടുകളും ഓരോന്നായി അയാൾ അഗ്നിസ്സാൽക്കരിക്കുകയായിരുന്നു. അടുപ്പിൽ നിന്നുയർന്ന തീജ്വാലകൾ ആ നമ്രശരീരത്തെ കുറേശ്ശെ പ്രകാശിപ്പിച്ചിരുന്നു. പോതപ്പോവ് ഇപ്പോഴും പുറംകുപ്പായം അലക്ഷ്യമായി ധരിച്ചുകൊണ്ടു് ധൂമപാനംചെയ്യുന്നതു് ഫിയൊഡോർ കണ്ടു.

"ആ! നിങ്ങൾ വന്നു അല്ലേ! നന്നായി," എന്നു് തിരിഞ്ഞുനോക്കാതെയും ജോലിക്കു മുടക്കംവരുത്താതെയും അയാൾ പറഞ്ഞു. അയാൾക്കു് യാതൊരു പരിഭ്രമവും ഇല്ലാത്തതു കണ്ടു് ഫിയൊഡോർ ആശ്ചര്യപ്പെട്ടുപോയി. മുറിക്കു വെളിയിൽ വിപ്ലവക്കമ്മിററിയുടെ വിധിനിർണ്ണായകമായ സമരം നടക്കുന്ന ഭാവംപോലും അയാളിൽ കാണ്മാനുണ്ടായിരുന്നില്ല. ഉണ്ടകൾ അടുത്തുവീണു പൊട്ടുകയും കെട്ടിടങ്ങൾ കുലുങ്ങുകയും കണ്ണാടിച്ചില്ലുകൾ പൊടിയുകയും ചെയ്യുന്നുണ്ടായിരുന്നു.

"നിങ്ങളുടെ കക്ഷിമാററത്തിൽ ഞാൻ അനുമോദിക്കുന്നു. സത്യസന്ധനായ ഒരു ചെങ്കുപ്പായക്കാരനെപ്പോലെ നിങ്ങൾ യുദ്ധംചെയ്തതായി എനിക്കു റിപ്പോർട്ടു ലഭിച്ചിട്ടുണ്ടു്. ഞാൻ അത്യധികം സന്തോഷിക്കുന്നു." ഇത്രയും പറഞ്ഞിട്ടു് ഫിയൊഡോറിൻെറ ഉന്നതവും പൊടിയേററു് മലിനവും ആയ ആകാരത്തെ പോതപ്പോവ് ഒന്നു സൂക്ഷിച്ചുനോക്കി. "ഇനിമേൽ ഞാൻ സഖാവു നോവിക്കോവ് എന്നു് നിങ്ങളെ വിളിക്കുന്നതു് നിങ്ങൾക്കു സമ്മതമായിരിക്കുമല്ലോ."

"അങ്ങയുടെ ഇഷ്ടംപോലെ," എന്നായിരുന്നു ഫിയൊഡോറിൻെറ പ്രത്യുക്തി.

"ശരി, എന്നാൽ ഇനിയൊന്നു പറയാനുണ്ടു്. നമുക്കു് നഗരത്തിൽനിന്നു പിന്മാറേണ്ടിയിരിക്കുന്നു. ഈ പിൻമാററം താൽക്കാലികമാണു്. ഒന്നോ രണ്ടോ മാസത്തിനകം കലേഡിനെ റോസ്റ്റോവിൽനിന്നോടിക്കാൻ നമുക്കു സാധിക്കും.

എന്തായാലും നിങ്ങൾ ഞങ്ങളുടെകൂടെ വരാതെ ഇവിടെത്തന്നെ താമസിക്കണം."

"അതെന്തിനു്?" എന്നു് ഫിയൊഡോർ ഉൽക്കണ്ഠാപൂർവ്വം ചോദിച്ചു.

പോതപ്പോവ് പുഞ്ചിരിയിട്ടു. അയാൾ പുകക്കുഴലിലെ ചാമ്പലെല്ലാം തട്ടിക്കളഞ്ഞിട്ടു് ഇപ്രകാരം പറഞ്ഞു: "അതു് നിങ്ങൾക്കു് ഊഹിപ്പാൻ കഴിയുമെന്നാണു് ഞാൻ വിചാരിച്ചതു്. കാര്യം സ്പഷ്ടമാണല്ലോ. ഞങ്ങൾ സ്ഥലം വിട്ടപ്പോൾ കണ്ണും കാതും വേണ്ടവണ്ണം ഉപയോഗിക്കാൻ കെൽപ്പുള്ള ആളുകൾ ഞങ്ങൾക്കിവിടെ വേണം. ഒരു സഖാവു് നിങ്ങളെ സമീപിച്ചു് എല്ലാം വിവരമായി ധരിപ്പിക്കും. നിങ്ങളുടെ ജോലി എന്താണെന്നു അയാൾ പറഞ്ഞുതരും. കളിപ്പിക്കലൊന്നും അരുതെന്നു ഞാൻ മുൻസൂചന നൽകുന്നു. ഹസ്സാകുതിരപ്പടയാളിയെ പിടികൂടിയതിനെക്കുറിച്ചു് നിങ്ങൾ എഴുതിയ റിപ്പോർട്ടു് ഞങ്ങളുടെ കൈവശം ഇരിപ്പുള്ളതു് നിങ്ങൾക്കറിയാമല്ലോ. അതില്ലെങ്കിൽതന്നെയും ഞങ്ങളെ കബളിപ്പിക്കാൻ നിങ്ങൾക്കു കഴികയില്ല. അതിനുള്ള വഴികളെല്ലാം ഞങ്ങൾ ആലോചിച്ചുവച്ചിട്ടുണ്ടു്. പക്ഷേ അതൊന്നും വേണ്ടിവരുമെന്നു തോന്നുന്നില്ല. ഞാൻ നിങ്ങളെ വിശ്വസിക്കുന്നു."

പോതപ്പോവ് വളരെ സൂക്ഷിച്ചും ശാന്തസ്വരത്തിലുമാണു സംസാരിച്ചതു്. എന്നാലും അടുപ്പിലെ അഗ്നിയാൽ പ്രകാശമാനമായിരുന്ന അയാളുടെ മുഖം ആപൽസൂചകവും ഭീകരവുമാണെന്നു് ഫിയൊഡോറിനു തോന്നിപ്പോയി. അയാളുടെ മുഖഭാവം പൈശാചികമായിരുന്നു. കുഴിഞ്ഞ കണ്ണുകളിൽനിന്നു പുറപ്പെട്ടിരുന്ന നോട്ടങ്ങൾ നിരാർദ്രവും നിശ്ചഞ്ചലവുമായിരുന്നു. ഫിയൊഡോറിനു വല്ലാത്ത അസ്വാസ്ഥ്യം ഉണ്ടായി.

"സഖാവു പോതപ്പോവ്! എന്നെക്കൂടി സൈന്യത്തിലുൾപ്പെടുത്തിക്കൂടയോ? ഒരു ചാരനായിരിപ്പാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. ദൈവം സാക്ഷിയായി പറയുന്നു, ചാരവൃത്തി എനിക്കിഷ്ടമല്ലെന്നു്."

"ചാരനോ! ആരു പറഞ്ഞു ചാരനായിരിക്കണമെന്നു്? ഞങ്ങൾക്കു ചാരന്മാരേയില്ല. ജീവൻ പണയംവയ്ക്കാൻ തയ്യാറുള്ള ആത്മത്യാഗികളാണു് ഞങ്ങൾക്കുള്ളതു്. അവരെല്ലാം യുദ്ധവകുപ്പിൻെറ അതിപ്രധാനമായ രഹസ്യനിരീക്ഷണശാഖയിൽ പ്രവർത്തിക്കുന്നവരുമാണു്." പോതപ്പോവിൻെറ സ്വരത്തിൽ അല്പം കോപരസം കലർന്നിരുന്നതു് ഫിയൊഡോറിനു അനുഭവപ്പെട്ടു. പോതപ്പോവു് തുടർന്നു്: "ഫിയൊഡോർ നോവിക്കോവു്! നിങ്ങൾ ചെറുപ്പമാണു്. മുതലാളി മനോഭാവം നിങ്ങളുടെ ഹൃദയത്തിലും ഒട്ടധികം സ്ഥലംപിടിച്ചിരിക്കുന്നു. അതാണു് നിങ്ങൾ ഇങ്ങനെ മൂഢത്വം പുലമ്പുന്നതു്. കുറെക്കൂടി ഭാവനാശക്തി നിങ്ങൾക്കുണ്ടാകണം. ധീരകർമ്മങ്ങളിൽനിന്നും ഒഴിഞ്ഞുമാറാതെ അവയെ തേടി നടക്കുകയാണു വേണ്ടതു്. ഞാൻ മുമ്പേ പറഞ്ഞ ജോലിയ്ക്കു് മററാരെയുംകാൾ സമർത്ഥൻ നിങ്ങളാണു്. പ്രസിദ്ധ എൻജിനിയറായിരുന്ന പോവൽ നോവിക്കോവിൻെറ പുത്രനായ ഫിയൊഡോർ നോവിക്കോവിനെ യാതൊരുവരും സംശയദൃഷ്ടിയോടെ വീക്ഷിക്കയില്ല."

"അതു് വാസ്തവമായിരിക്കാം, പക്ഷേ ഈ പണിയിൽ എനിക്കു വിജയമുണ്ടാകുമോ എന്നാണു് സംശയം. ഞാൻ യോദ്ധാക്കളുടെ സമൂഹത്തിൽ ഉൾപ്പെടുന്നതായിരിക്കും അധികം പ്രയോജനകരം."

"വേണ്ട, ഞങ്ങൾക്കു ഭടന്മാർ ധാരാളമുണ്ടു്. അവരുടെ കൂട്ടത്തിൽ ചേരാനുള്ള നിങ്ങളുടെ അഭിലാഷം സ്തുത്യർഹം തന്നെ. നിങ്ങളെപ്പോലുള്ള കുലീനന്മാർ അങ്ങനെ പറയുന്നതു കേൾക്കാൻ എനിക്കു കൗതുകമുണ്ടു്. നിങ്ങൾ സ്വമേധയാ ആയുധവും ഏന്തി ഞങ്ങളൊന്നിച്ചു് യുദ്ധത്തിലേർപ്പെട്ടതാണു്, ഈ പുതിയ ജോലിയ്ക്കു് നിങ്ങളെ നിയോഗിക്കാനുള്ള തീരുമാനത്തിലേക്കു് എന്നെ എത്തിച്ചതെന്ന വസ്തുത ഞാൻ നിങ്ങളോടു തുറന്നു പറഞ്ഞുകൊള്ളട്ടെ." ഫിയൊഡോറിൻെറ മുഖത്തു് കണ്ണുപറിക്കാതെ നോക്കിക്കൊണ്ടു് പോതപ്പോവു് പിന്നെയും പറഞ്ഞു: "നിങ്ങൾക്കു കർശനമായ കല്പന തരാൻ എനിക്കു കഴിയും, അതനുസരിക്കാൻ നിങ്ങൾ നിർബന്ധിതനുമാണു്. എന്നാൽ സ്നേഹരൂപത്തിൽ ഇക്കാര്യം

പറഞ്ഞൊതുക്കുകയാണ് നല്ലതെന്നു ഞാൻ കരുതുന്നു—നിർബ ന്ധമൊന്നും കൂടാത്ത മട്ടിൽ.

ഫിയൊഡോർ ഒരു കസേരയിലിരുന്നു് ഉദാസീനനെ പ്പോലെ പറഞ്ഞു: "ശരി, ഉത്തരവും നിർബന്ധവും കൂടാതി രിക്കുകയാണു ഭേദം."

റോസ്റ്റോവിലെ വിപ്ലവക്കമ്മററിയിൽ ഒരു പ്രധാന വ കുപ്പിൻെറ നേതൃത്വമാണ് പോതപ്പോവ് ഏറെറടുത്തിരു ന്നതു്. ബോൾഷേവിക്കു കക്ഷിയുടെ നിഗൂഢ പ്രവർത്തനപ രിപാടികളുടെ പ്രധാന ശാഖയായിരുന്നു അതു്. 1917-ലെ വിപ്ലവത്തിനു വളരെ മുമ്പേതന്നെ അതു് രൂപംപ്രാപിച്ചു കഴി ഞ്ഞിരുന്നു. 1905-ലെ ഒന്നാം വിപ്ലവത്തിനു ശേഷം ലെനി ൻെറ പ്ലാൻ അനുസരിച്ച് സംഘടിക്കപ്പെട്ടതാണതു്. അന്ന ത്തെ തോൽവി വരുത്തിവച്ച പരാജയമനോഭാവവും ഒളിവിൽ പാർത്തിരുന്ന അംഗങ്ങളുടെ ഉന്മേഷഹാനിയും ദൂരീകരിപ്പാൻ ഇത്തരം ഒരു സംഘടന സൃഷ്ടിക്കാൻ ലെനിൻ പ്രേരിതനായി ത്തീർന്നു. അംഗങ്ങളെ ഊർജ്ജസ്വലരാക്കിത്തീർക്കാനും ആ വശ്യംവരുമ്പോൾ ഒരുമിപ്പിക്കാനും ഈ പ്രവർത്തനം പ്രയോ ജകീഭവിക്കുമെന്നായിരുന്നു ലെനിൻെറ അഭിപ്രായം.

1917-ലെ വിപ്ലവത്തിനുശേഷം ഈ സംഘടന വികസി ച്ചു വളരുകയും റഷ്യയിലെങ്ങും ആവിർഭവിച്ച സൈനിക വി പ്ലവക്കമ്മിററികളുടെ അംഗമായിത്തീരുകയുംചെയ്തു. കാർ ണിലോവ്, കലേഡിൻ മുതലായ ശത്രുനായകന്മാരുടെ പ്രവർ ത്തനങ്ങൾ ചാരദൃഷ്ട്യാ ഗ്രഹിക്കുന്നതിനും അവരുടെ പരി ശ്രമങ്ങൾ പരാജയപ്പെടുത്തുന്നതിനും ഈ സംഘടന നിര ന്തരം യത്നിച്ചുകൊണ്ടാണിരുന്നതു്. 1917-ൽ "അഖിലറഷ്യ ൻ അസാധാരണക്കമ്മീഷൻ" എന്ന കുപ്രസിദ്ധ സ്ഥാപന ത്തെ ലെനിൻ സൃഷ്ടിക്കുകയും അതിനു് അപരിമിതമായ അ ധികാരങ്ങൾ നൽകി ഒരു "ചെങ്കുപ്പായഭീതി" നാട്ടിലെങ്ങും വ്യാപരിപ്പിക്കുകയും ചെയ്തു. ആ പ്രസ്ഥാനത്തിൻെറ നേതാ വ് ഫെലിക്സ് സെർസിൻസ്കി എന്നൊരാളായിരുന്നു. വികൃ തരൂപനും ശിലാഹൃദയനും ആയ ഒരു മനുഷ്യൻ. കമ്മീഷ ൻെറ ചുരുക്കപ്പേർ "ചക്കാ" എന്നായിരുന്നു. പാളിററ്ബ്യൂ റോവിൻെറ പ്രധാനായുധമായിരുന്നു ചെക്കാ. സകല പ്ര

തിബന്ധങ്ങളെയും ശിഥിലമാക്കാൻ അതു് പ്രത്യേകം ശ്രദ്ധ പതിപ്പിച്ചുകൊണ്ടാണിരുന്നതു്.

ഫിയൊഡോറിൻെറ വിദ്യാഭ്യാസവും പരിശീലനവും പോതപ്പോവിന്നു് വളരെ ഉപകാരപ്രദമാണെന്നു തോന്നിയിരുന്നു. എന്നാൽ ഫിയൊഡോറിന്നു് തൻെറ യഥാൎത്ഥ മനോഭാവം എന്താണെന്നു് ഇനിയും നിശ്ചയം വന്നിട്ടില്ല. അയാൾ തോക്കുംപിടിച്ചു് ചെങ്കുപ്പായക്കാരുടെ അണിയിൽചേൎന്നു് യുദ്ധംചെയ്തതു വാസ്തവംതന്നെ. എന്നാൽ അതു് ബലവത്തായ ആന്തരപ്രചോദനത്താലല്ല, തൻെറ താൽക്കാലികസ്ഥിതിയെ അടിസ്ഥാനപ്പെടുത്തി ആയിരുന്നു. പോതപ്പോവ് തന്നെ കൊണ്ടുചെന്നു ചാടിച്ച പടുകുഴിയിൽനിന്നു കയറാനുള്ള തീവ്രമായ ആലോചനയുടെ ഫലമായി ചെങ്കുപ്പായക്കാരുടെ കൂട്ടത്തിൽ ചേരുന്നതു മാത്രമേ ഇംഗിതസാദ്ധ്യത്തിനുതകുകയുള്ളു എന്നയാൾ കണ്ടു. ഒരു ചാരനായിരിക്കുന്നതിലും എത്രയോ നല്ലതാണല്ലോ നേൎക്കുനേരെനിന്നു സമരം ചെയ്യുന്നതു്.

ഇങ്ങനെ ഫിയൊഡോർ ഓരോന്നു് ഓൎത്തുകൊണ്ടിരിക്കുമ്പോൾ പോതപ്പോവ് വീണ്ടും മൗനം ഭഞ്ജിച്ചു: “നിങ്ങൾ സംശയഗ്രസ്തനായിരിക്കുകയാണല്ലേ? ചെറുപ്പംകൊണ്ടാണതു്. ഏതായാലും ഞാൻ ഉറച്ചുകഴിഞ്ഞു. ഇതൊരു ശാസ്ത്രീയപരീക്ഷണമാണെന്നുകൂടി ഞാൻ പറയും.”

അപ്പോൾ ആ വീടിന്നു വെളിയിൽ ഒരു ഷെൽ പൊട്ടിച്ചിതറി, ജന്നൽക്കണ്ണാടികൾ പല കഷണങ്ങളായി അകത്തേക്കു തെറിച്ചുവീണു. ഉഷ്ണമുള്ള ഒരു വായുപ്രവാഹം ഫിയൊഡോറിൻെറ മുഖത്തുവന്നടിക്കുകയുംചെയ്തു. അയാൾ കസേരയിൽനിന്നും ചാടി എഴുന്നേററു. പോതപ്പോവ് ഒരുകെട്ടു കടലാസുകൂടി അതിവേഗം അഗ്നിയിൽ സമൎപ്പിക്കുന്നതു കാണപ്പെട്ടു.

“നോക്കുക, അവർ നമ്മെ എത്ര വിഷമിപ്പിക്കുന്നു എന്നു്. എവിടെയാണു് ലക്ഷ്യം വയ്ക്കേണ്ടതെന്നു് ആ പിശാചുക്കൾക്കറിയാം. നമുക്കു് ഒഴിഞ്ഞുമാറാതെ നിവൃത്തിയില്ല. എന്നാലിപ്പോൾ ഞാൻ യാത്രപറയാം. നിങ്ങളുടെ സ്വന്തം വീട്ടിൽ ചെന്നു താമസിച്ചുകൊള്ളുക. ആവശ്യമുള്ളപ്പോൾ

ഞങ്ങളുടെ ആൾ അവിടെ വരും. പോകാൻ വരട്ടെ, നിങ്ങളുടെ തോക്കു ഇങ്ങു തരിക. നിങ്ങൾക്കിനി അതിൻെറ ആവശ്യമില്ല.''

ഇത്രയും പറഞ്ഞ് ഫിയൊഡോറിൻെറ തോക്കും കൈവശപ്പെടുത്തി മുഖം പരന്ന ഒരു ചിരിയോടുകൂടി പോതപ്പോവ് യാത്രയായി. ആ ഭയങ്കര ചിരികണ്ടു് ഫിയൊഡോറിനു വല്ലായ്മയുണ്ടായി. പോതപ്പോവിൻെറ മനോഃലാഘവവും ആത്മവിശ്വാസവുമാണ് ആ ചിരിയിലെങ്ങും നിഴലിച്ചുകണ്ടതു്.

ഫിയൊഡോർ റോസ്റ്റോവിൽതന്നെ പാർത്തു. തൻെറ നിലയെപ്പററി അയാൾ അധികമൊന്നും ചിന്തിച്ചില്ല. എന്തിനു ചിന്തിക്കുന്നു, കാര്യമെല്ലാം തീർച്ചപ്പെട്ടുവല്ലോ. അമ്മയുടെ അനാരോഗ്യം അയാൾക്കു വലിയ അസ്വാസ്ഥ്യം ഉളവാക്കി. ഭർത്താവിൻെറ മരണത്തിനുശേഷം ആ സാധുസ്ത്രീ വളരെവേഗം ക്ഷീണിച്ചുപോയി. വിറച്ചും കൂനിയും എപ്പോഴും മറവി ബാധിച്ചും ദയനീയമായ ഒരവസ്ഥയിൽ അവർ എത്തിയിരുന്നു. ഈ കാര്യം ഫിയൊഡോറിനെ സദാ വ്യാകുലപ്പെടുത്തികൊണ്ടുമിരുന്നു.

---

## അദ്ധ്യായം എട്ട്

ഒരു സായാഹ്നത്തിൽ അവർ അങ്ങാടിയിൽനിന്നു മടങ്ങിവന്നപ്പോൾ നെഞ്ചിൽ അല്പം വേദന തോന്നുന്നതായി പ്പറഞ്ഞു. അതിനാൽ ഭക്ഷണം പാകംചെയ്യുന്ന ജോലി ഫിയൊഡോർ ഏറെറടുത്തു. ആ വൃദ്ധ ശയ്യയെ ശരണം പ്രാപിച്ചു; പിന്നീടവർ എഴുന്നേററുനടക്കുകയുണ്ടായില്ല. ഒരാഴ്ചയ്ക്കുള്ളിൽ അവർ മൃതിയടഞ്ഞു.

കാലം മുന്നോട്ടുനീങ്ങി. രാജ്യത്തിലെ കലാപം ഒട്ടൊന്നു് അവസാനിച്ചു. സർവ്വകലാശാലയിൽ ചേർന്നു പഠിക്കാനുള്ള ഒരു സമ്മതിദാനപത്രം ഫിയൊഡോർ വളരെ വിഷമിച്ചു

സമ്പാദിച്ചു. യുദ്ധകാലം മുഴുവൻ അയാളുടെ ആഗ്രഹവും ഇതുതന്നെ ആയിരുന്നു.

സമ്മതിദാനപത്രം നൽകിക്കൊണ്ടു് നായകൻ പറഞ്ഞു, “സഖാവു നോവിക്കോവ്! നിങ്ങൾ എവിടെ ആയിരുന്നാലും കർത്തവ്യം നിറവേററാൻ ബാദ്ധ്യസ്ഥനാണെന്നു് ഓത്തുകൊൾക. നിങ്ങളുടെ ഉപരിവിദ്യാഭ്യാസത്തിനുവേണ്ട സഹായം ഞങ്ങൾ ചെയ്യുന്നതായിരിക്കും. ഈ രാജ്യത്തെ ഏററവും നല്ല കലാശാലയിലേക്കു്— മോസ്കോ കലാശാലയിലേക്കു്— നിങ്ങളെ അയക്കുകയാണു്. നിശിതബുദ്ധികളായ ആളുകളെ ഞങ്ങൾക്കു് ഇനിയും വേണ്ടിവരും.”

ഫിയെഡോറിൻെറ ആശയം മറെറാരുതരത്തിലായിരുന്നു. റോസ്റ്റോവിൽ താൻ കുടുങ്ങിപ്പോയ വലയത്തിനുള്ളിൽ നിന്നും എങ്ങനെയും വെളിയിൽ ചാടണം— അതിനുവേണ്ടി അയാൾ വിദ്യാസമ്പാദനത്തിൽ അതീവതല്പരനായിത്തീന്നു. ക്രമേണ “ചെക്കാ”തന്നെ വിസ്മരിച്ചേക്കുമെന്നായിരുന്നു അയാളുടെ വിചാരം. പക്ഷേ ഫലം വിപരീതമായിരുന്നു. സവ്വകലാശാലയിൽ പ്രവേശിച്ചു് ഏതാനുംനാൾ കഴിഞ്ഞപ്പോൾ “ചെക്കാ” അയാളുമായി സമ്പക്കം പുലത്താൻതുടങ്ങി. വിദ്യാത്ഥികളെ സദാ ഉററുനോക്കിക്കൊണ്ടും അവരുടെ പ്രവത്തനങ്ങൾ വീക്ഷിച്ചുകൊണ്ടും കൃത്യനിവ്വഹണം ചെയ്യണമെന്നുള്ള ഒരു പ്രത്യേക ജോലികൂടി അയാളിൽ നിക്ഷിപ്തമായി.

അദ്ധ്യാപകരും അദ്ധ്യേതാക്കളും ഫിയെഡോറിൻെറ ധീഷണാവൈഭവത്തെ ബഹുമാനിച്ചു. അയാൾ ആരുടെയും കൂട്ടുപിടിക്കാൻ ശ്രമിച്ചില്ല. അതിനാൽ അയാളോടു അല്പം വെറുപ്പുള്ള ഒരു ന്യൂനപക്ഷവും അവിടെയുണ്ടായിരുന്നു— ശാന്തസ്വരത്തോടും മന്ദസ്മിതത്തോടും സൂക്ഷ്മവീക്ഷണത്തോടും പെരുമാറിയ ഈ സമത്ഥനെ ചിലർ ഭയപ്പെടാതെയുമിരുന്നില്ല.

സവ്വകലാശാലയിലെ “പാർട്ടി”യിൽ ഫിയെഡോറും ഒരംഗമായിച്ചേന്നു. ലെനിൻെറ മരണദിനത്തിലാണു് അയാൾ അതിനുള്ള അപേക്ഷ സമർപ്പിച്ചതു്. “ലെനിൻെറ ആഹ്വാനദിനം” സംബന്ധിച്ചു് അനേകായിരംപേർ അന്നു് പാർട്ടിയിലെ പുതിയ അംഗങ്ങളായി ചേരുകയുണ്ടായി.

Bheemanti lathanam
Best m

ലെനിൻെറ മരണത്തിനുശേഷം സ്റ്റാലിനും ട്രോട്സ്കിയും തമ്മിൽ ഒരു മത്സരം ആരംഭിച്ചു. ട്രോട്സ്കിയുടെ നാമധേയം രാജ്യമെങ്ങും മാറെറാലികൊണ്ടു. അദ്ദേഹം യശസ്സിൻെറ ഉച്ചകോടിയിൽ എത്തിയിരുന്നു. വിദ്യാൎത്ഥികളിൽ പലരും സ്റ്റാലിനെപ്പററി കേട്ടിരുന്നതേയില്ല. ട്രോട്സ്കിയായിരുന്നു അവരുടെ ആരാധ്യപുരുഷൻ. അദ്ദേഹത്തെ പിൻതാങ്ങിക്കൊണ്ടു് പാർട്ടിയോഗങ്ങളിൽ പലരും പ്രസംഗിക്കാറുമുണ്ടായിരുന്നു.

പാർട്ടിയിൽ ചില കുഴപ്പങ്ങൾ ആവിർഭവിച്ചു. ഒരു വക പുതിയ ജനാധിപത്യബോധം ഉടലെടുത്തു. യോഗങ്ങളിൽ കൂസൽകൂടാതെയും അാസ്ററു ഭയപ്പെടാതെയും ഓരോരുത്തർ പ്രസംഗിച്ചുതുടങ്ങി. ചിലർ വെറും ഒച്ചപ്പാടുണ്ടാക്കാൻമാത്രമാണു് പ്രസംഗിച്ചതു്. സ്വാതന്ത്ര്യത്തിൻെറ മാദകലഹരി ചെറുപ്പക്കാരിൽ പലരുടെയും തലയിൽ അടിച്ചുകയറി. ഒരു യോഗത്തിൽ ഭീതികൂടാതെ സംസാരിക്കുന്നതു് സന്തോഷകരമായ ഒരനുഭവംതന്നെയാണു്. യോഗാവസാനത്തിൽ എതിരാളിയുടെ മുതുകിൽ സ്നേഹപൂർവ്വം തട്ടിക്കൊണ്ടു് വെടി പറയുന്നതു് അതിലും സന്തോഷകരം.

എതാനും വർഷങ്ങൾ കഴിഞ്ഞപ്പോൾ സംഗതികളുടെ മട്ടുമാറി. രസിക്കാനും ചിരിക്കാനും ആളില്ലാതായി. കളിയും ചിരിയും എവിടെയോ പോയി മറഞ്ഞു— പ്രസംഗധോരണിക്കാരെ സ്റ്റാലിൻ കക്ഷിക്കാർ പ്രത്യേകം ശ്രദ്ധിക്കുന്ന വിവരം സ്വാതന്ത്ര്യവാദികൾക്കു മനസ്സിലായി. പലരും യാതനകൾ അനുഭവിക്കുന്ന കാൎയ്യവും അവർ കേൾക്കാതിരുന്നില്ല.

ഈ കൂട്ടത്തിലൊന്നും ഫിയൊഡോർ നോവിക്കോവ് ഉണ്ടായിരുന്നില്ല. താൽക്കാലിക സ്വാതന്ത്ര്യത്തിൻെറ മരുമരീചികയിൽവീണൊഴുകിപ്പോകാതിരിക്കത്തക്കവണ്ണം ലോകപരിചയം അയാൾ സമ്പാദിച്ചിരുന്നു. വിദ്യാഭ്യാസത്തിൽ ദത്തശ്രദ്ധനായിരുന്നതിനാൽ പബ്ളിക് പ്രസംഗങ്ങൾ നടത്താൻ അവസരമില്ലെന്നുള്ള ഭാവത്തിൽ അയാൾ ഒഴിഞ്ഞുമാറി നിന്നതേയുള്ളു. ട്രോട്സ്കിക്കക്ഷിയിലോ സ്റ്റാലിൻകക്ഷിയിലോ പ്രത്യേക സ്നേഹിതന്മാരെ സമ്പാദിക്കാതെ അയാൾ കഴിഞ്ഞുകൂ

ടുകയായിരുന്നു. അയാളുടെ രാഷ്ട്റീയോദാസീനതയോർത്തു വിദ്യാൎത്ഥികൾ ആശ്ചൎയ്യപ്പെടാറുണ്ടായിരുന്നു. അവർ അയാളെ ഒരു പ്രത്യേക തരക്കാരനായി കരുതിപ്പോന്നു. എന്നാൽ ഇതിന്നിടയ്ക്കെല്ലാം അയാൾ മത്സരിക്കുന്ന കക്ഷികളുടെ ബലാബലങ്ങളെക്കുറിച്ച് ശരിയായ പഠനം നടത്തിക്കൊണ്ടാണിരുന്നതു്. ട്രോട്സ്കിക്കക്ഷിക്കാർ പ്രസംഗങ്ങളിൽ ഭ്രമിച്ചു നടന്നു. തീപ്പൊരി പ്രസംഗങ്ങൾ നടത്തി ജനതയെ ഇളക്കിവിടുകയായിരുന്നു അവരുടെ പരിപാടി. സ്റ്റാലിൻകക്ഷിക്കാരും പ്രസംഗിച്ചിരുന്നു, എങ്കിലും പശ്ചാത്തല സജ്ജീകരണത്തിലാണു് അവർ കൂടുതൽ ശ്രദ്ധപതിച്ചതു്. അധികാര ദുർമ്മോഹികളും രക്തപിപാസുക്കളും ആയ ഒരുകൂട്ടം ക്രൂരബുദ്ധികളെ ഒന്നിച്ചുകൂട്ടുന്നതിലായിരുന്നു അവർ ഗൂഢപരിശ്രമം നടത്തിക്കൊണ്ടിരുന്നതു്.

സൈന്യബലമില്ലാത്ത പ്രസംഗങ്ങളും വെടിമരുന്നില്ലാത്ത ഷെല്ലുകളും ഒരുപോലെയാണെന്നു് ആഭ്യന്തരസമരങ്ങളിൽ പരിചയമുള്ള ഫിയൊഡോറിനു് അറിയാമായിരുന്നു. അവ വലിയ ഒച്ചപ്പാടുണ്ടാക്കും, ആപത്തൊട്ടില്ലതാനും. ചാരവൃത്തിയിൽ തന്നെ നിയോഗിച്ചിരുന്ന നായകൻ ഒരു സ്റ്റാലിൻ കക്ഷിക്കാരനാണെന്നുള്ള വസ്തുതയെ വെറും യദൃച്ഛാസംഭവമായി അയാൾ പരിഗണിച്ചിരുന്നില്ല. മററുള്ളവർ ഊഹിക്കുകപോലും ചെയ്യുന്നതിനുമുമ്പുതന്നെ അയാൾ സ്റ്റാലിൻെറ വളർന്നുവരുന്ന ശക്തിയെപ്പററി ബോധവാനായിരുന്നു.

ലെനിൻ മരിച്ച് ഒരു കൊല്ലം കഴിഞ്ഞപ്പോൾ നിലപാടെല്ലാം ഫിയൊഡോർ കരതലാമലകംപോലെ കണ്ടുകഴിഞ്ഞു. സ്റ്റാലിൻ വിജയിക്കുകതന്നെ ചെയ്യും. അനന്തരം ഫിയൊഡോർ പ്രബലകക്ഷിയുടെ ഭാഗത്തുചേർന്നു് ശാന്തമായും സ്വാഭാവികമായുമുള്ള ചില പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ തുടങ്ങി. കലഹത്തിൻെറ പൎയ്യവസാനത്തിൽ, പാർട്ടിയുടെയും റഷ്യയുടെയും പരമാധികാരി എന്ന നിലയിലേക്കു സ്റ്റാലിനെ ഉയർത്തിക്കൊണ്ടിരുന്ന രാഷ്ട്റീയ മഹായന്ത്രത്തിലെ അനേകായിരം ചെറുകീലങ്ങളിൽ ഒന്നായിത്തീർന്നു അയാളും.

സർവകലാശാലയിലെ ചരിത്രശാഖയിൽ സമുജ്ജ്വലമായ ശിക്ഷണം പൂർത്തിയായതോടുകൂടി നോവിക്കോവ് സ്വ-

ന്തനഗരമായ റോസ്റ്റോവിലെ കലാശാലയിൽ ഒരു ലക്ചറർ ആയി നിയമിക്കപ്പെട്ടു. ദ്വിഗുണീഭവിച്ച ഉത്സാഹത്തോടു കൂടി അദ്ദേഹം ആ ജോലി ഏറെറടുത്തു. ചാരവൃത്തിയിൽ നിന്നു പിൻവലിയണമെന്നുള്ള വിചാരം പൂർവാധികം ശക്തമായിത്തീരുകയും ചെയ്തു. തനിക്കു കൂടുതൽ സ്വാതന്ത്ര്യവും സൗകര്യവുമുള്ള കാലം സംജാതമായിരിക്കുംപോലെ നോവിക്കോവിനു തോന്നി. എങ്കിലും ഒരു യോഗത്തിൽവച്ച് അദ്ദേഹത്തിൻെറ കർത്തവ്യം വീണ്ടും ഉൽബോധിപ്പിക്കാൻ അധികാരികൾ മറന്നുപോയില്ല. "യാഥാസ്ഥിതിക മനോഭാവക്കാർ വിശ്വസ്ഥരല്ല. അത്തരക്കാരെ പ്രത്യേകം സൂക്ഷിച്ചുകൊള്ളണം. അതാണ് നിങ്ങളുടെ ചുമതല. നിങ്ങൾ വിദ്യാഭ്യാസത്തിൽ ഇനിയും ഉയരണം. നിങ്ങളുടെ ഭാവി ആരുകണ്ടു? കഴിവു മുഴുവൻ ഉപയോഗിച്ചു പരിശ്രമിക്കുക. ഫലിച്ചില്ലെങ്കിൽ അതു് നിങ്ങളുടെ കുററമായി ഗണിക്കപ്പെടുകയില്ല. ഞങ്ങൾ സദാ നിങ്ങൾക്കു തുണയായുണ്ടു്" എന്നും മററും ആയിരുന്നു നോവിക്കോവിനു ലഭിച്ച നിർദ്ദേശങ്ങൾ.

വെറും ഒരു പണ്ഡിതനായിരുന്നാൽമാത്രം മതിയാകയില്ലെന്നു് നോവിക്കോവിന്നു് ഇപ്പോൾ ബോദ്ധ്യമായി. അദ്ദേഹം പരാജിതമനോഭാവത്തോടുകൂടി, വരുന്നതുവരട്ടെ എന്നു കരുതുകയും സന്ദർഭംപോലെ പ്രവർത്തിക്കണമെന്നു തീരുമാനിക്കുകയും ചെയ്തു.

1932-ൽ ഫിയൊഡോർ നോവിക്കോവ് ഒരു പ്രൊഫസറായി ഉയർന്നു. ബുദ്ധിശക്തിയും സ്ഥാനമഹത്വവും ഉപയോഗിച്ച് അദ്ദേഹം "പുരാതന സ്ലാവുവർഗ്ഗക്കാർ" എന്ന വിഷയത്തെ അധികരിച്ച് ഒരു ഗ്രന്ഥം നിർമ്മിച്ചതിൻെറ ഫലമായിരുന്നു ഉദ്യോഗക്കയററം. ചരിത്രമണ്ഡലത്തിൽ "പാർട്ടി രാഷ്ട്രീയ"ത്തിനുള്ള മികച്ച ശക്തിയെപ്പററി അദ്ദേഹത്തിനറിയാമായിരുന്നു. റഷ്യ ഒരു വൻരാഷ്ട്രമായി രൂപാന്തരപ്പെടുവാൻ ഭാവിക്കുന്നതിൻെറ ലക്ഷണങ്ങളെല്ലാം അദ്ദേഹം ദർശിച്ചു. പ്രസ്തുത ലക്ഷണങ്ങൾ സാമാന്യദൃഷ്ടിയിൽ അസ്പഷ്ടങ്ങളും അപ്രധാനങ്ങളും ആയിരുന്നെങ്കിലും അവയുടെ ദൂരവ്യാപ്തമായ ആഘാതത്തെപ്പററി അദ്ദേഹത്തിനു തെല്ലും സംശയമുണ്ടായിരുന്നില്ല.

ഈ ചലനം എത്രത്തോളം സർവംകഷമായിത്തീരാൻ പോകുന്നു എന്നു തീർത്തുപറവാൻ നോവിക്കോവിനു സാധിച്ചില്ലെങ്കിലും കാററിളകിത്തുടങ്ങിയതായും അതിനനുകൂലമായി മുന്നോട്ടു നീങ്ങേണ്ടതായും അദ്ദേഹത്തിൻെറ അന്തഃകരണം അനുശാസിച്ചു. വളരെ വർഷം കഴിയേണ്ടിവന്നു ഈ നയം ഒരു വമ്പിച്ച പ്രചരണായുധമായി വളർന്നുവരാൻ. ചരിത്രം മാത്രമല്ല, സകല വിജ്ഞാനശാഖകളും—ശാസ്ത്രം, വ്യവസായം, കല, കൃഷി, എന്നുവേണ്ട സർവവിഭാഗങ്ങളും ഇതിൻെറ ശക്തിക്കു വിധേയമായിക്കൊണ്ടിരുന്നു.

പൂർവചരിത്രകാരന്മാർ പഴയ പല്ലവിതന്നെ പാടിക്കൊണ്ടിരുന്ന കാലത്താണ് നോവിക്കോവ് വിസ്മയകരമായ ഒരു നൂതനഗാനം ആലപിച്ചതു്. അതിൻെറ പ്രയോഗവിജയം ആശകളെ അതിശയിക്കുകയും ചെയ്തു. താൻ പ്രസ്താവിച്ചതു് സത്യമോ കപടമോ, വിശ്വാസ്യമോ അവിശ്വാസ്യമോ എന്നൊന്നും അദ്ദേഹം ആലോചിച്ചില്ല. ഒററ പ്രശ്നമേ ഉണ്ടായിരുന്നുള്ളു — തൻെറ കൃതി പോലിററ് ബ്യൂറോ അംഗീകരിക്കുമോ ഇല്ലയോ എന്നുള്ളതു്.

ഈ ഉദ്യമത്തിൽ അദ്ദേഹം വിജയശ്രീലാളിതനായി. പ്രസ്തുത ഗ്രന്ഥം പാർട്ടിയുടെ അത്യുന്നതാഭിനന്ദനങ്ങൾക്കു പാത്രീഭവിച്ചു. പ്രവ്ദാ പത്രത്തിലെ ആറു പംക്തികൾ ഈ ഗ്രന്ഥത്തിൻെറ മണ്ഡനരൂപത്തിലുള്ള ഒരു ദീർഘവിമർശനത്തിനു വിനിയോഗിക്കപ്പെട്ടു. പ്രവ്ദായും പോലിററ് ബ്യൂറോവും ഒന്നായിരുന്നതുകൊണ്ടു് പ്രവ്ദായിലെ അഭിപ്രായത്തിനു് സാർവത്രികമായ അംഗീകാരം സിദ്ധിക്കുമെന്നും നിരൂപകന്മാർ ഏതഭിപ്രായക്കാരായിരുന്നാലും ഒരുവനും എതിർത്തു പറകയില്ലെന്നും പ്രവ്ദാ പ്രസ്താവിക്കാൻ വിട്ടുപോയ വല്ല ഗുണാംശങ്ങളും അവശേഷിക്കുന്നുണ്ടെങ്കിൽ അവയെക്കൂടി എടുത്തുകാണിക്കാനല്ലാതെ ആരും മുന്നോട്ടുവരികയില്ലെന്നും നോവിക്കോവിനു നല്ലവണ്ണം അറിയാമായിരുന്നു.

അങ്ങനെ, ഒററക്കുതിപ്പിൽ ഫിയൊഡോർ തൻെറ ചിരപ്രാർത്ഥിതമായിരുന്ന സ്വപ്നലോകത്തിലേക്കു് — പ്രൊഫസർ പദവിയിലേക്കു കാലൂന്നി.

# അദ്ധ്യായം ഒമ്പതു്

പ്രഭാതത്തിൽ എന്തെങ്കിലും ഒരഹിതം സംഭവിച്ചാൽ ആ ദിവസഫലം മുഴുവൻ മോശമാണെന്നനുമാനിക്കാം. അന്നു രാവിലെ, ഒന്നിനു പിറകേ ഒന്നായി രണ്ടു ഗ്രഹപ്പിഴകൾ സംഭവിച്ചു.

സയിൻസസ്സ് അക്കാഡമിയിലെ തന്റെ ഓഫീസിലേക്കു് ഗ്ളുഷാക്കു് കടന്നുചെന്ന ഉടനെ അദ്ദേഹത്തിന്റെ സാങ്കേതിക സഹായികയായ സ്ത്രീ വന്നു പറഞ്ഞു, പാർട്ടിക്കമ്മിററി സിക്രട്ടറിക്കു് അദ്ദേഹത്തെ ഉടൻതന്നെ കാണണമെന്നു്. ഉടൻതന്നെ എന്ന ഭാഗം അവൾ കുറെ ഊന്നിയാണു് പറഞ്ഞതു്. അപ്പോൾ അവളുടെ നിറംകെട്ട കണ്ണുകൾ ക്രൂരമായ ഒരാനന്ദത്താൽ പ്രകാശിക്കുന്നതുപോലെ തോന്നി.

പാർട്ടിക്കമ്മിററി സിക്രട്ടറിയായ മിർസോയനെ കാണാൻ ഗ്ളുഷാക്കു് പുറപ്പെട്ടു. അയാൾ തന്റെ പതിവുപോലെ ഒരു കഷണം പത്രക്കടലാസിൽ ഒരു സിഗററു് തെറുത്തുകൊണ്ടിരിക്കുകയായിരുന്നു. ഏററവും വിലകുറഞ്ഞതും വൃത്തികെട്ടതുമായ പുകയിലയേ മിർസോയൻ ഉപയോഗിക്കയുള്ളു. തന്റെ ലഘുജീവിതനിഷ്ഠയെ വിളംബരംചെയ്യുന്നതിനു് അയാൾ എടുത്ത ഒരു തന്ത്രമായിരുന്നു അതു്. പാർട്ടിക്കമ്മിററി സിക്രട്ടറി എന്ന നിലക്കു് വേണമെങ്കിൽ ഒന്നാംതരം മോസ്കോ സിഗററുകൾ അയാൾക്കു ലഭിക്കുമായിരുന്നുവെങ്കിലും താഴ്ന്ന തരം നാറുന്ന പുകയിലകൊണ്ടയാൾ തൃപ്തിപ്പെട്ടു. "നിങ്ങൾ പഴഞ്ചന്മാരായ ശാസ്ത്രജ്ഞന്മാരിൽ ബോൽഷെവിസത്തിന്റെ ചൈതന്യം കുത്തിവയ്ക്കുവാൻ മോസ്കോവിൽനിന്നു് എന്നെ നിയോഗിച്ചിരിക്കയാണു്" എന്നു് തന്റെ ചുമതലയുടെ ചരിത്രപരമായ പ്രാധാന്യത്തെക്കുറിച്ചു് എപ്പോഴും അയാൾ അനുസ്മരിപ്പിക്കുമായിരുന്നു. പുച്ഛരസപരത്തിലുള്ള അഭിവാദ്യങ്ങളോടെ ഗ്ളുഷാക്കു് എതിരേൽക്കപ്പെട്ടു.

"വരൂ. ഭയപ്പെടാതെ കടന്നുവരൂ. മേത്തരം സിഗററുകൾ വലിച്ചു് തഴക്കംപററിയ നിങ്ങൾക്കു് എന്റെ ഈ

സാധാരണ പുകയിലയുടെ ഗന്ധം ഇഷ്ടപ്പെട്ടന്നില്ലായിരിക്കു മല്ലെ? സാരമില്ല. ക്രമേണ നിങ്ങൾക്കിതും തഴക്കമാകും. വിഴുമുള്ള പുകയില ഇഷ്ടപ്പെടാത്തതു് ചില ക്ഷുദ്രപ്രാണികൾ മാത്രമാണു്."

തന്റെ നേരംപോക്കിൽ വളരെ രസംതോന്നിയപോലെ മിർസോയൻ പൊട്ടിച്ചിരിച്ചു. ഗ്ളൂഷാക്കിനും അതിന്റെ കൂടെ ഒരു പൊള്ളച്ചിരി ചിരിക്കേണ്ടിവന്നു. ചിരിക്കണമെന്നു് അദ്ദേഹത്തിനു് തോന്നിയില്ല. പുകയിലയുടെ വെട ക്കമണംകൊണ്ടു് അദ്ദേഹത്തിന്റെ കണ്ണുകൾ കലിക്കുന്നുണ്ടായിരുന്നു.

സിക്രട്ടറിയുടെ ചിരി പൊടുന്നനവെ നിന്നു. ഒരു ഗൗരവഭാവം അവലംബിച്ചുകൊണ്ടയാൾ കാര്യത്തിലേക്കു കടന്നു.

"സഖാവു് ഗ്ളൂഷാക്കു്, പാർട്ടിബ്യൂറോ നിങ്ങളെ ഒരു കാര്യം ഭരമേല്പിച്ചിരിക്കുന്നു." മിർസോയൻ എപ്പോഴും പാർട്ടി ബ്യൂറോയുടെ പേരിലെ സംസാരിക്കയുള്ളു. എത്ര നിസ്സാരപ്പെട്ട നിർദ്ദേശമായിരുന്നാലും അയാൾ അതു് പാർട്ടിബ്യൂറോയുടെ പേരിൽ അവതരിപ്പിക്കും. ഈ ബ്യൂറോ പാർട്ടികാര്യങ്ങൾ തീരുമാനിക്കുന്നതിനുവേണ്ടി ആഴ്ചയിലൊരിക്കൽ സമ്മേളിക്കണമെന്നാണു് വ്യവസ്ഥ. എന്നാൽ അങ്ങിനെ ഒന്നും പതിവില്ല. എല്ലാ കാര്യത്തിനും മുൻകൂട്ടിയുള്ള തീരുമാനം മുകളിൽ നിന്നു വരും. മിർസോയൻ അതു് യഥോചിതം മററുള്ളവരെ അറിയിക്കും. പക്ഷെ പാർട്ടി ജനാധിപത്യത്തെ വാക്കുകൾ കൊണ്ടുമാത്രം മാനിക്കുന്നതിൽ അയാൾ സദാ ജാഗരൂകനായിരുന്നു. കഴിഞ്ഞ മേയ്ദിനാഘോഷം കഴിഞ്ഞതിൽപിന്നീടു് ബ്യൂറോ കൂടിയിട്ടില്ലെന്നു് അതിലെ ഒരംഗമായ ഗ്ളൂഷാക്കിനറിയാമായിരുന്നെങ്കിലും; കണ്ണുചിമ്മാതെ അദ്ദേഹം മിർസോയന്റെ ഈ സങ്കല്പസൃഷ്ടി അംഗീകരിച്ചു.

സിക്രട്ടറി തുടർന്നു: "മാർക്സ്-എംഗൽസ് ഇൻസ്റ്റിട്ട്യൂട്ടിന്റെ റോസ്റ്റോവ് ശാഖയുടെ ഉൽഘാടനം മററന്നാൾ നടക്കും. അപ്പോൾ നിങ്ങൾ ഒരു റിപ്പോർട്ട് എഴുതിവായിക്കണമെന്നാണു് ബ്യൂറോവിന്റെ തീരുമാനം. ഒരു കാര്യംകൂടി പറഞ്ഞേക്കാം. മോസ്കോവിൽനിന്നു് വലിയ ചില ആളുകൾ

യോഗത്തിൽ പങ്കെടുക്കുന്നുണ്ടാകും. അതുകൊണ്ട് വളരെ ജാഗ്രതയായിരിക്കണം. കുഴപ്പം വല്ലതും ഉണ്ടായാൽ പഴിയേൽക്കേണ്ടിവരുന്നവൻ ഞാനാണ്."

എന്തുകുഴപ്പമുണ്ടായാലും അയാൾ അതിൽനിന്നെല്ലാം തഞ്ചത്തിൽ തലയൂരിക്കൊണ്ടു് കുററം മുഴുവൻ തൻെറ ചുമലിൽ വയ്ക്കുമെന്നു് ഗ്ളുഷാക്കിനറിയാമായിരുന്നു. അയാളുടെ മുഖത്തു സ്ഫുരിച്ച വൈരസ്യഭാവം മനസ്സിലാക്കിയിട്ടെന്ന പോലെ മിർസോയിൻ തുടർന്നു: "പരിഭ്രമിക്കാനൊന്നുമില്ല. നിങ്ങൾ സംഗതികൾ ഒക്കെ ബഹു ജോറാക്കുമെന്നെനിക്കറിയാം." മാർക്സിസം ലെനിനിസം—സോവിയററു് ശാസ്ത്രത്തിൻെറ മാർഗ്ഗദർശി" എന്നതായിരിക്കണം റിപ്പോർട്ടിൻെറ വിഷയം. ബോൾഷെവിസത്തിൻെറ ആഗമനത്തോടുകൂടി ശാസ്ത്രത്തിനുണ്ടായ നേട്ടങ്ങളെക്കുറിച്ചു് പ്രാദേശികമായ ഉദാഹരണങ്ങളും സ്വന്തം അനുഭവങ്ങളും അതിൽ ധാരാളമായി ഉൾക്കൊള്ളിച്ചിരിക്കണം. മനസ്സിലായോ?"

ഗ്ളുഷാക്കിനു മനസ്സിലായി. വിരസവും വിമ്മിഷ്ടകരവുമായ ഒരു പ്രവൃത്തി തൻെറ തലയിൽ വന്നു പെട്ടെന്നും ആ ദിവസം മുഴുവൻ തനിക്കു് ഇരുളടഞ്ഞുപോയെന്നുംകൂടി അദ്ദേഹത്തിനു മനസ്സിലായി. മോസ്കോ യജമാനന്മാർ പങ്കെടുക്കുന്ന ഒരു യോഗത്തിൽ ഒരു റിപ്പോർട്ടെഴുതി വായിക്കുകയെന്നതു് ഗ്ളുഷാക്കിനു് ഇഷ്ടമുള്ള ഒരു കാര്യമായിരുന്നില്ല. എന്നാൽ തിരുവാജ്ഞക്കെതിർവായില്ലല്ലോ. ഭഗ്നഹൃദയനായി അദ്ദേഹം മടങ്ങിപ്പോന്നു. പ്രവൃത്തിയിൽ വ്യാപൃതനായ ഉടനെ രണ്ടാമത്തെ അശുഭസൂചനയും ഉണ്ടായി. ടെലിഫോണിൽ മണിയടിച്ചു. ആരോ അപരിചിതനായ ഒരാൾ രഹസ്യമായ അടയാളവചനം ഉച്ചരിച്ചു. വളരെ ലളിതവും കുറെയൊക്കെ കവിതയുള്ളതുമായിരുന്നു അടയാളവചനം. "നിങ്ങളാണോ പുഷ്പങ്ങൾ ആവശ്യപ്പെട്ടതു്." അടയാളവചനം കേൾക്കാൻ ഇടവരുമ്പോഴൊക്കെ ഗ്ളുഷാക്കിൻെറ ഹൃദയം മരവിച്ചുപോകുമായിരുന്നു. അതു് ഒരു രഹസ്യസന്ദർശനത്തിൻെറ നാന്ദിയായിരിക്കുമെന്നു അദ്ദേഹത്തിനറിയാം. ഒരു രഹസ്യസന്ദർശനത്തെ തുടർന്നു് എന്തും സംഭവിച്ചുകൂടായ്കയില്ല.

"ഇന്നു രണ്ടുമണിക്കു് ബുഡാനി തെരുവും സെന്നായ തെരുവും തമ്മിൽ സന്ധിക്കുന്ന കവലയിൽവച്ചു നമുക്കു തമ്മിൽ കാണണം" എന്ന നിർദ്ദേശം നൽകിയിട്ടു് അപരിചിതൻ ഫോൺ താഴെവച്ചു. അതിവേഗം ഇടിക്കുന്ന ഹൃദയത്തോടുകൂടി മിർസോയൻ യാത്രയായി.

പ്രൊഫസർ നോവിക്കോവും ഗോറിനും തമ്മിൽ പരിചയപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ഗ്ളുഷാക്കിനു ലഭിച്ചു. അതദ്ദേഹത്തെ സ്തബ്ധചിത്തനാക്കി. യാതൊരു വിശദീകരണവുംകൂടാതെ ഡ്റോസ്സ് അങ്ങിനെ ഒരു നിർദ്ദേശം നൽകുകമാത്രമാണുണ്ടായതു്. അതിൻെറ ആന്തരികമായ ഉദ്ദേശം ഏറെക്കുറെ വ്യക്തമായിരുന്നു. നടക്കുന്നവഴി ഡ്റോസ്സിൻെറ ഓരോ വാക്കിനെക്കുറിച്ചും ഗ്ളുഷാക്കു് ചുഴിഞ്ഞാലോചിച്ചു. അയാളുടെ മുഖഭാവത്തെക്കുറിച്ചും അദ്ദേഹം ഓർത്തുനോക്കി. ആ ഓർമ്മകളൊന്നും സാന്ത്വനപ്പെടുത്തുന്നവയായിരുന്നില്ല.

"എൻെറ സ്ഥാനം നോവിക്കോവിനു് കൊടുക്കാനായിരിക്കും അവരുടെ ആലോചന." ഗ്ളുഷാക്കു് ചിന്തിച്ചു. എവിടേയോനിന്നു് പൊന്തിവന്ന ഈ പ്രൊഫസർ നോവിക്കോവിനെക്കുറിച്ചു് ചിലതെല്ലാം അദ്ദേഹം കേട്ടിരുന്നു. എന്നാൽ അയാൾ രഹസ്യപ്പോലീസുമായി ബന്ധപ്പെട്ട ഒരുവനാണെന്നു് ഇപ്പോൾ മാത്രമാണറിയുന്നതു്. ഉയർന്നുവരുന്ന ഒരു സോവിയററു് പണ്ഡിതനായി അയാളെ ആകാശത്തോളമുയർത്തുവാൻ അവർക്കു് താല്പര്യമുണ്ടു്. ഈ ബഹളമെല്ലാം അയാൾക്കുവേണ്ടിയുള്ള കളമൊരുക്കലായിരുന്നു. ഇനി ഇപ്പോൾ തൻെറ സഹായത്തോടുകൂടി അവർ അയാളെ ഗോറിനുമായി പരിചയപ്പെടുത്തും. എന്നിട്ടു തന്നെ പിരിച്ചുവിടും— അവർ തന്നെ ഗോറിനിൽനിന്നു് വളരെ അകലെ ആട്ടിപ്പായിക്കും. എന്താണിനി ചെയ്യുക? കാലിനടിയിൽപ്പെട്ട ഒരു പുഴുവിനെപ്പോലെ ഗ്ളുഷാക്കു് പിടഞ്ഞു. തൻെറ രഹസ്യപ്രവർത്തനങ്ങൾ, രഹസ്യപ്പോലീസുകാർ അവരുടെ കാര്യത്തിനുവേണ്ടി വിനിയോഗിക്കുന്ന ഗോറിനുമായുള്ള തൻെറ ബന്ധം, അതുമാത്രമേ ഒരവലംബമായിട്ടുള്ളൂ. ജീവിതത്തിൽ നേരിടുന്ന ബഹുവിധ പ്രാതികൂല്യങ്ങളിൽ ആകെ ഒരു സഹായ

മുള്ളതു് അതുമാത്രമാണു്. അദ്ദേഹത്തിന്റെ തല കറങ്ങി. "ഞാൻ പരാജയപ്പെടുന്നതു് എന്തുകൊണ്ടാണു്? ആകാവുന്നത്ര ഞാൻ പരിശ്രമിക്കുന്നില്ലേ? എന്നിട്ടും അവർക്കെന്നെ ഇനി ആവശ്യമില്ലാതാകുന്നതെന്താണു്. ഇത്രകാലത്തെ കോട്ടംകൂടാത്ത നേട്ടങ്ങൾക്കുള്ള പ്രതിഫലം ഇതാണോ? ഗ്ളുഷാക്ക് യാത്രതുടന്നു റോസ്റ്റോവിലെ തെരുവീഥികളും കെട്ടിടങ്ങളും അയാളുടെ കൺമുന്നിലോടെ നീങ്ങിക്കൊണ്ടിരുന്നെങ്കിലും അയാൾ അവയൊന്നുംതന്നെ കണ്ടില്ല. പരിചിതരായ പലരും അദ്ദേഹത്തെ അഭിവാദ്യം ചെയ്തു. യാന്ത്രികമായി അവരെ പ്രത്യഭിവാദ്യം ചെയ്തെങ്കിലും അദ്ദേഹം ആരെയും തിരിച്ചറിഞ്ഞില്ല.

"ഞാനിനി എന്തുചെയ്യും? പരാതിപ്പെട്ടാലോ? ആരോട്? ഡ്റോസ്ഡിനോടോ? ലജ്ജാവഹം! ഇല്ല. എനിക്ക് പ്രായാധിക്യമായി. ഞാനൊരു പഴംതുണിപോലെ ഉപയോഗശൂന്യമായിപ്പോയി".

"ഒരുവേള ഇതൊക്കെ അടിസ്ഥാനമില്ലാത്ത ഉൽക്കണ്ഠകളായിരിക്കാം. ഏതായാലും ഇന്നു നോവിക്കോവുമായി കണ്ടു സംസാരിക്കുമ്പോൾ കാര്യങ്ങളുടെ ഉള്ളുകള്ളികൾ കൂടുതൽ വ്യക്തമാവാതിരിക്കയില്ല." ഗ്ളുഷാക്ക് സ്വയം സമാധാനിപ്പിക്കാൻ ശ്രമിച്ചെങ്കിലും പലവിധ ഉൽക്കണ്ഠകൾ അദ്ദേഹത്തിന്റെ ഉള്ളിൽ കിടന്നു പുകഞ്ഞുകൊണ്ടിരുന്നു.

അത്യന്തം വിവശനായിട്ടാണു് അദ്ദേഹം വൈകീട്ട് വീട്ടിൽ മടങ്ങിയെത്തിയതു്. പതിവിൽ കൂടുതലായ സ്നേഹപാരവശ്യത്തോടുകൂടി അദ്ദേഹം ഭാര്യയെ ആശ്ലേഷിച്ചു.

"എന്തുപററി. പെററിയ." അവർ ഉൽക്കണ്ഠയോടേ തിരക്കി. "നിങ്ങൾ വല്ലാതെ മാറിയിരിക്കുന്നല്ലോ. ജോലി സംബന്ധിച്ച ക്ലേശങ്ങൾ വീണ്ടും ഉണ്ടാകുന്നുണ്ടോ?" "ഒന്നുമില്ല. വല്ലാത്ത ക്ഷീണമുണ്ടെന്നുമാത്രമേയുള്ളു. സാരമില്ല. അതു മാറിക്കൊള്ളും." അദ്ദേഹം അവരെ സമാധാനിപ്പിച്ചു. പക്ഷെ ഉള്ളിൽതോന്നിയ വിചാരം ഇങ്ങനെയായിരുന്നു. "എനിക്കും നിനക്കും ഭാഗ്യദോഷം വരുന്ന ദിവസമാണിതു്." "ക്ഷീണം മാത്രമേയുള്ളുവെങ്കിൽ കുറെ വിശ്രമിക്കൂ. അപ്പോൾ

മാറും.'' ഭാര്യക്ക് സമാധാനമായി. ഒരു ശുഭഗതിക്കാരിയായിരുന്ന അവർ വന്നു പെട്ടേക്കാവുന്ന വിപത്തുക്കളെകുറിച്ച് വേവലാതിപ്പെടാറില്ല.

''ഓൾഗാ, റോസ്റ്റോവ് സർവ്വകലാശാലയിലെ പ്രൊഫസർ നോവിക്കോവ് ഇന്നു് അത്താഴത്തിനു് വരുന്നുണ്ടു്.'' അദ്ദേഹം അറിയിച്ചു. തൻെറ വിഷമം അതുസംബന്ധിച്ചുള്ളതാണെന്നു് ഭാര്യ അറിയാതിരിക്കാൻവേണ്ടി മുഖം തിരിച്ചുപിടിച്ചുകൊണ്ടാണു് ഗ്ലുഷാക്ക് സംസാരിച്ചതു്.

''ആര്? ആദിമ സ്ലാവു് വർഗ്ഗത്തെക്കുറിച്ച് പുതിയ ചില നിഗമനങ്ങളെല്ലാമുണ്ടാക്കിയ ആളാണോ?''

''അതെ, അദ്ദേഹംതന്നെ.''

''അതുകൊള്ളാം. താനെഴുതിയ വിഡ്ഢിത്തങ്ങളെ കുറിച്ച് തനിക്കുതന്നെ വിശ്വാസമുണ്ടോ എന്നു് എനിക്കിന്നു് അദ്ദേഹത്തോടു ചോദിക്കണം.''

''ഗ്ലുഷാക്കിനു സംഭ്രമമായി. ''നീ കഥയില്ലാതെ ഒന്നും സംസാരിക്കരുതു്. പുതിയ ബോൾഷെവിക്ക് ഇനത്തിൽപെട്ട ഒരു പണ്ഡിതനാണദ്ദേഹം.''

''നിങ്ങൾ വെറുതെ വിഷമിക്കേണ്ട കാര്യമൊന്നുമില്ല. ചെറുപ്പക്കാർ മുതിർന്നവരെപ്പോലെയല്ല. അവർ കണ്ടമാനം സംസാരിക്കുന്ന പ്രകൃതക്കാരാണു്.''

''എന്നാലും നാം സൂക്ഷിച്ചുതന്നെ സംസാരിക്കണം. എനിക്കു് ആ മനുഷ്യനെകുറിച്ച് വളരെയൊന്നും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ല.''

ഓൾഗാ സമ്മതിച്ചു. അവർ അത്താഴത്തിനുവേണ്ട വിഭവങ്ങളെകുറിച്ച് ചർച്ചചെയ്തു. അദ്ദേഹത്തെ അക്കാഡമിയിലേക്കു് നിയമിച്ചോ എന്നു് അതിനിടയിൽ ഓൾഗാ ഭർത്താവിനോടു് ചോദിച്ചു.

''ഇല്ല. പക്ഷെ എനിക്കു് കൂടെക്കൂടെ അദ്ദേഹവുമായി കാണേണ്ടിവരും.''

''ശരി. എന്നാലിനി പോയി അല്പം വിശ്രമിക്കൂ.''

''വിശ്രമിക്കാൻ എനിക്കു് നേരമില്ല. ഒരു റിപ്പോർട്ടു് എഴുതി ഉണ്ടാക്കേണ്ടിയിരിക്കുന്നു. ആ ചെകുത്താൻെറ സ

ന്താനമായ മിർസോയൻ എന്നെ കുറെ പുതിയ ജോലി ഏല്പി ച്ചിട്ടുണ്ട്."

"എൻെറ ദൈവമേ! അവർ ഒരാൾക്ക് ഒരല്പംപോലും സമാധാനം കൊടുക്കുകയില്ലേ? ആയാൾക്ക് എന്തുകൊണ്ട് തൻെറ ജോലി തന്നെത്താൻ ചെയ്തുകൂടാ."

"പണിയെടുക്കാൻ ഗ്ളുഷാക്കുള്ളപ്പോൾ അയാളെന്തിനു ബുദ്ധിമുട്ടണം."

---

## അദ്ധ്യായം പത്ത്

---

നോവിക്കോവ് അതിനുമുമ്പൊരിക്കലും ഗ്ളുഷാക്കിനെ നേരിട്ട് കണ്ടിരുന്നില്ല. എന്നാൽ അദ്ദേഹത്തെക്കുറിച്ചയാൾ വളരെഒക്കെ കേട്ടിരുന്നു. റഷ്യയിലും പുറത്തും പ്രസിദ്ധിനേടിയിട്ടുള്ള വൃദ്ധനും ബഹുമാന്യനും ആയ ഒരു ശാസ്ത്രകാരനാണദ്ദേഹമെന്ന് നോവിക്കോവിനറിയാമായിരുന്നു. അദ്ദേഹത്തിൻെറ സഹോദരനായ വ്ലാഡ്മീർ ഗ്ളുഷാക്ക് എന്നൊരു ശാസ്ത്രജ്ഞൻ എവിടേയോ അന്തർദ്ധാനം ചെയ്തെന്ന വിവരവും അയാൾ കേട്ടിരുന്നു. അദ്ദേഹത്തെ സൈബീരിയായിലെവിടേയോ ഉള്ള ഒരു തടങ്കൽ പാളയത്തിലേക്ക് നാടുകടത്തിയെന്നും അവിടെവച്ചദ്ദേഹം മരിച്ചുപോകയാണുണ്ടായതെന്നും ഒരുക്കൂട്ടർ അഭിപ്രായപ്പെട്ടു. വിദേശപര്യടനത്തിനുപോയ ഒരു ശാസ്ത്രജ്ഞസംഘത്തിൽ അദ്ദേഹവുമുൾപ്പെട്ടിരുന്നെന്നും അവിടെവച്ച് അദ്ദേഹം കാലുമാറി സ്വന്തം നാടിനും സഹോദരനുമെതിരായി പ്രചരണങ്ങൾ നടത്തിക്കൊണ്ടിരിക്കയാണെന്നുമായിരുന്നു. മറെറാരു പ്രസ്താവം. ഈ വിവരങ്ങൾ ഗ്ളുഷാക്കിൻെറ നാമധേയത്തിനു മുമ്പിൽ ഗൂഢാത്മകത്വത്തിൻെറ ഒരുപരിവേഷമിട്ടിരുന്നതിനാൽ നോവിക്കോവിൻെറ ബഹുമാനത്തിന് അദ്ദേഹം പാത്രമായിരുന്നു. "സഹോദരനൊരാൾ അധ:പതിച്ചുപോയിട്ടും അധികാരികൾ അദ്ദേഹത്തെ ജയിലിലടച്ചില്ലെന്നു മാത്രമല്ല ഉദ്യോഗക്കയററം കൊടുത്തു് ബഹുമാനിക്കയാണുണ്ടായതെന്ന വസ്തുത അദ്ദേഹത്തിൻെറ ശാസ്ത്ര

വിഷയത്തിലുള്ള ഔന്നത്യംകൊണ്ടായിരിക്കണമെന്നു് നോവിക്കോവു് അനുമാനിച്ചു. എന്നാൽ ഈ മനുഷ്യനു് രഹസ്യപോലീസുമായി വേഴ്ചയുണ്ടെന്ന വിവരം ഡ്റോസ്ഡിൽനിന്നു മനസ്സിലാക്കാൻ കഴിഞ്ഞതോടുകൂടി നോവിക്കോവിൻെറ മനോഭാവത്തിനു് മാററം സംഭവിച്ചു. തന്നെപോലെ ഒരേജൻറാണദ്ദേഹവുമെന്ന ചിന്ത അയാളിൽ ഗ്ളുഷാക്കിനെക്കുറിച്ച് ഒരവജ്ഞ അങ്കുരിപ്പിച്ചു. സമുന്നതനായ ഒരു ശാസ്ത്രജ്ഞനാണദ്ദേഹമെന്നുള്ളതു ശരിയാണെങ്കിൽകൂടി, അദ്ദേഹമിന്നനുഭവിക്കുന്ന പദവിയും സുഖസൗകര്യാദികളുമെല്ലാം ശാസ്ത്രീയഗവേഷണങ്ങളുടെ പ്രതിഫലമായിമാത്രം വന്നുചേൎന്നവയല്ലെന്നും, രഹസ്യവും അത്രതന്നെ ബഹുമാന്യമല്ലാത്തതുമായ ഒരു മറുപുറമതിനുണ്ടെന്നും നോവിക്കോവിനു് മനസ്സിലായി. സ്വയം മാപ്പുകൊടുക്കാൻ നോവിക്കോവിനു് കഴിയുമായിരുന്നു. എന്നാൽ മററുള്ളവരുടെ കാൎയ്യത്തിൽ അത്രക്കുതന്നെ ദാക്ഷിണ്യബുദ്ധി കാണിക്കാൻ അയാൾ ഒരുക്കമുണ്ടായിരുന്നില്ല.

താൻ വന്ന വിവരം അറിയിക്കാൻ പരിചാരികയെ പറഞ്ഞയച്ചിട്ടു് പുറത്തളത്തിൽ കാത്തുനിൽക്കുന്ന നോവിക്കോവിൻെറ കാതുകളിൽ അകത്തുനിന്നു് ആരോ പ്രസംഗിക്കുന്നതുപോലെ ചില വാക്കുകൾ വന്നലച്ചു. അവർ റേഡിയോ ഉച്ചത്തിൽ വച്ചിരിക്കയായിരിക്കുമോ എന്നയാൾ സംശയിച്ചു. “ലെനിൻ—സ്റ്റാലിൻെറ കൊടിക്കീഴിൽ സോവിയററു് ശാസ്ത്രം മുന്നേറുകയാണു് . . . . . ” എന്ന മട്ടിലുള്ള ആ പ്രസംഗസരണി പെട്ടെന്നു് നിലച്ചു. ഒരു മിനിട്ടിനുള്ളിൽ സാമാന്യം സ്ഥൂലിച്ച ശരീരവും നരച്ചമുടിയുമുള്ള ഒരു പ്രായംചെന്ന മനുഷ്യൻ പുറത്തളത്തിലേക്കു കടന്നുവന്നു.

“പ്രൊഫസർ നോവിക്കോവ്, നിങ്ങളെ കാണാൻകഴിഞ്ഞതിൽ വളരെ സന്തോഷം. ഞാനാണു് പയിടോർ ഗ്ളുഷാക്കു്” കൈത്തലം നോവിക്കോവിൻെറ നേൎക്കു നീട്ടിക്കൊണ്ടു് അദ്ദേഹം സ്വയം പരിചയപ്പെടുത്തി.

“എന്തൊരു ധാടീക്കാരനാണു് ഈ മനുഷ്യൻ?” നോവിക്കോവിൻെറ ഉള്ളിൽ ആദ്യമായുണ്ടായ വിചാരം അതായിരുന്നു. ഗ്ളുഷാക്കിൻെറ കണ്ണുകളിലേക്കൊന്നു നോക്കണമെന്നയാൾ

ക്കുണ്ടായിരുന്നു. എന്നാൽ കിഴവന്റെ കണ്ണുകൾ പിടികൊടുക്കാതെ സൂത്രത്തിൽ ഒഴിഞ്ഞുമാറിക്കൊണ്ടിരുന്നു.

അത്താഴത്തിനു ശേഷം ഗ്ളുഷാക്ക് അതിഥിയെ തന്റെ സ്വകാര്യമുറിയിലേക്കാനയിച്ചു. പുസ്തക അലമാരിയും, കസാലകളും, കിടക്കയുംമററുംകൊണ്ടു് നിറഞ്ഞിരുന്ന ആ മുറിയിൽ നോവിക്കോവിന്നിരിക്കാൻ അദ്ദേഹം ഒരു കസാല വലിച്ചിട്ടു. രണ്ടുപേരും ആസനസ്ഥരായിട്ടും കുറെനേരത്തേക്കുകൂടി ആരും മൗനം ഭഞ്ജിച്ചില്ല. നോവിക്കോവിന്റെ മുഖത്തിന്റെ ഒരു പകുതി മേശവിളക്കിന്റെ പ്രകാശത്തിലും മററേ പകുതി നിഴലിലുമായിട്ടായിരുന്നു അയാളുടെ ഇരിപ്പു്. ഗ്ളുഷാക്ക് തന്റെ കൈപത്തിയിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ടു് നിശ്ചലനായിരുന്നു. ഒടുവിൽ അദ്ദേഹംതന്നെ സംഭാഷണമാരംഭിച്ചു.

"നിങ്ങളെ ഗോറിനുമായി പരിചയപ്പെടുത്തണമെന്നു് ഡ്റോസ്സ് പറഞ്ഞു."

നോവിക്കോവ് വിചാരിച്ചു: "ഡ്റോസ്സ് അങ്ങിനെ ചുമ്മാ പറയാറു പതിവില്ല, അയാൾ നിർദ്ദേശിക്കുകയാണു പതിവു്." ഗ്ളുഷാക്കിനെ അയാൾ കൗതുകപൂർവ്വം വീക്ഷിച്ചു. തികച്ചും ആത്മാർത്ഥമല്ലാത്ത അദ്ദേഹത്തിന്റെ സംഭാഷണത്തിന്റെ തുടക്കവും, ഒഴിഞ്ഞുമാറുന്ന നോട്ടവും, നൈരാശ്യംനിറഞ്ഞ മുഖഭാവവുമെല്ലാം ആന്തരികമായ കൊടുമ്പിരിക്കൊള്ളലിന്റെ പ്രതിഫലങ്ങളായിരുന്നു.

ഗ്ളുഷാക്കിനെ സംഭാഷണത്തിലേക്കു് തള്ളിവിടുന്നതിനുവേണ്ടി നോവിക്കോവ് പറഞ്ഞു: "ഏതു തരക്കാരനാണു് ഈ ഗോറിൻ. നിങ്ങൾ തമ്മിൽ ദീർഘകാലമായി പരിചിതരാണല്ലേ?"

ഗ്ളുഷാക്കിനെ ബാധിച്ചിരുന്ന മൗഢ്യം അല്പമൊന്നകന്നു. ഒരു സീഗററു കൊളുത്തി കസാലയിൽ ചാരിയിരുന്നുകൊണ്ടു് ഒരു വിദഗ്ദ്ധന്റെ ഭാവത്തിൽ അദ്ദേഹം തുടർന്നു:

"ഒരു വിശേഷപ്പെട്ട പ്രകൃതക്കാരനാണു് ഗോറിൻ. ബഹുമുഖമാണു് ആ വ്യക്തിത്വം. ഹിന്ദുദൈവമായ ബ്രഹ്മത്തെപ്പോലെ പല പല വശങ്ങളുണ്ടദ്ദേഹത്തിനു്. അതിൽ ഓരോന്നും സ്വയം സംപൂർണ്ണങ്ങളുമാണു്."

"അദ്ദേഹം ഒരു സ്ഥിരസ്വഭാവക്കാരനല്ലെന്നാണോ ഇതു പറയുന്നതിന്റെ അർത്ഥം?"

"അല്ലല്ല."

"പിന്നെ ഇതൊരു വിരോധാഭാസംപോലെ തോന്നുന്നല്ലോ."

"സർഗ്ഗശക്തിയുടെ ആ സവിശേഷമായ ചൈതന്യത്തെ കുറിച്ച് മനസ്സിലാക്കാൻ അത്ര എളുപ്പമല്ല. ജീവസ്സുള്ളതും അത്യന്തം മൃദുലവുമാണതു്. പത്രങ്ങൾ അദ്ദേഹത്തെക്കുറിച്ചെഴുതാറുള്ളതു് നിങ്ങൾ വായിച്ചിരിക്കുമല്ലോ. മൂർച്ചയുള്ള മനസ്സ്, വിശാലമായ ഹൃദയം, ശക്തിമത്തായ വികാരങ്ങൾ, സമുജ്വലങ്ങളായ കഴിവുകൾ — ഇവയൊക്കെ അദ്ദേഹത്തിന്റെ സവിശേഷതകളിൽപ്പെടും. പക്ഷേ ഇവയ്ക്കെല്ലാംപുറമേ ഒന്നുരണ്ടു് നിതാന്തമായ സത്യാന്വേഷണപരത എന്തെല്ലാം മാററങ്ങൾ സംഭവിച്ചാലും ഗോറിനെ സംബന്ധിച്ച് മാററമൊന്നുമുണ്ടായിട്ടില്ല. വളരെപ്പേരുടെ തെററായ ധാരണ അദ്ദേഹം അഹംഭാവിയും അനുഭാവശൂന്യനുമാണെന്നാണ്."

"ഉദാഹരണത്തിനു് വിദ്യാർത്ഥിനിയായ ലിഡാ സിഡോറോവ്" നോവിക്കോവ് ഉള്ളിൽ കണ്ടു. അന്നത്തെ സെമിനാറിൽ നടന്ന സംഭവം അയാളുടെ മനസ്സിൽ തെളിഞ്ഞു. ഗ്ളുഷാക്കു് തുടർന്നു:

"സാധാരണ മുഴക്കോലുകൾകൊണ്ടളക്കാവുന്ന ഒരാളല്ല ഗോറിൻ. അദ്ദേഹത്തിലുണ്ടെന്നുതോന്നുന്ന വൈചിത്ര്യം ഉപരിപ്ലവമായ ഒരു പ്രത്യേകതയാണ്. അതിന്റെ അടിയിൽ മഹത്തായ ഒരു സർഗ്ഗാത്മകപ്രകൃതിയുടെ ഏകതാനത ദൃശ്യമാണ്. സത്യത്തെക്കുറിച്ചുള്ള അവേശപൂർവ്വമായ അന്വേഷണങ്ങളിൽ അദ്ദേഹം സദാ ജാഗരൂകനാണ്. ഗോറിന്റെ കൃതികൾക്കു് ഇത്രക്കു് മഹത്വവും ശാശ്വതികത്വവും ലഭിച്ചിരിക്കുന്നതു് ഇതുകൊണ്ടാണ്. തീവ്രമായ ആവേശത്തിന്റെ പ്രചോദനമില്ലാതെ ചെയ്യപ്പെടുന്ന സാഹിത്യസൃഷ്ടികൾ നിലനിൽക്കുകയില്ലെന്നു് സുവിദിതമാണല്ലോ. ഇക്കാര്യത്തിൽ ഗോറിൻ വിശ്വശാസ്ത്രജ്ഞനായ എയിൻസ്റ്റീനോടു് സാദൃശ്യം വഹിക്കുന്നു. ബ്രഹ്മാണ്ഡത്തിന്റെ നിലനില്പിനടിസ്ഥാനമായ തത്വമേതെന്നുള്ള അന്വേഷണത്തിൽ ഏർപ്പെട്ടിരിക്കു

യാണല്ലോ എയിൻസ്റ്റീൻ. അത്രതന്നെ വ്യഗ്രതയോടുകൂടി ഗോറിൻ പരമമായ സത്യമേതെന്നു് അന്വേഷിച്ചുകൊണ്ടിരിക്കുന്നു. ഗോറിൻെറ ബ്രഹ്മാണ്ഡം മനുഷ്യൻെറ ആത്മാവാണെന്നുള്ള ഒരു വ്യത്യാസം മാത്രമുണ്ടു്. ഇവയിൽ ഏതാണു് കൂടുതൽ വിസ്തൃതവും വൈചിത്ര്യപൂർണ്ണവുമായ അന്വേഷണരംഗമെന്നു് പറയാൻ പ്രയാസം. എന്താ, അങ്ങിനെ അല്ലേ?"

"അതാണു കാര്യം. ഗോറിൻെറ ഹൃദയം തകർന്നുപോയിട്ടില്ല. അദ്ദേഹത്തിൻെറ പ്രകൃതത്തിനു് ഒരു ചലനാത്മകത്വംതന്നെ ഈ ഗവേഷണഫലമായി കൈവന്നിട്ടുണ്ടെന്നു് തോന്നിപ്പോകുന്നു. വ്യക്തികളേയും സംഭവങ്ങളേയും അദ്ദേഹം കാണുന്നതു് തൻെറ തത്വാന്വേഷണത്തിനുള്ള ഉരകല്ലുകളായിട്ടാണു്."

"ഒരു രസതന്ത്രജ്ഞനെപ്പോലെ അദ്ദേഹം ഗവേഷണങ്ങൾ നടത്തുന്നു. അദ്ദേഹം ആരെ സമീപിക്കുന്നു എന്നതിനനുരൂപമായിട്ടു് ഒരു വ്യക്തിത്വം സ്വയം അവലംബിക്കുന്നു. ദാക്ഷിണ്യമില്ലാത്ത സന്മാർഗ്ഗവാദിയായിട്ടും, എല്ലാം പൊറുക്കാൻ തയ്യാറുള്ള ഒരു മനുഷ്യത്വവാദിയായിട്ടും, അദ്ദേഹം പ്രത്യക്ഷപ്പെടാറുണ്ടു്. മനുഷ്യത്വസഹജമായ ദൌർബല്യങ്ങളോടു് ചിലപ്പോൾ അദ്ദേഹം കയർക്കുന്നതു കാണാം. മററുചിലപ്പോൾ അവയോടു സൌമ്യതയോടെ പെരുമാറുന്നതും കണ്ടുവെന്നുവരാം. ഒരു മീൻപിടുത്തക്കാരനെപ്പോലെ അദ്ദേഹം പലതരം ഇരകൾ വലിച്ചെറിയുന്നു. ഏതെല്ലാംതരം മത്സ്യങ്ങൾ ഏതെല്ലാംതരം ഇരകളാണു് വിഴുങ്ങുക എന്നദ്ദേഹം കൌതുകപൂർവ്വം നിരീക്ഷണങ്ങൾ നടത്തുന്നു. അദ്ദേഹത്തിൻെറ മത്സ്യങ്ങൾ മനുഷ്യാത്മാക്കളാണു്. "അതിനു് അയാൾ എന്തു പറയുന്നു എന്നു നമുക്കു നോക്കാം!" അദ്ദേഹം എപ്പോഴും പറയാറുള്ള വാക്കുകളാണിതു്.

"അദ്ദേഹവുമായിട്ടു് ദൃഢമായ ഒരു മൈത്രീബന്ധം സമ്പാദിക്കുന്നതിനുവേണ്ടി ഞാൻ എന്തെല്ലാമാണു് ചെയ്യേണ്ടതു്. നിങ്ങൾക്കെന്തു തോന്നുന്നു" നോവിക്കോവു് ചോദിച്ചു.

"വളരെ എളുപ്പത്തിൽ മറുപടി പറയാൻ കഴിയുന്ന ഒരു ചോദ്യമല്ല അതു്. ഗോറിൻ ഒരാളെക്കുറിച്ചു് ഒരഭിപ്രായം

രൂപീകരിച്ചാൽ അതു പിന്നെ അത്ര പെട്ടന്നദ്ദേഹം മാററുകയില്ല. അതിനാൽ നിങ്ങൾ അദ്ദേഹവുമായുള്ള ആദ്യത്തെ സമാഗമവും ആദ്യത്തെ സംഭാഷണവും നിർണ്ണായകമായിരിക്കും. പൊതുവെ പറഞ്ഞാൽ ശോറിനുമായി സ്നേഹമാവാൻ വിഷമമാണു്. തൻെറ പ്രായാധിക്യം ഒരു മറയായെടുത്തുകൊണ്ടു അദ്ദേഹം തനിക്കിഷ്ടമില്ലാത്ത ബന്ധങ്ങളിൽനിന്നകന്നു നില്ക്കുന്നു. ഒരാളിൽ താല്പര്യമില്ലെന്നുകണ്ടാൽ അദ്ദേഹം പറയും, "ഞാനൊരു വൃദ്ധനാണു്. നിങ്ങൾ ഒരു യുവാവും. നമുക്കു് പരസ്പരം മനസ്സിലാക്കാൻ സാധിക്കയില്ല." അദ്ദേഹം അങ്ങനെ പറഞ്ഞുകഴിഞ്ഞാൽ സംഭാഷണം അവസാനിച്ചു എന്നു കരുതിക്കൊള്ളണം."

നോവിക്കോവിനെ സംഭാഷണത്തിലേർപ്പെടുത്തി അയാളിൽനിന്നു്, തൻെറതന്നെ ഉള്ളിൽ പുകഞ്ഞുകൊണ്ടിരിക്കുന്ന നിരുന്ന പ്രശ്നങ്ങൾക്കു് സമാധാനം കരസ്ഥമാക്കണമെന്നു് ഗ്ളുഷാക്കു് ആഗ്രഹിച്ചു. ആ ഉദ്ദേശത്തോടെ അദ്ദേഹം സംഭാഷണം തുടർന്നുകൊണ്ടുപോയി. പക്ഷെ നോവിക്കോവിൻെറ അടുത്തു് ആ തന്ത്രം ഫലിക്കുകയുണ്ടായില്ല. തുറന്നു പെരുമാറുവാൻ തനിക്കുദ്ദേശമില്ലെന്നയാൾ വ്യക്തമാക്കി. അതേസമയം, ഗ്ളുഷാക്കിൻെറ വാചാലതയുടെ അടിയിൽ നടക്കുന്ന ചിന്താകുഴപ്പമെന്തെന്നു മനസ്സിലാക്കുവാൻ നോവിക്കോവിനും കൗതുകമുണ്ടായിരുന്നു. അയാളും നിരാശപ്പെടുകയാണുണ്ടായതു്. ക്രമേണ ഈ ഒളിച്ചുകളിയിൽ മുഷിപ്പുതോന്നുകയാൽ അയാൾ പറഞ്ഞു.

"നാം പ്രശ്നത്തിൽനിന്നകന്നുപോവുകയാണെന്നു് നിങ്ങൾക്കു തോന്നുന്നില്ലേ?"

"അടുക്കുന്നതിനു പകരം, അല്പം അകന്നുനിന്നു നോക്കിയാൽ കാര്യങ്ങൾ കൂടുതൽ വ്യക്തമായി കാണാൻ കഴിയുന്ന ചില സന്ദർഭങ്ങളുണ്ടു്." സൂത്രത്തിൽ ഒഴിഞ്ഞുമാറികൊണ്ടുള്ള ഇങ്ങനെ ഒരുത്തരമാണു് ഗ്ളുഷാക്കു് അതിനു നൽകിയതു്.

"എന്നാൽ കൂടുതൽ അടുത്തറിയുക എന്നുള്ളതാണു് എൻെറ ഇപ്പോഴത്തെ ആവശ്യം" നോവിക്കോവു് വക്രമായ ഒരു പുഞ്ചിരിയോടെ പറഞ്ഞു.

"ശരിതന്നെ" ഗ്ളുഷാക്ക് സമ്മതിച്ചു. വൈഷമ്യങ്ങൾ കാണിച്ച് തന്നെ പിൻതിരിപ്പിക്കുവാനാണ് ഗ്ളുഷാക്കിൻെറ ഉദ്ദേശമെന്ന് നോവിക്കോവ് മനസ്സിലാക്കി. അയാൾ തുറന്നു പറഞ്ഞു:

"വിഷമങ്ങൾകണ്ടു പിൻതിരിയുന്ന ഒരു പ്രകൃതക്കാരനല്ല ഞാൻ. അവയെന്നെ ആകർഷിക്കയാണ് പതിവ്." അയാളുടെ മുഖത്ത് നീചവും ആപൽദ്യോതകവുമായ എന്തോ ഒരു ഭാവം നിഴലിച്ചുപായുന്നത് ഗ്ളുഷാക്ക് കണ്ടു. അദ്ദേഹത്തിൻെറ ചകിതഭാവം നോവിക്കോവിലും വിസ്മയമുളവാക്കി.

"ഇയ്യാൾക്കെന്തു പിണഞ്ഞിരിക്കുന്നു" എന്നയാൾ സ്വയം ചോദിച്ചു. അയാൾ സംഭാഷണം മതിയാക്കി എഴുന്നേല്ക്കാൻ ഭാവിച്ചു. അതുകണ്ടറിഞ്ഞ ഗ്ളുഷാക്ക് ഉടൻതന്നെ ഒരു കുപ്പി വേഡ്ക്കയും രണ്ടു ഗ്ലാസുകളും മേശപ്പുറത്ത് ഹാജരാക്കി.

"ഞാൻ വത്തമാനം പറഞ്ഞ് നിങ്ങളെ അവശനാക്കിയെന്നു തോന്നുന്നു. ഇതു കുടിച്ച് നമുക്കെല്ലം ക്ഷീണം തീക്കാം" ഒരു ഗ്ലാസ് നിറച്ച് നോവിക്കോവിൻെറ കയ്യിൽ കൊടുത്തു കൊണ്ടദ്ദേഹം പറഞ്ഞു.

"എന്നാണ് എനിക്ക് ഗോറിനെ കാണാൻ തരമാവുക" നോവിക്കോവ് വീണ്ടും കാൎയ്യത്തിലേക്കു കടന്നു.

"മററന്നാൾ മാർക്സ്–എംഗൽസ് ഇൻസ്റ്റിട്യൂട്ടിൻെറ ഉൽഘാടനത്തിനു് അദ്ദേഹത്തെ ക്ഷണിച്ചിട്ടുണ്ട്."

"അദ്ദേഹം വരുമോ?"

"അറിഞ്ഞുകൂടാ. സാധാരണ ഇത്തരം സമ്മേളനങ്ങളിൽ അദ്ദേഹം വളരെ താല്പൎയ്യം കാണിക്കാറില്ല. എതായാലും നിങ്ങൾ അവിടെ ഉണ്ടായിരിക്കുന്നതു് നന്നു്. അതിൽ റിപ്പോർട്ടു വായിക്കുന്ന ചുമതല എനിക്കാണ്. വേണമെങ്കിൽ നിങ്ങൾക്ക് ഒരു ക്ഷണക്കത്തയപ്പിക്കാൻ എനിക്ക് സാധിക്കും."

"ക്ഷണനം എനിക്ക് ലഭിച്ചുകഴിഞ്ഞിട്ടുണ്ട്."

"അതുകൊള്ളാം. ഞാൻ നിങ്ങളെ ഗോറിനുമായി പ

രിചയപ്പെടുത്താം. അതിനു മുമ്പായിതന്നെ ഞാൻ അദ്ദേഹത്തോട് നിങ്ങളെക്കുറിച്ച് സംസാരിക്കുകയും ചെയ്യാം. ഇക്കാര്യത്തിൽ വളരെ സൂക്ഷിച്ച പെരുമാറണമെന്നാണ് ഞാനും ഡ്റോസ്സുംകൂടി തീരുമാനിച്ചിരിക്കുന്നതു്."

"തൻെറ പ്രാമാണ്യം കാണിക്കുവാൻവേണ്ടി ഈ മനുഷ്യൻ വളരെ ക്ലേശിക്കുന്നുണ്ടല്ലോ" നോവിക്കോവ് വിചാരിച്ചു. ഇതുപോലെയുള്ള ഒരാളുമായി സമ്പർക്കത്തിലും സ്നേഹത്തിലും കഴിയുന്ന കാര്യം അയാൾക്കു് വളരെ എളുപ്പമായി തോന്നിയില്ല.

ആ നേരമത്രയും ഗ്ളുഷാക്കിൻെറ ഉള്ളിലെ ആശങ്കകൾ വിമ്മിപ്പൊട്ടുകയായിരുന്നു. അടക്കിവയ്ക്കാൻ നിവൃത്തിയില്ലാതായപ്പോൾ ഒരു ചോദ്യം പുറത്തേക്കു ചാടി.

"പ്രൊഫസർ നോവിക്കോവ്, എന്തിനുവേണ്ടിയാണ് അവർ നിങ്ങളെ ഗോറിനുമായി പരിചയപ്പെടുത്തുന്നതു്?" ഉത്തരമെന്തെന്നറിയാനുള്ള ഉൽക്കണ്ഠയോടുകൂടി അദ്ദേഹം മുന്നോട്ട് ചാഞ്ഞിരുന്നു. ആ നിമിഷത്തിൽ നോവിക്കോവിനു് അദ്ദേഹത്തിൻെറ കണ്ണുകളിലേക്ക് നോക്കാൻ കഴിഞ്ഞു. അതു് സുന്ദരമായ ഒരു കാഴ്ചയായിരുന്നില്ല. യജമാനപ്രീതിക്കു വേണ്ടി കെഞ്ചുന്ന ഒരു സമർത്ഥനായ നായയുടെ ഭാവമാണ് ആ കണ്ണുകളിൽ അയാൾ കണ്ടതു്. ഗ്ളുഷാക്കിൻെറ നാമധേയത്തോടും ആ നരച്ച മുടിയോടും അതികഠിനമായ അവജ്ഞ തോന്നിയ നോവിക്കോവ് പരിഹാസപൂർവ്വം ചോദിച്ചു: "നിങ്ങൾക്കും ഡ്റോസ്സിനും അതറിഞ്ഞുകൂടേ?"

# അദ്ധ്യായം പതിനൊന്ന്

ആ മൈതാനമാകെ കോളുകൊണ്ട സമുദ്രംപോലെ ശബ്ദായമാനമായിരുന്നു. ആൾക്കൂട്ടത്തിന്റെ ആരവാരം, സേനാവിഭാഗങ്ങളുടെ വാദ്യഘോഷങ്ങൾ, റേഡിയോവിന്റെ ബഹളം ഇവയൊക്കെക്കൂടി സൃഷ്ടിച്ച ശബ്ദവീചികൾ ചുററുപാടുമുള്ള കെട്ടിടങ്ങളുടെ ചുമരുകളിൽചെന്നലച്ച് വീണ്ടും പ്രതിദ്ധ്വനിച്ചു ഒരു ശബ്ദപ്രളയംതന്നെ സൃഷ്ടിച്ചുകൊണ്ടിരുന്നു. അസംഖ്യം ചെങ്കൊടികൾ അതിതീവ്രമായ സൂര്യപ്രകാശത്തിൽ പാറിക്കളിച്ചുകൊണ്ടിരുന്നു.

ആ മനുഷ്യമഹാസമുദ്രത്തിനെതിരെ ഒരു കൂററൻപാറക്കെട്ടുപോലെ പ്രസംഗവേദി ഉയൎന്നുകാണപ്പെട്ടു. അത്യാഡംബരപൂൎവ്വമാണതു് സംവിധാനംചെയ്യപ്പെട്ടിരുന്നതു്. രക്തപുഷ്പങ്ങളും, രക്തവൎണ്ണത്തിലുള്ള പട്ടുഞൊറികളും തന്നെ സൎവ്വത്ര. അവിടെ ഉപവിഷ്ടരായിരുന്ന പത്തുപന്ത്രണ്ടുപേരിൽ ഒരാളെമാത്രം ജനക്കൂട്ടം പ്രത്യേകം ഗൌനിച്ചു.

"ഗോറിൻ, ഗോറിൻ." ജനങ്ങൾ ആൎത്തുവിളിച്ചു. ഉയരംകൂടി ഒന്നു കൂനിയ ആ മനുഷ്യൻ തൊപ്പി ഉയൎത്തി അവരെ അഭിവാദ്യംചെയ്തു. അതോടുകൂടി അവരുടെ ആവേശം ഒന്നുകൂടി ആവൎത്തിച്ചലതല്ലി.

"ഗോറിൻ നീണാൾ വാഴട്ടെ" അവർ ഉച്ചൈസ്സരം ആൎത്തുവിളിച്ചു.

റോസ്റ്റോവു് നഗരത്തിൽ ഇത്രവലിയൊരാഘോഷം ഇതിനുമുമ്പുണ്ടായിട്ടില്ല. രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും പ്രതിനിധികളും സന്ദർശകരും എത്തിയിട്ടുണ്ടു്. അനവധി പത്രപ്രതിനിധികൾ നോട്ടു കുറിക്കുന്നതിലും ഫോട്ടോകൾ എടുക്കുന്നതിലും വ്യാപൃതരായിരുന്നു. ഈ അനർഘമായ ആഘോഷങ്ങളത്രയും അല്പംപോലും ചോൎന്നുപോകാതെ ചരിത്രത്തിന്റെ എടുകളിലേക്കു് പകൎത്തിവയ്ക്കുവാൻ അധികാരികൾക്കു് ആകാംക്ഷയുള്ളതുപോലെതോന്നും.

റോസ്റ്റോവിലെ നിവാസികൾ ആബാലവൃദ്ധം അവിടെ തിങ്ങിക്കൂടിയിട്ടുണ്ട്. ആ കൂററൻകെട്ടിടത്തിൻെറ പുരോഭാഗത്തു് ദരിദ്രമായി വസ്ത്രധാരണംചെയ്ത ആയിരക്കണക്കിനാളുകൾ കൂട്ടംചേൎന്നു നിന്നിരുന്നു.

കരിങ്കല്ലിൻെറ ഭാഷയിൽ സംസാരിക്കാൻ ചരിത്രത്തിന്നു് നല്ലവശമുണ്ടു്. ആയിരമായിരം വർഷങ്ങൾക്കുമുമ്പുണ്ടായിരുന്ന അടിമത്വവ്യവസ്ഥിതിയെക്കുറിച്ചു് ശിലാനിൎമ്മിതമായ ഗംഭീരശില്പങ്ങൾ നമ്മെ ഇന്നും അനുസ്മരിപ്പിക്കുന്നു. ശില്പകലയുടെ രീതികൾ മാററംവന്നാലും, ശില്പങ്ങൾക്കുതന്നെ ജീൎണ്ണത ഭവിച്ചാലും അവയിന്മേലുള്ള അടിമത്വത്തിൻെറ ആ മുദ്രണം മാഞ്ഞുപോകുന്നില്ല. അതു് കാലാകാലങ്ങളെ അതിജീവിക്കുന്നു. റോസ്റ്റോവു് നഗരത്തിൽ ഉയൎന്നുവന്നിരിക്കുന്ന ഈ പടുകൂററൻ കെട്ടിടത്തിൻെറയും നിൎമ്മാതാക്കൾ അടിമകൾതന്നെയാണു്. അയൽപ്രദേശത്തുള്ള തടങ്കൽപാളയത്തിൽനിന്നും എല്ലാ പ്രഭാതത്തിലും അടിമപ്പററങ്ങൾ അങ്ങോട്ടാനയിക്കപ്പെട്ടുമായിരുന്നു. "കമ്മ്യൂണിസത്തിൻെറ സമുജ്വലപ്രതീക" മെന്നു് സ്ഥലത്തെ പ്രധാന പത്രമായ മെളൊട്ടു് ഈ കെട്ടിടത്തെ വാഴ്ത്തുകയുണ്ടായി. അടുത്ത കാലംവരെ തൊഴിലാളികളും കൃഷിക്കാരും ബുദ്ധിജീവികളുമായി കഴിഞ്ഞിരുന്ന പൗരന്മാരാണു് അതിൻെറ നിൎമ്മാതാക്കൾ. നോവിക്കോവിനേയും ഗ്ളൂഷാക്കിനെയുംപോലെയുള്ള റോസ്റ്റോവു് നിവാസികൾ എന്നും ആ കാഴ്ച കാണാറുണ്ടു്. കീറയുടുപ്പണിഞ്ഞ, വാടിത്തളൎന്ന മനുഷ്യക്കോലങ്ങൾ പൊള്ളുന്ന വെയിലത്തു് കഠിനാദ്ധ്വാനങ്ങളിലേർപ്പെട്ടിരിക്കുന്നതു കാണുമ്പോൾ അതേ അനുഭവം തങ്ങൾക്കുമുണ്ടായേക്കുമെന്നുള്ള ഭയപ്പാടു് അവരെയും ബാധിക്കാറുണ്ടു്. കമ്മ്യൂണിസത്തിൻെറ സമുജ്വലമായ ആശയങ്ങൾക്കു് എന്തു വില കൊടുക്കേണ്ടിവരുമെന്നു് അവൎക്കു് നന്നായിട്ടറിയാമായിരുന്നു.

കെട്ടിടം പണിതീൎന്നപ്പോൾ, അടിമകളെകൊണ്ടുള്ള ആവശ്യം തീൎന്നപ്പോൾ തടവുപുള്ളികളെ ആ പ്രദേശത്തുനിന്നും കൊണ്ടുപോയി. അവർ പടുത്തുയൎത്തിയ കൽപടവുകൾ വെയിലേററു് തിളങ്ങുന്നുണ്ടായിരുന്നു. അവിടെ ഇപ്പോൾ നിൽക്കുന്നതു് അടിമകളല്ല— പ്രമാണികളായ, വയർ നിറ

ച്ചാഹാരം കഴിക്കുന്ന പൗരന്മാരായിരുന്നു. ആ കൂടിയിരുന്നവർക്കുതമ്മിൽ ആകൃതിയിലും ശരീരഘടനയിലും പലപല അന്തരങ്ങളുമുണ്ടായിരുന്നെങ്കിലും അവക്കൊക്കെ പൊതുവിൽ ഒരു കാര്യത്തിൽ സാദൃശ്യമുണ്ടായിരുന്നു— മുഖത്തു സ്ഫുരിച്ചിരുന്ന അധികാരഗൗരവത്തിൽ. മിഖയിൽ ഗോറിൻമാത്രം അവരിൽനിന്നൊക്കെ വ്യത്യസ്തനായിരുന്നു. മറേറതോ ലോകത്തുനിന്നു് അവിടെ വന്നുപെട്ട ഒരാളെപോലിരുന്നു അദ്ദേഹം.

അധികാരപ്രമത്തതയുടേതായ ആ അന്തരീക്ഷത്തിൽ ആർജവബുദ്ധിക്കു് സ്ഥാനമുണ്ടായിരുന്നില്ല. അധികാരവർഗ്ഗത്തിനു് ദൗർബ്ബല്യങ്ങൾ അതുതെല്ലാം. എന്നാൽ ഗോറിന്റെ വേഷവും മട്ടുമൊക്കെ കാണികളിൽ ഒരു പുഞ്ചിരി ഉണ്ടാക്കത്തക്കവിധത്തിലുള്ളവയായിരുന്നു. ആ വിശേഷപ്പെട്ട തൊപ്പിയും, അതു ധരിച്ചിരുന്ന വിചിത്രമായ രീതിയും, തൂങ്ങിക്കിടക്കുന്ന നരച്ച ശ്മശ്രുക്കളും, കരുണാമസൃണങ്ങളായ കൂമ്മദൃഷ്ടികളും എല്ലാം ചേർന്നു് അദ്ദേഹം ഒരു വിചിത്രസൃഷ്ടിയെപ്പോലിരുന്നു. പാവകളെപ്പോലെ യാന്ത്രികമായി ചലിച്ചുകൊണ്ടിരുന്ന ആ മേധാവികളുടെയിടയിൽ ജീവനുള്ള യഥാർത്ഥ മനുഷ്യൻ അദ്ദേഹം മാത്രമായിരുന്നു എന്നു തോന്നുന്നു. ഒരുപക്ഷെ അതിനാലായിരിക്കാം ജനാവലി അദ്ദേഹത്തെ അത്രമൽ ഇഷ്ടപ്പെട്ടതു്.

സഹോദരനുമൊരുമിച്ചു് അവിടെ സന്നിഹിതനായിരുന്ന നോവിക്കോവു് പ്രസംഗവേദിയിലിരുന്നിരുന്ന പ്രമാണികളെ ശ്രദ്ധിച്ചുനോക്കി. ഗോറിന്റെ തൊട്ടടുത്തു് ഉപവിഷ്ടനായിരുന്നതു് പാർട്ടിയുടെ ഒന്നാം സിക്രട്ടറിയായ ലാറിൻ ആയിരുന്നു. റോസ്റ്റോവു് 'സ്റ്റാലിൻ' എന്ന സ്ഥാനപ്പേരിനാലാണു് അയാൾ അറിയപ്പെട്ടിരുന്നതു്. ജീവിതവിജയത്തിന്റെ സജീവമായ പ്രതീകമായിട്ടാണു് റോസ്റ്റോവിലെ പ്രമാണികൾ ലാറിനെ കണ്ടിരുന്നതു്. എല്ലാവരും അയാളെ ഭയപ്പെട്ടു. തടിച്ച ശരീരവും, ദയാലേശമില്ലാത്ത ക്രൂരമായ കണ്ണുകളും അയാളുടെ ചില പ്രത്യേകതകളായിരുന്നു.

# അദ്ധ്യായം പന്ത്രണ്ട്

നോവിക്കോവിൻെറ പിറകിൽ നിന്നിരുന്ന ആരോ വീരിയായുടെ പേർ പതുക്കെ മന്ത്രിക്കുന്നതുകേട്ടു. "വീരിയായോ, അയാൾ ഒരു കുറുക്കനാണ്." വളരെ പതുക്കെ ആരോ മന്ത്രിക്കുകയായിരുന്നു. വെയിലത്തു് വെട്ടിത്തിളങ്ങുന്ന കണ്ണടയും ധരിച്ചുകൊണ്ടു് ലാറിൻെറ സമീപത്തുപവിഷ്ടനായിരുന്ന രണ്ടാം സിക്രട്ടറി വീരിയക്കു് ഒരു കുറുക്കനോടെന്നതിൽ കൂടുതലായി ഒരോന്തിനോടായിരുന്നു സാദൃശ്യം. പ്ലാററുഫോമിലിരുന്നിരുന്നവരിലേക്കും കുറിയ മനുഷ്യൻ അയാളായിരുന്നു. വളരെ ചെറിയ കഷണ്ടിതല, വലിയ വായ, എഴുന്നുനിൽക്കുന്ന കാതുകൾ ഇവയൊക്കെ ആയിരുന്നു. അയാളുടെ മററുചില പ്രത്യേകതകൾ. റോസ്റ്റോവിൽ അയാൾ വന്നുചേർന്നിട്ടു് കാലമധികമായിട്ടില്ല. ഒരു ശുദ്ധീകരണത്തെ തുടന്നു് പാർട്ടിയുടെ രണ്ടാം സിക്രട്ടറി മരണപ്പെട്ടപ്പോൾ തൽസ്ഥാനത്തേക്കു് നിയമിതനായ ആളാണു് വീരിയ. ഈ നേതാവിനെ ആദ്യമായി കണ്ടപ്പോൾ ആളുകൾക്കു് തോന്നിയതു് അയാളുടെ കാര്യത്തിനു് വലിയ ഈടില്ലെന്നാണു്. ദുർബ്ബലമായ ശബ്ദവും, ഗാംഭീര്യമില്ലാത്ത ഭാവവും ചേർന്ന അയാൾക്കു് ആജ്ഞാപിക്കാനും അനുസരിപ്പിക്കാനും കഴിയുമെന്നു് ആരും കരുതിയില്ല. അയാളെ കൂച്ചികെട്ടി ശവപ്പെട്ടിയിൽ അടക്കംചെയ്യുന്ന കാലം അത്ര വിദൂരത്തല്ലെന്നു് ആളുകൾ പ്രവചിച്ചു. എന്നാൽ അങ്ങിനെഒന്നുമല്ല സംഭവിച്ചതു്. കാണുന്നതുപോലൊന്നുമല്ല കാര്യമെന്നു് വീരിയാ ക്രമേണ തെളിയിച്ചു. അയാളുടെ ദുർബ്ബലമായ ശബ്ദം കേൾക്കുമ്പോൾ പാർട്ടിപ്രവത്തകർ കിടിലംകൊള്ളുമെന്നനിലവന്നുചേന്നു. വിശേഷപ്പെട്ട ഒരു രീതിയിലാണു് അയാൾ സ്വന്തം ജീവിതസരണി ആസൂത്രണംചെയ്തിരുന്നതു്. വഴുക്കുന്ന വക്രങ്ങളായ ആശയങ്ങളുടെ വിളഭൂമിയായിരുന്നു അയാളുടെ ആ കൊച്ചുമസ്തിഷ്കം. മോസ്റ്റോവിൽ അയാൾക്കു് ഗണ്യമായ സ്വാധീനമുണ്ടെന്നു് താമസംവിനാ വ്യ

ക്തമായി. പോളിററ് ബ്യൂറോവിൻെറ വിശ്വസ്തഭൃത്യനായിരുന്ന അയാൾ ഒരു തന്ത്രനിപുണനായിരുന്നു.

നോവിക്കോവിൻെറ പിറകിൽ ആരോ വീണ്ടും പിറുപിറുത്തുകൊണ്ടിരുന്നു. "ഈ വീരിയ ഇവിടെ ഒന്നും നില്ക്കില്ല. നിങ്ങൾ നോക്കിക്കൊള്ളൂ." നോവിക്കോവ് മനസാ ആ പ്രവചനം ശരിവച്ചു. വീരിയായെപ്പോലുള്ളവരെ പാർട്ടിക്ക് വളരെ അധികം ആവശ്യമുണ്ട്. അതിനാൽ അയാൾക്ക് എത്രത്തോളം ഉയരാൻ കഴിയുമെന്ന് നിശ്ചയിച്ചുകൂടാ.

വീരിയയുടെ സമീപത്ത് വിളറിയ മുഖവും, കോപിഷ്ഠമായ മുഖഭാവവുമുള്ള ഒരു ചെറുപ്പക്കാരൻ നിന്നിരുന്നു.

"അയാൾ ആരാണ്?" സഹോദരനോട്ട് നോവിക്കോവ് ചോദിച്ചു.

"എനിക്കറിഞ്ഞുകൂടാ. ചോദിച്ചുനോക്കട്ടെ." അവിടവിടെ തിരക്കിയതിനുശേഷം അയാൾവന്നു മന്ത്രിച്ചു:—

"പോളിററ് ബ്യൂറോവിലെ പുതിയ മെമ്പറായ ഷെർബക്കോവിൻെറ മകനാണയാൾ. മാർക്സ്—എംഗൽസ് ഇൻസ്റ്റിട്ട്യൂട്ടിൻെറ ഡയറക്ടറായ യൂഡിനുമൊരുമിച്ച് അയാൾ ഇന്നലെ ഇവിടെ എത്തിയതാണ്."

"ഓഹോ, അച്ഛൻെറ പ്രതിപുരുഷനായി വന്നിരിക്കയാണല്ലേ?"

"നോവിക്കോവ് ഒരു വിദ്യാർത്ഥിയായിരുന്നകാലത്ത് മോസ്കോവിൽവച്ച് യൂഡിനെ അറിയാമായിരുന്നു. മോസ്കോ സർവ്വകലാശാലയിൽ അയാൾ മാർക്സിസത്തെക്കുറിച്ച് പ്രസംഗങ്ങൾ നടത്താറുണ്ടായിരുന്നു. അന്നത്തെ അപ്രധാനമായ നിലയിൽനിന്നുയർന്ന് ഇന്നയാൾ എത്തിച്ചേർന്നിരിക്കുന്ന ഔന്നത്യത്തെക്കുറിച്ചോർത്ത് നോവിക്കോവ് വിസ്മയപ്പെട്ടു.

കറുത്ത ചപ്രത്തലമുടിയുള്ള ഒരൻപതുകാരനാണ് യൂഡിൻ. കൂടക്കൂടെ അയാൾ തൻെറ മുടി വിരലുകൾകൊണ്ട് പിറകോട്ട് കോതിയൊതുക്കും. അയാൾ മററുള്ളവരെ നോക്കുന്ന നോട്ടത്തിൽ അവജ്ഞയും ധാർഷ്ട്യവും നിഴലിച്ചിരിക്കും. വർത്തമാനം പറയുന്നതിനിടയിൽ അയാൾ ഇടക്കിടെ

ടയ്ക്ക് നാവുനീട്ടി തന്റെ ചുവന്ന ചുണ്ടുകൾ നനക്കുമായിരുന്നു.

മറ്റെല്ലാവരുടേയുമെന്നപോലെ ഗ്ളുഷാക്കിന്റേയും ശ്രദ്ധ പ്രസംഗവേദിയിൽ കേന്ദ്രീകരിച്ചിരുന്നു. അവിടെ യൂഡിന്റെ സമീപത്തായി അയാൾ മിർസോയനെ കണ്ടറിഞ്ഞു. അയാൾക്കത്ഭുതം തോന്നിയില്ല. കഴിഞ്ഞ ഏതാനും നാളുകൾക്കുള്ളിൽ നേതാവിന്റെ ഭാഗ്യം വളരെ തെളിയുകയുണ്ടായി. പുതിയ ഇൻസ്റ്റിട്യൂട്ടിന്റെ ഡയറക്ടറായി അയാളെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് യൂഡിൻ മോസ്കോവിൽനിന്ന് കൊണ്ടുവന്നിരുന്നു. ഈ പുതിയ പദവിയുടെ പേരിൽ യോഗം ഉൽഘാടനം ചെയ്യുന്നതു് അയാളായിരിക്കും. അയാളിൽ ഒരു ഞെളിവും തെളിവുമൊക്കെ പ്രകടമായിരുന്നു. ലാറിന്, വീരിയ, യൂഡിൻ തുടങ്ങിയവരുടെ മണ്ഡലത്തിലേക്ക് താനും കടന്നുകൂടിയിരിക്കുന്നു എന്നൊരു തോന്നൽ അയാൾക്കുണ്ടായിക്കാണും.

മിർസിയോൻ തന്റെ ബെൽട്ട് ഒന്നുകൂടി മുറുക്കിക്കെട്ടി. തന്റെ കുടവയർകൊണ്ട് നേതാക്കന്മാർക്ക് ശല്യമുണ്ടാകരുതല്ലോ. അതോടുകൂടി ഒരു കുടവയറിന്റെ സ്ഥാനത്ത് രണ്ടെണ്ണം പ്രത്യക്ഷപ്പെട്ടു.

ഗ്ളുഷാക്ക് അല്പമൊന്നാശ്വസിക്കാൻ ശ്രമിച്ചു. "ഒരു പക്ഷെ ഇയാൾക്ക് പകരംവരുന്ന പാർട്ടിസെക്രട്ടറി കുറെ ഭേദപ്പെട്ടവനായിരിക്കും."

മൈതാനവും സമീപത്തുള്ള റോഡുകളും ജനബഹുലമായിക്കഴിഞ്ഞിരുന്നു. ജനാവലിയെ ആകെ ഒന്നു നോക്കിയതിനുശേഷം യോഗം തുടങ്ങിക്കൊള്ളാൻ ലാറിൻ അനുജ്ഞ നൽകി. ബാൻറുകളും റേഡിയോകളും അതോടെ നിശ്ശബ്ദമായി. തണുക്കുന്ന ഒരഗ്നിപർവ്വതംപോലെ ജനക്കൂട്ടത്തിന്റെ ആരവാരവും അല്പാല്പമായി അടങ്ങി.

തൊണ്ട അനക്കിക്കൊണ്ട് മിർസോയൻ പ്രസംഗിച്ചു: "ഈ മഹാസമ്മേളനം ഉൽഘാടനം ചെയ്തിരിക്കുന്നതായി ഞാൻ പ്രഖ്യാപിക്കുന്നു. രണ്ടാം സിക്രട്ടറി സഖാവ് വീരിയാ ഉൽഘാടനപ്രസംഗം നടത്തുന്നതായിരിക്കും."

"അതെന്താണ് ലാറിൻ പ്രസംഗിക്കാത്തതു്." നോവി

ക്കോവു് അത്ഭുതപ്പെട്ടു. അതേ ചോദ്യം മററനേകം മനസ്സുകളിൽ ആവർത്തിക്കുന്നുണ്ടായിരുന്നു.

മിർസോയന്റെ പ്രസംഗം കേട്ടപ്പോൾ ലാറിനും സ്തബ്ധനായിപ്പോയി. ഉൽഘാടനപ്രസംഗം നിർവ്വഹിക്കുന്നതു് വീരിയായായിരിക്കുമെന്നയാൾക്കറിയാമായിരുന്നു. എങ്കിലും നിയന്ത്രിക്കാനരുതാത്തവിധം ഒരു ഞെട്ടൽ അയാൾക്കുണ്ടായി. ആൾക്കൂട്ടത്തിനുണ്ടായ ആ അമ്പരപ്പു് അയാളേയും ബാധിച്ചു. ആയിരമായിരം കണ്ണുകൾ അയാളെത്തന്നെ ഉററുനോക്കുകയാണെന്നയാൾ കണ്ടു. നിർവികാരത്വം അഭിനയിച്ചൊപ്പിക്കുവാൻ അയാൾ വളരെ ബുദ്ധിമുട്ടി. അയാളുടെ ഉള്ളിൽ ക്ഷുഭിതചിന്തകൾ പരക്കംപായുകയായിരുന്നു.

ഒരു മാസം മുമ്പുവരെ അയാൾക്കു് ഈ ഇൻസ്റ്റിട്യൂട്ടിനെക്കുറിച്ചുള്ള ചിന്തപോലുമുണ്ടായിരുന്നില്ല. ഉൽഘാടനം ആരു നടത്തണമെന്ന കാര്യം അയാൾ ഗൗനിച്ചതേയില്ല. വീരിയായോ, മൂന്നാം സിക്രട്ടറിമാരിൽ ആരെങ്കിലുമോ അതു് നിർവ്വഹിച്ചുകൊള്ളട്ടെ. പക്ഷെ നാൾ ചെല്ലുംതോറും ഈ ഉൽഘാടനഘോഷത്തിന്റെ പ്രാധാന്യം വ്യക്തമായിവന്നു. മോസ്കോവിൽനിന്നും മററും സന്ദർശകസംഘങ്ങൾ എത്തുമെന്നും, പരിപാടികളൊക്കെ പ്രക്ഷേപണം ചെയ്യപ്പെടുമെന്നും അറിയാറായപ്പോൾ ഉൽഘാടനപ്രസംഗം നടത്തുന്നതു് താൻതന്നെ ആയിരിക്കണമെന്നു് ലാറിൻ തീരുമാനിച്ചു. അപ്പോഴാണു് തനിക്കു പ്രസംഗിച്ചാൽ കൊള്ളാമെന്നുള്ള ആഗ്രഹം വീരിയാ പ്രകടിപ്പിച്ചതു്. ആ അഭ്യർത്ഥന ലാറിൻ പരുഷസ്വരത്തിൽ നിരസിച്ചുകളഞ്ഞു. പക്ഷെ രണ്ടു ദിവസത്തിനകം മോസ്കോവിൽനിന്നു് നേരിട്ടു് നിർദ്ദേശംവന്നു "ഇൻസ്റ്റിട്യൂട്ടിന്റെ നിർമ്മാണത്തിനു് മുൻകയ്യെടുത്ത വിരിയാതന്നെ ഉൽഘാടനപ്രസംഗം നടത്തിക്കൊള്ളട്ടെ" എന്ന ലാഘവസ്വരത്തിലുള്ള ആ നിർദ്ദേശത്തിൽ ഒപ്പുവച്ചിരുന്നതു് പോളിററു് ബ്യൂറോവിലെ പുതിയ മെമ്പർ ആയ ഷെർബക്കോവായിരുന്നു. ലാറിനെ അതു് തെല്ലും തെററിദ്ധരിപ്പിച്ചില്ല. ഇതു് വെറും താൻപ്രമാണിത്വത്തിന്റെ മാത്രം പ്രശ്നമല്ലാതായിരിക്കുന്നു. തന്റെ പിറകിൽ താനറിയാതെ എന്തൊക്കെയോ കരുനീക്കങ്ങൾ ഉണ്ടാകുന്നുണ്ടു്. അധികാരലഹരിയാൽ ആമഗ്നനായി

രുന്ന ലാറിനു് താൻ തള്ളിമാററപ്പെട്ടുവെന്ന പരമാൎത്ഥം ബോദ്ധ്യമായി.

ഷെർബക്കോവു് പറഞ്ഞതു് പ്രത്യക്ഷരം ശരിയായിരുന്നു. ഈ ഇൻസ്റ്റിട്ട്യൂട്ട് വീരിയായുടെ സ്വന്തം ചിന്താസന്താനമാണു്. റോസ്റ്റോവിൽവന്നു് അധികം കഴിയുന്നതിനു മുമ്പുതന്നെ പാർട്ടിപ്രവർത്തകർക്കു് പരിശീലനം നൽകുന്നതിനുവേണ്ടി ഇങ്ങനെ ഒരു സ്ഥാപനം ഉണ്ടാകണമെന്നു് വീരിയാ അഭിപ്രായപ്പെട്ടു. എല്ലാവരും ആ നിർദ്ദേശത്തെ പുച്ഛിച്ചു തള്ളി. ഇതിലും വലിയ നഗരങ്ങളിൽ ഇതുപോലൊന്നുമില്ലാത്തപ്പോൾ റോസ്റ്റോവിൽ ഇങ്ങനെ ഒരു സ്ഥാപനം വേണമെന്നു പറയുന്നതു് ഉച്ചക്കിറുക്കല്ലേ? ഉള്ള കെട്ടിടങ്ങളുടെ അത്യാവശ്യ കേടുപാടുകൾ നീക്കാൻവേണ്ടിപ്പോലും ഒററ ചില്ലിക്കാശു് മോസ്കോവിൽനിന്നു് അനുവദിച്ചുകിട്ടുന്നില്ല. അപ്പോഴാണു് പുതിയ കെട്ടിടം പണിയണമെന്നുള്ള അഭിപ്രായം വന്നിരിക്കുന്നതു്.

പാർട്ടിക്കമ്മററിയുടെ ഒരു വിശേഷാൽ യോഗത്തിൽ വീരിയാ തന്റെ ആശയം വീണ്ടുമവതരിപ്പിച്ചു. മോസ്കോവിൽനിന്നു് ചില ഉന്നതന്മാരായ നേതാക്കന്മാരും പ്രസ്തുത യോഗത്തിൽ സംബന്ധിച്ചിരുന്നു. ലാറിനു് ആ രംഗം നല്ലതുപോലെ ഓർമ്മയുണ്ടു്. വീരിയാ നേരിട്ടു് വിഷയത്തിലേക്കു് പ്രവേശിക്കയല്ല ചെയ്തതു്. തന്റെ വക്രമായ രീതി അയാൾ അവിടേയും അവലംബിച്ചു.

"എംപീരിയോ ക്രിട്ടിസിസം എന്ന വാക്കിന്റെ ശരിയായ അൎത്ഥം അറിയാവുന്നവർ നിങ്ങളിൽ ആരെങ്കിലുമുണ്ടോ?" വീരിയാ ചോദിച്ചു. ആർക്കെങ്കിലും ആ വാക്കിന്റെ അൎത്ഥമറിയാമായിരുന്നെങ്കിൽതന്നെയും, ആരും ഒന്നും മിണ്ടിയില്ല. വീരിയാ തുടർന്നു: "അതാണു് ഞാൻ പറയുന്നതു്. ഒരുത്തർക്കുമറിഞ്ഞുകൂടാ. പാർട്ടിയുടെ ശത്രുക്കളെ തകർത്തു് തരിപ്പണമാക്കുന്നതിനു് ലെനിൻ ഉപയോഗിച്ച ഒരു ആയുധമാണു് ഈ വാക്കു്. ശരിയായ സ്ഥാനത്തു് ശരിയായ വാക്കുകൾ ഉപയോഗിക്കാൻ പാർട്ടിപ്രവർത്തകർക്കു് അറിയാമായിരിക്കണം. നമ്മുടെ നാട്ടു് ഇന്നു് ഒരു പ്രതിസന്ധിഘട്ടത്തെ തരണംചെയ്യുകയാണു്. നരകത്തിന്റെ നടുവിലാണു് നമ്മുടെ

നില. ഈ അവസരത്തിൽ സ്വർഗ്ഗസംഗീതം ആലപിക്കുവാൻ നമുക്കു കഴിയണം. ആ കല നാം അഭ്യസിക്കണം. അതിനുവേണ്ട പരിശീലനം നമുക്കിന്നില്ല. പാർട്ടിയുടെ വിശ്വസ്തരായ പ്രവർത്തകർക്ക് പരിശീലനം നൽകുവാൻ ഒരു സ്ഥാപനം ഇവിടെ റോസ്സോവിൽ ഉണ്ടാകണം. ആലങ്കാരികമായാണ് ഞാൻ സംസാരിച്ചതെങ്കിലും അതിന്റെ പൊരുളെന്തെന്ന് നിങ്ങൾ മനസ്സിലാക്കിയിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. പഴയ പ്രവർത്തകർക്ക് പുനഃപരിശീലനം നൽകുന്നതിനും, പുതിയ പ്രവർത്തകർക്ക് പരിശിക്ഷണം നൽകുന്നതിനും ഒരു പാർട്ടിവിദ്യാലയം നമുക്കാവശ്യമാണ്. അതിന്റെ നിർമ്മാണം ഉടൻ ആരംഭിക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

വീരിയായുടെ നേർത്തശബ്ദവും, മേശമേൽ അള്ളിപ്പിടിക്കുന്ന ആ ഈർക്കിലി വിരലുകളും ചെറിയ ശരീരവും ഒക്കെ കൂടി കുപിതനായ ഒരു കുരങ്ങിന്റെ പ്രതീതി ആണുളവാക്കിയതു്. ലാറിൻ അതിനെന്തു മറുപടി പറയുമെന്നറിയാൻ ആളുകൾ ദത്തശ്രദ്ധരായി. "സഖാവു് വീരിയായുടെ അഭിപ്രായം ശ്രദ്ധയിൽ പെട്ടിരിക്കുന്നു. തന്റെ പദ്ധതിയുടെ വിശദരൂപം അദ്ദേഹം തയ്യാറാക്കട്ടെ. നമുക്ക് അതിനെക്കുറിച്ചാലോചിക്കാം. ഇപ്പോൾ അടുത്ത വിഷയത്തിലേക്ക് പ്രവേശിക്കാം." വീരിയാ സംതൃപ്തനായി.

"മറയൻ" എല്ലാവരും ഉള്ളിൽ കരുതി.

"മറയൻ" ലാറിനും വിചാരിച്ചു: "ഇത്തരം ഏതാനും വിഡ്ഢിത്തങ്ങൾകൂടി എഴുന്നള്ളിച്ചാൽ ഈ കുരങ്ങിനെ അവർ കാഴ്ചബംഗ്ലാവിനകത്താക്കും."

വീരിയായോടു് ആദ്യംമുതൽക്കേ ഒരു വിപ്രതിപത്തിയാണ് ലാറിനുണ്ടായിരുന്നതു്. അയാളുടെ വരവോടുകൂടി റോസ്സോവിൽ പുതിയ ഒരധികാരമത്സരം ആരംഭിച്ചു. വീരിയാക്കുമുമ്പു് അഞ്ചുപേർ റോസ്സോവിൽ രണ്ടാം സിക്രട്ടരിസ്ഥാനമലങ്കരിച്ചിട്ടുണ്ടു്. ലാറിനെ തള്ളിമാററാനുള്ള ശ്രമത്തിൽ സ്വയം നശിച്ചവരാണവരെല്ലാം. പാർട്ടിയിൽ നിലനിന്നു പിഴക്കാനുള്ള പരിചയവും സാമർത്ഥ്യവും ലാറിനുണ്ടായിരുന്നു. വീ

രിയായെ അയാൾ സശ്രദ്ധം വീക്ഷിച്ചിരുന്നെങ്കിലും അത്ര ആപൽക്കാരിയായ ഒരു ശത്രുവാണയാളെന്നു തോന്നായ്കയാൽ പ്രത്യക്ഷത്തിൽ അയാൾക്ക് എതിരായ നടപടികളൊന്നും കൈക്കൊള്ളുകയുണ്ടായില്ല. മററാരുടെയും സഹായംകൂടാതെ സ്വയം ആപത്തിൽചെന്നു ചാടുന്ന പ്രകൃതക്കാരനാണ് വീരിയാ എന്ന് ലാറിൻ വിശ്വസിച്ചു.

പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുവാൻ വീരിയാക്ക് ഒരാഴ്ചയിലധികം വേണ്ടിവന്നില്ല. ഒററനോട്ടത്തിൽതന്നെ ഒരു ഭ്രാന്തന്റെ സ്വപ്നംപോലിരുന്നു ആ പദ്ധതി. അതിന് മൊത്തം കോടിക്കണക്കിന് ചിലവ് വരുമായിരുന്നു. മാത്രമല്ല അതിന്റെ നിർമ്മാണത്തിന് ആളുകൾ തിങ്ങിപ്പാർക്കുന്ന നഗരത്തിന്റെ കേന്ദ്രത്തിൽ പത്തു പന്ത്രണ്ട് കെട്ടിടങ്ങൾ പൊളിച്ചുകളയണമായിരുന്നു. ജനബാഹുല്യംകൊണ്ട് വിഷമതയനുഭവിക്കുന്ന റോസ്റ്റോവിൽ അതു് പ്രായോഗികമല്ലെന്ന് വ്യക്തമായിരുന്നു.

"അസ്സലായിരിക്കുന്നു. നിങ്ങൾ ഇതു് എഴുതിയുണ്ടാക്കിയ സ്ഥിതിക്ക് നിങ്ങളുടെ പേരിൽതന്നെ ഇതു് മോസ്കോവിലേക്കയക്കൂ." വിരിയായുടെ കഴുത്തിൽ കൊലക്കയർ മുറുക്കുകയാണ് താൻ ചെയ്യുന്നതെന്ന വിശ്വാസത്തോടുകൂടി ലാറിൻ അഭിപ്രായപ്പെട്ടു. വീരിയാ അതേപടി പ്രവർത്തിക്കയുംചെയ്തു. അതിന്റെ പൂർത്തീകരണത്തിനു് റോസ്റ്റോവിലെ വരവിനങ്ങൾ മുക്കാൽ പങ്കും ചിലവഴിക്കണമെന്നും, പാർപ്പിടങ്ങളില്ലാതെ ജനങ്ങളെ വഴിയിലിറക്കിവിടുന്ന ഈ പദ്ധതിയിൽ നിന്നു് പിൻതിരിയണമെന്നും മററുമുള്ള ലാറിന്റെ പരിദേവനങ്ങൾ മോസ്കോ ചെവിക്കൊണ്ടില്ല. ജീവിതത്തിലാദ്യമായി ലാറിൻ നാട്ടുകാരുടെ താല്പര്യങ്ങൾക്കുവേണ്ടി വാദിച്ചു. പക്ഷെ ഒരു ഫലവുമുണ്ടായില്ല.

പണി തുടങ്ങി. റോസ്റ്റോവു് നഗരത്തിൽ പൊടിപടലം ഉയർന്നു. പത്തു പന്ത്രണ്ട് കെട്ടിടങ്ങൾ ഇടിച്ചു നിരത്തപ്പെട്ടു. അവയിലെ പാർപ്പുകാർ വഴിയാധാരമായി. പട്ടണപ്രാന്തങ്ങളിൽ കൂടാരങ്ങൾ നിർമ്മിച്ച് ആ നിർഭാഗ്യവാന്മാർക്ക് താൽക്കാലിക പാർപ്പിടങ്ങൾ നൽകേണ്ടതായിവന്നു.

വീരിയായെ ലാറിൻ ശരിക്കറിഞ്ഞതു് അപ്പോൾ മാത്രമാണ്. ഈ കുരങ്ങനു് മോസ്ക്കോവരെ എത്തുന്ന നീളമേറിയ ഒരു വാലുണ്ടെന്നു് ആ വൈകിയ വേളയിൽ ലാറിൻ മനസ്സിലാക്കി. ഈ കെട്ടിടം പണികഴിപ്പിക്കുന്നതിനുവേണ്ടി മോസ്ക്കോവിൽനിന്നു് വീരിയായെ നിയോഗിച്ചിരിക്കയാണെന്നു വ്യക്തമായി. എന്താണതിൻെറ ഉദ്ദേശം? വീരിയായുടെ പ്രസംഗത്തിൽനിന്നു് വല്ലതും പിടികിട്ടിയേക്കുമെന്നു് ലാറിൻ പ്രതീക്ഷിച്ചു.

ജീവിതത്തിലാദ്യമായി ലാറിൻ അനിശ്ചിതാവസ്ഥയെ അഭിമുഖീകരിച്ചു. ഇദംപ്രഥമമായി അധികാരപ്രമത്തനായ ആ നേതാവു് നിസ്സഹായതയുടേയും ദയനീയതയുടേയും രുചിയെന്തെന്നു് അനുഭവിച്ചറിഞ്ഞു.

---

# അദ്ധ്യായം പതിമൂന്നു്

താൻ ചെയ്യാൻപോകുന്ന പ്രസംഗത്തിൻെറ പ്രധാന്യത്തെകുറിച്ചു് തികച്ചും ബോധവാനായിരുന്നു വീരിയ. സന്ദർഭത്തിനനുസരിച്ചു് അയാൾ ഉയന്നു.

"ഈ കെട്ടിടം ഇന്നിവിടെ ഉൽഘാടനം ചെയ്യപ്പെടുന്നതു് കേവലം യാദൃച്ഛികമായ ഒരു സംഭവമല്ല. 1907-ൽ സഖാവു് സ്റ്റാലിൻ ഇവിടെവച്ചാണു് തൻെറ രഹസ്യപ്രവൎത്തനങ്ങൾക്കിടയിൽ 'അരാജകത്വമോ സോഷ്യലിസമോ' എന്ന തൻെറ ചരിത്രപ്രധാനമായ പുസ്തകം എഴുതിതീൎത്തതു്. അതിൽ അദ്ദേഹം . . ." താൻ ഉളവാക്കുന്ന പ്രത്യാഘാതങ്ങൾ സൂക്ഷിച്ചുനോക്കിക്കൊണ്ടു് വീരിയ പ്രസംഗം തുടന്നു.

അരാജകത്വമോ സോഷ്യലിസമോ എന്ന പേരിൽ സ്റ്റാലിൻ ഒരു പുസ്തകമെഴുതിയിരുന്ന കാര്യം ആരുമറിഞ്ഞിരുന്നില്ല. സ്റ്റാലിൻ റോസ്റ്റോവിൽ താമസിച്ചിരുന്ന കാര്യത്തെക്കുറിച്ചും ആർക്കും ഒരു കേട്ടറിവുപോലുമുണ്ടായിരുന്നില്ല. ചരി

ത്രം മാററി എഴുതപ്പെടുന്ന ഒരു സന്ദർഭമാണതെന്നു് എല്ലാവരും മനസ്സിലാക്കി.

ലാറിൻ വിളറിപ്പോയി. അത്രക്കയാൾ പ്രതീക്ഷിച്ചിരുന്നില്ല. തൻെറ അന്ത്യകാലം അടുത്തതായി അയാൾ അറിഞ്ഞു. ചരിത്രം മാററി എഴുതപ്പെടുന്നതോടുകൂടി ഒരു ശുദ്ധീകരണവും ആസന്നമായിരിക്കും. താൻ ഇന്നവഗണിക്കപ്പെട്ടിരിക്കുന്നതിൻെറ അർത്ഥം ഇനിമേൽ അവർക്കു് തന്നെക്കൊണ്ടാവശ്യമില്ലെന്നാണെന്നു് അയാൾക്കു് മനസ്സിലായി. മററുള്ളവരുടെ കാര്യത്തിൽ മുമ്പിതുപോലൊക്കെ സംഭവിക്കാറുണ്ടു്. ഇന്നിതാ അതു് തൻെറ കാര്യത്തിൽ ആവർത്തിക്കപ്പെടുന്നു.

ലാറിൻെറ പതനം അത്യാസന്നമായെന്നു് പൗരപ്രമാണികൾക്കും ബോധ്യപ്പെട്ടു. 'മൊളൊട്ടു്' പത്രത്തിൻെറ അധിപരുടെ മുഖം പെട്ടെന്നു് വിഷാദപൂർണ്ണമായി അയാൾ ലാറിൻെറ ഒരനന്തിരവനായിരുന്നു. കൈകാലുകൾ തളന്നു് ആ മനുഷ്യൻ കൽപടവിലിരുന്നുപോയി.

അക്കാഡമിഷ്യൻ ഗ്ളുഷാക്കു് കൈത്തലംകൊണ്ടു് നെററിയിലെ വിയർപ്പു് തുടച്ചുകളഞ്ഞു. "ഞാനെന്തിനു ഭയപ്പെടണം" അദ്ദേഹം സ്വയം ആശ്വസിപ്പിച്ചു. "ഞാൻ ഒരു പ്രീതി പാത്രമായിരിക്കയാണെന്നുവേണം വിചാരിക്കാൻ. ഇന്നത്തെ വിരുന്നിൽ റിപ്പോർട്ടു വായിക്കാൻ നിയുക്തനായിരിക്കുന്നതു് ഞാനാണല്ലോ. എന്നാലും ഒന്നും തീർച്ചപ്പെടുത്തിക്കൂടാ.!!

തടിയനായ മീർസോയനു് വീരിയായോടു് കടുത്ത അസൂയതോന്നി. കക്കാസസിൽവച്ചു് അവർതമ്മിൽ പരിചയപ്പെട്ടതാണു്. അന്നവർ സഹപ്രവർത്തകരും ചങ്ങാതിമാരുമായിരുന്നു. "പഹയൻ! അവിടെനിന്നുയന്നു് എത്രത്തോളമെത്തി" മിർസോയൻ പിറുപിറുത്തു. "എന്നെ അവൻ മറന്നുകളഞ്ഞില്ല എന്നൊരാശ്വാസമുണ്ടു്. എങ്കിലും അവൻ തുലഞ്ഞുപോകട്ടെ".

വീരിയായുടെ പ്രസംഗത്തിൻെറ ഗൗരവം നോവിക്കോവിനും മനസ്സിലായി. ലാറിൻെറ ഭാവപ്പകർച്ച അയാൾ ശ്രദ്ധിച്ചു. "ഒരു വൃക്ഷം മറിക്കുമ്പോൾ മരപ്പൂളുകൾ പലവഴിക്കും തെറിക്കുക സ്വാഭാവികമാണു്." അയാൾ വിചാരിച്ചു. "ഒരു

ശുദ്ധീകരണം വരാൻപോകുന്നു. പല തലകൾക്കും സ്ഥാനഭ്രംശം സംഭവിക്കും. ഒന്നാമത്തേത തല ലാറിന്റേതായിരിക്കും. ഞാനും സൂക്ഷിക്കണം. കോടാലി എന്റെനേർക്കും തിരിഞ്ഞുകൂടെന്നില്ല.” തന്റെ കഴിഞ്ഞകാലപ്രവൎത്തനങ്ങളിലേക്ക് അയാൾ തിരിഞ്ഞുനോക്കി. പ്രാചീന ചരിത്രം മാത്രം കൈകാര്യം ചെയ്തുകഴിയുന്ന താൻ പേടിക്കേണ്ട കാര്യമില്ലെന്ന് അയാൾ സമാധാനിച്ചു. ഗോറിന്റെമേൽ അയാളുടെ ദൃഷ്ടി ചെന്നു തറച്ചു. മററുള്ളവരെപ്പോലെ അദ്ദേഹവും ഇതൊക്കെ വിഴുങ്ങുമോ? ഗോറിൻ ശില്പിയായ ഷ്ക്കുസേവിന്റെ നേർക്ക് നോക്കി ആശ്ചര്യം പ്രകടിപ്പിക്കുന്നതും, ശില്പിയുടെ ചുണ്ടുകൾ ഒന്നു വക്രിക്കുന്നതും നോവിക്കോവ് കണ്ടു.

“അവരെല്ലാമാണ് ഭയപ്പെടാനുള്ളവർ” അയാൾ ചിന്തിച്ചു. ഗോറിന്റെനേർക്ക് തിരിഞ്ഞ് അയാൾ വിചാരിച്ചു. “അതാ നിൽക്കുന്നു സ്റ്റാലിന്റെ മാൎഗ്ഗത്തിലെ വലിയൊരു വിഘ്നം”. വരാൻപോകുന്ന സംഭവവികാസങ്ങളിൽ തന്റെ തന്നെ പങ്കെന്തായിരിക്കുമെന്ന് ഊഹിച്ചപ്പോൾ നോവിക്കോവ് വിറച്ചുപോയി. തന്നെ തടസപ്പെടുത്തുന്ന യാതൊന്നിനേയും സ്റ്റാലിൻ വച്ചുപൊറുപ്പിക്കയില്ല. റഷ്യയിലെ ഏററവും ഉന്നതനായ ആ സാഹിത്യകാരനും അതുതന്നെ ആയിരിക്കും അനുഭവം. ഗോറിന്റെ ആത്മാവ് പരിഷ്കരിക്കുക എന്നുള്ളതിൽകഴിഞ്ഞ് മററു വല്ലതും തനിക്ക് നിൎവ്വഹിക്കേണ്ടിവരുമോ?.

ആ സന്ദർഭത്തിന്റെ പ്രാധാന്യം എല്ലാവരും മനസ്സിലാക്കിയത് ഒരുപോലെയല്ല. “ഇതിൽ ഇത്രകാൎയ്യമായിട്ടെന്തിരിക്കുന്നു” എന്നായിരുന്നു ഡ്യൂറോവിന്റെ ഉള്ളിലുദിച്ച സംശയം. അവർ സ്റ്റാലിന്റെ ഒരു കൃതിയെസംബന്ധിച്ച് ഒരു പുതിയ വഴി തുറന്നിരിക്കുന്നു. അതു വേണ്ടതുതന്നെ.” അയാൾ വിചാരിച്ചു, ഒട്ടും താമസിയാതെ തന്റെ കനത്ത കയ്യും ഉറച്ച മനസ്സുംകൊണ്ടു് മോസ്ക്കോവിന് ആവശ്യംവരുമെന്നയാൾ അറിഞ്ഞില്ല.

ചുററും നടക്കുന്നതെല്ലാം ലാറിൻ കാണുന്നുണ്ടായിരുന്നു. തന്റെ അനന്തിരവൻ കൽപടവുകളിൽ വഴുതിവീണതും,

ഷെർബക്കോവും യൂഡിനും പരസ്പരം നോക്കി കള്ളച്ചിരി കൈമാറുന്നതും എന്തോ മന്ത്രിക്കുന്നതും അയാൾ ശ്രദ്ധിച്ചു. അതു് തന്നെക്കുറിച്ചായിരിക്കുമെന്നുള്ളതിൽ അയാൾക്കു സംശയം തോന്നിയില്ല.

വീരിയായുടെ പ്രസംഗം തുടൎന്നുകൊണ്ടിരുന്നു.

"ഈ കൃതിയുടെ പ്രാധാന്യം എത്രയുണ്ടെന്നു് പറയുക വിഷമമാണു്. പാർട്ടിയുടെ തത്വങ്ങളെകുറിച്ചു് സ്റ്റാലിൻ ഇതിൽ വിശദീകരിച്ചിട്ടുണ്ടു്. ചരിത്രപരമായ ഭൗതികവാദത്തെ ഇതിലദ്ദേഹം വികസിപ്പിച്ചിരിക്കുന്നു. സാമ്രാജ്യത്വകാലഘട്ടത്തിലെ തൊഴിലാളിവൎഗ്ഗസമരങ്ങളെക്കുറിച്ചു തന്റെ തന്നെ അനുഭവങ്ങളെ ഊർജ്ജതന്ത്രം രസതന്ത്രം എന്നീ വിഷയങ്ങളുമായി സംയോജിപ്പിച്ചു് ഏററവും വിദഗ്ദ്ധമായ ഒരു പ്രതിപാദനം അദ്ദേഹം നമുക്കു നൽകിയിരിക്കുന്നു."

ഗോറിനു് അതു് സഹിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം ലാറിൻെറ സമീപത്തേക്കു് മെല്ലെ ചാഞ്ഞു് അയാളുടെ ചെവിയിൽ ഇങ്ങനെ ചോദിച്ചു. "1907-ൽ ടിഫ്ളിസിലെ ബാങ്കുകൾ കവർച്ചചെയ്തു് പാർട്ടിക്കു് പണമുണ്ടാക്കുക എന്ന ജോലിയല്ലേ സ്റ്റാലിൻ നിർവ്വഹിച്ചിരുന്നതു്. താത്വികമണ്ഡലത്തിൽ പുതിയ സംഭാവനകൾ നൽകാനുള്ള സമയവും സാവകാശവും അന്നദ്ദേഹത്തിനുണ്ടായിരുന്നോ?"

ലാറിൻ യാന്ത്രികമായി മറുപടി പറഞ്ഞു. "സഖാവു് സ്റ്റാലിൻ അക്കാലത്തു് തന്റെ ഒഴിവുസമയം പുസ്തകങ്ങളെഴുതാൻവേണ്ടി വിനിയോഗിച്ചിരുന്നു."

വീരിയാ തുടർന്നു: "സഖാവു് സ്റ്റാലിൻെറ ഈ കൃതി മാർക്സിസ്റ്റു് തത്വസംഹിതയുടെ അത്യുച്ചകോടിയെ കുറിക്കുന്നു."

"അതാണു കാൎയ്യം" നോവിക്കോവു് വിചാരിച്ചു. "പാർട്ടിയുടെ ഏററവും ഉയർന്ന താത്വികാചാൎയ്യനായി സ്വയം അഭിഷേകംചെയ്യാനുള്ള സ്റ്റാലിൻെറ തന്ത്രമാണിതു്. ഏതാണ്ടതേ വിഷയത്തെക്കുറിച്ചു് ലെനിൻെറ പുസ്തകം പുറത്തിറങ്ങിയതു് 1909-ലാണു്. അതിനു മുമ്പുതന്നെ സ്റ്റാലിൻ ആ രംഗത്തു് ലബ്ധപ്രതിഷ്ഠനാണെന്നു് വരുത്താൻവേണ്ടി ഇതാ ചരിത്രം മാററി എഴുതപ്പെടുന്നു." രാജ്യത്തുള്ള പത്രറിപ്പോർ

ട്ടർമാരെയൊക്കെ വരുത്തി, റേഡിയോ പ്രക്ഷേപണങ്ങളോടും മററെല്ലാ ആർഭാടങ്ങളോടുംകൂടി ഈ ആഘോഷം കൊണ്ടാടുന്നതിൻെറ ഉദ്ദേശം അതുമാത്രമാണ്. കോടിക്കണക്കിന് ചിലവുചെയ്തു് ഈ കെട്ടിടം പണിതതും അതിനുവേണ്ടിതന്നെ.

ഗ്ളഷാക്ക് സൂത്രത്തിൽ പുറത്തേക്കിറങ്ങിപ്പോകുന്നതു് നോവിക്കോവിൻെറ ദൃഷ്ടിയിൽപെട്ടു. "അയാൾ തൻെറ റിപ്പോർട്ടു് മാററിയെഴുതാൻ പോകയാണ്. ചരിത്രത്തിനുണ്ടായിരിക്കുന്ന ഈ കീഴ്മേൽമറിച്ചിലിനോടൊപ്പിക്കുവാൻ വേണ്ടി മററു പലർക്കും ഇന്നു് പല മാററിയെഴുതലുകൾ വേണ്ടിവരും" അയാൾ വിചാരിച്ചു.

സ്റ്റാലിന് വിജയമാശംസിക്കുന്ന ദീർഘദീർഘമായ ഒരു പല്ലവിയോടുകൂടി വീരിയാ തൻെറ പ്രസംഗം ഉപസംഹരിച്ചു.

"ഹുറാ" ആദ്യമായി യൂഡിൻ ആ പല്ലവി ഏററുപാടി. തുടർന്നു് ആ മൈതാനം മുഴുവനും അതിൽ പങ്കെടുത്തു. നോവിക്കോവിൻെറ സഹോദരനും ആവേശപൂർവ്വം അതിൽ പങ്കെടുത്തുകൊണ്ടു് ആർത്തുവിളിച്ചു തുള്ളിച്ചാടി. എന്നാൽ അയാളുടെ കണ്ണുകളിൽ ആവേശമല്ല ഒരു കുസൃതിച്ചിരിയാണ് കാണാൻ കഴിഞ്ഞതു്. ഒരുപക്ഷെ ഇതുപോലെ തമാശയ്ക്കുവേണ്ടിമാത്രം ആവേശഗോഷ്ടി അഭിനയിക്കുന്നവർ വേറേയും വളരെപ്പേർ കാണുമെന്നു് നോവിക്കോവു് വിചാരിച്ചു. വല്ലവരും കണ്ടു് കുഴപ്പമാകരുതല്ലോ എന്നു കരുതി അയാൾ സഹോദരൻെറ പ്രകടനം ഗൗരവസ്വരത്തിൽ നിയന്ത്രിച്ചു.

"ബോൻറു്" മിർസോയൻെറ സ്വരം ആജ്ഞാപിക്കുന്നതു് കേൾക്കാമായിരുന്നു. "ഇൻറർനാഷനൽ."

ഇൻറർനാഷനൽ ഗാനം അന്തരീക്ഷത്തിൽ മാറെറാലിക്കൊണ്ടു. എല്ലാവരും ബഹുമാനസൂചകമായി നിശ്ചലം നിവർന്നുനിന്നു. പ്രസംഗവേദിയിൽ നിന്നിരുന്നവർ കൈയ്യുയർത്തി തൊപ്പിയിൽചേർത്തു് അഭിവാദ്യംചെയ്തു.

ഒരു ശിലാപ്രതിമപോലെ ലാറിൻ നിവർന്നുനിന്നു. എങ്കിലും തൻെറ ഇടതുവശത്തു് നില്ക്കുന്ന വീരിയായുടെ നേർക്കു് അയാൾക്കു് ദൃഷ്ടിപായിക്കാതിരിക്കാൻ കഴിഞ്ഞില്ല. അയാളും

തന്നെത്തന്നെ നോക്കുന്നത് ലാറിൻ കണ്ടു. തണുത്തതും മൂർച്ചയുള്ളതുമായ ഒരു പിച്ചാത്തിമുനപോലെ ആ നോട്ടം തന്നിലേക്ക് തറച്ചിറങ്ങുകയാണ്. ഒരു പുഞ്ചിരിയോടുകൂടി വിരിയ പറഞ്ഞു:-

"എന്തൊരു സുദിനം. സഖാവ് ലാറിൻ, കെട്ടിടത്തിന്റെ പ്രവേശനദ്വാരത്തിൽ കെട്ടിയിരിക്കുന്ന പട്ടനാട മുറിക്കേണ്ടതു് നിങ്ങളുടെ ചുമതലയാണ്, അതു് മറക്കരുതു്." അപരിചിതവും ഗർവ്വിഷ്ഠവുമായിരുന്നു അയാളുടെ ശബ്ദം.

## അദ്ധ്യായം പതിനാല്

ഡാൺ നദീതീരത്തെ പ്രഭാതം എത്ര രമണീയം! വിസ്തൃതമായ ശാദ്വലപ്രദേശം കണ്ണെത്താദൂരത്തോളം പരന്നു് നീലദ്യുതിപൂണ്ട ആകാശത്തിൽ വിലയംപ്രാപിക്കുന്നു. നിർമ്മലവും അനന്തവുമായ അംബരത്തിൽ മേഘപിണ്ഡങ്ങൾ ഒന്നിനുമീതെ ഒന്നായി പ്രസന്നതയും പ്രകാശവും പ്രതാപവുംകലർന്നു് ചൈതന്യപൂർണ്ണമായി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു.

ശാദ്വലം നദീതീരത്തേക്കു ചാഞ്ഞിറങ്ങുന്നു. ശാദ്വലംപോലെ നദിയും പരന്നു സ്വച്ഛന്ദഭാവം വഹിക്കുന്നു. അതിന്റെ സ്വച്ഛവും പ്രശാന്തവുമായ ജലത്തിൽ ഭൂമിയും ആകാശവും ശുക്രങ്ങളും പ്രതിബിംബിക്കുന്നു. ഈ അമേയമായ പരപ്പിനു് മേലെന്നും കീഴെന്നുമുള്ള വ്യത്യാസം ഇല്ലെന്നുതാനും. മന്ദസ്മിതം പൊഴിക്കുന്ന ഗ്രീഷ്മാദിത്യനും സോന്മേഷം സഞ്ചരിക്കുന്ന ജീമൂതങ്ങളും ഇരച്ചുവീശുന്ന കാററും മാത്രം. ഒരു നഗരവാസി ഡാണിന്റെ തൃമായതീരത്തിൽ വന്നുനിന്നാൽ ഒരേസമയത്തുതന്നെ ആനന്ദത്തിനും ഭീതിക്കും വശംവദനായേക്കും.

ചിലപ്പോൾ നിങ്ങൾ ഭൂമിയിൽനിന്നുയർന്നു് മേഘങ്ങളുള്ള അന്തരീക്ഷത്തിൽ പറക്കുംപോലെയും മാരുതനാൽ വഹിക്കപ്പെട്ടു നീലാകാശത്തിനുള്ളിലേക്കു പ്രയാണംചെയ്യും

പോലെയും തോന്നും. നിങ്ങൾ ഘനമില്ലാത്ത ഒരു വസ്തുവായി പരിണമിക്കുന്നു. നിങ്ങളുടെ ജീവിതഭാരമെല്ലാം മാരുതൻ അപഹരിക്കും. നിങ്ങൾ പൂർവ്വാധികം പ്രസരിപ്പോടും ബലത്തോടും ശ്വാസോച്ഛ്വാസം ചെയ്യും.

ഇത്തരത്തിലുള്ള പ്രസന്നതയോടും പ്രസരിപ്പോടുംകൂടിയാണു് നൈനാ ഗോറിൻ, കൊല്ലാക്കു ഭടന്മാർ അണിനിരന്നിരുന്ന വിശാലമായ മൈതാനത്തിലേക്കു് അശ്വാരൂഢയായി ചെന്നതു്. നദീതീരത്തുള്ള ആ പരിശീലനകേന്ദ്രത്തിനു ചുററും ഒരു തടസ്ഥവേലിയുണ്ടായിരുന്നു. കുതിരപ്പുറത്തിരുന്നു് ശാദ്വലവും നദിയും മേഘങ്ങളുംകണ്ടു സന്തോഷിച്ചുകൊണ്ടു് നൈനാ മൈതാനത്തെ സമീപിച്ചു.

വഴിയുടെ ഇരുപാർശ്വങ്ങളിലുമുള്ള കുട്ടികൾ ആകാശത്തു നോക്കിക്കൊണ്ടു് കൂകിയും വിളിച്ചും പാടിയും രസിക്കുന്നതു് അവൾ കണ്ടു. ആകാശത്തുനിന്നുകൊണ്ടു് സൂര്യനാകുന്ന അയൽക്കാരൻ കുട്ടികൾക്കു് വേണ്ടിടത്തോളം ഓജസ്സും തേജസ്സും നൽകുന്നുണ്ടായിരുന്നു. അവരുടെ വാക്കുകൾ നൈനയെ വളരെ രസിപ്പിച്ചു.

പരിശീലനസ്ഥാനത്തുനിന്നും ഒരാജ്ഞാസ്വരം പുറപ്പെടുകയുണ്ടായി. "വാൾ ഊരുവിൻ" എന്നു്. പെട്ടെന്നു അനവധി ഖഡ്ഗങ്ങൾ മുകളിലേക്കുയർന്നു മിന്നിത്തിളങ്ങി. "പത്തലുകൾ വെട്ടുവിൻ! ഓരോരുത്തരായി നടക്കുവിൻ! നെവൻ, ലിപ്പ്, വിയോട്ടർ."

അശ്വാരൂഢന്മാർ പത്തലെല്ലാം പറേറ വെട്ടിക്കഴിഞ്ഞു. അപ്പോൾ "ഗോറിൻ നൈനാ" എന്നൊരു ശബ്ദം പുറപ്പെട്ടു. കൃശമദ്ധ്യയായ ഒരു യുവതി കുതിരപ്പുറത്തുകയറി ഒരു ഗൃഹത്തിൽനിന്നും അതിശീഘ്രം മുന്നോട്ടുവന്നു. അവളുടെ രക്തനിറമായ അങ്കവസ്ത്രം കാററിൽ പാറുന്നതു് കാണാമായിരുന്നു.

"ഭേഷ്! ഒരു യുവതിയുടെ സാമർത്ഥ്യത്തിനു് ഉത്തമ ലക്ഷ്യം!" എന്നു് ഭടന്മാരുടെ ശൃംഖലനായ നായകൻ വിളിച്ചു പറഞ്ഞു. അശ്വാരൂഢയായ യുവതി ഇതിനിടയ്ക്കു് ആ വിശാലമായ മൈതാനത്തിൻെറ പകുതിയോളം ഒന്നു വട്ടംചുററിപാഞ്ഞിട്ടു് സ്വസ്ഥാനത്തുവന്നു നിൽപ്പായി. യുവതിയായ അവളുടെ മന്ദാഞ്ചിതമായ മുഖം കാണാൻ കഴിഞ്ഞു. അവൾക്കു

പതിനെട്ടു വയസ്സുവരും. യൗവ്വനത്തിളപ്പിനാൽ അവളുടെ കപോലങ്ങൾ തുടിക്കുന്നുണ്ടായിരുന്നു. അവൾ ക്ഷോഭവതിയായി കാണപ്പെട്ടു.

അവർ ഇററലിയിൽനിന്നു തിരിച്ചുവന്ന് ഒരു വർഷം കഴിഞ്ഞാണ് സൈന്യസേവനം ആരംഭിച്ചതു്. റഷ്യൻ വിപ്ലവത്തിനുശേഷം മൈക്കൽ ഗോറിൻ ഇററലിയിലെ കാപ്രിദ്വീപിൽ താമസിച്ചു റഷ്യൻ വിപ്ലവത്തെ ശ്രദ്ധിച്ചു പഠിച്ചുകൊണ്ടിരുന്നു.

റഷ്യയിൽ തിരിച്ചുവന്നപ്പോഴാണ് ഗോറിനു റഷ്യൻ വിപ്ലവത്തിന്മേൽ എത്ര ശക്തിയുണ്ടായിരുന്നു എന്നു നൈനക്ക് മനസ്സിലായതു്. ജനങ്ങൾ കൂട്ടംകൂട്ടമായിനിന്ന് പുഷ്പമാല്യങ്ങളും പ്ലാക്കാർഡുകളും ഗോറിൻെറ പടങ്ങളും വഹിച്ച് അദ്ദേഹത്തോടുള്ള ആദരം പ്രകടിപ്പിക്കയുണ്ടായി. എന്നാൽ മോസ്കോയിലെ കഴസ്ക് സ്റ്റേഷനിലെ സംരംഭങ്ങൾ അവളുടെ ഭാവനകളെപ്പോലും അതിലംഘിക്കുന്നവയായിരുന്നു. മഴ പെയ്തുകൊണ്ടിരുന്നിട്ടും കലശലായ തണുപ്പുണ്ടായിരുന്നിട്ടും സ്റ്റേഷൻെറ വിസ്തൃത പുരോഭാഗം ജനനിബിഡമായിരുന്നു. ആയിരമായിരം കണ്ഠങ്ങളിൽനിന്നും ഗോറിൻെറ നാമധേയം പുറപ്പെടുകയും അതിലധികം കൈകൾ ആകാശത്തിൽ ഉയർന്ന് ആശംസകൾ പ്രകടിപ്പിക്കുകയുംചെയ്തു. ഈ കാഴ്ച റഷ്യൻ ജനതതിയെപ്പററിയുള്ള നൈനായുടെ സ്നേഹം ഉറപ്പിക്കാനും തൻെറ പിതാവിനെക്കുറിച്ചുള്ള അഭിമാനം നിസ്സീമമായി വളർത്താനും പര്യാപ്തമായി.

ലെനിൻ മരിച്ച 1924 മുതൽ സ്റ്റാലിൻ ഗോറിനുമായി ഇടവിടാതെ ലേഖനദ്വാരാ സമ്പർക്കം പുലർത്തിക്കൊണ്ടിരുന്നു. ഇപ്പോൾ സ്റ്റാലിൻെറ പ്രത്യേകാപേക്ഷപ്രകാരമാണ് ഗോറിൻ പ്രത്യാഗമിച്ചിരിക്കുന്നതു്. രണ്ടുമാസം അദ്ദേഹത്തിനു മോസ്കോവിലെ സ്വീകരണപരിപാടികളിൽ ഇടതടവിടാതെ സംബന്ധിക്കേണ്ടിവന്നു. പല പല ഡെലിഗേഷനുമായുള്ള സംഭാഷണങ്ങളാലും ഓരോരോ സമ്മാനങ്ങളാലും അദ്ദേഹം മുഷിഞ്ഞ് ക്ഷീണിച്ച്, താൻ യൗവ്വനകാലത്തു വസിച്ചിരുന്ന ഡാൺ നദീതീരത്തുള്ള റോസ്റ്റോവിലേക്കു താമസം മാററാൻ ആഗ്രഹിച്ചു.

ഒരു വർഷത്തെ മോസ്കോവിലെ താമസം ഒരു സ്വപ്നം പോലെ കഴിഞ്ഞുപോയി. റഷ്യയിലെ ജീവിതം ഇററലിയിലെപ്പോലെയല്ലെന്നു നെനക്കു ബോദ്ധ്യപ്പെട്ടു. ഇററലിയിലെപ്പോലെയോ അതിൽ കൂടുതലായോ സുഖസൗകര്യങ്ങളോടുകൂടിയാണു അവർ ജീവിച്ചതു്. സൂനോവ് പ്രഭുവിൻെറ ഒരവകാശിയുടെ വകയായിരുന്ന ഒരു ഒത്തുംഗസൗധത്തിലായിരുന്നു പാർപ്പ്. അവിടം വിശാലങ്ങളായ മുറികളും വിലപിടിച്ച സാമഗ്രികളും പരിചാരകവൃന്ദവുംകൊണ്ടു നിറഞ്ഞിരുന്നു. ആ ചെറുപ്രപഞ്ചത്തിനുള്ളിൽ അവർ കഴിഞ്ഞുകൂടി. എങ്കിലും അതിൻെറ പരിമിതി ക്രമേണ നെനെസ്സു രസിക്കാതായി. സൌധത്തിൻെറ വാതായനങ്ങളിൽക്കൂടിയോ, സംഗീതാഭ്യാസം ചെയ്യാൻ രാവിലെ പൊയ്ക്കൊണ്ടിരുന്ന മന്ദിരത്തിലേക്കുള്ള വഴിയിൽവച്ചോ മാത്രമേ ബാഹ്യപ്രപഞ്ചത്തെ ഒന്നു കാണ്മാൻ അവൾക്കു സാധിച്ചുള്ളു. ബാഹ്യലോകം നീരസകരമായിരിക്കുമെന്നു അവൾക്കു് തോന്നിയതിൽ ആശ്ചര്യത്തിനവകാശമില്ല. റഷ്യയുടെ യഥാർത്ഥ സ്ഥിതിയെപ്പററി അവൾക്കു് ഒരു രൂപവും ഉണ്ടായില്ലെന്നേ പറയേണ്ടു. റഷ്യാ അവൾക്കു് ഒരജ്ഞാത ഭൂമിയായിരുന്നു.

ഈ നിലയിൽ തൻെറ പിതാവു് റഷ്യൻ ജീവിതത്തെപ്പററി വിജ്ഞാനപ്രദമായ ലേഖനങ്ങൾ മനോനിശ്ചയത്തോടുകൂടി എഴുതുന്നതിനെപ്പററി അവൾക്കു് അത്ഭുതംതോന്നി. രാവിലേമുതൽ വൈകുന്നേരംവരെ അദ്ദേഹം സ്വന്തം മുറിയിൽ ഇരുന്നു് ലേഖനങ്ങൾ എഴുതുക പതിവുണ്ടു്. സോവിയററുസാഹിത്യം, സോവിയററു ചരിത്രപഠനം മാർക്സിയൻ തത്വങ്ങളുടെ മഹത്വം ബൂർഷ്വാസമ്പ്രദായത്തിൻെറ ദോഷം സോവിയററുകാരൻെറ കർത്തവ്യം എന്നിങ്ങനെ വിവിധവിഷയങ്ങളെക്കുറിച്ചു് അദ്ദേഹം എഴുതിക്കൊണ്ടിരുന്ന അദ്ദേഹത്തിൻെറ ഓരോ വാക്കും സ്വർണ്ണനിർമ്മിതമെന്നപോലെയാണു് മോസ്കോക്കാർ വിലവച്ചതു്. ഓരോ ലേഖനവും പ്രവ്ദായിലും ഇസ്‌വെസ്തിയായിലും പ്രസിദ്ധീകൃതമല്ലേ. ഇതിനുപുറമേ റേഡിയോവഴി പ്രക്ഷേപണം ചെയ്യപ്പെടുകയും ഉണ്ടായി.

"വളരെക്കാലം ഇദ്ദേഹത്തിനു് വെളിയിൽ ജീവിച്ചിട്ടും ഇത്രവേഗത്തിൽ അച്ഛൻ റഷ്യൻകാര്യങ്ങളെല്ലാം പഠിച്ചതെ

ങ്ങനെ" എന്നു നൈനാ സ്വയം ചോദിച്ചുപോകാറുണ്ട്— ആ മന്ദിരത്തിലേ വാസം അവൾക്ക് അസഹ്യമായിത്തീൎന്നു— ഒരേകാന്തത അവളെ ബാധിച്ചു. ആ വലിയ സൌധം ഒരു കാരാഗൃഹംപോലെയും പരിചാരകവൎഗ്ഗം തന്റെ കാവൽഭടന്മാരെന്നപോലെയും അവൾക്കു തോന്നി. ആകപ്പാടെ സൎവ്വത്ര അസ്വാതന്ത്ര്യവും കൃത്രിമവും ആയ ഒരന്തരീക്ഷത്തിൽ ജീവിക്കുമ്പോലെയായിരുന്നു അവളുടെ സ്വഭാവം.

അവളുടെ ഉത്സാഹശൂന്യത മിക്കേൽ ഗോറിൻ കാണാതിരുന്നില്ല. ശുദ്ധവായുവിലുള്ള സഞ്ചാരവും ഗ്രഹകളുടെ സാഹചൎയ്യവും ലഭിച്ചാൽ ഈ മാന്ദ്യം നീങ്ങിപ്പോകുമെന്നു് അദ്ദേഹം വിചാരിച്ചു— അവളുമായി പിരിഞ്ഞു താമസിക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. "നിന്റെ സംഗീതപഠനം നിനക്ക് അദ്ധ്വാനകരമായിത്തോന്നുന്നുണ്ടല്ലേ? അല്പം വിനോദം നിനക്കാവശ്യമാണ് — തൊഴിലാളികളുടെ കൂട്ടത്തിൽ ഞാൻ നിന്നെ കൊണ്ടുപോയി ചിലതെല്ലാം കാട്ടിത്തരാം എന്നദ്ദേഹം ഒരു ദിവസം അവളോടു പറഞ്ഞു.

നൈനായ്ക്കു പൂൎണ്ണ സമ്മതമായിരുന്നു ഈ അഭിപ്രായം. അവർ ഒരു കൊസ്സാക്കുഗ്രാമത്തിലേക്കുപോയി— കൊസ്സാക്കുകളുടെ പഴയ മാമൂലനുസരിച്ചുള്ള ജീവിതം സോവിയററുഗവമ്മെണ്ടിൽനിന്നു ആ സ്ഥലത്തു പരീക്ഷണാൎത്ഥം നടപ്പിലാക്കിയിരുന്നു. കൊസ്സാക്കുകളെ കണ്ടപ്പോൾതന്നെ നൈനായുടെ നേത്രങ്ങൾ ദീപ്തങ്ങളായി. തനിക്കും ഒരു കുതിരസ്സവാരി പരിശീലിച്ചാൽ കൊള്ളാമെന്നു് അവൾ ആഗ്രഹം പ്രകടിപ്പിച്ചു. ഗോറിന്റെ പുത്രിക്കു സാധിക്കാത്തതെന്താണവിടെ? അശ്വസൈന്യത്തിലെ ഒരംഗമായി അവൾ സ്വീകരിക്കപ്പെട്ടു. ഇഷ്ടമുള്ളപ്പോൾ പരിശീലനം നടത്തിയാൽ മതിയെന്നായിരുന്നു വ്യവസ്ഥ. വെള്ള നിറത്തിലുള്ള കൊസ്സാക്കു മേലുടുപ്പുകൾ ധരിച്ച് വലിച്ചുമുറുക്കി കെട്ടിയിരുന്ന അരപ്പട്ടയോടുകൂടി ഒരു ലതികപോലെ കൃശാംഗിയായ അവളെ കണ്ടപ്പോൾ കോസ്സിക്കു ഭടന്മാർ ആകമാനം ഒന്നു വല്ലാതായി എന്നു പറയാതെ തരമില്ല. നീലനിറത്തിലുള്ള കാലുറകളും ഒന്നാം തരം പാദരക്ഷകളും ധൂമ്രവൎണ്ണത്തിലുള്ള തൊപ്പിയുമാണവൾ ധരിച്ചിരുന്നതു്— തൊപ്പിക്കിടയിൽക്കൂടി അതിമനോഹരവും അതി

നിബിഡവുമായ അവളുടെ തലമുടിച്ചുരുളുകൾ അല്പമല്പം പുറത്തു കാണാമായിരുന്നു.

ഈ രൂപം കൊസ്സാക്കു ഭടന്മാരെയെല്ലാം ആകർഷിച്ചു. അല്പം പ്രായംകൂടിയ ഭടനായകൻപോലും ഹൃദയാസ്വാസ്ഥ്യം മറച്ചുവയ്ക്കാൻ പണിപ്പെടേണ്ടിവന്നു. അയാൾ ആജ്ഞാസ്വരം പുറപ്പെടുവിച്ചു, "കുതിരപ്പുറത്തു കയറുക" എന്ന്. ഇങ്ങനെ അവളുടെ പരിശീലനം ആരംഭിച്ചു. എളുപ്പത്തിൽ അവൾ അശ്വനിയന്ത്രണത്തിൽ നിപുണയായിത്തീർന്നു— "നീ കോസ്സാക്കുവർഗ്ഗത്തിൽ പിറന്നതുപോലെ തോന്നുന്നല്ലോ— നിൻെറ കൃശാംഗുലികളുടെ നിർദ്ദേശം പിയാനോവിനെക്കാൾ അശ്വങ്ങളാണു അധികം അനുസരിക്കുന്നത്" എന്ന് ബെക്കിൻ ഗോറിൻ ചിരിച്ചുകൊണ്ടുപറഞ്ഞു.

പരിശീലനം മുറയ്ക്കു നടന്നു. കൊസ്സാക്കുകളുടെ പ്രഥമ സങ്കോചം നീങ്ങുകയും ചിലർ അവളെ ഏറുകണ്ണിട്ടു നോക്കിത്തുടങ്ങുകയും ചെയ്തു— പരിശീലനത്തിനിടയിൽ ചിലർ അവളെ മനപ്പൂർവ്വം മുട്ടിയുരുമ്മുകയും ചിലപ്പോൾ കൈകൾ പെട്ടെന്നു തിരിച്ചു അറിയാത്തമട്ടിൽ അവളുടെ കുചകുംഭങ്ങളെ സ്പർശിക്കുകയും ചെയ്തു— ഇതെല്ലാം നിയമവിരുദ്ധമാണെന്നു പ്രത്യേകം പറയേണ്ടല്ലോ.

നൈനയ്ക്കു ഒരു കൂട്ടുകാരി ആവശ്യമാണെന്നുള്ള നിലപാടായാൽ ആ പ്രാവിൻസിലെ പ്രധാനിയായ ഡ്റൂറോവ് വേറൊരു ബാലികയെ തിരഞ്ഞെടുത്തു. റോസ്റ്റോവ് സർവ്വകലാശാലയിലെ ഒരു വിദ്യാർത്ഥിനിയായ ലീദാ സീഡറോവ് ആണ് നൈനയുടെ സഖിയായി നിശ്ചയിക്കപ്പെട്ടത്. ഒരു പ്രധാനപ്പെട്ട ആയുധശാലയുടെ നായകൻെറ പുത്രിയായ ലീദാ വളരെവേഗത്തിൽ നൈനായുടെ വിശ്വസ്തമിത്രമായിത്തീർന്നു.

ഇങ്ങനെ ഒരു വർഷത്തെ പരിശീലനം വേഗത്തിൽ കഴിഞ്ഞുകൂടി. നൈന ഉന്മേഷവതിയും ഊർജ്ജിതമതിയും ആയിത്തീർന്നു. ഇതുപോലെ ജീവിതം എന്നും ആഹ്ളാദകരമായിരിക്കാൻ അവൾ ആഗ്രഹിക്കയും ചെയ്തു.

# അദ്ധ്യായം പതിനഞ്ച്

മീററിംഗിനുശേഷം മിഖേൽ ഗോറിൻ വൈകുന്നേരം സ്വഗൃഹത്തിലേക്കു തിരിച്ചു. അദ്ദേഹത്തിൻെറ കാറിൽ ശില്പവിദഗ്ദ്ധനായ ഷൂബേവും ഉണ്ടായിരുന്നു. അയാൾ ഗോറിനുമായി സംഭാഷണം ചെയ്യാതെ മൌനം അവലംബിച്ചതേയുള്ളു. ഗോറിൻെറ മനസ്സിന്നു് എന്തോ അസ്വസ്ഥതയുണ്ടെന്നു് അയാൾ മനസ്സിലാക്കി.

കാർ ഗൃഹാങ്കണത്തിലേക്കുള്ള വീഥിയിൽക്കൂടി പാഞ്ഞുപോയി— അവിടം തണുത്തു് പ്രകാശഹീനമായിരുന്നു. ഉന്നതസൌധം ദൂരെ കണ്ടുതുടങ്ങി— ദാരപ്രദേശത്തു നിന്നിരുന്ന ഒരു കാവൽഭടൻ തൻെറ തോക്കു് ചുമലിലേക്കുയർത്തിക്കൊണ്ടു കാറിനുള്ളിലേക്കു സൂക്ഷിച്ചുനോക്കി. അപ്പോൾ ഡ്രൈവർ എന്തോ ഒരു വാക്കുച്ചരിക്കുകയും കാർ അകത്തേക്കു പായുകയും ചെയ്തു.

ഗോറിൻ കൂട്ടുകാരനോടു പറഞ്ഞു. "താൻ ഒരു ഭടനായകനായിത്തീർന്നിരിക്കുമ്പോലെ തോന്നുന്നു— കാവൽ ഭടന്മാർ, തോക്കുകൾ, ഗൂഢപദപ്രയോഗങ്ങൾ— ഛീ! ഇതൊന്നും എനിക്കു പിടിക്കുന്നില്ല. എന്നെ ഇവർ ഇത്ര സൂക്ഷിക്കുന്നതെന്തിനു്?"

ഷൂബേവ് പറഞ്ഞു "വാസ്തവത്തിൽ അങ്ങു് ഒരു ഭടനായകൻ ആണല്ലോ. അങ്ങുതന്നെ എഴുതിയില്ലേ, "നാം പഴയ മുരടിച്ച അന്യായകരമായ സമ്പ്രദായങ്ങളുമായി ചരിത്രപ്രധാനമായ ഒരു മൽപ്പിടിത്തം നടത്തുകയാണെ"ന്നു്.

"അതു വാസ്തവംതന്നെ, ഞാൻ അങ്ങനെതന്നെ എഴുതി." അവർ ഒരു പുഷ്പത്തടം ചുററി ഓടിച്ചു് വിശാലമായ ഒരങ്കണത്തിലെത്തി. കൂടാരം പഴയതാണെങ്കിലും ഉറപ്പായി നിർമ്മിക്കപ്പെട്ടിരുന്നു. പണ്ടു് സ്റ്റൂബോവ് പ്രഭുവിൻെറ അവകാശികളുടെ വകയായിരുന്നു അതു്. അദ്ദേഹത്തിൻെറ പൌരുഷത്തിൽ അഭിമാനം പൂണ്ടു കാതറിൻ ചക്രവർത്തിനി

പ്രഭുപദവിയും റോസ്റ്റോവിൻെറ അർദ്ധഭാഗവും അദ്ദേഹത്തിന് ദാനം ചെയ്തിരുന്നു.

ഷൂസേവ് വിചാരിച്ചു, "സ്യൂബോവ് പ്രഭു മരിച്ചിട്ട കാലം കുറെയായി. അദ്ദേഹത്തിൻെറ അവകാശികൾ മരിക്കുകയോ നാടുവിട്ടുപോകയോ ചെയ്തു. ഇതാ ഇപ്പോൾ ഒരു പുതിയ ആൾ ഇവിടെ പാർപ്പു തുടങ്ങിയിരിക്കുന്നു. അദ്ദേഹം നൂതന റഷ്യൻ ഭരണാധിപനെ അനുകൂലിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്യുന്നു. ഒരു കെട്ടിടത്തിനു സംഭവിച്ച സ്ഥിതിവൈപരീത്യങ്ങൾ!"

ഹ്രസ്വകായനായ ഒരു വൃദ്ധപരിചാരകൻ വന്ന് കാറിൻെറ കതകു തുറന്നു. ചേപ്രാക്ക് എന്നാണ് ആളുടെ പേർ. ളരെക്കാലമായി ആ ഭവനത്തിൻെറ ഒരവിഭാജ്യഘടകംപോലെ പാത്തുവരികയാണയാൾ. ചിരിച്ചുകൊണ്ട് അയാൾ പറഞ്ഞു: "ദൈവസഹായത്താൽ അവിടന്നു തിരിച്ചുവന്നല്ലോ. ഇന്നു നഗരത്തിൽ കഴിച്ചുകൂട്ടിയിരിക്കുമെന്നു ഞങ്ങൾ വിചാരിച്ചുപോയി. അവിടന്നു ക്ഷീണിച്ചിരിക്കുന്നു." അയാൾ ഗോറിൻെറ ഹസ്തം ഗ്രഹിച്ച് കാറിൽനിന്നും പുറത്തിറക്കി. അയാളുടെ മുഖത്തു വ്യാപിച്ചിരുന്ന മദ്യഗന്ധം മനസ്സിലാക്കിയ ഗോറിൻ വിരൽ ചൂണ്ടിക്കൊണ്ടു പറഞ്ഞു "നിങ്ങൾ ഇപ്പോഴും കുടിച്ചു, ഇല്ലേ? ആകട്ടെ ഇവിടെ വല്ല വിശേഷവും ഉണ്ടോ."

"ഗ്ളൂഷാക്ക് അകത്തു ഗ്രന്ഥശാലയിൽ ഇരിപ്പുണ്ട്. അങ്ങേക്കാണാൻ വന്നിരിക്കയാണ്. ഈയാൾ എന്തിനാണു കൂടക്കൂടെ ഇങ്ങനെ വരുന്നത്?"

"അതിനെപ്പററി നിങ്ങൾ ക്ലേശിക്കേണ്ട—" ചേപ്രാക്കിനു ഗ്ളൂഷാക്കിനോടു അത്ര രസമില്ലെന്നു ഗോറിനറിയാം— "നമുക്ക് ഗ്ളൂഷാക്കിൻെറ സമീപത്തു പോകാം.

വൃദ്ധൻ നെററി ചുളിച്ചുകൊണ്ടു പിറുപിറുത്തു "ഞാൻ പറഞ്ഞാൽ അങ്ങു വകവയ്ക്കയില്ല. ഗ്ളൂഷാക്ക് ഈ പടിയ്ക്കകത്തു കയറുന്നത് എനിക്കിഷ്ടമല്ല. നശിച്ചവൻ, മഹാ ദ്രോഹി!"

"മതി മതി, മിണ്ടാതിരിയ്ക്കുക" എന്നു പരുഷസ്വരത്തിൽ

പറഞ്ഞുകൊണ്ടു് ഗോറിൻ വൃദ്ധന്റെ കൈവിട്ടു് ഷൂസേവിന്റെ കയ്യു പിടിച്ച്, "ഞാൻ നിങ്ങളെ ഗ്ളുഷാക്കുമായി പരിചയപ്പെടുത്താം— അയാൾ ഒരു ചുണയുള്ള മനുഷ്യനാണ്" എന്നു പറഞ്ഞു.

അവർ ഗ്ളുഷാക്കിന്റെ മുമ്പിൽ ആനയിക്കപ്പെട്ടു് അയാൾ ചിരിച്ചുകൊണ്ടു് "മിഖേയിൽ, നിങ്ങളെ കണ്ടതിൽ വളരെ സന്തോഷമുണ്ടു്. ഞങ്ങൾ മീററിംഗ് കഴിയുന്നതിനു മുമ്പേ പോന്നു, എന്നു പറഞ്ഞു." അതു് നന്നായി.

"ഇദ്ദേഹവുമായി നിങ്ങളെ പരിചയപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഇതാണു വിക്ററർ ഷൂസേവ് എന്ന ശില്പശാസ്ത്രജ്ഞൻ".

"പരിചയമായതിൽ വളരെ സന്തോഷം" എന്നു പറഞ്ഞു. ഗ്ളുഷാക്ക് ഷൂസേവിനു് ഹസ്തദാനം ചെയ്തു. അയാൾക്കു ഗോറിനുമായി പ്രത്യേക സംഭാഷണം നടത്തേണ്ടിയിരുന്നതിനാൽ മൂന്നാമതൊരാളുടെ സാന്നിദ്ധ്യം ഉദ്ദേശിച്ചിരുന്നില്ല.

ഷേപ്രാക്ക് ജന്നലിന്റെ വെളിയടകൾ മാററിയിട്ടു. ഗ്ളുഷാക്കിന്റെ അടുത്തുള്ള മറ മാത്രം അയാൾ നീക്കിയില്ല. ആ തടിയൻ ഇരുട്ടത്തിരിക്കട്ടെ എന്നായിരുന്നു അയാളുടെ മനോഗതി. കെട്ടിടത്തിലെ ഏററവും വലിയ മുറിയായിരുന്നു അതു്. ഗ്രന്ഥങ്ങൾ സംഭരണം ചെയ്തിരുന്നതു് അവിടെയാണു്. ഗോറിൻ അനേകം അലമാരികൾക്കുള്ളിൽ ഒട്ടധികം ഗ്രന്ഥങ്ങൾ ശേഖരിച്ചിരുന്നു. നടുക്കു് ഒരു വലിയ വട്ടമേശയും അതിനുചുററും കസേരകളും ഉണ്ടായിരുന്നു. ഈ മുറിയിലിരുന്നാണു് ഗോറിൻ പലതും എഴുതാറുള്ളതു്.

"ഷേപ്രാക്ക്! കുടിക്കാൻ വല്ലതും കൊണ്ടുവരൂ" എന്നു് ഗോറിൻ ആജ്ഞാപിച്ചു.

വൃദ്ധൻ പോയപ്പോൾ ഗോറിൻ ഗ്ളുഷാക്കിനോടു പറഞ്ഞു. "എന്തുകാരണത്താലോ അയാൾക്കു നിങ്ങളെ അത്ര പിടുത്തമല്ല."

"അയാൾ നിങ്ങളെയല്ലാതെ മററാരുത്തരെയും ഇഷ്ടപ്പെടുന്നില്ല" എന്നാണയാൾ പറയാറുള്ളതു്.

"അയാൾക്ക് എന്തോ ഒരിർഷ്യയുണ്ട്. ചില വൃദ്ധന്മാർ കുട്ടികളെപ്പോലെയാണ്. ചിലരെ അവർ അപാരമായി സ്നേഹിക്കും. ചിലരോടു കലശലായ വെറുപ്പും കാണിക്കും" എന്നു ഷൂസേവ് ഇടയ്ക്കു പറഞ്ഞു.

"പക്ഷെ അയാൾ വളരെ നല്ല മനുഷ്യനാണ്. ഇവിടെയുള്ളവർക്കെല്ലാം അയാളെ വലിയ ആദരവുണ്ട്. അതുമിതും പറയുന്ന പിള്ളേർപോലും അയാളെ ഭയപ്പെടുന്ന ഒരു മുൾച്ചെടിപോലെയാണയാൾ, സൂക്ഷിച്ചു പെരുമാറിയില്ലെങ്കിൽ വിരൽ മുറിയും" എന്നു ഗോറിൻ പ്രസ്താവിച്ചു.

ഈ സന്ദർഭത്തിൽ മൂന്നു ഗ്ലാസുകളും ഒരു പാത്രത്തിൽ മദ്യവും കൊണ്ടുവന്നു, ചേപ്രാക്കു ഓരോരുത്തർക്കും പകർന്നുവച്ചിട്ടു മാറിനില്പായി.

"എനിക്കു മദ്യവും മഹിളയും— രണ്ടും വലിയ പ്രിയമാണ്. മഹിളയുടെ കാര്യം ഈ വാർദ്ധക്യത്തിൽ പറയേണ്ടതായിട്ടില്ല. മദ്യം എങ്ങനെയോ, ഇപ്പോഴും എന്റെ രക്തം ചൂടുപിടിപ്പിക്കാൻ അതിനു ശക്തിയുണ്ട്.

ഷൂസേവ് ഗ്ലാസ് കയ്യിൽ എടുത്തു കണ്ണു പകുതി അടച്ചുംകൊണ്ടു പറഞ്ഞു: "സ്ത്രീകൾ സന്താനങ്ങളെ ജനിപ്പിക്കും, മദ്യം മനോവികാസം ഉണ്ടാക്കും."

"രണ്ടും ക്രമത്തിനുപയോഗിക്കേണ്ട വസ്തുക്കളാണ്" എന്നു ഗ്ളുഷാക്കു ഒരു തത്വശകലം തട്ടിവിട്ടു. ഗോറിൻ അയാളുടെ മുഖത്തേക്കു അർത്ഥഗർഭമായി ഒന്നു നോക്കി.

"ക്രമത്തിനു" എന്നു നിങ്ങൾ പ്രസ്താവിച്ചതിൽ എനിക്കഭിപ്രായവ്യത്യാസമുണ്ട്. അതിൽ നിയന്ത്രണാർത്ഥം അടങ്ങിയിരിക്കുന്നു, ഒരുവക അസ്വാതന്ത്ര്യം. പൗരുഷമൂർത്തിയും മേധാശാലിയും ആയ ഒരു പുരുഷൻ നിയന്ത്രണത്തിനു വിധേയനാകയില്ല. പ്രവൃത്തിമണ്ഡലത്തിലായാലും സ്വഭാവരീതിയിലായാലും അനുരാഗപ്രകടനത്തിലായാലും അയാൾ സ്വതന്ത്രൻതന്നെ" എന്നു പറഞ്ഞുകൊണ്ടു ഗോറിൻ മദ്യം ഉള്ളിലാക്കിയതിനുശേഷം എഴുന്നേററു ഒരു ജന്നൽ തുറന്നു. അപ്പോൾ ഉദ്യാനപുഷ്പങ്ങളുടെ സൗരഭ്യം മുറികളിലേക്കു അടിച്ചുകയറുകയുണ്ടായി. "നോക്കുക, പ്രകൃതിയിൽപ്പോലും

അത്ര വലിയ മിതരഹസ്യം കാണുന്നില്ല. ഭീരുക്കളായ മനുഷ്യരാണ് മിതമെന്നും ക്രമമെന്നും മററുമുള്ള പദങ്ങൾ ഉപയോഗിക്കുന്നത്.

പെട്ടെന്ന് അവരുടെ സംഭാഷണത്തിനു വിഘാതം നേരിട്ടു. ഭീതിയെ സൂചിപ്പിക്കുന്ന കണ്ണുകളോടുകൂടിയ ഒരു ഭൃത്യൻ കതകു തുറന്ന് ഗോറിനെ സമീപിച്ച് എന്തോ ചെവിയിൽ മന്ത്രിച്ചു. ഗോറിൻെറ മുഖം ഗൗരവപൂർവ്വമായി.

“ശരി, അകത്തുവരാൻ പറയൂ.”

ഭൃത്യൻ പോയി. ഒരു നിമിഷത്തിനുള്ളിൽ ഭടവേഷം ധരിച്ച ഒരാൾ അകത്തു കടന്ന് അവിടെയിരിക്കുന്നവരെ ആകെ ഒന്നു നോക്കീട്ട് ഗോറിൻെറ സമീപത്തുവന്നു നില്പായി.

“സഖാവു ഗോറിൻ! സഖാവു വേറിയായുടെ ഒരെഴുത്താണിത്. ഇതിൻെറ മറുപടി എൻെറ കൈയിൽ തന്നയക്കണമെന്നു സഖാവു വെറിയാ പറഞ്ഞയച്ചിരിക്കുന്നു” എന്ന് അറിയിച്ചുകൊണ്ട് ആഗതൻ ഒരെഴുത്ത് ഗോറിൻെറ പക്കൽ ഏല്പിച്ചു.

“ആകട്ടെ, ഇരിക്കുക” എന്നു പറഞ്ഞിട്ട് ഗോറിൻ എഴുത്തു വായിക്കാൻ തുടങ്ങി. “പ്രിയപ്പെട്ട മിക്കേൽ! ഫ്റഞ്ചു സാഹിത്യകാരനായ റോമേവിൻ റൂവൻ നാളെ വൈകുന്നേരം ഇവിടെ വന്നുചേരും. അദ്ദേഹം മോസ്കോവിൽനിന്നു പുറപ്പെട്ടുകഴിഞ്ഞു. അദ്ദേഹം താങ്കളുടെ അതിഥിയായിരിക്കണമെന്നു താങ്കൾ ആഗ്രഹിക്കുന്നതായി എനിക്കറിവുകിട്ടിയിരിക്കുന്നു. എന്നാൽ ശില്പശാസ്ത്രജ്ഞനായ ഷുസേവ് താങ്കളുടെ ഗൃഹത്തിലുള്ളതുകൊണ്ട് റൂവനെ ഏതെങ്കിലും ഗവർമ്മെണ്ട് മന്ദിരത്തിൽ പാർപ്പിക്കുന്നതാണു ഭംഗി എന്നെനിക്കു തോന്നുന്നു. ഇക്കാര്യം താങ്കളുടെ തീരുമാനത്തിനായി വിട്ടിരിക്കുന്നു. എന്താണ് താങ്കൾ നിശ്ചയിച്ചതെന്ന് എൻെറ കത്തു കൊണ്ടുവരുന്ന ഉദ്യോഗസ്ഥൻമുഖാന്തിരം എന്നെ അറിയിക്കാൻ അപേക്ഷിക്കുന്നു. അതറിഞ്ഞിട്ടുവേണം ആവശ്യമുള്ള സജ്ജീകരണങ്ങൾ ചെയ്യാൻ.”

എന്ന് താങ്കളുടെ വിശ്വസ്തൻ വേറിയാ.

"ഭേഷ്, ഭേഷ് വളരെ നന്നായി. രൂവൻ നാളെ വന്നുചേരും. ഇവിടെ ധാരാളം സ്ഥലവും സൗകൎയ്യവുമുണ്ടു്. രൂവൻ എന്റെ അതിഥിയായി താമസിക്കട്ടെ. വേറിയായോടു് അങ്ങനെ പറഞ്ഞേക്കുക" എന്നു് ഗോറിൻ നിർദ്ദേശിച്ചതു കേട്ടു് ഉദ്യോഗസ്ഥൻ യാത്രാനുവാദം ചോദിച്ചു.

"ശരി, പക്ഷേ, വരട്ടെ; അല്പം താമസിക്കുക. നമുക്കൊരുമിച്ചു് ഭക്ഷണം കഴിഞ്ഞിട്ടു പോകാം. വേറിയാക്കു് പ്രത്യേകം യാതൊന്നും തയ്യാർ ചെയ്യേണ്ട ആവശ്യം ഇനിയില്ലല്ലോ." ഇത്രയും പറഞ്ഞിട്ടു് ഗോറിൻ വിളിച്ചു പറഞ്ഞു; "ചേപ്രാക്ക്, ഭക്ഷണത്തിനു സമയമായി. എല്ലാവരോടും വരാൻ പറയുക. ലൂബായും നൈനയും എല്ലാവരും."

അല്പം കഴിഞ്ഞപ്പോൾ ലൂബാ വന്നു. അവരുടെ പിറകേ നൈനയും ഉണ്ടായിരുന്നു. ഗോറിൻ നൈനായെ മന്ദസ്മിതത്തോടുകൂടി പിടിച്ചടുത്തു നിർത്തി. അപ്പോൾ അദ്ദേഹത്തിന്റെ നേത്രങ്ങൾക്കുചുററും വാത്സല്യംതുളുമ്പുന്ന ചുളുക്കുകൾ നിരന്നു കാണപ്പെട്ടു. നൈനാ പിതാവിനെ ആലിംഗനംചെയ്തു ചുംബിച്ചു.

4732

"എന്റെ മകൾ, എന്റെ മകൾ! അവൾ എത്രവേഗം വളർന്നുപോയി!" എന്നു പറഞ്ഞുകൊണ്ടു് ഗോറിൻ പുത്രിയെ ഒന്നുകൂടി നോക്കി. "ചേപ്രാക്ക് അവളെ കയ്യിലെടുത്തു കുളിപ്പിക്കാൻ കൊണ്ടുപോകുന്നതു് ഇന്നാളാണെന്നു തോന്നിപ്പോകുന്നു. അവൾ പന്നിക്കുട്ടിയെപ്പോലെ കിടന്നു കരയും. ഇന്നോ! ഓ, അവൾക്കു് വിവാഹകാലം അതിക്രമിച്ചിരിക്കുന്നതായി ഞാൻ വിചാരിക്കുന്നു."

"ഈ യുവതി ആരെയെങ്കിലും സ്നേഹിക്കുന്നുണ്ടോ" എന്നു് ഷൂസേവ് ചോദിച്ചു. "എനിക്കറിഞ്ഞുകൂടാ" എന്നു പറഞ്ഞു ഗോറിൻ കയ്യാട്ടി. "നിങ്ങൾതന്നെ ചോദിച്ചു നോക്കു."

"ഇല്ല, അങ്ങനെ സംഭവിക്കയുമില്ല" എന്നു് പറഞ്ഞുകൊണ്ടു് നൈനാ അധരത്തിൽ ഉറപ്പിച്ചു കടിച്ചു.

"അബദ്ധം! ഇത്ര സൗന്ദൎയ്യമുള്ള യുവതിക്കു് ഒരു കാമുകനില്ലെന്നോ? അതൊരപരാധംകൂടിയാണു്. എനിക്കു് മുപ്പതു വയസ്സു് കുറവായിരുന്നെങ്കിൽ ഈ തക്കം ഞാൻ വിടുകയില്ലായിരുന്നു."

"നിങ്ങളുടെ സംസാരം കൊള്ളാം" എന്നു പറഞ്ഞു ഗോറിൻ നൈനായുടെ പുറത്തു മന്ദം തലോടി. അവൾ അവിടെ നിന്നു മാറി ഗ്ളുഷാക്കിൻെറ സമീപത്തു ചെന്നിരുന്നു. ഇപ്പോൾ അവൾ കോസ്സാക്ക് യൂണിഫാറം ധരിച്ചിരുന്നില്ല. ഒരു പട്ടുവസ്ത്രം അവളുടെ സൗന്ദര്യത്തെ പതിന്മടങ്ങു വർദ്ധിപ്പിച്ചിരുന്നു.

"അമ്മാവാ! ആ നിൽക്കുന്ന പട്ടാളക്കാരൻ ആരാണ്" എന്ന് അവൾ ഗ്ളുഷാക്കിനോടു താണസ്വരത്തിൽ ചോദിച്ചു.

"വേറിയായുടെ ആൾ. അയാളെ ഭക്ഷണത്തിനു ക്ഷണിച്ചിരിക്കയാണ്" എന്നു ഗ്ളുഷാക്ക് ഉത്തരം പറഞ്ഞു. ആഗതനെ മററുള്ളവർക്കു പരിചയപ്പെടുത്താൻ ഭാവിച്ചപ്പോൾ അയാൾ എഴുന്നേററുനിന്ന് ഇപ്രകാരം സ്വയം പരിചയപ്പെടുത്തുകയുണ്ടായി: "സ്റ്റേററ് സെക്യൂറിട്ടിയിലെ രണ്ടാം മേജർ, സെമിയോനോവ്—മേജർസ്ഥാനം ഒരു കമാൻഡറുടേതിനു തുല്യമാണെന്നുകൂടി അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു."

"ഓ! അപ്പോൾ താങ്കൾ ഒരു ജനറൽ ആണല്ലേ? ശരി! ഞങ്ങൾ ഇനി താങ്കളെ ജനറൽ സെമിയോനോവ് എന്നു വിളിക്കാം," എന്നു ഗോറിൻ സന്തോഷപൂർവ്വം പ്രസ്താവിച്ചപ്പോൾ എല്ലാവരും കൂട്ടച്ചിരിയായി.

ഷൂസേവ് ചോദിച്ചു: "സഖാവ് സെമിയോനോവ്, റോസ്റ്റോവ് സർവ്വകലാശാലയിലെ ഡയറക്ടരുടെ കാര്യം എന്തു തീരുമാനിച്ചു എന്നു നിങ്ങൾക്കറിയാമോ? രഹസ്യമല്ലെങ്കിൽ പറയണം. നിങ്ങൾ അതറിഞ്ഞിരിക്കാനിടയുണ്ടല്ലോ."

"ഡയറക്ടർ വിദ്യാർത്ഥികളുടെ സ്നേഹം സമ്പാദിച്ചിട്ടില്ല. ഞങ്ങൾ അതേപ്പററി ആലോചിച്ചുവരികയാണ്. വേറെ എവിടെയെങ്കിലും ഒരു ജോലിക്കു് അദ്ദേഹത്തെ നിയമിക്കുന്ന കാര്യം ആലോചനയിലിരിക്കുന്നു" എന്നു സെമിയോനോവ് മറുപടി പറഞ്ഞു.

നൈനാ ഈ സംഭാഷണം ശ്രദ്ധിച്ചുകൊണ്ടിരിക്കയായിരുന്നു. അവൾ വിചാരിച്ചു: "ഹോ, ഈയാളുടെ ഭാവം! ഇവർ രാജ്യത്തിൻെറ അധിപതികളാണെന്നു തോന്നും സംസാരം കേട്ടാൽ. 'ഞങ്ങൾ' ആലോചിക്കയാണ്, 'ഞങ്ങൾ' തീ

തുമാനിച്ച്, എന്നെല്ലാമല്ലേ പറയുന്നത്? ദൈവമേ! ഇവരോടുകൂടിയാണോ എൻെറ പിതാവും ചേർന്നുനിൽക്കുന്നത്? '

സെമിയോനോവ് തുടർന്നു: "ഇതിനുംപുറമെ, ഇപ്പോഴത്തെ ഡയറക്ടർ ഉൾക്കട്ടി പോരാത്തവനാണ്. അയ്യായിരം വിദ്യാർത്ഥികളുടെ കൂട്ടത്തിൽ കഴിഞ്ഞുകൂടുക അത്ര എളുപ്പമുള്ള പണിയല്ല. അയാളുടെ സമ്പ്രദായമെല്ലാം പഴഞ്ചൻതന്നെ. കാലം മാറിയിരിക്കുകയല്ലേ? പുതിയ ആശയമുള്ളവർ വേണ്ടിയിരിക്കുന്നു."

"വേറെ വല്ലവരും ഡയറക്ടർ ഉദ്യോഗത്തിനു ശ്രമിക്കുന്നതായിട്ടറിയാമോ?" എന്നു് ഗ്ളുഷാക്ക് ഉത്സാഹപൂർവ്വം ചോദിച്ചു.

"അറിയാം, രണ്ടുപേർ. ഒന്നു് ഒരു ലിവൻകോ. മറെറാന്നു് പ്രൊഫസർ ഫിയൊഡോർ നോവിക്കോവ്."

"നോവിക്കോവോ," എന്നു് ഗ്ളുഷാക്ക് അല്പം ഉച്ചത്തിൽ ആശ്ചര്യപൂർവ്വം ചോദിച്ചു. അയാളുടെ മുഖം പെട്ടെന്നു തുടുത്തു.

"അതേ, നോവിക്കോവ് തന്നെ. സഖാവ് ചേറിയാ അദ്ദേഹത്തിനെ പിൻതാങ്ങുന്നുണ്ടു്. എൻെറ അഭിപ്രായം ഡയറക്ടരാകാൻ വലിയ സാദ്ധ്യതകളുണ്ടെന്നാണു്. നിങ്ങൾ അദ്ദേഹത്തെ അറിയുമല്ലോ."

"അറിയാം, ഒരുവിധം പരിചയമുണ്ടു്." എന്നു ഗ്ളുഷാക്ക് വൈമനസ്യത്തോടെയെങ്കിലും സൂതിച്ചു പറയേണ്ടിവന്നു. എന്നാൽ ഉള്ളിലെ വിചാരം മറെറാന്നായിരുന്നു. നോവിക്കോവ് ഒരു സർപ്പമാണു്, കപടശീലൻ, സ്വഭാവശുദ്ധിയില്ലാത്തവൻ, പെട്ടെന്നു താണപടിയിൽനിന്നുയർന്നവൻ എന്നും മററും. പക്ഷേ ഇതൊക്കെ എങ്ങനെ തുറന്നു പറയും ഈ സന്ദർഭത്തിൽ?

"നോവിക്കോവ് ചെറുപ്പമാണോ" എന്നു ചോദിച്ചു ഗോറിൻ.

"ചെറുപ്പം, വളരെ ചെറുപ്പം. മുപ്പതു വയസ്സിലധികമില്ല."

നോക്കുക, ചെറുപ്പക്കാർ എത്ര വേഗത്തിൽ ഉയർച്ചയിലെത്തുന്നു എന്ന്. കൊള്ളാം, ആ മഠയൻ ഡയറക്ടർക്കു പകരം ഈ സമർത്ഥനെ നിയമിക്കുന്നതു് വളരെ നല്ലതാണ്. ചെറുപ്പം ഒരു പ്രതിബന്ധമോ ദൗർഭാഗ്യമോ ആയി ഗണിച്ചുകൂടാ. ബുദ്ധിശക്തിയുണ്ടോ എന്നു മാത്രമാണ് ചിന്തിക്കേണ്ടതു്'' എന്നു് ഗോറിൻ ഷൂസേവനെ നോക്കി അഭിപ്രായപ്പെട്ടു.

ഗോറിൻ ഗ്ളുഷാക്കിൻെറനേരെ തിരിഞ്ഞു്, ഇപ്രകാരം പറഞ്ഞു: ''സൗകര്യമുള്ളപ്പോൾ നോവിക്കോവിനെ എനിക്കൊന്നു പരിചയപ്പെടുത്തിത്തരണം.''

''ഇന്നു വൈകുന്നേരത്തെ വിരുന്നിൽ സംബന്ധിക്കാൻ നോവിക്കോവ് വരുമായിരിക്കും'' എന്നു ഗ്ളുഷാക്കു് പറഞ്ഞു.

''നന്നായി! അപ്പോൾ ഞങ്ങൾ തമ്മിൽ സംസാരിച്ചുകൊള്ളാം.''

ഗോറിൻെറ ഈ വാക്കുകൾ ഗ്ളുഷാക്കിൻെറ ഹൃദയത്തിൽ ഒരു പ്രഹരം ഏല്പിച്ചതുപോലെ തോന്നി. ''എന്തെല്ലാമോ തകിടംമറിച്ചിൽ തുടരുന്നു,'' എന്നയാൾ വിചാരിച്ചു.

---

# അദ്ധ്യായം പതിനാറ്

---

ഗ്ളുഷാക്കിൻെറ മട്ടിന് എന്തോ ഒരു പന്തികേടുള്ളതുപോലെ ലൂബാ ഗോറിൻ മനസ്സിലാക്കി. അയാൾ അത്യധികം അസ്വസ്ഥനായി കാണപ്പെട്ടു. ഇടയ്ക്കിടെ അയാൾ ഗോറിൻെറ മുഖത്തേയ്ക്കു് വിഷാദാത്മകമായ ഭാവത്തിൽ നോക്കുന്നുണ്ടായിരുന്നു. കസേരയിൽ അയാൾ ചരിഞ്ഞും തിരിഞ്ഞും ഇരിക്കുന്നതുകണ്ടു് ലൂബാ ആശ്ചര്യപ്പെട്ടു. എന്താണ് ഈ മനോവ്യാകുലതയ്ക്കു കാരണം? ആ സ്ത്രീയ്ക്കു് ഒരെത്തും പിടിയും കിട്ടിയില്ല. ''ഇന്നത്തെ വിരുന്നിന് അദ്ദേഹത്തെ എൻെറ സമീപത്തിരുത്തിക്കളയാം. അപ്പോൾ വല്ലതും ഗ്രഹിപ്പാൻ

കഴിഞ്ഞേക്കും" എന്നു വിചാരിച്ചുകൊണ്ടു് അവർ വിരുന്നിനുള്ള സമയവും പ്രതീക്ഷിച്ചിരിപ്പായി.

എന്നാൽ അപ്രതീക്ഷിതമായ ഒരു സംഭവം ലൂബായുടെ ഉദ്ദേശത്തിനു് വിലങ്ങുതടിയായിത്തീർന്നു. കതകിനു വെളിയിൽ ഒരു വലിയ ശബ്ദം കേൾക്കപ്പെട്ടു. എന്തോ ഒരു വസ്തു ഘനമായി നിലംപതിച്ചു. ചെപ്രോക്കിൻെറ ശബ്ദം കേട്ടുതുടങ്ങി. "ഇല്ല, ഞാൻ നിങ്ങളെ അകത്തു വിടുകയില്ല. വേണമെങ്കിൽ എന്നെ കൊന്നുകൊൾക, നിങ്ങളെ ഞാൻ അകത്തുപോകാൻ സമ്മതിക്കയില്ല."

"ഇല്ലേ? എന്നാലൊന്നു കാണട്ടെ. നീ സമ്മതിക്കുക തന്നെ ചെയ്യും. കിഴട്ടു കഴുതേ! വല്ല നരകത്തിലുംചെന്നു വീഴു" എന്നൊരു പ്രതിഷേധസ്വരം കേൾക്കാറായി.

തൽക്ഷണം ആരോ കതകു തള്ളിത്തുറന്നതും ചേപ്രാക്ക് തടിപോലെ മുറിക്കുള്ളിൽ കമിഴ്ന്നുവീണതും ഒപ്പംകഴിഞ്ഞു. പ്രാംശുകായനായ ഒരുവൻ അകത്തു കയറി. അയാളുടെ മുഖഭാവം ഭയാനകമായിരുന്നു. അയാൾ ഉറച്ചു് ശ്വാസംവിട്ടിരുന്നതിനുപുറമേ അയാളുടെ മുഖം മദ്യപാനാധിക്യത്താൽ ഊതി വീർത്തുമിരുന്നു. അയാൾ വീണുകിടക്കുന്ന ചെപ്രാക്കിൻെറ നേരെ നോക്കി.

പേവൽ! നിങ്ങൾ എന്താണീ കാണിക്കുന്നതു്? കിടക്കയിൽനിന്നെഴുന്നേല്ക്കരുതെന്നു ഡോക്ടർ പ്രത്യേകം പറഞ്ഞിട്ടില്ലേ?" എന്നു് ഗോറിൻ ഉച്ചസ്വരത്തിൽ ചോദിച്ചു.

ഗോറിൻെറ പ്രഥമ പതിയിൽ ജനിച്ച സന്താനമാണു പേവൽ. അയാൾ ഭയങ്കര മദ്യപാനിയാണെന്നുള്ള വിവരം ഏവർക്കും അറിയാം. അകത്തിരുന്നവർ അയാളുടെ മുഖത്തു് അനുകമ്പയോടുകൂടി നോക്കുകയും ഗോറിൻെറ ദൌർഭാഗ്യത്തിൽ സങ്കടപ്പെടുകയും ചെയ്തു. അയാളുടെ വൃത്തികെട്ട പെരുമാററത്താൽ എല്ലാവരും വല്ലാതായി. യൌവനമദ്ധ്യസ്ഥനാണെങ്കിലും അയാളുടെ ശിരസ്സിൽ കഷണ്ടി കയറിത്തുടങ്ങിയിരുന്നു എന്നുമാത്രമല്ല ശോണനേത്രങ്ങളുടെ പോളകൾ കീഴ്പ്പോട്ടു് തൂങ്ങിയും കാണപ്പെട്ടു. അയാളുടെ കൃശഹസ്തത്തിൽ ഒരു കടലാസുണ്ടായിരുന്നു.

"അച്ഛാ! എന്റെ കവിത കേൾക്കണ്ടേ?" എന്നു പരു പരുത്ത ശബ്ദത്തിൽ അയാൾ ചോദിച്ചു. ഇതിനിടക്കു് മുറി യിലിരുന്ന ജനറലിനെ അയാൾ കണ്ടു. "ആരാണതു്? ഒരു പുതിയ ഭടൻ! ഈയാൾക്കു് കവിതയെപ്പററി എന്തറിയാം? ഓ, കവിതയെവിടെ? ആ! ഇവിടെയുണ്ടു്. ഇതു് എന്തിനെ പ്പററിയാണെന്നു ആദ്യം പറയാം. അല്ലെങ്കിൽ നിങ്ങൾക്കു മനസ്സിലാവുകയില്ല. സംഭവം ഗ്രീസിലാണു് — രണ്ടായിരം സംവത്സരങ്ങൾക്കു മുമ്പു് — ഓ, അല്ല, ഇന്നലെ. . . . പക്ഷേ അതു സാരമില്ല."

"പേവൽ, പോയി കിടക്കുക. നിനക്കു് വിശ്രമം ആ വശ്യമാണു്. നല്ല ഒരു ഉറക്കം കഴിഞ്ഞിട്ടു് നിന്റെ കവിത വായിച്ചു കേൾപ്പിക്കാം." ഗോറിൻ പുത്രന്റെ തോളിൽ കൈ യിട്ടുകൊണ്ടു് കടലാസിലേക്കു നോക്കി. അതു് കേവലം ശൂന്യ മായിരുന്നു. "നീ ഇതിൽ ഒരുവകയും എഴുതിയിട്ടില്ലല്ലോ."

പേവൽ അച്ഛന്റെ പിടിവിടുവിച്ചുകൊണ്ടു പറഞ്ഞു: "അച്ഛാ! എനിക്കു് അച്ഛനെ പരിചയമില്ലല്ലോ. ഞാൻ എഴുതി. . . . ,ഇല്ല, എഴുതിയില്ല. . . . കവിത എന്റെ ഹൃദ യത്തിൽ എഴുതിയിരിക്കയാണു്. . . . അതേ, അങ്ങനെതന്നെ."

പേവൽ മററുള്ളവരുടെ കൂട്ടത്തിലേക്കു ചെന്നു. "സംഭവം ഗ്രീസിലാണു്. ഒരു മഹാശാസ്ത്രജ്ഞൻ — ഒരു സ്കപിൻടസ് — രാജ്യം കൈവശപ്പെടുത്തി. തന്റെ വിജയപ്രശസ്തി പാ ടാൻവേണ്ടി അയാൾ ഒരു കവിയെ കൊട്ടാരത്തിൽ നിയമിച്ചു — പീററിക്കസ് എന്നൊരാളെ. ഈ കവിയുടെ ദിനകൃത്യ ങ്ങളിലൊന്നു് നായകന്റെ ആസനം നക്കുകയായിരുന്നു. എ ന്റെ കവിത സമാരംഭിക്കുന്നതങ്ങനെയാണു്.

ഗോറിന്റെ മുഖം ഇരുണ്ടു. മുഖത്തു് ഒരു നീരസഭാവം നിഴലിട്ടു. അദ്ദേഹം പുത്രനെ സമീപിച്ചു് ബലമായി പിടി ച്ചു മുന്നോട്ടു വലിച്ചു് ചെകിട്ടത്തു് ഒരു നല്ല അടി കൊടുത്തു.

"നിശ്ശബ്ദം! ഇനി ഒന്നും മിണ്ടിപ്പോകരുതു്."

"അച്ഛാ! എന്താണീക്കാണിച്ചതു്?" എന്നു മുറവിളി കാട്ടിക്കൊണ്ടു തെനനാ എഴുന്നേല്ക്കാൻ ഭാവിച്ചപ്പോൾ ഗ്ളു ഷാക്കു് അവളെ തടഞ്ഞു.

പേവലിൻെറ കവിൾ അടികൊണ്ടു ചുവന്നു തടിച്ചു. അയാൾ അച്ഛൻെറ നേരെ കുണ്ഠിതത്തോടും ആശ്ചര്യത്തോടും നോക്കിക്കൊണ്ടു പറഞ്ഞു: "അച്ഛാ! അച്ഛൻ എന്നെ തല്ലി; എന്തിനു്? എൻെറ വാക്കുകേട്ടു ഭയപ്പെട്ടുപോയോ? റഷ്യൻ ജനതയുടെ അന്തഃകരണമാണ് അച്ഛൻ എന്നു പറയുന്നതു കേട്ടിട്ടുണ്ടു്. ഇപ്പോൾ ഞാൻ അച്ഛൻെറ അന്തകരണമായി ത്തീർന്നു, ഇല്ലേ?" ഇത്രയും പറഞ്ഞിട്ടു് അയാൾ കരയാൻ തുടങ്ങി. കണ്ണീർ കുടുകുടെ കവിൾത്തടങ്ങളിൽക്കൂടി ഒഴുകി.

സേമിയോനോവ് പേവലിൻെറ അടുത്തുചെന്നു് അയാളുടെ അരക്കെട്ടിൽ ചുററിപ്പിടിച്ചുകൊണ്ടു പറഞ്ഞു: "വാ അപ്പനേ, വാ, കിടപ്പുമുറിയിലേക്കു പോകാം. പതുക്കേ വാ."

നൈനായുടെ മനസ്സിൽ അപരിഛേദ്യമായ ഒരു തോന്നൽ! പേവലിനെ സെമിയോനോവ് പതുക്കെ പിടിച്ചു കൊണ്ടുപോയതാണ് പിതാവിൻെറ പ്രഹരത്തെക്കാൾ അവളുടെ ഹൃദയത്തെ ഉദ്വേഗപ്പെടുത്തിയതു്—ഉള്ളിൽനിന്നു് എന്തോ ഒന്നു വലിച്ചുപറിച്ചു് പുറത്തെറിഞ്ഞതുപോലെ, എന്തോ ഒരാപത്തുണ്ടാകാൻ പോകുന്നതുപോലെ അവൾക്കൊരു തോന്നൽ! അവൾ കസേരയിൽനിന്നെഴുന്നേററു് സഹോദരനെ സമീപിച്ചു്, സെമിയോനോവിനെ തള്ളിമാററിയിട്ടു്, "ഞാൻ കൊണ്ടുപോയ്ക്കൊള്ളാം" എന്നു പറഞ്ഞു.

പേവൽ അവളെ നോക്കി ദയനീയമാംവണ്ണം ഒന്നു പുഞ്ചിരിച്ചു ആ! നീയാണോ? കൊച്ചു സോദരി!" നീയാണ് എൻെറ ഉത്തമസുഹൃത്തു്—എന്തുവേണം, അതുപോലെ ഞാൻ ചെയ്യാം."

"എൻെറ കൂടെ വരിക—നമുക്കു പോകാം."

പേവൽ അനുസരണശീലമുള്ള ഒരു ബാലനെപ്പോലെ അവളെ അനുഗമിച്ചു.

ഗോറിൻ പറഞ്ഞു: "മേജർ സെമിയോനോവ്! എൻെറ അഭിപ്രായം ഞാൻ ഭേദപ്പെടുത്തുന്നു. റൊമേയിൻ റൂവൻ എന്ന സാഹിത്യകാരനെ ഗവർമ്മെൻറു് മന്ദിരത്തിൽ പാർപ്പിക്കുന്നതാണ് നല്ലതെന്നു വേറിയായെ അറിയിച്ചേക്കുക."

മേജർ അഭിപ്രായം അംഗീകരിച്ചു. "ശരി, അങ്ങനെ ചെയ്യാം. എന്നാൽ ഞാൻ ഇനി താമസിക്കുന്നില്ല. ഞാൻ വിരുന്നിനു് ഇരിക്കാത്തതിൽ അന്യഥാ തോന്നരുതു്:"

സെമിയോനോവ് പുറപ്പെട്ടപ്പോൾ ഗ്ലൂഷാക്കും അയാളുടെ പിറകെ പോയി— അവർ ഇരുവരും കാറിൽ കയറി അപ്രത്യക്ഷരാകയുംചെയ്തു. ഗ്ലൂഷാക്കിന്റെ ഹൃദയം ചിന്താഭാരത്താൽ തപ്തമായിരുന്നു. നോവിക്കോവിനു് പ്രതികൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻവേണ്ടിയാണു് അയാൾ ഗോറിനെ സന്ദർശിച്ചതു്. പക്ഷേ കാര്യമെല്ലാം വിപരീതമായി കലാശിച്ചു. പോരെങ്കിൽ പേവലിന്റെ അനാശാസ്യപ്രവേശം എല്ലാം താറുമാറാക്കിക്കളകയുംചെയ്തു. എല്ലാ വൃത്താന്തത്തെപ്പററിയും ഒരു റിപ്പോർട്ടു് എഴുതി ഉണ്ടാക്കണം. ഒരു വൃത്തികെട്ട ജോലിയാണതു്. ഗ്ലൂഷാക്കു് വളരെ വിഷമിച്ചു. "ഒരു നിന്ദ്യസർപ്പത്തിന്റെയെന്നപോലെ എന്റെ മനസ്സിൽ വഞ്ചന തങ്ങിനിൽക്കുന്നു. ഇതു പ്രയോഗിക്കേണ്ടിവരുന്നതു് എനിക്കിഷ്ടവുമല്ല."

---

# അദ്ധ്യായം പതിനേഴ്

---

സല്ക്കാരവിരുന്നുകളിൽ ജനങ്ങൾ സംബന്ധിക്കുന്നതു് പല ഉദ്ദേശങ്ങളോടുകൂടിയാണു്. ചിലർ ഭാര്യമാരുടെ യോഗ്യതകൾ പറയാൻ, ചിലർ വെറും വെടി പറയാൻ, ചിലർ സ്വന്തം കഴിവുകൾ കേൾപ്പിക്കാൻ— എന്നാൽ "സല്ക്കാരപ്രസംഗം" കേൾക്കാൻ ആർക്കും വലിയ കൊതിയില്ല.

എങ്കിലും ഒരു പ്രസംഗമില്ലാത്ത വിരുന്നു് അപൂർണ്ണമാണെന്നാണു വയ്പു്. ബ്രാണ്ടിക്കുപ്പിക്കു് അടപ്പെന്നപോലെയാണു വിരുന്നിനു് ഒരു പ്രസംഗം. അടപ്പുതുറന്നു് മദ്യം പുറത്തേക്കു വരുത്തുന്നതിലാണു് എല്ലാവരുടെയും നോട്ടം. അതുപോലെ പ്രസംഗം കഴിഞ്ഞുള്ള അശനപാനങ്ങളിൽ ജനങ്ങളുടെ ശ്രദ്ധ കേന്ദ്രീഭവിക്കുകയാണു സാധാരണ സമ്പ്രദായം.

ഗ്ളുഷാക്കിൻെറ റിപ്പോർട്ട വായന കഴിഞ്ഞപ്പോൾത ന്നെ എല്ലാവരിൽനിന്നും ഒരാശ്വാസനിശ്വാസം പുറപ്പെട്ടു. കൈകൊട്ടനടന്നു. പിന്നെ "ടോസ്റ്റ്" പറച്ചിലായി. മിഴ് സോയാനാണ് ആദ്യത്തേ പാനോപചാരപ്രസംഗം നടത്തി യതു്. അപ്പോൾ വേറിയാ ചാടിയെഴുന്നേററ് ഇപ്രകാരം പറഞ്ഞു. ലാറിൻ അവിടെ സന്നിഹിതനായിരുന്ന കാര്യം പോലും അയാൾ വകവച്ചില്ല.

"സഖാക്കളേ! വിപ്ലവമാർഗ്ഗദർശിയും, സോവിയററു സാ ഹിത്യപിതാവും, മഹാനായ സ്റ്റാലിൻെറ സുഹൃത്തമനും ആയ മിഖേൽ ഗോറിൻെറ ഭാവുകത്തിനുവേണ്ടി നമുക്ക പാനം ചെയ്യാം."

എല്ലാവരുംകൂടി തുടങ്ങി. ഹാളിൽ അറഞ്ഞൂറിലധികം പേർ സമ്മേളിച്ചിരുന്നു. വെള്ളവിരിപ്പിട്ട മേശകളിൽ വിശി ഷ്ടഭോജ്യങ്ങൾ നിരത്തിയിരുന്നു. കസേരകളെ ആവരണം ചെയ്തിരുന്ന ഇളം നീലനിറത്തിലുള്ള സൂഷ്മപടവും, മിനുസമു ള്ള തറയിൽ വിരിച്ചിരുന്ന ചുവന്ന പരവതാനിയും, മൂകമായ പരിചാരവൃന്ദവും, മഹാന്മാരുടെ അന്തസ്സും എല്ലാംകൂടി കണ്ണി നും കരളിനും നൽകിയ ആനന്ദം വാചാമഗോചരംതന്നെ. ഭൂമസ്ഥലം ഒരു മരീചികപോലെയും വസ്തുക്കൾ നിഴലുകളെന്ന വണ്ണവും സ്ഫടികദീപങ്ങളുടെ പ്രഭാപ്രസരത്തിൽ അലിഞ്ഞു ചേർന്നു.

ടോസ്ററുകളും പാനപരിപാടിയും മുറയ്ക്കു നടന്നു. ജി ഹ്വകൾ അയഞ്ഞുതുടങ്ങി. പുരുഷശബ്ദകോലാഹലത്തിനിട യിൽ സ്ത്രീകളുടെ കിലുകിലയുള്ള ചിരികളും കേൾക്കാറായി. സദ്യ തിരുതകൃതിയായി പുരോഗമിച്ചു. സീഡോറോവിൻെറ തൊട്ടടുത്താണ് നോവിക്കോവ് ഇരുന്നിരുന്നതു്. ഇതു മനഃ പൂർവ്വം കരുതിക്കൂട്ടിച്ചെയ്ത ഏർപ്പാടായിരുന്നു. വിരുന്നു തുടങ്ങു ന്നതിനുമുമ്പുതന്നെ സിഡോറോവ് മിഴ്സോയാനെ വിളിച്ച് ഇങ്ങനെ ചെയ്യാൻ ചട്ടം കെട്ടിയിരുന്നതാണ്.

മിഴ്സോയാർ ചോദിച്ചു, "നിങ്ങളുടെ പുത്രി അയാളു ടെ അടുക്കൽ?"

"എൻെറ പുത്രിക്കെന്തുകാര്യം?" സീഡോറോവിനു കോ പം വന്നു. "നോവിക്കോവിനോട്ട് എനിക്കു ചിലതെല്ലാം

പറയാനുണ്ടു്. എൻെറ പുത്രി ആരുടെയെങ്കിലും അടുത്തിരിക്കട്ടെ— അവളുടെ ഇഷ്ടം.''

"അങ്ങനെ ചെയ്യാം. അവളുടെ അടുത്തിരുത്താൻ ഒരു ചെറുപ്പക്കാരൻ എന്നോടു നേരത്തേ അനുവാദം ചോദിച്ചിട്ടുണ്ടു്.''

"ആരാണതു്''?

"നിങ്ങൾ കണ്ടു മനസ്സിലാക്കിക്കൊള്ളുക.'' മിഴ്സോയർ ചിരിച്ചു.

സിഡോറോവ് അതു കാണുകതന്നെചെയ്തു. വിരുന്നുസമയത്തു് ലിഡായുടെ അടുത്തു് ഓലഗ് ഡ്യൂറോവ് ഇരുന്നിരുന്നു. അയാൾ അലക്ഷ്യഭാവത്തിൽ ചോദിച്ചു, "എന്താ മൂപ്പീന്നേ! സുഖംതന്നെയോ? ഞാൻ വരുമെന്നു നിങ്ങൾ വിചാരിച്ചില്ലായിരിക്കാം അല്ലേ?''

വിരുന്നുസമയത്തു് സിഡോറോവ് നോവിക്കോവിനോടു സംഭാഷണത്തിൽ ഏർപ്പെട്ടു. പ്രൊഫ്സറോടു വളരെ സൌഹാർദ്ദമായിട്ടായിരുന്നു അയാളുടെ പെരുമാററം. അദ്ദേഹത്തിനു് സ്വയം മദ്യം പകന്നുകൊടുക്കുക, സ്കന്ധങ്ങളിൽ തടവുക, മുഖത്തു സൂക്ഷിച്ചുനോക്കുക മുതലായ പ്രവൃത്തികൾ തികച്ചും സ്നേഹമസൃണങ്ങളായിരുന്നു.

മിക്കേൽ ഗോറിൻ പ്രൊഫ്സർ നോവിക്കോവിനെ കണ്ടു സാസാരിക്കാൻ മറന്നുപോയില്ല. വിരുന്നു കഴിഞ്ഞയുടൻ അദ്ദേഹം അക്കാര്യം ഗ്ളുഷാക്കിനെ ഓർമ്മിപ്പിച്ചു. അവർ അടുത്തുള്ള ഒരു മുറിയിലേക്കുപോയി. ഷൂസേവും കൂട്ടത്തിലുണ്ടായിരുന്നു. അടുത്ത കലാശാലാ ഡയറക്ററെ പരിചയപ്പെടാൻ എല്ലാവർക്കും ആഗ്രഹമുണ്ടായിരുന്നു.

ഗ്ളുഷാക്കു് നോവിക്കോവിനെ അന്വേഷിച്ചപ്പോൾ അദ്ദേഹം സിഡോറോവുമായി സംഭാഷണം ചെയ്തുകൊണ്ടിരിക്കുന്നതാണു കണ്ടതു്. രണ്ടുപേരും ഒരുപോലെ മദ്യമത്തന്മാരായിട്ടിരിക്കയായിരുന്നു. "കൊള്ളാം, ഡയറക്ററർ ജോലിക്കു പററിയ ആൾതന്നെ'' എന്നു് ഗ്ളുഷാക്കു് മനസ്സിൽ കരുതി.

ഗോറിൻ ക്ഷണിക്കുന്ന വിവരം പറഞ്ഞപ്പോൾ പ്രൊഫ്സറുടെ മുഖത്തിൻെറ വൈകൃതം പെട്ടെന്നു മാററുകയും അദ്ദേ

ഹം കാൎയ്യമാത്രപ്രസക്തനായിത്തീരുകയും ചെയ്തു. "ശരി, അ ദ്ദേഹം എവിടെയാണിരിക്കുന്നതു്? നിങ്ങൾക്കു് എന്താണു് ഒരു വല്ലായ്മ?" എന്നു നോവിക്കോവ് ചോദിച്ചു. ഗ്ളുഷാക്കു് വെറുതെ ഒന്നു ചിരിച്ചതല്ലാതെ ഒന്നും പറഞ്ഞില്ല. സിഡോ റോവ് ഒന്നും വയ്യാത്ത പരുവത്തിൽ തല ഒരുവശത്തേക്കു് ചരിച്ചുംകൊണ്ടിരിക്കയായിരുന്നു.

പോകുന്നവഴിയ്ക്കു് ഗ്ളുഷാക്കു് പ്രൊഫ്സറോടു പറഞ്ഞു "എനിക്കു് ഒരപേക്ഷയുണ്ടു്. നിങ്ങൾ ഡ്റാസ്ഡിനെ കാ ണുമ്പോൾ ഞാൻ നിങ്ങളെ എത്രമാത്രം സഹായിച്ചിട്ടുണ്ടെന്നു് ഒന്നു പറയാൻ മറക്കരുതുകേട്ടോ. ഗോറിനുമായുള്ള നിങ്ങളു ടെ ഈ സന്ദർഭത്തിനുവേണ്ട സകല ഏൎപ്പാടുകളും ചെയ്തതു ഞാനാണു്. എല്ലാം ഭംഗിയ:യി, യാതൊരു ശങ്കയ്ക്കും ഇടമി ല്ലാത്തമട്ടിൽ ഞാൻ ശരിപ്പെടുത്തിയിട്ടുണ്ടു്."

നോവിക്കോവ് പെട്ടെന്നു നിന്നു. അദ്ദേഹത്തിന്റെ നയനങ്ങളിൽ ഒരു ക്രൌൎയ്യം വ്യാപിച്ചു. "സഖാവ് ഗ്ളുഷാ ക്കു്! നിങ്ങളുടെ ശ്രമങ്ങൾക്കു തക്ക പ്രതിഫലം ലഭിക്കാതിരി ക്കയില്ല. ഡ്റാസ്ഡ് ഇപ്പോൾ മോസ്ക്കോവിലാണു്. നി ങ്ങൾക്കു് ലെനിന്റെ നാമത്തിൽ ഒരു മഹാബിരുദം നൽകാൻ ഉദ്യമിച്ചുകൊണ്ടിരിക്കയാണു്. എന്താ, തൃപ്തിയാണോ! ഇനി നമുക്കു പോകാം." ഗ്ളുഷാക്കു് പിന്നെയൊന്നും പറഞ്ഞില്ല.

ക്ളബ്ബു് മുറിയിൽ അവർ പ്രവേശിച്ചു. അവിടെ ധാരാ ളം കസേരകളും സോഫാകളും ചെറുമേശകളും ഉണ്ടായിരുന്നു. ഭിത്തിയിൽ തൂക്കിയിരുന്ന പ്രമാണികളുടെ ചിത്രങ്ങളുടെ കൂട്ട ത്തിൽ മിക്കേയിൽ ഗോറിന്റെ ചിത്രവും ഉൾപ്പെട്ടിരുന്നു. ഗോറിനും ഷുസേവും ഒരററത്തു ചതുരംഗം കളിച്ചുകൊണ്ടിരി ക്കയായിരുന്നു. ഗ്ളുഷാക്കു് നോവിക്കോവിനെ ഗോറിനുമാ യി പരിചയപ്പെടുത്തി.

"എന്റെ അടുത്തിരിക്കുക, എനിക്കു ചതുരംഗക്കളിയിൽ അത്ര വലിയ പരിചയമില്ല, എങ്കിലും ഞാൻ ജയിച്ചേക്കാനിട യുണ്ടു്" എന്നു ഗോറിൻ പറഞ്ഞു.

നോവിക്കോവ് സമൎത്ഥനായ ചതുരംഗക്കളിക്കാരനാണു്. അല്പനേരത്തിനുള്ളിൽ ഷുസേവിനു് അടിയറവു പറയിയതു

കണ്ടു് ഗോറിൻ പറഞ്ഞു, "ഷൂസേവ്! അവിടെനിന്നു മാറി കൊടുക്കുക. സഖാവ് നോവിക്കോവ്! നിങ്ങൾ വേണം ഇനി കളിക്കാൻ."

"മോസ്കോവിൽവച്ചു ഞാൻ കളിക്കാറുണ്ടായിരുന്നു."

"അതത്ര അധികം മുമ്പല്ലല്ലോ."

നോവിക്കോവ് കരുക്കൾ നിരത്തി ഗോറിൻെറ മുഖത്തു നോക്കി. അവരുടെ നേത്രങ്ങൾ തമ്മിലിടഞ്ഞതു് അപ്പോളാണ്. നോവിക്കോവ് ഒന്നു ഞെട്ടിപ്പോയി. ഏതോ ഒരു ഭയം അദ്ദേഹത്തിൻെറ ഹൃദയത്തിൽ സ്ഥലം പിടിച്ചു. തൻെറ അന്തരാത്മാവിൻെറ രഹസ്യകവാടംപോലും ഗോറിൻ തുറന്നതുപോലെ നോവിക്കോവിനു തോന്നി. എന്നാൽ ഈ പരിഭ്രമം അല്പസമയമേ നിലനിന്നുള്ളൂ.

ഗോറിൻ ധൂമപാനം ചെയ്തുകൊണ്ടു പറഞ്ഞു, "എന്നാൽ കളി തുടങ്ങാം."

ഗോറിൻ കളിക്കുന്ന രീതികണ്ടു് നോവിക്കോവ് വിചാരിച്ചു, "ഇദ്ദേഹം സൂത്രത്തിൽ എന്നെ പററിക്കാൻ നോക്കുകയാണ്. അതു നടക്കുകയില്ല. അത്രവേഗം എൻെറ കഥ തീർത്തുകളയുമെന്നു വ്യാമോഹിക്കേണ്ട." നോവിക്കോവ് വിജയത്തിലേക്കു് അനുക്രമം നീങ്ങിത്തുടങ്ങി. ഗോറിൻ ഉന്മേഷശൂന്യനുമായി.

"മററുള്ളവർ കളിക്കുന്നതു കാണ്മാനാണ് എനിക്കധികം ഇഷ്ടം. ഗുസ്തിയേക്കാൾ രസമുള്ളതാണ ചതുരംഗം."

"ചരിത്രവും ചതുരംഗവും ഏതാണ്ടൊരുപോലെയാണ്," എന്നു് നോവിക്കോവ് വിചാരിച്ചുകൊണ്ടു പറഞ്ഞു. ഗോറിൻ പ്രൊഫസറെ ഒന്നുകൂടി സൂക്ഷിച്ചുനോക്കി.

"ചരിത്രത്തെ ചതുരംഗത്തോടു സാമ്യപ്പെടുത്താൻ എനിക്കു ധൈര്യമില്ല. ചതുരംഗത്തിലേ രണ്ടുപേരുടെ തലച്ചോറും ബുദ്ധിയും പ്രവർത്തിച്ചാൽ മതിയല്ലോ. പലകയിൽനില്ക്കുന്ന ഊമകൾക്കു് സ്വാഭിപ്രായം യാതൊന്നുമില്ല. എന്നാൽ ചരിത്രത്തിൽ അങ്ങനെയാണോ? ഞാൻ പഴയ ചരിത്രത്തെയാണു

ദ്ദേശിക്കുന്നതു്. ഇന്നത്തെ ചരിത്രം ഒരു കിനാവുമാത്രം! ഭാവിയെപ്പററിയുള്ള ഒരു മിഥ്യാഭ്രമം! ദിവസന്തോറും പുതിയ പുതിയ പ്രഹരണങ്ങൾ പതിച്ചുകൊണ്ടിരിക്കും. പഴയ ചരിത്രത്തിൻെറ കഥ വേറെയാണു്. ചെയ്യേണ്ടതെല്ലാം ചെയ്തു കഴിഞ്ഞുപോയി. ചതുരംഗത്തിൻെറ ഗതി മാററിക്കളയാൻ ഒരു വ്യക്തി വിചാരിച്ചാൽ മതിയല്ലോ. ചരിത്രക്കളിയിൽ ഒററ വ്യക്തിക്കു് വിഭാവന ചെയ്യാൻ മാത്രമേ സാധിക്കുകയുള്ളൂ.”

“സഖാവു ഗോറിൻ! എനിക്കതിൽ അഭിപ്രായവ്യത്യാസമുണ്ടു്. ചരിത്രം ഒരു ശാസ്ത്രമാണു്. ആ നിലയിൽ അതു് എന്നും പുരോഗമിച്ചുകൊണ്ടിരിക്കും, വികസിച്ചുകൊണ്ടിരിക്കും. ദിവസം ചെല്ലുന്തോറും അതു് പരമലക്ഷ്യത്തെ സമീപിക്കുകയാണു്. ഇതിൽ അന്യ വിജ്ഞാനശാഖകളിലേപ്പോലെതന്നെ കാരകശക്തി അത്യാവശ്യമാണു്. അതു വെറും വിഭാവനയായിരിക്കയില്ല.”

“ചരിത്രവസ്തുതകളെപ്പററി നിങ്ങൾ എന്തുപറയുന്നു? അവയെ സ്മരിക്കുകയല്ലാതെ നിങ്ങൾക്കെന്തു ചെയ്യാൻ കഴിയും? നോവലുകളിൽ ശാസ്ത്രജ്ഞന്മാരുടെ ചതുർമ്മാനലോകത്തെപ്പററിയും മററും പ്രതിപാദിച്ചു എന്നുവരാം. പ്രായോഗികജീവിതത്തിൽ ഇതിനൊക്കെ എന്തെങ്കിലും സ്ഥാനമുണ്ടോ?” എന്നു ചോദിച്ചു ഗോറിൻ.

“ഷൂസേവ് ചിരിച്ചുകൊണ്ടു് ഇടയ്ക്കുകയറിപ്പറഞ്ഞു: “അങ്ങനെ പറയാമെന്നു് എനിക്കു തോന്നുന്നില്ല. ഇന്നു് രാവിലെ ചതുർമ്മാനമൊന്നുംകൂടാതെ തന്നെ വെറിയാ ചരിത്രം ഭേദപ്പെടുത്തുകയുണ്ടായി. ആളുകൾ വല്ലാതാകയും ചെയ്തു.”

ഗോറിൻ പ്രസ്തുതാഭിപ്രായം വകവച്ചില്ല. “ഒരു നയതന്ത്രജ്ഞൻെറ നിസ്സാരയത്നങ്ങൾ കൂട്ടാക്കാനില്ല. പ്രൊഫസർ! നിങ്ങളുടെ കരു നീക്കുക.”

സംഭാഷണം കുറെനേരം നിന്നുപോയി. നോവിക്കോവ് കരു നീക്കി. ഗോറിൻ കുനിഞ്ഞിരുന്നു സൂക്ഷിച്ചു. നോവിക്കോവിൻെറ മനസ്സിൽ പലതരം വിചാരങ്ങൾ ഉയർന്നുവന്നു.

ഗോറിൻെറ ചിത്രങ്ങളിലൊന്നിലും ദൃശ്യമാകാത്തതും യാതൊ ത കലാകാരനും പിടികൊടുത്തിട്ടില്ലാത്തതുമായ അന്തസ്സത്ത യുടെ പ്രതിബിംബംപോലുള്ള ആ ശരീരകാന്തി പ്രൊഫസ റെ വല്ലാതെ ആകർഷിച്ചു.

"ഹാ! നിങ്ങൾ എന്നെ ഒരു ദുർഘടപ്രശ്നത്തിൽ ചാ ടിച്ചുവല്ലോ," എന്നു ഗോറിൻ പറഞ്ഞു.

"എന്താ! തോൽക്കാൻ തുടങ്ങുകയാണോ? ചെറുപ്പ ക്കാരെ പരാജയപ്പെടുത്തുക എളുപ്പമല്ല" എന്നു് ഷൂസേവ് വി ജയഭാവത്തിൽ അഭിപ്രായപ്പെട്ടു.

"സാരമില്ല, നിങ്ങൾ തോററു എന്നു കരുതി എല്ലാവരും തോൽക്കുമെന്നുകരുതരുതു്. ഒരു തൽക്കാല ദുർഘടം അത്ര വ ലിയ കാര്യമല്ല," എന്നു പ്രതിവചിച്ചുകൊണ്ടു് ഗോറിൻ ത ൻെറ കരു നീക്കി. "ഇനി നമുക്കു് കുറെ വർത്തമാനം പറ യാം. അപ്പോൾ പ്രൊഫസർ! ചരിത്രവസ്തുതകളെപ്പററി നി ങ്ങൾ എന്തു പറയുന്നു?

"ഞാൻ വിദ്യാർത്ഥികളോടു പ്രസംഗിക്കുന്നമട്ടിൽ അങ്ങ യോടു സംസാരിക്കാൻ ധൈര്യപ്പെടുന്നില്ല. ചരിത്രത്തെപ്പററി എന്നെക്കാൾ എത്രയൊ കൂടുതലായ വിജ്ഞാനം അങ്ങു് സമ്പാ ദിച്ചിരിക്കണം."

"മിക്കേൽ നിങ്ങളെയും താഴ്ത്തിക്കളഞ്ഞു. എല്ലാവർക്കും ഇങ്ങിനെ പററാറു പതിവാണു്," എന്നു് ഷൂസേവ് ഊന്നി പ്പറഞ്ഞു.

"ഇല്ല, ഇതു ശുദ്ധ ഭോഷ്ക്കാണു്. ചെറുപ്പക്കാരെക്കാൾ ഇദാനീന്തന സംഭവജ്ഞാനത്തിൽ ഞാൻ എത്ര പിറകിലാണു് നിൽക്കുന്നതെന്നറിയാൻ എനിക്കാഗ്രഹമുണ്ടെന്നേയുള്ളു. പി ന്മാറി നിൽക്കുന്നതിൽ എനിക്കു വളരെ ഭീതിയുണ്ടു്" എന്നു് ഗോറിൻ സ്വരം മൂപ്പിച്ചു വാദിച്ചു.

"നിങ്ങൾ ഒട്ടും പിറകിലല്ല, മിക്കേൽ! നിങ്ങൾക്കു് ഒന്നും ഭയപ്പെടാനില്ല" എന്നു ഗ്ലുഷാക്കു് പറഞ്ഞു. അയാൾ സദാ നോവിക്കോവിനെ സൂക്ഷിച്ചു നോക്കിക്കൊണ്ടിരിക്കയാ യിരുന്നു.

"നാം വൃദ്ധന്മാരല്ലേ, ഗ്ളുഷാക്ക്! ചെറുപ്പക്കാർ നമ്മുടെ കുറവുകൾ ചൂണ്ടിക്കാണിച്ചുതരും" എന്നു് ഗോറിൻ പ്രസ്താവിച്ചു.

"പക്ഷേ ചെറുപ്പക്കാർ പലപ്പോഴും കാട്ടുകയറിക്കളയും" എന്നു് ഗ്ളുഷാക്ക് വെറുപ്പോടെ സംസാരിച്ചു.

അതു കേട്ടില്ലെന്നുള്ള ഭാവത്തിൽ വീണ്ടും ഗോറിൻ ചോദിച്ചു: "എൻെറ പ്രശ്നത്തിനു് പ്രൊഫസർ എന്തുത്തരം പറയുന്നു?"

നോവിക്കോവ് ശിരസ്സുയർത്തി. അദ്ദേഹത്തിൻെറ മുഖം ഗൗരവയുക്തമായിരുന്നു. "ചരിത്രകാരൻ മാർക്സിസം പഠിച്ചിരിക്കണം, എന്നാൽ മാത്രമേ ഇദാനീന്തന വസ്തുതകളെ നേരിടാൻ സാധിക്കു. ഇതാണു് മാർക്സിസത്തിൻെറ സിദ്ധാന്തം," എന്നു് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു.

"അപ്പോൾ. . . . . ചരിത്രവസ്തുതകൾ?"

"കഴിഞ്ഞുപോയവ കല്ലും കട്ടയുംപോലെ ത്യാജ്യങ്ങളാണു്. ആ പദാർത്ഥങ്ങളെ ഉപയോഗിച്ചു് ധിഷണാശാലിയായ ഒരു മാർക്സിസ്റ്റ് മനോഹരമായ ഒരു സ്ഥാപനം നിർമ്മിക്കാൻ ശക്തനായിത്തീരും."

"അപ്പോൾ, ചരിത്രവസ്തുതകൾ ചതുരംഗക്കരുക്കൾപോലെയാണെന്നു നിങ്ങൾ വിശ്വസിക്കുന്നു, അവയെ സംഘടിപ്പിക്കുയോ വിഘടിപ്പിക്കുയോ ചെയ്യാം, അല്ലേ?"

"അതു് ഒരു ലഘുപ്രസ്താവമാണു്, പക്ഷേ സത്യവുമാണു്."

"അതാ, കിട്ടിപ്പോയി," എന്നു പറഞ്ഞു് ഗോറിൻ ചതുരംഗപ്പലകയിൽ ബലമായി ഒരിടികൊടുത്തു. കരുക്കൾ മേല്പോട്ടു തെറിച്ചു. ഗ്ളുഷാക്ക് ഞെട്ടിപ്പോയി. "ഗ്ളുഷാക്ക്! നിങ്ങൾക്കൊരു പാഠമാണിതു്. നിങ്ങളും ഞാനും പലതും ആലോചിച്ചു തലപുണ്ണാക്കുന്നു, ചെറുപ്പക്കാർ എല്ലാററിനും ഉത്തരം തയാറാക്കിവച്ചിരിക്കുന്നു. കൃത്യമായും കണിശമായും ഇരിക്കുന്നു അവരുടെ ഉത്തരങ്ങൾ."

നോവിക്കോവ് വല്ലാതായി. ഗോറിൻ കാര്യമായിപ്പറയുന്നോ നേരമ്പോക്കു പറയുന്നോ എന്നു പ്രൊഫസർക്കു നി

ശ്ചയമില്ലാതായി. "ഇതൊരു കളിയായിരിക്കാം അദ്ദേഹത്തിന്," എന്നു നോവിട്കോവ് വിചാരിച്ചു.

എന്നാൽ ഗോറിൻെറ നയനങ്ങൾ സപ്രകാശങ്ങളായി നോവിക്കോവിനെ അഭിവീക്ഷിക്കുകയായിരുന്നു. "ശരി, കൊള്ളാം. . . . ഞങ്ങളെപ്പോലുള്ള സാഹിത്യകാരന്മാരും കലാകാരന്മാരും എന്തു ചെയ്യണം? ഞങ്ങൾ ശാസ്ത്രജ്ഞരല്ല. ഞങ്ങൾ രമണീയമായ കലാസൃഷ്ടികൾ ചെയ്യുന്നു. ശാസ്ത്രനിയമങ്ങൾക്ക് അവിടെ പ്രവേശമില്ല, ഒരു ഭൂതോദയമാണ് ഞങ്ങൾക്കവലംബം. ഈ സ്ഥിതിക്ക് വസ്തുതകളെ ഞങ്ങൾ എതു വിധം സമീപിക്കും?" എന്ന് അദ്ദേഹം നോവിട്കോവിനോടു ചോദിച്ചു.

"കലാകാരൻെറ അന്തഃപ്രചോദനം ചിലപ്പോൾ ശാസ്ത്രജ്ഞൻെറ മേധാശക്തിയെ അതിലംഘിച്ചു എന്നുവരാം" എന്ന് നോവിക്കോവ് മറുപടി പറഞ്ഞു.

ഗോറിൻ മിണ്ടിയില്ല. ആ മൗനം മനഃപൂർവമാണെന്നു നോവിക്കോവിനു തോന്നി. "ഏതോ ഒരദൃശ്യരേഖ കടക്കാൻ ഗോറിൻ ഇഷ്ടപ്പെട്ടില്ലായിരിക്കാം. അദ്ദേഹം നോവിക്കോവിൻെറ യുക്തിവാദങ്ങൾ ശ്രദ്ധാപൂർവ്വം കേട്ടുകൊണ്ടാണിരുന്നത്. തൻെറ ദൃഢവിശ്വാസങ്ങൾക്കു ഇളക്കംതട്ടുന്നതുപോലെ അദ്ദേഹത്തിനു തോന്നിയിരിക്കുമോ? അദ്ദേഹത്തിനു് ബലമുള്ള ഒരു താങ്ങാവശ്യമാണ്. അദ്ദേഹത്തിൻെറ മനോവിപ്ലവം ഒരന്ധൻെറ മാനസപരിവർത്തനംപോലിരിക്കുന്നു. അദ്ദേഹം അന്ധകാരത്തിൽ തപ്പിത്തിരിയുകയാണ്. ഹസ്തദാനം ചെയ്താൽ അദ്ദേഹം ഒരു അജകിശോരം എന്നപോലെക്കൂടെ വന്നേക്കും. പക്ഷെ, അദ്ദേഹത്തെ കാര്യം ബോദ്ധ്യപ്പെടുത്തണം. അപ്പോൾ അദ്ദേഹം പരസഹായംകൂടാതെ പ്രവർത്തിക്കാൻ ശക്തനാകും. ശരി, അതൊന്നു സാധിക്കണം, അത്ര ബുദ്ധിമുട്ടുണ്ടാകാൻ ഇടയില്ല." ഏതാദൃശ ചിന്തകൾക്കു നോവിക്കോവ് വിധേയനായി ഭവിച്ചു.

# അദ്ധ്യായം പതിനെട്ട്

കളി പിന്നെയും നിശ്ശബ്ദമായി തുടന്നു. ആ സാഹിത്യകാരൻെറ കൈകഠം നോവിക്കോവ് പ്രത്യേകം സൂക്ഷിച്ചു നോക്കി. അവയുടെ ചലനം ലഘുവും ദൃഢവുമായിരുന്നു. എന്നാൽ അവയുടെ ആകൃതിയാണ് നോവിക്കോവിനെ ഏററവുമധികം ആകർഷിച്ചതു്. വലുതും ബലമുള്ളതും ഭാഗികുറവില്ലാത്തതും കലാസൌഭഗം തിങ്ങുന്നതും ആയ അത്തരം കൈകൾ പ്രതിഭാശാലികൾക്കമാത്രമേ ഉണ്ടായിരിക്കയുള്ളു. എഡിസനും ടോൾസ്റ്റോയിക്കും ഇത്തരം കൈകൾ ഉണ്ടായിരുന്നിരിക്കണം. എന്നു പ്രൊഫസർ വിചാരിച്ചുപോയി. എല്ലാത്തരം ജോലിചെയ്യാനും ശക്തങ്ങളാണ് ഈദൃശഹസ്തങ്ങൾ—നിലം ഉഴുകാനും ഗ്രന്ഥമെഴുതാനും.

ഷുസേവ് മൌനഭഞ്ജനത്തിനു മുതിർന്നു—അയാൾ കണ്ണിമയ്ക്കാതെ യുവാവായ പ്രൊഫസറെ നോക്കിക്കൊണ്ടിരിക്കയായിരുന്നു. "ഈ മനുഷ്യനു് എന്തോ ചില ഉദ്ദേശങ്ങളുണ്ടായിരിക്കണം. കാലത്തിനൊത്ത മനുഷ്യൻതന്നെ. സോവിയററുകാരൻെറ ലക്ഷണങ്ങൾ തികച്ചും ഉണ്ടു്. ഈയാൾ സ്വന്തം ഭാവിയെ രൂപപ്പെടുത്തിക്കൊണ്ടുവരികയാണ്. ഒരു വല്ലാത്ത ജന്തുവാണിതു്. കലാശാലാ ഡയറക്ററർ എന്ന നിലയിൽ ഈയാൾ വളരെ ശോഭിക്കും. വിദ്യാത്ഥികളെല്ലാം ഈയാളുടെ അധീനതയിൽ വരും. പട്ടപോലെയുള്ള പരുവത്തിൽ—വേറിയാ ഈയാളെ സഹായിക്കുന്നതിൽ, അത്ഭുതമില്ല" എന്നെല്ലാമായിരുന്നു ഷുസേവിൻെറ വിചാരഗതികൾ.

"നിങ്ങൾ ഭൂതോദയത്തെപ്പററിയും വസ്തുസ്ഥിതികളെപ്പററിയും അല്പംമുമ്പു സംസാരിച്ചുവല്ലോ. എന്നാൽ ആ മനോഭാവം പൂർവ്വസംഭവങ്ങളെ വികൃതമാക്കും. അന്തഃപ്രേരണമുള്ള കലാകാരന്മാർ ചരിത്രത്തിൽ കൈയിടാൻ തുടങ്ങിയാൽ ചരിത്രം മാറി ഒരുവക പായസമായിത്തീരും, എന്നയാൾ നോവിക്കോവിനോടു പറഞ്ഞു. നോവിക്കോവ് അയാളെ ഒന്നു തുറിച്ചുനോക്കുകമാത്രം ചെയ്തു. ഷുസേവിൻെറ തന്ത്രത്തെയും സാ

മത്ത്യത്തെയുംപററി പ്രൊഫ്സർക്കു അല്പം ശങ്കയുണ്ടായിരുന്നു. അദ്ദേഹം മറുപടി പറഞ്ഞു. "ചരിത്രഗ്രന്ഥങ്ങൾ, ഉദാഹരണമായി നാടകങ്ങൾ. പഴയ കാലങ്ങളെ രൂപാന്തരപ്പെടുത്തി താൽക്കാലിക സംഭവങ്ങൾക്കനുരൂപമാക്കാറുള്ളതു കണ്ടിട്ടില്ലേ."

"ശരി! അതു നാടകമല്ല, രാജ്യമീമാംസയെ തകിടംമറിച്ച് പൂർവ്വവൃത്താന്തങ്ങളുമായി സംയോജിപ്പിക്കുകയാണ്."

"ഞാൻ പറയുന്നതും അതുതന്നെയാണ്. ഡാസ്റ്റോവസ്കി പോലും ചരിത്രനാടകങ്ങളുടെ ഈ പ്രത്യേകത ധരിച്ചിട്ടുണ്ട്. ഭൂതകാലത്തെ വിഭാവന ചെയ്യുമ്പോൾ സംഭവങ്ങൾ അവയുടെ ആദ്യന്തികമായ രൂപത്തിൽ വന്നുകയറുമെന്നും കലാകാരൻ ഏതുകാലത്തെ പ്രതിനിദാനം ചെയ്തു നാടകസൃഷ്ടി ചെയ്തുവോ അതിനുശേഷമുണ്ടായിട്ടുള്ള സംഭവവികാസങ്ങളും അതിൽ കലന്നിരിക്കുമെന്നും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട്, ചരിത്രസംഭവത്തിൻെറ യഥാത്ഥസ്വഭാവം പ്രദർശിപ്പിക്കാൻ കലാകാരൻ അസമത്ഥനായിരിക്കും."

"ഡാസ്റ്റോവസ്കി അങ്ങിനെ എഴുതിയിട്ടുണ്ടോ?" എന്നു ഷൂസേവ് ചോദിച്ചു.

"ഉണ്ട്."

"പക്ഷെ അതു തെററായി വരുവാൻ പാടില്ലേ?"

"ഇതിൽ അദ്ദേഹത്തിനു തെററു പററിയിട്ടില്ല. ബുദ്ധിപൂർവ്വമായ ഒരു പ്രസ്താവനയാണതു്," എന്നു് ഗോറിൻ ഇടക്കു പറഞ്ഞു. "തെററുകൾ ആർക്കും വരാവുന്നതാണ്. എന്നാൽ ചരിത്രഗ്രന്ഥങ്ങളെ അപേക്ഷിച്ച് ചരിത്രനാടകങ്ങളിൽ സംഭവങ്ങളുടെ സൂക്ഷ്മാംശങ്ങൾക്ക് കാലാവലോകനത്തോളം പ്രാധാന്യം കല്പിക്കാൻ നിവൃത്തിയില്ല."

"വളരെ വളരെ ശരിയാണ്," എന്നു നോവിക്കോവ് ബലപ്പെടുത്തിപ്പറഞ്ഞു.

"മിഖേൽ! അങ്ങുതന്നെ ഒരു ചരിത്രനാടകം എഴുതുന്നതു നന്നായിരിക്കും" എന്നു് കുറെ നേരമായി മൗനം ഭജിച്ചിരുന്ന

ഗ്ളുഷാക്ക് തട്ടിമൂളിച്ചു. എന്തെങ്കിലും ഒന്നു പറയണമെന്നുകരുതി മാത്രം ഇങ്ങനെ അഭിപ്രായപ്പെട്ടതാണയാൾ. നോവിക്കോവ് സന്തോഷപൂർവ്വം പ്രസ്തുതാഭിപ്രായം ശരിവച്ചു.

"ഗ്ളുഷാക്ക്! ഒന്നാന്തരം അഭിപ്രായം. സഖാവ് ഗോറിൻ! ഒരു ചരിത്രാഖ്യായിക നിർമ്മിച്ച് വിഷമപ്രശ്നങ്ങൾ പരിഹരിപ്പാനുള്ള മാർഗ്ഗം കാണിച്ചുകൊടുക്കേണ്ടതു് അങ്ങുതന്നെയാണ്?"

ഗോറിൻ തലയാട്ടി, ഞാൻ ചരിത്രവിഷയങ്ങളെ അധികരിച്ച് യാതൊന്നും എഴുതിയിട്ടില്ല. എനിക്കതിഷ്ടമല്ല. എന്റെ മണ്ഡലം യഥാർത്ഥജീവിതമാണ്— പ്രകൃതിയാണ് എനിക്കു പ്രചോദനം നൽകുന്നതു്. കൂടാതെ പൂർവ്വസംഭവങ്ങൾ ഒട്ടുമുക്കാലും ഓരോരുത്തർ കൈകാര്യം ചെയ്തുകഴിഞ്ഞിരിക്കുന്നു.

"അങ്ങനെ പറയാമോ? മഹാനായ പീററരുടെ കാലത്തെപ്പററി വല്ല ഗ്രന്ഥവും ആവിർഭവിച്ചിട്ടുണ്ടോ? അതിലും നന്നായി ഇന്നത്തെ കാലത്തിനു പററിയ വിഷയം, ഏതുണ്ട്?" എന്നായി നോവിക്കോവ്.

"ടോൾസ്റ്റായി അതേപ്പററി എഴുതിക്കൊണ്ടിരിക്കയാണ്. മറെറാരുവന്റെ പ്രവൃത്തിരംഗത്തിൽ ചാടിക്കയറുന്നതെന്തിനു്?"

"ശരി, എന്നാൽ പരാക്രമശാലിയായിരുന്ന ഐവന്റെ വൃത്താന്തം എടുക്കരുതോ? അതൊരു വമ്പിച്ച വിഷയമാണ്. ആരും അതു ശരിയായി പഠിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല."

"പലരും ആ വിഷയം സ്വീകരിച്ച് നാടകങ്ങളും നോവലുകളും നിർമ്മിച്ചിട്ടുണ്ട്."

"ഉണ്ട്, പക്ഷെ എന്തെഴുത്താണതെല്ലാം? അവർ വിലപിക്കയും അശ്രുവാർക്കയും ചെയ്തിട്ടുണ്ട്. എന്നാൽ വേണ്ടവണ്ണം എഴുതിയിട്ടില്ല. ഐവന്റെ മൃഗീയതയെ എടുത്തുകാണിച്ച് അവർ സാധുക്കളായ ബുദ്ധിജീവികളെ ഭയപ്പെടുത്തിവച്ചിരിക്കയാണ്. മഞ്ഞിൽ പതിഞ്ഞ രക്തത്തിന്റെ വർണ്ണത്തെയും ഐവന്റെ കോടാലിയിൽ പററിയിരുന്ന മനുഷ്യശിരോരോമത്തെയും പററി അവർ വളരെ വിസ്തരിച്ചെഴുതിയിട്ടുണ്ട്. എ

ല്ലാം പറഞ്ഞിട്ടുണ്ടെങ്കിലും വേണ്ടതു വിട്ടുകളഞ്ഞു. ഈ മഹാരാക്ഷസനായ ഐവനാണ് ഇന്നു നാം പാദം ഊന്നിനില്ക്കുന്ന നമ്മുടെ മാതൃഭൂമിയായ റഷ്യയുടെ സ്രഷ്ടാവ് എന്ന കാര്യം അവർ അവഗണിച്ചുകളഞ്ഞു.''

ഗോറിൻ വിസ്മയസ്തബ്ധനായി പ്രൊഫസറുടെ മുഖത്തുനോക്കി. നോവിക്കോവ് ഹൃദയം തുറന്നു സംസാരിക്കയായിരുന്നു. ഗോറിൻ കസേരയിൽ ചാരിയിരുന്ന് ഏതോ ആലോചനയ്ക്കു വിധേയനായി. "ശ . . . രി . . . യാ . . . ണ്; അതൊരു പ്രധാന വിഷയംതന്നെ. അതിന് വ്യാപ്തിയും വിസ്തൃതിയും ഉണ്ട്. എനിക്കിഷ്ടമാണാവിഷയം'' എന്ന് അദ്ദേഹം പ്രസ്താവിച്ചു. എങ്കിലും ഉത്തരക്ഷണത്തിൽ അദ്ദേഹം കുണ്ഠിതനെപ്പോലെ തലയാട്ടിക്കൊണ്ടുപറഞ്ഞു, "വേണ്ട, അതുകൊണ്ട് വലിയ പ്രയോജനം ഒന്നും ഉണ്ടാകാൻപോകുന്നില്ല. പുരാതനഗ്രന്ഥശേഖരങ്ങൾ പലതും പരിശോധിക്കേണ്ടിയിരിക്കുന്നു. അതെനിക്കു വയ്യ. ചീഞ്ഞുനാറിയ ഭൂതകാലസംഭവങ്ങളെ തോണ്ടിയെടുത്തു പൊക്കിക്കാണിപ്പാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല.''

"അതത്രവലിയ കാര്യമല്ല. അങ്ങേയ്ക്കു സമ്മതമാണെങ്കിൽ, ആവശ്യമുള്ള സാമഗ്രികളെല്ലാം ഞാൻ സസന്തോഷം അങ്ങയുടെ മുമ്പിൽ നിരത്തിവയ്ക്കാം. എനിക്ക് മോസ്കോവിൽ ഒരു സ്നേഹിതനുണ്ട്. അദ്ദേഹം ഗ്രന്ഥശേഖരങ്ങളുമായി ഇടപഴകിയിട്ടുള്ള ആളുമാണ്. എല്ലാം അദ്ദേഹത്തെക്കൊണ്ടു സാധിക്കാവുന്നതേയുള്ളു.'' എന്നു നോവിക്കോവ് വീണ്ടും എടുത്തുപറഞ്ഞു.

ഗോറിൻ ആലോചനാനിമഗ്നനായിരുന്നു. അദ്ദേഹം പറഞ്ഞു, "നിങ്ങൾ എന്നെ ഇളക്കിമറിച്ചിരിക്കുന്നു. എനിക്ക് ഒരു മനഃപ്രേരണയുളവാകുന്നു ഒരു മഹാഗ്രന്ഥം നിർമ്മിക്കണമെന്ന്— ഞാൻ യൌവനത്തിൽ സ്വപ്നം കണ്ടിരുന്ന കാര്യങ്ങളെ ആസ്പദമാക്കി. ഐവനും അദ്ദേഹത്തിന്റെ കോടാലിയും എന്റെ മുഷ്ടിക്കുള്ളിൽ ഒതുങ്ങിയതുപോലെ തോന്നുന്നു. ഇതൊരു നാടകംപോലെതന്നെ. ശരി, ഡയറക്റ്റർ! നിങ്ങളുടെ ഇംഗിതംപോലെയാകട്ടെ. ഇനി കളിക്കുക.''

നോവിക്കോവ് ആശ്ചര്യഭാവത്തിൽ ശിരസ്സുയർത്തി. "എന്താണിദ്ദേഹം വിളിച്ചതു്? ഡയറക്ടർ എന്തോ? ഡയറക്ടർക്കു് ഇവിടെ കാര്യമെന്തു്? എന്തെങ്കിലുമാകട്ടെ. എല്ലാം വേണ്ടവണ്ണംതന്നെ കലാശിച്ചു. ഒരു ചരിത്രാഖ്യായിക ഉണ്ടാകണം. അതാണു് എൻെറ അത്യാശ. എനിക്കു് കുറെ റഷ്യൻ ചരിത്രം അറിയാമെന്നല്ലാതെ മറെറന്തിരിക്കുന്നു? ഗോറിൻെറ ഉത്സാഹത്തെ ഞാൻ വിജ്റുംഭിപ്പിച്ചുകഴിഞ്ഞു. ഇനി അതു കുറഞ്ഞുപോകാതെ സൂക്ഷിക്കേണ്ടതു് എൻെറ കടമയാണു്. ഈ സാഹിത്യപുംഗവനെ വേണ്ടമാർഗ്ഗത്തിൽക്കൂടി നയിക്കുകതന്നെവേണം. സഞ്ചരിക്കുന്നതിനിടയ്ക്കു് ചില മുക്കുറകൾ ഇട്ടേക്കാം, വേലികൾ പൊളിച്ചേക്കാം— പ്രത്യേകം സൂക്ഷിക്കണം. ഐവൻെറ കഥ പുറപ്പെടാൻപോകുന്നു. ഇതിലും നല്ലതെന്തുണ്ടു്? ഗോറിൻെറ പ്രതിഭാശക്തിയും ധിഷണാവൈഭവവും യോജിച്ചു പ്രസരിക്കട്ടെ. ആ പൂർവ്വപുരുഷൻെറ സ്കന്ധങ്ങൾ സാഹിത്യമാല്യത്താൽ അലംകൃതമായിത്തീരട്ടെ. സ്റ്റാലിൻ നിശ്ചയമായും എന്നെ ഡയറക്ടരാക്കും, എനിക്കു പാരിതോഷികങ്ങൾ നൽകും— എൻെറ സ്വപ്നങ്ങൾ സഫലീഭവിക്കും," എന്നെല്ലാമായിരുന്നു അദ്ദേഹത്തിൻെറ വിചാരങ്ങൾ.

ഇങ്ങനെ നോവിക്കോവ് ആലോചനയിൽ മുഴുകിയിരിക്കുമ്പോൾ ഗോറിൻെറ പത്നിയായ ല്യൂബാ മുറിയ്ക്കകത്തുവന്നു് പരിഭ്രമാസ്വരത്തിൽ വിളിച്ചുപറഞ്ഞു, "മിക്കേൽ! നിങ്ങൾ ഇവിടെയിരുന്നു കളിക്കുന്നു, ഒന്നും അറിയാതെ, അല്ലേ? ഒരു ഭയങ്കര സംഭവം നടന്നിരിക്കുന്നു. ലാറിൻ സ്വയം വെടിവച്ചു് ആത്മഹത്യചെയ്തു."

"സഖാവ് ഗോറിൻ," എന്നു വിളിച്ചുകൊണ്ടു് നോവിക്കോവ് എഴുന്നേററു—അങ്ങനെ ആ രംഗം അവസാനിക്കുയും ചെയ്തു.

# അദ്ധ്യായം പത്തൊൻപതു്

ലാറിൻെറ ശിരസ്സു് ഡെസ്കിൻെറ കണ്ണാടിപ്പലകയിൽ ചിതറിക്കിടന്നിരുന്നു. കണ്ണാടിയുടെ അടിയിൽ മേശയോളം വലിപ്പത്തിൽ ഉത്തരകാക്കസ് പ്രവിശ്യയുടെ ഒരു പടവും ഇരിപ്പുണ്ടായിരുന്നു. ഈ പ്രവിശ്യയുടെ പരമാധികാരിയായിരുന്നു ലാറിൻ. ജർമ്മനിയെക്കാൾ വിസ്തീർണ്ണംകൂടിയ ഈ പ്രവിശ്യയിലെ ജനസംഖ്യ സ്വീഡനിലെക്കാൾ അധികമായിരുന്നു. പടത്തിൻെറ മുകളിലിരിക്കുന്ന കണ്ണാടിപ്പലകയിൽ ഇരുണ്ട രക്തം കട്ടിയായി കിടക്കുന്നു.

മിഴ്സോയാൻെറ ആഫീസിൻെറ വാതുക്കൽ സംഭ്രാന്തരായ റോസ്റ്റോവ് നിവാസികൾ കൂട്ടംകൂടി ലാറിൻെറ അവശിഷ്ടങ്ങൾ നോക്കി നിന്നിരുന്നു. ആർക്കും സ്വനേത്രങ്ങളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. വിളറിയ മുഖത്തോടുകൂടിയ മിഴ്സോയാൻ, ചുണ്ടുകൾചേർത്തു പിടിച്ചിരുന്ന ഡ്യൂറോവു്, ശാന്തത ഭാവിച്ചിരുന്ന കാഷിറിൻ, എല്ലാവരും ഒന്നും മിണ്ടാതെയും ശവത്തെ സമീപിക്കാതെയും നിൽക്കയായിരുന്നു.

"കൈയുടെ താഴെ ഒരു കടലാസിരിപ്പുണ്ടു്," എന്നു് ആരോ ഒരാൾ വിളിച്ചുപറഞ്ഞു.

"ഒരു കമ്പിപോലിരിക്കുന്നല്ലോ."

"നമുക്കു നോക്കാം."

"വരട്ടെ, വേറിയാ വന്നിട്ടു മതി."

"കമ്പി നോക്കാൻ വേറിയാ വരണമോ? എന്തിനാണു് ആത്മഹത്യ ചെയ്തതെന്നു നമുക്കറിയണം," എന്നു് മറ്റൊരാൾ ആവശ്യപ്പെട്ടു.

"ഡ്യൂറോവ്! ആ കടലാസെടുത്തു വായിക്കുക," എന്നു് മിഴ്സോയാൻ പതുക്കെ പറഞ്ഞു.

ഡ്യൂറോവ് ശവത്തിൻെറ കയ്യിൽ മുറുകെ പിടിച്ചിരുന്ന റിവാൾവർ പൊക്കി കമ്പിയെടുത്തു. അയാൾ അതു സാവധാ

നത്തിൽ വായിച്ചുകൊണ്ടു് എല്ലാം ധരിച്ച മട്ടിൽ തലയാട്ടി. "മോസ്കോവിലേക്കുള്ള തിരിച്ചുവിളി . . . . ."

ഈ സന്ദർഭത്തിൽ വേറിയാ പ്രവേശിച്ചു. അയാൾ ശവശരീരത്തിൽ നോക്കുകയും രക്തപങ്കിലമായിരുന്ന കടലാസെടുത്തു വായിക്കുകയും ചെയ്തതിന്റെ ശേഷം തറയിൽ കാർക്കിച്ചു തുപ്പി.

"കഷ്ടം! ഈയയാളാണോ ധീരപുരുഷൻ! ഒരു സോവിയററു് പൗരൻ തന്റെ പത്നിയോടുകൂടി നിദ്രചെയ്തു മരിക്കണം—മോസ്കോ ആവശ്യപ്പെടുമ്പോൾ ചെയ്യണം; അതാണു വേണ്ടതു്—പ്രേതം ഉടനെ മാററുവിൻ."

അയാൾ ജനസമൂഹത്തിനിടയിൽക്കൂടി ഞെരുങ്ങി ഇടനാഴികയുടെ ഉള്ളിലേക്കു കടന്നു. അവിടേയും ഒരു വലിയ ആൾക്കൂട്ടം ഉണ്ടായിരുന്നു. എല്ലാവരെയും അവജ്ഞാദൃഷ്ടിയോടുകൂടി നോക്കിക്കൊണ്ടു് അയാൾ പറഞ്ഞു: "നിങ്ങൾ എന്തിനാണിങ്ങനെ കൂടിനിൽക്കുന്നതു്? ഇവിടെ വിശേഷിച്ചൊന്നും സംഭവിച്ചിട്ടില്ല. ഒരു മറയൻ വെടിവച്ചു് ആത്മഹത്യ ചെയ്തു. സംഗീതവും വാദ്യമേളങ്ങളും നിറുത്തിയതെന്തിനു്? നൃത്തം മുറയ്ക്കു നടക്കട്ടെ."

ഉടനെ നൃത്തശാലയിൽനിന്നും സംഗീതധ്വനി കേൾക്കപ്പെട്ടു. ഗായകന്മാർ അസ്വസ്ഥചിത്തരായിരുന്നു എന്നു സംഗീതം തെളിയിക്കുന്നുണ്ടായിരുന്നു. ലാറിന്റെ ശരീരം ദൂരെ കൊണ്ടുപോയപ്പോൾ വേറിയാ അതൊന്നു നോക്കാൻപോലും സന്നദ്ധനായില്ല. "സഖാവ് ഡ്യൂറോവ്! നിങ്ങൾ ഇവിടെ നില്ക്കുക" എന്നൊരാജ്ഞ കൊടുത്തിട്ടു് വേറിയാ ആഫീസുമുറിയ്ക്കുള്ളിൽ പ്രവേശിച്ചു. ജനങ്ങൾ പിരിഞ്ഞുപോകാൻ തുടങ്ങി. "ഇതിന്റെയൊക്കെ അർത്ഥമെന്തു്? ഒന്നും മനസ്സിലാകുന്നില്ലല്ലോ. വിരുന്നുസമയത്തു് ലാറിൻ എത്ര ഉന്മേഷവാനായിരുന്നു" എന്നും മററും ഓരോരുത്തർ പറയുന്നുണ്ടായിരുന്നു.

അന്നു വൈകുന്നേരം ഒരാൾ വേറിയായുടെ മുറിയിൽ കയറിച്ചെന്നു് ഒരു ലേഖനം ഏൽപ്പിച്ചിട്ടു്, "സഖാവ് വേറിയാ! ഇതൊരു പ്രധാന കാര്യം സംബന്ധിച്ചുള്ളതാണു്—വള

രെ തിട്ടക്കത്തിൽ തീരുമാനിക്കേണ്ടതുമാണ്," എന്നു പറഞ്ഞു. വേറിയായുടെ സമീപത്തു് ഡ്യൂറോവും ഷെർബാക്കോവും നിന്നിരുന്നു. "ഇപ്പോൾ കമ്പിവാർത്തകളെല്ലാം അത്യാവശ്യമായി ശ്രദ്ധിക്കേണ്ടവതന്നെ. നോക്കട്ടെ. എന്തെങ്കിലും സംഭവവികാസം ഉണ്ടായേക്കാം. ഇനി വല്ലവരും തുലയാൻപോകുന്നുണ്ടായിരിക്കുമോ!" എന്നു് വേറിയാ അവരെ നോക്കിക്കൊണ്ടു് പറഞ്ഞു.

അയാളുടെ കൃശവദനം ഗൗരവച്ഛായ വഹിച്ചു. "കാർ കൊണ്ടുവരട്ടെ, എനിക്കു് ഉടനെ സ്റ്റേഷനിലേക്കു പോകണം. നിങ്ങൾ രണ്ടുപേരും എന്റെകൂടെ വരുവിൻ," എന്നു നിയോഗിച്ചിട്ടു് അയാൾ കമ്പി ഡ്യൂറോവിനെ ഏല്പിച്ചു. അയാൾ ഇപ്രകാരം വായിച്ചു: "വലിയ രഹസ്യം! സഖാവ് വേറിയാക്കു്—ഞാൻ കാക്കസസ്സിലേക്കു പോകുന്നു. പത്തര മണിക്കു് റോസ്റ്റോവ് സ്റ്റേഷനിലെത്തും. നിങ്ങളെ കാണണം—സ്റ്റാലിൻ."

കാറുകൾ റോസ്റ്റോവിലെ തെരുവുകളിൽകൂടെ ചക്രവാതംപോലെ പാഞ്ഞുപോയി. വേറിയാ കൂടെക്കൂടെ വാച്ചു നോക്കിക്കൊണ്ടു്, "നാം താമസിച്ചുപോയില്ല" എന്നു പറയുന്നുണ്ടായിരുന്നു. അദ്ദേഹത്തെ സ്വീകരിപ്പാൻ വേണ്ട ഏർപ്പാടുകളൊന്നും ചെയ്തിട്ടില്ലല്ലോ. ആകെക്കൂടി പത്തു മിനിട്ടിനുള്ളിൽ എന്തു സാധിക്കും?"

"സാരമില്ല, എല്ലാം നടക്കും. അദ്ദേഹം വരുമ്പോൾ എല്ലാവരും 'ഹുറേ' വിളിക്കണം. അതു് അദ്ദേഹത്തിനു വലിയ ഇഷ്ടമാണ്," എന്നു് ഷേർബാക്കോവ് മറുപടി പറഞ്ഞു.

അവർ എൻഗൽസ് തെരുവു കടന്നു് സ്റ്റേഷന്റെ മുമ്പിലെത്തി. അവിടം മുഴുവൻ ഭടന്മാർ അണിനിരന്നിരുന്നു. ആരെയും അകത്തു കടക്കാനോ പുറത്തു പോകാനോ അനുവദിച്ചിരുന്നില്ല. ഭടനായകൻ വേറിയായോടു ചോദിച്ചു: "വണ്ടി മൂന്നാമത്തെ ലയിനിൽ നിൽക്കും. ഞാൻ എന്തു വേണമെന്നു പറയുക," "നമുക്കങ്ങോട്ടു പോകാം" എന്നു വേറിയാ ആവശ്യപ്പെട്ടു.

എല്ലാ ദിക്കിലും പട്ടാളക്കാർ. ഇടയ്ക്കിടെ റാന്തലുകൾ മിന്നുന്നതു് കാണാം. കുന്തങ്ങൾ മങ്ങിയ വെളിച്ചത്തിൽ അവിടവിടെ തിളങ്ങുന്നുണ്ടു്. പ്ലാററുഫോറത്തിൽ ആരെയും നില്ക്കാൻ അനുവദിച്ചില്ല. ചില തീവണ്ടികൾ അകലെ മാറി ധൂമം വർഷിച്ചുകൊണ്ടു കിടന്നിരുന്നു.

"നിങ്ങൾ ഇത്രവേഗം ഇത്ര വളരെ ഭടന്മാരെ എങ്ങിനെ കൊണ്ടുവന്നു?" എന്നു വേറിയാ നായകനോടു ചോദിച്ചു.

"ഇതെല്ലാം മോസ്കോപ്പട്ടാളങ്ങളാണ്—സ്റ്റാലിന്റെ അംഗരക്ഷക സമൂഹത്തിൽപെട്ടതുമാണ്. ഒരു വിഭാഗം എപ്പോഴും നേരത്തെ പുറപ്പെടുകയാണ് പതിവ്. അവിടവിടെയുള്ള ഭടന്മാരെ ആവശ്യപ്പെടാറില്ല."

ഈ ഘട്ടത്തിൽ, വിസ്തൃതവക്ഷസ്സനായ ഒരു യോധൻ ഒരു വലിയ പുറങ്കുപ്പായവും ബെൽട്ടും തോക്കും ധരിച്ച് ഇരുട്ടിൽനിന്നു മുന്നോട്ടുവന്നു. അയാളുടെ കൈയിൽ ഒരു റാന്തലും ഉണ്ടായിരുന്നു. റാന്തൽപൊക്കി വേറിയായുടെ മുഖത്തിനു നേരെ പിടിച്ചുകൊണ്ടു് "നിങ്ങളാണോ വേറിയാ?" എന്നു് അയാൾ ചോദിച്ചു.

"അതേ! നിങ്ങളാരാണ്?" എന്നു അല്പം കോപസ്വരത്തിൽ വേറിയാ ചോദിച്ചു. ഇങ്ങനെ അയാളോടു് ആരും പെരുമാറുക പതിവില്ലാത്തതാണ് കോപത്തിനു കാരണം.

"ഞാൻ സ്ലോകോവ്, സ്പെഷ്യൽ സൈന്യത്തിന്റെ നായകൻ എന്നു മറുപടി പറഞ്ഞുകൊണ്ടു് ആഗതൻ സ്വന്തം മുഖത്തിനുനേരെ റാന്തൽ തിരിച്ചുപിടിച്ചു. ഒരു തടിച്ച മുഖവും ഉയർന്ന കപോലാസ്ഥികളും ഉഗ്രഭാവവും വേറിയായ്ക്കു കാണുമാറായി. "താങ്കളെ തനിച്ചു കാണ്മാനാണ് ഏർപ്പാടു ചെയ്തിരിക്കുന്നതു്" എന്നു പറഞ്ഞുകൊണ്ടു് അയാൾ വേറിയായുടെ കൂട്ടുകാരോടു്, "നിങ്ങൾ ദയവുചെയ്തു് അല്പം അകന്നുനില്ക്കണം, ഇഷ്ടമുണ്ടെങ്കിൽ സ്റ്റേഷനിൽ കാത്തുനിന്നുകൊള്ളുക" എന്നാവശ്യപ്പെട്ടു.

"ഇദ്ദേഹം സഖാവു സ്മൂറോവാണ്, പ്രാദേശികസഭയുടെ നായകൻ ഇതു് മോസ്കോവിൽനിന്നുവന്നിട്ടുള്ള സഖാവ് ഷെർബാക്കോവാണ്, എന്നു വേറിയാ അവരെ പരിചയപ്പെടുത്തി.

പക്ഷേ സ്ലോക്കോവ് അതത്രവകവച്ചില്ല. എല്ലാവരും വെ ളിയിൽപോകാനുള്ള ആജ്ഞ വീണ്ടും പുറപ്പെട്ടു.

ഡ്യൂറോവ് ഷെർബാക്കോവ് യൂഡിൻ മുതലായി പത്തു പന്ത്രണ്ടുപേർ പുറന്തള്ളപ്പെട്ടവരെപ്പോലെ ദൂരെപ്പോകേണ്ടി വന്നു. വേറിയായും സ്ലോക്കോവും മാത്രം ശേഷിച്ചു.

അപ്പോൾ ഒരു തീവണ്ടിവരുന്ന ശബ്ദം കേൾക്കമാറായി. വേറിയ അക്ഷമനായി മുന്നോട്ടു നീങ്ങാൻ ഭാവിച്ചപ്പോൾ സ്ലോക്കോവിനാൽ നിയന്ത്രിക്കപ്പെട്ടു. "വരുന്നതു് ആദ്യത്തേ വണ്ടിയാണു്; രണ്ടാമത്തേതു പ്രതീക്ഷിക്കുക."

അത്യുജ്ജ്വലമായ് ദീപപ്രഭ പൊലിച്ചുകൊണ്ടു് ആ വണ്ടി അവിടെ നില്ക്കാതെ കടന്നുപോയി. വാതിൽക്കലും ജനലുകളിലും അനവധി ഭടന്മാരെ കാണ്മാൻ വേറിയാക്കു സാധിച്ചു. അതു് രാക്ഷാശകടമായിരുന്നു. വണ്ടി കടന്നു കഴി ഞ്ഞയുടൻ രണ്ടാമത്തേ വണ്ടിയുടെ ദീപപ്രഭ കാണാറായി. ഇതു് സാവധാനത്തിൽവന്നു് സ്റ്റേഷനിൽനിന്നു. അതിൽ അഞ്ചു പ്രത്യേക വണ്ടികൾ ഉണ്ടായിരുന്നു. ഓരോന്നിൻെറയും ജനലുകൾ മറകളാൽ മൂടപ്പെട്ടുമിരുന്നു. തൽക്ഷണം ഭടന്മാർ നിരനിരയായി വണ്ടിയുടെ മുമ്പിൽ നിലകൊണ്ടു.

"ഇനി നമുക്കുപോകാം," എന്നു പറഞ്ഞു സ്ലോക്കോവ്.

തീവണ്ടിയുടെ അധിപൻ അവരുടെ അടുക്കലേക്കുവന്നു സ്ലോക്കോവിനെ വന്ദിച്ചു. 'സഖാവു് മേജർ, അദ്ദേഹം മൂന്നാമത്തെ വണ്ടിയിൽ.'

സ്ലോക്കോവും വേറിയായും ദീപരശ്മികളാൽ സമുജ്ജ്വലമായിരുന്ന ഒരു വണ്ടിയിൽ ചെന്നുകയറി. വാതലിനടുത്തു് ഒരുദ്യോഗസ്ഥൻ നില്പുണ്ടായിരുന്നു. അയാളെ കണ്ടാൽ മരംകൊണ്ടു പണിതുവച്ചിരിക്കയാണെന്നു തോന്നും. സ്ലോക്കോവിനേ കണ്ടയുടൻ അയാൾ നീണ്ടുനിവർന്നുനിന്നു് മൌനമായി സലാംചെയ്തു. പിന്നെ അയാളെ കണ്ടുമില്ല.

വേറിയാ സ്ലോക്കോവിൻെറ പിറകെചെന്നപ്പോൾ ഒരു സംജ്ഞയാൽ വീണ്ടും നിയന്ത്രിക്കപ്പെട്ടു് സഖാവു് വേറിയാ നിങ്ങളുടെ കൈവശം എന്തെങ്കിലും ആയുധം ഉണ്ടെങ്കിൽ

എന്നെ ഏൽപ്പിക്കണം, എന്നു സ്റ്റോക്കോവു പറഞ്ഞു. തൽക്ഷണം വേറിയാ കീശയിൽനിന്നു ഒരു കൈത്തോക്കെടുത്തു് സ്റ്റോക്കോവിനെ ഏല്പിച്ചു. വേറിയായുടെ വദനം വിവർണ്ണമായി. ഭടപ്രമാണി ഇത്രയും നേരം തന്റെ അടുത്തുനിന്നിരുന്നതും ഇടത്തും വലത്തും മാറിമാറി നോക്കിയതും വണ്ടിയിൽ കയറുമ്പോൾ അരമൊട്ടിൽ സൂത്രത്തിൽ തടവിയതും മററും എന്തുദ്ദേശത്തോടുകൂടിയാണെന്നു് ഇപ്പോളാണു് അയാൾക്കു മനസ്സിലായതു്. "ഇവരെല്ലാം മിടുമിടുക്കന്മാർതന്നെ," എന്നു വേറിയാ ഭടനെ മനസ്സുകൊണ്ടു് അഭിനന്ദിച്ചു ഇതിനിടയ്ക്കു് അപ്രത്യക്ഷനായ ഉദ്യോഗസ്ഥൻ വീണ്ടുംവന്നു് "സഖാവു് സ്റ്റാലിൻ നിങ്ങളോടു് അകത്തു ചെല്ലാൻ ആവശ്യപ്പെടുന്നു," എന്നു സവിനയം അറിയിക്കുകയും വാതൽ തുറന്നു വേറിയാ മുറിയിൽ പ്രവേശിക്കുകയും ചെയ്തു.

---

## അദ്ധ്യായം ഇരുപതു്

---

വേറിയാ പ്രവേശിച്ച മുറി ആദ്യത്തെ മുറിയേക്കാൾ പ്രകാശം കുറഞ്ഞതായിരുന്നു. അതിന്റെ മദ്ധ്യഭാഗത്തിട്ടിരുന്ന നീണ്ടമേശയുടെ ഒരററത്തു് ഇളം നീലനിറത്തിലുള്ള മൂടിയോടുകൂടിയ ഒരു ദീപം എരിഞ്ഞുനില്ക്കുന്നു. വിളക്കിൽനിന്നുള്ള വെളിച്ചം മേൽപ്പുറത്തു മാത്രമേ വീണിരുന്നുള്ളു. മുറിയുടെ മററു ഭാഗങ്ങൾ ദീപചരായാവൃതമായിരുന്നു.

മേശയുടെ ചുററും നിരത്തിയിട്ടിരുന്ന കസേരകൾ, ജനലുകളിൽ തൂക്കിയിരുന്ന കട്ടിയുള്ള മറകൾ, മേശയുടെ നടുവിൽവച്ചിരുന്ന ലേഖനസാമഗ്രികൾ മുതലായവ കണ്ടപ്പോൾ ഇതു് രഹസ്യാലോചനയ്ക്കുള്ള മുറിയാണെന്നു വേറിയാ മനസ്സിലാക്കി. അയാൾ സ്റ്റാലിനെ ആദ്യം കണ്ടില്ല. പച്ചനിറത്തിലുള്ള യൂണിഫാറം ധരിച്ചിരുന്ന വോറോഷിലോവു് ആണു് അയാൾക്കു ദൃശ്യനായതു്. വോറോഷിലോവു് വെളിച്ചംവീഴുന്ന വലയത്തിനുള്ളിൽതന്നെ ഇരിക്കയായിരുന്നു. അ

യാളുടെ ചുവന്ന വട്ടമുഖവും അല്പം മേല്പോട്ടു വളഞ്ഞമൂക്കും കുറിയ ചെമ്പിച്ച മീശയും ചെറിയ വായും എല്ലാംകൂടി ഒരു മദ്യപൻെറ ലക്ഷണംവഹിച്ചിരുന്നു. നീണ്ടുനിവർന്നു ഇടത്തു കൈ തുടയിൽ ഉറപ്പിച്ചിരുന്നിരുന്ന വോറോഷിലോവ് ആഗതൻെറ മുഖത്തു ദൃഷ്ടിയുറപ്പിച്ചു. വോറോഷിലോവ് വലിയ ബുദ്ധിമാനൊന്നുമല്ലെങ്കിലും ക്രൂരചിത്തനും സ്റ്റാലിൻെറ വിശ്വസ്തസേവകനും ആയിരുന്നതുകൊണ്ടും സ്റ്റാലിനെ ഒരു ശ്വാനൻ യജമാനനെ എന്നവണ്ണം കാത്തുസൂക്ഷിച്ചുവന്നതിനാലും സ്റ്റാലിൻെറ പ്രത്യേകപ്രീതിക്കും വിശ്വാസത്തിനും പാത്രമായിരുന്നു.

സ്റ്റാലിൻെറ ഏകമിത്രവും പോളിററ് ബ്യൂറോവിലെ അംഗവും ആയ കാലിനിൻ എന്നയാളുമായി വോറോഷിലോവ് സദാ കലഹിച്ചുകഴികയാണെന്നൊരു കിംവദന്തി എങ്ങും പ്രചരിച്ചിരുന്ന കാലമാണതു്. ഒരു ദിവസം വോറോഷിലോവ് കൈത്തോക്ക് ചൂണ്ടിക്കൊണ്ടു് കാലിനിനെ ക്രെംലിൻെറ അകത്തേമുറികളിൽ ഇട്ടോടിച്ചു എന്നും കാലിനിൻ സ്റ്റാലിൻെറ പ്രൈവററുമുറിയിൽ ഒരു മേശയുടെ അടിയിൽ ഒളിച്ചിരുന്നു ജീവരക്ഷചെയ്തു എന്നും മററും ജനങ്ങൾ പറയാറുണ്ടായിരുന്നു. ഈ വൃത്താന്തം എത്രത്തോളം സത്യമാണെന്നു തീർത്തുപറയാൻ നിവൃത്തിയില്ലെങ്കിലും വോറോഷിലോവിനെ കണ്ടാൽ ഇതെല്ലാം ചെയ്യാൻ കഴിവുള്ള പുള്ളിയാണെന്നു് ആർക്കും തോന്നിപ്പോകും. അയാളുടെ കായബലത്തിനു ഇങ്ങനെ ചില ബഹിർഗ്ഗമനങ്ങൾ കൂടാതെ കഴികയില്ല.

ഇരുട്ടിൻെറ മറവിൽനിന്നു സ്റ്റാലിൻ അപ്രതീക്ഷിതമായി പ്രത്യക്ഷപ്പെട്ടു് വേറിയായെ സമീപിച്ചു് ഹസ്തദാനംചെയ്തു. അദ്ദേഹത്തിൻെറ കൈയ്യ് ഊഷ്മളമായിരുന്നു. സ്റ്റാലിൻ ഹ്രസ്വഗാത്രനാണെങ്കിലും വേറിയായെക്കാൾ പൊക്കമുള്ള ആണ്. അദ്ദേഹം വേറിയായുടെ സ്കന്ധത്തിൽ സ്നേഹപൂർവ്വം തട്ടിക്കൊണ്ടു നിന്നല്ലാതെ ഇരിക്കാൻ ക്ഷണിച്ചില്ല.

“കണ്ടതു വളരെ സന്തോഷമായി. നാം തമ്മിൽ കണ്ടിട്ടു വർഷം ഒന്നുകഴിഞ്ഞിരിക്കുന്നു. നിങ്ങൾ അന്നു പകർന്നു

കൊടുത്ത ബ്രാൻഡിയുടെ വീഴ്ചം വോറോഷിലോവ് ഇന്നും മറന്നിരിക്കാനിടയില്ല," എന്നു സ്റ്റാലിൻ ഓർമ്മിപ്പിച്ചു.

വോറോഷിലോവ് വാ മുഴുവൻ പൊളിച്ച് വെടിപൊട്ടും പോലെ ചിരിച്ചു ഇത്ര ഉച്ചത്തിലും ദീർഘമായും ചിരിക്കത്തക്കവണ്ണം യാതൊന്നും സ്റ്റാലിന്റെ വിനോദഭാഷണത്തിലില്ലെന്നു വേറിയാക്കു തോന്നി.

സ്റ്റാലിൻ വേറിയായോട് ഇരിക്കാൻ പറഞ്ഞു. അദ്ദേഹവും വേറിയായുടെ സമീപത്തുതന്നെ ആസന്നസ്ഥനായി. ധാരാളം ചുളുക്കുള്ള കൺപോളകളോടുകൂടിയ സ്റ്റാലിൻ മന്ദസ്മിതം ചെയ്യുന്നുണ്ടോ ഇല്ലയൊ എന്നു വേറിയായ്ക്കു നിശ്ചയം വന്നില്ല. അദ്ദേഹത്തിന്റെ ശ്മശ്രുക്കൾക്കുള്ളിൽ എന്തെല്ലാം കാര്യങ്ങൾ ഒളിഞ്ഞു കിടപ്പുണ്ടാകും! എന്തായാലും സ്റ്റാലിന്റെ സൌഹാർദ്ദഭാവം വേറിയായ്ക്ക് ആശ്വാസമരുളി. അദ്ദേഹം സംസാരിക്കുന്നതു കേൾക്കാനുള്ള ഉൽക്കണ്ഠയോടുകൂടി അയാൾ ഇരുന്നു.

സ്റ്റാലിൻ യാതൊരു ക്ഷമയും കാണിച്ചില്ല. മേശപ്പുറത്തുനിന്നു പൈപ്പെടുത്ത് പുകയില നിറച്ചപ്പോഴേക്കും വോറോഷിലോവ് തീപ്പെട്ടി ഉരച്ചുകാണിച്ചു. സ്റ്റാലിൻ ധൂമപാനം ആരംഭിച്ചു. തന്റെ രണ്ടു കീഴുദ്യോഗസ്ഥന്മാരെയും അദ്ദേഹം മാറിമാറി നോക്കിക്കൊണ്ടിരുന്നു. ആ നോട്ടത്തിന്റെ തീക്ഷ്ണതയിൽ രണ്ടാൾക്കും അസഹ്യത തോന്നിയിരിക്കണം. അവരുടെ ഹൃദയം ചുഴന്നെടുക്കുന്നതുപോലെ ആ നോട്ടം നിശിതമായിരുന്നു. വേറിയാ വല്ലാതായി. അയാൾക്കു സ്റ്റാലിന്റെ മുഖത്തു ദൃഷ്ടിയുറപ്പിക്കാൻ കഴിഞ്ഞില്ല. എങ്കിലും ആ പരമാധികാരിയുടെ മുഖഭാവം ഇടയ്ക്കിടെ അയാൾ സൂക്ഷിച്ചുവീക്ഷിക്കുന്നുണ്ടായിരുന്നു.

റാന്തലിന്റെ ചരിഞ്ഞുവീണ വെളിച്ചത്തിൽ സ്റ്റാലിന്റെ മുഖത്തുള്ള മസൂരിത്തഴമ്പുകൾ തെളിഞ്ഞുകാണാമായിരുന്നു. കൃഷ്ണവൽക്കവും പരുപരുത്തതും ആയ മുഖം കല്ലിൽ കൊത്തിയെടുത്തുവച്ചതുപോലെ കട്ടിയുള്ളതും വണ്ണിച്ചതും ആയി വേറിയായ്ക്കു തോന്നി. ഇടയ്ക്കിടെ ഓരോ നരച്ചരോമം കാണാമായിരുന്നു. അദ്ദേഹത്തിന്റെ കറുത്തമുടിയും ഇടതൂർന്ന്

മിശയും ചികിഒതുക്കി എണ്ണയിട്ട മിനുസപ്പെടുത്തിവച്ചിരുന്നു. തൈലത്തിൻെറ സൌരഭ്യവും പുകയിലയുടെ വാസനയും മുറിയിലെങ്ങും വ്യാപിച്ചു.

സ്റ്റാലിൻ ധരിച്ചിരുന്നതു് ഗ്രീഷ്മകാല വസ്ത്രങ്ങളായിരുന്നു; വെളുത്ത യൂണിഫാറം വെളുത്ത ശരായി, കറുത്തുമിനുങ്ങിയ ബൂട്ട്സുകൾ. ഒന്നാന്തരം സാധനങ്ങളായിരുന്നു ഇതെല്ലാം. ഉടുപ്പു് സ്വല്പം അയഞ്ഞു കിടക്കുന്നതുപോലെ വേറിയാക്കു തോന്നാതിരുന്നില്ല. ഗോളാകൃതിയിലുള്ള ഉദരപിണ്ഡത്തിൽ വാമഹസ്തം അർപ്പിച്ചുകൊണ്ടാണു് സ്റ്റാലിൻ ഇരുന്നതു്. ലോകമഹായുദ്ധകാലത്തു് കിടങ്ങുകളിൽ ഒളിച്ചിരിക്കുമ്പോൾ ഒരു ജമ്മൻ വെടിയുണ്ടയേററു് മിക്കവാറും ശക്തി അസ്തമിച്ചുപോയ കൈയ്യാണിതു്. ഉടുപ്പിൻെറ നീളംകൊണ്ടു് വിരലുകൾ മിക്കവാറും മറഞ്ഞിരുന്നു. സ്റ്റാലിൻെറ വസ്ത്രധാരണത്തിൽ ഈ സമ്പ്രദായം പലപ്പോഴും വേറിയാ സൂക്ഷിച്ചുകണ്ടിട്ടുള്ളതാണു്. ഇതു് അദ്ദേഹത്തിൻെറ പദവി കാണിക്കാനുള്ള ആഗ്രഹത്തിൻെറ ലക്ഷ്യമാണെന്നു വേറിയാ കരുതിയിരുന്നു. അദ്ദേഹത്തിൻെറ ഹസ്തങ്ങൾ പരുക്കൻ ജോലി ചെയ്യാനുള്ളവയല്ലല്ലോ. കൂടിപ്പോയാൽ ഒരു പേന എടുത്തുപൊക്കാൻ ഉപയോഗിക്കുമായിരിക്കും. കസേരയിൽ ഒന്നുകൂടി മലർന്നിരുന്നു സ്റ്റാലിൻ ഒരു കാൽ മറേറകാലിൻെറ മുകളിൽ കയററിവച്ചു. വലതു കാലിലെ പാദരക്ഷയിൽ നേരെ വെളിച്ചംവന്നുവീണു. അഗ്രത്തിൻെറ കൂർമ്മയും അടിത്തോലിൻെറ നേർമ്മയും കണ്ടു് വേറിയാ അത്ഭുതപ്പെട്ടുപോയി. "ഈ മാതിരി ബൂട്ടസ് ഇടുന്നവർക്കു് പരവതാനികളിൽ മാത്രമേ നടക്കാൻ സാധിക്കയുള്ളൂ" എന്നയാൾ വിചാരിച്ചു. തൻെറ വസ്ത്രധാരണരീതിയിലും മേലിൽ ചില മാററങ്ങൾ വരുത്തിയാൽ കൊള്ളാമെന്നൊരാഗ്രഹവും വേറിയായുടെ മനസ്സിൽ അങ്കുരിച്ചു. അതു സൂക്ഷിച്ചുവേണം ആരംഭിക്കാൻ. സ്റ്റാലിൻ വേഷവിധാനത്തിലുള്ള പ്രത്യേകതകളെ മററുള്ളവർ അനുകരിക്കുന്നതു് അദ്ദേഹത്തിനിഷ്ടമല്ലെന്നു വേറിയാക്കറിയാം.

സ്റ്റാലിൻ സംഭാഷണം ആരംഭിച്ചു. "നിങ്ങളുടെ അഭിപ്രായംപോലെ ലാറിനെ മോസ്കോവിലേക്കു വിളിക്കാനുള്ള

കമ്പി അയക്കുകയുണ്ടായി. ഇപ്പോൾ കേൾക്കുന്നു ലാറിൻ ആത്മഹത്യചെയ്തു എന്നു്—അതു വളരെ മോശമായിപ്പോയി.''

ശാന്തസ്വരത്തിലാണു് സ്റ്റാലിൻ സംസാരിച്ചതു്. വേറിയാ ഓരോവാക്കും പ്രത്യേകം ശ്രദ്ധിച്ചു കേട്ടുകൊണ്ടിരുന്നു. ആ ശബ്ദത്തിൽ ഒരു കോപരസം ഊറുന്നതുപോലെ, വേറിയാക്കു തോന്നി ''നിങ്ങൾ എന്താണു ലാറിനെ സൂക്ഷിക്കാഞ്ഞതു്? അയാൾ ആത്മഹത്യചെയ്യാൻ അനുവദിച്ചതെന്തുകൊണ്ടു്? ലാറിൻ വിപ്ലവശൃംഖലയിലെ ഒരു ബലംകൂടിയ കണ്ണിയായിരുന്നു. ട്രോട്സ്കിയുടെ നേതൃത്വത്തിലുള്ള ഉപജാപകസംഘത്തിൽ റോസ്റ്റോവിലെ പ്രതിനിധിയായിരുന്നു അയാൾ എന്നു് ഒരാഴ്ചമുമ്പേ സഖാവു് വിഷിൻസ്കി റിപ്പോർട്ടു ചെയ്തിട്ടുണ്ടു്. അയാളെ കോടതിയിൽ ഹാജരാക്കാൻ ഉദ്ദേശിച്ചുകൊണ്ടിരിക്കുമ്പോഴാണു് ഈ സംഭവം— ഇനി എന്തു ചെയ്യും? ലാറിനു പകരം ഞാൻ നിങ്ങളെ അയക്കട്ടെയോ?'' ഈ ചോദ്യങ്ങൾ കേട്ടപ്പോൾ വേറിയായുടെ ശരീരം വിറച്ചുപോയി. അയാൾ ഇരുന്ന ഇരിപ്പിൽ സ്തംഭിച്ചു എന്നുതന്നെ പറയണം. പ്രഭുവിന്റെ ഓരോ വാക്കും അയാളുടെ ജീവരക്തം ഊററിയെടുത്തുകളഞ്ഞു.

''ഇതു് ഒരു വ്യാജവാർത്തയാണു്. റോസ്റ്റോവിൽ ഉപജാപകസംഘമോ? ലാറിൻ അതിലേ അംഗമോ? അയാൾ അങ്ങയുടെ വിശ്വസ്തഭൃത്യനായിരുന്നല്ലോ,'' എന്നു് വേറിയാ ആത്മഗതംചെയ്തു. എന്നിട്ടു അയാൾ ഇപ്രകാരം ''ഇങ്ങിനെ സംഭവിച്ചതിൽ ഞാൻ അത്യധികം ദുഃഖിക്കുന്നു. എനിക്കു മാപ്പു തരണം ലാറിനെ പ്രത്യേകം സൂക്ഷിച്ചുകൊള്ളണമെന്നു് ഞാൻ സഖാവു് ഡ്യൂറോവിനെയും നിഷ്കർഷയായി ചട്ടംകെട്ടിയിരുന്നതാണു്. ലാറിൻ എല്ലാവരെയും പററിച്ചുകളഞ്ഞു.''

''അയാളുടെ ആയുധങ്ങൾ നീക്കംചെയ്തു് ബന്ധനസ്ഥനാക്കാനുള്ളതല്ലേ?'' എന്നു വോറോഷിലോവു് ഇടയ്ക്കു ചോദിച്ചു. വേറിയായുടെ മറുപടി അയാൾക്കു പിടിച്ചില്ല. ''അയാൾ പറയുന്നതു ശരിയാണു്,'' എന്നു സ്റ്റാലിൻ ഏററുമൂളി. ''തുറന്നുപറകയാണെങ്കിൽ നിങ്ങളിൽനിന്നും ഈ ഔദാസീന്യം ഞാൻ പ്രതീക്ഷിച്ചില്ല. നിങ്ങളെപ്പററി എനിക്കു വലിയ മതിപ്പായിരുന്നു. എന്നാൽ ലാറിനെപ്പോലെയുള്ള ഒരു മൂഢൻ

നിങ്ങളെ മലത്തിക്കളഞ്ഞു.'' സ്റ്റാലിന്റെ മുഖത്തു ഒരു വല്ലാത്ത പുഞ്ചിരിയുണ്ടായി—വോറോഷിലോവ് മുമ്പിലത്തേപ്പോലെ വീണ്ടും ഉറക്കെ ചിരിച്ചു.

വേറിയാ കസേരയിൽനിന്നെഴുന്നേററു. അയാൾ വിളറിപ്പോയി. അയാൾ അസ്വാസ്ഥ്യത്തോടെ പറഞ്ഞു, "സഖാവ് സ്റ്റാലിൻ! ഇതു് എന്റെ ഒടുവിലത്തെ തെററാണു്. ഇനി ആർക്കും എന്നെ കളിപ്പിക്കാൻ സാധിക്കയില്ല."

"പരിഭ്രമിച്ചിട്ടാവശ്യമില്ല, ഇരിക്കുക." എന്നു പറഞ്ഞു് സ്റ്റാലിൻ വേറിയായെ വീണ്ടും കസേരയിലിരുത്തി. "ഞാൻ നിങ്ങളെ വരുത്തിയതു ലാറിന്റെ കാര്യം പറയാനല്ല. നിങ്ങളെ ഒന്നു കാണ്മാൻവേണ്ടിമാത്രമാണു്. എന്റെ സുഹൃത്താണല്ലോ നിങ്ങൾ— ലാറിന്റെ കഥ കളയുക. അയാൾ നമ്മുടെ പിടിയിൽനിന്നു പോയതു പന്തിയായില്ലെന്നുമാത്രം. ഇനിയും വേറെയും ചിലർ കാണും." ഇത്രയും സ്റ്റാലിൻ പറഞ്ഞപ്പോൾ വോറോഷിലോവ് ധാന്യം തിന്നുകൊണ്ടിരിക്കുന്ന കുതിരയെപ്പോലെ ചീററുകയും തുമ്മുകയും ചെയ്തു.

വേറിയാക്കു് സ്റ്റാലിനെപ്പററി ഭയംതോന്നി. "ഇദ്ദേഹത്തിനു് ജനങ്ങളെ എന്തു പുഛമാണു്! അവരെ എത്ര ലഘുവായി അധിക്ഷേപിക്കുന്നു!" എന്നയാൾ മനസ്സിലോർത്തു. ഇതിനിടക്കു സ്റ്റാലിൻ ധൂമപാനം തൽക്കാലം നിറുത്തി വേറിയായെ പിതൃതുല്യമായ വാത്സല്യത്തോടെ നോക്കി.

"റൊമേൻ റൂവൻ നിങ്ങളുടെ നഗരത്തിൽ വരുന്ന കാര്യം അറിയാമല്ലോ—ഞാൻ അദ്ദേഹത്തെ കണ്ടു് സംഭാഷണം ചെയ്തുകഴിഞ്ഞു. ഒരു നല്ല മനുഷ്യൻ! അദ്ദേഹം ഇവിടം സന്ദർശിക്കുന്നതു് ഇരുരാജ്യങ്ങളിലേയും വിദ്യാർത്ഥികളെ പരസ്പരം കൈമാററം ചെയ്തുനോക്കാൻവേണ്ടിയാണത്രേ. അങ്ങനെ ചെയ്താൽ നമ്മുടെ രാഷ്ട്രത്തിനും മുതലാളിത്തം നടമാടുന്ന പാശ്ചാത്യരാഷ്ട്രങ്ങൾക്കും തമ്മിലുള്ള ആദർശവൈരുദ്ധ്യങ്ങൾ ഐന്ദ്രജാലികന്റെ പിച്ചളികാചാലനംകൊണ്ടെന്നപോലെ അസ്തമിച്ചുപോകും എന്നാണദ്ദേഹത്തിന്റെ മതം—അതു നടപ്പുണ്ടോ എന്നെനിക്കു നിശ്ചയമില്ലെങ്കിലും ഞാൻ സമ്മതിച്ചു. അദ്ദേഹത്തിന്റെ ആശയത്തെ ഞാൻ അഭി

നന്ദിക്കുകയും നമ്മുടെ ഭാഗത്തുനിന്നും യാതൊരു പ്രതിബന്ധ വും സംഭവിക്കുകയില്ലെന്നു് ഉറപ്പു കൊടുക്കുകയും ചെയ്തു. അവരിൽനിന്നു പഠിക്കാനും ചിലതൊക്കെ അവരെ പഠിപ്പിക്കാനും നമുക്കു സന്തോഷമേയുള്ളു എന്നും ഞാൻ പറകയുണ്ടായി."

"അങ്ങു് എന്തിനാണതുപറഞ്ഞതു്? അതപകടമാണല്ലോ," എന്നു വോറോഷിലോവ് ആശ്ചര്യത്തോടെ പ്രസ്താവിച്ചു.

സ്റ്റാലിന്റെ നയനങ്ങളിൽ ഒരു പുഛരസം വീശി. "വാഗ്ദാനങ്ങൾ സന്ദർഭവും ആവശ്യവുംനോക്കി ചെയ്യേണ്ടിവരും. അവയുടെ സഫലീകരണം പരിതഃസ്ഥിതികളനുസരിച്ചേ ഇരിക്കയുള്ളു," ഇത്രയും പറഞ്ഞിട്ടു് അദ്ദേഹം വേറിയായോടുള്ള സംഭാഷണം തുടൎന്നു. "റോമേൻ റൂവൻ വിദ്യാൎത്ഥികളെ കൈമാററം ചെയ്യാനുള്ള പദ്ധതിയുംകൊണ്ടാണു് പുറപ്പെട്ടിരിക്കുന്നതു്. എല്ലാ പാശ്ചാത്യരെയുംപോലെ അദ്ദേഹവും ഒരു പഠിച്ച മണ്ടൻ! മനുഷ്യത്വം ഒരിക്കലും നാം മറന്നുകളയരുതെന്നാണദ്ദേഹത്തിന്റെ അപേക്ഷ." സ്റ്റാലിൻ റൂവനെപ്പോലെ സംസാരിക്കാൻ തുടങ്ങി. "മാൺഷ്യർ സ്റ്റാലിൻ! നിങ്ങളുടെ രാജ്യത്തു് നിങ്ങൾ നടപ്പിൽ വരുത്തുന്ന പരിഷ്കാരങ്ങൾക്കിടയിൽ നിങ്ങൾ ഒന്നു മറന്നുപോകുന്നു— മനുഷ്യന്റെ വ്യക്തിത്വം. ഞാൻ അദ്ദേഹത്തെ സമാധാനപ്പെടുത്തിയിട്ടു് ഗോറിന്റെ അടുത്തു പറഞ്ഞയക്കാൻ നിശ്ചയിച്ചു. ഗോറിൻ അദ്ദേഹത്തിനു് മനസ്സാന്തി വരുത്തിക്കൊള്ളും. വ്യക്തിത്വം സംബന്ധിച്ച കാൎയ്യങ്ങളിൽ ഗോറിനാണു് നമ്മുടെ മഹാചാൎയ്യൻ. ഇതുവരെ അങ്ങനെയാണു്." ഇത്രയുംപറഞ്ഞപ്പോൾ വോറോഷിലോവിന്റെ മുഖത്തു ഒരു പുഛരം സ്ഫുരിക്കുന്നതു സ്റ്റാലിൻ കാണാതിരുന്നില്ല.

"റോമേൻ റൂവൻ ഗോറിന്റെകൂടെ താമസിച്ചുകൊള്ളുമല്ലോ" എന്നു് സ്റ്റാലിൻ വേറിയായോടു് അഭിപ്രായം ചോദിച്ചു.

"ഇല്ല, അദ്ദേഹം ഗവമ്മെന്റു മന്ദിരത്തിലാണു് താമസിക്കാൻപോകുന്നതു്:

"അതെന്താണങ്ങനെ?"

"ഗോറിനും പുത്രനുംതമ്മിൽ എന്തോ കലഹം ഉണ്ടായി. അതെല്ലാം ഒരു വിദേശിയൻ അറിയാതിരിക്കണമെന്നാണ് ഗോറിൻെറ ആഗ്രഹം. മകൻെറ ഭ്രാന്തെല്ലാം റൂവൻ അറിയാതിരിക്കണമെന്നാണ്, ഗോറിൻെറ മോഹം."

സ്റ്റാലിൻ വേറിയായെ ഉററുനോക്കിക്കൊണ്ടു പറഞ്ഞു; "മകൻെറ ഭ്രാന്തല്ല ആപല്ക്കരം, യുക്തിയാണ്."

ഇങ്ങനെ ഒരു സ്വഭാവം സ്റ്റാലിനുള്ളതു വേറിയാ അറിഞ്ഞിരുന്നു. സംഭാഷണത്തിനിടയ്ക്ക് അത്ഥഗർഭമായ ചെറുവാക്യങ്ങൾ കലത്തുക— ചിലപ്പോൾ അതു പററിയിരിക്കും. ചിലപ്പോൾ ഒക്കുകയുമില്ല. ഒരു തത്വജ്ഞാനിയെപ്പോലെയും ചിന്തകനെപ്പോലെയും ഭാവിക്കുന്നതു് ആ പരമാധികാരിയുടെ ഒരു വിനോദമാണ്.

"ശരിയാണ്, വളരെ ശരിയാണു പറഞ്ഞതു്" എന്നു വേറിയാ സ്റ്റാലിനെ സ്തുതിച്ച് തൻെറ വാനരവദനം പ്രകാശമാനമാക്കി. സ്റ്റാലിൻ ഒന്നു ദീർഘമായി നിശ്വസിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: "പേവൽ അയ്യനെ കുഴപ്പത്തിലാക്കും എന്നു ഞാൻ ഭയപ്പെടുന്നു." അദ്ദേഹത്തിൻെറ മുഖത്തു് അപ്രീതിയുടെ ലക്ഷണം സ്ഫുരിച്ചു. വേറിയായ്ക്കു് അതിൻെറ ആന്തരാത്ഥം മനസ്സിലായി. അയാൾ സ്റ്റാലിൻെറനേരെ ഒന്നു ചാഞ്ഞു് അദ്ദേഹത്തിൻെറ ഉദ്ദേശം ധരിച്ചതായി സൂചിപ്പിച്ചുതുകൂടാതെ തല ഒന്നു കുലുക്കുകയുംചെയ്തു. ആ പെരുമാററത്തിൻെറ അത്ഥം "പ്രിയപ്പെട്ട നേതാവേ, എനിക്കെല്ലാം മനസ്സിലായി. താങ്കളുടെ ഈ കൊച്ചുപിശാചു് ഇനിമേൽ യാതൊരു തൊറവും വരുത്തുകയില്ല," എന്നായിരുന്നു.

സ്റ്റാലിൻ ഒരിക്കൽക്കൂടി പുകവിട്ടു. "പല പിതാക്കന്മാർക്കും നല്ല പുത്രന്മാർ ഉണ്ടാകാറില്ല. എനിക്കും ഉണ്ടു് ഒരു തിരുമണ്ടൻ. അവനെ വിവാഹം കഴിപ്പിച്ചാൽ മട്ടുമാറുമോ എന്തോ?"

"അതു കൊള്ളാം, അല്ലെങ്കിൽ അയാൾ പലേടത്തും കേറി ഇറങ്ങിക്കൊണ്ടിരിക്കും. ഇത്തരക്കാർ വിവാഹംകഴിഞ്ഞു് നന്നായി കണ്ടിട്ടുണ്ടു്" എന്നു വോറോഷിലോവ് ഒരഭിപ്രായം തട്ടിമൂളിച്ചു.

"ഗോറിൻ ഇത്ര ശുദ്ധഗതിക്കാരനോ? ഇതുപോലുള്ള ഒരു പ്രധാന സന്ദർഭത്തിൽ അദ്ദേഹം നിസ്സാര കാര്യങ്ങളെ വകവയ്ക്കുന്നതെന്തിന്?" ആ സ്ത്രീയുടെ സംഗതിതന്നെ...."

വേറിയാ സ്റ്റാലിൻെറ മുഖത്ത് അർത്ഥഗർഭമായി ഒന്നു നോക്കി. "ഇദ്ദേഹം അതും അറിഞ്ഞിരിക്കുന്നുവല്ലോ," എന്നയാൾ വിചാരിച്ചു.

"ആ കാര്യം ഞാൻ ഏററു. ഫ്റഞ്ചുകാരൻെറ ആഗമനത്തിനുമുമ്പ് ഗോറിനോട് എല്ലാം പറഞ്ഞു ശരിപ്പെടുത്തിക്കൊള്ളാം" എന്ന് വേറിയാ ഉറപ്പിച്ചു പറഞ്ഞു. സ്റ്റാലിൻ അതു സമ്മതിക്കയും ചെയ്തു. "അദ്ദേഹത്തെ നിങ്ങൾ ഇത്ര വലിയ ആളായി ഗണിക്കുന്നതെന്തിന്? അദ്ദേഹം ഒരെഴുത്തുകാരനാണെന്നേയുള്ളല്ലോ. എതിനും ഒരതിരുവേണം. ക്രമത്തിലധികം നാം അദ്ദേഹത്തെ ഉയർത്തുകയാണെന്നാണ് എൻെറ പക്ഷം; കുറെ കഴിഞ്ഞാൽ നമ്മുടെ പിടലിയിൽ കയറിഇരിപ്പാകും" എന്ന് വോറോഷിലോവ് അതൃപ്തിയോടെ സംസാരിച്ചു.

സ്റ്റാലിൻെറ നയനങ്ങളിൽ ഒരു നിന്ദാഭാവം ദൃശ്യമായി. "നിങ്ങൾക്ക് ഗോറിനെപ്പററി യാതൊന്നും അറിഞ്ഞുകൂടാ. യുദ്ധത്തിൽ മാത്രമേ നിങ്ങളുടെ പരുഷഭാഷണം പ്രയോജനപ്പെടുകയുള്ളു. ക്ഷമയാണിവിടെ ആവശ്യം."

"എത്ര കാലം ക്ഷമിക്കണം? ഇതിനൊരു കണക്കുമില്ലേ" എന്നു വീണ്ടും വോറോഷിലോവ് ചോദിച്ചു.

"ബദ്ധപ്പാടു കാണിക്കരുത്. എത്ര കാലം എന്നാണോ ചോദിച്ചത്?" എന്നു പറഞ്ഞിട്ട് സ്റ്റാലിൻ ഒരു പെൻസിലെടുത്തു വളച്ചുതുടങ്ങി. "വളയാത്തത് ഒടിയും," എന്നു പറഞ്ഞു തീർന്നപ്പോഴേയ്ക്കും പെൻസിൽ ഒടിഞ്ഞു കഴിഞ്ഞു. അദ്ദേഹം രണ്ടു കഷണങ്ങളും മേശപ്പുറത്തിട്ടു: "എല്ലാ കാര്യവും ഇങ്ങിനെതന്നെ" എന്നൊരു വ്യാഖ്യാനവും നൽകി.

വേറിയായും വോറോഷിലോവും സ്റ്റാലിൻെറ മുഖത്തു തുറിച്ചുനോക്കി ആശ്ചര്യപ്പെട്ടു. അദ്ദേഹം എന്തോ ഒരു വലിയ

ശാസ്ത്രീയമായ കണ്ടുപിടിത്തം സാധിച്ചതുപോലെയോ ഒരിന്ദ്ര ജാലം പ്രദർശിപ്പിച്ചതുപോലെയോ അവർ ഭാവിച്ചു.

അവരുടെ വിനയപ്രകടനം താൻ അർഹിക്കുന്നതുപോലെ സ്റ്റാലിൻ അതപ്പടി സ്വീകരിച്ചു. വേറിയായും കൂട്ടുകാരനും മററു വല്ലവിധത്തിലും പെരുമാറിയിരുന്നെങ്കിൽ സ്റ്റാലിൻ ഇഷ്ടപ്പെട്ടുമായിരുന്നില്ല. അദ്ദേഹത്തിൻെറ ആംഗ്യവും മുഖഭാവവും സംഭാഷണസമ്പ്രദായവും എല്ലാം ഗൗരവയുക്തമായിരുന്നു. ആ സന്ദർഭത്തിൽ അദ്ദേഹത്തിൻെറ ഉൾക്കട്ടിയും സ്വഭാവക്രൗര്യവും നല്ലവണ്ണം വെളിപ്പെടുകയും ചെയ്തു.

"ഒന്നാന്തരം പാഠം! ഞാൻ ഈ പാഠം ആജീവനാന്തം സ്മരിച്ചുകൊള്ളാം," എന്നു വേറിയാ പറഞ്ഞു.

"നിങ്ങൾ സ്മരിക്കുന്നതു് നിങ്ങൾക്കു നന്നു്," എന്നു് സ്റ്റാലിൻ പ്രസ്തുതാഭിപ്രായത്തെ അനുകൂലിച്ചു. "ഈ സത്യം ഓർമ്മിച്ചുകൊണ്ടാൽ ജീവിതം പ്രശാന്തവും ഉന്മേഷവത്തും ആപന്മുക്തവും ആയിരിക്കും. ഗോറിനെ ഒന്നും പറഞ്ഞു പഠിപ്പിക്കേണ്ടതായിട്ടില്ല. അദ്ദേഹം നല്ല തലച്ചോറുള്ള കൂട്ടത്തിലാണു്. അതിരിക്കട്ടെ, പ്രൊഫസർ നോവിക്കോവിൻെറ കഥ എന്തെല്ലാം? നോവിക്കോവ് നല്ലവനാണു്; പഴയ ബുദ്ധിജീവികളുടെ ആദർശവാദവും മററുമില്ല."

"നോവിക്കോവ് അടിസ്ക്കടി ഉയർന്നുവരുന്നു. അദ്ദേഹത്തെ സർവ്വകലാശാലയിലെ ഡയറക്ടരാക്കാൻ ഭാവിക്കുകയാണു്. അതിനുള്ള ബുദ്ധിയും സാമർത്ഥ്യവും അദ്ദേഹത്തിനുണ്ടു്" എന്നു വേറിയാ പ്രസ്താവിച്ചു.

"ബുദ്ധികൊണ്ടു കാര്യമായില്ല, തൻേറടമാണാവശ്യം" എന്നു സ്റ്റാലിൻ വേറിയായെ ഒന്നു തിരുത്തി. "സ്ഥിരാഭിപ്രായമില്ലാത്തവൻെറ ബുദ്ധികൊണ്ടെന്തു ഫലം? നോവിക്കോവിൻെറ ശക്തിയായ രാഷ്ട്റീയബോധമാണു് നൈപുണ്യത്തിനു നിദാനം. ചരിത്രകാരന്മാർ പലരും നോവിക്കോവിനെ ആക്ഷേപിക്കുന്നതെനിക്കറിയാം. അദ്ദേഹത്തിനു് സുപ്രതിഷ്ഠിതസത്യങ്ങളിൽ വിശ്വാസമില്ലെന്നതാണു് അതിൻെറ കാരണം. എന്താണീ സത്യം? സ്വാഭിപ്രായത്തെ അവലംബിക്കുന്നവർക്കു സത്യംകൊണ്ടെന്തു ഫലം? നോവിക്കോവിനെ നമ്മുടെ

ചെറുപ്പക്കാർ കണ്ടുപഠിക്കേണ്ടതാണ്. നിങ്ങൾ നോവിക്കോവിനെ വേണ്ടവിധത്തിലെല്ലാം സഹായിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.''

''നിശ്ചയമായും ഞാൻ അപ്രകാരം ചെയ്തുകൊള്ളാം.''

സ്റ്റാലിനുമായി സംഭാഷണം നടത്തിക്കൊണ്ടിരുന്നപ്പോഴെല്ലാം വേറിയായുടെ മനസ്സിൽ ഒരു വിചാരം പ്രബലമായി ഉയർന്നുകൊണ്ടിരുന്നു—തന്റെ ഭാവിയെപ്പററി സ്റ്റാലിൻ വല്ല അഭിപ്രായവും പുറപ്പെടുവിക്കുന്നുണ്ടോ എന്ന്. എന്നാൽ സ്റ്റാലിൻ മനഃപൂർവ്വം എന്നവണ്ണം അതൊഴികെ മററു പലതും സംസാരിക്കുകയുണ്ടായി. നോവിക്കോവിനെക്കുറിച്ചുള്ള പ്രസ്താവം കഴിഞ്ഞയുടൻ നാടകവേദിയെപ്പററിയാണ് അദ്ദേഹം അഭിപ്രായപ്രകടനം ചെയ്തത്. അക്കൂട്ടത്തിൽ ഫലിതമായി ചിലതൊക്കെ പറയുകയും വേറിയാ വോറോഷിലോവിനെപ്പോലെ ഉറക്കെ ചിരിക്കുകയും ചെയ്തു. പക്ഷേ അയാളുടെ ഹൃദയത്തെ സ്വാർത്ഥമൂഷികൻ കരണ്ടുകൊണ്ടാണിരുന്നത്. ലാറിന്റെ കാര്യത്തിൽ പ്രദർശിപ്പിച്ച ഔദാസീന്യത്തിനു ശിക്ഷയെന്നോണം സ്റ്റാലിൻ തന്റെ ഉദ്യോഗക്കയററത്തെപ്പററി മൗനംകൊള്ളുകയാണെന്നു വേറിയാ അനുമാനിച്ചു.

നാടകവേദിയുടെ വിമർശനത്തിനുശേഷം നൃത്തമായി സംഭാഷണവിഷയം. സ്റ്റാലിൻ ഉന്മേഷവാനായി കാണപ്പെട്ടു. യാത്രയുടെ ബദ്ധപ്പാടൊന്നും അദ്ദേഹത്തിൽ കണ്ടില്ല. വേറിയാ നിരാശാ വശംവദനായിത്തീർന്നു. സമയം കുറെ കഴിഞ്ഞിട്ടും സ്റ്റാലിൻ വേറിയായുടെ കാര്യം യാതൊന്നും പറഞ്ഞില്ല. വേറിയായുടെ ഹൃദയത്തിൽ ഒരു സ്പന്ദനവും കാലുകളിൽ ഒരു കമ്പനവും തോന്നി. അങ്ങനെയൊന്നും അയാൾക്കു സാധാരണയായി സംഭവിക്കാറില്ല.

ഈ പരിഭ്രമം സ്റ്റാലിൻ മനസ്സിലാക്കിയോ ആവോ? അദ്ദേഹം യാതൊരു ലക്ഷ്യവും കാണിച്ചില്ല. ഒടുവിൽ ആ പരമാധികാരിയോട് അതേപ്പററി നേരിട്ടു അന്വേഷിക്കാൻ തന്നെ വേറിയാ ഉറച്ചു. തുറന്നു ചോദിക്കാനുള്ള ഭയംനിമിത്തം അയാൾ തന്ത്രത്തിൽ ചില ആരംഭങ്ങളെടുത്തിട്ടു: ''സഖാവ് സ്റ്റാലിൻ, ലാറിന്റെ സ്ഥാനത്ത് വല്ലവരേയും നിയമിക്കേണ്ട

യോ?'' ഇതിൻെറ അൎത്ഥം "ലാറിൻെറ സ്ഥാനത്തു് എന്നെ നിയമിക്കാമെന്നു് നിങ്ങൾ ഒരു വർഷംമുമ്പേ പറഞ്ഞതു മറന്നു പോയോ'' എന്നായിരുന്നു.

വേറിയായുടെ ഉദ്ദേശം സ്റ്റാലിൻ മനസ്സിലാക്കി. അദ്ദേഹം ചിരിച്ചുകൊണ്ടു പറഞ്ഞു: "വേറിയാ, നിങ്ങളുടെ ഇന്നത്തെ പ്രസംഗം പൊടി പൊടിച്ചു. എനിക്കു് വളരെ ഇഷ്ടമായി. നിങ്ങളുടെ ആശയം വികസിപ്പിക്കാൻ പോളിററ് ബ്യൂറോ ആഗ്രഹിക്കുന്നു. നിങ്ങൾക്കു് ഒരു ഗ്രന്ഥം രചിക്കാമോ? നിങ്ങളുടെ പ്രസംഗംതന്നെയായിരിക്കണം അതിലെ പ്രതിപാദ്യം.''

ഇങ്ങനെ ഒരു പരിവർത്തനംവരുമെന്നു വേറിയാ ഉദ്ദേശിച്ചിരുന്നില്ല. അയാൾ വല്ലാതായി. താൻ വഞ്ചിക്കപ്പെട്ടതായി അയാൾക്കു തോന്നി. വിനാവിളംബം താൻ ലാറിൻെറ സ്ഥാനത്തു് പ്രതിഷ്ഠിക്കപ്പെടുമെന്നാണു് അയാൾ ഉദ്ദേശിച്ചിരുന്നതു്. ഇപ്പോൾ സ്റ്റാലിൻ അയാളെ ഒരു ദുർഘടത്തിൽ ചാടിക്കാൻ തുടങ്ങുന്നു. ഉദ്യോഗക്കയററം എളുപ്പത്തിൽ വില്ക്കാൻ സ്റ്റാലിൻ വിചാരിക്കുന്നില്ലായിരിക്കാം. പുതിയ ചില പരീക്ഷണങ്ങൾക്കു അയാൾ വിധേയനാകേണ്ടിയിരിക്കുന്നു. നിലാവത്തു പട്ടിമോങ്ങുന്നതുപോലെ ശബ്ദം പുറപ്പെടുവിക്കാൻ വേറിയായ്ക്കു തോന്നി. എങ്കിലും അയാൾ ഒരുവിധത്തിൽ അസ്വാസ്ഥ്യത്തെ തരണംചെയ്തു.

"അങ്ങു പറയുന്നതെന്തും ചെയ്യാൻ ഞാൻ സന്നദ്ധനാണു്,'' എന്നു വേറിയാ ഉറപ്പിച്ചു പറഞ്ഞു.

"നന്നായി—നിങ്ങൾ ഗ്രന്ഥം നിർമ്മിച്ചാലുടൻ—ആറു മാസമോ ഒരു വർഷമോ കഴിയുന്നതിനകം—നിങ്ങളെ മോസ്കോയിലേക്കു വരുത്താം. ഗ്രന്ഥത്തിൻെറ പശ്ചാത്തലം കാക്കസസ് പർവതങ്ങളായിരിക്കട്ടെ—അവിടത്തെ പാർട്ടിപ്രവർത്തനം നിങ്ങൾക്കറിയാവുന്ന വിഷയമാണല്ലോ.''

"അങ്ങേയുടെ വിശ്വാസത്തിനു ഞാൻ നന്ദിപറയുന്നു.''

"ലാറിൻെറ കാൎയ്യത്തിൽ പററിയതുപോലുള്ള തെററുകൾ ഇനിയും വരാതിരിക്കാൻ ശ്രദ്ധിക്കണം, കേട്ടോ.''

"ഇനി ഒന്നും പറയുകയില്ല, തീർച്ചയായും പറയുകയില്ല" എന്നു് വേറിയാ സധൈര്യം മറുപടി പറഞ്ഞു.

സ്റ്റാലിൻ എഴുന്നേററു. വേറിയായും വോറോഷിലോവും ഒപ്പം എഴുന്നേററു. "നമസ്കാരം വേറിയാ," എന്നു പറഞ്ഞു സ്റ്റാലിൻ വീണ്ടും ഹസ്തദാനം ചെയ്തു. "നിങ്ങൾക്കു വിജയം ആശംസിക്കുന്നു."

"അങ്ങേയ്ക്കു നമസ്കാരം—യാത്ര സുഖമായിരിക്കട്ടെ. നമ്മുടെ ഇന്നത്തെ സമാഗമത്തിൽനിന്നും ഞാൻ പല നല്ല പാഠങ്ങളും പഠിച്ചു."

"പഠിച്ചതു് പ്രയോഗത്തിൽവരുത്താൻ ശ്രമിക്കുക" എന്നു പറഞ്ഞു് സ്റ്റാലിൻ വേറിയായുടെ ചുമലിൽ തട്ടി. "വേറിയാ, നിങ്ങളിലാണു് ഞാൻ വലിയ പ്രതീക്ഷകൾ അർപ്പിച്ചിരിക്കുന്നതു്. തൽക്കാലം നിങ്ങൾ ലാറിൻെറ സ്ഥാനം വഹിക്കുക. യുവാവായ ഷെർബാക്കോവ് നിങ്ങളുടെ "അസിസ്റ്റൻറാ" യിരിക്കും.

സ്റ്റാലിൻ വോറോഷിലോവിൻെറ നേർക്കു തിരിഞ്ഞു് പതുക്കെ ചോദിച്ചു്, "നിങ്ങളുടെ അഭിപ്രായമെന്തു്? നമ്മുടെ രഹസ്യം ഇൗയാളോടു പറയണമോ വേണ്ടയോ?"

വോറോഷിലോവ് തോളുകൾ ഇളക്കി ചിരിച്ചു—"പറഞ്ഞാലെന്താ! പറഞ്ഞുകൊള്ളുക."

"വേറിയാ! പോളിററ് ബ്യൂറോവിലെ അംഗമായി നിങ്ങളുടെ പേർ ലിസ്റ്റിൽ കൊള്ളിക്കാൻ നിശ്ചയിച്ചിരിക്കയാണു്."

ഇതുകേട്ടപ്പോൾ വേറിയാ നിന്നനില്പിൽ ഒന്നു ചാടിപ്പോയി. അയാൾ നീണ്ടുനിവർന്നു് കാലുകൾ അടുപ്പിച്ചു നിലയായി. വികാരാധിക്യത്താൽ അയാൾക്കു ഒന്നും പറയാൻ ശക്തിയുണ്ടായില്ല. അയാളുടെ കിനാവുകൾ ഫലിക്കാൻ തുടങ്ങുകയാണു്. അയാളുടെ ഉൽക്കർഷേച്ഛ യാഥാർത്ഥ്യത്തിലേക്കു നീങ്ങുകയാണു്.

പോളിററ് ബ്യൂറോവിൻെറ ലിസ്ററു് എത്രയും ഗൂഢമായ ഒരു രേഖയാണു്. സ്റ്റാലിനും അദ്ദേഹത്തിൻെറ ആപ്തമി

ത്രങ്ങൾക്കും മാത്രമേ അതേപ്പററി അറിവുള്ളൂ. ഈ ലിസ്റ്റിൽ നിന്നാണ് രണ്ടും മൂന്നും കൊല്ലങ്ങളിലൊരിക്കൽ അംഗങ്ങളെ തിരിഞ്ഞെടുക്കുന്നതു്.

"എന്താ തൃപ്തിയായോ?" സ്റ്റാലിൻ ചോദിച്ചു.

വേറിയാ മൂകനായി നിന്നതേയുള്ളു. അയാളുടെ കവിൾത്തടങ്ങൾ രക്തവർണ്ണങ്ങളായി. അയാൾ സ്ററാലിൻെറ കുപ്പായത്തിൻെറ അററംവരെ വളഞ്ഞു്, വോറോഷിലോവ് നിൽക്കുന്നതു വകവയ്ക്കാതെ, അതിന്മേൽ ചുംബിച്ചു—അയാളുടെ കണ്ണുകൾ സന്തോഷബാഷ്പങ്ങളാൽ നനഞ്ഞുമിരുന്നു. എന്തിനാണു പലതും പറയുന്നതു്? പ്രവൃത്തി മതിയല്ലോ. എങ്കിലും അയാൾ ഇപ്രകാരം പറഞ്ഞു: "ഞാൻ അങ്ങയുടെ അടിമയാണ്, മരണംവരെ അടിമയാണ്." ഈ കൃതജ്ഞതാപ്രകടനത്തിൽ സ്ററാലിൻ തെല്ലും ആശ്ചര്യപ്പെട്ടില്ല. വേറിയായുടെ കഴുത്തിൽ കയ്യിട്ടുകൊണ്ടു് സ്ററാലിൻ വാതുക്കലേക്കു നീങ്ങി.

വോറോഷിലോവ് വേറിയായോടു യാത്രപറഞ്ഞു എന്നു തന്നെയായി വേറിയായുടെ ആഗാമിയായ ഉൽക്കർഷത്തിൽ അനുമോദിക്കുകയുംചെയ്തു. അയാളുടെ ധിക്കാരത്തെയും ധാർഷ്ട്യത്തെയുംപററി വേറിയായ്ക്കു് ആദ്യം തോന്നിയ അഭിപ്രായത്തിൻെറ ഒരു കണികപോലും ഇപ്പോൾ മനസ്സിൽ അവശേഷിച്ചിരുന്നില്ല.

വേറിയാ പുറത്തു വന്നപ്പോൾ സ്ലോകോവ് അയാളുടെ തോക്കു് തിരികെ ഏല്പിച്ചു. സ്ററാലിൻെറ വണ്ടി നീങ്ങിത്തുടങ്ങി. വണ്ടിയുടെ വെളിച്ചം കണ്ണിൽനിന്നു മറയുന്നതുവരെ വേറിയാ നോക്കിക്കൊണ്ടു നിന്നു. അനന്തരം അയാൾ ആത്മഗതംചെയ്തു: "വേറിയാ, നീ ഒരു നല്ല പാഠം പഠിച്ചു. നിന്നെപ്പററി നിനക്കു് വലിയ മതിപ്പായിരുന്നു. നീ വലിയ കപടതന്ത്രജ്ഞനാണെന്നു നീ ഭ്രമിച്ചിരുന്നു. . . .എന്നാൽ ഏററവും കപടതന്ത്രജ്ഞൻ അതാ പോകുന്നു. അയാൾക്കു കള്ളം പറയാനും അന്യഥാ ഭാവിക്കാനും ആളുകളെ കളിയാക്കാനും യാതൊരു പ്രയാസവുമില്ല. വേറൊ ഷിലോവ്! അയാൾ ഒരു ലോഹമനുഷ്യൻ തന്നെ. ആകട്ടെ, നോക്കിക്കൊള്ളാം."

"ഇനി എങ്ങോട്ടാണ് പോകേണ്ടതു്" എന്നു് ഡ്റൈവർ ചോദിച്ചു. ഒന്നു രണ്ടു പ്രാവശ്യം ചോദിച്ചിട്ടും വേറിയാ കേട്ടില്ല; അയാൾ അത്രത്തോളം ചിന്താഗ്രസ്തനായിരുന്നു. ഒടുവിൽ അയാൾ പറഞ്ഞു: "വീട്ടിലേക്കു്; വീട്ടിലേക്കുതന്നെ. അല്ലെങ്കിൽ വരട്ടെ!, സെന്നസ്സ്യാത്തെരുവിലേക്കു വിടുക; എവിടെ നിൽക്കണമെന്നു് അപ്പോൾ ഞാൻ പറയാം." എന്നിട്ടു് അയാൾ വിചാരിച്ചു: "ഇന്നത്തെ രാത്രി വൃഥാ കളഞ്ഞുകൂടാ. അതു് കഷ്ടമാണു്."

"ഇതാണു് സെന്നസ്സ്യാത്തെരുവു്" എന്നു് ഡ്റൈവർ വിളിച്ചു പറഞ്ഞു. അയാൾ ചിരിക്കുന്നുണ്ടായിരുന്നു. ഇരുട്ടത്തുള്ള ആ ചിരി വേറിയാ കണ്ടില്ല. അയാൾ വണ്ടിയുടെ സീററിലേക്കു ചാരിയിരുന്നു് ഓരോന്നു ചിന്തിക്കുകയായിരുന്നു.

"വേറിയാ! നിങ്ങളിലാണു് ഞാൻ വലിയ പ്രതീക്ഷകൾ അർപ്പിച്ചിരിക്കുന്നതു്" എന്നുള്ള സ്ററാലിൻെറ വാക്കുകൾ അയാൾ വീണ്ടും വീണ്ടും ഓർത്തുകൊണ്ടിരുന്നു.

---

## അദ്ധ്യായം ഇരുപത്തിയൊന്നു്

---

ഫ്റാൻസിലെ മഹാനായ ഒരു ഗ്രന്ഥകാരനും ലോകപ്രസിദ്ധിയാർജ്ജിച്ച ഒരു സംഗീതകലാ വിമർശകനുമായ റൊമെയിൻ റോയൻ വിശാലഹൃദയനായ ഒരു ബുദ്ധിരാക്ഷസൻ എന്നു സ്വയം അഭിമാനിച്ചിരുന്നു. സാമാന്യജനങ്ങളാൽ അംഗീകൃതങ്ങളായിരുന്ന ആദർശങ്ങളൊന്നും അദ്ദേഹത്തിനു സ്വീകാരയോഗ്യങ്ങളായി തോന്നിയില്ല. എങ്കിലും ആ ആദർശങ്ങൾക്കു അർഹിക്കുന്ന വില കല്പിക്കുന്നതിൽ അദ്ദേഹം വൈമുഖ്യം പ്രദർശിപ്പിച്ചിരുന്നുമില്ല.

ഉദാഹരണമായി, ഫ്റാൻസിലെ ഭൂരിപക്ഷം ജനങ്ങളും കമ്മ്യൂണിസ്ററുകാരെ മോസ്കോയുടെ ചാരന്മാരും നിരീശ്വരരെന്നും കരുതി അവജ്ഞയോടെ വീക്ഷിച്ചിരുന്നുവെങ്കിലും,

റോയൻ അവരെ തങ്ങളുടെ ആദർശലക്ഷ്യപ്രാപ്തിക്കുവേണ്ടി ശ്രമിക്കുന്ന ബുദ്ധിമാന്മാരായും, അന്യായമായ മർദ്ദനങ്ങൾക്കു വിധേയരായി കഷ്ടപ്പെടുന്നവരായും, യഥാർത്ഥ രക്തസാക്ഷികളായും കരുതിവന്നു. അദ്ദേഹത്തിൻെറ സാന്നിദ്ധ്യത്തിൽ, റഷ്യയിലെ പുതിയ നിയമസംഹിത മനുഷ്യാവകാശലംഘനത്തെയാണു സൂചിപ്പിക്കുന്നതെന്നും അക്കാരണത്താൽ നിഷിദ്ധങ്ങളെന്നും പറഞ്ഞു ആരെങ്കിലും ആക്ഷേപിക്കുകയാണെങ്കിൽ, റോയൻ കോപാകുലനാവുകയും ആവിധ സംഭാഷണങ്ങളിൽനിന്നു വിരമിക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുക സാധാരണമായിരുന്നു. പരിവർത്തനങ്ങൾക്കു വിധേയമായി, മാറിവന്നുകൊണ്ടിരിക്കുന്ന സാഹചര്യങ്ങളിൽ, റഷ്യയുടെ സ്ഥിതിഗതികൾ ഏവരും പഠിക്കേണ്ടതാണെന്നും, ശരിയായ നിലവാരത്തിൽ റഷ്യയിലെ നിയമങ്ങളെ പരിശോധിക്കുന്നവർക്കു്, ആ നിയമങ്ങൾ ക്രൂരങ്ങളായിട്ടോ, മനുഷ്യാവകാശലംഘനപരങ്ങളായിട്ടോ അനുഭവപ്പെടുകയില്ലെന്നും അദ്ദേഹം പറഞ്ഞുവന്നു. സ്വകാര്യ സ്വത്തുടമ അവസാനിപ്പിച്ചു് ഭൂമി രാഷ്ട്രത്തിൻെറ ഉടമയിലാക്കുവാനുള്ള സംരംഭത്തിൽ യുക്രയിനിൽമാത്രം അറുപതു ലക്ഷം ജനങ്ങളാണു മരണമടയുവാനിടയായതെന്നു് ആരെങ്കിലും അദ്ദേഹത്തോടു പറഞ്ഞാൽ ആയതു വിശ്വസിക്കുവാൻ റോയൻ സന്നദ്ധനല്ലായിരുന്നു. "വെറും ഭോഷ്ക്കു്" എന്നുമാത്രമായിരുന്നു റോയൻെറ മറുപടി.

ബുദ്ധിരാക്ഷസന്മാരെന്ന പേരിൽ വിശാലഹൃദയരായി അറിയപ്പെടുന്നവരിൽ സർവസാധാരണമായി കാണാറുള്ള ഒരു രോഗമാണു് "അഹംബുദ്ധി"ഭാവം. ഈ രോഗം റൊമേയിൻ റോയനേയും ബാധിച്ചിരുന്നു. പക്ഷേ, അദ്ദേഹത്തിനു അതു മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. ഇതിൻെറ ഫലമായി സമൂഹത്തിൽനിന്നു ഒററതിരിഞ്ഞു നിൽക്കുവാനും, സമൂഹത്തിൻെറ ചെയ്തികളെ വിമർശിക്കുവാനുമുള്ള ആഗ്രഹം ഉണ്ടാകുന്നു. സാമാന്യമായി പറയുന്നപക്ഷം, ഈ കഠിനരോഗം വിശാലഹൃദയരെന്നു ഭാവിക്കുന്ന ബുദ്ധിസമ്പന്നന്മാരെ ഇടുങ്ങിയ ചിന്താപഥത്തിൽക്കൂടി നയിക്കുകയാണു ചെയ്യുന്നതു്.

റഷ്യാ സന്ദർശിച്ചു് അവിടത്തെ സ്ഥിതിഗതികൾ നേരിട്ടുകണ്ടു മനസ്സിലാക്കണമെന്നു റൊമേയിൻ റോയൻ ആഗ്രഹി

ച്ചിരുന്നു. ഇററലിയിൽവെച്ചു അദ്ദേഹത്തിനു ഗോറിനെ കാണുവാനും പരിചയപ്പെടുവാനും സാധിച്ചു. സ്വപ്രയത്നം കൊണ്ടു് സമുദായത്തിൻെറ അടിത്തട്ടിൽനിന്നു പടിപടിയായി ഉയർന്നു് ആധുനിക സാഹിത്യകാരന്മാരിൽ അദ്വിതീയമായ സ്ഥാനം കരസ്ഥമാക്കിയിട്ടുള്ള ഗോറിനെപ്പററിയുള്ള ചിന്തകൾ റോയനെ അത്ഭുതപരതന്ത്രനാക്കുവാൻ ശക്തങ്ങളായിരുന്നു. ഗോറിൻ ഇററലിയിൽനിന്നു റഷ്യയിൽ മടങ്ങിചെന്നപ്പോൾ തൻെറ സ്നേഹിതനായ റോയനെ റഷ്യാ സന്ദർശിക്കുവാൻ ക്ഷണിക്കുകയുണ്ടായി.

അങ്ങനെ റോയൻെറ ചിരകാലപ്രതീക്ഷ സാധിതപ്രായമായി. റഷ്യയിൽ അദ്ദേഹം ഗോറിൻെറ അതിഥിയായിരുന്നു. സന്ദർശനശേഷം റഷ്യയിൽനിന്നു പാരീസിലേക്കു പറക്കുവാൻ നിശ്ചയിച്ചിരുന്ന ദിവസത്തിൻെറ തലേനാൾ ഒരു വിദ്യാലയസന്ദർശനത്തിനു ചിലർ വന്നു ക്ഷണിക്കുകയും റോയൻ ആ ക്ഷണം സ്വീകരിക്കുകയും ചെയ്തു. ലളിതരീതിയിൽ പുതുതായി പണികഴിപ്പിച്ചിരുന്ന ആ വിദ്യാലയത്തിൽ ആവശ്യത്തിലധികം സ്ഥലസൗകര്യമുണ്ടായിരുന്നു. യുദ്ധകാലങ്ങളിൽ ആശുപത്രികളായി രൂപാന്തരപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് പുതിയ വിദ്യാലയങ്ങൾ റഷ്യയിൽ നിർമ്മിച്ചിരിക്കുന്നതു്. ഈ വിവരം ആരും റോയനെ ധരിപ്പിച്ചിരുന്നില്ല.

മോസ്കോയിൽ എത്തിയ ദിവസം മുതൽ യുവതിയും സുന്ദരിയുമായ ഒരു ദ്വിഭാഷി റോയനെ അനുഗമിച്ചിരുന്നു. വിദ്യാലയ കവാടത്തിൽ ''മിഖെയേൽ ഗോറിൻസ്കൂൾ'' എന്നു എഴുതിയിരുന്നതിലേക്കു ദ്വിഭാഷി അദ്ദേഹത്തിൻെറ ശ്രദ്ധയെ ആകർഷിച്ചു. റൊമേയിൻ റോയൻ തലകുനിച്ചു് ഉപചാരം ചെയ്തു. തനിക്കു സന്ദർശിക്കുവാൻ കഴിഞ്ഞ സ്ഥലങ്ങളിലെല്ലാം—പാർക്കുകളിലും നഗരവീഥികളിലും കപ്പലുകളിലും—ഗോറിൻെറ നാമധേയം എഴുതിവച്ചിട്ടുള്ളതു റോയൻ കണ്ടു കഴിഞ്ഞതാണു്.

പ്രശസ്തരായ അതിഥികളെ ബഹുമാനപൂർവ്വം സ്വീകരിക്കുന്നതിനു ഭാരവാഹികൾ നന്നേ ശ്രദ്ധിച്ചിരുന്നു. റോസ്റ്റോവിലെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലെ പ്രധാന ഉദ്യോഗ

സ്ഥന്മാരും, സർവകലാശാലയുടെ പ്രതിനിധികളായി 'നോവിക്കോവ്' തുടങ്ങിയ പ്രൊഫസർമാരും, പ്രൊവിൻഷ്യൽ പാർട്ടിയിലെ അംഗങ്ങളും മററു പ്രമുഖ വ്യക്തികളും നേരത്തെ വിദ്യാലയത്തിൽ സന്നിഹിതരായിരുന്നു. വിദ്യാത്ഥികളുടെ മദ്ധ്യത്തിൽ ഗോറിൻെറ സമീപത്തായി റോയൻ ആസനസ്ഥനായി. വിദ്യാലയഭാരവാഹികളെ സഹായിച്ചുകൊണ്ടു ഗോറിൻെറ പുത്രിയായ നൈനയും അവിടെ കാണപ്പെട്ടു.

കസവുമാല്യങ്ങൾ അണിയിച്ച് വിദ്യാത്ഥികൾ ഗോറിനേയും റോയനേയും സ്വീകരിച്ചു. പ്രശസ്തന്മാരായ ഈ രണ്ടു സാഹിത്യകാരന്മാരും ആനന്ദഭരിതരായ വിദ്യാത്ഥികളുടെ മദ്ധ്യത്തിൽ ഉന്മേഷശാലികളായി കാണപ്പെട്ടു. പ്രസ്തുത വിദ്യാലയത്തിലെ വിദ്യാത്ഥികളുടെ നായകത്വം വഹിച്ചിരുന്നതു് നല്ല ചുറുചുറുക്കുള്ള ഒരു പെൺകുട്ടിയായിരുന്നു. വെളുത്ത ബ്ളൗസും നീലപ്പാവാടയും ചുവന്ന ടൈയും ധരിച്ചിരുന്ന ആ ബാലിക സൈനികരീതിയിൽ നടന്നു് പ്ലാററുഫാറത്തിൽ കയറിനിന്നുകൊണ്ടു് വലംകൈയ്യ് ഉയർത്തി അഭിവാദ്യം നടത്തി: "വഴികാട്ടികളെ! സന്നദ്ധരായിരിക്കുക!" ആ ബാലിക ആഹ്വാനം മുഴക്കി. "സദാ സന്നദ്ധർ" ഒററ ശബ്ദത്തിൽ വിദ്യാത്ഥികൾ മറുപടി പറഞ്ഞു.

റൊമെയിൻ റോയൻ നാലുപാടും നോക്കി മന്ദസ്മിതം ചെയ്തു. "അത്ഭുതകരം! അത്ഭുതകരം" അദ്ദേഹം ഉറക്കെ പറഞ്ഞു.

വിദ്യാലയഹാൾ വീണ്ടും നിശബ്ദതയിലാണ്ടപ്പോൾ നേതാവായ ബാലിക ഇപ്രകാരം അറിയിച്ചു, "ആദ്യത്തെ വഴികാട്ടികളായ വിദ്യാത്ഥിസംഘം 'കോടതി പ്രവത്തനമാരംഭിക്കുന്നു' എന്ന ഏകാങ്കനാടകം അടുത്തു അഭിനയിക്കുന്നതാണ്."

കർട്ടൻ രണ്ടായി പിളന്നു ഇരുവശങ്ങളിലേക്കു ചുരുങ്ങി. പ്രത്യാശാനിർഭരമായ ഒരു നിശ്ശബ്ദത സർവ്വത്രവ്യാപിച്ചു.

സ്റ്റേജിൻെറ മദ്ധ്യഭാഗത്തു് ചുവപ്പുവസ്ത്രം വിരിച്ചിട്ടുള്ള ഒരു മേശ സഭാവാസികൾക്കു ദൃഷ്ടിഗോചരമായി. ഹാളിനഭിമുഖമായി മേശയോടുചേർന്നു് അഞ്ച് ന്യായാധിപന്മാർ ആസനസ്ഥരായിരുന്നു. മോസ്കോയിലെ യഥാത്ഥ കോടതി

കളിൽ ഇരിക്കുന്ന ന്യായാധിപന്മാരുടെ മുഖത്തുപോലും സ്ഫുരിച്ചു കാണുവാൻ കഴിയാത്ത ഗാംഭീര്യവും അധികാരശക്തിയും ഇവരുടെ മുഖത്ത് കാണുവാൻ കഴിഞ്ഞിരുന്നു. അവരിൽ അല്പം പ്രായംകൂടിയ ന്യായാധിപാദ്ധ്യക്ഷസ്ഥാനം വഹിച്ചിരുന്ന വിദ്യാർത്ഥിക്കു പന്ത്രണ്ടുവയസ്സിൽ കൂടുതൽ പ്രായമുണ്ടായിരുന്നില്ല. അയാളുടെ ചിന്നിച്ചിതറിക്കിടന്നിരുന്ന തലമുടിയും മഷിപുരണ്ട കൈവിരലുകളും സഭാവാസികളുടെ ഇടയിൽ വലിയ ചിരിയ്ക്കു ഇടയാക്കി. എന്നാൽ അയാളുടെ മുഖഭാവം സന്ദർഭത്തിനു തികച്ചും അനുയോജ്യമായിരുന്നു. വിപ്ലവസഹജമായ സൂക്ഷ്മതയും ഏകാഗ്രതയും, വർഗ്ഗവിവേചനത്തോടുള്ള നിന്ദയും വെറുപ്പും, സാമാന്യജനവിഭാഗത്തോടുള്ള കടമയേയും കർത്തവ്യത്തെയും നിർവ്വഹിക്കുന്നതിൽ പ്രകാശിപ്പിക്കുന്ന നിശ്ചയദാർഢ്യത്തെ സംസൂചനം ചെയ്യുന്ന ദൃഷ്ടികളും, അയാളുടെമുഖത്ത് പ്രകടമായിരുന്നു. അയാളുടെ, ഗാംഭീര്യം ഓളംവെട്ടുന്ന നോട്ടത്തിൽ പ്രായംചെന്നവർപോലും ഭയചകിതരായിപ്പോകുമായിരുന്നു.

മദ്ധ്യഭാഗത്തുകിടന്ന മേശയുടെ ഇടത്തുഭാഗത്തായി കുററവാളികൾക്കു ഒഴിച്ചിട്ടിരുന്ന രണ്ടു മൂന്നു ബെഞ്ചുകൾ കിടന്നിരുന്നു. എന്തായിരുന്നു അവരുടെ കുററം? എങ്ങനെ അവർ ജനശത്രുക്കളായി? അതു് ഭയാജനകമായ ഒരു അത്ഭുതസംഭവമായിത്തന്നെ ശേഷിച്ചിരുന്നു. എങ്കിലും ഒഴിഞ്ഞുകിടന്ന ആ ബെഞ്ചുകൾ അടുത്തു നടക്കുവാൻപോകുന്ന മരണവിധിക്കു സാക്ഷ്യം വഹിക്കേണ്ടിയിരുന്നു.

തടികൊണ്ടു നിർമ്മിച്ച തോക്കു കൈകളിൽ ധരിച്ചുകൊണ്ടും കണ്ണുകൾ പകുതിയും മൂടത്തക്കവിധം ഉരുക്കുതൊപ്പികൾ ധരിച്ചുകൊണ്ടും രണ്ടു കാവൽഭടന്മാർ ഉജാറായി അവിടെ നിലകൊണ്ടിരുന്നു. സ്റ്റേജിൻെറ ഒരു ഭാഗത്തായികിടന്ന ഒരു ചെറുമേശയുടെ സമീപം സ്റേററുപ്രൊസിക്ക്യൂട്ടരായ ഒരു കൊച്ചുവിഷിൻസ്കി ആസനസ്ഥനായിരുന്നു. അധരപുടങ്ങൾ ഒരു വശത്തേക്കു വക്രിപ്പിച്ചുകൊണ്ടും അസാമാന്യബുദ്ധിയുടെ ബാഹ്യപ്രകടനത്തിനൊത്തവിധം വിസ്താരമേറിയ നെററിത്തടത്തിൻ ചുളികകളെ സൃഷ്ടിച്ചുകൊണ്ടുമാണ് ആ കൊച്ചുവിഷിൻസ്കി അവിടെ കാണപ്പെട്ടതു്. കേസുവിസ്താരത്തിൻ

മുമ്പുതന്നെ കുററവാളികൾക്കു നൽകേണ്ടശിക്ഷ എന്താണെന്നു തീരുമാനംചെയ്തു കഴിഞ്ഞിരുന്നു. എതിർ വാദങ്ങൾ അപ്രസക്തങ്ങളും അസ്ഥാനസ്ഥിതങ്ങളുമായിരുന്നു. മോസ്കോയിൽ നടക്കുന്ന യഥാർത്ഥകേസു വിചാരണയിൽപോലും എതിർ വാദങ്ങൾക്കു സ്ഥാനമില്ലെങ്കിൽ, ഒരു നാടകാഭിനയത്തിൽ അവയ്ക്കു എന്തുസ്ഥാനമാണുള്ളതു്? അവയുടെ ആവശ്യമെന്തു്? നാടകവേദിയിൽ യഥാർത്ഥജീവിത ചിത്രമാണല്ലോ നാം ദർശിക്കുന്നതു്.

"കോടതി കേസുവിചാരണ ആരംഭിക്കുകയാണു്" അദ്ധ്യക്ഷസ്ഥാനംവഹിച്ച ന്യായാധിപൻ സഗൗരവം പ്രഖ്യാപനം ചെയ്തു. "സഖാവു് പ്രാസിക്യൂട്ടർ! നിങ്ങൾക്കു ആരംഭിക്കാം."

കൊച്ചുവിഷിൻസ്കി അലസതാവിലസതനായി സ്വസ്ഥാനത്തു എണീററുനിന്നു. ഒരു ഗ്ലാസ് ഭരണിയിൽനിന്നും ഗ്ലാസിലേക്കു വെള്ളംപകന്നു അല്പാല്പമായി പാനം ചെയ്യുവാൻ തുടങ്ങി. സാക്ഷാൽ വിഷിൻസ്കി രണ്ടു മൂന്നു കുററവാളികളുടെ കുററംസ്ഥാപിച്ചു കൃതകൃത്യനാകുന്ന സമയംകൊണ്ടു് ആ കൊച്ചുവിഷിൻസ്കി ഗ്ലാസിൽപകന്നു വെള്ളം അല്പാല്പമായി കുടിച്ചുതീർത്തു.

"വഴികാട്ടികളായ സഖാക്കളെ!" പ്രോസിക്യൂട്ടർ ആരംഭിച്ചു, "പ്രത്യക്ഷവും പരോക്ഷവുമായ മാർഗ്ഗങ്ങളിൽക്കൂടി അനേകം വർഷങ്ങളായി സോവ്യററു് യൂണിയനിലെ ശിശുഹൃദയങ്ങളെ വിഷലിപ്തങ്ങളാക്കിത്തീർക്കുവാൻ അനവരതം ശ്രമിച്ചുകൊണ്ടിരുന്ന ചില വ്യക്തികളെ സംശയിച്ചു പിടിച്ചു ബന്ധനത്തിലാക്കിയിട്ടുണ്ടു്. ഏതൊരു കുററങ്ങളാണോ അവരുടെമേൽ ആരോപിതങ്ങളായിട്ടുള്ളതു് അവയെപ്പററി കൂടുതലായി അന്വേഷിച്ചു് ഈ പ്രഥമനീതിന്യായകോടതിമുമ്പാകെ കേസുവിസ്തരിക്കുവാൻ കൗൺസിൽ എന്നെ നിയോഗിച്ചിരിക്കുകയാണു്. ഈ വ്യക്തികളിൽ ചിലർ നമ്മുടെ ദേശക്കാരും ബാക്കിയുള്ളവർ ശത്രുരാജ്യങ്ങളിൽനിന്നു ഇവിടെ ചാരവൃത്തിക്കു നിയോഗിക്കപ്പെട്ടിട്ടുള്ളവരുമാകുന്നു."

പ്രാസിക്യൂട്ടർ വളരെ ഗൗരവഭാവത്തിലാണു് ഇത്രയും

സംസാരിച്ചതു്. ഈ ഏകാങ്കനാടകം രചിച്ചതു് മോസ്ക്കോ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനു മാണു്. സോവ്യററു് യൂണിയനിലുള്ള വിദ്യാത്ഥികൾക്കു ഈ വിധമുള്ള കുററകൃത്യങ്ങളുടെ ഗൗരവത്തെപ്പററി ശരിയായ ബോധം നേരത്തെ ലഭിച്ചു കഴിഞ്ഞിട്ടുണ്ടെന്നുള്ള ധാരണയി ലാണു് ഈ നാടകം നിർമ്മിച്ചിട്ടുള്ളതു്.

അതു ശരിയുമായിരുന്നു. പ്രാസിക്യൂട്ടരുടെ ഓരോരോവാ ക്കും സഭാവാസികൾ ശരിക്കുഗ്രഹിച്ചു. ശ്മശാനസാധാരണ മായ ഒരു നിതാന്തശാന്തത അവിടെ എല്ലായിടത്തും ദൃശ്യ മായി.

ന്യായാധിപാദ്ധ്യക്ഷൻ കുററവാളികളെ ഓരോരുത്തരായി വിളിച്ചു. സുശക്തമായ ബന്തവസ്സിൽ ഇരുന്ന അവർ സ്റേറ ജിൽ പ്രവേശിച്ചു. സൗന്ദര്യ്യറാണിയായ സിൻഡർലാ, വില പിടിച്ച വസ്ത്രങ്ങളും ആഭരണങ്ങളും ധരിച്ചിരുന്ന ഒരു രാജ കുമാരി, മനോഹരമായ ശിരോലങ്കാരങ്ങളും മററും അണി ഞ്ഞിരുന്ന സുഭഗനായ ഒരു രാജകുമാരൻ, സവ്വജനഹൃദയാകർ ഷകനായ ഫാദർ ക്രിസ്തുമസ്, പരമവിഡ്ഢിയായ ഐവാൻ എന്നിവരാണു് കുററവാളികളായി അവിടെ ആനീതരായവർ. കീറിപ്പറിഞ്ഞ വസ്ത്രങ്ങളും ധരിച്ചു വൃത്തിഹീനരായി ജീവിതം നയിക്കുന്നവരുമായി മാത്രം നിത്യസമ്പർക്കം പുലത്തിയിരുന്ന വിദ്യാത്ഥികൾ ഇവരെയെല്ലാം സ്റേറജിൽ കണ്ടപ്പോൾ സ ന്തോഷാധിക്യംകൊണ്ടു തുള്ളിച്ചാടി ആഹ്ളാദിച്ചു.

''ഓ! ഫാദർ ക്രിസ്തുമസ്സ്! ഫാദർ ക്രിസ്തുമസ്സ്, ഇവിടെ, ഇവിടെയ്ക്കു നോക്കിയാലും'' ഒരു വിദ്യാത്ഥി വിളിച്ചുപറഞ്ഞു.

''മനോഹരമായ വസ്ത്രാലങ്കാരങ്ങൾ അണിഞ്ഞു് രണ്ടാ മതായി നിൽക്കുന്നതാരാണു്?'' മറെറാരു വിദ്യാത്ഥി അന്വേ ഷിച്ചു. ''എന്തോ, എനിക്കറിഞ്ഞുകൂടാ'' കൂട്ടുകാരൻ ഉത്തരം നൽകി. ''അവൾ എത്ര സുന്ദരിയായിരിക്കുന്നു!'' വേറൊരു വിദ്യാർത്ഥി അഭിപ്രായം പ്രകടിപ്പിച്ചു.

അപ്രതീക്ഷിതവും അരോചകവുമായ ഒരു അവസ്ഥാവി ശേഷം അവിടെ സംജാതമായി. കർട്ടനുള്ളിൽനിന്നിരുന്ന വിദ്യാത്ഥിനേതാവു്, ആ ബഹളങ്ങൾകേട്ടു് അച്ചടക്കം പുനഃ

സ്ഥാപിക്കുവാനായിട്ട മുമ്പോട്ടുകടന്നുവന്നു് "വഴികാട്ടികളെ! സഹോദരങ്ങളെ! ദയവായി നിശ്ശബ്ദത പരിപാലിക്കുക. നിങ്ങളുടെ അച്ചടക്കരാഹിത്യത്തിൽ ലജ്ജിതരാകേണ്ടിവന്നിരിക്കുന്നു." എന്നു ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

സദസ്സ് ക്രമേണ ശാന്തമായി എങ്കിലും വിദ്യാൎത്ഥികളുടെ ഹൃദയാന്തർഭാഗത്തു 'തിങ്ങിപ്പൊങ്ങി പെരുകിപരുകുന്ന' സന്തോഷനിർഝരി അവരുടെ കണ്ണുകളിൽ ദൃശ്യമായിരുന്നു. കൗതുകത്തോടുകൂടി അവർ ആ കുററവാളികളെ നോക്കിക്കൊണ്ടിരുന്നു.

സൗന്ദൎയ്യറാണിയെപ്പോലെ വിശേഷപ്പെട്ട വസ്ത്രാഭരണങ്ങൾ ധരിച്ചുകൊണ്ടുനിന്ന രാജകുമാരിയോടു പ്രധാനന്യായാധിപൻ ഇങ്ങനെ ചോദിച്ചു:- "നിങ്ങൾ ആരാണ്?" അല്പം മുമ്പോട്ടുകയറിനില്ക്കുവാനുള്ള ശ്രമത്തിൽ പരുപരുത്ത ഏതോ വസ്തുവിൽ കാലുതട്ടി നിലംപതിക്കാൻ തുടങ്ങിയ രാജകുമാരിയെ സമീപംനിന്ന രാജകുമാരൻ സഹായിച്ചു.

പ്രാസിക്യൂട്ടർ രാജകുമാരിയുടെപേരിലുള്ള അപരാധം വിശദീകരിച്ചു പ്രസംഗിച്ചു.

"വെറും വൈക്കോലിൽതട്ടി താഴെ വീഴാൻഭാവിച്ച നിങ്ങൾ എങ്ങനെയാണ് ജോലിചെയ്തു കഴിയുന്നതു്"?

"ഞാൻ വിശേഷിച്ചു ജോലിയൊന്നും ചെയ്യാറില്ല."

"വസ്ത്രം ശുചിയാക്കുന്നതും ഭക്ഷണം പാകം ചെയ്യുന്നതുമെങ്ങനെ?"

"എൻെറ തോഴിമാരും സേവകരും."

"അങ്ങനെയെങ്കിൽ നിങ്ങൾക്കുവേണ്ടി മററുള്ളവർ പ്രയത്നിക്കുന്നു, അല്ലേ? അതു് ഒരുവിധം ദൂഷണമാണ്".

ന്യായാധിപന്മാർ തമ്മിൽ തമ്മിൽ എന്തൊ രഹസ്യമായി സംസാരിച്ചു. പിന്നീടു പ്രധാനന്യായാധിപൻ തല ഉയൎത്തി സിൻഡർലായോടു പറഞ്ഞു:-

"അടുത്തയാൾ വരട്ടെ. നിങ്ങൾ 'ആരാണ്?'' മുമ്പോട്ടു നീങ്ങിനിന്നുകൊണ്ടു സിൻഡർലാ ആനന്ദകരമായ അവളുടെ ജീവിതകഥ വിസ്തരിച്ചു പറഞ്ഞു. "അങ്ങനെ - - - അങ്ങ

 നെ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തെ നിങ്ങൾ വഞ്ചിച്ചിരിക്കുന്നു. രാജകുമാരി ചെയ്തതുപോലെയല്ലെങ്കിലും മറെറാരു വിധമായ ചൂഷണമാണ് നിങ്ങളും ചെയ്യുന്നതു്. ലജ്ജിതയായ സിൻഡർലാ രാജകുമാരിയുടെ സമീപംപോയി ഇരുന്നു. യക്ഷിയുടെ കേസുവിസ്താരം അധികം ദീർഘിച്ചില്ല. ന്യായാധിപൻ പിന്നീടു ഫാദർ ക്രിസ്തുമസ്സിൻെറ നേർക്കുതിരിഞ്ഞു ചോദിച്ചു:—

ന്യായാധിപൻ:- പേരു്?

ഫാദർ ക്രിസ്തുമസ്സ്: ഫാദർ ക്രിസ്തുമസ്സ്.

ന്യായാ:— നിങ്ങൾക്കു വേറെയും പേരുകളുണ്ടോ?

ഫാദർ ക്രി:— ഉണ്ടു്; ശാന്താക്ലോസു്, സെൻറ് നിക്കൊളാസ് എന്നീ പേരുകളിലും ഞാൻ അറിയപ്പെടുന്നു.

ന്യായാ:— ബലമായിസംശയിക്കപ്പെടേണ്ട ഒരു വ്യക്തി തന്നെ. നിങ്ങളുടെ ജോലി?

ഫാദർ:— ക്രിസ്തുമസ്സിൻെറ രാത്രിയിൽ ഓരോ വീട്ടിലും കയറിയിറങ്ങി കുട്ടികൾക്കു സമാധാനസന്ദേശവും സമ്മാനങ്ങളും നൽകുകയെന്നതാണ് എൻെറ പ്രധാനജോലി.

"ഞങ്ങൾക്കു വിശ്വസിക്കുവാൻ സാദ്ധ്യമല്ല; നിങ്ങൾ ചാരവൃത്തിക്കുവേണ്ടി വീടുതോറും സഞ്ചരിക്കുന്നവൻതന്നെ." ന്യായാധിപൻ മേശയിൽ തട്ടിക്കൊണ്ടു പറഞ്ഞു.

"അല്ല; അങ്ങനെയല്ല" ഭയചകിതനായ ഫാദർ പറഞ്ഞു. മുട്ടിന്മേൽനിന്നുകൊണ്ടു അദ്ദേഹം ക്ഷമായാചനം നടത്തി. എന്നാൽ നിർദ്ദയനായ ആ ന്യായാധിപൻ ആംഗ്യം കൊണ്ടു കാര്യം ധരിപ്പിച്ചതനുസരിച്ച് പോലീസ് ഉദ്യോഗസ്ഥന്മാർ അവരെ വലിച്ചിഴച്ച് ബെഞ്ചിൽ കൊണ്ടുവന്നു ഇരുത്തി.

ഒടുവിൽ വിഡ്ഢിയായ ഐവാൻെറ കേസാണു വിചാരണക്കെടുത്തതു്. കീറിപ്പൊടിഞ്ഞ വസ്ത്രങ്ങളും ധരിച്ച് വൃത്തിഹീനനായി സമീപിച്ച ഐവാനോടു ന്യായാധിപൻ ചോദിച്ചു.

"നിങ്ങളുടെ സാമുദായികനില?"

"കൃഷീവലൻ."

"നിങ്ങൾ കൂലിക്കാരെക്കൊണ്ടാണോ ജോലികൾ ചെയ്തു തീർക്കുന്നതു്?"

"അല്ല; എന്റെ ജോലി ഞാൻതന്നെയാണു ചെയ്യുന്നതു്."

"നിങ്ങൾക്കു സ്വത്തുക്കളുണ്ടോ?"

"ഇല്ല."

ന്യായാധിപൻ സന്തോഷംകൊണ്ടു മന്ദഹസിച്ചു. ഇയാളെ സംശയിക്കേണ്ടതില്ല; നമ്മിൽ ഒരുവൻതന്നെയാണു് ഇയാൾ. അതുകൊണ്ടു് ഇയാളെ മോചിപ്പിക്കുക."

വിഡ്ഢിയായ ഐവാൻ ന്യായാധിപന്മാരെ നോക്കി വികൃതമായി ഒന്നു ചിരിച്ചുകൊണ്ടു് പ്രാസിക്യൂട്ടരുടെ സമീപം പോയി ഇരുന്നു.

പ്രധാന ന്യായാധിപൻ സ്വസ്ഥാനത്തു എണീററുനിന്നു് അവിടെ സന്നിഹിതരായിരുന്നവരെ അഭിസംബോധനംചെയ്തുകൊണ്ടു എല്ലാവർക്കും കേൾക്കത്തക്ക ഉച്ചസ്വരത്തിൽ പറഞ്ഞു:— "ഈ പ്രഥമ നീതിപീഠത്തിൽ നിന്നുകൊണ്ടു ഞാൻ വിധി പ്രസ്താവിക്കുന്നു. രാജകുമാരികളും രാജകുമാരന്മാരും സിൻഡ്റലാകളും ക്രിസ്തുമസ്സ് ഫാദറന്മാരും മററും രാഷ്ട്രത്തിനു ഉപദ്രവകാരികളാണു്. ഇവരുടെ കഥകൾ സോവ്യററു നാട്ടിലെ വിദ്യാർത്ഥികളെ ഉദ്ദേശിച്ചിട്ടുള്ളവയല്ല; നമ്മുടെ പാഠപ്പുസ്തകങ്ങളിൽ ഇവരെ സംബന്ധിക്കുന്ന കഥകൾക്കു യാതൊരു സ്ഥാനവും കൊടുത്തുകൂടാ. തൊണ്ടശുദ്ധിവരുത്തിക്കൊണ്ടു ന്യായാധിപൻ നിശ്ചയദാർഢ്യത്തോടുകൂടി പറഞ്ഞു:- "ഇവരെ വധിക്കുകതന്നെ വേണം; ഇവരെ കൊണ്ടുപോകട്ടെ."

വധശിക്ഷക്കു വിധിക്കപ്പെട്ട കുററക്കാരെ പോലീസധികാരികൾ സ്റ്റേജിൽനിന്നും ഇടിച്ചും അടിച്ചും, വലിച്ചിഴച്ചും കൊണ്ടുപോയി. അന്നു നിലവിലിരുന്ന ലിഖിതനിയമത്തിന്റെ തണലിൽ അവർ നിരപരാധികളെന്നു വാദിക്കാതിരുന്നില്ല. പക്ഷേ, ഫലമെന്തു്? കുററവാളികൾ സ്റ്റേജിൽനിന്നു കൺമറഞ്ഞപ്പോൾ, അതുവരെ പ്രശാന്തമായിരുന്ന ആ വമ്പിച്ച സദസ്സിൽനിന്നു ശബ്ദം ഉയർന്നു തുടങ്ങി. "അരുതരുതു്;

അവരെ ഉടൻ മോചിപ്പിക്കുക; അവരെ വെടിവെച്ചു കൊല്ലരുതു്, ദയവായി അവരെ മോചിപ്പിക്കണമേ!" അക്ഷമരായിത്തിർന്ന വിദ്യാത്ഥികൾ ശബ്ദം മുഴക്കി.

ആ ശബ്ദധ്വനി സ്കൂൾ ഭിത്തികളെയും ഭേദിച്ചു പുറത്തു കടന്നു വായുവിൽ പ്രസരിച്ചു; പലേ വിദ്യാത്ഥികളും ദുഃഖാതിരേകത്താൽ പൊട്ടിക്കരഞ്ഞു; കുറച്ചു ധീരന്മാരായ കുട്ടികൾ അവരുടെ സ്ഥാനങ്ങളിൽനിന്നു എടുത്തുചാടി, സ്റ്റേജിൽ ഓടിക്കയറി, ആ കുററവാളികളെ വിമോചിപ്പിക്കുവാൻ ഉദ്യുക്തരായി. റൊമേയിൻ റോയൻറ അടുത്തിരുന്ന ഒരു ബാലിക ബാഷ്പകണങ്ങൾ പൊഴിച്ചുകൊണ്ടു്, ഹതഭാഗ്യരായ ആ കുററവാളികളെ രക്ഷിക്കണമെയെന്നു അപേക്ഷിച്ചു.

ബാലിക പറഞ്ഞ വാക്കുകൾ എന്താണെന്നു ഗ്രഹിക്കുവാൻ റൊമെയിൻ റോയനു കഴിഞ്ഞില്ല. എങ്കിലും എന്താണു് ആ കുട്ടി അഭിലഷിക്കുന്നതെന്നു മനസ്സിലാക്കാൻ അദ്ദേഹത്തിനു പ്രയാസമുണ്ടായിരുന്നില്ല. ഇതികർത്തവ്യതാമൂഢനായിത്തീർന്ന റോയൻ സമീപത്തിരുന്ന ഗോറിനേയും ആ ബാലികയേയും മാറി മാറി നോക്കുകമാത്രം ചെയ്തു. ലജ്ജാധീനനായ ഗോറിൻ എവിടെയാണു ഒളിക്കേണ്ടതെന്നറിയാതെ വിവർണ്ണവദനനായി പരിപൂർണ്ണ നിശബ്ദതയെ പാലിച്ചു. "അന്തസ്സാരഹീനവും ബാലിശവുമായ ഒരു നാടകാഭിനയം! അതും, വിദേശീയനായ ഒരു പ്രശസ്താതിഥിയുടെ മുമ്പിൽ അഭിനയിക്കപ്പെട്ടിരിക്കുന്നു!" ഗോറിൻ വിചാരിച്ചു.

പരിഭാഷയുടെ ആവശ്യംകൂടാതെ ആ നാടകത്തിൻെറ അത്ഥം മനസ്സിലാക്കുവാൻ റോയനു കഴിഞ്ഞിരുന്നു. തൻെറ കൺമുമ്പിൽവെച്ചു അതിനീചമായ ഏതൊ കൃത്യം നടന്നതായും, ആ ചിന്തയാൽ മാനസികമായ ഒരു പരാധീനത തനിക്കു സംഭവിച്ചതായും റൊമെയിൻ റോയനു തോന്നി. നയതന്ത്രപരമായിട്ടെങ്കിലും ഒന്നു ചിരിക്കുന്നതിനു അദ്ദേഹത്തിനു പിന്നിട്ടു കഴിയാതെയുമായി. സ്കൂൾകുട്ടികളുടെ നേതാവായ ബാലിക പെട്ടെന്നു സ്റ്റേജിൽ പ്രത്യക്ഷയായി. പരിഭ്രാന്തയായ ആ ബാലിക പേടിച്ചു വട്ടത്തിൽ കറങ്ങി നടക്കുന്ന ഒരു

പിടക്കോഴിയെപ്പോലെ കാണപ്പെട്ടു. സഭയിൽനിന്നുയർന്ന വിലാപശബ്ദങ്ങൾക്കിടയ്ക്കു നേതാവായ ബാലികയുടെ ശബ്ദം ശ്രാവ്യമല്ലായിരുന്നു. എങ്കിലും ഉഗ്രമായ ഭയാശങ്കകളും ചിന്താനാനാത്വങ്ങളും അവളുടെമുഖത്തു പ്രകാശിച്ചിരുന്നു. നിന്ദാഗർഭമായ ചേതോവികാരങ്ങൾക്കു ആ സന്ദർഭം കളമൊരുക്കുകയല്ലേ ചെയ്യുന്നതെന്നു പലരും സംശയിച്ചു. അവിടെ സന്നിഹിതനായിരുന്ന പ്രൊഫസർ നോവിക്കോവ് സ്റ്റേജിന്റെ പിന്നിലേക്കു ഓടി എത്തി. ഭയാശങ്കകൾക്കു വിധേയരായിരുന്ന അദ്ധ്യാപകരേയും യുവകലാകാരന്മാരെയുമാണ് അദ്ദേഹത്തിനു അവിടെ കാണുവാൻ കഴിഞ്ഞതു്. വിറയ്ക്കുന്ന ശരീരത്തോടുകൂടി നിന്നിരുന്ന സിൻഡ്റലായെ ഒരുവൾ സമാശ്വസിപ്പിക്കുന്നതും അദ്ദേഹം ദർശിച്ചു.

"സ്റ്റേജിൽ വേഷംകെട്ടി അഭിനയം നടത്തിയ കുട്ടികൾ എവിടെ? അവരെ സദസ്സിനു കാണിച്ചുകൊടുക്കണം" എന്നു നോവിക്കോവ് പറഞ്ഞു. സിൻഡ്റലായെ സമാശ്വസിപ്പിച്ചുകൊണ്ടിരുന്നവൾ തിരിഞ്ഞുനോക്കി. അവൾ ഗോറിന്റെ പുത്രി നൈന ആയിരുന്നു. വിസ്മയാധീനനായ പ്രൊഫസർ എന്താണു പറയേണ്ടതെന്നറിയാതെ പരുങ്ങി. നൈന പ്രൊഫസറെ സൂക്ഷിച്ചുനോക്കി. അവളുടെ നയനങ്ങൾ അഭിരാമങ്ങളും ക്രാന്തദർശനക്ഷമങ്ങളും ദുഃഖഭാവം ദ്യോതിപ്പിക്കുന്നവയുമാണെന്നു നോവിക്കോവ് മനസ്സിലാക്കി.

"മര്യാദകേടായി പെരുമാറിയതിൽ ഞാൻ ദുഃഖിക്കുന്നു" പുഞ്ചിരി തൂകിക്കൊണ്ടു് നോവിക്കോവ് പറഞ്ഞു. ഈ രാജപുത്രന്മാരേയും രാജകുമാരിമാരെയും സിൻഡ്റലാമാരെയും കുട്ടികൾക്കു കാണിച്ചു കൊടുക്കണം; അല്ലാത്തപക്ഷം ഈ സ്കൂൾ ഹാൾപോലും അവർ ഇടിച്ചു നിരത്തിയേക്കാം."

"ശരിയാണ്; അങ്ങുതന്നെ അവരെ സമാധാനിപ്പിക്കണം" അദ്ദേഹത്തിന്റെ ഇംഗിതം മനസ്സിലാക്കിക്കൊണ്ടു നൈന പറഞ്ഞു.

നൈന:– നിങ്ങൾതന്നെയോ പ്രൊഫസർ നോവിക്കോവ്?"

നോവിക്കോവ്:– അതെ.

നൈന:— നിങ്ങളെപ്പററി 'ഫിദാ' എന്നോടു ഒരിക്കൽ പറയുകയുണ്ടായി. അവളുടെ വിവരണത്തിൽനിന്നു നിങ്ങളെ എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. ഓ. . . . .എന്തൊരു ശബ്ദം! ഈ നാടകം ഇന്നു അഭിനയിക്കുവാൻ നിശ്ചയിച്ചതു് ആരാണെന്നു എനിക്കു അറിഞ്ഞുകൂടാ. ഇത്തരമൊരു നാടകമാണു് അഭിനയിക്കുവാൻ നിശ്ചയിച്ചതെന്നു നേരത്തെ ഞാൻ അറിഞ്ഞിരുന്നുവെങ്കിൽ തീർച്ചയായും ഞാൻ അതിനു അനുവദിക്കുകയില്ലായിരുന്നു.

നോവിക്കോവു്:— ഈ നാടകം തീരെ അസ്ഥാനത്തായിപ്പോയി.

നൈന:— അസ്ഥാനത്തെന്നു മാത്രമോ; വളരെ ബാലിശവുമായിപ്പോയി.

ഇങ്ങനെ നൈനയും നോവിക്കോവും തമ്മിൽ സംസാരിച്ചുകൊണ്ടു നിൽക്കുമ്പോൾ അദ്ധ്യാപകന്മാരിൽ ഒരാൾ അവിടെ ഓടിയെത്തി നാടകാഭിനയം നടത്തിയ കുട്ടികളെ ഉടനെ സ്റ്റേജിൽ കൊണ്ടുവന്നു പ്രദർശിപ്പിക്കണമെന്നും അല്ലാത്തപക്ഷം എന്തെല്ലാം സംഭവിക്കുമെന്നു പറയുക സാദ്ധ്യമല്ലെന്നും അറിയിച്ചു. സിൻഡ്റലായുടെ ഭാഗം അഭിനയിച്ച കുട്ടിയെ നൈനയും, രാജകുമാരിയുടെ ഭാഗം അഭിനയിച്ച കുട്ടിയെ നോവിക്കോവും സ്റ്റേജിൽ കൊണ്ടുവന്നു പ്രദർശിപ്പിച്ചു. മററു കുററവാളികളും അവരെ അനുഗമിച്ചു സ്റ്റേജിൽ പ്രവേശിച്ചു.

"ഇതാ നോക്കു! അവരെല്ലാം ജീവനോടുകൂടിത്തന്നെ ഇരിക്കുന്നു. യാതൊരാപത്തും അവർക്കു് സംഭവിച്ചിട്ടില്ല." നോവിക്കോവു് സദസ്യരോടു ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

സദസ്യർ സന്തോഷംകൊണ്ടു ആർത്തുവിളിച്ചു. നൈനയും നോവിക്കോവും കുട്ടികളേയുംകൊണ്ടു സ്റ്റേജിൽനിന്നു താഴെയിറങ്ങി. ആ കുട്ടികളെ റൊമെയിൻ റോയൻേറയും ഗോറിൻേറയും ചുററിലും ഇരുത്തി. അവസരോചിതമായ നോവിക്കോവിൻെറ ഈ പ്രവൃത്തിയിൽ ഗോറിൻ സന്തോഷം പ്രകടിപ്പിക്കാതിരുന്നില്ല. നോവിക്കോവിൻെറ അടുത്തായി നൈനയും ആസനസ്ഥയായി. നൈനയുടെ സമീപത്തായി ഇരുന്ന ഒരു കൊച്ചുബാലൻ അവളോടു ഇപ്രകാരം ചോദിച്ചു:—

"യഥാർത്ഥത്തിൽ ഫാദർ ക്രിസ്തുമസ് എന്നൊരാൾ ജീവിച്ചിരിപ്പുണ്ടോ?"

നൈന ആ ബാലൻെറ സംശയനിവൃത്തി വരുത്തി, "എന്തൊരു സംശയം? കരുണാർദ്രനും പരിപക്വമതിയുമായ ഒരാൾ ആ പേരിൽ ജീവിച്ചിരിക്കുന്നു്." നൈനയുടെ മനോഹരമായ കവിൾത്തടങ്ങളിൽ ബാഷ്പകണങ്ങൾ പററിപ്പിടിച്ചിരിക്കുന്നതു കണ്ടുകൊണ്ടു് ആ ബാലൻ സങ്കടകാരണം അന്വേഷിച്ചു. അവൾ സ്നേഹപൂർവ്വം ആ ബാലനെ തലോടുകമാത്രം ചെയ്തു.

ആ സദസ്സ് വീണ്ടും നിശബ്ദതയിൽ ലയിച്ചു. കാര്യപരിപാടി അനുസരിച്ച് മററു ചടങ്ങുകളും നിർവഹിക്കപ്പെട്ടു. കൂടുതൽ അനിഷ്ടസംഭവങ്ങൾ ഒന്നുംകൂടാതെ ആ മഹാസദസ്സ് പിരിയുകയും ചെയ്തു.

പാരീസിലെ വിമാനത്താവളത്തിൽ പത്രലേഖകന്മാർ ഒട്ടുമുക്കാലും സന്നിഹിതരായിരുന്നു. അവരിൽ കമ്മ്യൂണിസ്ററു് പത്രത്തിൻെറ ലേഖകൻ റോയനോടു ചോദിച്ചു:- "അങ്ങയുടെ റഷ്യൻ പര്യടനം വിജയകരമായിരുന്നുവോ?"

"കൊള്ളാം; അതൊരു പരിപൂർണ്ണവിജയമായിരുന്നു" റൊമെയിൻ റോയൻ മറുപടി പറഞ്ഞു. പത്രലേഖകന്മാർ ചോദിച്ച എല്ലാ ചോദ്യങ്ങൾക്കും ഉല്ലാസഭരിതനായി കാണപ്പെട്ട റോയൻ തക്ക മറുപടി കൊടുത്തു. എന്നാൽ അദ്ദേഹത്തിൻെറ ഹൃദയാന്തർഭാഗത്തു് എന്തോ ഒരു വിചാരം പീഡാജനകമായി അവശേഷിച്ചിരുന്നു. താൻ റോസ്റേറാവിലെ വിദ്യാലയത്തിൽ ദർശിച്ച നാടകത്തെപ്പററിയുള്ള സ്മരണകൾ റോയനു വിസ്മരിക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്തുകൊണ്ടെന്നറിഞ്ഞില്ല, ആ കുററവാളികളെ വിസ്തരിച്ച രംഗം റോയൻെറ മനസ്സിൽ മായാത്ത മുദ്രകൾ പതിച്ചിട്ടുണ്ടായിരുന്നു.

പത്രലേഖകന്മാരുടെ മദ്ധ്യത്തിൽ, അവരുമായി സംഭാഷണംചെയ്തു കഴിക്കുകയെന്നതു് റോയനു വളരെ സന്തോഷപ്രദമായ ഒരു കാര്യമായിരുന്നു. എന്നാൽ സാധാരണ കാണാറുള്ള സന്തോഷം ഈ അവസരത്തിൽ ദൃശ്യമായിരുന്നില്ല. അദ്ദേഹത്തിൻെറ ഹൃദയത്തിനും ആനന്ദാനുഭവത്തിനും മദ്ധ്യേ റോ

സ്റ്റോവിൽകണ്ട നാടകത്തിന്റെ സ്മരണകൾ—ന്യായാധിപന്മാരുടെ ഭാഗം അഭിനയിച്ച കുട്ടികളുടെ അസാധാരണമായ മുഖഭാവവും, വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവനെ രക്ഷിക്കണമെയെന്നുള്ള ബാലികയുടെ പ്രാത്ഥനകളും—ഒരു ചോദ്യചിഹ്നമായി അവശേഷിച്ചിരുന്നു. സാധാരണഗതിയിൽ നിസ്സാരമായി പരിഗണിച്ചുതള്ളാറുള്ള ആ സംഭവം, മററു പ്രകാരത്തിൽ ആനന്ദകരമായിരുന്ന റഷ്യൻ സന്ദർശനത്തെ അസുഖകരമാക്കുകയാണുണ്ടായതു്. ഈ രഹസ്യം തന്റെ അടുത്ത സ്നേഹിതന്മാരിൽനിന്നുപോലും അദ്ദേഹം രഹസ്യമായി സൂക്ഷിച്ചിരുന്നു. എങ്കിലും ജീവിതശേഷം മുഴുവൻ ഈ സ്മരണകൾ അസുഖകരമാക്കിത്തീർത്തു.

---

# അദ്ധ്യായം ഇരുപത്തിരണ്ടു്

---

പ്രൊഫസർ നോവിക്കോവിനു മനസ്സിലാക്കുവാൻ കഴിയാതിരുന്ന ഒരു പ്രത്യേകസ്വഭാവവിശേഷം മിഖായേൽ ഗോറിനുണ്ടായിരുന്നു. തന്റെ മനോരഥചക്രങ്ങളിൽ എണ്ണയിട്ടു് അയവും ലാഘവവും വരുത്തിയിരിക്കുന്നതായി അദ്ദേഹം സ്വയം വിചാരിച്ചു. ചതുരംഗം കളിച്ചുകൊണ്ടിരിക്കുമ്പോൾ നടത്തിയ സംഭാഷണങ്ങൾക്കിടയിൽ താൻ പ്രകടിപ്പിച്ച ആശയങ്ങളുടെ പ്രേരണയ്ക്കു വിധേയനായ ഗോറിൻ ഒരു പുതിയ നാടകം രചിക്കുന്നതിനു അക്ഷമനായി കഴിയുകയാണെന്നും അദ്ദേഹം അനുമാനിച്ചു. അക്കാര്യത്തിൽ ഗുൽഷാക്കു നിർവ്വഹിച്ചപങ്കിനെപ്പററി കൃതജ്ഞതയോടുകൂടിയല്ലാതെ നോവിക്കോവിനു ചിന്തിക്കാൻ കഴിഞ്ഞതുമില്ല. എന്നാൽ സുപ്രസിദ്ധനാടകകൃത്തായ ഗോറിൻ, തന്നെയും, തന്റെ സംഭാഷണത്തെയും, തനിക്കു തല്ക്കാലികമായി ഉളവാക്കുവാൻ കഴിഞ്ഞ വികാരവേശത്തെയും വിസ്മരിച്ചു കഴിഞ്ഞിരുന്നുവെന്നു അറിഞ്ഞപ്പോൾ നോവിക്കോവിനുണ്ടായ ഇച്ഛാഭംഗം അളവററതായിരുന്നു.

എന്നാൽ കാര്യങ്ങൾ അപ്രകാരമാണ് കലാശിച്ചതു്.

പെട്ടെന്നുണ്ടാകുന്ന വികാരാവേശത്തിൽ ഗോറിനുവലിയ വിശ്വാസമുണ്ടായിരുന്നില്ല. സുദീർഘമായ ആലോചനക്കു ശേഷം മനസ്സിൽതട്ടുന്ന ശക്തങ്ങളായ ആശയങ്ങൾ മാത്രമേ അദ്ദേഹം സ്വീകരിച്ചിരുന്നുള്ളൂ. അങ്ങനെ ഉത്തമങ്ങളും സുപരീക്ഷിതങ്ങളുമായ ആശയങ്ങളെ നിലനിറുത്തുവാനും പ്രചരിപ്പിക്കുവാനുമായിട്ടു മാത്രമേ ഗോറിൻ പേന കൈകളിൽ എടുത്തിരുന്നുള്ളൂ. ഇക്കാരണത്താൽ, ഒരാഴ്ചക്കുശേഷം നോവിക്കോവ് ഗോറിനെ സന്ദർശിച്ച് ഭയങ്കരനായ ഐവാൻെറ ജീവിതചരിത്രസംബന്ധമായ സൂക്ഷ്മവും വിശദവുമായ ഒരു റിപ്പോർട്ടു നൽകിയപ്പോൾ അദ്ദേഹത്തിനു അതിൻെറ ആവശ്യം മനസ്സിലാക്കുവാൻ കഴിഞ്ഞില്ല.

ഇപ്രാവശ്യം നോവിക്കോവ് ഗോറിനെ സന്ദർശിക്കുവാൻ പോകുമ്പോൾ ഗ്രുൽഷാക്കിനെക്കൂടികൊണ്ടുപോയതു വളരെ ബുദ്ധിപൂർവ്വകമായിരുന്നു. ഗ്രുൽഷാക്കുമൊത്തുള്ള സന്ദർശനത്തിൽ ഗോറിനു യാതൊരു സംശയവുമുണ്ടാകാനിടയില്ലെന്നു നോവിക്കോവ് ആലോചിച്ചു. ഗോറിൻെറ വസതിയിലുള്ള തൻെറ പെരുമാററങ്ങൾ സംശയദൃഷ്ടിയോടെ വീക്ഷിക്കരുതെന്നുകരുതി നോവിക്കോവ് ഗ്രുൽഷാക്കിനെ സമാശ്വസിപ്പിക്കുവാനും സന്തോഷിപ്പിക്കുവാനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

നോവിക്കോവ് എഴുതിക്കൊണ്ടു ചെന്നിരുന്ന റിപ്പോർട്ടിൻെറ താളുകൾ മറിച്ചുകൊണ്ടു് ഗോറിൻ ഇപ്രകാരം പറഞ്ഞു, "ഇതു് സമ്പൂർണ്ണമായ ഒരു റിപ്പോർട്ടാണ്. നമ്മൾ തമ്മിൽനടന്ന സംഭാഷണം താങ്കളുടെ ഉപരിചിന്തനത്തിനു വിഷയമാകുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. സത്യം പറയാം, അന്നുനടന്ന സംഭാഷണം ഞാൻ വിസ്മരിച്ചുപോയിരിക്കുകയായിരുന്നു. ഈ ആഴ്ച കൂടുതൽ ജോലിത്തിരക്കുള്ള ഒന്നായിരുന്നുതാനും."

നോവിക്കോവ് അർത്ഥഗർഭമായി ഒന്നു ചിരിച്ചു. "ആ സംഭവത്തെപ്പററിയുള്ള എൻെറ ചിന്തകൾ എഴുതി സൂക്ഷിക്കേണ്ടതു് എൻെറ കടമയാണെന്നു ഞാൻ കരുതി. താങ്ക

ളോടുചെയ്ത കരാറനുസരിച്ച്, അങ്ങു എഴുതുവാനുദ്ദേശിക്കുന്ന നാടകത്തിനു ആവശ്യമായ വസ്തുതകൾ, ശേഖരിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നുണ്ടു്. ഈ റിപ്പോർട്ടിലുള്ളതു എൻെറ അഭിപ്രായം മാത്രമാണ്. അവ അങ്ങേയ്ക്കു രസപ്രദങ്ങളായ വന്നേക്കാം.

ഏതോ കടപ്പാടിൽപെട്ടു വലയുന്ന ഒരുവനെപ്പോലെ ഗോറിൻ മാറിമാറി നോവിക്കോവിനെയും ഗുൽഷാക്കിനെയും നോക്കികൊണ്ടിരുന്നു. എന്താണ് സംസാരിക്കേണ്ടതെന്നു തീർച്ചയാക്കിയശേഷം പറഞ്ഞു:- "ഇത്രയും എത്തിയസ്ഥിതിക്കു ഞാൻ പിന്തിരിയുന്നതു ശരിയല്ലല്ലോ. താങ്കൾ എനിക്കുവേണ്ടി ഇത്രമാത്രം ബന്ധപ്പെട്ടതിനാൽ ഈ റിപ്പോർട്ടു വായിക്കുവാൻ ഞാൻ കടപ്പെട്ടവനാണ്."

നോവിക്കോവു മറുപടി കൊടുത്തു. "ഈ വിഷയത്തിൽ താങ്കൾ ഗുൽഷാക്കിനെയാണ് കുററപ്പെടുത്തേണ്ടതു്. ചരിത്രപരമായ ഒരു നാടകം എഴുതുവാനുള്ള പ്രേരണ ആദ്യമായി നൽകിയതു് ഗുൽഷാക്കാണ്.

"അതെ, അതെ. ഞാൻ ആയതു മനസ്സിലാക്കുന്നുണ്ടു്" ഗുൽഷാക്കിൻെറ നേർക്കു വിരൽ ചൂണ്ടിക്കൊണ്ടു് ഗോറിൻ അഭിപ്രായപ്പെട്ടു.

ഗോറിൻ വസതിയിൽ ഒരു വിഡ്ഢിയുടെ ഭാഗമാണു താൻ അഭിനയിക്കുന്നതെന്നു ഗുൽഷാക്കു മനസ്സിലാക്കി. പിശാചിനാൽ നിയന്ത്രിക്കപ്പെടുന്ന നോവിക്കോവ് പലപ്പോഴും തന്നോടു പരുഷമായി സംസാരിക്കാറുള്ള കാര്യം ഗുൽഷാക്ക് അനുസ്മരിച്ചു. നടനകലയിൽ വിദഗ്ദ്ധനായ നോവിക്കോവിനെ അദ്ദേഹത്തിനു വളരെ ഭയമായിരുന്നു.

ഈ സമയം മുറിയ്ക്കു വെളിയിൽനിന്നും മധുരമധുരമായ ഒരു ഗാനാലാപം കേൾക്കുമാറായി. ഒരു ഇററാലിയൻ ഗീതവും പാടിക്കൊണ്ടു് ഗോറിൻെറ പുത്രി നൈന സമീപിക്കുകയായിരുന്നു. നീലനിറത്തിലുള്ള നേരിയ വസ്ത്രങ്ങൾ ധരിച്ചുകൊണ്ടു് ആ സുന്ദരി, മുറിയിൽ പ്രവേശിച്ചു. സംഗീതം പെട്ടെന്നു നിലച്ചു. അല്പമായ സങ്കോചത്തോടുകൂടി അവൾ നോവിക്കോവിനെ നോക്കി. അനന്തരം ഗുൽഷാക്കിനോടു "അ

ങ്ങേക്കു ക്ഷേമംതന്നെയോ?'' എന്നു കുശലപ്രശ്നം ചെയ്തു. താല്പര്യത്തോടെ തന്നെനോക്കുന്ന നോവിക്കോവിൻ സാന്നിദ്ധ്യത്തെ തീരെ അവഗണിച്ചുകൊണ്ടാണ് ഗ്ലൾഷാക്കുമായി നൈന സംസാരിച്ചതു്. നൈന തുടർന്നു പറഞ്ഞു:- "അങ്ങയെ കാണുവാൻ ആഗ്രഹിച്ചുകൊണ്ടു് അമ്മ അതാ ആ മട്ടുപ്പാവിൽ ഇരിക്കുന്നു. അകേപറിയത്തിനു എന്തൊ തകരാറുപാറിയിരിക്കുന്നു. അങ്ങേക്കു ആയതു് ശരിപ്പെടുത്താൻ കഴിയുമെന്നാണു് അമ്മ വിചാരിക്കുന്നതു്.''

ഗ്ലൾഷാക്കു് പെട്ടെന്നു എണിററു്, "ക്ഷമിച്ചാലും!" എന്നു് പറഞ്ഞുകൊണ്ടു് ഗ്ലൾഷാക്കു് ആ മുറിയിൽനിന്നും ഇറങ്ങി നടന്നു. നൈനയും പോകാൻ ഭാവിച്ചു. എന്നാൽ ഗോറിൻ അവളെ തടഞ്ഞുകൊണ്ടു പറഞ്ഞു: "മകളെ, പ്രഫസർ നോവിക്കോവു് ഇരിക്കുന്നതു കാണുന്നില്ലയോ? അദ്ദേഹവുമായി സംസാരിക്കുക.''

പിതാവിൻെറ കല്പന അനുസരിച്ചു് നൈന പ്രഫസർ നോവിക്കോവിനെ സമീപിച്ചതു്: ചുരുചുരുപ്പുള്ള ആ സുന്ദരി മുറിയിൽകൂടി നടക്കുമ്പോൾ ഉടുത്തിരുന്ന വസ്ത്രങ്ങളിൽനിന്നു് ഒരു മമ്മരശബ്ദം പുറപ്പെട്ടു. അവൾ നോവിക്കോവിനു ഹസ്തദാനം ചെയ്തുകൊണ്ടു പറഞ്ഞു: "പിതാവെ! ഞങ്ങൾ ഇതിനു മുമ്പുതന്നെ പരിചയപ്പെട്ടു കഴിഞ്ഞിരിക്കുകയാണു്.''

അർദ്ധനിമിലിതങ്ങളായ കണ്ണുകൾകൊണ്ടു് ഗോറിൻ നോവിക്കോവിനേയും പുത്രിയേയും അടിമുടിനോക്കിക്കൊണ്ടു് ഒന്നു ചിരിച്ചു. താൻ എന്തൊരു വിഡ്ഢിയാണെന്നു അയാൾ വിചാരിച്ചു. "യുവാവായ ഈ പ്രഫസർ റിപ്പോർട്ടും തയ്യാറാക്കി വന്നിരിക്കയാണെന്നു ഞാൻ വിചാരിച്ചുപോയി. എൻെറ വസതിയിൽവന്നു നൈനയെ കാണുവാനുള്ള അയാളുടെ ഒരു വിദ്യമാത്രമാണിതു്'' ഗോറിൻ സ്വയം ചിന്തിച്ചു.

അപ്രതിക്ഷിതമായ നോവിക്കോവിൻെറ സന്ദർശനത്തിൽ ആദ്യം അസംതൃപ്തനായിരുന്ന ഗോറിൻ ഒടുവിൽ സന്തോഷഭരിതനായി കാണപ്പെട്ടു. ആ യുവതീയുവാക്കന്മാരെ സമീപിച്ചു് ഇരുകരങ്ങളും അവരുടെ തോളിൽ വച്ചുകൊണ്ടു്

പൈതൃകമായ സ്നേഹവാത്സല്യങ്ങളെ അദ്ദേഹം പ്രകടിപ്പിച്ചു: "പ്രഫസർ! നിങ്ങളുടെ റിപ്പോർട്ടു വായിച്ചുതീരുന്നതിനിടയ്ക്കു് നിങ്ങൾ എൻെറ ഉദ്യാനം നടന്നുകാണുക. നൈനാ! നമ്മുടെ ഉദ്യാനഭംഗികൾ ഇദ്ദേഹത്തിനു കാണിച്ചുകൊടുക്കണം. പ്രഫസർ! മനോഹരമായ ഒരു ഉദ്യാനമാണു് ഇവിടെ ഞങ്ങൾക്കുള്ളതു്."

ഈ വാക്കുകൾ കേട്ടു് ആശ്ചര്യത്തോടുകൂടി നോവിക്കോവു് ഗോറിനെ വീക്ഷിച്ചു: "സഖാവു് ഗോറിൻ!" നോവിക്കോവു് തുടർന്നു്, "എൻെറ റിപ്പോർട്ടിലെ കാര്യങ്ങളോടു അങ്ങു് വിയോജിക്കുന്നപക്ഷം നിർദ്ദാക്ഷിണ്യം വിമർശിച്ചുകൊള്ളുക. ഞാൻ അങ്ങയോടു് എന്നും കൃതജ്ഞനായിരിക്കും."

"എന്തിനു്, ഈ ഉപചാരവാക്കുകൾ! എന്നെ എന്തിനു് സഖാവു് ഗോറിൻ എന്നു വിളിക്കുന്നു? മിഖായേൽ എന്നു വിളിച്ചുകൊള്ളുക. പിന്നെ, നിങ്ങളുടെ റിപ്പോർട്ടിൻെറ കാര്യമാണുള്ളതു്. അതിൽ ഒന്നും വിഷമിക്കേണ്ടതില്ല. വിമർശനബുദ്ധിയോടുകൂടി ഞാൻ അതു് വായിക്കുന്നതാണു്," ഗോറിൻ പറഞ്ഞു.

"ഹാ! യൗവ്വനം! യൗവ്വനം!! അതു് എങ്ങനെയെല്ലാം കാടുകേറുന്നില്ല!!! എന്തെല്ലാം മാർഗ്ഗങ്ങളാണു് അതു് അന്വേഷിക്കുന്നതു്?" ഇപ്രകാരം വിചാരിച്ചുകൊണ്ടും, ഉള്ളിൽ ഉദിച്ചുപൊങ്ങിയ ചിരി ഒതുക്കിക്കൊണ്ടും ഗോറിൻ ആ യുവതീയുവാക്കന്മാരെ മന്ദം മന്ദം മുറിയുടെ കവാടപ്രദേശത്തേക്കു നയിച്ചു. ഇരുവരേയും ചേർത്തു ഞെക്കിക്കൊണ്ടു് ഗോറിൻ നോവിക്കോവിൻെറ ചെവികളിൽ പതുക്കെ ഒന്നു നുള്ളി. ഗോറിൻ എന്താണു് ചെയ്യുന്നതെന്നു ആലോചിച്ചുതീരുന്നതിനുമുമ്പേ നോവിക്കോവു് നൈനയുമൊത്തു് അടുത്ത ഹാളിൽ നിൽക്കുന്നതായിട്ടാണു് കാണുന്നതു്.

മുറിയിൽ ഏകനായിത്തീർന്ന ഗോറിൻ സന്തോഷാധിക്യത്താൽ ഉറക്കെ ചിരിച്ചുപോയി. എഴുത്തുമേശയോടടുത്തു് നോവിക്കോവിൻെറ റിപ്പോർട്ടു പാറിപ്പോകാതെ ഒരു 'പേപ്പർ വെയിററ്'' അതിൽവച്ചിട്ടു് വീണ്ടും ചിരിച്ചുകൊണ്ടു് സോഫായിൽപോയി കിടന്നു. അദ്ദേഹം സുഖസുഷുപ്തിയിൽ ലയിച്ചു.

യുവതീയുവാക്കന്മാരെ പരസ്പരം സംയോജിപ്പിക്കുന്ന കൃത്യത്തിൽ ശോറിനെപ്പോലെ സംതൃപ്തിയടഞ്ഞിട്ടുള്ളവർ അധികം കാണുവാനിടയില്ല.

# അദ്ധ്യായം ഇരുപത്തിമൂന്ന്

തന്റെ പിതാവിൽ ദൃശ്യമായ മനംമാററംകണ്ടു് നൈന സന്തപ്തമാനസയും ആശ്ചര്യവതിയുമായിത്തീർന്നു. പിതാവിന്റെ ഉദ്ദേശം വിഫലീകരിക്കുവാൻ അവൾ നിശ്ചയിച്ചുറച്ചു. എങ്കിലും, ആജ്ഞ അനുസരിച്ച് പിതാവിന്റെ ഉദ്യാനത്തിലേക്കു് അവൾ നോവിക്കോവിനെ നയിച്ചു. നൈന പറഞ്ഞു:- "ഈ ഉദ്യാനഭംഗികൾ കാണുന്ന ഒരു പ്രഥമ സന്ദർശകനു്, ഭൂമിയിൽ ഇത്രകണ്ടു് ചേതസ്സമാകർഷകമായ ഒരു ഉദ്യാനം ഉണ്ടാകുമോയെന്നു ന്യായമായ സംശയം ഉണ്ടാകുന്നതാണ്." രമണീയവും അതിവിസ്തൃതവുമായ ആ ഉദ്യാനം കണ്ടു് നോവിക്കോവു് അമ്പരന്നുപോയി. മനുഷ്യനിർമ്മിതമായ യാതൊന്നും ഇത്രമാത്രം രമണീയവും പരിപൂർണ്ണവുമാകുമെന്നു വിശ്വസിക്കുവാൻ അദ്ദേഹത്തിനു ശക്തിയില്ലാതെ പോയി. റഷ്യയുടെ ജീവനാഡിയായ ഡോൺ നദിയിലേക്കു ഇറങ്ങുവാൻ മാർബിൾകൊണ്ടു കല്പടികൾ കെട്ടിയിരുന്നു. ഉന്നതങ്ങളും ശില്പകലാപാടവത്തിന്റെ സജീവമാതൃകകളുമായി വിരാജിക്കുന്ന മനോഹരസൗധങ്ങളുടെ അങ്കണമദ്ധ്യത്തിൽനിന്നു ആരംഭിക്കുന്ന ആ കല്പടികൾ കണ്ടാൽ ആരുടെ ഹൃദയമാണു് കുളിർക്കാതിരിക്കുക! പാർക്കുകളുടെ ശിരോലങ്കാരമെന്നവിധം പരിലസിച്ചിരുന്ന പച്ചിലച്ചാർത്തുകൾ ഏതൊരു സന്ദർശകനെയാണു ആകർഷിക്കാതിരിക്കുക! നോവിക്കോവു് ഉദ്യാനത്തിൽക്കൂടി ഏതാനും വാര ദൂരം നടന്നപ്പോൾ, എന്തു് അത്ഭുതശക്തിയാണെന്നറിഞ്ഞില്ല, പ്രകൃതിരമണീയത മാറി മാറി പ്രത്യക്ഷപ്പെടുന്നതായി ദൃശ്യമായി. ഇടതൂർന്നു് ശാസ്ത്രീയരീതിയിൽ നിർമ്മിച്ചിരുന്ന കെട്ടിടങ്ങൾ നയനാഭിരാമമായി പരിലസിച്ചുകൊണ്ടിരുന്നു. രണ്ടു മൂന്നു മുറിക-

കളോടുകൂടിയ തൻെറ വസതി, സുഖസൗകര്യങ്ങളുടെ പരമകോടിയിലാണെന്നു സ്വയം അഭിമാനഗർവിതനായിരുന്ന നോവിക്കോവ്, ഗോറിൻെറ കൊട്ടാരഭംഗിയും ഉദ്യാനശോഭയും കണ്ടു വിസ്മയഭരിതനായിപ്പോയി.

സോവ്യററ് ഭരണകൂടത്തിൽ വലിയ സ്വാധീനംചെലുത്തിയിരുന്ന ഒരുവനായിരുന്നു നോവിക്കോവ്. റഷ്യൻ ജനതയിൽ ഏറിയ പങ്കും, ഏതാനും റൊട്ടിക്കഷണങ്ങളും, കറച്ചു മൂടുള്ള സൂപ്പും ഒഴിച്ചു യാതൊന്നും സ്വപ്നംകാണുകപോലും ചെയ്യാറില്ലെന്നു അദ്ദേഹത്തിനു അറിയാമായിരുന്നു. റഷ്യയിലെ ഉന്നത ജീവിതമണ്ഡലങ്ങളിൽ ഭാഗ്യപരിലാളിതരായികഴിയുന്നവർക്കുമാത്രം ആശിക്കുവാൻ അർഹതയുണ്ടായിരുന്ന സ്പെഷ്യൽ വിഭവസ്റ്റോറിലേക്കുള്ള ഒരു പാസ്സും, സുഖസൗകര്യങ്ങളോടുകൂടിയ ഒരു വസതിയും ലഭിക്കുവാൻ കഴിഞ്ഞിരുന്ന നോവിക്കോവ് സ്വയം അഹങ്കരിച്ചിരുന്നവരിൽ ഒരുവനായിരുന്നു. റഷ്യയിലെ ഒരു സാമാന്യക്കാരനെപ്പോലെ, ശോഭനമായ ഒരു 'നാളെ'യെ സ്വപ്നംകണ്ടും, എന്നാൽ അതിൽ വിശ്വാസം നശിച്ചും കഴിഞ്ഞിരുന്ന നോവിക്കോവിനു ആ സ്വപ്നങ്ങൾ കുറെയെല്ലാം യാഥാർത്ഥ്യങ്ങളായിത്തീർന്നിരുന്നുവെങ്കിലും ഗോറിൻെറ സുഖസൗഭാഗ്യങ്ങൾ കണ്ടപ്പോൾ അദ്ദേഹം അത്ഭുതസ്തബ്ധനായിപ്പോയി. സർവകലാശാലയുടെ അദ്ധ്യക്ഷസ്ഥാനത്തിരിക്കുന്ന ഭാഗ്യശാലിയെ അവിടെനിന്നും പറിച്ചെറിഞ്ഞെങ്കിൽ മാത്രമേ ആ ഉന്നതസ്ഥാനവും അതിനോടനുബന്ധിച്ചുള്ള സൗഭാഗ്യങ്ങളും സംപ്രാപ്യമാകുമായിരുന്നുള്ളു. എന്നാൽ ഇപ്പോൾ ആ സ്ഥാനത്തിരിക്കുന്ന വ്യക്തി ശക്തിഹീനനോ മഠയനോ ആയിരുന്നില്ല. അഥവാ, ആ വ്യക്തിയെ അവിടെനിന്നും മാററുവാൻ സാധിച്ചുവെന്നു വിചാരിക്കുക. എന്നാലും നോവിക്കോവിനുതന്നെ ആ സ്ഥാനം ലഭിക്കുമെന്നുള്ളതിനു എന്താണു ഉറപ്പുള്ളതു്? അദ്ദേഹത്തെപ്പോലെ മററു പലരും ആ സ്ഥാനലബ്ധിക്കുവേണ്ടി ആഗ്രഹിച്ചുകൊണ്ടിരിക്കുന്നില്ലേ? അപകടപൂർണ്ണവും അനിശ്ചിതവുമായ ഒരു സമരമാണു് നോവിക്കോവിനു് ദർശിക്കുവാൻ കഴിഞ്ഞതു്. റഷ്യയിലെ ഓരോ വ്യക്തിയും ഓരോ അപ്പക്കഷണങ്ങൾക്കുവേണ്ടിയും അപരനെ നെക്കിക്കൊല്ലേണ്ടതു ആവ

ശ്യമായിരുന്നുവെന്നു നോവിക്കോവിനു അറിയാമായിരുന്നു. അലങ്കാരഭാഷയിലല്ല, സത്യത്തിന്റേതായ ഭാഷയിൽ പറയുകയാണെങ്കിൽ ഈ അപ്പക്കഷണങ്ങൾക്കുവേണ്ടി രക്തപ്പുഴ ഒഴുക്കിക്കൊണ്ടു യുദ്ധം ചെയ്യേണ്ടതുണ്ടെന്നും അദ്ദേഹത്തിനു അറിയാമായിരുന്നു. ക്ഷാമപീഡിതരും ദുരിതമനുഭവിക്കുന്നവരുമായ റഷ്യൻ ജനത 'ക്യൂ'സമ്പ്രദായത്തിൽ ഒരു റാത്തൽ ബാർലിക്കും അല്ലെങ്കിൽ കുറച്ചു പഞ്ചസാരയ്ക്കുംവേണ്ടി ഷാപ്പുകളെ സമീപിച്ച് പരസ്പരം മത്സരിക്കുന്ന ദയനീയ രംഗങ്ങൾ അദ്ദേഹം കണ്ടുകൊണ്ടാണിരുന്നത്. ജീവാപായം സംഭവിക്കാതെ, ജീവൻ നിലനിറുത്തുവാനാവശ്യമായ റേഷ്യൻ സമ്പാദിച്ചു മടങ്ങുന്ന ഭാഗ്യവാന്മാരെ കണ്ടു നോവിക്കോവ് എത്ര പ്രാവശ്യം അസൂയപ്പെട്ടിട്ടില്ല. സമുദ്രാന്തർ ഭാഗത്തുനിന്നും കരസ്ഥമാക്കുവാൻ കഴിയുന്ന വിലപിടിച്ച രത്നങ്ങൾക്കു തുല്യം കരുതി എത്രയെത്ര പ്രാവശ്യം അദ്ദേഹം അല്പമായ റേഷ്യനും വാങ്ങി വസതിയിലേക്കു മടങ്ങിയിട്ടില്ല! ജനങ്ങളുടെ അഭിലാഷങ്ങളും അഭിരുചികൾക്കും വലിയമാററം സംഭവിച്ചിട്ടുണ്ട്; സ്വർണ്ണത്തിന്റെ വിലയെന്നതുപോലെ പാഴ്ച്ചെളിയുടെ വിലയും തിട്ടപ്പെടുത്തുവാൻ അവർ പഠിച്ചുകഴിഞ്ഞിരിക്കുകയാണ്.

ഇക്കാരണത്താലാണ്, ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ തന്നെ പറുദീസായിലെ സൗഭാഗ്യം അനുഭവിച്ചിരുന്നിട്ടും അതിൽ തൃപ്തിവരാതെ കൂടുതൽ എന്തോ സുഖത്തിനുവേണ്ടി തത്രപ്പെട്ടുകൊണ്ടിരുന്ന ഗോറിന്റെ ആഗ്രഹം അബദ്ധജഡിലമാണെന്നു നോവിക്കോവു വിചാരിക്കുവാനിടയായത്. ലോകത്തിൽ മറെറന്തൊരു സുഖമാണ് അദ്ദേഹം ആശിക്കുന്നത്? ഭൗതികസുഖസൗഭാഗ്യങ്ങൾ തികഞ്ഞിരുന്നിട്ടും മനുഷ്യന്റെ ആശകൾ ചിറകുകൾ വീശി ആകാശത്തേക്കു പറക്കുകയാണ് ചെയ്യുന്നത്. മനുഷ്യമനസ്സിനു ശാശ്വതമായ സംതൃപ്തിയെ പ്രദാനം ചെയ്യുവാൻ ഭൗതികസുഖങ്ങൾക്കു ശക്തി പോരാ എന്ന തത്വചിന്തയിൽ നോവിക്കോവിന്റെ മനസ്സ് വ്യാപരിച്ചിരുന്നില്ല. സാന്മാർഗ്ഗികചിന്തകളുടെ മൂല്യത്തെപ്പററി ചിന്തിക്കുകയെന്നോ? അതുസയ്യാബദ്ധം! ഒരുവനു സാന്മാർഗ്ഗികമൂല്യത്തെ എങ്ങനെവേണമെങ്കിലും വിലമതിക്കാം;

എഴുതാം. പത്രങ്ങളിൽ അവയെ പരാമർശിക്കുന്ന ലേഖനങ്ങൾ വായിക്കാം; യോഗങ്ങളിലും ചർച്ചാ സംഘങ്ങളിലും ഇവയെ സംബന്ധിക്കുന്ന വാദപ്രതിവാദങ്ങളിൽ ഏർപ്പെടാം. എങ്കിലും റഷ്യയിൽ ഒരാളും അവയെ വിശ്വസിക്കുകയൊ ആദരിക്കുകയോ ചെയ്തിരുന്നില്ല. 'സോളോവെങ്കി'ദ്വീപിൽ വെച്ച് അവസാനത്തെ പുരോഹിതനെയും വെടിവെച്ചു നശിപ്പിച്ചതോടുകൂടി സന്മാർഗ്ഗജീവിതത്തെപ്പററിയുള്ള വിചാരം റഷ്യയിൽ അവസാനിക്കുകയാണ് ചെയ്തത്.

ഗോറിനെപ്പററിയുള്ള മോസ്കോയുടെ അഭിപ്രായങ്ങളും തീരുമാനങ്ങളും ശരിതന്നെയൊ എന്നും നോവിക്കോവ് സംശയിക്കുവാൻ ആരംഭിച്ചു. അന്നുവരെ 'ഡ്റൊസദ്' പറഞ്ഞിരുന്ന അഭിപ്രായങ്ങളെ അദ്ദേഹം അത്ര കാര്യമാക്കിയിരുന്നില്ല. ഗോറിൻ കോപോജ്ജ്വലനാകുവാനുള്ള കാരണമെന്താണ്? അദ്ദേഹത്തിൻെറ എതിർപ്പ് എപ്രകാരമുള്ളതാണ്? മഹാനായ ഒരുവൻ അയാളുടെ അഭിപ്രായങ്ങൾ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു എന്നു കരുതിയാൽ മതിയാകുമോ? ആ എതിർപ്പിൻെറ സ്വഭാവമെന്താണ്? ഏതോ അസംതൃപ്തി — പ്രായാധിക്യംകൊണ്ടെന്നു വ്യാഖ്യാനിക്കാവുന്ന ഏതോ മാനസികമായ അസ്വസ്ഥത—ആയിരിക്കാം അതിൻെറ കാരണം. നിലവിലിരിക്കുന്ന ഭരണകൂടത്തോടൊ, പാർട്ടിയുടെ നയങ്ങളോടൊ ഉള്ള അസംതൃപ്തി എന്നതിനേക്കാൾ വ്യക്തിഗതമായ അസംതൃപ്തിയായിരിക്കാം ആ എതിർപ്പിനു കാരണമായിരുന്നത്.

4732

മോസ്കോയുടെ നയങ്ങളെ പിൻതാങ്ങിക്കൊണ്ടുള്ള ലേഖനങ്ങളൊ പ്രസംഗങ്ങളൊ ഗോറിനിൽനിന്നും അടുത്തകാലത്തു ഉണ്ടായിട്ടില്ലാത്തതു അദ്ദേഹത്തിൻെറ മാനസികമായ ക്ഷീണാധിക്യംകൊണ്ടാവാമെന്നു പറയുവാൻ കഴിയും. അദ്ദേഹത്തിൻെറവക ലേഖനങ്ങൾ, ആദ്യകാലത്തു ഭരണാധികാരികൾ ചെയ്തിരുന്നതുപോലെ അച്ചടിച്ചു പ്രചരിപ്പിക്കാവുന്നതുമാണല്ലൊ. പിന്നെയെന്താണ് സംശയത്തിനും ഭയത്തിനും കാരണം? ഗോറിനെ, നോവിക്കോവു സംശയിക്കാൻ കാരണമെന്തായിരിക്കാം?

തൻെറ പുത്രിയെപ്പററിയുള്ള ചിന്തയായിരിക്കാം ഗോ

റിനെ സങ്കടപ്പെടുത്തുന്നതെന്നു നോവിക്കോവു വിചാരിച്ചു. അവളുടെ അമാനുഷികമായ സൗന്ദര്യവിലാസവും തൻമൂലമുണ്ടാകാൻ ഇടയുള്ള ഭയാശങ്കകളുമായിരിക്കുമോ ഗോറിനെ സങ്കടപ്പെടുത്തിയതു്? കാരണം അതായിരിക്കാൻ ഇടയില്ലെന്നു അദ്ദേഹം അഭ്യൂഹിച്ചു. മനോഹരമായ ആ ഉദ്യാനത്തിൽ —സമത്ഥനായ കലാകാരൻെറ കൈവിരുതു് അകൃത്രിമമായ പ്രകൃതിരമണീയതയുമായി ചേർന്നു കാണപ്പെടുന്ന ആ ഉദ്യാനത്തിൽ — മററെന്തൊരു ചിന്തയാലാണു് ഗോറിൻ സങ്കടപ്പെടുന്നതു്? നൈനയുടെ സൗന്ദര്യം അകൃത്രിമമാണു്. അവളുടെ ലോകം ആ ഉദ്യാനവും അതിൻെറ മദ്ധ്യത്തിലുള്ള കൊട്ടാരവുമായിരുന്നു.

നൈനയുടെ പെരുമാററത്തിൽ യാതൊരു കൃത്രിമതപവും ഉണ്ടായിരുന്നില്ല. നൈന, സാധാരണസ്ത്രീകൾ ചെയ്യാറുള്ളതുപോലെ അനാവശ്യസംഭാഷണങ്ങളിൽ ഏർപ്പെടുക പതിവില്ലായിരുന്നു. പരസ്പരം കൂട്ടിമുട്ടാറുള്ള പുരികക്കൊടികളെക്കൊണ്ടു ശോഭിക്കുന്നമുഖത്തിൽ പുഞ്ചിരിയോടുകൂടി അവൾ തൻെറ വിദ്യാഭ്യാസത്തെപ്പററിയും, സവ്വകലാശാലയെപ്പററിയും നോവിക്കോവിനു അവിടെയുള്ള സ്ഥാനത്തെപ്പററിയും അദ്ദേഹത്തോടു സംസാരിക്കുക പതിവായിരുന്നു. ഒരു പ്രഫസർ എന്ന നിലയിലല്ല, പിന്നെയോ, സമനിലയിലുള്ള രണ്ടു വ്യക്തികൾ എന്ന നിലക്കുള്ള നൈനയുടെ പെരുമാററം പ്രഫസരുടെ സൂക്ഷ്മനിരീക്ഷണത്തിനു വിധേയമായി.

അവൾ നോവിക്കോവിനോടു ഇപ്രകാരം പറഞ്ഞു:- "ഫിയദോർ! എൻെറ പിതാവു് അങ്ങയെ ക്ഷണിച്ചുവരുത്തിയതു് അങ്ങക്കു എന്നെ പരിചയപ്പെടുത്തുവാനാണോ?" നൈന വളരെ ഗൗരവത്തോടുകൂടിയാണു് ഇപ്രകാരം ചോദിച്ചതു്.

"അല്ല; നിങ്ങൾ തെററിദ്ധരിച്ചിരിക്കുന്നു. മററുദ്ദേശത്തോടുകൂടിയാണു് ഞാൻ നിൻെറ പിതാവിനെ സന്ദർശിച്ചതു്. നിങ്ങളെ കാണണമെന്നു എനിക്കു് യാതൊരു ഉദ്ദേശവുമുണ്ടായിരുന്നില്ല."

"അങ്ങനെയെന്നു സത്യംചെയ്തു പറയാമോ?" നൈന ചോദിച്ചു.

"എന്തിന്?" ഫിയദോർ മറുപടി പറഞ്ഞു.

നൈന വീണ്ടും തുടർന്നു: "കൊള്ളാം. അപ്പോൾ നിങ്ങൾ വിവാഹപ്രാർത്ഥനയുമായി എന്നെ സമീപിക്കുകയായിരുന്നില്ല, അല്ലേ? അങ്ങു പറഞ്ഞതു സത്യമെങ്കിൽ നമുക്കു ഹസ്തദാനം നടത്തി മേലിൽ സ്നേഹിതരായി വർത്തിക്കാം. വിവാഹപ്രാർത്ഥനയുമായി വരുന്നവരെ ഞാൻ വെറുക്കുന്നു." ഇത്രയും പറഞ്ഞുകൊണ്ടു് നൈന നോവിക്കോവിന്റെ കരങ്ങളെ ഗ്രഹിച്ചു അവളുടെ മുഖത്തുനിന്നും സൗന്ദര്യം വഴിഞ്ഞുകൊണ്ടിരുന്നു. ഇതികർത്തവ്യതാമൂഢനായിത്തീർന്ന നോവിക്കോവു് ആ സുന്ദരിയെ നോക്കി ഒന്നു മന്ദഹസിച്ചു. അല്പം ഇളിഭ്യനായിത്തീർന്ന നോവിക്കോവു് വിചാരിച്ചു:– "ഇത്ര മനോഹരമായ നയനങ്ങൾ വേറെവിടെ എനിക്കു് കാണുവാൻ കഴിഞ്ഞിട്ടുണ്ടു്?" നൈനയ്ക്കു ഇഷ്ടകരമായ എന്തൊ പറയുവാൻ അദ്ദേഹം ആഗ്രഹിച്ചു. തന്റെ ചിന്തയെ അദ്ദേഹം ഇങ്ങനെ പ്രകാശിപ്പിച്ചു:- നൈന! നിന്റെ നയനങ്ങൾ അതിമനോഹരങ്ങൾതന്നെ."

അവളുടെ പുരികങ്ങൾ വക്രതയെ പൂണ്ടു. നോവിക്കോവിന്റെ കരങ്ങളിലമർന്നിരുന്ന തന്റെ കരങ്ങൾ അവൾ വലിച്ചെടുത്തു. അവളുടെ മുഖത്തു ഗാംഭീര്യം പ്രകാശിച്ചു. അവൾ തുടർന്നു പറഞ്ഞു:- "ഇനി ഇവിടെ അധികം താമസിക്കാതെ തിരിച്ചു നടക്കുന്നതാണു് നല്ലതെന്നു ഞാൻ വിചാരിക്കുന്നു. അതാ, അങ്ങോട്ടു നോക്കൂ! തളിർത്തും പൂത്തും കാണുന്ന ആ പച്ചിലക്കാടിന്റെ സമീപമാണു് മനോഹരമായ ഒരു സരസ്സു് കാണുവാൻ കഴിയുന്നതു്."

തനിക്കു് അബദ്ധം പറ്റിപ്പോയി എന്നും പറഞ്ഞ വാക്കുകൾ നൈനയ്ക്കു് ഇഷ്ടമായിട്ടില്ലെന്നും നോവിക്കോവു് മനസ്സിലാക്കി. സ്ത്രീകളുമായുള്ള സംഭാഷണത്തിൽ ഫലിതവും ശകാരവും സ്തുതിയും ഇടകലർന്ന ഒരു ഭാഷാരീതിയാണു് നോവിക്കോവു് സാധാരണയായി ഉപയോഗിക്കാറുണ്ടായിരുന്നതു്. ആ രീതി ഉത്തമമാണെന്നു അനുഭവത്തിൽനിന്നു അദ്ദേഹം മനസ്സിലാക്കിയിരുന്നു. എന്നാൽ സുപരീക്ഷിതമായ തന്റെ ആ രീതി നൈനയുമായുള്ള സംഭാഷണത്തിൽ അസ്ഥാനത്തായിപ്പോയി എന്നു് നോവിക്കോവു് ഗ്രഹിച്ചു.

# അദ്ധ്യായം ഇരുപത്തിനാലു്

ഗോറിൻെറ ഭാൎയ്യ 'ലൂബാ'യും സാധാരണ സ്ത്രീകളെപ്പോലെ, തീക്ഷ്ണവികാരങ്ങളിൽ, വിശേഷിച്ചും, അസുഖകരങ്ങളും അവ്യക്തങ്ങളുമായ വികാരങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരുന്നു. അങ്ങനെയുള്ള വികാരങ്ങളെ കൂട്ടുകാരെ അറിയിക്കുകയോ, അല്ലാത്തപക്ഷം, ഹൃദയത്തിൽ ഒതുക്കിനിറുത്തുന്ന ആ ചിന്തകളിൽ സ്വയം എരിയുകയോ ആണു് മിക്കവാറും സ്ത്രീകൾ ചെയ്യാറുള്ളതു്. ലൂബായാകട്ടെ, അസുഖകരമായ ചിന്തകൾ ഉണ്ടായാൽ അവയുടെ കാരണം മനസ്സിലാക്കി അവയെ കഴിയുന്നത്ര വേഗം നശിപ്പിക്കുകയായിരുന്നു പതിവു്. അക്കാൎയ്യത്തിൽ ലൂബാ പ്രദർശിപ്പിച്ചിരുന്ന വ്യഗ്രത പ്രത്യേകം പറയേണ്ടിയിരിക്കുന്നു.

തൻെറ ചില ചിന്തകളേയും സംശയങ്ങളേയും ദൂരീകരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് പുത്രിയെ അയച്ചു് 'ഗുൽഷാക്കി'നെ ക്ഷണിച്ചുവരുത്തിയതു്. എന്നുതുടങ്ങിയാണോ ഗുൽഷാക്കിൻെറ സ്വഭാവത്തിൽ ഒരു മാററം ദൃശ്യമായതു് അന്നുമുതൽ ലൂബായുടെ മനസ്സു് അസ്വസ്ഥമായിത്തീർന്നു. ഗുൽഷാക്കിൻെറ ആഗമനവും പ്രതിക്ഷിച്ചു് മട്ടുപ്പാവിൽ വിശ്രമിച്ചിരുന്ന ലൂബാ, അയാളിൽനിന്നും പൂർണ്ണവിവരങ്ങൾ മനസ്സിലാക്കി തൻെറ അസ്വസ്ഥതയെ പരിഹരിക്കാമെന്നു സമാശ്വസിക്കുകയായിരുന്നു.

മട്ടുപ്പാവിൽ ആഗതനായ ഗുൽഷാക്കു്, ലൂബായോടു ചോദിച്ചു:- "നിങ്ങളുടെ 'അക്വേറിയ'ത്തിനു എന്തു തകരാറു പററി?

ലൂബാ:- ഗുൽഷാക്കു്! അക്വേറിയത്തിനു പററിയ കേടുപാടുകൾ അല്പംകഴിഞ്ഞു തീർത്താലും മതിയാകും. എനിക്കു് നിങ്ങളുമായി ചില കാൎയ്യങ്ങളേപ്പററി രഹസ്യമായി ചിലതു സംസാരിക്കുവാനുണ്ടു്.

ഗുൽഷാക്കു്:- സംസാരിക്കുവാനുണ്ടെന്നോ? കൊള്ളാം നല്ലതുതന്നെ. ഒരു ഉത്തമ സുഹൃത്തായ നിങ്ങളുമായി സംസാരിക്കുന്നതു തീർച്ചയായും എനിക്കു ആനന്ദകരമാണു്.

ഗ്രൾഷാക്ക് മധുരമായി ഒന്നു ചിരിച്ചു. അയാളുടെ വാക്കുകളും ആകർഷണീയമായ പുഞ്ചിരിയും ലൂബായ്ക്കു സന്തോഷത്തേക്കാൾ സങ്കടമാണുണ്ടാക്കിയതു്: എതിർവശത്തുകിടന്ന ഒരു ചാരുകസേര ചൂണ്ടിക്കാണിച്ചുകൊണ്ടു ലൂബാ പറഞ്ഞു.

ലൂബാ:— ഈ അടുത്തകാലത്തു് നിങ്ങളുടെ സ്വഭാവത്തിനു് ഒരു മാററം സംഭവിച്ചിരിക്കുന്നതായി ഞാൻ കാണുന്നുണ്ടു്. നിങ്ങൾ നിഷേധരൂപത്തിൽ തലകുലുക്കിയിട്ടു കാര്യമില്ല; എനിക്കു യാതൊരു തെററും പററിയിട്ടില്ല. ഏതോ ചിന്തകൾ നിങ്ങളുടെ മനസ്സിനെ അസ്വസ്ഥമാക്കുന്നുണ്ടു്; നിങ്ങൾ ഏതോ ഒന്നിനെ ഭയപ്പെടുന്നതായും തോന്നുന്നു. അതു് നിങ്ങളെമാത്രം സ്പർശിക്കുന്ന കാര്യമാണെങ്കിൽ ഞാൻ അറിയുവാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ നിങ്ങളിൽ കാണുന്ന ഭാവവ്യത്യാസം എൻെറ ഭർത്താവായ മിഖെയേലിനേക്കൂടി ബന്ധിക്കുന്നതായിട്ടാണു് ഞാൻ കാണുന്നതു്. അദ്ദേഹത്തിൻെറ ഭാര്യ എന്ന നിലയ്ക്കു് അതേസംബന്ധിച്ച് അറിയുവാൻ എനിക്കു കടമയും അവകാശവുമുണ്ടു്. അത്രമാത്രം; ഞാൻ യാതൊന്നും ഒളിക്കാതെ, തുറന്നു പറയുകയാണു്. താങ്കൾ ഞങ്ങളുടെ ഒരു പഴയ സ്നേഹിതനാണു്. യാതൊന്നും മറച്ചുവയ്ക്കാതെ എല്ലാം തുറന്നു പറയുമെന്നു ഞാൻ പ്രതീക്ഷിക്കട്ടെയോ?

അത്രകണ്ടു സുഖപ്രദമല്ലാത്ത ഈ മുഖവുരയോടുകൂടി ലൂബാ ഒരു ദീർഘനിശ്വാസം ചെയ്തു. "ഇനി ഇദ്ദേഹം എൻെറ ചോദ്യത്തിനു ശരിയായ ഉത്തരം തരും; സംശയങ്ങൾ ദൂരീകൃതങ്ങളായിത്തീരും" അവൾ ഗ്രൾഷാക്കിൻെറ മറുപടി കേൾക്കുവാൻ അക്ഷമയായി.

പക്ഷേ, വേണ്ടസമയത്തു് ലൂബാ സംശയനിവൃത്തി വരുത്തിയില്ല. ഈ സന്ദർശനത്തിനു ഒരാഴ്ചമുമ്പേ, നോവിക്കോവിനെ വളരെ കരുതലോടെ സൂക്ഷിച്ചുകൊള്ളണമെന്നു ഗോറിനോടു പറയുവാൻ ഗ്രൾഷാക്ക് ഉദ്ദേശിച്ചിരുന്നതാണു്. എന്നാൽ ഇപ്പോൾ അപ്രകാരമുള്ള ഒരു സൂചനപോലും നൽകിയാൽ ഉണ്ടാകാവുന്ന ഭയങ്കര ഭവിഷ്യത്തു സ്മരിച്ചു് അദ്ദേഹം ഭയചകിതനായിത്തീർന്നു.

കള്ളംപറഞ്ഞു ഒഴിഞ്ഞുമാറുക മാത്രമായിരുന്നു അപ്പോൾ അദ്ദേഹത്തിനു കരണീയമായി ശേഷിച്ചതു്. പക്ഷേ, അയാൾ ഒരു നല്ല നടനായിരുന്നില്ല. സത്യം മറച്ചുവെച്ചു സംസാരിക്കുവാൻ ഗ്രൽഷാക്ക് അസമർത്ഥനുമായിരുന്നു. ആന്തരികമായ ഏതോ പീഡയാലെന്നതുപോലെ അയാൾ അല്പനേരം മൗനംദീക്ഷിച്ചുകൊണ്ടു നിന്നുപോയി. പിന്നീടു ഇപ്രകാരം പറഞ്ഞു:- "ലൂബാ! ക്ഷമിച്ചാലും! നിങ്ങൾ എന്തൊരു ഭാവപ്പകർച്ചയെപ്പറ്റിയാണു പറയുന്നതെന്നു എനിക്കു് മനസ്സിലാകുന്നില്ല. പ്രത്യേകമായ ഭാവഭേദവും എനിക്കു ഉണ്ടായിട്ടില്ല...... കഴിഞ്ഞ ആഴ്ചയിൽ നടന്ന സംഭവങ്ങൾ എൻെറ മനസ്സിനെ ഇളക്കിമറിച്ചിട്ടുണ്ടായിരിക്കാം. 'മിർസോയൻെറ' വേർപാടും, എൻെറ റിപ്പോർട്ടും അതുപോലെയുള്ള പല സംഭവങ്ങളും ഒരുവേള അസ്വാസ്ഥ്യത്തിനു കാരണമായിരുന്നിരിക്കാം. എന്നാൽ അവയ്ക്കു മിഖേയേല്യമായി യാതൊരു ബന്ധവും ഇല്ലെന്നു ഖണ്ഡിച്ചു പറയാം."

ഗ്രൽഷാക്ക് തൻെറ വാക്കുകൾ അവസാനിപ്പിച്ചു. അതീവതാല്പര്യത്തോടെ അയാളുടെ വാക്കുകൾ കേട്ടുകൊണ്ടിരുന്ന ലൂബായുടെ മുഖം സാവധാനം വിവർണ്ണഭാവം പൂണ്ടു. അയാളുടെ പെരുമാററംകണ്ടു ലൂബാ ലജ്ജിതയായി. ഉത്തമസ്നേഹിതനായി കരുതപ്പെട്ടിരുന്ന ഗ്രൽഷാക്ക് പച്ചക്കള്ളമാണു് പറയുന്നതെന്നു അവൾക്കു അറിയാമായിരുന്നു. ദീർഘകാലമായുള്ള പരിചയത്തിനിടയിൽ അന്നു ആദ്യമായി ഗ്രൽഷാക്കിൻെറ നോട്ടം പതറുന്നതായും ലൂബാ കണ്ടു. അയാളുടെ കൈവിരലുകൾ വിറയ്ക്കുന്നുണ്ടായിരുന്നു. "ഇയ്യാളുടെ സ്ഥിതി എത്ര പരിതാപകരമായിരിക്കുന്നു" അവൾ വിചാരിച്ചു. തൻെറ മനസ്സിനെ ഇളക്കിമറിച്ചുകൊണ്ടിരുന്ന ചിന്തകൾ യഥാർത്ഥങ്ങളാണല്ലോ എന്നോർത്തു ലൂബാ സമാശ്വസിക്കുകയുംചെയ്തു. ഉദ്യാനത്തിലേക്കു നോക്കിക്കൊണ്ടു അവൾ മൃദുസ്വരത്തിൽ ആത്മഗതമായി പറഞ്ഞു: "ഗ്രൽഷാക്ക്! നിങ്ങൾ മിഖേയേലിനെ അറിയുവാൻ തുടങ്ങിയിട്ടു് എത്ര വർഷങ്ങളായി?"

കരങ്ങൾകൊണ്ടു് സമീപമുള്ള വായുവിനെ സ്പർശിച്ചു് ഇപ്രകാരം ഗ്രൽഷാക്ക് മറുപടി കൊടുത്തു: "മുപ്പതൊ അതിൽ കൂടുതലൊ ആയി. ശരിയായ ഓർമ്മയില്ല."

"ഇത്ര ദീർഘമായ കാലഘട്ടത്തിനുള്ളിൽ ഒരിക്കലെങ്കിലും മിഖേയേൽ നിങ്ങളോടു കള്ളംപറഞ്ഞിട്ടുണ്ടോ" ലൂബാ ചോദിച്ചു.

ഗുൽഷാക്ക് കസേരയിൽനിന്നും ചാടി എണീററു. തന്റെ അഭിമാനത്തെ ചോദ്യം ചെയ്യപ്പെടുന്നതായി അയാൾ മനസ്സിലാക്കി. "ലൂബാ! എന്നോടു ക്ഷമിച്ചാലും! ഞാൻ. . . . ആണെന്നു പറയുവാൻ നിങ്ങൾ ഭാവിക്കുകയാണോ?" അയാൾ ഉദ്വേഗത്തോടെ ചോദിച്ചു.

പെട്ടെന്നു അയാളെ നിവർത്തിപ്പിച്ചുകൊണ്ടു് ലൂബാ തുടർന്നു:- "അതെ, അങ്ങനെ പറയുവാനാണു് ഞാൻ ആഗ്രഹിക്കുന്നതു്. നിങ്ങൾ പറഞ്ഞതു കള്ളമാണു്; എന്തിനെന്നു എനിക്കു മനസ്സിലാകുന്നില്ല. മററാരേയുംകാൾ നിങ്ങൾ ഇപ്പോൾ മനോവ്യഥ അനുഭവിക്കുന്നതായും കാണുന്നു. ഇതു കഷ്ടംതന്നെ. മനഃസാക്ഷിക്കെതിരായിട്ടാണു് കള്ളം പറയുന്നതെന്നു ഓർക്കണം."

ഈ വാക്കുകൾ ഗുൽഷാക്കിനെ കൂടുതൽ ദയനീയനും ക്ഷീണിതനുമാക്കി. "ലൂബാ! അങ്ങനെ പറയരുതു്" അയാൾ മന്ത്രിച്ചു. "അങ്ങനെ പറയരുതു്, നിങ്ങൾക്കു എന്നെ നന്നായിട്ടു അറിവുള്ളതാണല്ലോ. ഇപ്രകാരമുള്ള ചിന്തകൾക്കു അവസരം നൽകിയതുതന്നെ . . . . ." വിങ്ങിക്കരഞ്ഞുകൊണ്ടു ഗുൽഷാക്ക് കൈയ്യിലിരുന്ന ടവാലകൊണ്ടു് മുഖം തുടച്ചു.

"ഗുൽഷാക്ക്! എന്തിനാണു് ഇപ്രകാരം സ്വയം പീഡിതനാകുന്നതു്? എന്താണു് കുഴപ്പമെന്നു തുറന്നു പറയൂ" ലൂബാ പറഞ്ഞു.

ഗുൽഷാക്ക് മൗനമായി നിന്നു. "അവൾ വീണ്ടും ചോദ്യം തുടർന്നാൽ പിടിച്ചു നിൽക്കുവാൻ എനിക്കു ശക്തിപോരാ" ഈ വിചാരത്തിന്റെ ഫലമായി ഗുൽഷാക്കിന്റെ ഹൃദയത്തുടിപ്പുകൾ മന്ദീഭവിക്കുകയും കാലുകൾ ഇടറുകയുംചെയ്തു. "അങ്ങനെയാകട്ടെ . . . . .നോവിക്കോവിനെ കരുതലോടെ സൂക്ഷിക്കണമെന്നു പറയുകതന്നെ. അതായിരിക്കും നല്ലതു്. . . . . .അയാളുടെ പേരുമാത്രം പറഞ്ഞാൽ മതിയാകും. ഓ!

ഈശ്വരാ! ഞാൻ എന്താണു ചെയ്യുക?'' അയാൾ വിചാരിച്ചു.

"ഗുൽഷാക്ക്! പറയൂ; തുറന്നു പറയൂ" ലൂബാ വീണ്ടും ആവശ്യപ്പെട്ടു.

അപകടപൂർണ്ണമാകാനിടയുള്ള വാക്കുകൾ പറയുവാൻ ആരംഭിച്ച ക്ഷണത്തിൽ, വെള്ളംകോരുന്ന ഒരു പാത്രവുമായി ഒരു ഭൃത്യൻ മട്ടുപ്പാവിൽ പ്രത്യക്ഷപ്പെട്ടു.

"നിങ്ങൾക്കെന്തുവേണം?" ലൂബാ കോപത്തോടെ ചോദിച്ചു.

"ചെടികൾ നനയ്ക്കുവാൻ വന്നതാണ്'' അയാൾ പറഞ്ഞു.

"എത്രയോ പ്രാവശ്യം ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതാണ്, വാതിലിൽ മുട്ടിയ ശേഷമേ അകത്തു കടക്കുവാൻ പാടുള്ളൂ എന്ന്, പോകൂ, ദൂരെ പോകൂ.'' ലൂബാ ആജ്ഞാപിച്ചു.

"അങ്ങ് ഇവിടെയിരിക്കുകയാണെന്നു അടിയൻ അറിഞ്ഞിരുന്നില്ല'' ഭൃത്യൻ പുറംതിരിഞ്ഞു നടകൊണ്ടു. ലൂബാ വാതിലുകൾ തട്ടി അടച്ചു.

"ഗുൽഷാക്ക്! പറയൂ!" നഷ്ടീഭവിച്ചിരുന്ന സുബോധം വീണ്ടെടുത്ത അയാൾ ഉത്തരം പറഞ്ഞു:– "നിങ്ങൾക്ക് വിരോധമില്ലെങ്കിൽ ഞാൻ പോകട്ടെ. ഞാൻ പോകുന്നതാണ് നല്ലതു്. എനിക്കു വലിയ ക്ഷീണം തോന്നുന്നു.''

അലക്ഷ്യഭാവത്തിൽ ലൂബാ തലകുലുക്കുകമാത്രം ചെയ്തു. ഗുൽഷാക്കു പറയുവാൻ ഉദ്ദേശിച്ചിരുന്നതിൽ കൂടുതൽ അയാളുടെ മുഖഭാവത്തിൽനിന്നും അവൾ മനസ്സിലാക്കി. ലൂബാ അയാളെ വാതിൽപടിക്കലേക്കു നയിച്ചു. വേദനാകരമായ ചിന്തകൾകൊണ്ടു അവളുടെ ഹൃദയം നൊന്തു.

വെളിയിലിറങ്ങിയപ്പോൾ ഗുൽഷാക്ക് കൈവിരലുകൾകൊണ്ടു് നെററിത്തടത്തിൽ സ്ഫുടിച്ചിരുന്ന വിയർപ്പുതുള്ളികൾ വടിച്ചെറിഞ്ഞു. തൽക്കാലം താൻ രക്ഷപെട്ടു എന്ന വിചാരത്തോടുകൂടി അയാൾ തന്നത്താൻ പറഞ്ഞു: "എന്റെ

നാശത്തിനു ലൂബായുടെ സമീപം ഞാൻ വഴി തെളിച്ചുകഴി ഞ്ഞിരിക്കുന്നു.''

അപകടപൂർണ്ണമാകുവാൻ ഇടയുള്ള ആ വിവരം പറ ഞ്ഞിരുന്നുവെങ്കിൽ തൻേറയും തൻെറ ഭാര്യയുടേയും സ്ഥിതി എന്തായിരിക്കുമായിരുന്നു എന്നു ഭാവനയിൽ കണ്ടുകൊണ്ടു അ യാൾ പറഞ്ഞു: "ഇല്ല; ഏതു സാഹചര്യത്തിലും ഞാൻ അതു ആവർത്തിക്കുകയില്ല.''

തൽക്കാലത്തേക്കു രക്ഷപെട്ടുവെങ്കിലും ഗ്രൽഷാക്കിൻെറ മനസ്സ് ചിന്താപടലങ്ങൾകൊണ്ട് ആവരണംചെയ്യപ്പെട്ടി രുന്നു. അജ്ഞാതമായി അവശേഷിക്കുന്ന ആ രഹസ്യം ഗോ റിൻേറയും ലൂബായുടേയും ചിന്തകൾക്കു വിധേയമാകാതിരി ക്കുകയില്ലെന്നും; ഒരു പ്രചണ്ഡവാതംകണക്കെ അടിച്ച് അ പകീർത്തിക്കും അപകടങ്ങൾക്കും അത് കാരണമാകാതിരി ക്കുകയില്ലെന്നും അദ്ദേഹം ആലോചിച്ചു. ഒരു മോഷ്ടാവിൻെറ പതുങ്ങുന്ന ദൃഷ്ടികളോടുകൂടി അയാൾ ഗോറിൻെറ സമീപം ഒരുവിധം മടങ്ങിയെത്തി. "ഈശ്വരാ! ഞാൻ എത്രകണ്ടു ക്ഷീണിതമാനസനായിരിക്കുന്നു; നഷ്ടീഭവിച്ച എൻെറ ശക്തി എനിക്കു തിരിച്ചു നൽകണമേ! എന്നെ നശിപ്പിക്കരുതേ. . . . . . അയാൾ മന്ദമായി പറഞ്ഞുപോയി.

നോവിക്കോവും നൈനയും ഉദ്യാനത്തിൽനിന്നു മടങ്ങി വരുന്നതിനുള്ളിൽ ഗോറിൻ സുഖമായി ഒന്നു ഉറങ്ങിക്കഴിഞ്ഞി രുന്നു. പ്രസന്നവദനനായി കാണപ്പെട്ട ഗോറിൻ അവരോടു ചോദിച്ചു:– "ഉദ്യാനഭംഗികൾ നിങ്ങൾക്കു സുഖപ്രദമായി രുന്നുവൊ?"

"ഇദ്ദേഹത്തിനു ഞാൻ ഉദ്യാനഭംഗികൾ എല്ലാം കാണി ച്ചുകൊടുത്തു" നൈന പറഞ്ഞു.

"വളരെ നന്നായി" ഗോറിൻ പറഞ്ഞു. പിന്നീട് നോ വിക്കോവിൻെറ നേർക്ക് തിരിഞ്ഞു, "ഞാൻ നിങ്ങളുടെ റി പ്പോർട്ട് മുഴുവൻ വായിച്ചു. എന്നെ ആയതു് വളരെ രസി പ്പിച്ചു. അതു് അവിടെ ഇരിക്കട്ടെ. അതിലെ ചില ഭാഗ ങ്ങൾ എനിക്കു ഒരിക്കൽക്കൂടി വായിക്കണം. നമുക്ക് സൗക

ഷ്ടമുള്ള ഒരു സമയം അതേപ്പററി കൂടുതൽ ചിന്തിക്കാം. സൗക ര്യമുള്ളപ്പോൾ വീണ്ടും വരണം."

മനസ്സിലുണ്ടായ സന്തോഷം വളരെ പണിപ്പെട്ടു നിയ ന്ത്രിച്ചുകൊണ്ടു നോവിക്കോവ് ചോദിച്ചു:- "ഭീകരനായ ഐ വാൻെറ സമുദ്രാഭിമുഖമായുള്ള പുറപ്പാടിനെപ്പററിയുള്ള റി പ്പോർട്ടിലെ ആശയം അങ്ങ് ഇഷ്ടപ്പെടുന്നുണ്ടോ? അത് ഒരു പുതിയ ആശയമാണ്."

"അതെ, അതെ. അത് വളരെ രസകരമായിരിക്കുന്നു" ഗോറിൻ മറുപടി പറഞ്ഞു. ഉള്ളിൽ പൊങ്ങിവന്ന ചിരി അ ടക്കുവാൻ ഗോറിൻ വളരെ ശ്രമിക്കുന്നതു് ദൃശ്യമായിരുന്നു.

നോവിക്കോവ് സ്വവസതിയിലേക്കു മടങ്ങി. അന്നു രാ ത്രി അദ്ദേഹത്തിനു നിദ്രാസുഖം അനുഭവിക്കുവാൻ സാദ്ധ്യമാ യില്ല. തൻെറ ജീവിതത്തെയോ ഗോറിനെയോ സംബന്ധി ക്കുന്ന ചിന്തകളായിരുന്നില്ല അദ്ദേഹത്തെ നിദ്രാവിഹീന നാക്കിയതു്. സുന്ദരിയായ നൈനയെപ്പററിയുള്ള ചിന്തകളാ ണ് നോവിക്കോവിനെ നിദ്രാവിഹീനനാക്കിയതു്.

---

## അദ്ധ്യായം ഇരുപത്തഞ്ച്

---

നോവിക്കോവ് സഹോദരന്മാർ ഒരു വ്യവസായസ്ഥാപ നത്തിൻെറ ഡയറക്ടരായ 'സിദ്റോവി'നെ സന്ദർശിച്ചു. ആയാസകരമായ സർവ്വകലാശാലാ പരീക്ഷകൾ കഴിഞ്ഞിരി ക്കുമ്പോൾ, പ്രഫസർ നോവിക്കോവ് സിദ്റോവിൻെറക്ഷ ണം അനുസ്മരിക്കുകയുണ്ടായി. തൻെറ സഹോദരനുമൊ ത്തു അദ്ദേഹം സിദ്റോവിൻെറ വേനൽക്കാല വിശ്രമമന്ദിര ത്തിൽചെന്നു. സിദ്റോവ് സൗഹാർദ്ദപൂർവ്വം അതിഥികളെ സ്വീകരിച്ചു. വിഭവസമൃദ്ധമായ ഒരു ഡിന്നറിനുശേഷം അ വരെ സിദ്റോവ് തൻെറ ചെറുകപ്പൽ കിടന്ന സ്ഥലത്തേക്കു നയിച്ചു. അഭിമാനഗർവ്വത്തോടുകൂടി അദ്ദേഹം അതിഥികളെ

കപ്പലിൻെറ ഉള്ളിലേക്ക ക്ഷണിച്ചു. യന്ത്രങ്ങൾ ഘടിപ്പിച്ചിരുന്ന മനോഹരമായ ആ കപ്പൽ മന്ദംമന്ദം നയനാഭിരാമമായ ഡോൺ നദിയുടെ തീരത്തുനിന്നും 'അസ്ട്രോവി'നെ ലക്ഷ്യമാക്കി നീങ്ങിത്തുടങ്ങി.

ചുററിലുമുള്ള പ്രകൃതി സൗകുമാര്യം അധികസമയം ആസ്വദിക്കുവാൻ അവർക്ക സാദ്ധ്യമായില്ല. സൂര്യാസ്തമനത്തിനുമുമ്പുണ്ടായ കേവലം അപ്രതീക്ഷിതമായ മഴ, കപ്പലിൻെറ തട്ടിൽനിന്നും ഉള്ളിലെ മുറിയിൽ പ്രവേശിക്കുവാൻ നിർബ്ബന്ധിതരാക്കി. കപ്പൽ ഓടിച്ചുകൊണ്ടിരുന്ന ഐവാൻ മാത്രം തട്ടിൽ ശേഷിച്ചു.

സിദ്റോവിൻെറ ഭാര്യയും പുത്രിയും കപ്പലിൻെറ അകത്തുള്ള മുറിയിൽ ഇരിക്കുകയായിരുന്നു. പുത്രിയായ 'ലിദാ' വളരെ സന്തോഷമുള്ളവളായി കാണപ്പെട്ടു. ഇതിനു പ്രത്യേകകാരണവുമുണ്ടായിരുന്നു. ആകാംക്ഷാഭരിതമായ പരീക്ഷകഴിഞ്ഞിട്ട ഒരാഴ്ചയെ ആയിരുന്നുള്ളു. വിശ്രമിക്കുവാനും ആനന്ദിക്കുവാനും നീണ്ട രണ്ടു മാസങ്ങൾ അവളുടെ മുമ്പിൽ കിടന്നിരുന്നു.

"നിങ്ങൾക്ക വളരെ സമർത്ഥമായി പാടുവാൻ കഴിവുണ്ടല്ലോ" സിദ്റോവ് നിക്കൊളൊയെ സ്തുതിച്ചു പറഞ്ഞു.

വ്യവസായ ശാലയുടെ ഭിത്തികൾക്കുള്ളിൽ ഭയങ്കരനും അപ്രാപ്യനുമായി കാണപ്പെടാറുള്ള സിദ്റോവ് കപ്പലിലെ മുറിയ്ക്കുള്ളിൽ ദയാസമന്വിതനും സൗമ്യശീലനുമായിട്ടാണ് കാണപ്പെട്ടത്. സംതൃപ്തിയെ പ്രകാശിപ്പിക്കുന്നവിധം അധരങ്ങൾ കടിച്ചുകൊണ്ടും കരങ്ങൾകൊണ്ടു താളം പിടിച്ചും സിദ്റോവ് ഉല്ലാസഭരിതനായി കഴിച്ചു. മദ്യപിച്ചുകഴിയുമ്പോൾ അദ്ദേഹത്തിൻെറ കണ്ണുകൾ പ്രകാശമാനങ്ങളും മററവസരങ്ങളിൽ ഗൗരവപൂർണ്ണങ്ങളുമായി കാണാമായിരുന്നു.

റഷ്യൻ ഭരണാധികാരികൾ പുരോഹിതന്മാരെ വധിച്ചു ദേവാലയവസ്തുക്കൾ കണ്ടുകെട്ടിയിരുന്നു. ഒരു പുരോഹിതൻെറ സ്ഥാനവസ്ത്രങ്ങൾകൊണ്ടു നെയ്തുണ്ടാക്കിയിട്ടുള്ള ഒരു തൊപ്പി, മുണ്ഡനം ചെയ്തിരുന്ന സിദ്റോവിൻെറ ശിരസ്സിൽ ഒട്ടിപ്പിടിച്ചിരുന്നു. ആ മാതിരി തൊപ്പി റഷ്യൻ ജനതയുടെ

യിടയിൽ ഒരു പരിഷ്കാരചിഹ്നമായിരുന്നുതാനും. റോസ്റ്റോവിലെ ഷാപ്പുകളിൽ ഇത്തരം തൊപ്പി കുന്നുകുന്നായിക്കൂട്ടി വില്പനയ്ക്കുവെച്ചിരുന്നു. സാധാരണയായി സിദ്റോവ് കമ്മ്യൂണിസ്ററു പാർട്ടി അംഗങ്ങൾ ധരിക്കാറുള്ള ഒരു ഷർട്ടാണ് ധരിക്കാറുണ്ടായിരുന്നത്. എന്നാൽ ഒഴിവു ദിവസങ്ങളിൽ മനോഹരമായ 'ഡിസൈനുകളുള്ള യുക്രേനിയൻ വേഷമാണ് ധരിച്ചിരുന്നത്.

സ്വഭാവം പരുഷമായിരുന്നുവെങ്കിലും സിദ്റോവ് അദ്ദേഹത്തിൻെറ തൊഴിലിൽ അതീവസമർത്ഥനായിരുന്നു. തൻെറ വ്യവസായ ശാലയിലെ ജോലിക്കാരോടു ചില സമയങ്ങളിൽ സ്നേഹപൂർവ്വം പെരുമാറിയിരുന്നുവെങ്കിലും സാധാരണഗതിയിൽ വളരെ പരുഷമായിട്ടാണ് സമ്പർക്കം പുലർത്തിയിരുന്നത്.

നോവിക്കോവു സഹോദരന്മാരുടെ സന്ദർശനത്തിൽ സിദ്റോവു വളരെ ആഹ്ളാദിച്ചു. തൻെറ വ്യവസായ ശാലയിലെ ഉദ്യോഗസ്ഥന്മാരുടെ ദുർമുഖങ്ങൾ നിത്യവും കണ്ടുകൊണ്ടും, അവരുടെ അലസതയിലും അജ്ഞതയിലും കുപിതനായും സമയം ചിലവഴിച്ചിരുന്ന സിദ്റോവിന്ന് നോവിക്കോവു സഹോദരന്മാരുടെ സാന്നിദ്ധ്യം സന്തോഷകരമായിരുന്നുവെങ്കിൽ അതിൽ അത്ഭുതത്തിനവകാശമില്ലല്ലോ.

നിക്കൊളോയ് പാട്ടു് നിറുത്തിയപ്പോൾ ആതിഥേയനായ സിദ്റോവ് ഒരു ഗ്ലാസിൽ ഒന്നാംതരം ബ്രാണ്ടി ഒഴിച്ചു കൊടുത്തു. ഒററപ്പിടിക്കു അയാൾ അതു മുഴുവൻ ഉള്ളിലാക്കി. ചിത്രത്തിൽ മാത്രം കാണുവാൻ കഴിഞ്ഞിരുന്ന "ടാങ്കി"ൻെറ കുറവുകളെപ്പററി സിദ്റോവുമായി ഒരു വാദപ്രതിവാദത്തിൽ നിക്കൊളോയ് ഏർപ്പെട്ടു. ഇങ്ങനെ, കപ്പലിനുള്ളിലെ മുറി ശബ്ദായമാനവും ആനന്ദപ്രകടന രംഗവുമായി മാറി. ആ മുറിയിൽ ഇട്ടിരുന്ന ഒരു വട്ടമേശയുടെ സമീപം, ഒരു റാന്തൽ വിളക്കിനു താഴെ, അവരെല്ലാവരും സംഭാഷണങ്ങളിൽ ഏർപ്പെട്ടു ഉല്ലാസഭരിതരായി കഴിഞ്ഞു. ലഹരിപദാർത്ഥങ്ങൾ, പഴവർഗ്ഗങ്ങൾ, എന്നിവ ആ മേശയിൽ കുന്നുകുന്നായി വച്ചിരുന്നു. അടുത്തു നടക്കുവാനിരുന്ന വർഷപാതത്തെയും, മലഞ്ചെരുവുകളിലെ കുസുമങ്ങളിലെ സൗരഭ്യത്തെയും വഹി

ച്ചുകൊണ്ടു് അവിടെ അടിച്ചിരുന്ന മന്ദമാരുതൻ അവൎക്കു നവോന്മേഷത്തെ പ്രദാനം ചെയ്തുകൊണ്ടിരുന്നു.

തിരമാലകളുടെ മുകൾപരപ്പിൽകൂടി ഒരു കളിവഞ്ചി എന്നു കണക്കെ ആ ചെറുകപ്പൽ ചാഞ്ചാടി കളിച്ചുകൊണ്ടു മുമ്പോട്ടു നീങ്ങുകയായിരുന്നു. കപ്പലിന്റെ ചാഞ്ചാട്ടത്തിനനുസരണമായി മേശയുടെ മുകളിൽ തൂക്കിനിറുത്തിയിരുന്ന റാന്തൽ ഇളകിയാടിക്കൊണ്ടിരുന്നു. മഴയുടെ ശല്യത്തിൽനിന്നു രക്ഷപ്രാപിക്കുവാൻ പറന്നെത്തിയ ഈയലുകളും പൂമ്പാററകളും റാന്തലിനു ചുററും പറന്നു്, നേരെ താഴെ കിടന്നമേശയിലെ വെള്ളത്തുണിയിൽ വീണുകൊണ്ടിരുന്നു. ആനന്ദകരമായ അവരുടെ സംഭാഷണം ഒന്നിൽനിന്നു മററൊന്നിലേക്കു എന്ന മട്ടിൽ ശാഖോപശാഖംക്രമണം ചെയ്തുകൊണ്ടിരുന്നു.

“അപ്പോൾ, പ്രഫസർ! അങ്ങിൽനിന്നും ഒരു ‘പാർട്ടി’ ഞങ്ങൾക്കും കിട്ടുവാൻ പോകുന്നുവെന്നു തോന്നുന്നുവല്ലൊ” സിദ്റോവ് ഒരു ദീർഘനിശ്വാസത്തിനുശേഷം പറഞ്ഞു. നിക്കൊളൊയുമായുള്ള വാദപ്രതിവാദത്തിൽ, അററകുററം സംഭവിച്ച ‘ടാങ്ക്’ ഉപയോഗശൂന്യമായിക്കരുതി തള്ളുകയല്ല വേണ്ടതു്, പിന്നയോ, അതിന്റെ അററകുററങ്ങൾ തീർത്തു് അടുത്ത യുദ്ധത്തിൽ ഉപയോഗിക്കുവാൻ സൂക്ഷിക്കുകയാണു് വേണ്ടതെന്നു സ്ഥാപിച്ചു് വിജയം കൈവരിച്ച സിദ്റോവിന്റെ അഭിപ്രായം എല്ലാവരുടെയും ശ്രദ്ധയെ ആകർഷിച്ചു.

“പാർട്ടി!” അതുകൊണ്ടു് അങ്ങു എന്താണു് വിവക്ഷിക്കുന്നതു്? നോവിക്കോവു ചിരിച്ചുകൊണ്ടു ചോദിച്ചു.

“ഞാൻ വിവക്ഷിക്കുന്നതെന്താണെന്നു താങ്കൾക്കു അറിയാമെന്നുതന്നെ ഞാൻ ദൃഢമായി വിശ്വസിക്കുന്നു.” സിദ്റോവ് മറുപടി പറഞ്ഞു. അങ്ങു സർവ്വകലാശാലയുടെ അദ്ധ്യക്ഷനായി നിയമിതനാവാൻ പോവുകയാണു്. റൊസ്റ്റോവിലുള്ള എല്ലാവരും ഇക്കാര്യം അറിഞ്ഞു കഴിഞ്ഞിരിക്കുന്നു. അതു തീർച്ചയായും സമുചിതമായി ആഘോഷിക്കപ്പെടേണ്ടതു തന്നെ.”

“കൊള്ളാം, ഇതാണോ താങ്കൾ വിവക്ഷിച്ചതു്. അതൊരു ‘കേൾവി’മാത്രമാണു്. അതു വിശ്വസിക്കേണ്ടതില്ല.

ഇങ്ങനെയൊരു ആശയംതന്നെ ജനങ്ങൾക്കു എവിടെനിന്നു ലഭിച്ചു എന്നു എനിക്കു മനസ്സിലാകുന്നില്ല." നോവിക്കോവു പ്രതിവചിച്ചു.

"തീ ഇല്ലാത്ത സ്ഥലത്തു പുക ഉണ്ടാകാറില്ലല്ലൊ. വിശ്വസനീയമായ കേന്ദ്രത്തിൽ നിന്നാണ് ഈ വാർത്ത എനിക്കു ലഭിച്ചിട്ടുള്ളതു്. അടുത്തൊരു സുദിനത്തിൽ ഈ നിയമനം നിങ്ങൾക്കു പ്രതീക്ഷിക്കാവുന്നതാണ്. ഏതായാലും എനിക്കു ഒരു കാര്യം പറയുവാൻ കഴിയും. ഈ നിയമനം ബുദ്ധിപൂർവ്വമായ ഒരു തീരുമാനമെന്നതിൽ സംശയമില്ല. ഒന്നാമതായി, നിങ്ങൾ റൊസ്റ്റോവിലെ ഒരു പൗരനാണെന്നുള്ളതാണ്. രണ്ടാമതു്, ഇപ്പോഴത്തെ സർവ്വകലാശാലാദ്ധ്യക്ഷനായ ബെലോസിയോറോവ് ഒരു സംഘടനാ പ്രവർത്തകൻ എന്ന നിലയിൽ തീർത്തും അയോഗ്യനാണ്. ബെലോസിയോറോവു ഒരു ചീത്തമനുഷ്യനാണെന്നതാണ് മൂന്നാമതായി പറയാനുള്ളതു്. 'ലിദാ' സിദ്റോവു പുത്രിയെ വിളിച്ചുകൊണ്ടു ചോദിച്ചു. "ഞാൻ പറഞ്ഞതു പരമാർത്ഥമല്ലയോ?" പിന്നീടു തന്റെ സമീപം ആസനസ്ഥനായിരുന്ന നിക്കോളോയുടെനേരെ തിരിഞ്ഞുകൊണ്ടു സിദ്റോവു ചോദിച്ചു "നിങ്ങൾ ഞാൻ പറയുന്നതു ശ്രദ്ധിക്കുന്നില്ലല്ലോ."

ആ മുറിയുടെ തട്ടുപലകയിൽ എവിടെയൊ ദൃഷ്ടികൾ പതിച്ചുകൊണ്ടിരുന്ന നിക്കൊളോവ് ലിദായുടെ വാക്കുകൾ കേട്ട് ഞെട്ടി ഉണർന്നു് വായും പിളർന്നു് അവളെ നോക്കി.

"നിങ്ങൾ എവിടെയായിരുന്നു? സ്വപ്നലോകത്തിലോ? പൊട്ടിച്ചിരിച്ചുകൊണ്ടു ലിദാ അന്വേഷിച്ചു.

"ലിദാ! അദ്ദേഹം അനുരാഗോഷ്മാവിൽ വെന്തെരിഞ്ഞുകൊണ്ടിരിക്കുകയാണെന്നു ഉടനെ നിനക്കു മനസ്സിലാക്കുവാൻ കഴിയും" സിദ്റോവു പറഞ്ഞു.

"നിക്കോളോയ് അനുരാഗവാനെന്നോ! വെറും അസംബന്ധം!" നോവിക്കോവു അഭിപ്രായം പറഞ്ഞു "അനുരാഗം! ആ വാക്കിന്റെ അർത്ഥംപോലും നിക്കോളോവിനു അറിഞ്ഞുകൂടാ."

അവരുടെ ഇപ്രകാരമുള്ള തമാശവാക്കുകൾ കേട്ടുകൊണ്ടു് നിക്കോളോയ് മൗനം ദീക്ഷിച്ചുകൊണ്ടിരുന്നു. പ്രകാശമാനങ്ങളായ കണ്ണുകൾ അദ്ദേഹത്തിൻെറ ഉത്തമപ്രകൃതിയെ വെളിവാക്കുവാൻ പോരുന്നവയായിരുന്നു. അദ്ദേഹം ഒരു പുതിയ കണ്ടുപിടുത്തം നടത്തുകയായിരുന്നു. പ്രഥമസന്ദർശനത്തിൽ അവജ്ഞാപൂർവ്വം പരിഗണിക്കപ്പെട്ട ലിദാ നിക്കോളോവിൻെറ ഭാവനാ മുകുരത്തിൽ പ്രതിഫലിക്കുവാൻ ആരംഭിച്ചു. ലിദായെ നോവിക്കോവിൻെറ ഭാര്യാ പദത്തിൽ കാണുവാനാണു് മാതാവായ 'നതാലിയാ' ആഗ്രഹിച്ചിരുന്നതു്.

നതാലിയാ:- പ്രഫസർ! ഈ വേനക്കാലം എവിടെ ചിലവഴിക്കാനാണു് അങ്ങു ഉദ്ദേശിക്കുന്നതു്?

നോവിക്കോവ്:- മിക്കവാറും റൊസ്റ്റോവിൽതന്നെയായിരിക്കും. വളരെ പ്രധാനമായ ചില കാര്യങ്ങൾ എനിക്കു അവിടെ ചെയ്തുതീർക്കുവാനുണ്ടു്. ഒരു മാസം ക്രീമിയായിൽ താമസിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ നിങ്ങൾക്കറിയാമല്ലൊ, "മനുഷ്യൻ ഒന്നു വിചാരിക്കുന്നു; ഈശ്വരൻ മറെറാന്നു ചിന്തിക്കുന്നു."

നതാലിയാ:- അങ്ങനെയെങ്കിൽ, സൗകര്യമുള്ളപ്പോഴെല്ലാം ഞങ്ങളെവന്നു സന്ദർശിക്കുക. നിങ്ങളുടെ സന്ദർശനം ഞങ്ങൾക്കു വളരെ സന്തോഷമായിരിക്കും. ഈ വേനക്കാലം മുഴുവൻ ഇവിടെ കഴിക്കുവാനാണു് ഞങ്ങൾ നിശ്ചയിച്ചിട്ടുള്ളതു്. ലിദാ അവളുടെ അവധിക്കാലം എന്നോടുകൂടി 'സോച്ചിയി'ലാണു് കഴിക്കാറുള്ളതു്. എന്നാൽ ഇക്കൊല്ലം ഞങ്ങൾ ചില പ്രത്യേക കാരണങ്ങളാൽ ഇവിടെ കഴിക്കുവാനാണു് തീരുമാനിച്ചിട്ടുള്ളതു്. ലിദായെക്കൂടാതെ തനിച്ചുപോകുവാൻ ഞാൻ ആഗ്രഹിക്കുന്നുമില്ല. ലിദാ എന്നോടുകൂടി അവളുടെ അവസാനദിനങ്ങൾ കഴിക്കുകയാണു്. അതു കഴിഞ്ഞാൽ അവൾ കൂടുവിട്ടു പറക്കുന്ന ഒരു പക്ഷിയെപ്പോലെ എന്നെ പിരിയുകയും ചെയ്യും. - - - -" നതാലിയാ ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ കണ്ണുരണ്ടും നിറഞ്ഞു കഴിഞ്ഞിരുന്നു.

നതാലിയായുടെ അന്തരംഗം നോവിക്കോവിനു പൂർണ്ണമായി ഗ്രഹിക്കുവാൻ കഴിഞ്ഞു. പുത്രിക്കു അനുരൂപനായ

ഒരു ഭർത്താവിനെ സ്വാധീനമാക്കുവാനുള്ള നതാലിയായുടെ ശ്രമത്തിൽ നോവിക്കോവിനു ചിരിവന്നുപോയി. പ്രശാന്തനായിരിക്കുമ്പോൾ നോവിക്കോവ് ആകർഷണീയനും ഉത്തമപ്രകൃതിയുള്ളവനുമായിരുന്നു. കൈകൾ മടിയിൽ മടക്കിവച്ചുകൊണ്ടു സമീപമിരുന്ന ലിദായുമായി നോവിക്കോവ് നിർബാധം സരസസല്ലാപങ്ങളിൽ ഏർപ്പെട്ടുവാനുമാരംഭിച്ചു.

"നൈനയും ലിദായും തമ്മിൽ എന്തൊരു അന്തരം? ലിദായുടെ സജീവവും ശിശുതുല്യം നിർമ്മലമായ മുഖഭാവവും കരസ്പർശം തീണ്ടിയിട്ടില്ലാത്തതും പുറത്തു കടക്കുവാൻ ബദ്ധപ്പെടുന്നതും സംവർണ്ണകുംഭങ്ങളെന്നു പ്രതീതിയുണ്ടാക്കുന്നവയുമായ ബ്ളൗസിനുള്ളിലെ സാധനവും നോക്കിക്കൊണ്ടു നോവിക്കോവ് വിചാരിച്ചു:- "നൈന സുന്ദരിയും ബുദ്ധിശാലിയും സ്ത്രീത്വം തികഞ്ഞിട്ടുള്ളവളുമാണ്; എന്നാൽ അവളുടെ സൗന്ദര്യം തീകണക്കെ ആപത്കരവുമാണ്; ആ സൗന്ദര്യം ഭയത്തെ ഉളവാക്കാൻ ശക്തവുമാണ്. അവളുമായുള്ള സന്ദർശനം കഴിഞ്ഞിട്ടു നാളുകൾ പലതു കഴിഞ്ഞിട്ടും എനിക്കു അന്നുണ്ടായ വിറയൽ ഇന്നു പൂർണ്ണമായി മാറിയിട്ടില്ല. - - - ലിദാ, ലളിതസ്വഭാവമുള്ളവളും ശുദ്ധമാനസയുമാണ്; ഭയത്തെ ഉളവാക്കുന്ന യാതൊന്നും അവളിൽ കാണുന്നില്ല; അവൾ സ്നേഹസമ്പന്നയും പരമവിശ്വസ്തയുമാണ്. നൈനയോ, സദാസമയവും വീക്ഷിക്കപ്പെടേണ്ടവൾതന്നെ. ഗോറിൻെറ വസതിയിൽ എല്ലാം കുഴഞ്ഞു മറിഞ്ഞും കെട്ടുപിണഞ്ഞും കാണപ്പെടുന്നു. അവിടെ എനിക്കു കള്ളം പറയേണ്ടതായും പലതും അഭിനയിക്കേണ്ടതായുംവരുന്നു. ഇവിടെയാകട്ടെ, ഞാൻ സർവ്വകലാശാലയിലെ ഒരു പ്രഫസർ! അത്രമാത്രം. പോളിററ് ബ്യൂറോയുടെ ഏജൻറായ എൻെറ സഹോദരൻ സിദ്റോവിൻെറ വേനൽക്കാല വസതിയിൽ പ്രവേശനംപോലുമില്ലാതെ പുറത്തു നില്ക്കുകയാണ്. അതു അത്ഭുതകരംതന്നെ! ലളിതമായും നിർഭയരായും കഴിഞ്ഞുകൂടുന്ന ഇവരോടൊത്തു രസിക്കുന്നതു് തീർച്ചയായും ആനന്ദകരംതന്നെ."

നോവിക്കോവ് സഹോദരന്മാരെ ലിദാ സൂക്ഷിച്ചുനോക്കിക്കൊണ്ടിരിക്കുകയായിരുന്നു. നിക്കൊളോവ് ഒരു ഫലിതക്കാരനെന്നു അവൾ ചിലപ്പോൾ വിചാരിക്കും; ചിലപ്പോൾ

അദ്ദേഹത്തിൽ അവൾക്കു താല്പര്യം ഉണ്ടാവുകയും ചെയ്തു. എന്നാൽ നോവിക്കോവിനെ കുറച്ചു ഭയത്തോടുകൂടിയാണു് അവൾ വീക്ഷിച്ചിരുന്നതു്. ഒരു പ്രഫസർ എന്ന നിലയിലൊ, പരീക്ഷകാലങ്ങളിൽ കഠിനാദ്ധ്വാനത്തെ, നിർബന്ധമായി അനുശാസിക്കുന്ന ഗംഭീരനായ ഒരു പരീക്ഷകനെന്ന നിലയിലൊ ലിഡാ അദ്ദേഹത്തെ ഭയപ്പെട്ടുകയായിരുന്നില്ല. ലിഡായുടെ ഭയം അജ്ഞാതവും പുതിയ സാഹചര്യത്തിൽനിന്നും ഉണ്ടായതുമായിരുന്നു. നോവിക്കോവിനെ പൂർണ്ണമായി മനസ്സിലാക്കുവാൻ ലിഡായ്ക്കു കഴിഞ്ഞിരുന്നില്ല. അവളുടെ ദൃഷ്ടിയിൽ അദ്ദേഹം അജ്ഞാതനും അസാമാന്യനുമായിരുന്നു. നോവിക്കോവിൻെറ പരിചയം സമ്പാദിക്കുവാൻ ഇടയായതിൽ ഒരു ശിശുവിനെപ്പോലെ അവൾ സന്തോഷിച്ചു. നോവിക്കോവിൽ ഇല്ലാത്തതും ഉണ്ടാകുവാൻ സാദ്ധ്യമല്ലാത്തതുമായ വിശിഷ്ടഗുണങ്ങൾ ഉണ്ടെന്നു ആ സാധുയുവതി വിശ്വസിച്ചുപോയി. ലിഡായുടെ ഈ ചിന്തകൾ അറിയുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ സഹതാപസൂചകമായ ആ ചിരി അദ്ദേഹം ചെയ്യുകയില്ലായിരുന്നു; അഥവാ, ഹൃദയശൂന്യതയെ മുഖഭാവംകൊണ്ടു ഗോപനം ചെയ്യുവാനുള്ള തൻെറ കഴിവിനെ അനുസ്മരിപ്പിച്ച് നോവിക്കോവ് അത്ഭുതപ്പെട്ടമായിരുന്നു; അതുമല്ലെങ്കിൽ, നിരപരാധിനിയായ ഒരു യുവതിയുടെ ഹൃദയത്തിൽ അപ്രാപ്യമായ മധുരസ്വപ്നങ്ങൾ ജനിപ്പിക്കുവാൻ സഹായിച്ച തൻെറ പ്രവൃത്തികളെ ഓർത്തു് നോവിക്കോവ് ലജ്ജിതനാകുമായിരുന്നു.

# അദ്ധ്യായം ഇരുപത്താറ്

"ആ ഫ്റഞ്ചുകാരനെപ്പററിയുള്ള നിങ്ങളുടെ അഭിപ്രായമെന്താണ്? നിങ്ങൾ അദ്ദേഹത്തെ ഇഷ്ടപ്പെടുന്നുണ്ടോ?" സിദ്റോവ് പ്രഫസർ നോവിക്കോവിന്റെ അഭിപ്രായം അന്വേഷിച്ചു.

"റൊമെയിൻ റോയനെപ്പററിയാണോ ചോദിക്കുന്നത്? ഒരിക്കൽ വിദ്ര്യാലയത്തിൽവന്നിരുന്ന അവസരത്തിൽ കാണുകയുണ്ടായി. അദ്ദേഹവുമായി സംസാരിക്കുവാൻ എനിക്ക് അവസരം ലഭിച്ചില്ല" നോവിക്കോവ് പറഞ്ഞു.

"പുതുതായി നിർമ്മിച്ച തടങ്കൽ പാളയം ഒരു ആശുപത്രിയാണെന്നുപോലും അദ്ദേഹം മനസ്സിലാക്കിയിട്ടാണ് തിരിച്ചുപോയത്. എന്നാൽ വിദേശികളെല്ലാം ഇദ്ദേഹത്തെപ്പോലെ ശുദ്ധന്മാരാണെന്നു ധരിക്കരുത്" സിദ്റോവു പറഞ്ഞു.

നതാലിയാ:— ലിയോനിസ് സിദ്റോവ് വിദേശികളുമായി നല്ല പരിചയം നേടിയിട്ടുള്ള ദേഹമാണ്. ഒരു കൊല്ലം മുഴുവൻ അദ്ദേഹം അമേരിക്കയിലാണ് കഴിച്ചത്.

നോവിക്കോവ്:—ഓഹോ! എന്നിട്ടു ആ വിവരം നിങ്ങൾ എന്നോടു പറഞ്ഞില്ലല്ലൊ. അമേരിക്കയിലെ നിങ്ങളുടെ അനുഭവങ്ങൾ രസകരമായിരിക്കുമല്ലൊ.

സിദ്റോവ്:— അതെ, അതെ. വളരെ രസകരമായിരുന്നു. സാങ്കേതിക പഠനത്തിനുവേണ്ടി എന്നെ അമേരിക്കയിൽ അയച്ചതാണ്. സാങ്കേതിക പരിജ്ഞാനത്തിൽ വളരെ മുമ്പിൽ നിൽക്കുന്ന ഒരു രാജ്യമാണ് അമേരിക്ക. കമ്മ്യൂണിസ്റ്റുകാരായ നമ്മോടുള്ള അവരുടെ പെരുമാററത്തിലുള്ള മര്യാദയാണ് എന്നെ ഏററവും ആശ്ചര്യപ്പെടുത്തിയത്. അമേരിക്കയിൽ എവിടെയും ചുററി സഞ്ചരിക്കുവാനുള്ള സ്വാതന്ത്ര്യം ഞങ്ങൾക്കു അനുവദിച്ചിരുന്നു. ഞങ്ങളിൽനിന്നും യാതൊന്നും അവർ മറച്ചുവച്ചിരുന്നില്ല."

നോവിക്കോവ്:—(നിഷേധരൂപത്തിൽ തലകുലുക്കിക്കൊണ്ടു പറഞ്ഞു) നിങ്ങളുടെ വ്യവസായശാലയിൽവെച്ചു ഫ്റഞ്ചുകാരനെ കബളിപ്പിച്ചതുപോലെ അവരും നിങ്ങളെ കബളിപ്പിച്ചിരിക്കാം.

സിദ്റോവ്:- ഇല്ലില്ല. അവർ ഞങ്ങളെ കബളിപ്പിക്കുകയായിരുന്നില്ല. ആദ്യം അവിടെ കണ്ടവയൊന്നും ഞങ്ങൾക്കു വിശ്വസിക്കുവാൻ കഴിഞ്ഞിരുന്നില്ല. ഞങ്ങളെ അവരുടെ വലയിൽ കുടുക്കുമെന്നുതന്നെയാണ് ഞങ്ങൾ വിശ്വസിച്ചിരുന്നതും. അവർ പറഞ്ഞതന്നതൊന്നും ഞങ്ങൾക്കു വിശ്വസിക്കുവാനും കഴിഞ്ഞില്ല. എന്നാൽ അവിടെ ചുററിനടന്നു എല്ലാം കണ്ടുകഴിഞ്ഞപ്പോൾ, അവയെല്ലാം യഥാർത്ഥമായിട്ടുള്ളവയെന്നു ഞങ്ങൾക്കു ബോദ്ധ്യമായി. ഞങ്ങൾ അത്ഭുതസ്തബ്ധരാകയും ചെയ്തു.

നോവിക്കോവ്:— "അവിടെവെച്ചു നിങ്ങൾ ഇംഗ്ലീഷ് ഭാഷ പഠിച്ചുവോ?

സിദ്റോവ്:— ഇല്ല; അതിനു ഞങ്ങൾക്കു സമയമുണ്ടായിരുന്നില്ല. പോരെങ്കിൽ ഞങ്ങൾക്കു അവിടെ ലഭിച്ചതു 'മരമണ്ട'നായ ഒരു അദ്ധ്യാപകനെയുമായിരുന്നു. ഇംഗ്ലീഷിൽ പാഠങ്ങൾ ആരംഭിച്ചു റഷ്യൻഭാഷയിൽ അവസാനിപ്പിക്കുകയായിരുന്നു പതിവ്. എത്ര കൂടുതലായി മദ്യപിക്കുവാൻ സാധിച്ചുവോ അത്ര കൂടുതലായി ഞങ്ങൾക്കു പരസ്പരം മനസ്സിലാക്കുവാനും കഴിഞ്ഞു.

ലിദാ:— പിതാവെ! അമേരിക്കൻ തൊഴിലാളികളിൽ സംഘടനാബോധവും സാമാന്യജനങ്ങളിൽ പൗരബോധവും ഉണ്ടാക്കുവാനുള്ള അങ്ങയുടെ ശ്രമത്തെപ്പററിയും അവരോടു പറഞ്ഞാലും.

സിദ്റോവ്:- കൊള്ളാം. അതു് രസകരമായ ഒരു നാടകംതന്നെയായിരുന്നുവെന്നു പറയാവുന്നതാണ്. ശത്രുപാളയത്തിൽ അകപ്പെട്ടതുപോലെയുള്ള ഒരു പ്രതീതിയാണ് അമേരിക്കയിൽ ചെന്നപ്പോൾ ഞങ്ങൾക്കുണ്ടായതു്. അവിടെയുള്ളവരെല്ലാം മുതലാളിമാർതന്നെയെന്നു ഞങ്ങൾ വിചാരിച്ചിരുന്നു. അതുകൊണ്ടു്, സ്വാഭാവികമായിത്തന്നെ വളരെ ജാഗ്ര

തയോടെ കഴിഞ്ഞുകൂടി. ജീവിതത്തെപ്പററി വ്യക്തമായ ഒരാശയം ഞങ്ങൾ മുറുകെ പിടിച്ചുകൊണ്ടിരുന്നു. ഏററവും അനുകൂലമായ സന്ദർഭം കിട്ടിയാൽ ആദർശഭിത്തികളെ തട്ടിത്തകർത്തുകൊണ്ടു മുന്നേറുവാൻ ഞങ്ങൾ തയ്യാറായി വർത്തിച്ചുവന്നു.

അമേരിക്കർ സ്ഥിരോത്സാഹികളും സാങ്കേതികപരിജ്ഞാനത്തിൽ വളരെ മുന്നണിയിൽ നിൽക്കുന്നവരുമാണ്. അവരിൽനിന്നും ഞങ്ങൾ സാങ്കേതികപരിജ്ഞാനം സമ്പാദിച്ചു. ജോലിചെയ്യുന്ന വിഷയത്തിൽ അവർ നമ്മിൽനിന്നു തുലോം വ്യത്യസ്തരാണ്. ഒച്ചപ്പാടുകളൊ 'ധടപട'കളോ അവർ പ്രത്യക്ഷമാക്കിയിരുന്നില്ലെങ്കിലും അവരുടെ ജോലി നേരത്തെ തയ്യാറാക്കിയ പ്ലാൻ അനുസരിച്ച് പുരോഗമിച്ചുകൊണ്ടിരുന്നു. വിപ്ലവവാക്യങ്ങളും, റാലികളും നമ്മുടെ നാട്ടിൽ ധാരാളമായിരുന്നിട്ടും ജോലിയിൽ വലിയ പുരോഗതി ഉണ്ടായിട്ടില്ലല്ലോ എന്നതാണ് എൻെറ ആശ്ചര്യം. അതിൽ ഞങ്ങൾ ലജ്ജിതരാകാതെയുമിരുന്നില്ല. റഷ്യയിൽ തൊഴിലാളിവർഗ്ഗം രാജ്യത്തിനുവേണ്ടി ജോലിചെയ്യുന്നതിൽ നന്നായിട്ടു അമേരിക്കയിൽ തൊഴിലാളികൾ മുതലാളിമാർക്കുവേണ്ടി ജോലിചെയ്യുന്നതിൻെറ കാരണമെന്താണ്? അതെന്തുതന്നെയായിരുന്നാലും അമേരിക്കൻ തൊഴിലാളികളെ കൂടുതൽ ഉൽബുദ്ധരും സംഘടനാബോധമുള്ളവരുമാക്കിത്തീർക്കുവാൻ ഞങ്ങൾ ഉദ്ധനിശ്ചയംചെയ്തു. അതു് ഒരു പരസ്പരധാരണയോടുകൂടിയുമായിരുന്നു. അമേരിക്കയുടെ സാങ്കേതിക പരിജ്ഞാനം ഞങ്ങൾക്കു തരികയും പകരം റഷ്യയുടെ വിപ്ലവാശയങ്ങൾ അമേരിക്കയ്ക്കു കൊടുക്കുക എന്നതായിരുന്നു ആ പരസ്പരധാരണയിലെ വ്യവസ്ഥ. നമ്മുടെ വർഗ്ഗബോധത്തെപ്പററിയും വിപ്ലവസ്വഭാവത്തെപ്പററിയും പൂർണ്ണമായ ജ്ഞാനം അവർക്കു നൽകുവാൻ ഞങ്ങൾ ശ്രമിച്ചിരുന്നു. അവർ ഞങ്ങളുടെ ശ്രമംകണ്ട് അവർ ചിരിക്കുകയാണുണ്ടായതു്. മുതലാളിവർഗ്ഗത്തിൻെറ അടിമകളായി കഴിഞ്ഞുവന്ന അമേരിക്കൻ തൊഴിലാളികൾക്കു ഒരു പുതിയ വെളിച്ചം ഞങ്ങൾ കാണിച്ചുകൊടുക്കാതിരുന്നില്ല. ഞങ്ങളുടെ സംഭാഷണത്തിൻെറ ശക്തിയും മൂർച്ചയും വർദ്ധിതമായപ്പോൾ അവരിൽ ഒരാൾ ചോദിച്ചു: "മി: സിദ്റോവ്! നി

ങ്ങളുടെ റഷ്യയിൽ പണിമുടക്കുകൾ ഉണ്ടാകാറുണ്ടോ?" നാം നമ്മുടെ പുസ്തകങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ; റഷ്യയിൽ തൊഴിലാളികൾ പണിചെയ്യുന്നതു അവരുടെ'ഗു ണത്തിനാകയാൽ പണിമുടക്കിൻെറ ആവശ്യമില്ല എന്നു ഞാൻ ഉത്തരം പറഞ്ഞു. "കൊള്ളാം, പണിമുടക്കു ആവ ശ്യമില്ലെങ്കിൽ ഞങ്ങൾക്കു റഷ്യാക്കാരുടെ 'സോവിയററും' ആവശ്യമില്ല" ഇതായിരുന്നു അയാളുടെ മറുപടി. അതോടു കൂടി ഞങ്ങളുടെ രാഷ്ട്രീയസംഭാഷണങ്ങൾ അവസാനിച്ചു.

കൂടിയിരുന്ന എല്ലാവരും പൊട്ടിച്ചിരിച്ചു. എന്നാൽ നിക്കൊളോയ് തലയാട്ടിക്കൊണ്ടു പറഞ്ഞു: "അപ്പോൾ നി ങ്ങൾക്കു മനസ്സിലാക്കാൻ കഴിഞ്ഞിരിക്കും, അവർ മൂഢന്മാരാ ണെന്നു്."

സിദ്റോവു് അയാളെ നോക്കി. അതു അവജ്ഞയോടൊ സഹതാപത്തോടൊ ആയിരുന്നു. മേശയുടെ സമീപംചെന്നു് കൈവിരലുകൾകൊണ്ടു് നെററിയിൽ തട്ടിക്കൊണ്ടു പറഞ്ഞു: "അവർക്കല്ല; നിങ്ങളുടെ ഈ തലയ്ക്കാണു് മൗഢ്യം! നിങ്ങ ൾക്കു വേണമെങ്കിൽ ഇതാ, ഒരു ഗ്ലാസുകൂടി കഴിക്കു.

സീദ്റോവ് 'ടാങ്ക്' എൻജിനിയരെ വിളിച്ചു: "അ മേരിക്കയിൽനിന്നു എങ്ങിനെ നിങ്ങൾ വിദ്യപഠിച്ചു. നോവി ക്കോവു് അയാളോടു ചോദിച്ചു.

"അതു എളുപ്പമുള്ള വഴി ആണു്." സിദ്റോവാണു് ഈ ചോദ്യത്തിനു മറുപടി നൽകിയതു്. "പക്ഷേ, ഒന്നു പറയാം. ഓരോരുത്തരും അവരവരുടെ കഴിവനുസരിച്ചാണു് സാങ്കേതികജ്ഞാനം വശമാക്കിയതു്. ഒരു സഖാവ് അവിടെ കണ്ട ഒരു കാര്യം ശ്രദ്ധിച്ചു പഠിച്ചുകൊണ്ടാണു് മടങ്ങിപ്പോ ന്നതു്. ചിക്കാഗോയിലെ ഒരു സർക്കസ് കമ്പനിയിൽ ചക്ര ത്തേൽ കെട്ടിയിരുന്ന ഒരു പട്ടിയിൽ അയാൾക്കു താല്പര്യം ജനിച്ചു. റഷ്യയിൽനിന്നും മടങ്ങിയെത്തിയ ആ എൻജി നീയർ, അവിടെ കണ്ട കാഴ്ച മനസ്സിൽവച്ചുകൊണ്ടു്, ഒരു വാ ട്ടർ പമ്പു നിർമ്മിച്ചു. വലിയ ഒരു ചക്രം നിർമ്മിച്ചു് ചിക്കാ ഗോയിൽ കണ്ട പട്ടിയുടെ സ്ഥാനത്തു് രണ്ടു കൊമ്പുള്ള ഒരു കാളയെ കെട്ടി അതിനെക്കൊണ്ടു് ആ യന്ത്രം കറക്കുവാൻ

യത്തിച്ചു. എന്നാൽ കാള—ബുദ്ധിശൂന്യമായ ഒരു മൃഗമാണല്ലോ—അമേരിക്കരുടെ വിദ്യ ശരിയായി മനസ്സിലാക്കാതെ യന്ത്രത്തിലെ ചക്രം കറക്കിത്തുടങ്ങിയപ്പോൾ ആദ്യം കാളയുടെ ഒരു കൊമ്പ് തെറിച്ച് ദൂരെ വീണു. അതോടുകൂടി ആ യന്ത്രം ഉപയോഗശൂന്യമായിത്തകരുകയും ചെയ്തു."

ഈ വിവരം കേട്ട് അവിടെ കൂടിയിരുന്നവർ എല്ലാവരും പൊട്ടിച്ചിരിച്ചു. കഥ പറഞ്ഞ സിദ്റോവാണ് ഏററവും കൂടുതൽ ചിരിച്ചതു്. "പക്ഷേ, നിർഭാഗ്യവാനായ ആ എൻജിനീയരെപ്പോലെയാണ് അമേരിക്കയിൽനിന്നു തിരിച്ചുവന്നവരെല്ലാമെന്നു തെററിദ്ധരിക്കേണ്ടതില്ല." സിദ്റോവ് തുടർന്നുപറഞ്ഞു: "നല്ല തലയുള്ള ചിലരും ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്നു. അമേരിക്കയിലെ ഞങ്ങളുടെ താമസം പ്രയോജനരഹിതമായിരുന്നില്ല. അമേരിക്കയിൽനിന്നു കരസ്ഥമാക്കിയ സാങ്കേതികജ്ഞാനം ചിലർക്കെങ്കിലും നിർമ്മാണപ്രവർത്തനങ്ങൾക്കു സഹായകമായിത്തീർന്നു."

"നിങ്ങൾ പറഞ്ഞതിന്റെ അത്ഥമെന്താണ്?" നോവിക്കോവ് എടുത്തു ചോദിച്ചു.

"പറയാം; അമേരിക്കയിൽ ഉപരിപഠനം കഴിഞ്ഞു തിരിച്ചുവന്ന ഞങ്ങൾ അഞ്ചു പേരിൽ രണ്ടു പേർ മാത്രം പഠിച്ച തൊഴിൽ ചെയ്തുകൊണ്ടിരിക്കുന്നു. മററുള്ളവരെ യമലോകത്തേക്കു യാത്രയാക്കി കഴിഞ്ഞിരിക്കുകയാണ്. അവർ സാങ്കേതികവിദ്യയിൽ വൈദഗ്ദ്ധ്യം സമ്പാദിച്ചു തിരിച്ചുവന്നുവെങ്കിലും ഉത്തമ കമ്മ്യൂണിസ്ററുകളായിട്ടല്ല തിരിച്ചുവന്നതു്. അങ്ങനെയുള്ളവർക്കു എന്തു സംഭവിക്കുമെന്നു ഞാൻ പറയാതെ നിങ്ങൾക്കു അറിയാമല്ലോ."

തന്നെ വഷളാക്കുവാൻ അമേരിക്കർക്കു സാദ്ധ്യമായില്ല എന്ന ചിന്ത സിദ്റോവിനെ ഉദ്ധതനാക്കി. അമേരിക്കയിൽനിന്നു തിരിച്ചെത്തിയ ശേഷവും സിദ്റോവ് ഒരു കമ്മ്യൂണിസ്റ്റായി തന്നെ തുടർന്നു.

"ഇദ്ദേഹം പറയുന്നതു് സത്യംതന്നെയോ?" നോവിക്കോവ് ചിന്തിക്കുവാൻതുടങ്ങി. അദ്ദേഹംതന്നെ മറുപടിയും കണ്ടുപിടിച്ചു: "പറഞ്ഞതു സത്യമായിരിക്കാം; പെട്ടെന്നു നശിക്കുന്ന

വർഗ്ഗത്തിൽപെട്ടവനല്ല സിദ്റോവ്. അദ്ദേഹത്തിന്റെ തൊലിക്കട്ടി കുറച്ച കട്ടപ്പംതന്നെ."

തന്റെ അതിഥികളിൽ അങ്കുരിച്ചിരിക്കാവുന്ന സംശയം ദൂരികരിക്കുവാനുദ്ദേശിച്ച്, പൂർണ്ണസംതൃപ്തനെന്ന ഭാവത്തിൽ കസേരയിൽ ചാരികിടന്നുകൊണ്ട് ഇപ്രകാരം പറഞ്ഞു:- "ഞാൻ ഇപ്പോൾ സുഖമായി ജീവിക്കുന്നു, ഞാൻ പൂർണ്ണതൃപ്തനുമാണ്. ജീവിതം ഞാൻ ആസ്വദിക്കുന്നുണ്ട്; ഞാൻ മാത്രമല്ല, എന്റെ കുടുംബവും ആനന്ദപൂർണ്ണമായ ജീവിതമാണു നയിക്കുന്നത്." സിദ്റോവ് ലീദയുടെ നേർക്കു തിരിഞ്ഞുകൊണ്ടു ചോദിച്ചു:- "മകളെ! ഞാൻ പറഞ്ഞതു പരമാർത്ഥമല്ലയോ?"

മേശയിൽ തലയുംകുനിച്ച് പിതാവിനെ ഉററുനോക്കിക്കൊണ്ടിരുന്ന ലീദ മറുപടി ഒന്നും പറഞ്ഞില്ല.

"എന്താണ് ലീദാ, നീ ഒന്നും പറയാതെ മൗനമായിരിക്കുന്നത്? തീർച്ചയായും നിന്റെ സ്ഥിതി ഒട്ടും മോശമായിട്ടുള്ളതല്ലല്ലൊ? പിതാവിൽനിന്നു ലഭിച്ചിട്ടുള്ള സുഖസൗകര്യങ്ങൾക്കു നന്ദി പ്രകടിപ്പിക്കുവാൻ എന്താണിത്ര മടി? നീ അനുഭവിക്കുന്ന സുഖം സ്വർഗ്ഗത്തുനിന്നും നിന്റെ മടിയിലേക്കു അടർന്നുവീണതായി നീ വിചാരിക്കുകയില്ലല്ലോ?"

പുത്രിയുടെ പെരുമാററത്തിലുള്ള സങ്കടം സിദ്റോവിന്റെ ശബ്ദത്തിൽ പ്രകടിതമായിരുന്നു.

മേശയിൽവച്ചിരുന്ന സ്ഫടികഗ്ലാസിൽനിന്നു കണ്ണുപറിക്കാതെ ലീദാ മൃദുസ്വരത്തിൽ പറഞ്ഞു. "പിതാവെ! അങ്ങേക്കു ഇപ്രകാരം പറയുവാൻ എങ്ങനെ ധൈര്യമുണ്ടായി? അങ്ങേക്കു ലജ്ജതോന്നുന്നില്ലയോ?"

"നീ എന്താണു പറഞ്ഞത്? ലജ്ജിതനെന്നോ? എന്തുകാരണത്താൽ ഞാൻ ലജ്ജിക്കണം?" ഇത്രയും പറഞ്ഞുകൊണ്ട് സിദ്റോവ് അവിടെ കൂടിയിരുന്നവരെ പരുങ്ങലോടെ നോക്കി. അദ്ദേഹം തുടർന്നു പറഞ്ഞു, "കൊള്ളാം. വളരെ വിചിത്രമായിരിക്കുന്നു! മകളെ, യഥാർത്ഥത്തിൽ ലജ്ജിക്കേണ്ടതു നീയാണ്. ഞാൻ ആരെ എങ്കിലും വധിച്ചിട്ടുണ്ടോ? ഈ മനോഹരമായ വസതിയും അതിലെ വിലപിടിച്ച സാധ

നസാമഗ്രികളും ഞാൻ മോഷ്ടിച്ചു സമ്പാദിച്ചതാണോ? അല്ല, തീർച്ചയായുമില്ല.

"രാജ്യം മുഴുവൻ ദുരിതമനുഭവിക്കുമ്പോൾ ഉത്തമനായ ഒരു മനുഷ്യനും ആനന്ദിക്കുവാൻ കഴിയുന്നതല്ല." ലീദാ വീണ്ടും മൃദുസ്വരത്തിൽ പറഞ്ഞു. ശാന്തസുന്ദരമായ ആ മുറിയിലെ അന്തരീക്ഷത്തിൽ അവളുടെ വാക്കുകൾ ഇടിവാൾ കണക്കെ ഒരു ഞെട്ടലുണ്ടാക്കി.

ഏതാനും നിമിഷനേരത്തേക്കു സിദ്റോവിനു ഒററവാക്കുപോലും ശബ്ദിക്കുവാൻ കഴിയാതെപോയി. ഒടുവിൽ സിദ്റോവ് വളരെ പ്രയാസപ്പെട്ടു പറഞ്ഞു:- "നിൻെറ അഭിപ്രായത്തിൽ എനിക്കു സന്തോഷിക്കുവാൻ അവകാശമില്ല പോലും! പ്രിയപുത്രി! അങ്ങനെയല്ല, നിനക്കു തെററിപ്പോയി; ഭീമമായ തെററു പററിപ്പോയി. നേരായമാർഗ്ഗത്തിൽക്കൂടിയും സ്വന്തം രക്തംകൊണ്ടുമാണ് ഞാൻ ആനന്ദകരമായ ജീവിതം നേടിയിരിക്കുന്നതു് ------അതെ, രക്തംകൊണ്ടു തന്നെ!"

സിദ്റോവ് കസേരയിൽനിന്നു ചാടി എണീററ് ഷർട്ടിൻെറ ബട്ടൻ അഴിക്കുവാൻ ശ്രമിച്ചു. പക്ഷേ, വിറയ്ക്കുന്ന കരങ്ങൾക്കു അതു് സാദ്ധ്യമായില്ല. ഒടുവിൽ ബട്ടൻ തെറിച്ചു പോകത്തക്കവിധത്തിൽ സിദ്റോവ് ഇട്ടിരുന്ന ഷർട്ട് വലിച്ചുകീറി.

അനന്തരം സിദ്റോവ് വിപ്ലവസൈന്യത്തിൽ ചേർന്നു് നേടിയ വിജയങ്ങളെപ്പററിയും, നേരിടേണ്ടിവന്ന ആപത്തുകളെപ്പററിയും, ദീർഘമായി പ്രതിപാദിക്കുകയും തൻെറ മാറത്തും പുറത്തും കറുത്തുകരിവാളിച്ചു കിടക്കുന്ന പാടുകൾകാണിച്ചുകൊടുക്കുകയും ചെയ്തു. അങ്ങനെ രക്തം ചിന്തിയതിൻെറ ഫലമായിട്ടാണ് ജീവിതം ആനന്ദകരമായിത്തീർന്നതെന്നു സിദ്റോവ് അഭിപ്രായപ്പെട്ടു.

നതാലിയാ എണീററ് പുത്രിയെ കോപാകുലയായി ഒന്നു നോക്കിയശേഷം പറഞ്ഞു: "വരൂ! മഴ പോയി. നമുക്കു കപ്പലിൻെറ മുകൾതട്ടിൽപോയിരിക്കാം." ലീദാ, മാതാവിനെ അനുഗമിച്ചു നടന്നു. സിദ്റോവ് എന്തോ

ആലോചിച്ചുകൊണ്ടു കസേരയിൽ തന്നെകിടന്നു. അല്പ നേരം കഴിഞ്ഞ് ശാന്തചിത്തനായപ്പോൾ നിക്കൊളോസ്സും നോവിക്കോവിനും ഓരോ ഗ്ലാസ് ബ്രാൻണ്ടി ഒഴിച്ചുകൊടുത്തു.

"മി: നോവിക്കോവ്! നാം ഒരു കൂട്ടിലാണ് ജനിച്ചതെങ്കിലും വ്യത്യസ്ഥമായ സാഹചര്യത്തിൽ വളർന്നിട്ടുള്ളവരാണ്". സിദ്റോവ് സങ്കടത്തോടുകൂടി പറഞ്ഞു. പാർട്ടിക്കുവേണ്ടി അദ്ദേഹവും സ്നേഹിതനായിരുന്ന വസ്സോയുംകൂടി നടത്തിയിട്ടുള്ള യുദ്ധങ്ങളും മററു പൂർവ്വസ്മരണകളും സിദ്റോവ് ഉദ്വേഗത്തോടുകൂടി വിവരിച്ചു.

നതാലിയാ അവിടെ ആഗതയായി പറഞ്ഞു:- "മഴ തീർന്നു. നമുക്ക് ഇനി കപ്പലിന്റെ മുകൾതട്ടിലേക്കുപോകാം.

എല്ലാവരും മുറിയ്ക്കുള്ളിൽനിന്നു പുറത്തുവന്നു നോക്കി. മഴ പെയ്തതായിട്ടു അവർക്കു തോന്നിയതേയില്ല. അനന്തകോടി നക്ഷത്രങ്ങൾ ആകാശദേശത്തു മിന്നിത്തിളങ്ങിക്കൊണ്ടിരുന്നു. വിസ്തൃതമായ ഡോൺനദിയുടെ അരികിൽ മാത്രം ഒന്നു രണ്ടു കാർമേഘങ്ങൾ കാററിൽ ആടി അലഞ്ഞു കാണപ്പെട്ടു. കപ്പലിന്റെ ചുററും അടിച്ചുകൊണ്ടിരുന്ന മന്ദമാരുതൻ അതിൽ പററിപ്പിടിച്ചിരുന്ന മഴത്തുള്ളികളെ പാറിച്ചുകളഞ്ഞിരുന്നു.

---

## അദ്ധ്യായം ഇരുപത്തേഴ്

പ്രകൃതിരമണീയവും നയനാഭിരാമവുമായ ഡോൺ നദിയുടെ പ്രശാന്തതയിൽ ദൃഷ്ടികൾ പതിച്ചുകൊണ്ട് ലീദ നൗകയുടെ മുകൾത്തട്ടിൽ അലസയായി നില്ക്കുകയായിരുന്നു. ദിവാസ്വപ്നങ്ങൾക്കു പ്രചോദനം നൽകിക്കൊണ്ടു തണുത്ത ഒരു മന്ദപവനൻ അവളെ തലോടി.

"ഇവിടെ നൗക നിറുത്തണമോ" ഐവാൻ ചോദിച്ചു. "എന്തിനുവേണ്ടി" ലീദാ അന്വേഷിച്ചു.

"നിങ്ങൾക്കു ഇവിടെ നീന്തിക്കുളിക്കേണ്ടയോ? മഴയ്ക്കു

ശേഷം നദിയിലെ വെള്ളം അല്പമായ ചൂടുള്ളതായിരിക്കും'' ഐവാൻ അഭിപ്രായപ്പെട്ടു.

"അമ്മയോടു ചോദിച്ചു നോക്കുക." ലിദാ പറഞ്ഞു.

ഐവാൻെറ അഭിപ്രായം നതാലിയാ ഇഷ്ടപ്പെട്ടു. "അവർ പ്രശാന്തസുന്ദരമായ ഈ നദീജലത്തിൽ നീന്തിക്കുളിച്ചു രസിച്ചുകൊള്ളട്ടെ'' നതാലിയ പറഞ്ഞു.

നൗക നിന്നു. നങ്കുരം ഇട്ടു. ലീദയും അവളുടെ മാതാവും മുറിയ്ക്കുള്ളിൽ ചെന്നു വസ്ത്രംമാറി. പുരുഷന്മാർ തട്ടിൻ മുകളിൽതന്നെ നിന്നു.

ആകാശത്തിലേക്കു ദൃഷ്ടികൾ അയച്ചുകൊണ്ടു സിദ്'റോവ് പറഞ്ഞു: "നിക്കൊളോയ്! നിങ്ങളെപ്പോലെ ഒരു യുവാവായിരിക്കുമ്പോൾ ഇതുപോലെയുള്ള ഒരു രാത്രിയിൽ, ഞാനും ലോകസുഖങ്ങൾ അനുഭവിക്കുവാൻ ബദ്ധപ്പെട്ടു നടക്കുന്ന അക്കാലത്തു് യന്ത്രശാലയിലെ ജോലിക്കുശേഷം വിനോദങ്ങൾ കാണുവാനും നൃത്തങ്ങൾ കാണുവാനും പോവുകപതിവായിരുന്നു. ചടുലമിഴികളുടെ ആനന്ദനൃത്തങ്ങളിൽ ആകൃഷ്ടചിത്തനായി കഴിഞ്ഞിട്ടുണ്ടു്. അവരിൽ ഒരു ബാലികയെ ഇന്നും ഞാൻ വിസ്മരിച്ചിട്ടില്ല. നതാലിയായെ എനിക്കു ലഭിക്കുന്നതിനുമുമ്പുള്ള ഒരു കാലത്തായിരുന്നു; ഇതുപോലെയുള്ള ഒരു രാത്രിയിൽ, ശരച്ചന്ദ്രികയുടെ കീഴിൽ, ഒരു കളിവഞ്ചിയിൽ വിനോദയാത്ര ചെയ്തു് രാത്രി മുഴവൻ ഇവിടെ നീന്തിക്കുളിച്ചുകൊണ്ടു കഴിച്ചു. സൂര്യോദയത്തോടുകൂടി ഞങ്ങൾ തിരിച്ചുചെന്നു് ജോലിയിൽ ഏർപ്പെടുകയും ചെയ്തിരുന്നു. ഇപ്പോഴത്തെ നമ്മുടെ യുവാക്കന്മാർക്കു അതിനുള്ള ശരീരബലം കാണുന്നില്ല.

"ഇന്നു ലഭിക്കുന്ന ഭക്ഷണംകൊണ്ടു എങ്ങനെ ബലവാന്മാരായിരിക്കും? നിക്കൊളോയ് അഭിപ്രായപ്പെട്ടു.

നോവിക്കോവ്:- നാം റൊസ്റ്റോവിൽനിന്നും എത്ര അകലെ ആണു്?

"ഉദ്ദേശം ഇരുപതുനാഴിക. ഇവിടെ കാണുന്നവയെല്ലാം ഗവർമെൻറു മന്ദിരങ്ങളാണു്. അതാ, അങ്ങു ദൂരെകാണുന്ന ദീപപ്രകാശം നോക്കൂ. അതു ഗോറിൻെറ കൊട്ടാരമാണു്.

ഡയറക്ടരുടെ വാക്കുകൾ നൈനയെപ്പററിയുള്ള ചിന്ത നോവിക്കോവിൽ ഉളവാക്കി. "അവൾ ഇപ്പോൾ എന്തുചെയ്യുകയായിരിക്കും? രാത്രിയുടെയും ചന്ദ്രികയുടെയും മനോഹരതകണ്ടു അവൾ അത്ഭുതപ്പെട്ടുകയായിരിക്കും."

"ഗോറിൻ ഒരു വിചിത്രമനുഷ്യനാണ്" സിഡ്റോവ് പറഞ്ഞു, "എനിക്കു അയാളെ മനസ്സിലാക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല. അയാൾ അന്ധനൊ അങ്ങനെ ഭാവിക്കുന്നവനൊ ആണ്. നാമെല്ലാം ഒരു കൂട്ടം വിഡ്ഢികൾ എന്നാണ് അയാൾ കരുതുന്നതെന്നു 'പ്രവദാ'യിൽ പ്രസിദ്ധീകരിക്കുന്ന പ്രഭാഷണങ്ങൾ വായിച്ചാൽ മനസ്സിലാകും. പക്ഷെ, പഞ്ചസാര എന്നു എത്ര പ്രാവശ്യം പറഞ്ഞാലും അതിൻെറ രുചി അനുഭവിക്കാത്തിടത്തോളം കാലം എന്തു വിശേഷം?

ഗോറിനെപ്പററിയുള്ള ഈ പരാമർശത്തിൽ നോവിക്കോവ് ആശ്ചര്യഭരിതനായി. "അതെങ്ങനെയായാലും പാർട്ടി അദ്ദേഹത്തെ വളരെ വിലമതിക്കുന്നുണ്ടു്. ആദർശപരമായ സമരത്തിൽ അദ്ദേഹത്തിൻെറ ശബ്ദം വളരെയധികം പ്രേരണശക്തി ചെലുത്തുന്നുമുണ്ടു്." നോവിക്കോവു അഭിപ്രായപ്പെട്ടു.

"അങ്ങനെ ആയിരുന്നിരിക്കാം; എന്നാൽ ഇപ്പോൾ അപ്രകാരമല്ല. ആദർശമധുവിനു ഇപ്പോൾ ആവശ്യമില്ലാ. അവർ ഇപ്പോൾ ഒരുത്തരെയും പറഞ്ഞു വശീകരിക്കയില്ല. വെടിവെച്ചു കൊല്ലുകയാണ്."

"അദ്ദേഹം ശരിയാണ് പറയുന്നതു്" നോവിക്കോവ് വിചാരിച്ചു, പക്ഷേ ഇങ്ങനെ പറഞ്ഞു:- അങ്ങു തെററാണ് പറയുന്നതു്. എനിക്കു അങ്ങയുടെ അഭിപ്രായത്തോടു യോജിക്കുവാൻകഴിയുന്നില്ല. ഗോറിൻെറ സ്വാധീനശക്തി ആദ്യഘട്ടങ്ങളിലെന്നതുപോലെ ഇന്നും അത്ഭുതകരമാണ്. അദ്ദേഹത്തിൻെറ ശബ്ദം വിദൂരദേശങ്ങളിലുള്ളവരും ശ്രദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്.

"അതെ, വിദേശങ്ങളിൽ മാത്രം. റൊമെയിൻ റോയനെപ്പോലെയുള്ള ബുദ്ധിരാക്ഷസരും സാഹിത്യകാരന്മാരും ലോകത്തിൻെറ പലെ ഭാഗങ്ങളിൽനിന്നും ഗോറിനെ സന്ദർ

ശിക്കുകയും മനുഷ്യന്റെ വ്യക്തിത്വത്തെപ്പററിയും സോഷ്യ ലിസത്തിൽ ദൃശ്യമാകുന്ന കലയെപ്പററിയും വാദപ്രതിവാദങ്ങ ളിൽ ഏർപ്പെടുകയും ചെയ്യുന്നുണ്ടായിരിക്കാം. എന്നാൽ ഇ വിടെ ദൂറോവ്പോലുള്ളവർ അവരുടെ രക്തഭാഗം തീർക്കുവാ നുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞു കഴിയുകയാണ്. വിഭിന്നങ്ങളായ രണ്ടു ലോകങ്ങളാണ് ഇവരണ്ടും; ആദർശലോകവും വാസ്തവി കലോകവും. ഭൂമിയും ആകാശവും തമ്മിൽ എത്ര വ്യത്യാസ മുണ്ടോ അത്രയ്ക്കുള്ള വ്യത്യാസം ഗോറിനും യാഥാർത്ഥ്യവും തമ്മി ലുണ്ട്." സിദ്റോവ് വളരെ പതുക്കെയാണ് സംസാരിച്ചതു്; എങ്കിലും അയാളുടെ സംസാരത്തിൽ വിദ്വേഷവും അവജ്ഞ യും ഉടനീളം ദൃശ്യമായിരുന്നു.

നിക്കൊളോയുടെ ഹൃദയം സിദ്റോവിന്റെ വാക്കുകൾ കേട്ടു സന്തോഷിച്ചു. "ഈശ്വരാ! ദൂറോവിനെ അദ്ദേഹം എത്രകണ്ടു പുച്ഛിക്കുന്നു" എന്നു നോവിക്കോവും വിചാരിച്ചു.

"സഖാവു് സിദ്റോവ്! അവർ പറയുന്നതു ശരിതന്ന യോ? താങ്കളെ നശിപ്പിക്കുന്നതിനു ദൂറോവു് വഴികൾ ആരാ യുകയാണെന്നു പറയുന്നതു ശരിതന്നയോ?" നിക്കൊളോയ് ചോദിച്ചു.

സിദ്റോവു് കോപകലുഷനായി നോക്കി. അദ്ദേഹ ത്തിന്റെ താടി എല്ലുകൾ ചലിക്കുന്നതായി കാണപ്പെട്ടു. "അതു് ശരിയായിരിക്കാം; എന്നാൽ ദൂറോവിനു എന്നെ നശിപ്പിക്കുവാൻ സാദ്ധ്യമല്ല! പക്ഷേ, എന്റെ യുവസ്നേഹി താ, നിങ്ങൾക്കു അതിൽ ഒരു കാര്യവുമില്ലല്ലൊ?"

നതാലിയാ നൗകയുടെ അകത്തെ മുറിയിൽനിന്നു പുറത്തു വന്നു. മാതാവിനെ ലീദായും അനുഗമിച്ചു. രണ്ടുപേരും കു ളിക്കുവാനുള്ള വേഷത്തിലാണ് പുറത്തുവന്നതു്. നൗകയുടെ വിളുമ്പിലേക്കു ലീദാ ഓടി എത്തി. എന്നാൽ ആററിലേക്കു എടുത്തുചാടുന്നതിനു ആദ്യം മടിച്ചു. എങ്കിലും ധൈര്യം അ വലംബിച്ചുകൊണ്ടു് ആററിൽ ചാടി നീന്തുവാൻ തുടങ്ങി.

ഒരു നിമിഷം കഴിഞ്ഞപ്പോൾ നൗകയിലുണ്ടായിരുന്നവ രെല്ലാം ആററിൽ നീന്തിക്കൊണ്ടിരുന്നു. രാത്രിയുടെ അന്ധ കാരത്തിൽ ലീദാ വിളിച്ചു ചോദിച്ചു:- "പ്രൊഫസർ നോവി

ക്കോവ്! നിക്കൊളോയ്! നിങ്ങൾ എവിടെയാണ്'' നോവിക്കോവ് സഹോദരന്മാർ ലീദായുടെ ശബ്ദം ലക്ഷ്യമാക്കി നീന്തിത്തുടങ്ങി. അവർ സമീപിച്ചപ്പോൾ ലിദാ പറഞ്ഞു:– ''രാത്രിയിൽ നീന്തുന്നതു് കൂടുതൽ എളുപ്പമാണെന്നു നിങ്ങൾ വിചാരിക്കുന്നില്ലേ?''

എന്തിനെന്നറിയാതെ നോവിക്കോവ് പൊട്ടിച്ചിരിച്ചു. ഒരു പുരുഷനെപ്പോലെ, ലിദാ കരയെ ലക്ഷ്യമാക്കി ആയാസരഹിതമായും അതിവേഗത്തിലും നീന്തുകയായിരുന്നു. നിക്കൊളോയും നോവിക്കോവും കഴിയുന്നത്രവേഗം അവളുടെ പുറകെ നീന്തിത്തുടങ്ങി. ആ നിലാവെളിച്ചത്തു ജലപരപ്പിൽനിന്നു വാരിവിതറുന്ന രത്നങ്ങൾകണക്കെ മിന്നിത്തിളങ്ങിയ ജലകണങ്ങളിൽകൂടി ഒരു സ്വർണ്ണമത്സ്യംപോലെ അവൾ കാണപ്പെട്ടു. ഒരു കുട്ടിയെപ്പോലെ നോവിക്കോവ് സന്തോഷിച്ചു. ''പെൺകിടാവിനെ അനുധാവനംചെയ്യുന്ന ഒരു സ്കൂൾ കുട്ടിയെപ്പോലെയാണു ഞാൻ. എന്തിനു്?'' അദ്ദേഹം ആലോചിച്ചു. ''എതായാലും അതേപ്പററിയുള്ള കൂടുതൽ ചിന്ത വീട്ടിൽ ചെന്നതിനുശേഷമാകാം. ഇപ്പോൾ എങ്ങനെയെങ്കിലും ലീദായെ നീന്തി സമീപിക്കുകയാണു വേണ്ടതു്.''

നോവിക്കോവ് ലീദായോടടുത്തു് അവളുടെ തണുത്ത കരങ്ങളിൽ കടന്നുപിടിച്ച് ചിരിക്കുവാൻ ആരംഭിച്ചു.

''ആദ്യമായി എന്നെ പിടിച്ചതു നിങ്ങൾതന്നെ'' ഇപ്രകാരം പറഞ്ഞുകൊണ്ടു് നോവിക്കോവിൻെറ കരങ്ങളിൽനിന്നു മോചനം നേടി.

നദീതീരത്തു എത്തിയപ്പോൾ ചിരിച്ച് ആനന്ദിച്ചുകൊണ്ടു് അവർ ശരീരക്ഷീണം തീർക്കുവാൻ നിശ്ചലരായി കുറേനേരം കിടന്നു. നദിയിൽനിന്നും മന്ദമായി കരയ്ക്കടിച്ചു കയറിയ വെള്ളം മണൽത്തരികളെ കുറേശ്ശെ ഒഴുക്കിക്കൊണ്ടുപോയി. ചെറിയ മത്സ്യങ്ങൾ നാനാഭാഗത്തേക്കും പൊങ്ങിച്ചാടിക്കൊണ്ടിരുന്നു. കറുത്തിരുണ്ട അവളുടെ കണ്ണുകൾ ഉയർത്തി അല്പാല്പം താണുകൊണ്ടിരുന്ന ചന്ദ്രനെ നോക്കിക്കൊണ്ടു കിടന്നു. ആ കിടപ്പുകണ്ടു ഹൃദയം തുടിക്കുവാൻ തുടങ്ങിയ നി-

ക്കൊളോയ് ലീദായിൽനിന്നും കണ്ണുകൾ പിൻവലിക്കാൻ അശക്തനായി ഭവിച്ചു.

“നക്ഷത്രങ്ങളെ നോക്കുന്ന അവസരത്തിൽ എൻെറ ജീവൻ പൊയ്പോകുന്നതായി എനിക്കു അനുഭവപ്പെടുന്നു” അയാൾ ലീദായോടു പറഞ്ഞു.

“എന്നാൽ എന്നെ നോക്കിക്കൊള്ളൂ.”

“എൻെറ ഹൃദയസ്പന്ദനങ്ങൾ നിശ്ശേഷം നിങ്ങൾ നിലപ്പിക്കുന്നു” നിക്കൊളോയ് അവളുടെ ചെവിയിൽ മന്ത്രിച്ചു.

“സാധു! ഈശ്വരൻ സൃഷ്ടിച്ച ഈലോകത്തെ നോക്കുന്നതുതന്നെ അപകടകരമായിരിക്കും” അവർ ചിരിച്ചുകൊണ്ടു പറഞ്ഞു. “അങ്ങനെയെങ്കിൽ നിങ്ങൾ കണ്ണുകൾ അടച്ചുകൊണ്ടിരിക്കുകയാണ് നല്ലത്.”

“നിങ്ങളുടെ വായും” നോവിക്കോവ് സഹോദരനെ നോക്കാതെ പറഞ്ഞു.

“നിക്കൊളോയ്! നിക്കൊളോയ്! ഇവിടേക്കു നീന്തിവരു.” നതാലിയായുടെ ശബ്ദം കേൾക്കുമാറായി.

അതു് രസിക്കാത്ത മട്ടിൽ ലീദാ അവളുടെ തോളുകൾ കുലുക്കി. നിക്കൊളോയ്! അങ്ങു് പോകേണ്ടതില്ല.”

“നതാലിയ, ഒരുപക്ഷേ വെള്ളത്തിനടിയിൽ മുങ്ങിപ്പോകയായിരിക്കാം. അതുകൊണ്ടു് നിക്കൊളോയ് അങ്ങോട്ടു പോവുകയാണു വേണ്ടതു്” നോവിക്കോവ് ചിരിച്ചുകൊണ്ടു ഉപദേശിച്ചു.

“ആരു്? അമ്മയോ? അങ്ങനെയുണ്ടാവില്ല. അമ്മ വെള്ളത്തിൽ ഒരു മത്സ്യംകണക്കെ നീന്തുവാൻ സമത്ഥയാണ്” ലീദാ അഭിപ്രായപ്പെട്ടു.

നെററി ചുളിച്ചുകൊണ്ടു് നിക്കൊളോയ് നതാലിയായുടെ ശബ്ദംകേട്ട സ്ഥലത്തേക്കു നീന്തി. “രണ്ടുപേരായാൽ നല്ല കമ്പനി, മൂന്നുപേരായാൽ ആൾക്കൂട്ടം” നിക്കൊളോയ് പതുക്കെ പറഞ്ഞു. നോവിക്കോവ് നിർബാധം ലീദായുമായി സംഭാഷണത്തിലേർപ്പെട്ടു. പല കാര്യങ്ങളെപ്പററിയും അവർ സംസാരിച്ചു.

നൊവിക്കോവും ലീദായും നൗകയുടെ സമീപത്തേക്കു നീന്തിയടുക്കുന്നതു നോക്കിക്കൊണ്ടു നിന്നിരുന്ന നതാലിയായ്ക്കു സ്വപുത്രിയുടെ പെരുമാററം അത്ര രസിച്ചില്ല.

"കൊള്ളാം! ഇങ്ങനെയാണോ വിനോദിക്കേണ്ടതു്?" നതാലിയ വിചാരിച്ചു. "തമ്മിൽ ഒരു മൈൽ അകലെ നിന്നുകൊണ്ടാണോ വിനോദിക്കേണ്ടതു്? . . . ." എൻെറ യൗവ്വനത്തിൽ വിവാഹാർത്ഥികളുമായി ഞാൻ വിനോദിച്ചിരുന്നതു് ഇത്തരത്തിലാണോ? എൻെറ ശരീരത്തിൽ പൂഴി നുള്ളിയിടാൻ സ്ഥലംപോലും അവരുടെ സ്പർശമേൽക്കാത്തതായി ഉണ്ടായിരുന്നില്ല. വിഡ്ഢിയായ ഇവൾ നോവിക്കോവിൻെറ അടുത്തെങ്ങും പോകുകപോലും ചെയ്യുന്നില്ലല്ലോ!" നതാലിയ ഗൗരവഭാവത്തിൽ സ്വയം പറഞ്ഞു.

"അവൾ ഒരു വിഡ്ഢിയും, എന്താണു് ചെയ്യേണ്ടതെന്നു മനസ്സിലാക്കാൻ അപ്രാപ്തയുമെങ്കിൽ ഞാൻ അവളെ സഹായിക്കാം." ഇങ്ങനെ നിശ്ചയിച്ചുകൊണ്ടു ശരിയായ ഒരവസരം കാത്തു നതാലിയ കഴിച്ചു. കുളിക്കാൻ ഇറങ്ങിയവരിൽ ലീദായും നോവിക്കോവും മാത്രം വെള്ളത്തിൽ കിടക്കുമ്പോൾ, ഭർത്താവും നിക്കൊളോയും ഐവാനും വസ്ത്രംമാറി ധരിക്കുവാൻ നൗകയിലെ മുറിക്കുള്ളിൽ കടന്നപ്പോൾ, നതാലിയ, ശബ്ദമുണ്ടാക്കാതെ നൗകയുടെ മറുഭാഗത്തുകൂടി വെള്ളത്തിൽ മുങ്ങിച്ചെന്നു് തൻെറ പുത്രിയെ (അറിയിക്കാതെ) കാലിൽ പിടിച്ചു മറിച്ചിട്ടു. ലീദാ ഉറക്കെ വിളിച്ചു കരഞ്ഞു. ഇതു കേട്ടു നോവിക്കോവിൻെറ ഹൃദയം ഛിന്നഭിന്നമായിപ്പോയതുപോലെ അനുഭവപ്പെട്ടു. നൗകയിലേക്കു നീന്തിക്കേറുവാൻ ആരംഭിച്ച നോവിക്കോവു് വെള്ളത്തിലേക്കു എടുത്തു ചാടി. മൂന്നു നാലു കുതിപ്പുകൊണ്ടു് അദ്ദേഹം ലീദായുടെ സമീപമെത്തി. അവളുടെ മുഖം വാടിത്തളർന്നിരുന്നു. ഇടത്തെ കരംകൊണ്ടു് ലീദായുടെ തല വെള്ളത്തിനു മുകളിൽ ഉയർത്തിപ്പിടിച്ചുകൊണ്ടു് നോവിക്കോവു് നീന്തി നൗകയോടടുത്തു. നോവിക്കോവിൻെറ ഹൃദയം അപ്പോഴും തുടിച്ചുകൊണ്ടിരുന്നു; എന്താണു സംഭവിച്ചതെന്നു അദ്ദേഹത്തിനു ഒരു വിവരവുമില്ലായിരുന്നു.

പരിഭ്രാന്തനായ നോവിക്കോവു് ലീദായെ നൗകയുടെ ത

ട്ടിൽ കയറുന്നതിനു സഹായിച്ചു. ദീർഘമായി നിശ്വസിച്ചു കൊണ്ടു ലിദാ അവളുടെ ഒരു കൈ മാർവിൽവച്ചു "ഓ! ഞാൻ എത്രകണ്ടു ഭയപ്പെട്ടുപോയി!" എന്നു പറഞ്ഞു. പിന്നീട് അവൾ നോവിക്കോവിന്റെ നേരെ തിരിഞ്ഞു ചോദിച്ചു:— "പ്രൊഫസർ, അങ്ങേയ്ക്കു എന്തു സംഭവിച്ചു? അങ്ങയുടെ മുഖം വിളറിയിരിക്കുന്നുവല്ലോ?" അവൾ ഒന്നു ചിരിച്ചു: "എന്തൊരു ധീരകൃത്യം!"

മുറിസ്സുള്ളിൽനിന്നു് സിദ്‌റോവു് പുത്രിയുടെ അരികിൽ ഓടിയെത്തി. ഭയസംഭ്രമങ്ങളോടെ അദ്ദേഹം എന്തു സംഭവിച്ചു?" എന്നു ആരാഞ്ഞു.

"വെള്ളത്തിനടിയിൽനിന്നു എന്നെ എന്തൊ തള്ളിമറിച്ചിട്ടു." ലിദാ മറുപടി പറഞ്ഞു.

ഒരു റാന്തൽ വിളക്കു കൊണ്ടുവരപ്പെട്ടു. ലിദായുടെ കാലുകളിൽ യാതൊരു മുറിവിന്റെ പാടുകളുമില്ലായിരുന്നു.

"നിന്നെ എന്തെങ്കിലും കടിച്ചു എന്നു നിശ്ചയമുണ്ടോ?" സിദ്‌റോവു് ചോദിച്ചു.

"അവൾക്കു് കള്ളംപറയേണ്ട ആവശ്യമെന്തു്?" നതേലിയാ ഭർത്താവിനോടു ചോദിച്ചു. മുറിയുടെ ഒരു വശത്തുനിന്നുമാണു് നതാലിയ അവിടെ പ്രത്യക്ഷപ്പെട്ടതു്. വെള്ളത്തിൽ മുങ്ങിപ്പൊങ്ങിയ ഒരാളുടെ ശരീരത്തിൽനിന്നെന്നതുപോലെ ജലകണങ്ങൾ നതാലിയായുടെ ശരീരത്തിൽനിന്നു താഴെ പതിച്ചുകൊണ്ടിരുന്നു.

പരമാത്ഥമെല്ലാം വെളിപ്പെട്ടു. നോവിക്കോവിനു പൂർണ്ണമായും കാര്യങ്ങൾ മനസ്സിലാക്കുവാൻ കഴിഞ്ഞു.

"ഐവാൻ! നങ്കൂരമിളക്കു! വീട്ടിലേക്കു തിരിച്ചുപോകുവാൻ സമയമായി" സിദ്‌റോവു് നൗക നയിക്കുന്ന ഐവാനോടു ആവശ്യപ്പെട്ടു.

# അദ്ധ്യായം ഇരുപത്തെട്ട്

എന്നാൽ അവർ ഉടനെതന്നെ വസതിയിൽ തിരിച്ചില്ല. നദിയുടെ ഏതോ ഒരു ഭാഗത്തുനിന്നും അവ്യക്തവും തിരിച്ചറിയുവാൻ കഴിയാത്തതുമായ ഒരു ബോട്ടിന്റെ ശബ്ദം അവരുടെ ചെവിയിൽ എത്തുകയുണ്ടായി.

"ആ ശബ്ദം ആരുടേതാണെന്നു എനിക്കു മനസ്സിലാകുന്നുണ്ട്. എന്റെ ജോലിക്കാർ വരുന്നതാണ്" സന്തോഷത്തോടുകൂടി സിദ്റോവ് ഉൽഘോഷിച്ചു.

"ഫീദാ നമുക്കു മുറിക്കുള്ളിൽചെന്നു ഉറങ്ങാം. പ്രഭാതത്തിനുമുമ്പ് നമുക്കു ഇവിടെനിന്നു വീട്ടിലേക്കു തിരിക്കുവാൻ സാധിക്കുകയില്ല" നതാലിയ നിരാശയോടെ പറഞ്ഞു.

വളരെ ബദ്ധപ്പെട്ട് മന്ദം മന്ദം ഒരു സ്റ്റീമർ അടുത്തുവരുന്നതായി അവർക്കു കാണുവാൻ കഴിഞ്ഞു.

സിദ്റോവ് ഉറക്കെ വിളിച്ചു ചോദിച്ചു: "സെരീദാ, നീയാണോ വരുന്നത്?"

"അങ്ങു സുഖമായിരിക്കുന്നുവോ?" ആരോ വിളിച്ചു ചോദിച്ചു. പെട്ടെന്നു ആ സ്റ്റീമർ അവരെ സമീപിച്ചു. അതിൽ നിറയെ ആളുകൾ ഉണ്ടായിരുന്നു. നോവിക്കോവു അവരെ കണ്ടു അത്ഭുതത്തോടും ഭയത്തോടുംകൂടി ഐവാനോടു ചോദിച്ചു. "അവർ എവിടെനിന്നു വരുന്നവരാണ്?" "ഇവർ സഖാവ് സിദ്റോവിന്റെ വ്യവസായശാലയിൽനിന്നു വരുന്നവരാണ്. ഇവിടെനിന്നും പത്തു മൈൽ ദൂരെയായി ഒരു തടങ്കൽ പാളയം സ്ഥിതിചെയ്യുന്നുണ്ട്.

നോവിക്കോവ് പിന്നീടു ഒരു വാക്കും ഉച്ചരിച്ചില്ല. സാധാരണയായി പ്രസന്നമായി കാണാറുള്ള നിക്കൊളോയുടെ മുഖം പെട്ടെന്നു വിവർണ്ണഭാവം കൈക്കൊള്ളുന്നത് അദ്ദേഹം കണ്ടു.

"സെരീദാ! നിങ്ങൾ എന്തു പറയുന്നു? നമുക്കു പാട്ടുപാ

ടണമോ? സ്റ്റീമറിലുള്ള ആളുകളെ കണ്ടതായി ഭാവിക്കാതെ സിദ്റോവ് പറഞ്ഞു.

സിദ്റോവ് അഭിസംബോധനം ചെയ്തു സംസാരിച്ച ആൾ നൗകയുടെ സമീപം എത്തി. റാന്തലിൻെറ പ്രകാശത്തിൽ അയാളെ സ്പഷ്ടമായി കാണുവാൻ കഴിഞ്ഞു. അയാൾ ഒരു ബൽററ് ധരിച്ചിരുന്നു. ഒരുവലിയ വാൾ അയാളുടെ കൈവശമുണ്ടായിരുന്നു.

“അസാദ്ധ്യം” അയാൾ പറഞ്ഞു. “അതു നിയമത്തിനു എതിരമാണ്. - - - -

“നിയമങ്ങൾ! കളയണം നിയമങ്ങൾ. നിങ്ങൾ പറയാതിരിക്കുന്നിടത്തോളം കാലം ആരും അറിയുന്നതല്ല. എന്നെ സംബന്ധിച്ചിടത്തോളം, നിങ്ങൾക്കു അറിയാമല്ലോ. . . . ശ്മശാനതുല്യം.

“അസാദ്ധ്യം” അയാൾ വീണ്ടും ശബ്ദിച്ചു.

“അസാദ്ധ്യം; അസാദ്ധ്യം! ഈ വാക്കു മാത്രം നിങ്ങൾ പാടിക്കൊണ്ടിരിക്കുന്നു”. സിദ്റോവ് പറഞ്ഞു. “വിജയപ്രതീക്ഷയോടുകൂടിയാണ് അദ്ദേഹം സംസാരിച്ചതെന്നു ആ ശബ്ദത്തിൽനിന്നു ഗ്രഹിക്കുവാൻ കഴിയുമായിരുന്നു. ഇതുപോലെയുള്ള അപേക്ഷ ഇതിനുമുമ്പും പല പ്രാവശ്യവും ഇവർ തമ്മിൽ നടന്നിരുന്നുവെന്നു വ്യക്തമാണ്. “ഞാൻ കുറച്ചു ബ്രാൻഡി തരാം.” ഡയറക്ടർ മൃദുസ്വരത്തിൽ പറഞ്ഞു. “ഐവാൻ ഓടിച്ചെന്നു ഒരു കുപ്പി കൊണ്ടുവരു”. സിദ്റോവു ലുബ്ധനായിരുന്നില്ല.

ഐവാൻ ബ്രാൻഡിയുമായിവന്നപ്പോൾ അയാൾ അനുയായികളോടു സ്റ്റീമർ നിറുത്തുവാൻ ആജ്ഞാപിച്ചു.

ഏതൊരു കാര്യമാണ് സെറിദാ അസാദ്ധ്യമെന്നു പറഞ്ഞതെന്നു വ്യക്തമല്ലെങ്കിലും, അയാളുടെ ആജ്ഞ അനുസരിച്ചു സ്റ്റീമർ നിറുത്തി. അയാളുടെ സൈന്യം സിദ്റോവിൻെറ നൗകക്കു സമീപം എത്തി. ഡയറക്ടർ കുപ്പി, ആ ഉദ്യോഗസ്ഥനു എറിഞ്ഞു കൊടുത്തു. ഉദ്യോഗസ്ഥൻ അതു സാമർത്ഥ്യത്തോടെ കരത്തിലാക്കുകയും ചെയ്തു. സെരിദാ കുപ്പി പൊട്ടിച്ചു കുടിച്ചു. ശേഷമുണ്ടായിരുന്നതു് തൻെറ അസിസ്റ്റൻറിനു നൽകി.

"ഇനി നമുക്ക് പാട്ടുപാടാം" സിദ്റോവു പറഞ്ഞു.

"ഏതു പാട്ട പാടണം."

"പ്രശാന്തസുന്ദരമായ ഡൊൺ നദിയെപ്പററിയല്ലാതെ എന്തിനെപ്പററിയാണ് നാം പാടുക!

"ശരി" സെരീദാ മറുപടി പറഞ്ഞു.

സെരീദാ ആദ്യം മൃദുസ്വരത്തിൽ ആരംഭിച്ചു. ഡയറക്ടരും സെരീദായുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരും ഏററുപാടുവാനമാരംഭിച്ചു.

"പാട്ട മോശമല്ല; എല്ലാവരും ഒത്തുചേർന്നു പാടുവാൻ പറയണം" സിദ്റോവ് പറഞ്ഞു.

"ജനങ്ങളുടെ ശത്രുക്കളായ ഇവർ പാട്ടുപാടുവാൻ പാടില്ലെന്നാണ് വച്ചിരിക്കുന്നതു്."

"ഇതു ആരറിയും?"

"അറിഞ്ഞെങ്കിലോ? ആകട്ടെ, എല്ലാവരുംകൂടി ഒന്നു പാടാം."

സ്റ്റീമറിൽ തോക്കും ധരിച്ചു കാവൽനിന്നിരുന്ന പടയാളികൾ ഇവരുടെ സംഭാഷണം മനസ്സിലാക്കിക്കൊണ്ടു് തടവുകാരോടു ഒററസ്വരത്തിൽ പാടുവാൻ ആജ്ഞാപിച്ചു.

തടവുകാർ പതുക്കെ ചലിച്ചുതുടങ്ങി. ബന്ധിതരായിരുന്ന തടവുകാർ എണീററുനിന്നു. അവരിൽ ദീക്ഷയുള്ള ഒരു വൃദ്ധൻ നോവിക്കോവിൻെറ ദൃഷ്ടിയിൽപെട്ടു. അയാളുടെ ഒരു കൈയ്യ് മുറിവേററു വെച്ചുകെട്ടിയിരുന്നു. മററെ കൈകൊണ്ടു് ഒരു വടിയുമൂന്നി ആ വൃദ്ധൻ അവശനായി എണീററു നിൽക്കുകയായിരുന്നു. രണ്ടാമതു പാടിയ പാട്ടു് തടവുകാർ ഏററുപാടിത്തുടങ്ങി. വൃദ്ധനായ തടവുകാരൻെറ കണ്ണുകളിൽ നിന്നും ബാഷ്പകണങ്ങൾ അടർന്നു വീഴുന്നതായി നോവിക്കോവ് കണ്ടു. അയാൾ എന്തിനാണ് കരയുന്നതു്? നശിച്ച അയാളുടെ ജീവിതത്തെപ്പററി ഓർത്താണോ? ബന്ധുക്കളെയും സന്താനങ്ങളെയും അയാളെത്തന്നെയും ഓർത്താണോ അതല്ലെങ്കിൽ പരാധീനയായ ഡൊൺനദിയെപ്പററി ചിന്തിച്ചാണോ?

ഏകസ്വരത്തിൽ പൊങ്ങിയ പാട്ടിന്റെ ശബ്ദം ആ പ്രദേശത്തു മുഴങ്ങി. സമീപവാസിയായ റോഗിൻ ഈ പാട്ടു കേട്ടിരിക്കുമോ എന്നും, അങ്ങനെയെങ്കിൽ എന്തെല്ലാം ചിന്തകൾ അയാളിൽ കടന്നുകൂടിയിരിക്കുമെന്നും നോവിക്കോവ് ചിന്തിച്ചു.

നക്ഷത്രങ്ങൾ ആകാശദേശത്തുകൂടി മന്ദമായി സഞ്ചരിച്ചുകൊണ്ടിരുന്നു. പാട്ടിന്റെ ശബ്ദം ചിലപ്പോൾ വളരെ താഴ്ന്നും, ചിലപ്പോൾ വളരെ ഉയർന്നും കേൾക്കാമായിരുന്നു. സിദ്റോവ് പാട്ടു നിറുത്തി മറ്റുള്ളവർ പാടുന്നതു ശ്രദ്ധിച്ചുകൊണ്ടിരുന്നു.

തടവുകാരുടെ പാട്ടുകൾ നോവിക്കോവിന്റെ ശരീരത്തിൽ രോമാഞ്ചമുണ്ടാക്കി അവരുടെ പാട്ടിന്റെ ശബ്ദത്തേക്കാൾ, അവരുടെ നോട്ടം നോവിക്കോവിനെ ഭയവിഹ്വലനാക്കി. പരലോകയാത്രയ്ക്കു ഒരുങ്ങിക്കൊണ്ടിരുന്ന ആ തടവുകാരുടെ സ്ഥിതി തനിക്കും വന്നുചേരുമോ എന്നു ഓർത്തു് അദ്ദേഹം ഭീതനായി.

അദ്ദേഹം മാത്രമല്ല ഭയചകിതനായിത്തീർന്നതു്. നിക്കൊളോയുടെ മുഖഭാവവും ഭയത്തെ പ്രകടമാക്കുന്നതായിരുന്നു. തടവുകാരുടെ പാട്ടുകൾ അയാളെ എന്തെന്നില്ലാതെ വേദനിപ്പിച്ചു. അയാൾ അവിടെ നിൽക്കുവാൻ ധൈര്യമില്ലാതെ നൗകയുടെ മറുവശത്തേക്കു നടന്നു.

പാട്ടു നിലച്ചു. അന്തരീക്ഷം നിശ്ശബ്ദതയിലാണ്ടു. ശ്വാസം അടക്കിക്കൊണ്ടു തടവുപുള്ളികൾ നിലകൊണ്ടു. ആ പാട്ടു അവരുടെ ഹൃദയനൈരാശ്യം പതിന്മടങ്ങു് വർദ്ധിപ്പിച്ചു. അന്ധകാരംകൊണ്ടു നിറച്ചു.

"അ. . . . ത്ഭു . . . . .തം" സിദ്റോവ് ചിന്താമഗ്നനായും മന്ദസ്വരത്തിലും പറഞ്ഞു.

വെള്ളത്തിൽ നീന്തിക്കുഴയുന്ന ഒരുവനെപ്പോലെ തടവുകാരനായ വൃദ്ധൻ ക്ഷീണിതനായി വീഴാൻ ഭാവിക്കുന്നതു് നോവിക്കോവ് കണ്ടു.

"സഹോദരരെ! എനിക്കു് സഹിക്കുവാൻ കഴിയുന്നില്ല" വൃദ്ധനായ തടവുകാരൻ ഇപ്രകാരം പറഞ്ഞുകൊണ്ടു് സ്റ്റീമറി

ൻെറ തട്ടിൽ വീണു. അയാൾ വിലപിക്കുന്നതും പ്രാൎത്ഥിക്കു ന്നതും കുറേശ്ശെ കേൾക്കാമായിരുന്നു.

"സഖാവ് സെരീദാ!" ഒരു കാവൽ ഭടൻ വിളിച്ചുപറ ഞ്ഞു: "വൃദ്ധനായ ഒരു തടവുകാരൻ മരിച്ചതുപോലെ കാണ പ്പെടുന്നു. അങ്ങയുടെ കല്പന കാത്തുനിൽക്കുന്നു."

"മരിച്ചുവെന്നോ?" സെരീദാ ദേഷ്യസ്വരത്തിൽ ചോ ദിച്ചു. "തടങ്കൽപാളയത്തിൽ ചെന്നു വേണ്ടതു ചെയ്യാം. ന മുക്കു തിരിക്കുവാൻ സമയമായി. സ്റ്റീമർ യാത്ര തുടരട്ടെ" അ യാൾ ആജ്ഞാപിച്ചു.

"നേതാവെ!" സെരീദാ ക്ഷമായാചനാരൂപത്തിൽ സി ദ്റോവിനോടു പറഞ്ഞു: "ഞാൻ താങ്കളെ യന്ത്രശാലയിൽ വന്നു കണ്ടുകൊള്ളാം."

സ്റ്റീമർ യാത്രതുടർന്നു. സിദ്റോവ് സ്റ്റീമർ യാത്രതുടരുന്ന തു നോക്കിക്കൊണ്ടു നൗകയുടെ തട്ടിൽ നിന്നു.

---

# അദ്ധ്യായം ഇരുപത്തൊൻപത്

"ഒരു യഥാൎത്ഥ കഥയാണു പറയുവാൻപോകുന്നത്. ഒരു ദിവസം എൻെറ പ്രസംഗത്തിൽ ഞാൻ 'പവലോവി'ൻെറ 'പ്രതിഫലന'ത്തെപ്പററിയുള്ള വാദത്തെപ്പററി വിദ്യാൎത്ഥി കളോടു സംസാരിക്കുകയായിരുന്നു. വിദ്യാൎത്ഥികൾക്കു ആ യു ക്തിവാദം ഗ്രഹിക്കുവാൻ കഴിയുന്നില്ലെന്നു ഞാൻ മനസ്സി ലാക്കി. ഞാൻ വീണ്ടും വീണ്ടും വിശദീകരിച്ചുകൊടുത്തു; എ ന്നാൽ ഒടുവിൽ ഞാൻ മാത്രം ആ യുക്തിവാദം കൂടുതൽ ഗ്ര ഹിച്ചു. വിദ്യാൎത്ഥികൾക്കു മനസ്സിലാക്കുവാൻ കഴിഞ്ഞതുമി ല്ല. . . . ഇതാ, മിഖായേൽ, വെള്ളപ്പാൻകാലത്തെ നീന്തൽ ക്കളി കഴിഞ്ഞുവോ? നിങ്ങൾ പുതിയ കഥ കേട്ടുവോ? ആവ ൎത്തിച്ചു പറയണമോ" ഡോക്ടർ ചോദിച്ചു.

"കേട്ടു, ഞാൻ കേട്ടു. . . . . ആവർത്തിക്കേണ്ട ആവശ്യമില്ല. നിങ്ങൾക്കു മനസ്സിലാക്കുവാൻ കഴിയാത്ത കാൎയ്യങ്ങൾ വിശദീകരിച്ചാൽ മതിയാകും" ചിരിച്ചുകൊണ്ടു മിഖായേൽ പറഞ്ഞു. അപ്പോഴും ഈറൻ മാറിയിട്ടില്ലാത്ത നൈനയുടെ മുടിയിൽ ചുംബിച്ചുകൊണ്ടു് മിഖായേൽ മേശക്കടുത്തു ഇരുന്നു.

ഗോറിൻെറ വസതിയിൽ രാവിലത്തെ ഭക്ഷണസമയത്തു് ഈ ഡോക്ടരും അദ്ദേഹത്തിൻെറ ഫലിതങ്ങളും ഒഴിച്ചുവെക്കുവാൻ പാടില്ലാത്ത അംശങ്ങളായിരുന്നു. മെലിഞ്ഞ ശരീരവും, ചുവന്ന തലമുടിയും, തൂവെള്ളനിറവും, ഉദ്ദേശം നാല്പതു വയസ്സു് പ്രായവുമുണ്ടായിരുന്ന ഡോക്ടർ പ്രഭാതകാലത്തു് സരസങ്ങളായ കഥകൾ പറഞ്ഞു ഗോറിൻെറ കുടുംബാംഗങ്ങളെ ആനന്ദിപ്പിക്കുക പതിവായിരുന്നു. തല പുറകോട്ടു ചരിച്ചു്, സ്വൎണ്ണപ്പല്ലുകൾ മുഴുവനും കാണത്തക്കവിധം വാ പിളർന്നുകൊണ്ടു് ചിരിക്കുന്ന അവസരത്തിൽ അദ്ദേഹത്തിൻെറ മുഖം ഒരു കുതിരയുടെ മുഖത്തോടു സാദൃശ്യം വഹിച്ചിരുന്നു. അയാളുടെ യഥാൎത്ഥ പേരു് സിബിക്കു് എന്നായിരുന്നുവെങ്കിലും എല്ലാവരും 'ഡോക്ടർ' എന്നാണു് വിളിച്ചുവന്നതു്.

ഗോറിൻ കുടുംബസമേതം റോസ്റ്റോവിൽ വന്നുചേർന്ന ആദ്യദിവസങ്ങളിൽ (സുഖമില്ലാതിരുന്ന പവേലിനു ഒരു ഡോക്ടരുടെ സഹായം ആവശ്യമായിരുന്നു) ഈ ഡോക്ടർ ഗോറിൻെറ പരിചിതനായിത്തീർന്നു. "കുടുംബഡോക്ടർ" എന്ന നിലയിൽ ക്രമേണ ഇദ്ദേഹം അവരോടുകൂടി താമസിക്കുകയും ചെയ്തുവന്നു. റോസ്റ്റോവിലെ പ്രധാന ആശുപത്രിയിലാണു് സിബിക്കു് ജോലി ചെയ്തുവന്നതു്. സാമാന്യം നല്ല ഒരു ഡോക്ടർ എന്ന നിലയിലാണു് സിബിക്കു എല്ലാവർക്കും അറിയപ്പെട്ടിരുന്നതും. പ്രഭാതകാല ഭക്ഷണത്തിനുശേഷം എല്ലാദിവസവും അദ്ദേഹം പട്ടണത്തിലേക്കു പോവുകയും ഉച്ചഭക്ഷണം അവിടെ കഴിച്ചു് സന്ധ്യക്കു തിരിച്ചു വീട്ടിലേക്കു വരുകയുമായിരുന്നു പതിവു്. ഗോറിൻ കുടുംബാംഗങ്ങളോടൊത്തു ഭക്ഷണം കഴിക്കുവാൻ അനുവദിക്കപ്പെട്ടിരുന്ന ഏകവ്യക്തി ഡോക്ടർ മാത്രമായിരുന്നു. ഈ അനുവാദം ഡോക്ടരുടെ നയചാതുൎയ്യത്തിൻെറ ഫലമായിട്ടു സിദ്ധിച്ചതായിരിക്കണം. ഡോക്ടരുടെ സാന്നിദ്ധ്യം മിഖായേലിനു സുഖകരമായി തോന്നിത്തു

ടങ്ങി. ഭക്ഷണസമയത്തു് ഡോക്ടർ കുടുംബാംഗങ്ങളുടെയും ആശ്രിതരുടെയും വളർത്തു മൃഗങ്ങളുടെയും ആരോഗ്യനില യെപ്പററി ഒരു റിപ്പോർട്ടു നൽകുക പതിവായിരുന്നു.

പട്ടണത്തിൽനിന്നും കിട്ടുന്ന ഉച്ചഭക്ഷണത്തിൽ വലിയ വിശ്വാസമില്ലാതിരുന്ന ഡോക്ടർ, ഗോറിൻെറ ഭവനത്തിൽ നിന്നു പ്രഭാതഭക്ഷണം നിറയെ കഴിച്ചുവന്നു. ഗോറിൻ കുടുംബത്തിനു റേഷ്യൻ കാർഡിൻെറ ആവശ്യമുണ്ടായിരുന്നില്ല. ഇഷ്ടാനുസരണം എല്ലാം ലഭിച്ചുകൊണ്ടിരുന്നതിനാൽ, ഡോക്ടരുടെ വിശപ്പു ശരിക്കറിയാമായിരുന്ന ലൂബാ വിഭവസമൃദ്ധമായ പ്രഭാതഭക്ഷണമാണു് സജ്ജമാക്കാറുണ്ടായിരുന്നതു്. പാവൽ സുഖവാസത്തിനായി പാരീസിലേക്കു പോയപ്പോൾ ഗോറിൻ ഡോക്ടരെക്കൂടി അദ്ദേഹത്തെ അനുഗമിക്കുവാൻ അയച്ചിരുന്നു. സൗഭാഗ്യലക്ഷ്മി ഒരുകാലത്തും തന്നെ വിട്ടുപിരിയുകയില്ലെന്നു ഡോക്ടർ ദൃഢമായി വിശ്വസിച്ചുപോന്നു.

---

# അദ്ധ്യായം മുപ്പതു്

ശയ്യാഗൃഹത്തിൽക്കൂടി പാവൽ ഒരു സിഗാററും വലിച്ചു തറയിൽ വിരിച്ചിരുന്ന ചകിരിമെത്തയിൽ സൂക്ഷിച്ചു നോക്കിക്കൊണ്ടു് കാലടികൾ അളന്നുവെക്കുന്നതുപോലെ മന്ദം മന്ദം നടക്കുകയായിരുന്നു. തന്നെ കാണുന്നതു മററുള്ളവർക്കു് അരോചകമാണെന്നു അറിയാമായിരുന്നതുകൊണ്ടു് അദ്ദേഹം മററുള്ളവരുടെകൂടെ മട്ടുപ്പാവിൽ മേശയിൽ ഭക്ഷണം കഴിക്കുന്നതിനു പോകാതെ ശയ്യാഗൃഹത്തിലേക്കു ഭക്ഷണം കൊടുത്തയക്കണമെന്നു ആവശ്യപ്പെടുകയാണു ചെയ്തതു്.

"അതുകൊണ്ടെന്തു്? എനിക്കു് ആരെയും കാണണമെന്നില്ല" പാവൽ വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരുന്നു. എന്നാൽ നൈനയെപ്പററി ഓർത്തപ്പോൾ താൻ പറഞ്ഞതു മുഴുവനും ശരിയല്ലെന്നുള്ള ബോധത്തോടുകൂടി മനസ്സിനെ നിയ

ന്റീക്കുവാൻ ശ്രമിച്ചു. "കൊള്ളാം, അരോചമല്ലെങ്കിൽ, ദയാപൂർവ്വമെങ്കിലുമാണ്; എന്നാൽ ആ ദയയെ ഞാൻ കൂടുതലായി വെറുക്കുന്നു."

പാവൽ അന്നു ഉറങ്ങിയിരുന്നില്ല; പുകവലി തുടർച്ചയായി നടത്തുകയും ഒട്ടേറെ ചിന്തിക്കുകയും ചെയ്തു. സഹ്യമല്ലാത്ത ഗന്ധം വായിൽനിന്നു പുറപ്പെട്ടിരുന്നു. അസഹ്യമായ തലവേദനയാൽ കൂടുതൽ ചിന്തിക്കുവാൻ അദ്ദേഹം കേവലം അശക്തനായി ഭവിച്ചു. അദ്ദേഹത്തിൻെറ ചിന്തകൾ ഗൗരവതരങ്ങളും അമൂല്യങ്ങളുമായിരുന്നു.

താൻ പണ്ട് പാരീസിൽ ആയിരിക്കുമ്പോൾ കണ്ട കാഴ്ചകളും തൻെറ പ്രേമഭാജനവുമൊത്തു നടത്തിയ സല്ലാപങ്ങളും സരസസംഭാഷണങ്ങളും പാവൽ സ്വപ്നത്തിൽ ദർശിച്ചു. പൂർവ്വകാലസ്മരണകൾ നിർഭാഗ്യവാന്മാരെ വിഷദ്രാവകംപോലെ വേദനിപ്പിക്കുന്നവയാണ്; ഭാഗ്യവാന്മാരുടെ ഭാവനയിൽ അവ മൺകട്ടയെപ്പോലും വിദ്യുത്ലതപോലെ പ്രകാശമാനങ്ങളുമാക്കുന്നു. പൂർവ്വകാലസ്മരണകൾ ചിലർക്ക് ആസ്വാദ്യമായിരിക്കുമ്പോൾ മററു ചിലർക്ക് അസഹ്യമായി അനുഭവപ്പെടുന്നു. പാവലിനെ സംബന്ധിച്ചിടത്തോളം ഭൂതകാലസ്മരണകൾ—പാരിസിലെ ജീവിതാനുഭവങ്ങൾ—ഏററം വേദനാജനകമായിരുന്നു. കൂടുതൽ കാണുവാനും അവയുടെ സ്മരണകൾ മനസ്സിൽ ഒതുക്കിവെക്കുവാനുമുള്ള ഒരു ശക്തി അദ്ദേഹത്തിനുണ്ടായിരുന്നു. താങ്ങാനാവാത്ത അതിൻെറ ഭാരം മനസ്സിനെ മർദ്ദിച്ചുകൊണ്ടുമിരുന്നു. തൻെറ സ്മരണകളെയും അനുഭവങ്ങളെയും മനസ്സിൽനിന്നു പുറത്തുവിട്ട് ഭാരം ലഘൂകരിക്കുവാൻ പററിയ സ്നേഹിതന്മാർ അദ്ദേഹത്തിനു ഇല്ലാതെപോയി.

സന്തപ്തചിന്തയിലാണ്ടിരുന്ന പാവൽ, പിതാവും ഡോക്ടറുംകൂടി മുറിയിൽ പ്രവേശിച്ചതുപോലും അറിഞ്ഞില്ല.

"നീ എന്നെ വിളിച്ചുവോ?" ചിന്താമഗ്നനായിരിക്കുന്ന സ്വപുത്രൻെറ മുഖത്ത് ജിജ്ഞാസയോടെ നോക്കിക്കൊണ്ട് മിഖായേൽ ചോദിച്ചു. പിതാവിൻെറ ശബ്ദംകേട്ട് പാവൽ ഒരു ഞെട്ടലോടെ കണ്ണുതുറന്നു. ഡോക്ടരെ അടുത്തു കണ്ടതുകൊണ്ട്

കോപത്തോടെ അധരങ്ങൾ കടിച്ചു പാവൽ പറഞ്ഞു:- "അയാൾ എന്തുചെയ്യുകയാണ്? അങ്ങയെ മാത്രമാണ് ഞാൻ വിളിച്ചതു്."

"ഡോക്ടരെ സംബന്ധിക്കുന്ന വല്ല കാര്യത്തിനുമായിരിക്കാം വിളിച്ചതെന്നു ഞാൻ വിചാരിച്ചു. അതുകൊണ്ടു് ഡോക്ടരെക്കൂടി കൊണ്ടുവന്നതാണ്" ഗോറിൻ മറുപടി പറഞ്ഞു.

"എന്നോടു തനിയെ സംസാരിക്കുവാൻ ഭയപ്പെടുകയാണോ? എന്നെ അത്രകണ്ടു വെറുക്കുന്നു എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?"

"പാവൽ!" ആ പിതാവു് നിലവിളിച്ചു.

"അതെ, അതെ. ഒരു കുഷ്ഠരോഗിയെ എന്നവിധം എന്നെ നിങ്ങൾ അവഗണിക്കുകയാണ്. അതു ഞാൻ മനസ്സിലാക്കുന്നില്ലെന്നു വിചാരിക്കരുതു്. പല ആഴ്ചവട്ടങ്ങളായി നിങ്ങൾ എൻെറ സമീപത്തുപോലും വരുന്നതേയില്ല."

മിഖായേൽ ഗോറിൻെറ മുഖം പെട്ടെന്നു ചുവന്നു. പുത്രൻ സത്യമാണു പറയുന്നതെന്നു അദ്ദേഹം വിചാരിച്ചു. അദ്ദേഹം പുത്രൻെറ ദയനീയസ്ഥിതിയിൽ കരുണാർദ്രചിത്തനായി.

"പാവൽ, എന്നോടു ക്ഷമിച്ചാലും!" ഗോറിൻ തൻെറ പുത്രൻെറ കരങ്ങളെ ഗ്രഹിച്ചുകൊണ്ടു പറഞ്ഞു. "പാവൽ! ഡോക്ടരുടെ സഹായം നിനക്കു ആവശ്യമായിരിക്കുന്നു."

പാവലിൻെറ കണ്ണുകൾ വികാരോജ്ജ്വലമായി. "ചികിത്സകൊണ്ടു ശരീരത്തിനു സുഖം കൈവരുത്താം; എന്നാൽ മനസ്സിൻെറ അസുഖം ആർക്കാണു ഭേദപ്പെടുത്തുവാൻ കഴിയുക? സമയം വളരെ വൈകിപ്പോയി. ഇന്നത്തെ റഷ്യയിൽ ജീവിക്കേണ്ടവിധം പഠിക്കുന്നതിനു ഒരുവൻ ഒരിക്കൽകൂടി ജനിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, നമ്മുടെ അഭിരുചികൾ, വിചാരങ്ങൾ, സാന്മാർഗ്ഗികചിന്തകൾ എന്നുവേണ്ടാ നമുക്കു ഇന്നു് സ്വായത്തമായിട്ടുള്ളവയെല്ലാം എന്നേക്കാലത്തേക്കുമായി പാടേ മുട്ടെറിക്കണം; പോരാ, പുരാതനമനുഷ്യനിലുള്ള മൃഗീയസ്വഭാവത്തെ പ്രകാശിപ്പിക്കുകയും ചെ

യ്യണം. അങ്ങനെ ചെയ്യാത്ത മനുഷ്യൻ ഒരു ശത്രുവാണ്. . . . . . . ജനങ്ങളുടെ ശത്രുവായി കരുതപ്പെടും."

"പാവൽ, ക്ഷമിച്ചാലും! നീ പറയുന്നതു് സർവാബദ്ധമാണ്" മിഖായേൽ ദ്രുഢസ്വരത്തിൽ പറഞ്ഞു. അറിയാതെ പുത്രനിൽ അല്പം നീരസവും അദ്ദേഹത്തിനു തോന്നി.

പാവൽ പിതാവിനോടു ചേർന്നിരുന്നുകൊണ്ടു് പതുക്കെ പറഞ്ഞു: "അല്ലല്ല, ഞാൻ സത്യമാണു പറയുന്നതു്. അങ്ങേയ്ക്കു അതു് അറിയുകയും ചെയ്യാം. പക്ഷേ, അങ്ങു് മരണത്തേക്കാൾ സത്യത്തെ ഭയപ്പെടുന്നു. . . . . എന്നാൽ ഞാൻ സത്യത്തെ ഭയപ്പെടുന്നില്ല. എല്ലാം അഭിനയം മാത്രം, എല്ലാവരും നന്മകളെ വാഴ്ത്തിപ്പറയുന്നുണ്ടു്; എന്നാൽ അതേസമയത്തു് ആയിരക്കണക്കിനു ആളുകളെ കൊന്നൊടുക്കുകയും ചെയ്യുന്നു. ആയിരമെന്നാണോ ഞാൻ പറഞ്ഞതു്? അല്ല, പതിനായിരക്കണക്കിനു എന്നാണു പറയേണ്ടതു്. മററുള്ളവർക്കു ശാന്തരായി ഈ കാഴ്ച കണ്ടുകൊണ്ടിരിക്കാൻ കഴിയുമായിരിക്കാം; എന്നാൽ എനിക്കു അതിനു കഴിയുകയില്ല. ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്താൽ കൊള്ളാമെന്നു എനിക്കു് ആഗ്രഹമുണ്ടു്. എന്നാൽ എന്താണു ചെയ്യേണ്ടതെന്നു എനിക്കറിഞ്ഞുകൂടാ. . . . ."

"നിങ്ങൾക്കു് ഒരു സ്ത്രീയെ കിട്ടേണ്ടതാണ് ആവശ്യം" ഡോക്ടർ പറഞ്ഞു. "നിങ്ങൾക്കു ഇഷ്ടമുള്ളപക്ഷം ഞാൻ ഒരിത്തിയെ കണ്ടുപിടിച്ചുതരാം. ആശുപത്രിയിൽ കണ്ടാൽകൊള്ളാവുന്ന അനേകം നേഴ്സുകൾ ഉണ്ടു്. നിങ്ങളുടെ മാനസികരോഗത്തിനു തക്ക ചികിത്സ അവർ നടത്തിക്കൊള്ളും. അടുത്തകാലത്തു് നിങ്ങളുടെ അടുക്കൽ ഒരു സ്ത്രീ ഉണ്ടായിരുന്നുവോ?"

മറുപടി പറയാതെ പാവൽ ജനാലയുടെ സമീപംചെന്നു് ഉദ്യാനത്തിലേക്കു നോക്കിക്കൊണ്ടു പറഞ്ഞു: "പിതാവെ! എനിക്കു് വിദേശത്തു പോകണം."

അല്പം ആശ്വാസത്തോടുകൂടി മിഖായേൽ ഒന്നു നിശ്വസിച്ചു. തൻെറ പുത്രൻെറ മനസ്സു തിരിക്കുവാൻ ശ്രമിച്ചു. "പാവൽ! കഴിഞ്ഞ കൊല്ലം നീ വിദേശത്തായിരുന്നല്ലോ. അന്നു് നിനക്കു എന്തെങ്കിലും ആശ്വാസം കി

ട്ടിയോ? അതു് നിൻെറ വിചാരം മാത്രമാണ്. എന്തു കാരണത്താലാണ് ഈ സ്ഥലം നിനക്കു ചീത്തയായി തോന്നുന്നതു്?"

"ചീത്തയെന്നോ?" പാവൽ പറഞ്ഞു, "ഇവിടം ഒരു ശ്മശാനമായിട്ടാണ് എനിക്കു് തോന്നുന്നതു്."

"പാവൽ! ക്ഷോഭിക്കാതെ പറയൂ. വിദേശവാസം ആവശ്യമാണോ അല്ലയോ എന്നു ഡോക്ടരുടെ ഉപദേശം ആരായുക. ഡോക്ടർ, അതുകൊണ്ടു് എന്തെങ്കിലും ഗുണം സിദ്ധിക്കുമോ എന്നു പറഞ്ഞാലും."

പാവലിൻെറ ആശയം ഡോക്ടർക്കു വളരെ സന്തോഷകരമായിരുന്നുവെങ്കിലും, അദ്ദേഹം അതിൽ തല്പരനല്ലെന്നുള്ള ഭാവം മുഖത്തു പ്രകടമാക്കി. "അതിൻെറ ആവശ്യം ഞാൻ കാണുന്നില്ല. എന്നിരുന്നാലും ഇപ്പോഴത്തെ ചുററുപാടുകൾ ഒന്നു മാറുന്നതു് എപ്പോഴും നല്ലതുതന്നെയാണ്." "പാരീസിലേക്കു ഒന്നുകൂടി പോകുവാനാണോ ആഗ്രഹിക്കുന്നതു്?" ഡോക്ടർ പാവലിനോടു ചോദിച്ചു.

"അതെ, പാരീസിലേക്കുതന്നെ" പാവൽ മറുപടി പറഞ്ഞു. ഡോക്ടർക്കു് പാവലിൻെറ അഭിപ്രായം വളരെ ഇഷ്ടപ്പെട്ടു. ഒരിക്കൽകൂടി പാരീസ് സന്ദർശിക്കുവാനുള്ള തൻെറ ആഗ്രഹം സാധിക്കുമല്ലോ എന്നോർത്താണ് ഡോക്ടർ സന്തോഷിച്ചതു്.

"നീ ഒരു കൊച്ചുകുട്ടിയല്ല; നീതന്നെ തീർച്ചപ്പെടുത്തിക്കൊള്ളുക. നിനക്കു പോകാനാണു ആഗ്രഹമെങ്കിൽ പൊയ്ക്കൊള്ളുക. എന്നു പോകണമെന്നാണ് ഉദ്ദേശിക്കുന്നതു്?"

"എത്ര പെട്ടെന്നോ അത്രയും നല്ലതു്" പാവൽ പറഞ്ഞു. "എനിക്കും ഡോക്ടർക്കും ഒരു 'വിസാ' കിട്ടുവാൻ ഏർപ്പാടു ചെയ്യണം" പാവൽ അപേക്ഷിച്ചു.

ഡോക്ടരെ പാവൽ അവിടെനിന്നു ഓടിച്ചു കഴിഞ്ഞപ്പോൾ പിതാവും പുത്രനും മാത്രം മുറിയിൽ ശേഷിച്ചു. മിഖായേൽ പുത്രനുമായി സംസാരിക്കുവാൻ തുടങ്ങി.

മിഖായേൽ:- നിനക്കു സ്വയം നിയന്ത്രിക്കുവാൻ കഴിയുന്നില്ലല്ലോ; നിൻെറ ജീവനെ കരണ്ടുതിന്നുന്നതു എന്തൊന്നാണ്?

പാവൽ:- ഹൃദയവേദന, പിതാവെ! എൻെറ ഹൃദയവേദന അസഹ്യവും ഭയങ്കരവുമാണ്. വിശേഷിച്ച രാത്രിയിൽ! എനിക്ക ഉറക്കമില്ല; എൻെറ ചിന്തകൾ...... അതിരിക്കട്ടെ. അങ്ങെയ്ക്കു എന്തുപററി? എനിക്കും കണ്ണുകളുണ്ട്; എല്ലാം ഞാൻ അറിയുന്നുമുണ്ട്."

മിഖായേൽ:- നീ എന്താണ് അറിയുന്നത്?

പാവൽ:- രണ്ടു കൊല്ലംമുമ്പ് അങ്ങു റഷ്യയിലേക്ക മടങ്ങിവന്നപ്പോൾ വേറെ പലതും ആശിച്ചിരുന്നു.

മിഖായേൽ കോപാകുലനായി. "അതു വെറും കള്ളം; നിൻെറ അഭ്യൂഹം മാത്രം. എനിക്ക സമ്മതിക്കേണ്ടതായിട്ട ഒന്നുമില്ല. എന്നെ ആവശ്യമില്ലാതെ കുററപ്പെടുത്തുകയാണ്. ബലഹീനനും രോഗിയുമായ നീ വിചാരിക്കുന്നത് മററുള്ളവരെല്ലാം നിന്നെപ്പോലെയാണെന്നാണ്. പക്ഷേ, അക്കാര്യത്തിൽ നിനക്ക് തെററുപററിപ്പോയി. എനിക്ക ഒരു അസുഖവുമില്ല. ശാരീരികമോ മാനസികമോ ആയ യാതൊരു ബലഹീനതയും എനിക്കില്ല. എനിക്ക യാതൊരു സംശയവുമില്ല; എൻെറ ജീവിതം ഉത്തമമാണെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. ഇററലിയിൽനിന്നു ഇവിടെ എത്തിയപ്പോൾ സ്വർഗ്ഗീയമായ 'മന്ന' ഇവിടെ ലഭിക്കുമെന്നു ഞാൻ ആഗ്രഹിച്ചിരുന്നില്ല. അനേകം ആളുകൾ അവരുടെ പ്രയാസങ്ങളും വിഷമങ്ങളും ഓർത്ത് പിറുപിറുത്തു കഴിക്കുന്നുണ്ട്. അവർ നിന്നെപ്പോലെയുള്ള ബലഹീനരാണ്. പക്ഷേ, ഞാൻ അവയെ സ്വാഗതം ചെയ്യുകയാണ് ചെയ്യുന്നത്. ഇപ്പോഴത്തെ വിഷമതകൾക്കും പ്രയാസങ്ങൾക്കും അപ്പുറത്തായി ഒരു നല്ല ഭാവിയെ കാണുവാൻ എനിക്ക കഴിയുന്നുണ്ട്."

കോപാകുലനായ പിതാവിനെ സങ്കടത്തോടുകൂടി പാവൽ നോക്കിക്കൊണ്ടിരുന്നു.

"ഞാൻ അതേപ്പററിയൊന്നുമല്ല പറഞ്ഞതു്" പാവൽ മൃദുസ്വരത്തിൽ പറഞ്ഞു. "പ്രയാസങ്ങൾ സാരമില്ല. അഴിമതിയെപ്പററിയാണ് ഞാൻ പറയുന്നതു്.....സത്യസന്ധനായ ഒരുവനും റഷ്യയിൽ ജീവിക്കുക സാദ്ധ്യമല്ല. ഒരുവ

ന്റെ മനഃസാക്ഷിയെ നിയന്ത്രിക്കപ്പെടുമ്പോൾ യാതൊരു പരിഷ്കാരത്തിനും അതു നീതീകരിക്കുക സാദ്ധ്യമല്ല.''

''സത്യസന്ധനായ ഒരുവനും റഷ്യയിൽ സ്ഥാനമില്ലെന്നുള്ള അഭിപ്രായം ശരിയല്ല. ഉദാഹരണമായി എന്നെതന്നെ എടുത്തു നോക്കൂ. വളരെ ഉന്നതമായ ഒരു സ്ഥാനമാണ് എനിക്കുള്ളത്. നിന്റെ അഭിപ്രായപ്രകാരം..... ഞാൻ സത്യസന്ധനല്ല?''

''പോളിററ് ബ്യൂറോ ഇത്രയും കാലം അങ്ങയെ സ്വതന്ത്രമായിവിട്ടു. എന്നാൽ അങ്ങയുടെയും അവരുടെയും മാർഗ്ഗങ്ങൾ വ്യത്യസ്തങ്ങളാണ്. അങ്ങു അതു മനസ്സിലാക്കുന്നുമുണ്ട്.'' പാവൽ അഭിപ്രായപ്പെട്ടു.

''എന്റെ മാർഗ്ഗം റഷ്യൻ ജനതയുടെ മാർഗ്ഗമാണ്. പോളിററ് ബ്യൂറോക്കു അതിൽ യാതൊരു കാര്യവുമില്ല.''

''റഷ്യൻ ജനതയുടെ മാർഗ്ഗം ഏതാണെന്നു ആർക്കെങ്കിലും അറിയാമോ? ജനതയല്ല അവരുടെ മാർഗ്ഗം തിരഞ്ഞെടുക്കുന്നത്. തോക്കും ചൂണ്ടി ഏതു മാർഗ്ഗത്തിലേക്കു അവരെ തള്ളിവിടുന്നുവോ ആ മാർഗ്ഗത്തിൽക്കൂടി ജനത മുമ്പോട്ടു നീങ്ങുകയാണ് ചെയ്യുന്നത്.... '' ഇത്തരത്തിലുള്ള ഗൗരവതരങ്ങളായ അനേകം ചിന്തകൾ പാവലിന്റെ മനസ്സിൽ അടിഞ്ഞുകൂടി കിടപ്പുണ്ടായിരുന്നു. അവയെ പ്രകാശിപ്പിക്കുവാൻ അദ്ദേഹം വളരെ പ്രയാസപ്പെടുന്നുണ്ടായിരുന്നു. അപകടപൂർണ്ണമായ വാക്കുകളായിരുന്നു അദ്ദേഹം പറഞ്ഞതു്.

ഡോക്ടരോടുകൂടി ആ മുറിയിൽനിന്നു പോകേണ്ടതായിരുന്നു എന്നു മിഖായേൽ വിചാരിക്കാതിരുന്നില്ല.

പാവൽ പറഞ്ഞ വാക്കുകൾ മിഖായേലിനു മനഃശല്യത്തെയാണ് ഉണ്ടാക്കിയതു്; ആ ഉപദേശങ്ങൾ അദ്ദേഹത്തിനു ആവശ്യമായിരുന്നില്ലതാനും.

ഈ സംഗതി പാവേലിനു മനസ്സിലാവുകയും ചെയ്തു. അയാൾ സംഭാഷണം അവസാനിപ്പിച്ച് അടുത്തു കിടന്ന ഒരു മേശയുടെ സമീപത്തേക്കു നീങ്ങി ഒരു സിഗാററ് കത്തിച്ചുവലിച്ചു. അതിൽനിന്നു ചാമ്പൽ അടർന്നു വീഴുന്നതു നോക്കിക്കൊണ്ടു് ഇരുന്നു.

"പിതാവെ. . . . . . ." ഏതോ ഗഹനചിന്തകൾ പ്രകടിപ്പിക്കുന്നതിലുള്ള വൈമനസ്യത്തെ പ്രകടിപ്പിച്ചുകൊണ്ടു നിറുത്തി.

"എന്തു പാവൽ?"

"നമുക്കു എല്ലാവർക്കുംകൂടി വിദേശത്തേക്കു പോകാം."

"നീ, എന്താണു വിവക്ഷിക്കുന്നതു്? എല്ലാവരുമൊ?"

"അങ്ങും, ലൂബ, നൈന എന്നിവരും ഞാനും. കുടുംബം മുഴുവൻ."

"എന്തിനു്"

"നാം അവിടെ ചെല്ലുമ്പോൾ എന്തിനെന്നു അറിയാം. ഇപ്പോൾ ഊഹിക്കുന്നതുകൊണ്ടു എന്തു വിശേഷം?"

"മകനെ! തുറന്നു സംസാരിക്കൂ."

"അതിന്റെ ആവശ്യമുണ്ടോ? തുറന്നു സംസാരിക്കുന്നതു അങ്ങേയ്ക്കു ഇഷ്ടമല്ലെന്നു വെളിപ്പെടുത്തിയല്ലൊ?"

മിഖായേൽ തലകുലുക്കി.

"ഇല്ല, മകനെ, ഡോൺ പുറകോട്ടു ഒഴുകാറില്ല. നാം രണ്ടുപേരും റഷ്യാക്കാരാണെന്നുള്ള കാര്യം വിസ്മരിക്കരുതു്. എന്റെ ജീവിതത്തിൽ ഏറിയപങ്കും വിദേശത്താണു കഴിച്ചുതെങ്കിലും, ഞാൻ ഒരു റഷ്യാക്കാരൻതന്നെയായിട്ടാണു കഴിഞ്ഞതു്. നീയും അങ്ങനെതന്നെ മകനെ! നാം 'സിതിയന്മാരു'ടെ വർഗ്ഗത്തിൽ പെട്ടവരാണു്."

"അങ്ങനെതന്നെ! അങ്ങനെതന്നെ!" പാവൽ പിതാവിനെ നിർദ്ദയനായി ആക്രമിച്ചു. "ചരിത്രത്തിൽ ഞാൻ വായിച്ചിട്ടുണ്ടു്, തങ്ങളേക്കാൾ ശക്തന്മാരായ ശത്രുക്കളെ കാണുമ്പോൾ സിതിയന്മാർ നദിയിലെ വെള്ളത്തിനടിയിൽ ഒളിച്ചു് ഒരു കുഴൽമാർഗ്ഗം ശ്വാസം പിടിച്ചിരുന്നുവെന്നു്. റഷ്യയിൽ ഇന്നുകാണുന്നതു് അതുതന്നെയാണു്! റഷ്യാക്കാർക്കു സ്വതന്ത്രമായി ശ്വസിക്കുവാൻ, അതും ഒരു കുഴലിൽക്കൂടിമാത്രം, അവകാശം നൽകപ്പെട്ടിട്ടുണ്ടു്; എന്നാൽ പ്രാണരക്ഷാർത്ഥം ഒരേ ഇരിപ്പിൽ സദാ ഭയചകിതരായി കഴിഞ്ഞുകൂടുകയുംചെയ്യുന്നു."

പാവൽ തന്റെ പിതാവിന്റെ മുമ്പിൽ പെട്ടെന്നു നിശ്ചലനായി നിലയുറപ്പിച്ചു. ചുമകൊണ്ടു് ഇടറിയസ്വരത്തിൽ അവജ്ഞയുടെ കണികപോലുമില്ലാതെ പറഞ്ഞു:- "ഇല്ല, കുഴൽമാഗ്ഗമല്ലാതെ, എനിക്കു് സ്വാതന്ത്ര്യമായി ശ്വസിക്കണം, ഞാൻ ബലഹീനനായിരിക്കാം; എന്നാൽ ഞാനൊരു ഭീരുവല്ല. . . . . . ഉൽകൃഷ്ടാശയനായ അങ്ങു് ഒരു അടിമയായി ജീവിക്കാൻ ആഗ്രഹിക്കുന്നതു് എന്തുകൊണ്ടെന്നു എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല."

തന്റെ പുത്രന്റെ ശക്തിയായ വാക്ക്പ്രഹരങ്ങളേറ്റു മിഖായേൽ ചുളങ്ങി. പാവെലിനോടു എതിർവാദത്തിനു അദ്ദേഹത്തിനു കഴിവുണ്ടായിരുന്നില്ല. മിഖായേലിന്റെ കാലുകൾ വഴുതിത്തുടങ്ങി. പാവെലിന്റെ സമീപത്തേക്കു പോകുമ്പോൾ ഏതൊന്നാണോ മിഖായേൽ കൂടുതൽ ഭയപ്പെട്ടതു അതു സംഭവിക്കുകയും ചെയ്തു.

"എന്റെ മാതൃരാജ്യത്തിൽതന്നെ അന്ത്യവിശ്രമം ചെയ്യണമെന്നാണു് എന്റെ ആഗ്രഹം" മിഖായേൽ മൃദുസ്വരത്തിൽ പുത്രന്റെ അടുക്കൽ ക്ഷമായാചനം നടത്തുന്നുവൊ എന്നു തോന്നത്തക്കവിധത്തിൽ പറഞ്ഞു. തന്നിൽ കരുണയുണ്ടാകണമെയെന്നു പ്രാത്ഥിച്ചുകൊണ്ടു് മിഖായേൽ പുത്രനെ സ്പർശിച്ചു.

"നിങ്ങൾ പറഞ്ഞതു് ഭാഗികമായി ശരിയാണു്. എന്റെ ധൈര്യം എനിക്കു നഷ്ടിഭവിച്ചിരിക്കുന്നു. എങ്കിലും എന്നെ അടിച്ചു നിലംപതിപ്പിക്കേണ്ട ആവശ്യമില്ലല്ലോ. വേണ്ടുന്നതിൽ കവിഞ്ഞു ഞാൻ സങ്കടം അനുഭവിച്ചുകഴിഞ്ഞിരിക്കുന്നു. . . . ." ഇത്രയും പറഞ്ഞുകൊണ്ടു മിഖായേൽ കിടക്കയിൽ ഇരുന്നു. അനന്തരം ഒരുവിധം കേൾക്കത്തക്കസ്വരത്തിൽ പിറുപിറുത്തു "ഞാൻ എന്റെ ജീവിതസായാഹ്നത്തിൽ പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു. ഞാൻ വയസ്സനുമായി. അധികാരത്തിലിരിക്കുന്നവരുടെ വിദ്വേഷത്തെ സഹിക്കുവാൻ എന്റെ നെഞ്ചിനു ശക്തിയുംപോരാ."

പിതാവിന്റെ അവസാനത്തെ വാക്കുകൾ പവേലിന്റെ ഹൃദയത്തിൽ ചുഴിഞ്ഞുകയറി വേദന ഉളവാക്കി. പണ്ടൊര

വസരത്തിലും ചിന്തിച്ചിട്ടില്ലാത്തവിധം, തന്റെ പിതാവു മാത്രമാണ് ലോകത്തിൽ തന്റെ സ്നേഹത്തിനു ഏററവും അർഹനായിട്ടുള്ളവൻ എന്നു പാവൽ ചിന്തിച്ചു. നിരാശയോടു ഒട്ടിച്ചേർന്നു ദയാവായ്പോടുകൂടി ഇദംപ്രഥമമായിട്ടെന്നവിധം പാവൽ വെള്ളിക്കമ്പിപോലെ നരച്ച തലയിൽ ദൃഷ്ടികൾ പതിച്ചുകൊണ്ടിരുന്നു.

എനിക്ക് മാപ്പുതരണമേ. . . . . പാവൽ വിങ്ങിക്കരഞ്ഞുകൊണ്ടു പറഞ്ഞു. "എനിക്കു മാപ്പുതരണമേ. . . . ഞാൻ അങ്ങയുടെ അടുക്കൽ വേണ്ടവിധം പെരുമാറിയില്ല. . . . ."

ഒരു നിമിഷനേരത്തേക്കു അവിടെ പരിപൂർണ്ണ നിശബ്ദത വ്യാപരിച്ചു. ആ നിശബ്ദതയെ ഭഞ്ജിക്കുവാൻ രണ്ടുപേരും മടിച്ചു. അവസാനം ആന്തരികമായ ഏതോ പ്രേരണയ്ക്കു വിധേയനായി മിഖായേൽ എണീററു്, "ഞാൻ ഇപ്പോൾ പോകുന്നു" എന്നു പറഞ്ഞു.

പാവൽ മറുപടി ഒന്നും പറഞ്ഞില്ല. അയാൾ കാൽപാദങ്ങളെ ലക്ഷ്യമാക്കി നോക്കിക്കൊണ്ടു നിന്നു; യാതൊന്നും കാണുവാൻ അയാൾക്കു കഴിഞ്ഞില്ല. പിതാവു് അവിടെനിന്നു പോയിക്കഴിഞ്ഞയുടനെ മുറിയുടെ വാതിലുകൾ അടച്ചു; കൂരമ്പുകൾപോലെ വിവിധ ചിന്തകൾ അയാളെ വേദനിപ്പിക്കുവാനും തുടങ്ങി. "ഇനി എനിക്ക് കുടിക്കണം; അല്ലാത്ത പക്ഷം ഞാൻ ഭ്രാന്തനായിത്തീരും" അയാൾ തന്നത്താനെ പറഞ്ഞു.

---

## അദ്ധ്യായം മുപ്പത്തൊന്ന്

---

മിഖായേൽ ഗോറിൻ, രസഹീനമെങ്കിലും ആവശ്യമായ ഒരു കൃത്യാനുഷ്ഠാനത്തിനായി പഠിനമുറിയിൽ പ്രവേശിച്ചു. സന്ദർശകരെ സ്വീകരിക്കുകയെന്നതായിരുന്നു ആ കൃത്യം. സന്ദർശകരായിവന്നിരിക്കുന്നവരുടെ ഒരു ലിസ്റ്റ് അദ്ദേഹത്തിന്റെ സിക്രട്ടറി ഏൽപ്പിച്ചു. ഗ്രന്ഥകാരനായ വാൽഡിമിർ

ബെദോവ്, ഒരു ബോൾഷെവിക്ക് പത്രത്തിൻെറ ചെറുപ്പക്കാരായ ഏതാനും ലേഖകന്മാർ, രാജ്യാതിർത്തി കടക്കുവാൻ ശ്രമിച്ച ശത്രുക്കളിൽ ഒരു നൂറുപേരെ വധിക്കുവാൻ ഉപയോഗിച്ച ഒരു തോക്കു സമ്മാനിക്കുവാൻ അതിർത്തി ദേശത്തുനിന്നുംവന്ന ചില ജനപ്രതിനിധികൾ എന്നിവർ ആ സന്ദർശകരുടെ കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു. നാടോടിപ്പാട്ടുകൾ പാടികൊണ്ടു നടക്കുന്ന ഒരു സ്ത്രീയും ആ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു.

ഗ്രന്ഥകാരനായ ബെദോവിനെ കണ്ടതിനുശേഷം നാടോടിപാട്ടു പാടുന്ന സ്ത്രീയെ കാണാമെന്നു ഗോറിൻ പറഞ്ഞു.

പാവലിൻെറ വാക്കുകളെപ്പററി എത്ര കൂടുതലായി ഗോറിൻ ചിന്തിച്ചുവോ അത്ര കൂടുതലായി അയാൾ വിദേശത്തേക്കു തിരിക്കുന്നതു നല്ലതെന്നു ബോദ്ധ്യമായി. "ഞാൻ അനുവാദം നിഷേധിക്കും" മിഖായേൽ ആദ്യം വിചാരിച്ചു. തൻെറ പുത്രൻെറ വിദേശവാസം ജനങ്ങളുടെ സംസാരത്തിനു ഇടയാക്കുമെന്നും അയാൾ ചിന്തിക്കാതിരുന്നില്ല.

എങ്കിലും തൻെറ ലജ്ജാകരമായ ബലഹീനതയെപ്പററി മിഖായേൽ അനുസ്മരിച്ചു; സംഭവിച്ചതിനെല്ലാം അദ്ദേഹം സ്വയം കുററപ്പെടുത്തി. ഓരോ നിമിഷവും പുത്രനെപ്പററിയുള്ള അസുഖകരമായ ചിന്തകൾ അദ്ദേഹത്തെ വ്യാകുലപ്പെടുത്തികൊണ്ടിരുന്നു. സന്ദർശകലിസ്റ്റ് പൂർത്തിയാക്കി കഴിഞ്ഞ സിക്രട്ടറി, വേറെ എന്തെങ്കിലും ഉത്തരവുകൾ നിറവേററുവാനുണ്ടോ എന്നു അന്വേഷിച്ചു. തൻെറ പുത്രനും ഡോക്ടർക്കും വിദേശസഞ്ചാരത്തിനു ആവശ്യമായ "വിസാ" കിട്ടുവാൻവേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നു പറഞ്ഞു. ഒരു വലിയ ഭാരം തൻെറ തോളിൽനിന്നു ഒഴിഞ്ഞതായി ഗോറിൻ കരുതി.

ബെദോവുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഗ്രന്ഥകാരന്മാരിൽ ഏതു വിഭാഗത്തിലാണ് അയാളെ ഉൾപ്പെടുത്തേണ്ടതെന്നു ഗോറിൻ ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. മൂന്നു തരക്കാരായി ഗോറിൻ ഗ്രന്ഥകാരന്മാരെ തിരിച്ചിരുന്നു. അതിൽ ഒന്നാമത്തെ വിഭാഗത്തിൽപ്പെട്ടവർ ഗ്രന്ഥകാരപ്രശസ്തിയാർജ്ജിക്കുവാൻ ഗോറിൻെറ അവതാരികയ്ക്കു

ശ്രമിച്ചുകൊണ്ടിരുന്നവരാണ്. രണ്ടാമത്തെ കൂട്ടർ, അധികാരികളുടെ മർദ്ദനത്തെ ഭയന്നു കരഞ്ഞുകൊണ്ടു സഹായാഭ്യർത്ഥനകളോടുകൂടി ഗോറിനെ സമീപിച്ചവരാകുന്നു. സാഹിത്യവ്യവസായത്തിൽ ഏർപ്പെടുവാൻ ആരംഭിച്ചവരായിരുന്നു മൂന്നാമത്തെ വിഭാഗത്തിൽ ഉൾപ്പെട്ടവർ. ഈ മൂന്നു വിഭാഗത്തിലും ബെദോവിനെ ചേർക്കുവാൻ സാദ്ധ്യമല്ലായിരുന്നു. ബെദോവിനു ഗോറിൻെറ ശുപാർശയാകട്ടെ, സംരക്ഷണമാകട്ടെ ആവശ്യമില്ലായിരുന്നു. അദ്ദേഹം ആദ്യമായി ഗ്രന്ഥനിർമ്മാണത്തിനു ആരംഭിച്ചവനുമായിരുന്നില്ല. താൻ പുതുതായി എഴുതിത്തീർത്ത ഒരു കൃതിയെപ്പററി ആശയവിനിമയം ചെയ്യുന്നതിനുവേണ്ടി മാത്രമാണ് ബെദോവു സന്ദർശത്തിനു വന്നിരുന്നതു്.

റഷ്യയെ ഭരിച്ചിരുന്ന സാർ ചക്രവർത്തികളുടെ മർദ്ദനഭരണത്തിൽ രോഷാകുലനായ ഒരു കൃഷീവലൻ ഒരു നെൽപ്പുരയ്ക്കു തീവെക്കുകയും അയാളുടെ പുത്രൻ കോപോജ്ജ്വലമായ ഒരു പ്രസംഗത്തിനുശേഷം പിതാവിനെ കുററകൃത്യം ചെയ്ത സ്ഥലത്തുവെച്ചു പിടിച്ചു് അധികാരികളെ ഏൽപ്പിക്കുകയും ചെയ്യുന്നു. ആ പിതാവു് വധിക്കപ്പെട്ടു.

ഒരു ഗ്രന്ഥകർത്താവു് എന്ന നിലയിൽ ബെദോവിൻെറ മുമ്പിൽ ഒരു വലിയ പ്രശ്നം ആവിർഭവിച്ചു. ഈ പുത്രനെ ഗ്രന്ഥത്തിൽ ഒരു ധീരനായകനായി ചിത്രീകരിക്കുകയും ഒരു മെഡൽ സമ്മാനിക്കുകയും ചെയ്യണമോ? അല്ലെങ്കിൽ ഒരു ജനശത്രുവുമായി കുടുംബബന്ധത്തിൽ വർത്തിച്ചിരുന്ന അയാളെ കുറെക്കാലത്തേക്കു ഒരു തൊഴിൽ പാളയത്തിലേക്കു അയയ്ക്കുകയാണോ ചെയ്യേണ്ടതു്?

ഈ വിഷമപ്രശ്നവുമായിട്ടാണ് ബെദോവു ഗോറിൻെറ സമീപംവന്നതു്. ഗോറിൻ ഇക്കാര്യത്തിൽ ഏതു അഭിപ്രായത്തെയാണ് സ്വീകരിക്കുക?

മിഖായേൽ അത്ഭുതത്തോടുകൂടി ബെദോവിനെ നോക്കിക്കൊണ്ടു പറഞ്ഞു. "നോവൽ അവസാനിപ്പിക്കുന്നതിനുമുമ്പ് വായനക്കാരെ ഒരു രഹസ്യം മനസ്സിലാക്കണം. ആ കൃഷീവലൻ യഥാർത്ഥത്തിൽ ധീര നായകൻെറ പിതാവല്ലെന്നും മറെറാ

രാളാണ് യഥാൎത്ഥ പിതാവെന്നും ധീരനായകൻെറ മാതാവിനു മാത്രം ഇക്കാൎയ്യം അറിയാമായിരുന്നു എന്നും എന്നാൽ അവൾ അക്കാൎയ്യം വളരെ രഹസ്യമായി സൂക്ഷിച്ചിരുന്നു എന്നും വായനക്കാരെ ധരിപ്പിക്കണം. അങ്ങനെ വരുന്നപക്ഷം അയാളെ തടങ്കൽ പാളയത്തിലേക്കു അയയ്ക്കേണ്ട ആവശ്യം വരുന്നതല്ല; അയാൾക്കു ഒരു മെഡൽ നൾകുന്നതിൽ അപ്പോൾ യാതൊരു അസാംഗത്യവുമുണ്ടാകയുമില്ല.

ബെദോവ് ഈ ആശയം കേട്ടപ്പോൾ അത്ഭുതപ്പെട്ടു: "ഇതാണ് ബുദ്ധിവൈഭവം! എനിക്കു ഇപ്രകാരമൊരു ആശയം ഉണ്ടാകാതിരുന്നതു എന്തുകൊണ്ട്? മിഖായേൽ! അങ്ങയുടെ ബുദ്ധിവൈഭവത്തെ ഞാൻ വണങ്ങുന്നു; ആയിരം പ്രാവശ്യം വണങ്ങുന്നു." ബെദോവു പതുക്കെ പറഞ്ഞു.

ഗോറിൻ ബെദോവിനെ യാത്രയാക്കിയശേഷം നാടോടി പാട്ടുകാരിയെ സന്ദർശനത്തിനു ക്ഷണിച്ചു. അവളുടെ പാട്ടുകൾ കേട്ടുകൊണ്ടു അദ്ദേഹം കുറെസമയം ചാരുകസേരയിൽ കിടന്നു. ആളുകളുടെ കല്പനാശക്തിയെ അദ്ദേഹം വിലമതിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു. പക്ഷെ, ഇവിടെ ആ പാട്ടുകാരി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഔദ്യോഗിക ചരിത്രം വിവരിക്കുകമാത്രം ചെയ്യുന്നതു കണ്ടപ്പോൾ ഗോറിൻ കസേരയിൽനിന്നു ചാടി എണീററു. ആ പാട്ടു മുഴുവൻ കേൾക്കുവാൻ നിൽക്കാതെ അവളെ യാത്രയാക്കി.

കൂടുതൽ സന്ദർശകരെ സ്വീകരിക്കുവാൻ അന്നു അദ്ദേഹം ഇഷ്ടപ്പെട്ടതുമില്ല.

ജൂലൈമാസത്തിൽ ഗോറിൻ ഒരു സന്ദർശനത്തിനു നോവിക്കോവിനെ ക്ഷണിച്ചു. നോവിക്കോവുമായുള്ള സന്ദർശനം നടക്കുന്നതിനുമുമ്പ് ഗോറിൻ തൻെറ ഭാൎയ്യയുമായി ഒരു പ്രധാന സംഭാഷണത്തിലേർപ്പെടുകയുണ്ടായി. പാവലിൻെറ ആഗ്രഹം— പാരീസ് സന്ദർശിക്കുവാനുള്ള ആഗ്രഹം— ലൂബൊൎയ്യും ഇഷ്ടമായിരുന്നു. പാവലിൻെറ സാന്നിദ്ധ്യം ഗോറിൻെറ മനസ്സിനു ശല്യമാണുണ്ടാക്കുന്നതു അവൾ മനസ്സിലാക്കിയിരുന്നു. പാവൽ പാരീസിലേയ്ക്കു പോയാൽ മടങ്ങിവരാതെ അവിടെതന്നെ കഴിഞ്ഞുകൂടിയേക്കുമോ എന്ന സംശയത്തെ

പ്പററി ഗോറിൻ യാതൊന്നും പറഞ്ഞില്ല. നൈനയെ സം ബന്ധിച്ചായിരുന്നു അവരുടെ അടുത്ത സംസാരം. അവൾ നോവിക്കോവിൽ അനുരക്തയാണെന്നുള്ള ലൂബായുടെ അഭി പ്രായത്തോടു ഗോറിനും യോജിച്ചു.

നോവിക്കോവിനെ ക്ഷണിച്ചുകഴിഞ്ഞപ്പോൾ ഗോറിൻ ആ പഴയ റിപ്പോർട്ടിനെപ്പററി ഓർമ്മിച്ചു. ഗോറിൻ അതു് തിരിഞ്ഞു നോക്കുകപോലും ചെയ്തിരുന്നില്ല. പ്രഫസ്സരെ വ ഞ്ചിക്കുന്നതിനു സാദ്ധ്യമല്ലെന്നു മനസ്സിലാക്കിയ ഗോറിൻ ആ റിപ്പോർട്ടു ഒന്നു വായിച്ചുനോക്കുവാൻ തീരുമാനിച്ചു. താല്പ ര്യത്തോടുകൂടി അദ്ദേഹം ആദ്യത്തെ പേജുവായിച്ചു. വായി ക്കുംതോറും അദ്ദേഹത്തിൻെറ താല്പര്യം വർദ്ധിക്കുവാനും തു ടങ്ങി.

അപ്രതീക്ഷിതമായ ഒരഭിപ്രായമാണു ആ റിപ്പോർട്ടു ഗോ റിൻെറ മനസ്സിൽ ഉൽഭൂതമാക്കിയതു്. ഗോറിൻെറ സംശയ ങ്ങൾക്കു ശരിയായ ഉത്തരം അതിൽ അദ്ദേഹം കാണുകയു ണ്ടായി.

## അദ്ധ്യായം മുപ്പത്തിരണ്ടു്

പ്രഫസ്സർ നോവിക്കോവു്, ഗോറിനിൽനിന്നും ഒരു ക്ഷണം പ്രതീക്ഷിച്ചു കഴിയുകയായിരുന്നു. അക്ഷമനായി ആ സന്ദർ ശനത്തിനു അദ്ദേഹം ഒരുങ്ങിക്കൊണ്ടിരുന്നു. ആദ്യമായി ഒരു സെററ് പുതിയ 'സൂട്ടു' വാങ്ങിക്കണമെന്നു അദ്ദേഹം നിശ്ച യിച്ചു. രാജകീയ പ്രതാപത്തിൽ കഴിയുന്ന ഗോറിൻെറ വസ തിയിൽ തീരെ മോശമായ വേഷത്തിൽ ചെല്ലുന്നതു അസ്ഥാന ത്താണെന്നും പ്രത്യേകിച്ചും അവിടെ നൈന . . . ."

ഈവക കാര്യങ്ങളിൽ കൂടുതൽ നിശ്ചയമുണ്ടായിരുന്ന നി ക്കോളൊയുടെ ഉപദേശമനുസരിച്ചു് നോവിക്കോവു് ഒരു സൂട്ടു്, കിട്ടാൻ സാദ്ധ്യതയുള്ള 'ബ്ളാക്കു്മാർക്കററി'ൽ അന്വേഷിച്ചു. തൻെറ മൊത്തം സമ്പാദ്യമായുണ്ടായിരുന്ന നാലായിരം റൂബി ളും അദ്ദേഹം കൈവശം എടുത്തിരുന്നു.

അനേകനാളായി അടച്ചു പൂട്ടിയിട്ടിരുന്ന ഒരു ഭദ്രാസനപള്ളിയുടെ സമീപമായിരുന്നു ഈ കള്ളക്കച്ചവടം നടത്തിയിരുന്നതു്. പട്ടാളക്കാർ അവിടെ ചുററിക്കറങ്ങിക്കൊണ്ടിരുന്നു. ആൾക്കൂട്ടത്തിനിടയിൽക്കൂടി നോവിക്കോവു് നടന്നു അന്വേഷണം ആരംഭിച്ചു. പട്ടാളക്കാരുടെ സാന്നിദ്ധ്യം അദ്ദേഹത്തിനു വലിയ ഭയത്തിനു കാരണമായി. അലക്ഷ്യമായ മുഖഭാവത്തോടുകൂടി നടന്നിരുന്ന ജനങ്ങൾ തമ്മിൽ തമ്മിൽ രഹസ്യമായി സംസാരിക്കുന്നതു അദ്ദേഹം കണ്ടു. ഒരുത്തരും ചന്തയിൽ സാധനങ്ങളുമായി വന്നിരുന്നില്ല. സംശയിക്കപ്പെട്ട ആളുകളെ പട്ടാളക്കാർ സമീപിച്ചു ചോദ്യം ചെയ്തിരുന്നു.

നോവിക്കോവു് ജനങ്ങളുടെയിടയിൽക്കൂടി അവരുടെ രഹസ്യസംഭാഷണങ്ങളും ശ്രദ്ധിച്ചു നടന്നുകൊണ്ടിരുന്നു. ഒടുവിൽ അദ്ദേഹം ഒരു വൃദ്ധയിൽനിന്നു അവളുടെ കൈവശം പുതിയ ഒരു സൂട്ടു് കൊടുക്കുവാനുണ്ടെന്നു മനസ്സിലാക്കി. "രണ്ടു ചാക്കു മാവുകിട്ടിയാൽ ഒരു നല്ല സൂട്ടു കൊടുക്കാനുണ്ടു്" വൃദ്ധ പറഞ്ഞു. എന്നാൽ നോവിക്കോവിനു മാവു് കൈവശമുണ്ടായിരുന്നില്ല. എങ്കിലും ആകാശത്തുനോക്കി പതുക്കെ ചോദിച്ചു "രണ്ടായിരം റൂബിളിനു അതു വില്ക്കാമോ?"

"എനിക്കു പണം ആവശ്യമില്ല; മാവോ പഞ്ചസാരയോ കിട്ടണം" വൃദ്ധ മറുപടി പറഞ്ഞു.

4732

തൻെറ സ്നേഹിതന്മാരായി ആരും സ്റ്റോറിൽ ഇല്ലല്ലോ എന്നോർത്തു നോവിക്കോവ് സങ്കടപ്പെട്ടു. വൃദ്ധയെ വിട്ടുപോകാതെ നോവിക്കോവ് വീണ്ടും പറഞ്ഞു, "മാവു് എങ്ങനെയും ഉണ്ടാക്കിത്തരാം. എന്നാൽ ആദ്യമായി ആ സൂട്ടു ഒന്നു കാണേണ്ടിയിരിക്കുന്നു."

വൃദ്ധ സംശയദൃഷ്ടിയോടെ നോവിക്കോവിനെ ഒന്നു നോക്കി. "നിങ്ങൾ രഹസ്യപോലീസിൽ ഉൾപ്പെട്ടവനാണോ? നിങ്ങളെ കണ്ടിട്ടു ഒരു എൻജിനീയരൊ മററൊ ആണെന്നു തോന്നുന്നുവല്ലോ?" അവൾ പറഞ്ഞു.

"അതെ, ഞാൻ ഒരു എൻജിനീയർതന്നെ. ഞാൻ വിവാഹിതനാകാൻ നിശ്ചയിച്ചിരിക്കുകയാണു്; എനിക്കു ഒരു സൂട്ടുവേണ്ടിയിരിക്കുന്നു" നോവിക്കോവു മറുപടി കൊടുത്തു.

ആ വൃദ്ധ അല്പം മടിച്ചുകൊണ്ടു് ചുററുംനോക്കി. പിന്നീടുപതുക്കെ പറഞ്ഞു, "ആകട്ടെ, എന്നെ അല്പം അകലെയായി അനുഗമിക്കുക." ആൾത്തിരക്കിനിടയിൽക്കൂടി അവൾ നടന്നു. നോവിക്കോവും അവളെ അനുഗമിച്ചു. പുറകോട്ടു തിരിഞ്ഞുനോക്കാതെ വൃദ്ധ മുമ്പോട്ടു നടന്നുപോയി. കാര്യം വെളിക്കായാലുള്ള ഭവിഷ്യത്തു അവൾക്കു ശരിയായി അറിയാമായിരുന്നു.

അവൾ നോവിക്കോവിനെ ആൾത്തിരക്കു അധികമില്ലാത്ത ഒരു സ്ഥലത്തേക്കു നയിച്ചു. അവിടെ കുറച്ചു തടിക്കഷണങ്ങൾ കിടന്നിരുന്നു. അതിൽ രണ്ടാളുകൾ ഇരിക്കുന്നുണ്ടായിരുന്നു. നോവിക്കോവ് പരിചിതരായ അവരെക്കണ്ടു അമ്പരന്നു നിന്നുപോയി. അവരിൽ ദുറോവിൻെറ ഒരു കൈയ്യിലുള്ള മുറിവു വച്ചു കെട്ടിയിരുന്നു.

"അല്ല, പ്രഫസറോ?" അയാൾ സന്തോഷത്തോടുകൂടി നോവിക്കോവിനെ അഭിവാദ്യം ചെയ്തു.

"സൂട്ട് എവിടെ?" നോവിക്കോവു ചോദിച്ചു.

വിദേശത്തു നിർമ്മിച്ച വിശിഷ്ടമായ ഒരു സൂട്ടു് നോവിക്കോവിനെ കാണിച്ചുകൊണ്ടു "മൂന്നു ചാക്കു മാവിനു ഇതു കൊടുക്കുന്നതാണു്" എന്നു പറഞ്ഞു.

"കഷ്ടം! എനിക്കു മാവു കൈവശമില്ലല്ലോ. രണ്ടായിരം റൂബിൾ ഞാൻ തന്നുകൊള്ളാം" നോവിക്കോവു പറഞ്ഞു.

ആശ്ചര്യത്തോടുകൂടി, ദുറോവു "മാവു ഇല്ലന്നോ? പിന്നെ നിങ്ങൾ എന്തിനു ഇവിടെവന്നു? വെറുതെ സമയം കളയുന്നു? നിങ്ങളുടെ പണം എനിക്കു എന്തിനു്? ആ കടലാസിൻെറ വിലപോലും അതിനു കിട്ടുകയില്ല."

"നിങ്ങൾക്കു എന്തിനാണു് മാവ്?" നോവിക്കോവു പരുഷമായി ചോദിച്ചു. "നിങ്ങളുടെ പിതാവ് നിങ്ങൾക്കു ഭക്ഷണം തരുന്നില്ലയോ?"

"അതു ഞങ്ങളുടെ കാര്യം. പ്രഫസർ! നിങ്ങൾക്കു താല്പര്യമുണ്ടെങ്കിൽ ഞാൻ പറയാം. ഒരു ചാക്കു മാവു കൊടുത്താൽ ഒന്നാം കിടയിലുള്ള സിനിമാ നടിയെപ്പോലും കിട്ടാൻ യാതൊരു വിഷമവുമില്ല."

"സ്നേഹിതരെ! എനിക്കു മാവു ഇല്ല. വേണമെങ്കിൽ ഞാൻ അഞ്ഞൂറു റൂബിൾകൂടി തരാം!!"

"അതുകൊണ്ടായില്ല" ദ്ദറോവു പറഞ്ഞു.

"മൂവായിരത്തിൽ കൂടുതൽ എൻെറ കൈവശം ഒന്നുമില്ല. വേണമെങ്കിൽ പരിശോധിച്ചുകൊള്ളൂ."

"പോകട്ടെ, ഒരു നല്ല കച്ചവടംതന്നെ! നടക്കട്ടെ." ദ്ദറോവു പറഞ്ഞു.

ഒടുവിൽ നാലായിരം റൂബിളും മനസ്സില്ലാമനസ്സോടെ കൊടുത്തു നോവിക്കോവ് സ്യൂട്ട് കൈവശമാക്കി. സാധാരണയായി ബ്ലാക്കു് മാർക്കററിലുള്ള വിലയിൽ വളരെ കുറഞ്ഞ വിലയായിരുന്നു കൊടുത്തതെങ്കിലും തൻെറ മൊത്തം സമ്പാദ്യമായ നാലായിരം റൂബിളും എണ്ണിക്കൊടുക്കുമ്പോൾ നോവിക്കോവു യഥാർത്ഥത്തിൽ കണ്ണീർപൊഴിച്ചുപോയി. സ്യൂട്ടുംകൊണ്ടു നോവിക്കോവു മടങ്ങി. ഗോറിൻെറ ക്ഷണം ഏതു നിമിഷവും സ്വീകരിക്കുവാൻ നോവിക്കോവു സന്നദ്ധനായി പാർത്തു.

---

# അദ്ധ്യായം മുപ്പത്തിമൂന്നു്

നോവിക്കോവു് ഗോറിൻെറ വസതിയിൽ ചെല്ലുമ്പോൾ ഒരു വലിയ ശബ്ദം കേൾക്കുവാൻ ഇടയായി. മോഷണം നടത്തിയ രണ്ടു ഭൃത്യന്മാരെ ചെപ്പുറോക്കു് ഗോറിൻെറ വസതിയിൽനിന്നു ഓടിക്കുകയായിരുന്നു.

മിഖായേൽ ഗോറിൻ ജനാലകളിൽകൂടി നോവിക്കോവിൻെറ ആഗമനം നോക്കി ആഹ്ളാദിച്ചു.

പിതാവിൽനിന്നും വിവരമറിഞ്ഞ നൈന, നോവിക്കോവിനെ സ്വീകരിക്കുവാൻ പുറത്തേക്കു ഓടിയെത്തി. നോവിക്കോവു ധരിച്ചിരുന്ന പുതിയ സ്യൂട്ട് അവൾ സൂക്ഷിച്ചതേയില്ല. അദ്ദേഹത്തിൻെറ മുഖം മാത്രമാണു് അവൾ നോക്കിക്കണ്ടതു്.

ആദ്യം അസ്വസ്ഥമായിരുന്ന ആ മുഖം നൈനയുടെ മധുര വചനങ്ങളാൽ സംതൃപ്തമായി കാണപ്പെട്ടു.

ഗോറിൻ ഹസ്തദാനംചെയ്തു് നോവിക്കോവിനെ വായനമുറിയിലേക്ക കൊണ്ടുപോയി. അതിനുമുമ്പു അദ്ദേഹം നൈനയോടു ഇപ്രകാരം പറഞ്ഞു: "വിഷമിക്കേണ്ടതില്ല, നൈന! ഞാൻ ഉടനെ അദ്ദേഹത്തെ തിരിച്ചുവിട്ടേക്കാം. നിൻെറ കണ്ണുകൾ എത്ര പ്രകാശമാനങ്ങളായിരിക്കുന്നു!"

പിതാവിനോടുചേർന്നു നിന്നിരുന്ന നൈന സ്നേഹപൂർവ്വം പിതാവിനെ ഒന്നു ചുംബിച്ചുകൊണ്ടു നോവിക്കോവിനെ ഒന്നു വീക്ഷിച്ചു.

തൻെറ റിപ്പോർട്ടു വളരെ രസകരമായിത്തോന്നിയെന്ന ഗോറിൻെറ വാക്കുകൾ നോവിക്കോവിനു ഏററം വലിയ സംതൃപ്തിയെ നൽകുകയുണ്ടായി. കൂടാതെ, നോവിക്കോവിൻെറ പ്രധാനമായ ആഗ്രഹം സാധിതമാകുവാൻ പോകുന്നുവെന്നും തോന്നിത്തുടങ്ങി.

"ഭയങ്കരനായ ഐവാൻ" എന്ന ഒരു നാടകം എഴുതുവാൻ ഞാൻ നിശ്ചയിച്ചിരിക്കുകയാണ്. ഞാൻ തുറന്നു പറയുന്നു, "നിങ്ങളുടെ റിപ്പോർട്ടു കാണുവാൻ കഴിഞ്ഞില്ലായിരുന്നുവെങ്കിൽ തീർച്ചയായും ഞാൻ ഈ സംരംഭത്തിൽ ഏർപ്പെട്ടുമായിരുന്നില്ല."

നോവിക്കോവു് ആനന്ദഭരിതനായി തലകുനിച്ചു.

"നിങ്ങൾ എന്നെ അത്ഭുതാധീനനാക്കിയിരിക്കുന്നു. പണ്ഡിതന്മാർ, സാധാരണ രസഹീനമായ ഭാഷയിലാണു ആശയങ്ങൾ പ്രകാശിപ്പിക്കുന്നതെന്നാണു് ഞാൻ ധരിച്ചിരുന്നതു്. പക്ഷേ, എൻെറ അഭിപ്രായം തെററാണെന്നു ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നു. താങ്കളുടെ റിപ്പോർട്ടു വായിച്ചതിനു ശേഷം എനിക്ക നിങ്ങളോടുള്ള സ്നേഹം ശതഗുണീഭവിച്ചിരിക്കുകയാണു്."

ഗോറിൻെറ വായനമുറിയിൽവെച്ചാണ് ആദ്യമായി നോവിക്കോവു് നൈനയെ കണ്ടതു്. ഗോറിൻ അന്നു് ഭാര്യയെ പ്രൊഫസറെ പരിചയപ്പെടുത്തിക്കൊടുത്തു. അവൾ നിശ്ചയദാർഢ്യമുള്ള ഒരു സ്ത്രീയാണെന്നു അന്നേ അദ്ദേഹം മനസ്സിലാ-

ക്കിയിരുന്നു. അതുകൊണ്ടു് ലൂബായുടെ അടുക്കൽ ജാഗ്രതയോടെ വർത്തിക്കണമെന്നും പ്രൊഫസർ നിശ്ചയിച്ചിരുന്നു. അവളിൽനിന്നും ഗോറിനിൽനിന്നു് എന്നതിനേക്കാൾ അസുഖകരമായ പലതും അദ്ദേഹം പ്രതീക്ഷിച്ചുമിരുന്നു.

ലൂബാ, നോവിക്കോവിനെ ഇഷ്ടപ്പെട്ടിരുന്നുവെങ്കിലും അയാളുടെ പെരുമാററത്തിൽ വിശേഷിച്ചും ഗോറിനോടുള്ള സംഭാഷണത്തിൽ പ്രത്യേകവിധമായ ഒരു സ്വഭാവം അവൾക്കു കാണുവാൻ കഴിഞ്ഞു. "ഈ പ്രൊഫസറെ കൂടുതൽ സന്തോഷിപ്പിക്കുവാൻ ഭർത്താവിനാണൊ പുത്രിക്കാണൊ കഴിയുന്നതു്?" അവൾ സ്വയം ചോദിക്കാറുണ്ടായിരുന്നു.

നോവിക്കോവു് നൈനയുമൊത്തു് ഒരു വിനോദയാത്രയ്ക്കു പോയി. വഴിയിൽവെച്ചു പവേലിനേയും ഡോക്ടറേയും കാണുവാനിടയായി.

നോവിക്കോവിനോടൊരുമിച്ചു് നൈനയെ കണ്ടതിൽ പവേൽ ആശ്ചര്യപ്പെട്ടില്ല. അപരിചിതനായിരുന്ന നോവിക്കോവിനെ ഡോക്ടർ കൗതുകത്തോടുകൂടി നോക്കി. എങ്കിലും ഡോക്ടർ ഫലിതങ്ങളൊന്നും അപ്പോൾ പറയുവാൻ മുതിർന്നില്ല.

അവരുടെ സംഭാഷണത്തിനിടയിൽ പവേലും അദ്ദേഹത്തെ അനുഗമിച്ചു. ഡോക്ടരും വിദേശത്തേക്കുപോകുവാൻ നിശ്ചയിച്ചിരിക്കുന്ന കാര്യം നൈന പറഞ്ഞു. "അയാൾ എന്തൊരു ഭാഗ്യശാലി!" അസൂയാപൂർവ്വം നോവിക്കോവു് പറഞ്ഞു.

കുറച്ചുനേരത്തെ സംഭാഷണത്തിനുശേഷം നൈന നോവിക്കോവിനോടുകൂടി വീണ്ടും യാത്രതുടർന്നു. ഏകദേശം വനത്തിനടുത്തെത്തിയപ്പോൾ അവർ പുൽത്തകടിയിൽ ഇരുന്നു. പരസ്പരം അനുരാഗബദ്ധരാണു് അവരെന്നു ഇരുവരും മനസ്സിലാക്കിയെങ്കിലും തുറന്നുപറയുവാൻ ധൈര്യപ്പെട്ടിരുന്നില്ല.

അവർ അങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, പെട്ടെന്നു് നൈന കണ്ണുകൾ ഉയർത്തി നോവിക്കോവിൻെറ തലയിലേക്കു നോക്കി. പ്രാകൃതവേഷത്തിലുള്ള ഒരു മനുഷ്യൻ ഒരു വടികൊണ്ടു നോവിക്കോവിൻെറ തലയിൽ ആഞ്ഞടിക്കു

ന്നതാണ് നൈനെ കണ്ടതു്. അവൾ വാവിട്ട കരഞ്ഞു. നോവിക്കോവു് അടിയേററു് ബോധരഹിതനായി ആ പുൽത്തകിടിയിലേക്ക മറിഞ്ഞു. നോവിക്കോവു് ബോധരഹിതനായിത്തീർന്നിരുന്നു. കുറേ സമയം കഴിഞ്ഞു ബോധം വീണപ്പോൾ തല ഉയർത്തി നോവിക്കോവു് നോക്കി. ആ പ്രാകൃതവേഷത്തിലുള്ള മനുഷ്യൻ തൻെറ മാറ്റിൽ കയറി ഇരുന്നുകൊണ്ടു് ഒരു ഗദ ഉയർത്തി ഭീഷണിപ്പെടുത്തുന്നതാണ് നോവിക്കോവു് കണ്ടതു്.

"എണീററു് നിൻെറ വസ്ത്രങ്ങൾ അഴിച്ചുമാററിവെക്കുക" അയാൾ കല്പിച്ചു. നോവിക്കോവിൻെറ ദൃഷ്ടികൾ നിശ്ചലമായി കാണപ്പെട്ടു. ആ മനുഷ്യൻ വധശിക്ഷയ്ക്കു വിധിക്കപ്പെട്ട ഒരുവനാണെന്നു അദ്ദേഹം മനസ്സിലാക്കി.

ആ പ്രാകൃതമനുഷ്യൻ നോവിക്കോവിൻെറ മാറ്റിൽ ഇരുന്നുകൊണ്ടു് അദ്ദേഹത്തിൻെറ കൈകളെ ബലമായി പിടിച്ചിരുന്നു. അയാൾ ചുററുപാടും കണ്ണോടിച്ചു. ഇയാളെക്കാൾ ഭയങ്കരനും വായ് കീറിയിട്ടുള്ളവനുമായ മറെറാരാൾ നൈനയുടെ കരങ്ങളെ ബലമായി കടന്നുപിടിച്ചു.

"ശബ്ദിച്ചുപോകരുതു്" ആ ഭയങ്കരസ്വരൂപം വികൃതസ്വരത്തിൽ ആജ്ഞാപിച്ചു. "ഹെ, പെൺകുട്ടീ, നീ ഭയപ്പെടേണ്ടതില്ല. ഞങ്ങൾക്ക നിൻെറ വസ്ത്രങ്ങൾമാത്രം മതിയാകും. ഞങ്ങൾ ധരിച്ചിരിക്കുന്ന വസ്ത്രങ്ങൾ കീറിയതും തുന്നിയതുമാണ്. അവർ ഞങ്ങളെ അന്വേഷിച്ചു പിടിക്കും" അയാൾ പറഞ്ഞു.

നോവിക്കോവിനെ അടിച്ചുവീഴ്ത്തിയ മനുഷ്യൻ ഒരു കൈകൊണ്ടു അദ്ദേഹത്തിൻെറ വിലകൂടിയ സൂട്ടു് അഴിക്കുവാൻ ആരംഭിച്ചു. ബട്ടൺ അഴിച്ചു് വേഗത്തിൽ സൂട്ടു് അഴിച്ചതിൻെറശേഷം കാലുകളിൽ ഇട്ടിരുന്ന ബൂട്ട്സ് അഴിച്ചുവെക്കുവാൻ ആവശ്യപ്പെട്ടു.

വസ്ത്രങ്ങൾ അഴിച്ചുകൊണ്ടിരിക്കുമ്പോൾ, അയാളുമായി ഒരു യുദ്ധം നടത്തിയാലുള്ള ഫലത്തെപ്പററി നോവിക്കോവു് ആലോചിക്കുകയായിരുന്നു. നാലായിരം റൂബിൾ കൊടുത്തു വളരെ പ്രയാസപ്പെട്ടു സമ്പാദിച്ച തൻെറ സൂട്ടു് നഷ്ടപ്പെടുക

എന്നതു നോവിക്കോവിനു സഹിക്കുവാൻ കഴിഞ്ഞില്ല. അടി കൊണ്ടു് തലവേദനിക്കുന്നുമുണ്ടായിരുന്നു. ശത്രുക്കൾ അശക്തരായിരുന്നുവെങ്കിലും ഗദാധാരികളായിരുന്നു. ഒരു യുദ്ധത്തിനു തുനിഞ്ഞാൽ അവർ യാതൊരു കുസലുംകൂടാതെ കൊല്ലുവാൻ പോലും മടിക്കുന്നവരല്ലായിരുന്നു. നൈനയേയും അവർ വെറുതെ വിടുകയില്ലെന്നു അദ്ദേഹം ആലോചിച്ചു. എങ്കിലും, നിശബ്ദനായി, വെറുതെ ഇരിക്കുവാൻ നോവിക്കോവു് തീരുമാനിച്ചു. തന്റെ സൂട്ടു് തിരിച്ചു നൽകുമെന്നും അദ്ദേഹം ആശ്വസിക്കാതിരുന്നില്ല. ശത്രുക്കൾ കഴിയുന്നത്ര വേഗം സ്ഥലം വിടുവാൻ ബദ്ധപ്പെടുന്നതായും അദ്ദേഹം മനസ്സിലാക്കി.

"ഈ വസ്ത്രങ്ങൾ വളരെ നിർമ്മലമായിരിക്കുന്നതിനാൽ മററുള്ളവരുടെ ശ്രദ്ധയ്ക്കു വിഷയമാകും" അവരിൽ ഒരുവൻ അഭിപ്രായപ്പെട്ടു. "അതു ശരിതന്നെ. നമുക്കു വസ്ത്രങ്ങൾ ചുരുട്ടി കെട്ടാം. ഏതായാലും ഇവ നമ്മുടേതിനേക്കാൾ ഉത്തമമായിട്ടുള്ളവയാണു" അപരൻ മറുപടി പറഞ്ഞു.

ഇതിനിടയിൽ നൈനയെ മോചിപ്പിച്ചിരുന്നു. തന്റെ ജീവിതം അപകടത്തിലല്ലെന്നു മനസ്സിലാക്കിയ നൈന, ശത്രുക്കൾ സ്ഥലംവിടുന്നതുവരെ ക്ഷമയോടുകൂടിയിരിക്കുവാൻ നിശ്ചയിച്ചു; അധീരനായി കഴിഞ്ഞിരുന്ന നോവിക്കോവിനെപ്പോലും നോക്കുവാൻ അവൾ കൂട്ടാക്കിയതേയില്ല.

"വിശപ്പടക്കുവാൻ കൈവശം വല്ലതുമുണ്ടോ?" നൈനയുടെ കരങ്ങളെ കടന്നുപിടിച്ച ഭയങ്കര മനുഷ്യൻ ചോദിച്ചു.

"ഇല്ല; ഒന്നുമില്ല" ഞങ്ങൾ ഒന്നു നടക്കുവാൻമാത്രം ഇറങ്ങിയതാണു്. യാതൊന്നും കൊണ്ടുവന്നിട്ടില്ല" നൈന അല്പം സങ്കടത്തോടുകൂടി പറഞ്ഞു.

"നമുക്കു പോകാം; നമുക്കു പോകാം" ഒന്നാമത്തെ ആൾ തന്റെ കൂട്ടുകാരനെ പ്രേരിപ്പിച്ചു. ഗദാധാരിയായ പ്രാകൃതൻ നോവിക്കോവിന്റെ വസ്ത്രങ്ങൾ എല്ലാം ഒരു പൊതിയായി കെട്ടി കയ്യിലെടുത്തു.

"നിൽക്കു!" വായ്കീറിയ മനുഷ്യൻ പറഞ്ഞു. "നിന്റെ വസ്ത്രങ്ങൾ അഴിച്ചുവെക്കൂ" എന്നു നൈനയോടു ആജ്ഞാപിച്ചു.

"എന്തിന്?" കൂട്ടുകാരൻ ആശ്ചര്യത്തോടെ ചോദിച്ചു. കാട്ടിൽ വല്ല ശബ്ദവും കേൾക്കുന്നുണ്ടോ എന്നു അയാൾ ചെവിയോർത്തു.

"ഇവളുടെ വിശേഷപ്പെട്ട വസ്ത്രങ്ങൾ കൊടുത്തു നമുക്കു ആഹാരം നേടാം; വരൂ; വരൂ." അയാൾ സ്നേഹിതനെ ക്ഷണിച്ചുകൊണ്ടു് നൈനയെ ഭീഷണിപ്പെടുത്തി.

നൈന അവളുടെ ബ്ലൗസ് അഴിച്ചുവെച്ചു. പിന്നീടു അല്പം മടികാണിക്കാതിരുന്നില്ല. എങ്കിലും അവർ അവിടെ നിന്നു വേഗം പോകുമല്ലോ എന്നു കരുതി ഉടുപ്പും അഴിച്ചു വെച്ചു. അവർ ആവശ്യപ്പെടുന്നതിനുമുമ്പുതന്നെ കാലിൽ കിടന്ന ചെരിപ്പും ഊരിമാററി.

"ഇതാ, എല്ലാം" ക്ഷമാപണരൂപത്തിൽ നൈന പറഞ്ഞു.

"വളരെ നന്ദി......ഞങ്ങളോടു ക്ഷമിച്ചാലും!" ഉടൻതന്നെ അവർ ഇരുവരും കാട്ടിൽ ഓടി മറഞ്ഞു.

കാട്ടിൽ മറഞ്ഞ അവരുടെ ശബ്ദം കേൾക്കാതെയായപ്പോൾ, ലജ്ജാഭാരംകൊണ്ടു് നൈന ഒരു ചെടിയുടെ മറവിൽ നിന്നു. പാൻറും ബോഡിയും മാത്രമെ—അതും വളരെ ലോലമായിരുന്നു—നൈനയുടെ നഗ്നതയെ മറക്കുവാൻ ശേഷിച്ചിരുന്നുള്ളു. കുററിച്ചെടിയുടെ മറവിൽനിന്നു് ചിരിച്ചുകൊണ്ടു് നൈന, നോവിക്കോവിനോടു ചോദിച്ചു:- "ഇനി നാം എങ്ങനെയാണു് വീട്ടിൽ എത്തുന്നതു്?"

"കുറച്ചു കഴിഞ്ഞാൽ നല്ല ഇരുട്ടാകും. അപ്പോൾ നമുക്കു ഇവിടെനിന്നു തിരിക്കാം" നോവിക്കോവു പറഞ്ഞു. ഈ സംഭവം അദ്ദേഹത്തെ വല്ലാതെ ഇളക്കിമറിച്ചിരുന്നു. തൻെറ സമ്പാദ്യം മുഴുവൻ കൊടുത്തു സമ്പാദിച്ച വിശേഷപ്പെട്ട സൂട്ടു ധരിച്ച ആദ്യത്തെ ദിവസംതന്നെ നഷ്ടപ്പെട്ടതിൽ അദ്ദേഹത്തിനുണ്ടായ സങ്കടം അവർണ്ണനീയമായിരുന്നു.

"എന്തൊരു സാഹസകൃത്യം?" നൈന ഒരു ചെറുപുഞ്ചിരിയോടെ പറഞ്ഞു. നടന്ന സംഭവം മുഴുവനും നൈനക്കു ആനന്ദകരമായിരുന്നില്ലെങ്കിലും രസകരമായി തോന്നി. തൻെറ വസ്ത്രങ്ങൾ നഷ്ടപ്പെട്ടതിൽ നൈനക്കു സങ്കടവുമുണ്ടാ

യിരുന്നില്ല; നോവിക്കോവിനു അദ്ദേഹത്തിൻെറ സൂട്ട് എത്ര അമൂല്യമായിരുന്നുവെന്ന ചിന്ത അവൾക്കു ഉണ്ടായതുമില്ല.

"ഇന്നു മുഴുവൻ ഇവിടെ ഇങ്ങനെ കഴിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നിങ്ങൾ മുമ്പെ നടക്കണം. ഞാൻ പുറകെ വന്നുകൊള്ളാം. എന്നാൽ നിങ്ങൾ പുറകോട്ടു നോക്കുകയുമരുത്."

"അങ്ങനെതന്നെ" നോവിക്കോവു പറഞ്ഞു. അവർ യാത്രയാരംഭിച്ചു; സൂര്യൻ മേഘങ്ങൾക്കിടയിൽ മറഞ്ഞു കഴിഞ്ഞുവെങ്കിലും അപ്പോഴും സന്ധ്യയായിരുന്നില്ല.

നൈനക്കു അങ്ങനെയുള്ള യാത്രയിൽ ചിരിക്കാതെ സാദ്ധ്യമല്ലെന്നായി. നോവിക്കോവിനെ കളിയാക്കിക്കൊണ്ടു നൈന ഓരോന്നു പറഞ്ഞുകൊണ്ടാണ് നടന്നത്.

"പണ്ടൊരിക്കലും കേട്ടിട്ടില്ലാത്തവിധം അത്ര വലിയ അപമാനഭാരത്തിൽനിന്നും എന്നെ രക്ഷിക്കുവാൻ അങ്ങേക്കു എന്തുകൊണ്ടു കഴിയാതെപോയി?" നൈന ചോദിച്ചു.

നോവിക്കോവ് ആദ്യം മൗനം ദീക്ഷിച്ചു. എന്നാൽ നൈനയുടെ സന്തോഷഭാവം അയാളിൽ പകരുകയും, നടന്ന സംഭവം അവരെ തമ്മിൽ വളരെ അടുപ്പിക്കുന്നതിനു സഹായിക്കുകയാണ് ചെയ്തിട്ടുള്ളതെന്നു ബോദ്ധ്യംവരുത്തുകയും ചെയ്തപ്പോൾ മൗനഭാവം വ്യത്യാസപ്പെട്ടു.

"ഓ! ഫിയദോർ!" നൈന പെട്ടെന്നു വിളിച്ചു "എൻെറ കാൽപാദം ഒരു കല്ലിൽതട്ടി വേദനവർദ്ധിച്ചു വരുന്നു" നൈന പറഞ്ഞു.

നോവിക്കോവ് ഓടി സമീപിച്ച് "എവിടെ" എന്നു ഉദ്വേഗത്തോടെ അന്വേഷിച്ചു.

"ഇതാ, ഇവിടെത്തന്നെ" നൈന, പാദങ്ങൾ കാണിച്ചുകൊണ്ടു പറഞ്ഞു.

ഫിയദോർ അവളുടെ ദൃഷ്ടികളിൽ നോക്കിക്കൊണ്ടുനിന്നു. മുഴുവൻ തുറക്കപ്പെട്ടിരുന്ന ദൃഷ്ടികൾ ഗാഢമായി ഫിയദോറിൽ പതിച്ചിരുന്നു. അദ്ദേഹം നൈനയുടെ കഴുത്തിൽ കരവല്ലി

കൾ ഇട്ടു അവളെ തന്നിലേക്കു വലിച്ചടുപ്പിച്ചു. പ്രേമപരവശനായ നോവിക്കോവ് നൈനയുടെ മധുരാധരങ്ങളിൽ ഒരു ചുംബനം അർപ്പിച്ചു. ഭയമോ ആശ്ചര്യമോ പ്രകടിപ്പിക്കാതെ നൈന, അദ്ദേഹത്തിൽ അർപ്പിച്ച ദൃഷ്ടികൾ പിൻവലിക്കാതെ നിന്നുപോയി.

---

# അദ്ധ്യായം മുപ്പത്തിനാല്

---

ജൂലൈ അവസാനത്തോടുകൂടി മോസ്കോവിലെ പുരാണവസ്തുശേഖരത്തിൽനിന്നു ഭയങ്കരനായ ഐവാനെ സംബന്ധിക്കുന്ന വസ്തുതകൾ ഫിയദോർ സമ്പാദിച്ചു. ജിജ്ഞാസാപൂർവ്വം അദ്ദേഹം അവയെ പരിശോധിച്ചു. പിന്നീടു അവയെപ്പററി പണ്ഡിതോചിതമായ വിമർശനം രേഖപ്പെടുത്തി ഗോറിനു അയച്ചുകൊടുക്കുകയുണ്ടായി. കുറേ ദിവസം കഴിഞ്ഞപ്പോൾ ഫിയദോറിനു ഗോറിൽനിന്നും കൃതജ്ഞത രേഖപ്പെടുത്തുന്ന ഒരു കത്തു ലഭിച്ചു. സ്നേഹപൂർവ്വം കൃതജ്ഞത അറിയിച്ചതോടൊപ്പം അദ്ദേഹത്തിൻെറ വിമർശനം ഏകപക്ഷീയമായിപ്പോയി എന്നു ഫലിതരൂപത്തിൽ അറിയിക്കുവാനും ഗോറിൻ മടിച്ചില്ല. ഈ പരാമർശം വായിച്ചപ്പോൾ ഫിയദോറിൻെറ മനസ്സ് സജീവമായി പരിണമിച്ചു.

നോവിക്കോവ് എഴുത്തുവായിച്ചു കഴിഞ്ഞപ്പോൾ ഒന്നു ചിരിച്ചു. മനസ്സ് ഒട്ടൊന്നു സമാശ്വസിച്ചു. ഐവാനെപ്പററിയുള്ള വസ്തുതകൾ സമ്പാദിക്കുന്നതിനു മുമ്പുതന്നെ നോവിക്കോവ് നൈനയിൽനിന്ന് മിഖായേൽ നാടകരചനയ്ക്കു ആരംഭിച്ചു കഴിഞ്ഞു എന്നു മനസ്സിലാക്കിയിരുന്നു.

“പിതാവിനെ കണ്ടാൽ ഇപ്പോൾ നിങ്ങൾക്കു മനസ്സിലാക്കുവാൻ പ്രയാസമായിരിക്കും. നാം കാണാറുള്ളതിൽ വളരെ വ്യത്യാസം അദ്ദേഹത്തിനു സംഭവിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ മനസ്സ് നവംനവങ്ങളായ ആശയങ്ങളാൽ ഒരു പുതിയ രൂപം പ്രാപിച്ചിരിക്കുകയാണ്. സദാ ചിന്താമഗ്നനും

ആനന്ദഭരിതനുമായി കഴിയുന്ന അദ്ദേഹത്തിന്റെ സ്ഥിതി നന്മെ അത്ഭുതപ്പെടുത്തുമെന്നതു തീർച്ചയാണ്. നിങ്ങൾ എന്തു പരിവർത്തനമാണ് വരുത്തിയതു്?'' നൈന ഒരിക്കൽനോവിക്കോവിനോടു ചോദിക്കുകയുണ്ടായി.

''ഞാനോ?'' നോവിക്കോവ് ആശ്ചര്യത്തോടെ ചോദിച്ചു. അദ്ദേഹത്തിന്റെ ആശ്ചര്യം അസ്ഥാനത്തായിരുന്നില്ല. തന്റെ ഭാഗ്യനക്ഷത്രം ഇത്രകണ്ടു തെളിഞ്ഞതിന്റെ കാരണം അദ്ദേഹത്തിനുതന്നെ അജ്ഞാതമായിരുന്നു. അതുപോലെ തന്നെ, തന്റെ ആശയം ഗോറിനെ വശീകരിച്ചതിന്റെ കാരണവും, നോവിക്കോവിനു ഗ്രഹിക്കാൻ കഴിഞ്ഞില്ല. പല വിഷമങ്ങളും ഉണ്ടാകുവാൻ ഇടയാകുമെന്നും അദ്ദേഹം വിചാരിച്ചിരുന്നുവെങ്കിലും, എല്ലാ കാര്യങ്ങളും നിഷ്പ്രയാസം സാധിച്ചതിൽ അദ്ദേഹത്തിനു വലിയ ചാരിതാർത്ഥ്യമുണ്ടായി. ആദ്യഘട്ടത്തിൽ നോവിക്കോവ് ഭയപ്പെട്ടിരുന്നു. നാടകരചനയ്ക്കു ആരംഭിക്കുന്നതിനുമുമ്പേ ഗോറിനിൽ സംജാതമാകുവാൻ കഴിഞ്ഞ വികാരങ്ങൾ അസ്തമിക്കുമെന്നു നോവിക്കോവ് വിചാരിച്ചിരുന്നു. ഗോറിൻ നിരാശാകൂപത്തിന്റെ വക്കിലാണ് സ്ഥിതിചെയ്തിരുന്നതെന്നും അദ്ദേഹത്തിന്റെ ഈ നാടകം ഒരു രക്ഷാമാർഗ്ഗമായിട്ടാണ് തീരുമാനിച്ചിരുന്നതെന്നും നോവിക്കോവ് അറിഞ്ഞിരുന്നില്ല. നാടകത്തിൽ പകുതിയും പവേലും അന്തേരിയും കൂടിയാണു ചെയ്തതെന്നും അദ്ദേഹംമനസ്സിലാക്കിയിരുന്നുമില്ല.

ഗോറിൻ അയച്ചുകൊടുത്ത എഴുത്തിൽ സമയമുള്ളപ്പോഴെല്ലാം തന്നെ സന്ദർശിക്കണമെന്നും എഴുതിയിരുന്നു. പട്ടണത്തിൽവെച്ചു് നോവിക്കോവും നൈനയും തമ്മിൽ സാധാരണ കാണാറുണ്ടായിരുന്ന കാര്യം ഗോറിൻ അറിഞ്ഞിരുന്നില്ല. വർഷാവസാന പരീക്ഷയ്ക്കു നൈന തയ്യാറാവുകയായിരുന്നു. സർവ്വകലാശാലയിലെ ജോലി കഴിഞ്ഞിരുന്നുവെങ്കിലും ഫിയദോർ മുഴുവൻ സമയവും മററു ജോലികളിൽ വ്യാപൃതനായി കഴിയുകയുമായിരുന്നു. പ്രൊവിൻഷ്യൽ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഉത്തരവനുസരിച്ചു് എല്ലാ ആഴ്ചയും അദ്ദേഹത്തിനു റഷ്യൻ ചരിത്രത്തെപ്പററി പ്രസംഗം ചെയ്യേണ്ടിയിരുന്നു. സ്ലാവ് പ്രശ്നം പാർട്ടി വിസ്മരിക്കുവാൻ നിശ്ചയിച്ചിട്ടില്ലാ

യിരുന്നു. ഫിയദോർ സംസാരിക്കുന്നതു കേൾക്കുവാൻ ആഗ്രഹിച്ചിരുന്ന നൈന ഒരിക്കൽ അദ്ദേഹത്തിൻെറ പ്രസംഗം കേൾക്കുവാൻ പോയിരുന്നു. തൻെറ പ്രസംഗം ഇഷ്ടപ്പെട്ടുവോ എന്നു പ്രസംഗാനന്തരം ഫിയദോർ ചോദിച്ചതിനു അവൾ ശരിയായ മറുപടി പറയാതെ കഴിച്ചു.

"എൻെറ ഈ പെരുമാററം നിങ്ങൾക്കു ആശ്ചര്യം ഉളവാക്കിയേക്കാം; എന്നാൽ സത്യം പറഞ്ഞാൽ, അങ്ങയുടെ പ്രസംഗംകേട്ടു ഞാൻ ഭയന്നുപോയി." തൻെറ വിവക്ഷിതം ഫിയദോർ മനസ്സിലാക്കരുതെന്ന ഉദ്ദേശത്തോടുകൂടി വളരെ ആലോചനാപൂർവ്വമാണ് അവൾ ഓരോ വാക്കും ഉപയോഗിച്ചതു്. അവൾക്കുതന്നെയും പറഞ്ഞതെന്തെന്നു ശരിക്കു മനസ്സിലാക്കുവാൻ സാധിച്ചിരുന്നില്ല. "പ്രസംഗവേദിയിൽ അങ്ങയെ തിരിച്ചറിയുവാൻ എനിക്കു കഴിഞ്ഞതേയില്ല. കേവലം അപരിചിതനായ അങ്ങയെ അവിടെ കണ്ടു ഞാൻ ഭയപ്പെട്ടുപോയി. അങ്ങ് മററാരുമായോ യുദ്ധം ചെയ്യുന്നതായും, എതിരാളിയെ നിർദ്ദയം മർദ്ദിക്കുന്നതായും എനിക്കു തോന്നി."

"എന്തൊരബദ്ധം!" ഫിയദോർ ചിരിച്ചുകൊണ്ടും നൈനയുടെ മൂർദ്ധാവിൽ ചുംബിച്ചുകൊണ്ടും പറഞ്ഞു. "ഇനി ഒരിക്കലും എൻെറ പ്രസംഗം കേൾക്കുവാൻ വരേണ്ടതില്ല; എൻെറ പ്രസംഗം നിൻെറ ചെവികൾക്കു സംഗീതമാധുര്യം പകരുന്നതല്ല."

"അങ്ങനെതന്നെ. അങ്ങേയ്ക്കു എന്നിൽ കരുണയുണ്ടെന്നു എനിക്കറിയാം" നൈന മറുപടി പറഞ്ഞു.

പെട്ടെന്നു ഫിയദോർ ആഹ്ളാദത്തോടുകൂടി പറഞ്ഞു:- "നമുക്കു ഒരുമിച്ചു പരീക്ഷാഹാളിലേക്കുപോയാൽ എന്തെന്നു ഞാൻ വിചാരിക്കുകയാണ്. പരീക്ഷയ്ക്കു എഴുതുന്നതു എനിക്കു കാണാമല്ലൊ; അടുത്ത വ്യാഴാഴ്ചയല്ലയൊ പരീക്ഷ നടക്കുന്നതു്?"

"അങ്ങു വരാതിരിക്കുന്നതാണ് നല്ലതു്. അല്ലാത്തപക്ഷം അങ്ങയെ വിചാരിച്ച് ഞാൻ എല്ലാം വിസ്മരിച്ചേക്കും". നൈന പറഞ്ഞു.

"തീർച്ചയായും ഞാൻകൂടെ നിന്നോടൊന്നിച്ചുവരും" എന്തിനു ഞാൻ നിൻെറ മനസ്സിനെ ചിന്താകുലമാക്കുന്നു?

ആഡിറേറാറിയത്തിൽ അനേകായിരം വിദ്യാൎത്ഥികളുടെയും അദ്ധ്യാപകന്മാരുടേയും രക്ഷകർത്താക്കളുടെയും ആ നാട്ടിലെ സംഗീതകലാകുശലന്മാരുടെയും മുമ്പിൽ നൈന 'പിയാനോ' വായിക്കുന്നുണ്ടെന്നു അദ്ദേഹത്തിന്നു അറിയാമായിരുന്നു.

അന്നത്തെ സന്ധ്യ ഫിയദോറിന്നു ഏററം ആനന്ദകരമായിരുന്നു. അവളുടെ സംഗീതാലാപം അതിവിശിഷ്ടമാണെന്നു അദ്ദേഹത്തിന്നു അനുഭവമായി.

ചെപ്പ്റോക്കു നൈനയോടു സന്നദ്ധയായിരിക്കുവാൻ ആവശ്യപ്പെട്ടു. "നിങ്ങൾക്കു എന്തു സംഭവിച്ചു? കുറച്ചുനാളായി നിങ്ങൾ എന്നെ സൂക്ഷിച്ചുനോക്കുന്നതു എന്തിനാണ്" നൈന അന്വേഷിച്ചു.

ചെപ്പുറോക്ക് നേരെ നോക്കാതെ പറഞ്ഞു:- "നിങ്ങൾക്കു മംഗളം ഭവിക്കട്ടെ. നൈന. . . . ഇദ്ദേഹവുമൊരുമിച്ചു കഴിയുന്നതിലുള്ള നിന്റെ ആഗ്രഹം ഞാൻ മനസ്സിലാക്കുന്നു. എന്നാൽ ഈ വൃദ്ധനെ ഒന്നു ശ്രദ്ധിക്കുക; ധൃതികൂട്ടരുതു്. ഫിയദോറെ ശരിയായി പരിശോധിക്കണം; ശരിയായി പഠിക്കണം; പിന്നീടു ഒരു തീരുമാനം ചെയ്തുകൊള്ളുക. ഒരു കുളത്തിലേക്കു ചാടുമ്പോൾ അതിന്റെ അടിയിൽ എന്താണുള്ളതെന്നു അറിഞ്ഞിരിക്കേണ്ടതാണ്."

"ഓഹോ! ഇത്രയെ ഉള്ളോ? ഞാൻ ഒരു ചെളിക്കുഴിയിലല്ല, പിന്നയോ നിർമ്മലമായ ഒരു ജലാശയത്തിലേക്കാണു ചാടുന്നതെന്നു നിങ്ങൾ മനസ്സിലാക്കിയാലും. ആ ജലാശയത്തിന്റെ അടിത്തട്ടിൽ കിടക്കുന്ന ഓരോ മണൽത്തരികളെപ്പോലും എനിക്കു കാണുവാനും കഴിയുന്നുണ്ട്;" ആ വൃദ്ധനെ സ്നേഹാദരവുകളോടെ ചുംബിച്ചിട്ടു നൈന കുററപ്പെടുത്തുന്ന മട്ടിൽ പറഞ്ഞു:- "ഞാൻ ഒരു കൊച്ചുകുട്ടിയല്ല: പക്ഷെ നിങ്ങൾ ഇപ്പോഴും എന്നെ ഒരു കുട്ടിയായി കപ്രിയിൽ കഴിഞ്ഞതുപോലെ കരുതുന്നു:"

"അവിടെയാണ് വിഷമമെല്ലാം ദൃശ്യമാകുന്നതു്. നാം ഇപ്പോൾ കപ്രിയിലല്ല; ഇവിടെയാണ് നൈന, ഇവിടെയുള്ള ആളുകൾ വളരെ വ്യത്യസ്തരാണ്." അയാൾ തുടർന്നു പറഞ്ഞു.

എന്നാൽ നൈന ആ വൃദ്ധന്റെ വാക്കുകൾ കൂടുതൽ കേൾക്കുവാൻ ഇഷ്ടപ്പെട്ടില്ല. അവൾ ഫിയദോറിന്റെ അടുക്കലേക്കു ഓടി.

"അയാൾ എന്നെപ്പററി കുററം പറയുകയായിരുന്നു, അല്ലേ?" ഫിയദോർ ചോദിച്ചു. ചെപ്പറോക്കിന്റെ സ്നേഹശൂന്യത വാർദ്ധക്യത്തിന്റെ പ്രത്യേകതയെന്നു കരുതി സഹിച്ചു.

"അല്ല, അങ്ങയെ കുററപ്പെടുത്തുകയായിരുന്നില്ല; ഇപ്പോഴും എന്നെ ഒരു കുട്ടിയായി അയാൾ കരുതുകയായിരുന്നു" അലക്ഷ്യഭാവത്തിൽ നൈന മറുപടി പറഞ്ഞു. പിന്നീടു എന്തൊ ഓർമ്മിച്ചിട്ടെന്നപോലെ അവൾ തുടർന്നു ചിരിക്കുവാൻ തുടങ്ങി. "ഫെദിയാ, നമുക്കു കാട്ടിലേക്കുപോകാം! പണ്ടു നമ്മുടെവസ്ത്രം നഷ്ടപ്പെട്ടില്ലേ? അവിടെത്തന്നെ."

"അങ്ങനെയാകട്ടെ" ഫിയദോർ മറുപടി പറഞ്ഞു. അവർ അവിടെനിന്നു തിരിച്ചു.

ചെപ്പറോക്കു് സൂര്യ്യനെനോക്കി കണ്ണുചുളിച്ചുകൊണ്ടു അവിടെ നിന്നുപോയി. തന്റെ കരങ്ങളിൽ നൈനയെ എടുത്തുലാളിച്ചുകൊണ്ടിരുന്ന പഴയ കാലം അയാളുടെ സ്മരണയിലെത്തി. അവൾ ആനന്ദസമേതം കഴിയുന്ന ഒരു ഭാവിയെ അയാൾ സ്വപ്നം കണ്ടുകൊണ്ടാണിരുന്നതു്. എന്നാൽ തന്റെ സ്നേഹപാത്രമായ നൈന നോവിക്കോവിനാൽ ദുഃഖിതയാകുവാൻ പോകുന്നതായി അയാൾ ദർശിച്ചു.

നൈനയുടെ പ്രേമം സമ്പാദിക്കുവാൻ കഴിഞ്ഞതിൽ ഫിയദോർ ആനന്ദഭരിതനായിത്തീർന്നിരുന്നു. അയാൾ അഹങ്കരിക്കുകയും ചെയ്തു. നൈനയെ തന്റെ സഹോദരനു കാണിച്ചുകൊടുക്കുവാൻ ഫിയദോർ ആഗ്രഹിച്ചു. തന്റെ സഹോദരനായ നിക്കൊളോയെ നോവിക്കോവ് അവജ്ഞാപൂർവ്വമാണു് വീക്ഷിച്ചിരുന്നതെങ്കിലും, തുറന്ന മനസ്സോടുകൂടിയ സഹോദരനെ അന്തരാ അദ്ദേഹം വളരെ സ്നേഹിച്ചിരുന്നു. ഇവർ മൂവരുംകൂടി ഡോൺ നദിയിൽ നീന്തിക്കളിക്കുവാൻ തിരിച്ചു. നിക്കൊളോയ് നൈനയെ സ്തുതിക്കുന്നതിൽ ഒട്ടും പിന്നോക്കമായിരുന്നില്ല. സഹോദരന്റെ മനോഭാവത്തിൽ ഫിയദോർ വളരെ സന്തോഷിക്കുകയും ചെയ്തു.

നിക്കൊളോയ് നൈനയുടെ അടുക്കൽ തുറന്ന മനസ്സോടു കൂടിയാണു പെരുമാറിയതെങ്കിലും, അവൾ ഈ ലോകത്തിനു പററിയ ഒരു സ്ത്രീ അല്ലെന്നു അയാൾ വിചാരിക്കാതിരുന്നില്ല. അഭിമാനഗർവിതനായ ഫിയദോർ സഹോദരൻെറ സ്തുതിവാക്കുകൾ കേട്ടു സന്തോഷിക്കുകയും അയാളുമായി ആ ദിവസത്തേക്കു യാത്രപറഞ്ഞു പിരിയുകയുംചെയ്തു. നിക്കൊളോയ് വിനോദങ്ങൾക്കുശേഷം അന്നുമടങ്ങി. എങ്കിലും എന്തോ ഒരു ചിന്ത അദ്ദേഹത്തെ അസഹ്യപ്പെടുത്തിക്കൊണ്ടിരുന്നു. തിരിച്ചുപോകുമ്പോൾ അയാൾ സ്വയം വിചാരിച്ചു:— "ലിദയുടെ കാര്യമോ? ഈ ചിത്രത്തിൽ അവളുടെ സ്ഥാനമെന്താണ്?"

ഈ വിചാരം അയാളെ വളരെ ക്ലേശിപ്പിച്ചു. സിദ്റോവിൻെറ പുത്രിയിൽ തൻെറ സഹോദരൻ ആസക്തനാണെന്നായിരുന്നു നിക്കൊളോയ് അന്നുവരെ ധരിച്ചിരുന്നതു്. എന്നാൽഅയാൾക്കു അക്കാര്യത്തിൽ വലിയസംശയം ഉണ്ടായി. ലിദാ മറെറാരുവനുമായി ബന്ധം പുലർത്തുന്നതു തൻെറ സഹോദരൻ ആഗ്രഹിക്കാത്തതിൻെറ കാരണം മനസ്സിലാക്കുവാൻ നിക്കൊളോയ്ക്കു കഴിഞ്ഞതുമില്ല.

നിക്കൊളോയ് തൻെറ വസതിയിൽ എത്തി വേഷങ്ങൾ മാററി നിദ്രയ്ക്കു ആരംഭിച്ചു.

---

## അദ്ധ്യായം മുപ്പത്തഞ്ചു്

---

ഗോറിൻെറ വസതിയിൽ ചെല്ലുന്ന അവസരങ്ങളിലെല്ലാം, കാട്ടിൽവച്ചു നഷ്ടപ്പെട്ട 'സൂട്ടി'ൻെറ കാര്യം ഫിയദോർ ഓർമ്മിച്ചിരുന്നു.

ചിലപ്പോഴെല്ലാം ഗ്രൽഷാക്കിനെ ഗോറിൻെറ വസതിയിൽ നോവിക്കോവിനു കാണുവാൻ കഴിഞ്ഞിരുന്നു. ശാന്തനായിരുന്ന അദ്ദേഹം ലൂബായുടെ സമീപമിരുന്നു് സംസാരിക്കുക പതിവായിരുന്നു. ഗ്രൽഷാക്കിനെ ഒഴിഞ്ഞുമാറുകയാണു്

ഗോറിൻ ചെയ്യാറുണ്ടായിരുന്നതു്. വായനമുറിയിൽ ഒട്ടുമുക്കാൽ സമയവും ചിലവഴിച്ചു് ഗ്രന്ഥനിർമ്മാണത്തിൽ ഏർപ്പെട്ടിരുന്ന ഗോറിൻ ആരെയും കാണാതെ കഴിക്കുകയായിരുന്നു എന്നു പറയാം. നോവിക്കോവിൻെറ വ്യക്തിവിലാസം ഗോറിനെ വളരെയധികം ആകർഷിച്ചിരുന്നു എന്ന കാര്യം ഗ്രൽഷാക്കിനു അറിയുവാൻ കഴിഞ്ഞിരുന്നു. പ്രഫസ്സരുടെ ശക്തി എത്രമാത്രമെന്നു ഗ്രൽഷാക്കിനു അറിഞ്ഞുകൂടായിരുന്നു. നോവിക്കോവു് ഒരു മാസ്സരവിദ്യക്കാരനാണെന്നുപോലും ചിലപ്പോൾ അയാൾ കരുതാറുണ്ടായിരുന്നു. ഈവക ചിന്തകൾ അയാളെ അത്യധികം പീഡിപ്പിച്ചു. നോവിക്കോവിൻെറ പേരു കേൾക്കുന്നമാത്രയിൽ ഗ്രൽഷാക്കു ഭയപ്പെടുവാനുമാരംഭിച്ചു.

പല പ്രാവശ്യവും നോവിക്കോവു് ഗോറിൻെറ വസതിയിൽനിന്നും ഭക്ഷണം കഴിക്കുക പതിവായിത്തീർന്നു. പുത്രിയെ നോവിക്കോവിനു വിവാഹം ചെയ്തുകൊടുക്കാനുള്ള ആഗ്രഹം ഗോറിൻ മറച്ചുവെക്കാതെയുമായി. നോവിക്കോവിനെ നോക്കിക്കൊണ്ടു് ഗോറിൻ പലപ്പോഴും നൈനായോടു വിവാഹാനന്തരമുള്ള കാര്യങ്ങളെപ്പററി പലതും സംസാരിക്കാറുണ്ടായിരുന്നു. അപ്പോഴെല്ലാം നോവിക്കോവു് മൗനം ആചരിച്ചിരുന്നു. പ്രഫസ്സരുടെ പെരുമാററത്തിലുള്ള മര്യാദ നൈനായെ ആകർഷിക്കാതിരുന്നിട്ടില്ല.

ഒരിക്കൽ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ഗോറിൻ നോവിക്കോവിനെ ഒന്നു ഭയപ്പെടുത്തുകയുണ്ടായി. "എനിക്കു നിങ്ങളോടു ചിലതു സംസാരിക്കുവാനുണ്ടു്" ഗോറിൻ പറഞ്ഞു: "പക്ഷെ, ഇപ്പോൾ സമയമായിട്ടില്ല— ഒരാഴ്ചകൂടി കഴിഞ്ഞുകൊള്ളട്ടെ!! ഒരാഴ്ച കഴിഞ്ഞപ്പോൾ പിന്നെയും സമയമായിട്ടില്ലാ എന്നു ഗോറിൻ പറഞ്ഞു. അങ്ങനെ സംസാരിക്കുവാനുള്ള സമയം നീണ്ടു നീണ്ടു പോകയാണു ചെയ്തതു്.

ഒരു സംഭവം നോവിക്കോവിൻെറ ഇംഗിതത്തെ തകർക്കുന്നതിനു പര്യാപ്തമായി. ഒരിക്കൽ നോവിക്കോവു് നൈനയുടെ വരവും പ്രതീക്ഷിച്ചു് ഗോറിൻെറ പാർക്കിൽ ഇരിക്കുകയായിരുന്നു. അർദ്ധനിമീലിതങ്ങളായ നയനങ്ങളോടുകൂടി നോവിക്കോവു് രണ്ടു ചിത്രശലഭങ്ങൾ ഒരു ചെടിയിൽ വിഹരി

ക്കുന്നതും നോക്കി രസിച്ചുകൊണ്ടു സമയംകഴിച്ചു. പെട്ടെന്നു ആരോ നടന്നു സമീപിക്കുന്ന ശബ്ദം അദ്ദേഹത്തിൻെറ ചെവികളിൽ പതിച്ചു. ഗ്രൾഷാക്കും ലൂബായുംകൂടി ആ വഴി വരുന്നതാണു് അദ്ദേഹം കണ്ടതു്. അവരുടെ ദൃഷ്ടിയിൽ പെടാതെ നോവിക്കോവു് ഒരു ചെടിയുടെ മറവിൽ പതുങ്ങിയിരുന്നു. അദ്ദേഹത്തിനു അവരുടെ സംഭാഷണം ശ്രവിക്കുവാൻ കഴിഞ്ഞു.

ലൂബാ:- പ്രഫസ്സറെപ്പററി നിങ്ങൾക്കുള്ള അഭിപ്രായമെന്താണു്?

ഈ ചോദ്യം ഗ്രൾഷാക്കിനെ വളരെ വിഷമസ്ഥിതിയിലാക്കി. അയാൾ മൗനം ആചരിച്ചു. ഒടുവിൽ അയാൾ ഇപ്രകാരം പറഞ്ഞു:- "ആ ചോദ്യംകൊണ്ടു് നിങ്ങൾ എന്താണു ഉദ്ദേശിക്കുന്നതു്?"

ലൂബാ:- പ്രത്യേകമായിട്ടു ഒന്നുമില്ല. നൈന ആ പ്രഫസ്സറിൽ അനുരക്തയാണെന്നു എനിക്കറിയാം. എന്നാൽ ഗോറിൻ നൈനയെക്കാൾ പ്രഫസ്സറെ ഇഷ്ടപ്പെടുന്നതായി എനിക്കു തോന്നിയിട്ടുണ്ടു്.

തൻെറ അഭിപ്രായം മററു വല്ലവരും കേൾക്കുവാൻ ഇടയായേക്കുമോ എന്നുള്ള ഭീതിയാൽ ഗ്രൾഷാക്കു് പല പ്രാവശ്യം ചുററിലും നോക്കി. അടുത്തെങ്ങും ആരുമില്ലെന്നു ധൈര്യം വന്നപ്പോൾ പറഞ്ഞു:- "ലൂബാ, ആ പ്രഫസ്സറെപ്പററി എനിക്കു ഒന്നുംതന്നെ അറിഞ്ഞുകൂടാ. പക്ഷേ, എൻെറ അഭിപ്രായത്തിൽ അദ്ദേഹം ഒരു അത്ഭുതമനുഷ്യനാണു്. എനിക്കു തരുവാനുള്ള ഉപദേശം, അയാളെ വളരെ സൂക്ഷിക്കണമെന്നാണു്. . . . . . . ഞാൻ ആവർത്തിച്ചു പറയുന്നു, അയാളെപ്പററി പൂർണ്ണമായി എനിക്കു ഒന്നും അറിയുവാൻ പാടില്ലെന്നു്; എന്നാൽ അയാളെപ്പററി പല മോശമായ കേൾവികളും എൻെറ ചെവിയിൽ എത്തുപെട്ടിട്ടുണ്ടു്."

ലൂബാ:- എങ്ങനെയുള്ള കേൾവികളാണു്?

ഗ്രൾഷാക്കു് കുഴങ്ങി. "കൊള്ളാം! ഇപ്പോൾ ഞാൻ എന്തു പറയുവാനാണു്? അദ്ദേഹം പ്രഫസ്സർസ്ഥാനം കര

സ്ഥമാക്കിയതുതന്നെ വൃത്തികെട്ട വഴികളിൽക്കൂടിയാണു്. എല്ലാവരേയുംകാൾ മിഖായേൽ അദ്ദേഹത്തെ സൂക്ഷിക്കേണ്ടതാണു്."

ലൂബാ നിരാശക്കണ്ടിൽ വീണുപോയി. ഗ്ലൽഷാക്കിൻെറ വാക്കുകൾക്കു ലൂബാ ഒരു വിലയും കല്പിച്ചില്ല. "ഇയാൾക്കു് മിഖായേലിനോടു അസൂയ ഉണ്ടായിരിക്കാം" ലൂബാ വിചാരിച്ചു.

ഈ സംഭാഷണം ഒളിച്ചിരുന്നു കേട്ട നോവിക്കോവു് ചിരിച്ചുപോയി. "ഭീരുവായ ഗ്ലൽഷാക്കിൻെറ വേലത്തരം കൊള്ളാം" അദ്ദേഹം വിചാരിച്ചു.

പതിനഞ്ചു മിനിററു് കഴിഞ്ഞപ്പോൾ ഗ്ലൽഷാക്കു് ലൂബായെ പിരിഞ്ഞു് ഏകനായി നോവിക്കോവു് ഇരിക്കുന്ന സ്ഥലത്തുകൂടി ധ്രുതഗതിയിൽ നടന്നുവന്നു. ഫിയദോർ രണ്ടു ചാട്ടം ചാടി ഗ്ലൽഷാക്കിൻെറ കരങ്ങളിൽ കടന്നു പിടിച്ചു: "നിങ്ങൾ പറഞ്ഞതെല്ലാം ഞാൻ കേട്ടു." കോപാകുലനായ നോവിക്കോവു് ഗ്ലൽഷാക്കിനെ പിടിച്ചു വലിച്ചു് അയാളുടെ ചെകിട്ടത്തു് കൈകൊണ്ടു് ശക്തിയായി പ്രഹരിച്ചു.

അവിചാരിതമായ ഈ ആക്രമണത്തിൽ ഗ്ലൽഷാക്കു് നിശ്ശേഷം തളർന്നുപോയി. "നിങ്ങൾ മരണത്തെ ക്ഷണിക്കുകയാണോ?" എന്നു പറഞ്ഞുകൊണ്ടു് നോവിക്കോവു് ഗ്ലൽഷാക്കിനെ എടുത്തു പുൽത്തിട്ടയിലേക്കു എറിഞ്ഞു.

നോവിക്കോവു് മനഃപൂർവ്വം കോപം നടിച്ചു. ഗ്ലൽഷാക്കിനു മേലിൽ യാതൊരുപദ്രവവും ചെയ്യുവാൻ ശക്തിയുണ്ടാകയില്ലെന്നു നോവിക്കോവിനു അറിയാമായിരുന്നു. ഈ സംഭവം പുറത്തുവന്നാൽ തനിക്കു വല്ല അപഖ്യാതിയും ഉണ്ടായേക്കാമെന്നു കരുതി, ഗ്ലൽഷാക്കു് കഴിയുന്നതും ഈ സംഭവം മറച്ചുവെക്കുമെന്നും തീർച്ചയാണു്.

ഭയചകിതനായിത്തീർന്ന ഗ്ലൽഷാക്കു് വെക്കേഷനു് ഒരാഴ്ചമുമ്പേ അവധി എടുത്തുകൊണ്ടു് ചികിത്സാർത്ഥം ക്രീമിയായിലേക്കു പോയി.

# അദ്ധ്യായം മുപ്പത്താറ്

നോവിക്കോവ് ഭയത്തോടുകൂടി നോക്കിക്കൊണ്ടിരുന്ന ഗോറിനുമായുള്ള സംഭാഷണം അവസാനം നടക്കുവാനിടയായി. ആഗസ്ററുമാസം മദ്ധ്യത്തോടുകൂടി ഗോറിൻ അധികം വികാരപരവശനായി കാണപ്പെട്ടു. ഉദ്യാനത്തിൽ വിനോദാത്ഥം നടക്കുവാൻ നോവിക്കോവിനെ ഗോറിൻ ക്ഷണിച്ചു. ഗോറിൻ പറയുവാൻപോകുന്നതെന്താണെന്നു അറിയുവാൻ അദ്ദേഹം അക്ഷമനായി കാത്തിരിക്കുകയായിരുന്നു.

"അധികാരവും ബലപ്രയോഗംകൊണ്ടുള്ള ഭരണവും എന്ന വിവാദ വിഷയങ്ങളെപ്പററി ഒരു തീരുമാനം എടുക്കേണ്ട പരിതഃസ്ഥിതിയിലാണ് ഞാൻ എത്തിയിരിക്കുന്നതു്" മിഖായേൽ പറഞ്ഞു. ഐവാൻെറ ഭരണം റഷ്യയിൽ ആദ്യമായി അധികാരപ്രശ്നത്തിനു ശരിയായ ഒരു തീരുമാനം ചെയ്യുകയുണ്ടായി എന്നു നിങ്ങളുടെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നു. എന്നാൽ ബലപ്രയോഗംകൊണ്ടുള്ള അധികാരസ്ഥാപനം ആർക്കെങ്കിലും സ്വീകാര്യമാണോ?"

ചോദ്യത്തിൻെറ ആശയം മനസ്സിലായി എന്ന ഭാവത്തിൽ നോവിക്കോവ് തലയാട്ടി. "ആദ്യം ഉന്നയിക്കപ്പെട്ടിരിക്കുന്ന ഈ സംശയം ഒരു ആരംഭം മാത്രമാകുന്നു; ഇതോടൊന്നിച്ചു എന്നെ സ്പർശിക്കുന്ന കാര്യങ്ങളും പറയാതിരിക്കുകയില്ല" അദ്ദേഹം വിചാരിച്ചു.

എത്രകണ്ടു ശാന്തനാകുവാൻ കഴിയുമോ അത്രയ്ക്കും ശാന്തനായിക്കൊണ്ടു നോവിക്കോവ് പറഞ്ഞു:- "അധികാരം—അതിൻെറ അത്ഥവ്യാപ്തിയെപ്പററിയുള്ള ചിന്തകൾ അത്യുന്നതന്മാരായ നാടകകർത്താക്കളുടെ മനസ്സിൽ പ്രവർത്തിച്ചുകൊണ്ടാണിരുന്നിട്ടുള്ളതു്. എങ്കിലും അവർ ശരിയായ ഒരു സമീപനമല്ല ഈ വിഷയത്തിൽ നടത്തിയിട്ടുള്ളതു്. അധികാരത്തിൻെറ ദുർവിനിയോഗമാണ് ബലപ്രയോഗമെന്നു അവർ തെററായി വ്യാഖ്യാനിച്ചു. അതു് ഉന്നതരായ ചിന്തകന്മാരുടെ സമീപനരീതിയല്ല.

ഗോറിൻെറ ചിന്തകൾക്ക എതിരല്ല തൻെറ അഭിപ്രായമെന്നു തോന്നത്തക്കവണ്ണമാണ് നോവിക്കോവ് സംസാരിച്ചതു്; "നാം പരസ്പരം മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു; താങ്കളോ ഞാനോ സാധാരണയായി കാണുന്നവിധത്തിലുള്ള സന്മാർഗ്ഗചിന്തകന്മാരല്ല" നോവിക്കോവ് പറഞ്ഞു.

"........ചരിത്രപരമായ ആവശ്യംകൊണ്ടു ഐവാൻ, തനിക്കെതിരായി പ്രവർത്തിച്ച പലരേയും വധിച്ചിട്ടുണ്ടായിരിക്കാം. എന്നാൽ, ബലപ്രയോഗംകൊണ്ടു് ശത്രുക്കളെ അടിച്ചമർത്തിയപ്പോഴും അദ്ദേഹം മാനസികമായ കുലീനതാഭാവും ആത്മികമായ പരിശുദ്ധതയും തികഞ്ഞ ഒരു ഉത്തമ മനുഷ്യനായിത്തന്നെ ജീവിച്ചു." ഗോറിൻ ഈ വാക്കുകൾ സശ്രദ്ധം കേട്ടു.

"ഈവിധം ചിന്തിക്കുമ്പോൾ" നോവിക്കോവ് ഉപസംഹരിച്ചു. "ബലപ്രയോഗം അധികാരത്തിൻെറ ദുർവിനിയോഗമല്ലെന്നും, പിന്നയോ രാജ്യത്തിൻെറ വിധിനിർണ്ണായകമായ കാലഘട്ടത്തിൽ പുരോഗമനേച്ഛുക്കളായ എല്ലാ രാജ്യതന്ത്രജ്ഞന്മാരുടേയും കർത്തവ്യമാണെന്നും കാണാവുന്നതാണ്. അതു് ജീവിതത്തിൽ അടിഞ്ഞുകിടക്കുന്ന മാലിന്യങ്ങളെ തുടച്ചുമാററി പുതിയ മാർഗ്ഗത്തിനു കളമൊരുക്കുകയാണ് ചെയ്യുന്നതു്."

"ആ മനുഷ്യജീവികളോ? . . . . . ." സംശയത്തെ പ്രകടിപ്പിക്കുന്ന സ്വരത്തിൽ ഗോറിൻ ചോദിച്ചു: "വ്യക്തികളുടെ കഷ്ടപ്പാടുകളും ദുരിതങ്ങളുമാണ് എൻെറ മനസ്സിൽ സദാ പൊന്തിവരുന്നതു്. ചരിത്രപരമായ ആവശ്യത്തിൽനിന്നു അവരെ അകററി, മാംസവും ബുദ്ധിയുമുള്ള ജീവികളെന്നവിധം കരുതി ഓരോരുത്തരേയും പ്രത്യേകം പ്രത്യേകമെടുത്തു പരിശോധിക്കുമ്പോൾ ബലപ്രയോഗത്തെ നിങ്ങൾക്ക എങ്ങനെ നീതീകരിക്കുവാൻ കഴിയും? അവരുടെ കഷ്ടതകളേയും ദുരിതങ്ങളേയും നിങ്ങൾക്ക എങ്ങനെ വിസ്മരിക്കുവാൻ സാധിക്കും?"

"ഓരോ വ്യക്തിയും മരണമുള്ള ജീവികളാണ്; എന്നാൽ ജനസമുദായത്തിനു മരണമില്ല. ജനസമുദായത്തിൻെറ അമ

ത്ത്യതയെപ്പററി ചിന്തിക്കുവാൻ നമ്മെ പഠിപ്പിച്ച ആദ്യത്തെ സാർ ചക്രവർത്തി ഐവാനാണെന്നു തോന്നുന്നു." നോവിക്കോവു മറുപടി പറഞ്ഞു: "വ്യക്തികളുടെ ദുരിതാനുഭവങ്ങൾ തീർച്ചയായും ഐവാൻ കണ്ടിരുന്നു. നിർദ്ദയമായി മർദ്ദിക്കപ്പെടുന്ന അവസരത്തിലും ചിലർ അദ്ദേഹത്തെ ശപിക്കുകയും കുററപ്പെടുത്തുകയും ചെയ്തിരുന്നു. പക്ഷെ അവിടെയാണ് നാം ഐവാൻെറ യഥാർത്ഥശക്തിയെ കാണുന്നതു്. തൻെറ സമകാലികരായ മററു ഭരണാധിപന്മാരിൽ കൂടുതലായി ഐവാൻ കാലത്തിൻെറ ആവശ്യങ്ങളും ചരിത്രത്തിൻെറ പ്രാധാന്യവും ഗ്രഹിച്ചിരുന്നു. വ്യക്തികൾക്കു എങ്ങനെ അനുഭവപ്പെട്ടാലും, അദ്ദേഹത്തിൻെറ ദൃഢനിശ്ചയം, ജനങ്ങളുടെ നിശ്ചയദാർഢ്യം അവതാരം കൈക്കൊണ്ടതായിരുന്നു. അദ്ദേഹം അതു മനസ്സിലാക്കി. രാജ്യക്ഷേമകരങ്ങളായ തൻെറ പ്രവർത്തികളെ എത്രമാത്രം കൃതഘ്നതയോടെയാണു വീക്ഷിക്കപ്പെടുന്നതെന്നും അദ്ദേഹം കണ്ടു. ഇതു് അദ്ദേഹത്തെ ക്ലേശിപ്പിക്കാതിരുന്നില്ല; എങ്കിലും തൻെറ പ്രവർത്തികളിൽ ഒന്നിലും അദ്ദേഹം ലജ്ജിതനായിരുന്നില്ല. ചരിത്രവസ്തുതകളെ ഉപരിപ്ലവദൃഷ്ടിയോടെ വീക്ഷിച്ച് ഭയചകിതരായിത്തീരുന്നവരെക്കാൾ എത്രയോ മഹാനായിരുന്നു ഐവാൻ!"

ഗോറിൻ വളരെ സന്തോഷിച്ചു. നോവിക്കോവിൻെറ വാക്കുകൾ യഥാർത്ഥത്തിൽ ഗോറിനെ വളരെ പ്രീതിപ്പെടുത്തുകയാണു ചെയ്തതു്.

"എത്രകണ്ടു ന്യായീകരിക്കത്തക്കവയായിരുന്നാലും, തൻെറ കല്പന അനുസരിച്ച് നിർവ്വഹിച്ച ക്രൂരകൃത്യങ്ങൾ കണ്ടു് ഐവാൻ സങ്കടപ്പെട്ടിരുന്നുവെന്നാണോ നിങ്ങൾ പറയുന്നതു്?" ഗോറിൻ തുടർന്നു പറഞ്ഞു. "അദ്ദേഹത്തിൻെറ മാനസികമായ ചിന്തകളേയും അനുഭവങ്ങളേയും എൻെറ നാടകത്തിൽ ഞാൻ ചിത്രീകരിച്ചാലെ ഒക്കുകയുള്ളൂ."

"നിർഭാഗ്യമെന്നെ പറയേണ്ടതുള്ളൂ" നോവിക്കോവ് തുടർന്നു. "ഐവാൻ ഒരു മനുഷ്യൻതന്നെയായിരുന്നു." . . . . അദ്ദേഹം അതു ശരിക്കു മനസ്സിലാക്കിയുമിരുന്നു; അതിനാൽ, അദ്ദേഹം അനുഭവിക്കേണ്ടിവന്ന സങ്കടം ഏററവും വലുതുമാ

യിരുന്നു. പാറപോലെ ഉറച്ച അദ്ദേഹത്തിൻെറ ആശയം, ദുർബലവും ഹ്രസ്വവുമായ ഒരു ശരീരത്തിനുള്ളിലാണ് പ്രകൃതി സൃഷ്ടിച്ചു വച്ചിരുന്നതു്. താൻ വെറുമൊരു മനുഷ്യജീവിയാണല്ലോ എന്നു വിചാരിച്ചു് ഐവാൻ സങ്കടപ്പെട്ടു. "ഐവാൻെറ ജീവിതാവസാനഘട്ടത്തെ ററിക്കോൺ എന്ന സന്യാസി വിവരിക്കുന്ന ഭാഗം, അങ്ങേയ്ക്കു ഞാൻ അയച്ചുതന്ന പല വിവരണങ്ങളിൽ അടങ്ങിയിട്ടുണ്ടു്. അതു അങ്ങു വായിച്ചിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. അലൗകികമായ ഐവാൻെറ ആത്മീയ ചൈതന്യം ആ സന്യാസിയുടെ ശ്രദ്ധയ്ക്കു വിഷയമായിരുന്നു. 'പ്രസിദ്ധ ദൈവദൂതനായ 'സെറാഫി'ൻെറ കണ്ണുകൾക്കു തുല്യമാണ് ഭയങ്കരനായ ഐവാൻെറ കണ്ണുകൾ' എന്നാണ് ററിക്കോൺ സന്യാസി എഴുതിയിട്ടുള്ളതു്."

"നീറോ ചക്രവർത്തിയെ ഒരു ദൈവദൂതനായി കവികൾ വർണ്ണിച്ചിട്ടുണ്ടു്" ഗോറിൻ ഇടയ്ക്കുകയറി പറഞ്ഞു.

"അതു ശരിയാണ്" നോവിക്കോവു ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു: "എന്നാൽ ചരിത്രകാരനായ ററിക്കോൺ ഒരു കവിയായിരുന്നില്ല. അദ്ദേഹം ഐവാൻ കാണുന്നതിനുവേണ്ടിയല്ല, നിങ്ങൾക്കും എനിക്കും അങ്ങനെ പലർക്കും വായിക്കുവാനാണ് ആ വിവരണം എഴുതിയിട്ടുള്ളതു്. അതിനു കാരണവുമുണ്ടു്. സ്തുതിപാഠകന്മാരെയും മുഖസ്തുതിക്കാരെയും ഭീരുക്കളേയും അദ്ദേഹം ദാക്ഷിണ്യലേശമില്ലാതെ വധിക്കുകയായിരുന്നു ചെയ്തിരുന്നതു്. ഐവാനുമായി നീറോയെ താരതമ്യപ്പെടുത്തുന്നതു ശരിയല്ല. നീറോയുടെ ഭരണം റോമ്മാസാമ്രാജ്യത്തിൻെറ അധഃപതനത്തിലേക്കുള്ള ഒരു പടികൂടി ആയിരുന്നു. പണ്ടൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം അത്രമാത്രം ഭയങ്കരവും ബുദ്ധിശൂന്യവുമായ നീറോയുടെ പ്രവർത്തികൾ, ജീവിതസുഖത്തെപ്പററിയുള്ള തെററായ ധാരണയുടെ പ്രകാശനങ്ങൾ മാത്രമായിരുന്നു. ഐവാനാകട്ടെ, ഛിന്നഭിന്നമായിക്കിടന്ന ദേശങ്ങളെയെല്ലാം ഒരു ഭരണത്തിൻകീഴ് കൊണ്ടുവന്നു് ആധുനിക റഷ്യയുടെ അസ്ഥിവാരം കെട്ടിപടുത്തു. സ്തുതിപാഠകന്മാരുടെ സഹായം കൂടാതെ തന്നെ, ഐവാൻെറ ഈ പ്രവൃത്തി അദ്ദേഹത്തിൻെറ മഹത്വത്തെ തെളിയിക്കുന്നു."

നോവിക്കോവിൻെറ വാദഗതിയിൽ പ്രദർശിതമായ ന്യായങ്ങളെയും, ആ ന്യായങ്ങളെ പ്രകാശിപ്പിക്കുന്നതിനു കൈക്കൊണ്ട രീതിയേയും അഭിനന്ദിക്കാതിരിക്കുവാൻ മിഖായേലിനു കഴിഞ്ഞില്ല. "ബുദ്ധിമാനായ ഒരു യുവാവു്" അദ്ദേഹം വിചാരിച്ചു.

വളരെ ക്ഷീണം തോന്നിയിരുന്നുവെങ്കിലും ആ സംഭാഷണം മിഖായേലിനെ സംപൂർണ്ണതൃപ്തനാക്കി.

---

## അദ്ധ്യായം മുപ്പത്തേഴ്

റോസ്സോവു പ്രൊവിൻസിലെ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഒന്നാം സിക്രട്ടറി 'വെറിയാ'യുടെ സന്ദർശകമുറിയിൽ ഡോക്ടർ 'സിബ്ബിക്ക്' ഇരിക്കുവാൻ തുടങ്ങിയിട്ടു ഉദ്ദേശം ഒരു മണിക്കൂർ സമയമായി.

തന്നെ എന്തിനാണു ക്ഷണിച്ചുവരുത്തിയിരിക്കുന്നതെന്നു മനസ്സിലാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. അടുത്ത മുറിയിൽ ഇരുന്ന 'കഷണ്ടി'ത്തലയോടുകൂടിയ വെറിയായുടെ സിക്രട്ടറിയുടെ ദൃഷ്ടിയിൽപെടാതെ ഡോക്ടർ ഒരു സിഗററു വലിച്ചുകൊണ്ടിരുന്നു.

വെറിയ ഡോക്ടറെ താമസിച്ചാണു കണ്ടതു്. എങ്കിലും വളരെ ഉപചാരപൂർവ്വം സ്വീകരിക്കുകയും അടുത്തുകിടന്ന കസേരയിൽ ഇരിക്കുവാൻ ആവശ്യപ്പെടുകയുംചെയ്തു. കസേരയിൽ ചാരികിടന്നുകൊണ്ടു് വെറിയാ സിബ്ബിക്കിനോടു ആശുപത്രിയിലെ കാര്യങ്ങളെപ്പററി അന്വേഷിച്ചു.

"ഉദ്യോഗക്കയററം" അറിയിക്കുവാനാണോ തന്നെക്ഷണിച്ചുവരുത്തിയിരിക്കുന്നതെന്നു ഡോക്ടർ വിചാരിക്കാതിരുന്നില്ല.

ഡോക്ടർ ആത്മവിശ്വാസത്തോടുകൂടിയാണ് സംസാരിക്കുവാൻ ആരംഭിച്ചതു്. പെട്ടെന്നു വെറിയ വിഷയം മാററി ഇപ്രകാരം ചോദിച്ചു "നിങ്ങൾ വിദേശയാത്രയ്ക്കു ഒരുങ്ങുകയാണെന്നു ഞാൻ അറിയുന്നു! ശരിതന്നെയോ?"

വിനയപൂർവ്വം കണ്ണുകൾ പകുതി അടച്ചുകൊണ്ടു ഡോക്ടർ മറുപടി പറഞ്ഞു:- "ഗോറിൻെറ പുത്രനായ പാവലിനു വൈദ്യശുശ്രൂഷ ആവശ്യമായിവന്നിരിക്കുകയാണ്."

"നിങ്ങൾ കള്ളം പറയുകയാണ്" വെറിയ മൃദുസ്വരത്തിൽ പറഞ്ഞു. ഡോക്ടർക്കു ഈ വാക്കുകൾ ഹൃദയത്തിൽ തറച്ചുകൊണ്ടു. അദ്ദേഹത്തിൻെറ ധൈര്യം അസ്തമിച്ചു.

"എന്നോടു ക്ഷമിച്ചാലും. സഖാവു വെറിയാ! താങ്കൾ പറഞ്ഞതു ഞാൻ ശരിക്കു മനസ്സിലാക്കിയില്ലായിരിക്കാം. . .",

"ഞാൻ വീണ്ടും പറയുന്നു, നിങ്ങൾ കള്ളം പറയുകയാണ്. നിങ്ങൾക്കു വിദേശത്തു പോകുവാൻ വലിയ ആഗ്രഹം കാണുന്നുണ്ടു്. എന്തിനു്? വീണ്ടും പാരീസുകാണുവാൻ നിങ്ങൾ ആഗ്രഹിക്കുകയാണോ?"

സിബിക്കു് മൗനം ഭജിച്ചു. "പാരീസിനെപ്പററി പറയുക. അതു രസകരമായിരിക്കും" വെറിയാ പറഞ്ഞു.

"അവിടെ പറയത്തക്കതായി ഒന്നും തന്നെയില്ല. . . . . പാരീസ് അരസികമായ ഒരു പട്ടണമാണ്" ഡോക്ടർ മറുപടി പറഞ്ഞു.

"ഒന്നും മറച്ചുവക്കരുതു്. ഇവിടെ ഇല്ലാത്ത എന്തോന്നാണ് പാരീസിൽ കാണുവാൻ നിങ്ങൾ പ്രതീക്ഷിക്കുന്നതു്? വെറിയ വീണ്ടും ചോദിച്ചു.

ഡോക്ടർ ഉത്തരമൊന്നും പറഞ്ഞില്ല. അദ്ദേഹത്തിൻെറ കൈവിരലുകൾ വിറയ്ക്കുന്നതു കാണാമായിരുന്നു. ദുഃഖസൂചകമായ ഒരു നിശ്വാസത്തോടുകൂടി വെറിയ പറഞ്ഞു:- "നിങ്ങളിൽ എനിക്കു അനുകമ്പയാണുള്ളതു്. നിങ്ങൾ ഒരു റഷ്യാക്കാരനാണ്. എന്നാൽ റഷ്യാക്കാരൻെറ വീക്ഷണഗതി നിങ്ങളിൽക്കാണുന്നില്ല. വിദേശയാത്രയ്ക്കുള്ള നിങ്ങളുടെ അമി

തമായ താല്പര്യം, പാർട്ടിയിൽ വിശ്വാസമർപ്പിക്കാത്തവരുടെ കൂട്ടത്തിൽ നിങ്ങളെയും എണ്ണുവാൻ ഇടയാക്കിയിരിക്കുന്നു; പാർട്ടിയിൽ വിശ്വസിക്കാതെ അതിർത്തിയിലേക്കു ഓടിയൊളിക്കുന്നവരെ തേടിപ്പിടിച്ചാൽ ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ വെടിവെച്ചു കൊല്ലുകയാണു് ചെയ്യുന്നതെന്നു ഞാൻ പറയാതെ നിങ്ങൾക്കു അറിയാമല്ലോ.

വിവർണ്ണവദനനായിത്തീർന്ന ഡോക്ടർ വെറിയായുടെ മുഖത്തു ദൃഷ്ടികൾ പതിപ്പിച്ചുകൊണ്ടു് എന്തോ പറയുവാൻ അധരങ്ങൾ ചലിപ്പിച്ചു; എങ്കിലും ശബ്ദം പുറത്തുവന്നില്ല. വെറിയാ മേശതുറന്നു ഒരു കടലാസ് പുറത്തെടുത്തു. 'വിസാ' ലഭിക്കുവാനുള്ള ശോറിൻെറ അപേക്ഷയായിരുന്നു അതു്.

"പാവലിനു വിസാ നൽകുവാൻ ഗവർമ്മെൻറു വിചാരിക്കുന്നില്ല. പിന്നെ, നിങ്ങളെ മാത്രം പാരീസിലേക്കു അയയ്ക്കുന്നതിൽ എന്തർത്ഥമാണുള്ളതു്? പറയൂ" വെറിയ ചോദിച്ചു.

മറുപടി ഒന്നും ലഭിക്കാതിരുന്നതുകൊണ്ടു വെറിയ അല്പം കോപഭാവത്തിൽ പറഞ്ഞു: "ഗുരുതരമായ ഭവിഷ്യത്തുകൾ ഉണ്ടാകുമെന്നു ഞാൻ താക്കീതു നൽകിക്കൊള്ളുന്നു!!

കസേരയിൽനിന്നു ഡോക്ടർ പതുക്കെ വഴുതിത്തുടങ്ങി. വെറിയായുടെ നിറം പകരുന്നതു ഡോക്ടർ കണ്ടു. അദ്ദേഹം ഉച്ചത്തിൽ പറഞ്ഞു "ഡോക്ടർ സിബിക്ക്! നിങ്ങൾക്കു ദുഷ്ടനായ പാവലിനെ കൊല്ലുവാൻ കഴിയുമെങ്കിൽ രക്ഷനേടാൻ കഴിയും."

സുദൃഢമായും വ്യക്തമായും വെറിയ 'കൊല്ലുക' എന്ന പദം ഉച്ചരിച്ചു. കൊല്ലണമെന്നു സൂചിപ്പിക്കുക മാത്രമല്ല വെറിയ ചെയ്തതു്. തുറന്നു വ്യക്തമായി പറയുന്നതിൻെറ ഫലം വെറിയ മനസ്സിലാക്കിയിരുന്നു. ഡോക്ടരുടെ നിസ്സഹായത വെറിയാ കാണുകയും അന്തരാ സന്തോഷിക്കുകയും ചെയ്തു.

സ്വയം നിയന്ത്രിക്കാൻ അശക്തനായിത്തീർന്ന വെറിയാ കസേരയിൽനിന്നു ചാടി എണീററു് ഡോക്ടരുടെ ചുററും ഓടി നടന്നുകൊണ്ടു് ഉജ്ജ്വലിക്കുന്ന ദൃഷ്ടികളോടെ പറഞ്ഞു, "ആ ദുഷ്ടനെ കൊല്ലുന്നതു എതുകൊണ്ടും നല്ലതുതന്നെ. അ

യാൾ ജനങ്ങളുടെ ഒരു ബദ്ധശത്രുവാണ്..... അയാളുടെ പിതാവ് ഗോറിനാണെന്നുള്ളതു ഒരു തടസ്സമായി നില്ക്കുന്നില്ല. ആപത്കാരിയായ ഒരുവനാണ് പാവൽ. പിതാവായ ഗോറിനെപോലും കൊല്ലുവാൻ അയാൾ മടിക്കുകയില്ല. പക്ഷെ, നമുക്കു അയാളെ അതിനുമുമ്പു പിടിക്കണം. ധൃതിപ്പെടരുതു്. എല്ലാം വേണ്ടപോലെ ആലോചിച്ചുചെയ്യണം. ഡോക്ടർ, അങ്ങേക്കു വേണ്ടവിധം ചെയ്യുവാൻ കഴിയും. സംശയലേശംകൂടാതെ ആ കൃത്യം അങ്ങു നിർവ്വഹിക്കണം. പാവേൽ മേലിൽ ജീവിക്കരുതു്. ശരിയായി മനസ്സിലാക്കുക, പാവേൽ എന്നൊരാൾ ജീവനോടെ ശേഷിക്കരുതു്.''

വെറിയ സ്വയം നിയന്ത്രിക്കുവാൻ അശക്തനായിത്തീർന്നു. വിഭ്രമവും ഉദ്വേഗവും അദ്ദേഹത്തെ ബാധിച്ചു. അദ്ദേഹം ഡോക്ടരുടെ അടുത്തുചെന്നു് വികൃതമായി ഒന്നു ചിരിച്ചുകൊണ്ടു പറഞ്ഞു: "പാപം ചെയ്യുവാൻ ധൈര്യപ്പെടുക; എങ്കിൽ പശ്ചാത്താപത്തിന്റെ മാധുര്യം അനുഭവിക്കുവാൻ സാദ്ധ്യമാകും.'' ഈ വാചകം വെറിയ പല പ്രാവശ്യം ആവർത്തിച്ചു. അദ്ദേഹത്തിനുമാത്രം അറിയാവുന്ന ഏതോ ഒരർത്ഥം ആ വാചകത്തിൽ അടങ്ങിയിട്ടുണ്ടായിരുന്നു.

ഭയങ്കരമായ ഒരു സ്വപ്നമാണ് താൻ കാണുന്നതെന്നു ഡോക്ടർക്കു തോന്നി. തെരുവീഥിയിൽ എത്തിയതെങ്ങനെയെന്നു അദ്ദേഹത്തിനു ഓർമ്മയുണ്ടായിരുന്നില്ല. വെറിയായോടു എന്തെങ്കിലും പറഞ്ഞുവോ എന്നുപോലും ഡോക്ടർക്കു നിശ്ചയമുണ്ടായിരുന്നില്ല.

"ഡോക്ടർ! അങ്ങേക്കു പററിയ അവസരം ലഭിക്കും'' എന്നു ഏതാനും ദിവസങ്ങൾക്കുമുമ്പു പറഞ്ഞ പാവേലിന്റെ വാക്കുകൾ അപ്പോൾ ഡോക്ടരുടെ സ്മരണയിൽ എത്തി. ആശുപത്രിയിലേക്കു പോകുന്നവഴിക്കു അദ്ദേഹം കരയുകയായിരുന്നു. പാവേലിനെ ഓർത്തല്ല തന്റെ ദയനീയസ്ഥിതിയോർത്താണ് അദ്ദേഹം കരഞ്ഞതു്.

ആ ദിവസംതന്നെ വെറിയ ഫിയദോർ നോവിക്കോവിനെ സ്വീകരിച്ചു. ഡോക്ടരുമായുള്ള കൂടിക്കാഴ്ചക്കു ശേഷം വെറിയ ക്രമേണ ശാന്തനായി. എങ്കിലും അദ്ദേഹത്തിന്റെ ക

ണ്ണുകൾ അപ്പോഴും ജ്വലിച്ചുകൊണ്ടാണിരുന്നത്. റൊസ്റ്റോവ് സർവ്വകലാശാലയുടെ അദ്ധ്യക്ഷനായി നോവിക്കോവിനെ നിയമിച്ചിരിക്കുന്ന മംഗളവാർത്ത വെറിയ അറിയിക്കുകയും ആ ഉന്നത സ്ഥാനലബ്ധിയിൽ നോവിക്കോവിനെ അനുമോദിക്കുകയുംചെയ്തു.

ഗോറിനെപ്പററിയും അദ്ദേഹം എഴുതിക്കൊണ്ടിരിക്കുന്ന 'ഭയങ്കരനായ ഐവാനെ'പ്പററിയും സംസാരിക്കവെ വെറിയ പറഞ്ഞു:– "കാക്കസ്സസ്സിലെ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ പ്രവർത്തനചരിത്രത്തേപ്പററി ഞാനും ഒരു പുസ്തകം എഴുതിക്കൊണ്ടിരിക്കുകയാണ്." വെറിയ പല്ലുകടിച്ചുകൊണ്ടു തുടർന്നു പറഞ്ഞു:- "അങ്ങനെ നോക്കുമ്പോൾ ഞങ്ങൾ രണ്ടുപേരും രഹസ്യമായ ഒരു മത്സരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ഞാൻ എൻെറ പരിചയസമ്പത്തിനെ ആധാരമാക്കിയാണ് എഴുതുന്നത്; ഗോറിനാകട്ടെ മാനസികമായ ഏതോ അസ്വാസ്ഥതയുടെ പ്രേരണയാലാണ് എഴുതുന്നത്. ആരുടെ കൃതിയാണ് ശ്രേഷ്ഠമെന്നു നമുക്കു നോക്കാം; എൻെറ ഗ്രന്ഥം കൂടുതൽ സത്യമായിട്ടുള്ളതായിരിക്കും."

ഈ വാക്കുകളിൽനിന്നും വെറിയായുടെ ഉദ്ദേശമെന്തെന്നു നോവിക്കോവ് മനസ്സിലാക്കി. എങ്കിലും വെറിയാ അതു രഹസ്യമായി സൂക്ഷിക്കുകയേ ചെയ്യുകയുള്ളു എന്നു അദ്ദേഹം വിചാരിച്ചു. എന്നാൽ ഡോക്ടരോടു സംസാരിച്ചതുപോലെ നോവിക്കോവിനോടും തുറന്നു സംസാരിച്ചു എന്നു മാത്രവുമല്ല, നോവിക്കോവ് സംശയിക്കാത്ത ഒരു വിഷയത്തേപ്പററിയും തുറന്നു പറയുവാൻ മടിച്ചില്ല.

പെട്ടെന്നു വെറിയാ നൈനയെപ്പററി സംസാരിക്കുവാൻ തുടങ്ങി. "നിങ്ങൾ നൈനയിൽ അനുരക്തനായിരിക്കുന്നതായി ഞാൻ അറിയുന്നു. അവളുടെ സൗന്ദര്യവും സ്വഭാവവും പരിഗണിക്കുമ്പോൾ അതിൽ എനിക്കു അത്ഭുതം തോന്നുന്നുമില്ല. എന്നാൽ നിങ്ങളുടെ ദീർഘദൃഷ്ടിയില്ലായ്മയാണു എനിക്ക് മനസ്സിലാക്കുവാൻ കഴിയാത്തത്."

"നിങ്ങൾ എന്താണു വിവക്ഷിക്കുന്നത്?" നോവിക്കോവ് എടുത്തവായിൽ ചോദിച്ചു.

"നിങ്ങളുടെ നിലപാട്......വിനോദവും ഗൗരവ പൂർണ്ണവുമായ ജോലിയും കൂട്ടിക്കലർത്തുവാൻ നിങ്ങൾ ആഗ്രഹി ക്കുന്നു." വെറിയാ പ്രഫസരുടെ മുഖത്തേക്കു സൂക്ഷിച്ചുനോ ക്കിക്കൊണ്ടു പറഞ്ഞു:- "അതു് ഒരു യഥാർത്ഥ ബോൾഷവിക്കി ന്റെ മാർഗ്ഗമല്ല."

"എന്നാൽ എന്നെ....." നോവിക്കോവു് വെറിയാ യുടെ അഭിപ്രായത്തെ എതിർത്തു സംസാരിക്കുവാൻ ശ്രമിച്ചു. എന്നാൽ അദ്ദേഹം അതിനു സമയംകൊടുത്തില്ല.

"......എന്നുമാത്രമല്ല, നിങ്ങളുടെ ജോലി പരാജയ പ്പെടുകയാണെങ്കിൽ ഗോറിന്റെ പുത്രിയുമായുള്ള നിങ്ങളുടെ ബന്ധം ഏററം വിഷമകരമായ ഒരു വെട്ടിൽ നിങ്ങളെ കൊ ണ്ടുപോയി ചാടിക്കും. പ്രഫസർ! നിങ്ങൾ അതേപ്പററി ആ ലോചിച്ചിട്ടുണ്ടോ എന്നു ഞാൻ ഭയപ്പെടുന്നു. നൈനയ്ക്കു ആ രെയും ആകർഷിക്കുവാൻ കഴിയുമെന്നകാര്യം ചിന്തിക്കുമ്പോ ൾ നിങ്ങൾക്കു പററിയ തെററു് ഒരുവിധം മനസ്സിലാക്കുവാൻ കഴിയും. തെററു് മനസ്സിലാക്കി വേണ്ടതു ചെയ്യുവാൻ സമയം കഴിഞ്ഞുപോയിട്ടില്ല; ഏററവും കഴിയുന്നത്രവേഗം സംഭവി ച്ച തെററു് തിരുത്തുകയാണു വേണ്ടതെന്നു ഞാൻ ഉപദേശിച്ചു കൊള്ളുന്നു. സഖാവു് ഡയറക്ടർ ശാന്തമായി ആലോചിക്കുക.

ഫിയദോറിന്റെ മുഖത്തു പ്രകടിതമായ വെപ്രാളം മന സ്സിലാക്കിക്കൊണ്ടു് വെറിയാ ചാടി എണീററു സ്നേഹമസൃണ മായ രീതിയിൽ പറഞ്ഞു: "നിങ്ങളുടെ രഹസ്യങ്ങളെപ്പററി ഞാൻ പറയുവാനിടയായതിൽ വിഷമിക്കേണ്ടതില്ല; പക്ഷെ; ഒന്നു പറയാം, ഒരു ബോൾഷവിക്കിനു രഹസ്യമായിട്ടു ഒന്നുമി ല്ല; പാർട്ടിയോടുള്ള കടമ, ഉത്തരവാദിത്വം അതു മാത്രമെ യുള്ളു. നിങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി വളരെ ഗൗരവതര മാണു്; സാമാന്യകാര്യമായി കരുതിതള്ളാവുന്ന ഒന്നല്ല. ഇ പ്പോഴത്തെ ജോലിയിൽ നിങ്ങൾ ബന്ധിതനല്ലായിരുന്നുവെ ങ്കിൽ, നിങ്ങളുടെ പ്രവർത്തിയിൽ ഞാൻ നിങ്ങളെ അഭിന ന്ദിക്കുകയേ ചെയ്യുമായിരുന്നുള്ളു. എന്നാൽ നിങ്ങൾ ഇന്നു സ്വതന്ത്രനല്ല— അതിനാൽ കടമകളെപ്പററിയുള്ള ചിന്ത

വ്യക്തിപരമായ വികാരങ്ങളെ അടിച്ചമർത്തുവാൻ തക്ക ശക്തി സമാർജ്ജിക്കതന്നെവേണം.''

''എനിക്ക വ്യക്തമായി മനസ്സിലായി. അതു് ഒരു തെററുതന്നെ'' നോവിക്കോവു മറുപടി പറഞ്ഞു.

പിന്നീട്ട വെറിയാ തുറന്നു സംസാരിക്കുവാൻ ആരംഭിച്ചു. ''നൈന, തീർച്ചയായും ആകർഷണീയവും അചുംബിതമായ ഒരു പുഷ്പംതന്നെ; സംശയമില്ല. അവളെപ്പോലെയുള്ള ഒരു യുവതിയുമായി കുറച്ചുസമയം വിനോദങ്ങളിൽ ഏർപ്പെടുന്നതു ഒരു തെററായി കരുതാനുമില്ല. എന്നാൽ വിനോദവും ഗൗരവതരമായ ചിന്തകളും ഒന്നല്ല, രണ്ടുതന്നെയാണു്.''

വെറിയായുമായുള്ള സംഭാഷണത്തിനുശേഷം നോവിക്കോവ് ഭയാശങ്കകൾക്ക വിധേയനായിത്തീർന്നു. പാർട്ടിയുടെ കല്പനകൾ നോവിക്കോവ് നിറവേററിക്കൊണ്ടാണിരുന്നിട്ടുള്ളതു്. എന്നാൽ അതു് അദ്ദേഹത്തിൻെറ ജോലിയെ സംബന്ധിച്ചവയായിരുന്നു. ഇപ്പോൾ, ഇദംപ്രഥമമായി, അധികാരത്തിൻെറ ബലിഷ്ഠകരങ്ങൾ നോവിക്കോവിൻെറ വ്യക്തിപരമായ ജീവിതത്തിലും നീട്ടുവാൻ ആരംഭിച്ചു. ഈ കൈകടത്തൽ അദ്ദേഹത്തിനു ഇഷ്ടമായി തോന്നിയില്ല.

---

# അദ്ധ്യായം മുപ്പത്തെട്ടു്

കണ്ടാൽ തിരിച്ചറിയുവാൻ കഴിയാത്തവിധം ഡോക്ടർ സിബിക്കിൻെറ പ്രകൃതിക്ക മാററം സംഭവിച്ചു. അദ്ദേഹം സദാ ചിന്താധീനനായും വസ്ത്രധാരണവിഷയത്തിൽ അശ്രദ്ധനായും ഭവിച്ചു. കഥ പറഞ്ഞു എവരേയും രസിപ്പിച്ചുകൊണ്ടു നടക്കാറുള്ള സിബിക്ക സംഭാഷണത്തിൽ വളരെ വിരസനായും കാണപ്പെട്ടു. അതോടൊപ്പം, പാവേലിൻെറ രോഗസ്ഥിതി അന്വേഷിക്കുന്നതിൽ അസാധാരണമായ താല്പര്യം കാണിക്കുവാനും തുടങ്ങി. തൻെറ പുത്രൻെറ വിദേശ

യാത്രയ്ക്കു 'വിസാ' ആവശ്യപ്പെട്ടുകൊണ്ടുള്ള ഗോറിൻെറ അപേക്ഷയ്ക്കു ഗവർമ്മെൻറിൽനിന്നു യാതൊരു മറുപടിയും കിട്ടിയതുമില്ല. എങ്കിലും, അനുവാദം ലഭിക്കുമെന്നതിൽ ആർക്കും യാതൊരു സംശയവും ഉണ്ടായിരുന്നില്ല. ഡോക്ടർ അതേപ്പററി യാതൊന്നും സംസാരിച്ചതേയില്ല.

പാവേൽ ഒരു നിശ്ചിത ചികിത്സാക്രമം അനുഷ്ഠിക്കണമെന്നു ഡോക്ടർ താല്പര്യം പ്രകടിപ്പിച്ചു. ഒരിക്കൽ അദ്ദേഹം പാവേലിൻെറ ശരീരപരിശോധന നടത്തുകയുംചെയ്തു. അപ്രതീക്ഷിതമായ ഡോക്ടരുടെ താല്പര്യംകണ്ടു പാവേൽ ആശ്ചര്യപ്പെടുകയുംചെയ്തു.

"ഡോക്ടർ! എന്തു സംഭവിച്ചു? അങ്ങേയ്ക്കു വല്ല അസുഖവും തോന്നുന്നുണ്ടോ? പാവേൽ ഒരിക്കൽ ചോദിച്ചു.

"വിദേശയാത്രയ്ക്കു തിരിക്കുമ്പോൾ നിങ്ങൾ പൂർണ്ണ ആരോഗ്യമുള്ളവനായിരിക്കണം. യാത്രാമദ്ധ്യേ നിങ്ങൾക്കു അസുഖമൊന്നും സംഭവിക്കാതിരിക്കട്ടെ." ഡോക്ടർ ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു. പാവൽ പറഞ്ഞതു ശരിയാണല്ലോ എന്നു അയാൾ സ്വയം വിചാരിച്ചു. ഗോറിൻെറ വസതിയിലെ കേങ്കേമമായ വിരുന്നുകൾപോലും സിബിക്കിനു സന്തോഷം നൽകിയതില്ല.

വിലക്കപ്പെട്ട കനി എപ്പോഴും മാധുര്യമേറുന്നതായി തോന്നും. വെറിയായുമായി നടന്ന സംഭാഷണത്തിനുശേഷം നൈനയിലുള്ള തൻെറ അനുരാഗം വർദ്ധിച്ചുവരുന്നതായി നോവിവിക്കോവിനു തോന്നി. ഇതു് അദ്ദേഹത്തെ ഭയപ്പെടുത്തി. വെറിയായുടെ വാക്കുകൾ ഓർത്തു് നൈനയിലുള്ള അനുരാഗചിന്ത അടിച്ചമർത്തുവാൻ അദ്ദേഹം ശ്രമിച്ചു.

പക്ഷെ, നോവിക്കോവിൻെറ ശ്രമം തെററിദ്ധാരണയെ ഉണ്ടാക്കുവാനേ പ്രാപ്തമായുള്ളു. നൈന കാരണമറിയാതെ അന്ധാളിച്ചു. നൈന തനിച്ചായിരിക്കുമ്പോൾ നോവിക്കോവു് സ്നേഹവും അനുകമ്പയും പ്രകടിപ്പിക്കും; എന്നാൽ മററുള്ളവരുടെ കൂട്ടത്തിൽ നൈനയെ കാണുമ്പോൾ അറിയുന്ന ഭാവമേ കാണിക്കുകയില്ല. നൈനയുടെ സമീപത്തുനിന്നു മാറി ഒഴിയുവാനും, അവളുടെ നോട്ടത്തിൽനിന്നു ഒഴിഞ്ഞുമാറുവാ

നം നോവിക്കോവ് ശ്രമിക്കുവാൻ തുടങ്ങി. ജീവിതത്തിൽ ആദ്യമായി അസൂയയുടെ ഫലമായുണ്ടാകുന്ന വേദന അദ്ദേഹം അനുഭവിച്ചു.

ഒരിക്കൽ ഗോറിൻെറ വസതിയിൽ നൈനയും ലീദയും ഫിയദോറും 'പീയാനൊ' കേട്ടുകൊണ്ടിരിക്കുകയായിരുന്നു. നൈന ലീദയോടു നിക്കൊളോയെപ്പററി പറയുവാൻ ഭാവിച്ചു; എന്നാൽ പെട്ടെന്നു ആ ഉദ്യമത്തിൽനിന്നു പിൻതിരിയുകയാണ് ചെയ്തതു്. ലിദാ ഈ ദിവസങ്ങളിൽ പലപ്പോഴും ചിന്താകുലയായി കാണപ്പെട്ടിരുന്നു. തൻെറ സ്നേഹിതയായ നൈനയുടെ ചിത്തവൃത്തി ലീദായ്ക്കു ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. സന്തപ്തമാനസയായി ഇരുന്ന നൈനയുടെ അടുത്തുചെന്നു കൈകൾ തോളിൽ ഇട്ടുകൊണ്ടു് ലീദാ നിന്നു.

"എന്തു്? ലീദാ" നൈന ചോദിച്ചു.

"ഓ! ഒന്നുമില്ല" ലീദാ മൃദുസ്വരത്തിൽ മറുപടി പറഞ്ഞു. "ഞാൻ ജീവിതത്തിൽ സന്തോഷമുള്ളവളാണ്. നാം എല്ലാവരും അങ്ങനെയായിരുന്നുവെങ്കിൽ എന്നാണ് ഞാൻ ആഗ്രഹിക്കുന്നതു്."

നൈന ഒന്നുംശബ്ദിക്കാതെ തല കുലുക്കുകമാത്രം ചെയ്തു. ഈ രണ്ടു യുവതികളെയും നോക്കിക്കൊണ്ടു നോവിക്കോവ് അവിടെ ഇരിക്കുകയായിരുന്നു.

"നൈന! നന്നായി ഒന്നു പാടീ ഞങ്ങളെ സന്തോഷിപ്പിക്കുക" അദ്ദേഹം പറഞ്ഞു.

"പാട്ടു പാടുവാൻ ഇപ്പോൾ എൻെറ മനസ്സു് അനുവദിക്കുന്നില്ല" നൈന അല്പം വിഷമത്തോടുകൂടി പറഞ്ഞു.

"എന്നാൽ ലീദാ, ഒരു പാട്ടുപാടട്ടെ" നോവിക്കോവ് ലീദായുടെ നേരെ തിരിഞ്ഞു അഭിപ്രായപ്പെട്ടു.

നൈന പെട്ടെന്നു കസേരയിൽനിന്നു എണീററു്, ഒരക്ഷരം ശബ്ദിക്കാതെ ആ മുറിയിൽനിന്നു നടന്നുകളഞ്ഞു. ലീദായും നോവിക്കോവും പരസ്പരം നോക്കി. ഓരോ നിമിഷം കഴിയുന്തോറും ലീദായുടെ മുഖം വിവർണ്ണതയെ കൈക്കൊള്ളുവാനും തുടങ്ങി. അസുഖകരമായ ഒരു നിശബ്ദത അവിടെ

പരന്നു. മിഖായേൽ ലൂബായോടുകൂടി ആ മുറിയിൽ പ്രവേശിച്ചപ്പോൾ അവർ സന്തോഷിച്ചു.

മിഖായേൽ അൻദേരിയുടെ ഒരു എഴുത്തു് ലീദായെ വായിച്ചു കേൾപ്പിച്ചു. ലീദാ സന്താപസമുദ്രത്തിൽ ആണ്ടുപോയി. അൻദേരി തന്റെ വസതിയിൽനിന്നു അപ്രത്യക്ഷനായി കാണുവാൻ മിഖായേൽ വളരെ നാളുകളായി ആഗ്രഹിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഒടുവിൽ അദ്ദേഹത്തിന്റെ ആഗ്രഹം നിറവേറി. എന്നാൽ അദ്ദേഹം ആഗ്രഹിച്ചപ്രകാരമല്ല അയാൾ അപ്രത്യക്ഷനായതു്.

---

# അദ്ധ്യായം മുപ്പത്തൊൻപതു്

സർവ്വകലാശാലയുടെ ഡയറക്ടർസ്ഥാനം നോവിക്കോവിനു് കരഗതമായപ്പോൾ അതിന്റെ സന്തോഷസൂചകമായി ഒരു വിരുന്നുസൽക്കാരം നടത്തുവാൻ സിദ്റോവു് നോവിക്കോവിനെ വളരെയധികം പ്രേരിപ്പിച്ചു. എന്നാൽ ഇക്കാര്യത്തിൽ സിദ്റോവു് പ്രകടിപ്പിച്ച താല്പര്യത്തിന്റെ കാരണം മനസ്സിലാക്കിയ നോവിക്കോവു് അതിനു ഒട്ടും വശംവദനായില്ല. നോവിക്കോവിനെ തന്റെ ജാമാതാവായിട്ടാണു സീദ്റോവു് കരുതിയിരുന്നതു്. റൊസ്സോവു സർവ്വകലാശാലയുടെ ഡയറക്ടരായി നിയമിതനായപ്പോൾ നോവിക്കോവിൽ കൂടുതലായ താല്പര്യം സിദ്റോവു് പ്രകടിപ്പിച്ചുവെങ്കിൽ അതിൽ ആശ്ചര്യപ്പെടേണ്ടതില്ലല്ലോ. എത്രയും നേരത്തെ തന്റെ പുത്രിയെ നോവിക്കോവിനു വിവാഹം ചെയ്തുകൊടുക്കണമെന്നുള്ളതായിരുന്നു സിദ്റോവിന്റെ ആഗ്രഹം. യുവാവായ പ്രഫസ്സറിൽ അദ്ദേഹത്തിനു അതിരററ ബഹുമാനം തോന്നുകയുംചെയ്തു. തന്റെ പുത്രിയുടെ ആഗ്രഹം സിദ്റോവിനു അതിപ്രധാനമായി തോന്നിയിരുന്നില്ല.

ഇതിനു മുമ്പുതന്നെ, ലീദായുമായി സിദ്റോവു് ഒരു വാക്കു് തക്കത്തിൽ ഏർപ്പെട്ടു കഴിഞ്ഞിരുന്നു. വിവാഹത്തെപ്പററി ചിന്തിക്കുന്നതിനുതന്നെ അവൾ സന്നദ്ധയല്ലായിരുന്നു.

ഫിയദോർ തൻെറ സഹോദരനോടുകൂടി സിദ്റോവിൻെറ വേനൽക്കാലവസതിയിൽ ചെന്നപ്പോൾ ലിദാ അദ്ദേഹത്തെ സ്നേഹപൂർവ്വം വീക്ഷിക്കുകപോലും ചെയ്തില്ല. പിതാവുമായുണ്ടായ വാക്കുതർക്കത്തിനുശേഷം ലിദാക്കു നോവിക്കോവിനോടുണ്ടായിരുന്ന സാധാരണരീതിയിലുള്ള സ്നേഹംപോലും തോന്നിയില്ല. ലിദാ ഫിയദോരെയും തൻെറ മാതാപിതാക്കന്മാരെയും കുററപ്പെടുത്തി സംസാരിക്കുകയും, നിക്കോളോയോടു മാത്രം സംസാരിക്കുകയും ചെയ്തു. ഫിയദോർ ലീദയുടെ മന:സ്ഥിതി ശരിക്കു മനസ്സിലാക്കുകയും അവളെ കൂടുതൽ വിഷമിപ്പിക്കാതിരിക്കുവാൻ ശ്രദ്ധിക്കുകയും ചെയ്തു.

നിക്കോളോയ് ഈവക കാര്യങ്ങളിൽ ഒന്നും ശ്രദ്ധിക്കാതെ പഴയ കണക്കെ ഉത്തമ പ്രകൃതിയോടുകൂടി പെരുമാറി. നതാലിയാ അദ്ദേഹത്തോടു അലക്ഷ്യഭാവത്തിലാണ് പെരുമാറിയതു്. തൻെറ പുത്രിയിൽ നിക്കൊളോയ് അനുരക്തനാണെന്നു് അവൾ വിചാരിച്ചു; എങ്കിലും തൻെറ പുത്രിയുടെ ഭർത്താവായി ലഭിക്കണമെന്നു വിചാരിക്കുന്ന നോവിക്കോവിനു അയാൾ എതിരാളിയാണെന്നു നതാലിയാ കരുതിയിരുന്നില്ല.

നോവിക്കോവിൻെറ അലക്ഷ്യഭാവം നതാലിയായെ അസ്വസ്ഥയാക്കിത്തീർത്തു. യുവാവായ പ്രഫസ്സറെ വശീകരിക്കുവാനുള്ള പുത്രിയുടെ കഴിവുകേടിനെ നതാലിയാ കുററപ്പെടുത്തിയതോടൊപ്പം നോവിക്കോവ് സാധാരണഗതിയിൽ വശീകരിക്കപ്പെടാത്ത ഒരുവനാണെന്നു കാണുകയും ചെയ്തു.

ആ പട്ടണത്തിൻെറ അതിർത്തിയിൽ ജീവിച്ചിരുന്ന ഒരു പ്രശ്നക്കാരിയുമായി സംസാരിക്കുവാൻ നതാലിയാക്കു സാധിച്ചു. വൃദ്ധയായ ഈ പ്രശ്നക്കാരി അധികാരികളെ ഭയപ്പെട്ടാണ് ജീവിച്ചിരിക്കുന്നതു്. നതാലിയ ആ വൃദ്ധയെ അവളുടെ ആഗ്രഹം അറിയിച്ചു. വൃദ്ധ അനുഭാവം പ്രകടിപ്പിക്കുകയും ചെയ്തു. ആശിക്കുന്ന യുവാവിനെ വശപ്പെടുത്തുവാൻ സഹായിക്കുന്ന ഒരു സാധനം വൃദ്ധ നതാലിയാക്കു സമ്മാനിച്ചു. നതാലിയാ ഫിയദോരെ വശീകരിക്കുവാനായി ഭക്ഷണപദാർത്ഥങ്ങളുടെകൂടെ അതു കലർത്തി ഫിയദോരെ ക്ഷ

ണിച്ചു. "ലിദാ പാകം ചെയ്തതാണ് ഇതു്. പാചകവൃത്തിയിൽ ലിദാ സമർത്ഥയാണൊ എന്നു രുചിച്ചുനോക്കി സ്വയം തീരുമാനിച്ചുകൊള്ളുക."

ഫിയദോർ നന്ദി പ്രകടിപ്പിച്ചതിനുശേഷം ഭക്ഷണം കഴിച്ചു. പക്ഷെ വൃദ്ധ കൊടുത്ത ക്ഷുദ്രവസ്തു കലർത്തിയ ഭക്ഷണമല്ല അദ്ദേഹം കഴിച്ചതു്. തന്റെ പുത്രി പാകം ചെയ്ത ഭക്ഷണം രുചിച്ചുനോക്കുവാൻ സിദ്റോവും ആഗ്രഹിച്ചു; അദ്ദേഹം വൃദ്ധ നൽകിയ സാധനം പുരട്ടിയ പദാർത്ഥമാണ് കൈവശമെടുത്തതു്. നതാലിയാ, പരിഭ്രമത്തോടുകൂടി ഭർത്താവിന്റെ കൈകളിൽനിന്നു അതു് കൈവശപ്പെടുത്തി. "നിങ്ങൾ എന്താണീ ചെയ്യുന്നതു്? നിങ്ങൾക്കു വേണ്ടിയല്ല, അതിഥികൾക്കു വേണ്ടിയാണ് ഇപ്പോൾ ഈ സാധനങ്ങൾകൊണ്ടുവന്നുവച്ചിരിക്കുന്നതു്."

അതിഥികളുടെ അടുക്കൽ കാണിക്കേണ്ട സാമാന്യമര്യാദയെ മാനിക്കാതെയാണോ താൻ പ്രവർത്തിച്ചതു് എന്ന ശങ്കയോടുകൂടി അനുസരണയുള്ള ഒരു കുട്ടിയെപ്പോലെ സിദ്റോവ് പിൻമാറിനിന്നു. അങ്ങനെ സാമർത്ഥ്യപൂർവ്വം നതാലിയാ പ്രവർത്തിച്ചതിനുശേഷം ഒരു പാത്രത്തിൽ ആ പദാർത്ഥം നോവിക്കോവിന്റെ മുമ്പിൽ വച്ചിട്ട്, "ഇതുകൂടി ഒന്നു രുചിച്ചുനോക്കുക" എന്നു പറഞ്ഞു.

"ഫിയദോർ അല്പം എടുത്തു ഭക്ഷിച്ചതിനുശേഷം ഒന്നു ചിരിച്ചുകൊണ്ടു് വളരെ സ്വാദുള്ളവയാണെന്നു അഭിപ്രായപ്പെട്ടു. പിന്നീട് അതു മുഴുവൻ ഭക്ഷിക്കുകയും ചെയ്തു."

നതാലിയാ അക്ഷമയോടെ നോവിക്കോവ് കഴിച്ച ഭക്ഷണത്തിന്റെ അനന്തരഫലം എന്താണെന്നറിയുവാൻ കാത്തിരുന്നു.

പ്രഥമസന്ദർശനത്തിലെന്നപോലെ സിദ്റോവു തന്റെ അതിഥികളെ ഇപ്രാവശ്യവും തന്റെ ചെറുകപ്പലിൽ കയററി ഒരു വിനോദയാത്രയ്ക്കു തിരിച്ചു. ആ യാത്രയിൽ ലിദാ, എതിരെവന്ന കപ്പലിൽ തടങ്കലിൽ ഇരുന്ന അൻന്തേരിയെ കാണുവാൻ ഇടയായി. അൻന്തേരി ലിദയെ കണ്ട മാത്രയിൽ വെള്ള

ത്തിൽ ചാടി സിദ്റോവിൻെറ കപ്പലിനെ ലക്ഷ്യമാക്കി നീന്തി. കാവൽ ഭടന്മാർ അൻന്തേരിയുടെ നേരെ തോക്കിൻെറ നിറ ഒഴിച്ചു. വെടിയേററ അൻന്തേരിയെ നീക്കൊളോയ് സിദ്റോവിൻെറ കപ്പലിൽ വലിച്ചുകയററി. എന്നാൽ അപായകരമായി മുറിവേററിരുന്ന അൻന്തേരി ലിദായുടെ മുമ്പിൽ ഇഹലോകവാസം വെടിഞ്ഞു.

ഒരാഴ്ച മുഴുവൻ ലിദാ കിടക്കയിൽതന്നെ കഴിച്ചുകൂട്ടി. അവളുടെ ശരീരം തീരെ ശോഷിച്ചു. ആരോടും സംസാരിക്കാതെ മൌനമായി അവൾ കഴിച്ചുകൂട്ടി.

സിദ്റോവും കുടുംബവും വേനല്ക്കാലവസതിയിൽനിന്നും പട്ടണത്തിലുള്ള കെട്ടിടത്തിലേക്കു താമസം മാററി.

എന്നും ധാരമുറിയാതെ മഴ വർഷിച്ചുകൊണ്ടിരുന്നു. നതാലിയാ നിശബ്ദയായി ഒരു മുറിയിൽനിന്നു മറെറാരു മുറിയിലേക്കു ലക്കില്ലാതെ നടന്നുകൊണ്ടിരുന്നു. ഇടയ്ക്കിടെ ലീദായുടെ മുറിയിൽനിന്നും വല്ല ശബ്ദവും കേൾക്കുന്നുണ്ടോ എന്നു ചെവിയോർത്തുകൊണ്ടാണ് അവൾ നടന്നിരുന്നതു്. എന്നാൽ ലിദായുടെ മുറിയിൽ പരിപൂർണ്ണ നിശബ്ദതയാണ് വിളയാടിയിരുന്നതു്.

എല്ലാ രാത്രിയും പുത്രിയെ കാണുവാൻ സിദ്റോവ് ആ മുറിയിൽ ചെല്ലുക പതിവായിരുന്നു. പുത്രിയുടെ കിടക്കയിൽ ഇരുന്നു് അവളുടെ മൃദുലമായ മുടി തടവിക്കൊണ്ടു് അദ്ദേഹം പറഞ്ഞു: "അപ്പോൾ ഇനി. . . . . അപ്പോൾ ഇനി. . . . ." പുത്രിയോടു ന്യായവാദങ്ങൾ ചെയ്യുവാൻ അദ്ദേഹം ധൈര്യപ്പെട്ടില്ല. ലീദാ ഒരു വികൃതിക്കുട്ടിയായിരിക്കുമ്പോൾ താൻ ചെയ്യാറുള്ളതുപോലെ അവളെ ശകാരിച്ചു ചിരിപ്പിക്കുവാൻ സിദ്റോവ് ഒരു പ്രാവശ്യം ശ്രമിച്ചു. എന്നാൽ ലിദാ തല ഭിത്തിയോടു ചേർത്തു് കരയുമ്പോൾ ശബ്ദം പുറത്തുകേൾക്കാതെ അധരങ്ങൾ കടിച്ചുപിടിച്ചുകൊണ്ടു് കിടക്കുകമാത്രമാണ് ചെയ്തതു്.

"ഞാൻ എന്നെത്തന്നെ ശപിക്കുകയാണു വേണ്ടതു്. അവൾ ആ കുററവാളിയായ അൻന്തേരിയിൽ അനുരക്തയായിരുന്നു" സിദ്റോവ് സ്വയം ചിന്തിച്ചു.

ഒരിക്കൽ നിക്കൊളോയ് ലിദയെ കാണുവാൻ വന്നുവെങ്കിലും സന്ദർശനാനുവാദം നൽകിയില്ല. "അവളെ ശല്യപ്പെടുത്തരുതെന്നു ഡോക്ടർ പ്രത്യേകം നിഷ്കർഷിച്ചിരിക്കുകയാണ്" നതാലിയ, നിക്കൊളോയ്ക്കു സന്ദർശിക്കുവാൻ അവസരം കൊടുത്തില്ല. നൈന പലപ്പോഴും ലിദായെവന്നു കാണുകയും സമാശ്വസിപ്പിക്കുകയും ചെയ്തിരുന്നു.

---

# അദ്ധ്യായം നാല്പത്

നൈനയുടെ ജന്മദിനം സെപ്റ്റംബർമാസം ആരംഭത്തിലായിരുന്നു. വനത്തിലേക്കു ഒരു വിനോദയാത്ര ചെയ്തു അവളുടെ ജന്മദിനം ആഘോഷിക്കുവാൻ മിഖായേൽ നിശ്ചയിച്ചു.

നൈന പ്രസന്നവദനയായി എങ്കിലും എന്തോ ഒരു മ്ലാനത അവളിൽ ദൃശ്യമായിരുന്നു. ഏതോ ചില കാരണങ്ങളാൽ നോവിക്കോവിനെക്കൂടി വിനോദയാത്രയ്ക്കു ക്ഷണിക്കണമെന്നു നൈന നിശ്ചയിച്ചു. അവളുടെ മനസ്സ് അസ്വസ്ഥമായിരിക്കുന്നതുകണ്ടു് കാരണമെന്തെന്നു മിഖായേൽ ലൂബായോടു അന്വേഷിച്ചു. പുത്രിയുടെ അസ്വസ്ഥതയ്ക്കുള്ള കാരണം, നോവിക്കോവിന്റെ അടുത്തകാലത്തുള്ള അലക്ഷ്യമായ പെരുമാററമാണെന്നു ലൂബാ പറഞ്ഞു. "അതു് വെറും അബദ്ധം" മിഖായേൽ ലൂബായെ ആശ്വസിപ്പിച്ചു. "ചെറുപ്പക്കാർ അപ്രകാരമൊക്കെ പെരുമാറിയെന്നു വരാവുന്നതാണ്."

ആ വിനോദയാത്രയിൽ, നോവിക്കോവിനെ തന്റെ കുടുംബത്തിലെ ഒരംഗം എന്ന നിലയിൽ കരുതിയിരുന്ന മിഖായേൽ അദ്ദേഹത്തോടു വളരെ സ്നേഹമായി പെരുമാറി. ചെപ്പ്റോക്കുമാത്രം നോവിക്കോവിനെ സംശയദൃഷ്ടിയോടെ നോക്കുകയും ഒരിക്കൽ മിഖായേലിനോടു തന്റെ അഭിപ്രായം പറയുകയും ചെയ്തു. എന്നാൽ മിഖായേൽ അതു് കാര്യമായി എടുത്തില്ല.

ആ യാത്രയിൽ അവർക്കു ഒരു കർഷകദമ്പതികളെ കാണുവാൻ കഴിഞ്ഞു. ഈ ദമ്പതികൾ ഭർതൃപിതാവിൻെറകൂടെയാണു താമസിച്ചിരുന്നതു്. നിർഭാഗ്യസമുദ്രത്തിൽ മുങ്ങിപ്പോകാതെ അവശേഷിച്ച ഒരു വലിയ കുടുംബമായിരുന്നു. ഈ ദമ്പതികളും യുവാവിൻെറ വൃദ്ധനായ പിതാവും. വനസംരക്ഷകനായിരുന്ന ആ വൃദ്ധൻ, ഗോറിൻ, വെറിയ, എന്നിങ്ങനെ സമുന്നതന്മാരായ നേതാക്കന്മാർക്കു നായാട്ടിനുവേണ്ട സഹായങ്ങൾ ചെയ്തുകൊടുത്തിരുന്ന ഒരുവനായിരുന്നു.

അതിഥികളുടെ മുമ്പാകെവച്ചും ആ കർഷക യുവാവും അയാളുടെ യുവതിയായ ഭാര്യയും സ്നേഹനിർഭരമായ കടാക്ഷങ്ങൾ നടത്തുന്നതു ഞെന്ന കണ്ടു. ഫിയദോറാകട്ടെ, മ്ലാനവദനനും, സരസസംഭാഷണത്തിൽ താല്പര്യമില്ലാത്തവനുമായി കാണപ്പെട്ടു. രാത്രിയാകുന്നതിനുമുമ്പേ ആ യുവതികൾ കിടന്നുറങ്ങുവാൻ വേണ്ട ഒരുക്കങ്ങളിലേർപ്പെട്ടു. യുവാക്കന്മാർ നദീതീരത്തുമാറി ഇരുന്നു് ജീവിതത്തെപ്പററിയും പണ്ടു നടത്തിയിട്ടുള്ള മൃഗയാവിനോദങ്ങളെപ്പററിയും പറഞ്ഞു രസിച്ചു കഴിച്ചു.

രാത്രിയിലെ ഇരുട്ടു് വർദ്ധിച്ചുവന്നു. ഫിയദോർ കർഷക യുവാവുമായി അല്പം മാറിയിരുന്നു് സംസാരിക്കുകയായിരുന്നു. നോവിക്കോവു് യുവാവിനോടു് അയാളുടെ ഭാര്യയെപ്പററിയും, വിവാഹത്തിലേർപ്പെട്ട വിധത്തെപ്പററിയും, അവരുടെ പ്രഥമ സന്ദർശനത്തേപ്പററിയും വിസ്തരിച്ചു ചോദിച്ചു. ഭാര്യയേപ്പററി പറഞ്ഞപ്പോഴെല്ലാം കർഷകയുവാവിൻെറ മുഖത്തു് ഒരു പുഞ്ചിരിവ്യാപിക്കുന്നതായും കണ്ണുകൾ പ്രകാശിക്കുന്നതായും ഫിയദോർ സൂക്ഷിച്ചുകണ്ടു.

"ഫിയദോർ! നിങ്ങൾ അദ്ദേഹത്തിൻെറ പുത്രിയെ വിവാഹം ചെയ്യുന്നില്ലയോ?" യുവാവു് മിഖായേലിനെ നോക്കിക്കൊണ്ടു ചോദിച്ചു.

"ഛേ, ഛേ, പതുക്കെ പറയൂ. ഞാൻ അവളെ സ്നേഹിക്കുന്നുണ്ടു്. പക്ഷേ, എനിക്കു് വിവാഹം ചെയ്യുവാൻ നിവൃത്തിയില്ല" ഭയസൂചകമായ നോട്ടത്തോടുകൂടി നോവിക്കോവു് പറഞ്ഞു.

"അതെങ്ങനെ?" യുവാവു് ചോദിച്ചു.

"അതു് ചോദിക്കരുതു്" നോവിക്കോവു് പറഞ്ഞു.

യുവാവു് അനുകമ്പയോടുകൂടി തലകുലുക്കി. "അവൾ നല്ല ഒരു പെൺകുട്ടിയാണല്ലോ. നിങ്ങൾക്കു അവളെ വിവാഹം കഴിക്കാൻ സാധിക്കാതെവരുന്നതിൽ ഞാൻ സങ്കടപ്പെടുന്നു. ഒരുപക്ഷേ, നിങ്ങളുടെ മുകളിലുള്ള വല്ലവരും അവളുടെ സ്നേഹം കാംക്ഷിക്കുന്നുണ്ടായിരിക്കാം."

"ഇല്ല" ഫിയദോർ വളരെ പതുക്കെ പറഞ്ഞു. "ഞാൻ അതിനു ആഗ്രഹിക്കുന്നില്ലെന്നു മാത്രം; അല്ലെങ്കിൽ..... അങ്ങനെയല്ല..... എന്തിനു്? നിങ്ങൾ എന്നോടു അതേപ്പററി ചോദിക്കേണ്ടതില്ല."

ഗോറിനും വനസംരക്ഷകനായ വൃദ്ധനും സംഭാഷണം അവസാനിപ്പിച്ചു എണീററു. ഗോറിൻ നോവിക്കോവിൻെറ സമീപം അടുത്തുചെന്നു് തോളിൽ തട്ടിക്കൊണ്ടു് പറഞ്ഞു: "നമുക്കു് കിടക്കുവാൻ പോകാം, ഫെദിയാ......എൻെറ മകനെ....."

ഫിയദോർ മറുപടി ഒന്നും പറഞ്ഞില്ല. ഗോറിൻ അവിടെനിന്നു പോയതിനുശേഷം നോവിക്കോവു് ആ കർഷക യുവാവുമായി പിന്നെയും ദീർഘനേരം സംസാരിച്ചുകൊണ്ടിരുന്നു.

ഈ സമയമത്രയും നൈന നിദ്രയില്ലാതെ കിടക്കയിൽ തിരിഞ്ഞും മറിഞ്ഞും കഴിച്ചുകൂട്ടുകയായിരുന്നു.

ഫിയദോർ നൈനയെ അന്വേഷിച്ചില്ല. അദ്ദേഹം അവളെ മനഃപൂർവ്വം ഒഴിഞ്ഞുമാറുകയാണു ചെയ്തതു്. നൈന ലജ്ജിതയായി. അവളുടെ കവിൾത്തടങ്ങൾ അസ്തമയസൂര്യൻെറ ശോഭയെ ലജ്ജിപ്പിക്കുവാൻ പോരുന്നവയായിത്തീർന്നു. കിടക്കയിൽനിന്നു അവൾ ചാടി എണീററു ഒരു വിളക്കു കൊളുത്തി. ഒരു കണ്ണാടിയിൽ നോക്കി നൈന അവളുടെ സൗന്ദര്യം സ്വയം ദർശിച്ചു. "ഞാൻ എത്രകണ്ടു് സുന്ദരിയായിരിക്കുന്നു! സുന്ദരി!" അവൾ വിചാരിച്ചു. അവൾ പിന്നീടു അവിടെ നിന്നില്ല. നേരെ വാതലിനു സമീപംചെന്നു കുറച്ചു

സമയം നിന്നു. നൈന മുറിയിൽനിന്നു വെളിയിലിറങ്ങി; അന്ധകാരം സർവ്വത്ര വ്യാപിച്ചിരുന്നു. മഞ്ഞുതുള്ളികൾ ഭൂമിയിൽ പതിച്ചുകൊണ്ടിരുന്നു. കുറച്ചു ദൂരത്തായി ഒരു പ്രകാശം ദൃഷ്ടിയിൽ പെട്ടു. പുല്ലുകൊണ്ടു മറഞ്ഞുകിടന്ന പാഥയിൽകൂടി മുന്നോട്ടു ഓടി നദീതീരത്തുള്ള കെട്ടിടത്തിൻെറ ജനാലയിൽകൂടി അകത്തേക്കു നോക്കി. "ഫെദിയാ! ഇനിയും അങ്ങ് എന്നെ മനസ്സിലാക്കിയിട്ടില്ല! മനസ്സിലാക്കിയിട്ടില്ല!" നൈന ഈ വാക്കുകൾ പല തവണ ഉരുവിട്ടു.

അവൾ ആ മുറിയുടെ വാതലിനെ സമീപിച്ചു. കതകു തുറന്നു കിടക്കുകയായിരുന്നു; മുറിക്കുള്ളിൽ മങ്ങി പ്രകാശിച്ചുകൊണ്ടിരുന്ന ദീപസഹായത്താൽ കർഷകയുവാവ് അവിടെ വാതലിനു സമീപം കിടന്നു ഉറങ്ങുന്നതായി കണ്ടു. നൈന അയാളെ മറിച്ചുകടന്ന് മുറിക്കുള്ളിൽ പ്രവേശിച്ചു.

"ഫെദിയാ, ഞാൻ അങ്ങയുടെ സമീപം വന്നിരിക്കുകയാണ്" അവൾ മൃദുവായും ദൃഢസ്വരത്തിലും പറഞ്ഞു.

ഫിയദോർ ആശ്ചര്യലേശംകൂടാതെ കണ്ണുകൾ ഉയർത്തി നോക്കി. കുറേനേരം നിശ്ശബ്ദനായി അവളെത്തന്നെ നോക്കിക്കൊണ്ടു കിടന്നതിനുശേഷം വിറച്ചുകൊണ്ടു കിടക്കയിൽനിന്നു എണീററു. അദ്ദേഹം മദ്ധ്യലഹരിയിൽ പെട്ടിരിക്കുകയാണെന്നു അവൾ മനസ്സിലാക്കി.

"ചക്രവർത്തിനിയിൽനിന്നുള്ള ഒരു പാരിതോഷികം!!" ഫിയദോർ പറഞ്ഞു. "ഞാൻ നന്നായിട്ടു ഒന്നു കാണട്ടെ." അദ്ദേഹം അടുത്തിരുന്ന വിളക്കു കൈയ്യിലെടുത്ത് നൈനയിൽ പ്രകാശം പതിക്കത്തക്കവിധം ഉയർത്തിപ്പിടിച്ചു. നൈന നിശ്ചലയായി, സൗന്ദര്യമൂർത്തിയായി അവിടെ നിന്നു.

"ചക്രവർത്തിനിയിൽനിന്നു ലഭിച്ച ഒരു മഹാനുഗ്രഹം! അദ്ദേഹം ആവർത്തിച്ചു പറഞ്ഞു. കൈയ്യിലിരുന്ന വിളക്കു ഇളകിത്തുടങ്ങി. ഒരു നിഴൽ ആ സൗന്ദര്യറാണിയെ ആവരണംചെയ്തു.

"അവിടെ അങ്ങനെതന്നെ നിൽക്കൂ; അനങ്ങരുത്" നോവിക്കോവ് ആശ്ചര്യത്തോടെ പറഞ്ഞു. "ഞാൻ മദ്യപി

ച്ചതു് എത്ര അബദ്ധമായിപ്പോയി! എനിക്കു സുബോധമുണ്ടാകുമ്പോൾ ഇതൊരു സ്വപ്നമാണെന്നു ഞാൻ വിചാരിക്കും."

"ഫെദിയാ! ഇതൊരു സ്വപ്നമല്ല; ഞാൻ അങ്ങയുടെ സമീപം നിൽക്കുകയാണു്" അവൾ പറഞ്ഞു. "സോളമനെപ്പോലെ നിൻെറ സൗന്ദര്യത്തെ കീർത്തിക്കുവാൻ എനിക്കു കഴിയുന്നില്ലല്ലോ! നീ ഒരു സുന്ദരിതന്നെ."

ആനന്ദത്തോടിടകലർന്ന ലജ്ജ നൈനയുടെ മുഖം പൊതിഞ്ഞുകളഞ്ഞു; അവളുടെ കണ്ണുകൾ ഉജ്ജ്വലങ്ങളും പ്രകാശമാനങ്ങളുമായി വെട്ടിത്തിളങ്ങി. "ഫെദിയാ! സംസാരിച്ചാലും! സംസാരിച്ചാലും! അവൾ മൃദുസ്വരത്തിൽ പറഞ്ഞുകൊണ്ടു് ഒരടികൂടി മുമ്പോട്ടു വച്ചു. എന്നാൽ നോവിക്കോവു് കൈകൾ പൊക്കി ആംഗ്യംകൊണ്ടു് നൈനയെ അവിടെ നിറുത്തി.

"നൈന! നീ സൗന്ദര്യവതിയാണു്; പക്ഷെ, നിർഭാഗ്യത്താൽ നി എനിക്കുള്ളതല്ല. ഇതൊരു സ്വപ്നം മാത്രമായി നമുക്കു കരുതാം" നോവിക്കോവു് ഒരു ബെഞ്ചിൽ ഇരുന്നു; വിളക്കു് മേശയിൽവച്ചു; തല കുനിച്ചു് തറയിൽ നോക്കിക്കൊണ്ടിരുന്നു.

നൈന, അദ്ദേഹത്തിൻെറ അടുക്കൽ ഓടിയെത്തി; അദ്ദേഹത്തിൻെറ ശിരസ്സ് തൻെറ മാർവിൽ അമർത്തിപ്പിടിച്ചുകൊണ്ടു് ആവേശപൂർവ്വം പതുക്കെ പറഞ്ഞു. "ഫെദിയാ! ഓമനെ! ഇതെല്ലാം അങ്ങേയ്ക്കുള്ളതാണു്; എൻെറ രക്തത്തിൻെറ അവസാനത്തുള്ളിയും അങ്ങയുടെവകയാണു്; എല്ലാം, എല്ലാം അങ്ങയുടെതാണു്" വളരെ വേഗത്തിൽ ഇങ്ങനെ പറഞ്ഞുകൊണ്ടു് അവൾ നോവിക്കോവിനെ ചുംബനവർഷംകൊണ്ടു അഭിഷേകംചെയ്തു. ആലിലപോലെ വിറയ്ക്കുന്ന അവളുടെ ശരീരം നോവിക്കോവിൻെറ ദേഹത്തോടു ചേർത്തു് അമർത്തി. എന്നാൽ നോവിക്കോവ് ബെഞ്ചിൽനിന്നു് എണീററു വിറക്കുന്ന കരങ്ങൾകൊണ്ടു് അവളെ തള്ളിമാററി.

"ഇല്ല, നൈന, എനിക്കു നിൻെറ സമ്മാനം സ്വീകരിക്കാൻ സാദ്ധ്യമല്ല. ഞാൻ നിന്നെ സ്നേഹിക്കുന്നു; നീ അതു

അറിയുന്നുമുണ്ടു്! പക്ഷേ, ഞാൻ ഒരു പാറയിലാണു് ഏററു മുട്ടിയിരിക്കുന്നതു്.... അതെ കരിം പാറയിൽ!"

ഇത്രയും പറഞ്ഞുകൊണ്ടു് വർദ്ധിച്ച കോപത്തോടുകൂടി അടുത്തുകിടന്ന മേശയിൽ കൈത്തലംകൊണ്ടു അടിച്ചു. വിളക്ക് മുകളിലേക്കു ഒന്നു ചാടി; ദീപം മിക്കവാറും അണഞ്ഞു.

"നൈന, നീ ഏതൊ വേറൊരു ലോകത്തിലാണു് ജീവിക്കുന്നതു്." ഫിയദോർ പറഞ്ഞു "നീ സുബോധമുള്ളവളാകുക! നിൻെറ കണ്ണുകൾ തുറക്കുക!" പിന്നീടു തന്നെത്താനെ അധിക്ഷേപിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു "ഒരുപക്ഷെ നമ്മുടെ വിവാഹം ഒരു ദേവാലത്തിൽവച്ചു നടത്താമെന്നു തീരുമാനിക്കാം? അവർ ഭദ്രാസനദേവാലയം തുറന്നു അടിച്ചു വൃത്തിയാക്കും. പിന്നെ, വിവാഹവസ്ത്രമോ? കൊള്ളാം, സോവ്യററു കുടുംബത്തിൽനിന്നു അതു സമ്പാദിക്കാമെന്നായിരിക്കും! പുരോഹിതനുപകരം എൻെറ ഉത്തമ സുഹൃത്തായ വെറിയാ നമ്മുടെ വിവാഹകർമ്മം നടത്തിത്തരും. അദ്ദേഹം പറയുമായിരിക്കും "എൻെറ മക്കളെ! ഈ വിവാഹംവഴി നിങ്ങളുടെ ശരീരവും ആത്മാവും ഒന്നായി ചേർത്തു് മുയലുകളെപ്പോലെ പെരുകുക." സന്തോഷസൂചകമായ മണിനാദം റൊസ്സോവു മുഴുവൻ മുഴങ്ങുകയും അതിൻെറ ശ്രവണമാത്രയിൽ നരകത്തിലെ പിശാചുക്കൾ അസൂയകൊണ്ടു പച്ചനിറത്തിൽ രൂപഭേദം പ്രാപിക്കുകയും ചെയ്യുമായിരിക്കും. എന്നിൽ ദയവുള്ള വെറിയ, വിവാഹാവസരത്തിൽ ഉച്ചരിക്കേണ്ട വാക്കുകൾ ഉച്ചരിക്കും. നീ ഒരിക്കലെങ്കിലും വേണ്ടവിധത്തിൽ അദ്ദേഹമായി സംസാരിച്ചിട്ടുണ്ടോ? അതു ശരിയല്ല; നിൻെറ നഷ്ടം ഭീമമാണു്. അദ്ദേഹം ജീവിതരഹസ്യങ്ങൾ എല്ലാം അറിഞ്ഞിട്ടുള്ള ഒരുവനാണു്. കാരണം, അദ്ദേഹമാണു് യഥാർത്ഥത്തിൽ സ്റ്റേജ് മാനേജർ.

നൈന ഭയപ്പെട്ടു വിറച്ചുകൊണ്ടു് നോവിക്കോവിൻെറ വികാരനിർഭരമായ മുഖത്തു സൂക്ഷിച്ചുനോക്കിക്കൊണ്ടു നിന്നുപോയി. എന്നാൽ നോവിക്കോവു് മദ്യപിച്ചു ബോധരഹിതനായ ഒരുവനെപ്പോലെ ചിരിച്ചു.

"ഈ വെറിയാസ്സ്—ഹ്രസ്വകായനായ ഈ പിശാചിനു—

അറിയുവാൻ കഴിയാത്തതായി ഒന്നുമാത്രമെയുള്ളു — അതെ പ്രേമം എന്നാൽ എന്തെന്നുള്ളതു മാത്രം.''

നോവിക്കോവ് നൈനയുടെ മൂർദ്ധാവിൽ ചുംബിച്ചു കൊണ്ടു് തന്നോടു ചേർത്തുനിറുത്തി. "നൈനാ! നാം ആ പുൽത്തകിടിയിലിരുന്ന കാലം നീ ഓർമ്മിക്കുന്നുണ്ടോ?" ഫിയദോർ ചോദിച്ചു.

"ഉവ്വ്, ഞാൻ ഓമ്മിക്കുന്നുണ്ടു്. . . . പ്രേമനാഥാ! അങ്ങു അന്നു പറഞ്ഞു, നാം എപ്പോഴും സന്തോഷമുള്ളവരായി കഴിയുമെന്നു്."

"നൈന, ഞാൻ അന്നു കള്ളം പറയുകയായിരുന്നില്ല. അതു നീ ഓമ്മിക്കണം." ഫിയദോർ പറഞ്ഞു.

"ഞാൻ വിശ്വസിക്കുന്നു" നൈന മറുപടി പറഞ്ഞു.

ഇടിയും മിന്നലും അതിഭയങ്കരമാംവിധം ആരംഭിച്ചു. വിളക്ക് അണയുവാൻ തുടങ്ങി; ഒരു മാർബിൾ പ്രതിമപോലെ നൈന അർദ്ധനഗ്നവേഷത്തിൽ നിൽക്കുന്നു.

"നൈന! പൊയ്ക്കൊള്ളൂ; പൊയ്ക്കൊള്ളൂ. . . . എനിക്കു നിൻെറ ഭർത്താവായിരിക്കുക സാദ്ധ്യമല്ല."

"എന്തുകൊണ്ടു്? വേറെ വല്ലവരുമുണ്ടോ? ലീദാ. . . ?

"ഇല്ല; ആരുമില്ല. ലീദായുമില്ല! അക്കാര്യം നിനക്കു തന്നെ അറിവുള്ളതാണല്ലൊ?

"പിന്നെ, എന്താണു കാരണം?"

Very good novel

This is very bad novel

mALAyinkil

Very, Very, Good, Novel



[illegible signature]

ശ്രീ[illegible]വിലാസം
ഗ്രന്ഥശാല,
മലയിൻകീഴ്.

## ഭീമന്റെ പതനം

മാർക്സിം ഗോർക്കിയുടെ കാലശേഷം റഷ്യൻ സാഹിത്യലോകത്തിൽ "ഭീമന്റെ പതനം" പോലെ മറെറാരു നോവൽ ഉണ്ടായിട്ടില്ല. ഇഗോക്കോ ഗോസൻ അഭിനവഗോർക്കിയെന്ന അപരനാമത്താലാണ് സാഹിത്യലോകത്തിൽ അറിയപ്പെടുന്നത്. സംഭവബഹുലമായ രംഗവിധാനംകൊണ്ടും വിദഗ്ദ്ധമായി സൃഷ്ടിച്ചിട്ടുള്ള അസംഖ്യം കഥാപാത്രങ്ങളിൽ കൂടിയും ഇഗോർ, മാർക്സിം ഗോർക്കിയുടെ അവസാന നാളിലെ വിപ്ലവലോകത്തെ നമ്മുടെ മുമ്പിൽ ജീവനോടെ പ്രദർശിപ്പിക്കുന്നു. ഈ നോവലിലെ ഓരോ അദ്ധ്യായവും മോഹനമായ കാവ്യരചനയുടെ സംപുഷ്ടമായ മാതൃകയാണ്.

I. S. PRESS, ERNAKULAM-1

Indic Digital Archive Foundation
gpura.org